ദൃശ്യമാധ്യമം – തത്ത്വവും പ്രയോഗവും

COURSE CODE: B21ML02DE

Discipline Specific Elective Course
Undergraduate Programme in
Malayalam Language and Literature



SELF LEARNING MATERIAL

SREENARAYANAGURU
OPEN UNIVERSITY

SREENARAYANAGURU OPEN UNIVERSITY

The State University for Education, Training and Research in Blended Format, Kerala

SREENARAYANAGURU OPEN UNIVERSITY

Vision

To increase access of potential learners of all categories to higher education, research and training, and ensure equity through delivery of high quality processes and outcomes fostering inclusive educational empowerment for social advancement.

Mission

To be benchmarked as a model for conservation and dissemination of knowledge and skill on blended and virtual mode in education, training and research for normal, continuing, and adult learners.

Pathway

Access and Quality define Equity.

ദൃശ്യമാധ്യമം - തത്ത്വവും പ്രയോഗവും

Course Code: B21ML01DE

Semester - IV

Discipline Specific Elective Course
Undergraduate Programme in
Malayalam Language and Literature
Self Learning Material

(With Model Question Paper Sets)

SGOU

SREENARAYANAGURU
OPEN UNIVERSITY

SREENARAYANAGURU OPEN UNIVERSITY

The State University for Education, Training and Research in Blended Format, Kerala

ദൃശ്യമാധ്യമം
തത്ത്വവും പ്രയോഗവും
Course Code: B21ML02DE
Semester - IV
BA Malayalam
Language and Literature

വിദ്യകൊണ്ട് സ്വതന്ത്രരാവുക
SREENARAYANAGURU
OPEN UNIVERSITY

All rights reserved. No part of this work may be reproduced in any form, by mimeograph or any other means, without permission in writing from Sreenarayanaguru Open University. Printed and published on behalf of Sreenarayanaguru Open University by Registrar, SGOU, Kollam.

www.sgou.ac.in

ISBN 978-81-970238-9-7

DOCUMENTATION

Academic Committee

Prof. Thomas Thamarasseri
Dr. Lekshmi V. S.
Dr. Athman A. V.
Dr. S. Nazeeb
Dr. Baburajan K.
Dr. S. Sudarsana Babu
Dr. Vijaya V.A.
Dr. Indusree S. R.
Dr. Vidhya D. R.
Chayam Dharmarajan
Dr. Aju K. Narayanan
Dr. Suja S.
Dr. S. Ajayakumar
Dr. Sudha Mary Thomas

Development of the Content

Dr. G. James

Review

Content : Prof. Thomas Thamarasseri
Format : Dr. I. G. Shibi
Linguistics : S.A. Shujad

Edit

Prof. Thomas Thamarasseri

Scrutiny

Aswani A.P., Deepam S., Dr. Thara S.S., Dr. Deepthi V.S., Dr. Lathika A.C.

Co-ordination

Dr. I.G. Shibi and Team SLM

Design Control

Azeem Babu T. A.

Cover Design

Jobin J.

Production

August 2024

Copyright

© Sreenarayanaguru Open University 2024

YouTube

MESSAGE FROM VICE CHANCELLOR

Dear learner,

I extend my heartfelt greetings and profound enthusiasm as I warmly welcome you to Sreenarayanaguru Open University. Established in September 2020 as a state-led endeavour to promote higher education through open and distance learning modes, our institution was shaped by the guiding principle that access and quality are the cornerstones of equity. We have firmly resolved to uphold the highest standards of education, setting the benchmark and charting the course.

The courses offered by the Sreenarayanaguru Open University aim to strike a quality balance, ensuring students are equipped for both personal growth and professional excellence. The University embraces the widely acclaimed "blended format," a practical framework that harmoniously integrates Self-Learning Materials, Classroom Counselling, and Virtual modes, fostering a dynamic and enriching experience for both learners and instructors.

The university aims to offer you an engaging and thought-provoking educational journey. The undergraduate programme in Malayalam Language and Literature is designed to meet standards comparable to similar programmes at other state universities in Kerala. The curriculum provides ample opportunity to explore evolving literary formats and their impact on the language's richness. Malayalam language and literature lessons are integrated in appropriate proportions, and frontier topics are suitably incorporated. The Self-Learning Material has been meticulously crafted, incorporating relevant examples to facilitate better comprehension.

Rest assured, the university's student support services will be at your disposal throughout your academic journey, readily available to address any concerns or grievances you may encounter. We encourage you to reach out to us freely regarding any matter about your academic programme. It is our sincere wish that you achieve the utmost success.

Warm regards.
Dr. Jagathy Raj V. P. 01-08-2024

CONTENTS

Block 01	**ദൃശ്യമാധ്യമം-ആവിർഭാവവും വളർച്ചയും**	**1**
യൂണിറ്റ് 1	ദൃശ്യമാധ്യമം - ആവിർഭാവവും വളർച്ചയും	2
Block 02	**ദൃശ്യഭാഷയും ആശയ വിനിമയ ഘടകങ്ങളും**	**30**
യൂണിറ്റ് 1	ദൃശ്യഭാഷയും ആശയ വിനിമയ ഘടകങ്ങളും	31
Block 03	**വാർത്താമാധ്യമങ്ങൾ**	**60**
യൂണിറ്റ് 1	വാർത്താമാധ്യമങ്ങൾ	61
Block 04	**വാർത്തേതരപരിപാടികളും സംപ്രേഷണ സാങ്കേതികവിദ്യയും**	**86**
യൂണിറ്റ് 1	വാർത്തേതരപരിപാടികളും സംപ്രേഷണ സാങ്കേതികവിദ്യയും	87
	Model Question Paper Sets	**123**

BLOCK 01

ദൃശ്യമാധ്യമം- ആവിർഭാവവും വളർച്ചയും

SGOU

യൂണിറ്റ് 1

ദൃശ്യമാധ്യമം - ആവിർഭാവവും വളർച്ചയും

Learning Outcomes

- ആശയവിനിമയത്തെക്കുറിച്ചും അതിന്റെ വൈവിധ്യത്തെക്കുറിച്ചും മനസിലാക്കുന്നു
- ഗുഹാചിത്രങ്ങളുടെ സവിശേഷതകൾ ഗ്രഹിക്കുന്നു
- ദൃശ്യമാധ്യമങ്ങളുടെ വൈവിധ്യത്തെക്കുറിച്ച് പൊതുവിലുള്ള അറിവ് വർധിപ്പിക്കുന്നു
- ഫോട്ടോഗ്രഫി, ചലച്ചിത്രം, വീഡിയോഗ്രഫി, ഡിജിറ്റൽ വീഡിയോ എന്നിവയുടെ ആവിർഭാവത്തെയും വളർച്ചയെയും കുറിച്ച് സവിശേഷമായി പഠിക്കുന്നു

Prerequisite

മനുഷ്യൻ ഒരു സമൂഹജീവിയാണ്. പരസ്പരാശ്രിതമാണ് സാമൂഹികജീവിതം. അതിപുരാതനമായ ഗുഹാജീവിതത്തിൽനിന്ന്, ഇന്ന് അത്യാധുനികമായ ഗൃഹാന്തരീക്ഷത്തിലേക്കും തിരക്കുകളിലേക്കും ജീവിതത്തെ സമൂഹവുമായി ബന്ധിപ്പിക്കുന്ന അതിനൂതനമായ സാങ്കേതികവിദ്യകളിലേക്കും അവ സൃഷ്ടിക്കുന്ന എണ്ണമറ്റ പ്രശ്നങ്ങളിലേക്കും ഓരോ മനുഷ്യരും കണ്ണിചേർക്കപ്പെടുന്നു. ഒരു വിശ്വപൗരന്റെ തലത്തിലാണ് ഇന്ന് ഒരാളുടെ ജീവിതം. ജീവിതപങ്കാളിയോടും മക്കളോടുമൊപ്പം കുടുംബമായി ജീവിക്കുമ്പോഴും ഒരാൾ സമൂഹത്തിൽ അനവധിയായ ബന്ധങ്ങളുടെ കുടക്കീഴിലാണ്. ഗോത്രം, വർഗ്ഗം, ജാതി, മതം, രാഷ്ട്രീയം, തൊഴിൽ, സാമ്പത്തിക അവസ്ഥകൾ തുടങ്ങിയ മേഖലകൾക്കപ്പുറം, സംസ്ഥാനം, രാഷ്ട്രം, അന്താരാഷ്ട്രതലം തുടങ്ങിയ ഇടങ്ങളിലും വ്യക്തികൾ പരസ്പരം സഹകരിക്കേണ്ടിവരുന്ന ഒരു കാലമാണിത്. ലോകത്തിന്റെ ഏതുകോണിൽ സംഭവിക്കുന്ന എന്തു മാറ്റങ്ങളും മറ്റുള്ള എല്ലാരാജ്യങ്ങളിലും പെട്ടെന്നുതന്നെ ചലനമുണ്ടാക്കുന്നു. ഇവയ്ക്കെല്ലാം കാരണമായ, കരുത്തുപകരുന്ന അടിത്തറ ആശയവിനിമയമാണ്.

നിരവധി പഠനങ്ങൾ നിരന്തരം നടന്നുകൊണ്ടിരിക്കുന്ന അതിവിശാലമായൊരു മേഖലയാണ് ആശയവിനിമയത്തിന്റേത്. ഭാഷകളാണ് ആശയവിനിമയത്തിന്റെ പ്രധാന മാധ്യമം. വചനവും എഴുത്തുമായി അത് മുന്നേറിവന്നു. പ്രാചീനമായ ഗുഹാചിത്രങ്ങളിൽനിന്ന് സുമേറിയന്മാരുടെ ക്യൂണിഫോമിലൂടെ, ഈജിപ്തിലെ ഹൈറോഗ്ലിഫിക് അക്ഷര രൂപങ്ങളിലൂടെ, ഫൊണീഷ്യരുടെ ലിഖിതാക്ഷരങ്ങളിലൂടെ ആധുനിക ലിഖിതാക്ഷരങ്ങളിലേക്ക് അത് മാറി. ഗുഹാചിത്രങ്ങളിൽനിന്ന് അച്ചടി, റേഡിയോ, സിനിമ, ടെലിവിഷൻ, ഇന്റർനെറ്റ് തുടങ്ങിയ ബഹുജന മാധ്യമങ്ങളിലേക്കെത്തുമ്പോൾ ഭാഷ എന്ന പദത്തിന്റെ അർത്ഥവ്യാപ്തി തന്നെ വികസിക്കുന്നു.

അനവധിയായ കമ്പ്യൂട്ടർ ഭാഷകൾ (C, C++, Visual Basic, Oracle) തുടർന്ന് രംഗത്തെത്തുന്നു. അതുപോലെതന്നെ ദൃശ്യങ്ങളും ദൃശ്യമാധ്യമങ്ങളും ആശയവിനിമയത്തിൽ അതിശ

ക്തമായ സ്വാധീനം ചെലുത്തുന്നു. വിപുലമായൊരു ദൃശ്യഭാഷതന്നെ രൂപപ്പെടുന്നു. ദൃശ്യമാധ്യമങ്ങളുടെ വൈവിധ്യവും വൈപുല്യവും വർത്തമാനകാലത്ത് വിപ്ലവകരമായ മാറ്റങ്ങൾക്ക് നിരന്തരം വഴിയൊരുക്കുന്നു. ഫോട്ടോഗ്രഫി, ചലച്ചിത്രം, വീഡിയോഗ്രഫി, ഡിജിറ്റൽ വീഡിയോ എന്നിവയുടെ കടന്നുവരവ് നിത്യജീവിതത്തെയാകെ നവീകരിച്ചുകൊണ്ടിരിക്കുകയാണ്.

Keywords

ദൃശ്യമാധ്യമം - നിർവചനം - ആശയവിനിമയം - പ്രക്ഷേപണമാധ്യമം - ഗുഹാചിത്രങ്ങൾ - പെട്രോഗ്ലിഫ് - പിക്ടോഗ്രാഫുകൾ - ഐഡിയോഗ്രാംസ് - ഫോട്ടോഗ്രഫി - ചലച്ചിത്രം - വീഡിയോഗ്രഫി - ഡിജിറ്റൽ വീഡിയോ

Discussion

ലോകജനത എക്കാലവും സഞ്ചാരപ്രിയരായിരുന്നു. നമ്മുടെ പൂർവികർ അതിപ്രാചീനകാലം മുതൽതന്നെ കൂടുതൽ മികച്ച വാസസ്ഥലങ്ങൾ തേടി ഭൂഖണ്ഡങ്ങൾ കടന്നുപോലും യാത്രചെയ്തിരുന്നു. അതിനിടയിൽ അവരുടെ ആശയവിനിമയരീതികൾ മാറി. ജീവിതരീതികൾ മാറി. നൂറ്റാണ്ടുകൾ പിന്നിട്ട് അവരിലൂടെ നാം പുതിയൊരു കാലത്ത് എത്തിനില്ക്കുന്നു. പൂർവികരുടെ വിശ്വാസങ്ങളോ ആചാരങ്ങളോ അഭിരുചികളോ ആവശ്യങ്ങളോ സംസ്കാരങ്ങളോ അല്ല ആധുനിക മനുഷ്യരുടേത്. ജീവിതം ഒന്നാകെ മാറിയിരിക്കുന്നു. കാലം എല്ലാം മാറ്റിക്കൊണ്ടിരിക്കുന്നു. അതുപോലെ നവീനമായ കണ്ടെത്തലുകൾ ആശയവിനിമയോപാധികളെയെല്ലാം മാറ്റുന്നു. നമ്മുടെ അഭിരുചികളെ നിരന്തരം പരിഷ്ക്കരിച്ചുകൊണ്ടിരിക്കുന്ന അത്യാധുനികമായ ഒരു ദൃശ്യമാധ്യമ ലോകത്തിലേക്ക് നാം മാറിക്കൊണ്ടിരിക്കുന്നു. അവിടേക്ക് നാം എങ്ങനെ എത്തി എന്നത് വലിയൊരു ചരിത്രമാണ്.

ആശയവിനിമയം

ഒരു വ്യക്തിയുടെ മനസ്സിലെ ആശയങ്ങൾ മറ്റുള്ളവർക്ക് പകർന്നു നല്കുന്ന പ്രക്രിയയാണ് ആശയവിനിമയം. ഇന്ദ്രിയങ്ങളുടെ സംവേദനത്തിലൂടെയാണ് അറിവുകളും ആശയങ്ങളും നമ്മിലെത്തുന്നത്. വസ്തുക്കളും ചിത്രങ്ങളും പാഠങ്ങളുമെല്ലാം കാഴ്ചയിലൂടെ നാമറിയുന്നു. കേഴ്വിയിലൂടെ നാം ശബ്ദങ്ങളെ തിരിച്ചറിയുന്നു. ഗന്ധങ്ങൾ മണത്തിലൂടെയും, തണുപ്പും താപനിലകളും സ്നേഹപ്രകടനങ്ങളും സ്പർശത്തിലൂടെയും അറിയുന്നു. ബഹുവിധമായ അറിവുകളെ ഭാവനയിലൂടെ സംയോജിപ്പിക്കുകയും പുതിയവ കണ്ടെത്തുകയും പുനഃസൃഷ്ടിക്കുകയും ചെയ്യുന്നു. സമൂഹത്തിൽ ജീവിക്കുന്ന നാം പലതരം മാധ്യമങ്ങളിലൂടെ മനസ്സിലെ ആശയങ്ങൾ മറ്റുള്ളവർക്ക് പകർന്നു നല്കാൻ ശ്രമിക്കുന്നു. എന്നാൽ മാധ്യമ മേഖലകൾ ശക്തിപ്പെട്ടതോടെ, ലോകത്ത് ഒരുകൂട്ടം മനുഷ്യരുടെയോ, പ്രസ്ഥാനങ്ങളുടെയോ ആശയങ്ങളും താല്പര്യങ്ങളും ബോധപൂർവം പ്രചരിപ്പിക്കുന്ന ഇടങ്ങളായി മാധ്യമങ്ങൾ മാറിക്കഴിഞ്ഞിരിക്കുന്നു. ആശയവിനിമയത്തിനുള്ള അനവധിയായ മാർഗ്ഗങ്ങളിൽ പ്രധാനപ്പെട്ടവയാണ് ദൃശ്യമാധ്യമങ്ങൾ.

ദൃശ്യങ്ങൾ കൊണ്ടുള്ള ആശയവിനിമയങ്ങളെല്ലാം ദൃശ്യമാധ്യമങ്ങളുടെ പരിധിയിൽ വരുന്നു. മനുഷ്യരാശി ഇന്നുപയോഗിച്ചുവരുന്ന എഴുത്തുഭാഷാചിഹ്നങ്ങൾ മുതൽ അത്യാധുനിക കമ്പ്യൂട്ടർ സാങ്കേതികവിദ്യകളുടെയും ക്യാമറകളുടെയും സഹായത്തോടെ പ്രേക്ഷകരെ വിസ്മയിപ്പിക്കുംവിധം ദൃശ്യ- ശ്രവ്യമാധ്യമങ്ങളെ ഉപയോഗപ്പെടുത്തി നിർമ്മിക്കുന്ന സിനിമകൾവരെ ദൃശ്യമാധ്യമങ്ങളിൽപ്പെടുന്നു. ആശയവിനിമയത്തിനുപകരിക്കുംവിധം കാഴ്ച

യുടെ മാധ്യമത്തെ ഉപയോഗപ്പെടുത്തുന്നതെന്തും ദൃശ്യമാധ്യമമാണ്. ഏതെങ്കിലും മാധ്യമത്തെ ഉപയോഗപ്പെടുത്തി ഒരു സമൂഹത്തിന് മനസ്സിലാകുംവിധം കാണിച്ചു കൊടുക്കലുകളിലൂടെ ആശയവിനിമയം നിർവഹിക്കുന്ന ഉപാധിയെന്തും ദൃശ്യമാധ്യമമാണ്.

> ദൃശ്യങ്ങൾ കൊണ്ടുള്ള ആശയവിനിമയങ്ങളെല്ലാം ദൃശ്യമാധ്യമങ്ങളാണ്. എഴുത്തുഭാഷാ ചിഹ്നങ്ങൾ മുതൽ സിനിമകൾവരെ ദൃശ്യമാധ്യമങ്ങളിൽപ്പെടുന്നു.

ആശയവിനിമയത്തിന് ആവശ്യമായ ഉപകരണങ്ങളിലൂടെ രേഖകൾ സംഭരിക്കുകയും അവ വിനിമയം ചെയ്യുകയും ചെയ്യുന്ന സംവിധാനമാണ് മാധ്യമം. ബഹുജന മാധ്യമങ്ങളായ അച്ചടി, പ്രസിദ്ധീകരണങ്ങൾ, പത്രങ്ങൾ, ഫോട്ടോഗ്രഫി, ശില്പങ്ങൾ, സിനിമ, പ്രക്ഷേപണ മാധ്യമങ്ങളായ റേഡിയോ, ടെലിവിഷൻ എന്നിവയും ഇന്റർനെറ്റ് അധിഷ്ഠിതമായ സമൂഹമാധ്യമങ്ങളും ദൃശ്യമാധ്യമങ്ങളുടെ പരിധിയിൽ വരും.

ദൃശ്യമാധ്യമത്തിന്റെ ആശയവിനിമയത്തിൽ പല തലങ്ങളുണ്ട്. ഒരു വ്യക്തി തന്റെ സ്വകാര്യതയിലിരുന്ന് മറ്റൊരാളുമായി കണ്ടുനടത്തുന്ന ആശയവിനിമയം അതിലൊന്നാണ്. ഒരു വ്യക്തി ഒരു ചെറിയസംഘം ആൾക്കാരെ കണ്ടുകൊണ്ട് നടത്തുന്ന ആശയവിനിമയം മറ്റൊരു തലമാണ്. ഒരു ചെറിയസംഘം ആൾക്കാർ പരസ്പരം നടത്താവുന്ന കൂടിയാലോചനകൾക്ക് മറ്റൊരു തലമാണുള്ളത്. ഒന്നിലധികം ഗ്രൂപ്പുകളിൽപ്പെട്ട ആൾക്കാരുടെ ആശയവിനിമയം വേറൊരു തലമാണ്. ഒരു സ്ഥാപനത്തിലിരുന്നുകൊണ്ട് വിവിധ നാടുകളിലിരിക്കുന്ന ആൾക്കാരോട് കുറച്ചുപേർ നടത്തുന്ന ദൃശ്യആശയവിനിമയ രീതിയും കാണാം. ലക്ഷക്കണക്കിന് ആൾക്കാർ ഒത്തുകൂടുന്ന ബഹുജന സമ്മേളനങ്ങളിലെ ദൃശ്യാവിഷ്ക്കാകാരങ്ങൾ തുടങ്ങിയവ മറ്റുചില ഉദാഹരണങ്ങളാണ്.

സമൂഹത്തിലെ ഭൂരിഭാഗം മനുഷ്യരെയും ലക്ഷ്യംവയ്ക്കുന്ന അച്ചടി, റേഡിയോ, സിനിമ, ടെലിവിഷൻ, ഇന്റർനെറ്റ് തുടങ്ങിയ ബഹുജന മാധ്യമങ്ങളുടേതാണ് വലിയ മാതൃക. ഇതിൽ ഏത് തരം ആശയവിനിമയ പ്രക്രിയയിലും കാഴ്ചകളെ പോഷിപ്പിക്കുന്ന ചിത്രങ്ങളുടെയും ദൃശ്യങ്ങളുടെയും ശ്രവണഭാഷകളുടെയും ഒത്തുചേരൽ കാണാം.

> ദൃശ്യമാധ്യമ ആശയവിനിമയത്തിൽ പല തലങ്ങളുണ്ട്. വ്യക്തിയും വ്യക്തിയും തമ്മിൽ, വ്യക്തിയും ചെറിയ ഗ്രൂപ്പും തമ്മിൽ, ഗ്രൂപ്പുകൾ തമ്മിൽ, ഒരു സ്ഥാപനത്തിലെ ചെറിയ ഗ്രൂപ്പും ആയിരക്കണക്കിന് വ്യക്തികളും തമ്മിൽ, അച്ചടി, റേഡിയോ, സിനിമ, ടെലിവിഷൻ, ഇന്റർനെറ്റ് തുടങ്ങി ബഹുജന മാധ്യമങ്ങളുടെ വലിയ മാതൃകയും.

ദൃശ്യമാധ്യമങ്ങളുടെ വളർച്ച മാനവസംസ്കാരത്തിന്റെ വളർച്ചയുടെ ചരിത്രം കൂടിയാണ്. ആധുനിക ജനതയ്ക്ക് കുടുംബം, സമുദായം, സംസ്ഥാനം, രാഷ്ട്രം, അന്താരാഷ്ട്രതലം തുടങ്ങി വ്യത്യസ്ത മേഖലകളിലെ ആശയവിനിമയം അനിവാര്യമായി വരുന്നു. വ്യക്തികൾ തമ്മിലുള്ള തലത്തിൽനിന്ന് ബഹുജനതലത്തിലേക്ക് ആശയവിനിമയം വികസിച്ചിരിക്കുന്നു. അത്യാധുനിക സാങ്കേതികവിദ്യയുടെ ഫലമായി അച്ചടി, റേഡിയോ, സിനിമ, ടെലിവിഷൻ, ഇന്റർനെറ്റ് തുടങ്ങിയ ബഹുജന മാധ്യമങ്ങളും മറ്റനവധി സമൂഹ മാധ്യമങ്ങളും ചേർന്ന് രാഷ്ട്രങ്ങളുടെയും ഭൂഖണ്ഡങ്ങളുടെയും അതിർത്തികൾ ഉടച്ചുകളഞ്ഞിരിക്കുന്നു. ദൂരത്തെയും കാലത്തെയും മറികടന്ന് അതിവേഗം ഒരു ആഗോളഗ്രാമ സമൂഹമായി (global village) ലോകജനത പരിവർത്തനം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു.

ദൃശ്യ ആശയവിനിമയം

മനുഷ്യന്റെ ഭാഷണപരമായ ആശയവിനിമയത്തിന് ഏകദേശം ഒരുലക്ഷത്തോളം വർഷം പഴക്കമുള്ള ചരിത്ര പശ്ചാത്തലമുണ്ട്. ക്രിസ്തുവിനും മുപ്പതിനായിരം വർഷം മുൻപുമുതൽ തന്നെ മനുഷ്യർ ഗുഹാചിത്രങ്ങൾ (cave paintings), പെട്രോഗ്ലിഫ്സ് (petroglyphs), പിക്ടോഗ്രാംസ് (pictograms), ഐഡിയോഗ്രാഫ്സ് (ideographs) തുടങ്ങിയ സിംബലുകളിലൂടെ ആശയവിനിമയം നടത്തിയിരുന്നു.

ഗുഹാഭിത്തികളിലെ ചിത്രങ്ങളെ പൊതുവേ

പിക്ടോഗ്രാഫുകൾ (pictographs) എന്നാണ് വിളിക്കുന്നത്. സിംബലുകളാണെങ്കിലും യഥാർത്ഥ വസ്തുക്കളുടെ ചിത്രങ്ങളോട് ഇവയ്ക്ക് സാമ്യമുണ്ട്. ചിത്രങ്ങളുടെ സാദൃശ്യത്തിൽ എഴുതപ്പെട്ടിരിക്കുന്നതുകൊണ്ടാണ് ഇവ പിക്ടോഗ്രാഫുകൾ എന്ന് അറിയപ്പെടുന്നത്. ഇവ ലോകത്തെ പല രാജ്യങ്ങളിലെയും ഗുഹാഭിത്തികളിൽ കാണപ്പെടുന്നുണ്ട്.

പിക്ടോഗ്രാഫ്

പൂർവകാലത്തെ നിത്യരചനകൾപോലെ ഗുഹകളിലും മറ്റുമായി കാണപ്പെടുന്ന ശിലാ ശില്പ- ചിത്രങ്ങളാണ് പെട്രോഗ്ലിഫ്സ്. പാറകളുടെ ഉപരിതലങ്ങളിൽ രാകിയോ, കൊത്തിയോ ഉണ്ടാക്കപ്പെട്ട ചിത്രങ്ങളെയാണ് പെട്രോഗ്ലിഫ്സ് എന്ന് വിളിക്കുന്നത്. ഏകദേശം 20,000 വർഷങ്ങൾക്കപ്പുറം പഴക്കമുണ്ടെന്നു കരുതപ്പെടുന്ന, ഇവ നിൽക്കുന്ന ചില ഇടങ്ങളെ യുനെസ്കോ വേൾഡ് ഹെറിറ്റേജ് സൈറ്റുകളായി പരിരക്ഷിക്കുന്നുണ്ട്. ഇറാനിലെ ടീമാറേ മേഖലയിലും, ലിബിയയിലെ വാഡിയിലും തെക്കൻ ഇസ്രായേലിലെ നെഗവിലും പെട്രോഗ്ലിഫുകൾ കാണപ്പെടുന്നുണ്ട്.

പെട്രോഗ്ലിഫ്സ്

ഐഡിയോഗ്രാഫ്സ്

ചിത്രരൂപങ്ങളുടെ സിംബൽ കൂടുതൽ അമൂർത്തമാവുന്നത് ഐഡിയോഗ്രാഫുകൾ എന്ന് അറിയപ്പെടുന്നു. വാക്കുകളുടെ സഹായമില്ലാതെതന്നെ ഒരു ആശയത്തെയോ, വസ്തുവിനെയോ പ്രതിനിധീകരിക്കുന്ന ഒരു പ്രതീകത്തെയാണ് ഐഡിയോഗ്രാഫുകൾ എന്ന് പറയുന്നത്. സിംബലുകളെ ഉപയോഗപ്പെടുത്തിയുള്ള എഴുത്തുരീതികളായിരുന്നു അവ.

ഈജിപ്റ്റുകാരുടെ ഹൈറോഗ്ലിഫിക്സ്, സുമേറിയന്മാരുടെ ക്യൂണിഫോം, ചൈനക്കാരുടെ ചിത്രാക്ഷരങ്ങൾ എന്നിവ ഐഡിയോഗ്രാഫുകളാണ്. ചൈനക്കാരുടെ ചിത്രാക്ഷരങ്ങളിൽ നിന്നാണ് ജാപ്പനീസ്, കൊറിയൻ തുടങ്ങിയ ഭാഷകളിലെ ഐഡിയോഗ്രാഫുകൾ രൂപപ്പെട്ടത്. ആധുനിക കാലത്ത് നമ്മുടെ പാതയോരങ്ങളിൽ കാണപ്പെടുന്ന പല ഗ്രാഫിക് ചിത്രങ്ങളും റെയിൽവേ ചിഹ്നങ്ങളും പുതിയ തരം ഐഡിയോഗ്രാഫുകളാണ്.

ഹൈറോഗ്ലിഫിക്സ്

ക്യൂണിഫോം

എഴുത്തിന്റെ കണ്ടുപിടുത്തം ആശയവിനിമയത്തിലെ വലിയ മാറ്റങ്ങൾക്ക് തുടക്കമായി. കാലങ്ങൾ കഴിഞ്ഞുവന്ന അച്ചടിയുടെ സാങ്കേതിക വിജയങ്ങൾ സമൂഹികപുരോഗതിയുടെ നാഴികക്കല്ലായിത്തീർന്നിരുന്നു. ടെലിക്കമ്മ്യൂണിക്കേഷന്റെയും ഇന്റർനെറ്റിന്റെയും വരവോടെ ആശയവിനിമയം പുതിയ മാനങ്ങളിലുമെത്തി.

ചൈനക്കാരുടെ പ്രാചീന അക്ഷരങ്ങൾ

ഗുഹാചിത്രങ്ങൾ

ഗുഹകളുടെ ചുവരുകളിലോ മച്ചുകളിലോ വരയ്ക്കുകയോ കൊത്തുകയോ ചെയ്തിട്ടുള്ള ചിത്രങ്ങളെ പൊതുവേ ഗുഹാചിത്രങ്ങൾ എന്നു പറയുന്നു. മനുഷ്യരുടെ ആദ്യകാലത്തെ ആശയവിനിമയ മാതൃകകളായി അവ കരുതപ്പെടുന്നു. ശിലായുഗത്തിലേതെന്ന് കരുതുന്ന പാലിയോലിത്തിക്ക് കലകളുടെ (Paleolithic Art) ഭാഗമായാണ് ഗുഹാചിത്രങ്ങൾ പഠിക്കപ്പെടുന്നത്. അക്കാലത്തേതായി കണ്ടുകിട്ടിയ, അലങ്കാരങ്ങൾപോലെ ചിത്രപ്പണികൾചെയ്ത അനേകം എല്ലുകളും കല്ലുകളും കളിമൺ വസ്തുക്കളും യൂറോപ്പ്, നോർത്ത് ആഫ്രിക്ക, സൈബീരിയ തുടങ്ങിയ നാടുകളിൽനിന്ന് ലഭിച്ചിട്ടുണ്ട്. ഗുഹാചിത്രങ്ങൾ വടക്കൻ സ്പെയിനിൽനിന്നും, ഫ്രാൻസിന്റെ തെക്കൻ ഭാഗങ്ങളിൽനിന്നും കണ്ടെത്തിയിട്ടുണ്ട്.

ഗുഹാചിത്രം

ഇന്തോനേഷ്യയിലെ ബോർണിയയിലും മാറോസിലും കാണപ്പെടുന്ന ഗുഹാചിത്രങ്ങൾക്ക് ഏകദേശം 40,000 വർഷത്തെ പഴക്കമുണ്ടെന്ന് കരുതപ്പെടുന്നു. ഏറെ പ്രാചീനമെന്ന് കരുതുന്ന മറ്റൊരു ഗുഹാചിത്രം (ഏകദേശം 32,000 ബി.സി.) ഹിമയുഗത്തിലേതെന്ന് കരുതപ്പെടുന്ന തെക്കുകിഴക്കൻ ഫ്രാൻസിലെ ഷാവെറ്റ് കേവി (chauvet cave)ലുള്ളതാണ്. വ്യത്യസ്തങ്ങളായ ധാരാളം മൃഗങ്ങളുടെ ചിത്രങ്ങൾ- ദിനോസറുകൾ, കുതിരകൾ, കരടികൾ, മാമോത്തുകൾ തുടങ്ങിയവ- ഇതിൽ ആലേഖനം ചെയ്തിരിക്കുന്നു.

റേഡിയോ കാർബൺ (radio carbon) രീതിയിലാണ് ഇവയുടെ കാലഗണന നടത്തിയിട്ടുള്ളത്. ഗുഹാഭിത്തിയിലെ കല്ലിൽ കൊത്തിയ ചിത്രങ്ങൾ ഫ്രാൻസിന്റെ തെക്കുപടിഞ്ഞാറൻ ഭാഗത്തുള്ള ലാ മൂത് ഗുഹകളിൽ (Cave of La Mouthe) കാണപ്പെടുന്നുണ്ട്. തുടർന്നുവരുന്ന കാലങ്ങളിൽ ശിലാചിത്രങ്ങൾ, ശിലാചിഹ്നങ്ങൾ തുടങ്ങിയവകളിലൂടെ പൂർവികർ ആശയങ്ങൾ അവതരിപ്പിക്കാൻ ശ്രമിച്ചിരുന്നു.

ഗുഹാചിത്രങ്ങളിൽ വലിപ്പമേറിയത് ലാസോ (Lascaux Paintings)പെയിന്റിങ്ങുകളാണ്. പാലിയോലിത്തിക് കാലഘട്ടത്തിലേത് എന്നു കരുതപ്പെടുന്ന അവ, തെക്കു പടിഞ്ഞാറൻ ഫ്രാൻസിലെ മോണ്ടിനാക് (Montignac) ഗ്രാമത്തിനടുത്താണ് സ്ഥിതി ചെയ്യുന്നത്. ചുവരുകളിലും മച്ചുകളിലുമായി വരയ്ക്കപ്പെട്ട അറുനൂറോളം ഭാഗികമായ ചിത്രങ്ങൾ അവിടെയുണ്ട്. ഏകദേശം 17,000 വർഷങ്ങൾക്കുമുമ്പ്, പല തലമുറകളിലെ ആൾക്കാർ വരച്ചതായിരിക്കാം അതെന്ന് കരുതപ്പെടുന്നു. 1979 മുതൽ ഇവിടം (UNESCO

World Heritage List) യുനെസ്കോയുടെ സംരക്ഷണയിലാണ്. 'ദ ഗ്രേറ്റ് ഹാൾ ഓഫ് ദ ബുൾസ്' എന്നറിയപ്പെടുന്ന ചിത്രം വളരെ പ്രശസ്തമാണ്. അതിൽ കാള, കുതിര, മാൻ എന്നിവയുടെ ചിത്രങ്ങൾ ആലേഖനം ചെയ്തിരിക്കുന്നു. അതിലെ ഒരു കാളയുടെ ചിത്രത്തിന് അഞ്ചു മീറ്ററിലധികം വലിപ്പമുണ്ട്.

ഗുഹാചിത്രങ്ങളിൽ വലിപ്പമേറിയത് ലാസോ (Lascaux) പെയിന്റിങ്ങുകളാണ്. പാലിയോലിത്തിക് കാലഘട്ടത്തിലേതാണ്. ഫ്രാൻസിലെ മോണ്ടിനാകിനടുത്ത് ഇവ സ്ഥിതിചെയ്യുന്നു.

ലാസോ പെയിന്റിങ്

വടക്കുകിഴക്കൻ പോർച്ചുഗലിൽ കോവാനദി (River Côa) ക്കരികിൽ 20,000 വർഷം പഴക്കമുള്ള കല്ലിൽ കൊത്തിയ മനുഷ്യരുടേതും കുതിരകളുടേതും ഉൾപ്പെടെ അനേകം ചിത്രങ്ങൾ കാണപ്പെടുന്നു. ലോകത്തിന്റെ പലഭാഗങ്ങളിലും ഇത്തരത്തിൽ പൂർവജനതകൾ രൂപപ്പെടുത്തിയ ആശയമാതൃകകൾ ഉണ്ടായിരുന്നു. അവ കാലാന്തരത്തിൽ കാറ്റും മഴയും കാലാവസ്ഥാമാറ്റങ്ങളെയും അതിജീവിക്കാനാകാതെ നശിച്ചു പോയിട്ടുണ്ട്.

നിങ്ങൾ അറിയാനിടയുള്ള ഒരു സിനിമയെക്കുറിച്ചു പറയാം. ഓസ്കാർ അവാർഡ് നേടിയ ദി ഇംഗ്ലീഷ് പേഷ്യന്റ്. അതിന്റെ പിന്നിലും ഒരു ഗുഹാചിത്രത്തിന്റെ കഥയുണ്ട്. 1933 – ൽ ഹംഗറിക്കാരനായ ലാസ്ലോ അൽമാസി(Laszlo Almasy) കണ്ടെത്തിയ ഗുഹാചിത്രങ്ങളാണ് കേവ് ഓഫ് സ്വിമ്മേഴ്സ് (Cave of Swimmers). തെക്കുപടിഞ്ഞാറൻ ഈജിപ്റ്റിലെ ലിബിയയുടെ അതിർത്തിയിലാണ് ഈ ഗുഹ. അതിലെ ഭിത്തികളിൽ വരച്ചിരിക്കുന്ന മനുഷ്യർ ഊളിയിട്ടു നീന്തുന്ന ചിത്രങ്ങൾക്ക് പതിനായിരം വർഷത്തിലധികം പഴക്കമുണ്ടെന്ന് കരുതപ്പെടുന്നു. പലതരം വ്യാഖ്യാനങ്ങളും ആ ചിത്രത്തിന് പലരും നൽകിയിട്ടുണ്ട്. 1934 – ൽ അൽമാസി (The Unknown Sahara) അറിയപ്പെടാത്ത സഹാറ എന്ന പേരിൽ ഒരു പുസ്തകം രചിച്ചു. അതിലെ ഒരധ്യായം ഈ ഗുഹാചിത്രങ്ങളെക്കുറിച്ചായിരുന്നു.

സഹാറ ഒരു മരുഭൂമി ആകുന്നതിനുംമുമ്പ് അവിടം ഹരിതാഭമായിരുന്നു. ജലാശയങ്ങളും നീരൊഴുക്കുകളുമുണ്ടായിരുന്നു. അത്തരമൊരു ചരിത്രവസ്തുതയാണ് ഈ ചിത്രങ്ങൾ വെളിപ്പെടുത്തുന്നതെന്ന് കരുതപ്പെടുന്നു (തുടർന്നു നടന്ന പഠനങ്ങളിൽ 200 കി.മി. അധികം നീളത്തിൽ സഹാറായിലൂടെ രണ്ടുനദികൾ ഒഴുകിയിരുന്നതായി കണ്ടെത്തിയിട്ടുണ്ട്). അൽമാസിയെയും കേവ് ഓഫ് സ്വിമ്മേഴ്സിനെയും ആസ്പദമാക്കി ദി ഇംഗ്ലീഷ് പേഷ്യന്റ് എന്ന പേരിൽ മൈക്കേൽ ഒണ്ടാഷേ (Michael Ondaatje) 1992 – ൽ ഒരു നോവൽ പ്രസിദ്ധീകരിച്ചു. അത് അനുവർത്തനം ചെയ്ത് അതേപേരിൽ 1996 – ൽ (The English Patient) ആന്തണി മെഹില്ല (Anthony Minghella) സംവിധാനംചെയ്ത സിനിമ, മികച്ച ചിത്രം ഉൾപ്പെടെ പല ഓസ്കാർ, ഗോൾഡൻ ഗ്ലോബ്, ബെഫ്റ്റ തുടങ്ങിയ അവാർഡുകളും നേടി. അതുല്യമായൊരുദുരന്ത പ്രണയകഥ പറയുന്ന ആ സിനിമയിൽ കേവ് ഓഫ് സ്വിമ്മേഴ്സിന് വലിയ പ്രാധാന്യം നൽകിയിരിക്കുന്നു.

രണ്ടാം ലോകയുദ്ധകാലം. സഹാറാമരുഭൂമിയിൽ വെടിവെച്ചുവീഴ്ത്തപ്പെട്ട ഒരു വിമാനത്തിൽനിന്ന് ശരീരമാസകലം പൊള്ളലേറ്റ ഇംഗ്ലീഷ് സംസാരിക്കുന്ന ഒരാളെ ചില ബെഡുവിൻകാർ(bedouin) രക്ഷപ്പെടുത്തി. അയാളെ റോയൽ ആർമിയുടെ ഭാഗമായ ഹാനാ എന്ന കനേഡിയൻ നേഴ്സ് ഒരു ഇറ്റാലിയൻ മൊണാസ്ട്രിയിലെത്തിച്ച് പരിചരിക്കുന്നു. അയാളുടേതായി ആകെ ഹെറോഡോട്ടസിന്റെ ഒരു ചരിത്ര പുസ്തകവും അതിൽ കുറേ കുറിപ്പുകളും ഫോട്ടോകളുമാണുണ്ടായിരുന്നത്. അവിടെവച്ച് അയാൾ മെല്ലെ ഓർമ്മകൾ വീണ്ടെടുക്കുന്നു. താൻ കൗണ്ട് അൽമാസിയായിരുന്നു എന്ന് അയാൾ ഓർക്കുന്നു. റോയൽ ജിയോഗ്രാഫിക്കൽ സൊസൈറ്റിയുടെ ആർക്കിയോ

ഉജിക്കൽ സർവ്വേയിലെ പ്രധാനി, അയാളുടെ അടുത്ത സുഹൃത്തുക്കൾ പീറ്ററും, സ്വന്തം വിമാനത്തിലെത്തിയ ബ്രിട്ടീഷ് ദമ്പതികളായ ജ്യോഫെറിയും കാതറിനും ആയിരുന്നു.

അൽമാസി കേവ് ഓഫ് സ്വിമ്മേഴ്സ് കണ്ടെത്തുകയും അവിടെവച്ച് കാതറിനുമായി അടുപ്പത്തിലാവുകയും ചെയ്തു. ഭാര്യയുടെ പ്രണയമറിഞ്ഞ് അതിന്റെ പകതീർക്കാൻ ചിത്രത്തിനൊടുവിൽ ജ്യോഫെറി, അൽമാസിയുടെമേൽ തന്റെ വിമാനം ഇടിച്ചിറക്കി കൊല്ലാൻ ശ്രമിച്ചു. ജ്യോഫെറിയാണ് മരിച്ചത്. അപകടത്തിൽ മുറിവേറ്റ കാതറിനെ ഗുഹയിലെത്തിച്ച ശേഷം അവളെ രക്ഷിക്കാൻ അൽമാസി ഒരു കാറിനുവേണ്ടി പോയി.

ഒരു ബ്രിട്ടീഷ് ക്യാമ്പിൽ വച്ച് തെറ്റിദ്ധാരണയാൽ പിടിക്കപ്പെട്ട് നാടുകടത്തപ്പെടുന്നതിനിടയിൽ രക്ഷപ്പെട്ട് അൽമാസി ഒരു ജർമ്മൻ ക്യാമ്പിലെത്തി. തന്റെ കൈയിലുള്ള ഗവേഷണ രേഖകളും മാപ്പുകളും നല്കി അവരിൽനിന്നും പകരം വിമാനത്തിന് ഇന്ധനം വാങ്ങി. സുഹൃത്ത് മഡോക്സിന്റെ വിമാനവുമെടുത്ത് അൽമാസി ഗുഹയിലെത്തിയപ്പോഴേക്കും കാതറിൻ മരിച്ചുകഴിഞ്ഞിരുന്നു. അന്ത്യാഭിലാഷമനുസരിച്ച് അവളെ സംസ്കരിക്കാൻ പോകുംവഴിയായിരുന്നു അവരുടെ വിമാനം വെടിവച്ച് വീഴ്ത്തപ്പെട്ടത്.

ലോകയുദ്ധം അവസാനിച്ചു. എല്ലാവരും ക്യാമ്പുകളിൽനിന്ന് തിരികെപ്പോവുകയായിരുന്നു. ശരീരം ഒന്നനക്കുകപോലും ചെയ്യാനാകാതെ അൽമാസി മരണത്തെ കാത്തുകിടക്കുകയായിരുന്നു. നഴ്സായ ഹാനായ്ക്കും തിരികെപ്പോകണമെന്ന് അയാൾക്കറിയാം. മോർഫീന്റെ കുറേ ചെറുകുപ്പികൾ അൽമാസി ഹാനായുടെ മുമ്പിലേക്ക് നീക്കിവെച്ചു. കരഞ്ഞുകൊണ്ട് ഹാനാ അൽമാസിയുടെ മരണയാചന നിറവേറ്റി.

അൽമാസി നിത്യനിദ്രയിലമർന്നപ്പോൾ, അയാളോട് വിടപറഞ്ഞ് ഹാനാ, അൽമാസിയുടെ ഡയറിക്കുറിപ്പുകളടങ്ങിയ പുസ്തകവും എടുത്ത്, കാതറിൻ അൽമാസിക്കെഴുതിയ അവസാന കത്തും വായിച്ചുതീർത്ത് ഫ്ളോറൻസിലേക്കുള്ള ഒരു വാഹനത്തിൽ കയറിപ്പോകുന്നിടത്ത് സിനിമ തീരുന്നു.

അതുപോലെ ഒരു വസ്തുവോ, സങ്കല്പമോ, പ്രവൃത്തിയോ, സ്ഥലമോ, സംഭവമോ കഥപോലെ സിംബലുകളിലൂടെ ആവിഷ്ക്കരിക്കുന്ന ചിത്രചിഹ്നങ്ങൾ പിൽക്കാലത്ത് മനുഷ്യർ ആശയവിനിമയത്തിന് രൂപപ്പെടുത്തിയിരുന്നു. ഇത് എഴുത്തിന്റെ പൂർവ മാതൃകകളായിരുന്നു.

ഏകദേശം 4000 ബി.സി.യിൽ സുമേറിയന്മാരുടെ ഭാഷാരൂപമായ ക്യൂണിഫോമി (cuneiform) ലേക്കും, പിൽക്കാലത്ത് ഈജിപ്തിലെ ഹൈറോഗ്ലിഫിക് (hieroglyphic script) അക്ഷര രൂപങ്ങളിലേക്കും വിനിമയ ചിത്രം കടന്നു ചെല്ലുന്നു. വീണ്ടും ബി.സി. 16-ാം നൂറ്റാണ്ടോടെ ഫൊണീഷ്യർ രൂപപ്പെടുത്തിയ ലിഖിതാക്ഷരങ്ങളിലേക്കുള്ള ചുവടുവയ്പ് ആശയവിനിമയത്തിലെ വേഗത കൂട്ടി. വാചികഭാഷയിൽനിന്ന് എഴുത്തിലേക്കായിരുന്നു മാനവരാശിയുടെ ആശയവിനിമയമാറ്റം നടന്നത്. ഭാഷണത്തിന്റെ ലിഖിതരൂപമാണ്, എഴുത്ത്. ഭാഷണം മാഞ്ഞുപോയാലും എഴുത്ത് നിലനിൽക്കുന്നു. അതിനാൽ ഭാഷണത്തിന്റെ ദൃശ്യരൂപമെന്ന് എഴുത്തിനെ വിശേഷിപ്പിക്കാം.

ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിൽ നിന്നും ഗുഹാചിത്രങ്ങളും പ്രതിമകളും കണ്ടെടുത്തിട്ടുണ്ട്. അജന്ത ഗുഹകൾ, എടയ്ക്കൽ ഗുഹകൾ തുടങ്ങിയവ അതിനു ഉദാഹരണങ്ങളാണ്.

അജന്ത ഗുഹകൾ

മഹാരാഷ്ട്രയിലെ ഔറംഗാബാദ് ജില്ലയിലെ അജന്തയിലാണ് അജന്ത ഗുഹകൾ സ്ഥിതി ചെയ്യുന്നത്. ബി.സി.ഇ. രണ്ടാം നൂറ്റാണ്ടു മുതൽ എ.ഡി. ഏഴാം നൂറ്റാണ്ടു വരേയുള്ള കാലഘട്ടത്തിൽ പലപ്പോഴായി കരിങ്കല്ലിൽ കൊത്തിയെടുത്ത ഗുഹാക്ഷേത്രങ്ങളാണ് അജന്ത ഗുഹകൾ എന്നറിയപ്പെടുന്നത്. ഈ ഗുഹകളിൽ കാണപ്പെടുന്ന ചിത്രങ്ങളും ശില്പങ്ങളും ബുദ്ധമതകലയുടെ മകുടോദാഹരണമായി കണക്കാക്കപ്പെടുന്നു. 1983-ലാണ് അജന്ത ഗുഹകളെ യുനെസ്കോ ലോക പൈതൃകകേന്ദ്രങ്ങളിൽ ഒന്നായി പൈതൃക പട്ടിയിൽ ഉൾപ്പെടുത്തിയത്. അജന്ത ഗുഹകളിൽ തറയിലൊഴികെ മറ്റെല്ലായിടത്തും ചിത്രങ്ങൾ രചിക്കപ്പെട്ടിട്ടുണ്ട്. മുഴുവൻ ഗുഹകളിലേയും ചിത്രങ്ങൾ ഇന്ന് ലഭ്യമായിട്ടില്ല. ഭൂരിഭാഗം ചിത്രങ്ങളും കാലത്തിന്റെ കെടുതികളിൽ പെട്ടുപോയിട്ടുണ്ട്. കൽതൂണുകൾ, ഭിത്തി

കൾ, കമാനാകൃതിയിലും പരന്നതുമായ മേൽ തട്ടുകൾ തുടങ്ങിയിടത്തൊക്കെ ചിത്രങ്ങളുണ്ട്. ബുദ്ധനെക്കുറിച്ചുള്ള ഇതിഹാസങ്ങൾ, ബുദ്ധന്റെ പൂർവ ജന്മ കഥകൾ (ജാതക കഥകൾ) ശിശുവായ ബുദ്ധനെ സന്ദർശിക്കുന്നതിന് അസിതൻ എത്തുന്നത്, ലൗകികപ്രേരണകൾ ബുദ്ധനെ പീഡിപ്പിക്കുന്നത്, നാഗേതിഹാസങ്ങൾ, യുദ്ധരംഗങ്ങൾ തുടങ്ങി ബുദ്ധന്റെ ജീവിതത്തിലെ സമസ്ത മേഖലകളെയും ഈ ചിത്രങ്ങളിൽ ആലേഖനം ചെയ്തിട്ടുണ്ട്. ജാതക കഥകളിലെ ഉമദന്തി ജാതകം, ജാദന്ത ജാതകം, മഹാജനക ജാതകം, വിശ്വാന്തര ജാതക കഥ, നിദാനം തുടങ്ങിയവ ചിത്രീകരണങ്ങളിലെ പ്രധാനപ്പെട്ടവയാണ്. മനുഷ്യർ, പക്ഷിമൃഗാദികൾ, വനവാസികൾ, ഗുഹ്യകന്മാർ, കിരാതന്മാർ, കിന്നരന്മാർ തുടങ്ങിയവയും ചിത്രീകരണങ്ങളിലുണ്ട്. ദൈനംദിന ജീവിതങ്ങളുമായി വളരെയധികം ഇടപഴകിയവരും വലിയ നിരീക്ഷണ ശേഷി ഉള്ളവരുമായിരുന്നു ഈ ചിത്രകാരന്മാർ എന്ന് ആധുനിക ഗവേഷകർ അഭിപ്രായപ്പെട്ടിട്ടുണ്ട്. പാചകം, നായാട്ട്, ഘോഷയാത്ര, ഗജവീരന്മാരുടെ യുദ്ധം, ഗാനാലാപം, നൃത്തം തുടങ്ങിയവയൊക്കെ അവയുടെ ഉദാഹരണങ്ങളായി അവർ ഗണിക്കുന്നു.

എടയ്ക്കൽ ഗുഹകൾ

കേരളത്തിലെ വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരിക്കടുത്തുള്ള, പശ്ചിമഘട്ടവും, പൂർവ്വഘട്ടവും കൂടിച്ചേരുന്ന ഭാഗമായ അമ്പുകുത്തി മലയിലെ രണ്ടു പ്രകൃതിജന്യമായി ഗുഹകളാണ് എടയ്ക്കൽ ഗുഹകൾ എന്നറിയപ്പെടുന്നത്. ചെറുശിലായുഗസംസ്കാരകാലഘട്ടത്തിലേതെന്നു കരുതുന്ന ശിലാലിഖിതങ്ങൾ ഈ ഗുഹയിൽ കാണപ്പെടുന്നു. കേരളത്തിൽ നിന്ന് ലഭിച്ചിട്ടുള്ള ഏറ്റവും പഴക്കം ചെന്ന ലിഖിതങ്ങൾ ഇവയാണ്. സമുദ്രനിരപ്പിൽ നിന്നും ഏതാണ്ട് 4000 അടി ഉയരത്തിലുള്ള അമ്പുകുത്തിമലയുടെ മുകളിൽ ഒരു വലിയ പാറയിൽ രൂപപ്പെട്ട ഒരു വിള്ളലിൽ, മുകളിൽ നിന്ന് വീണുറച്ച കൂറ്റൻ പാറയാണ് മനുഷ്യനിർമ്മിതമല്ലാത്ത ഈ ഗുഹയെ സൃഷ്ടിക്കുന്നത്. കേരളത്തിലെ ഏറ്റവും പുരാതനമായ ഒരു രാജവംശത്തെപ്പറ്റി സൂചന നൽകുന്ന ശിലാലിഖിതങ്ങൾ, ലോക കൊത്തു ചിത്രകലയുടെ ആദിമ മാതൃകകളെ അനുസ്മരിപ്പിക്കുന്ന തരത്തിലുള്ളവയാണ്. പ്രാചീനമായ ചിത്രങ്ങളും പിൽക്കാലത്ത് രേഖപ്പെടുത്തപ്പെട്ട ലിപികളും കാണാം.

എടയ്ക്കൽ ഗുഹയിലെ ചിത്രങ്ങൾ

എല്ലോറ ഗുഹകൾ

മഹാരാഷ്ട്രയിലെ ഛത്രപതി സംഭാജി നഗറിൽ നിന്നും 30 കിലോമീറ്റർ ദൂരെയായി സ്ഥിതി ചെയ്യുന്ന ഒരു ചരിത്രസ്മാരകമാണ് എല്ലോറ ഗുഹകൾ. ഇന്ത്യൻ ഗുഹാശില്പകലയുടെ ഉത്തമോദാഹരണമായ എല്ലോറ ഗുഹകൾ യുനെസ്കോയുടെ ലോകപൈതൃകകേന്ദ്രങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുന്നു. അഞ്ചാം നൂറ്റാണ്ടുമുതൽ പത്താം നൂറ്റാണ്ടുവരെയുള്ള കാലയളവിൽ നിർമ്മിച്ച ബുദ്ധ, ഹിന്ദു, ജൈന ഗുഹാക്ഷേത്രങ്ങളും വിഹാരങ്ങളുമാണ് ഇവിടെയുള്ള മുപ്പത്തിനാല് ഗുഹകളിലുള്ളത്. 34 ഗുഹകളിൽ ഒന്നു മുതൽ പന്ത്രണ്ടുവരെയുള്ളവ ബുദ്ധമതക്ഷേത്രങ്ങളും അടുത്ത പതിനേഴെണ്ണം (അതായത് 13 മുതൽ 29 വരെ) ഹിന്ദുക്ഷേത്രങ്ങളും, തുടർന്നുള്ള അഞ്ചെണ്ണം ജൈനരുടേതുമാണ്.

എലിഫന്റ ഗുഹകൾ

മഹാരാഷ്ട്രയിലെ എലിഫന്റ ദ്വീപുകളിലാണ് ഈ ഗുഹകൾ സ്ഥിതി ചെയ്യുന്നത്. ഇന്ന്, ഈ ദ്വീപിലെത്താൻ നിരവധി ആളുകൾ മുംബൈ തീരത്ത് നിന്ന് കടത്തുവള്ളങ്ങൾ വാടകയ്ക്കെടുക്കുന്നു. ഏതാനും മിനിറ്റുകൾക്കുള്ള ട്രെക്കിംഗിനു ശേഷം, അവർക്ക് തിളങ്ങുന്ന നിറമുള്ള പെയിന്റിംഗുകൾ നിറഞ്ഞ ഗുഹകൾ പര്യവേക്ഷണം ചെയ്യാൻ കഴിയും. പണ്ട്, ഗുഹകൾ കുമ്മായം കൊണ്ട് മറച്ചിരുന്നു, അതിൽ പെയിന്റിംഗുകൾ നിർമ്മിച്ചിരുന്നു. ഇപ്പോൾ, ഈ ചിത്രങ്ങളുടെ

ഒരു ഭാഗം മാത്രമേ അവശേഷിക്കുന്നുള്ളൂ. മഹാരാഷ്ട്രയിലെ മറ്റ് ശ്രദ്ധേയമായ ഗുഹാചിത്രങ്ങൾ ഭജ ഗുഹകൾ, കൻഹേരി ഗുഹകൾ, കർസംബ്ലെ ഗുഹകൾ, കുട ഗുഹകൾ തുടങ്ങിയവയാണ്.

ഭീംബെത്ക ഗുഹാചിത്രങ്ങൾ

12,700 ബി.സി. അല്ലെങ്കിൽ അതിനുമുമ്പ് ഭോപ്പാലിലാണ് ഈ ഗുഹ സ്ഥിതി ചെയ്യുന്നത്. ഈ ഗുഹയിലെ ചിത്രങ്ങൾ ആന, കടുവ, കാട്ടുപോത്ത്, കുരങ്ങ്, കാണ്ടാമൃഗം തുടങ്ങിയ വന്യമൃഗങ്ങളെ പ്രതിനിധീകരിക്കുന്നു. ഈ ഗുഹയിൽ 600-ലധികം വ്യത്യസ്ത ഗുഹകളുണ്ട്, അവ പ്രാഥമികമായി അഭയകേന്ദ്രങ്ങളായിരുന്നു. ചുവപ്പും വെളുപ്പും പെയിന്റിംഗിൽ ഏറ്റവും സാധാരണയായി ഉപയോഗിക്കുന്ന നിറങ്ങൾക്കൊപ്പം പച്ചയും മഞ്ഞയും അപൂർവമായി ഉപയോഗിക്കുന്നു. ഈ പ്രദേശത്തെ ഏറ്റവും പഴക്കമുള്ള പെയിന്റിംഗ് ഏകദേശം 12,000 വർഷം പഴക്കമുള്ളതാണ്. ഈ മുഴുവൻ ഗുഹകളുടെയും ഏറ്റവും മികച്ച ഭാഗം ഒരു ഗുഹയിലെ സീലിംഗ് പെയിന്റിംഗ് ആണ്. ഈ നിലയിൽ നിരവധി ഗുഹാചിത്രങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് കണ്ടെത്തിയിട്ടുണ്ട്. അവ പ്രാചീനമായ ആശയവിനിമയത്തിന് ഉദാഹരണങ്ങളായി ഇന്നും തുടരുന്നു.

ഫോട്ടോഗ്രഫി

1830-ൽ ഫോട്ടോസ് ഗ്രഫീൻ എന്നീ ഗ്രീക്ക് പദങ്ങളിൽ നിന്നാണ് പ്രകാശത്തിന്റെ വര എന്നർത്ഥമുള്ള ഫോട്ടോഗ്രഫി എന്ന വാക്ക് ഉരുത്തിരിഞ്ഞത്. ആദ്യകാലത്ത് ബ്ലാക്ക് ആന്റ് വൈറ്റ് ചിത്രങ്ങളായിട്ടാണ് ഫോട്ടോഗ്രഫി അറിയപ്പെട്ടത്.

പ്രകാശഗ്രാഹിയായ ഒരു മാധ്യമ (ക്യാമറയുടെ)സഹായത്തോടെ ഒരു വസ്തുവിന്റേയോ രംഗത്തിന്റേയോ ചിത്രം പകർത്തുന്ന പ്രക്രിയയാണ് ഫോട്ടോഗ്രഫി. ചിലതരം രാസവസ്തുക്കളിൽ പ്രകാശം പ്രതിപ്രവർത്തനം നടത്തുമെന്ന തിരിച്ചറിവിൽ നിന്നായിരുന്നു ഫോട്ടോഗ്രഫിയുടെ തുടക്കം. ക്യാമറ ഒബ്സ്ക്യൂറ അതിന്റെ പ്രതലത്തിൽ വീഴ്ത്തുന്ന പ്രതിബിംബത്തെ സ്ഥിരമായി പതിച്ചെടുക്കാനുള്ള രാസവിദ്യകളിലേക്ക് ഈ അറിവ് തിരിഞ്ഞു. ചെമ്പുതകിടിൽ രാസലേഖനം പൂശി ക്യാമറയ്ക്കകത്തുവച്ച് അതിൽ പ്രകാശം വീഴ്ത്തിയാൽ കിട്ടുന്ന പ്രതിച്ഛായയെ അയഡിൻ വാതകം തട്ടിച്ച് സ്ഥിരമായി ഉറപ്പിച്ചുനിർത്താമെന്ന് ഡാഗറെ (J.M. Daguerre) കണ്ടുപിടിച്ചു. ഈ കണ്ടുപിടിത്തത്തെ ഡാഗറെ വ്യാപാരമാക്കി മാറ്റി. ആളുകളെ ക്യാമറയ്ക്ക്മുന്നിൽ പിടിച്ചിരുത്തി മണിക്കൂറുകളോളം നീളുന്ന പ്രകാശപതന(exposure)ത്തിലൂടെ ഫോട്ടോകൾ എടുത്തു. ഡാഗറോടൈപ്പ് എന്ന പേരിൽ ഈ ചിത്രങ്ങൾ അറിയപ്പെട്ടു. ചലനസ്വഭാവമില്ലാത്ത കെട്ടിടങ്ങളും പ്രകൃതിദൃശ്യങ്ങളുമൊക്കെ പകർത്തുന്ന ഡാഗറോടൈപ്പുകളും അതു നിർമ്മിക്കുന്ന സ്റ്റുഡിയോകളും യൂറോപ്പിലും അമേരിക്കയിലും തുറന്നു. ഡാഗറുടെ ചങ്ങാതിയായിരുന്ന ഹെൻറി ഫോക്സ് ടാൽബോട്ട് (Henry Fox Talbot) അഞ്ചുവർഷത്തോളം നടത്തിയ ഗവേഷണത്തിലൂടെ കട്ടിക്കടലാസ്സിൽ രാസവസ്തുക്കൾ പൂശി ക്യാമറയിലൂടെ പ്രതിച്ഛായകളെടുക്കാവുന്ന പുതിയ രീതി അവതരിപ്പിച്ചു. ഇത്തരത്തിൽ പകർത്തിയ ആദ്യ നെഗറ്റീവിൽ നിന്നും പിന്നീട് വേണ്ടിടത്തോളം പകർപ്പുകൾ ഉണ്ടാക്കിയെടുക്കാമെന്ന സങ്കേതം ടാൽബോട്ടാണ് ആദ്യമായി അവതരിപ്പിച്ചത്. നെഗറ്റീവ് പകർത്തിയെടുത്ത കടലാസ്സിനെ എണ്ണയിൽ മുക്കി സുതാര്യമാക്കിയശേഷമാണ് പോസിറ്റീവുകൾ എടുത്തിരുന്നത്. ടാൽബോട്ടിന്റെ പുതിയ ടെക്നിക്കിന്റെ ആഗമനത്തോടെ നെഗറ്റീവില്ലാത്ത ഒറ്റപ്പകർപ്പു മാത്രം നല്കുന്ന ഡാഗറോ ടൈപ്പുകൾ അപ്രത്യക്ഷമായി. പ്രകാശം പകർത്തുന്ന ചിത്രത്തെ സോഡിയം ഹൈപ്പോ സൾഫേറ്റുപയോഗിച്ച് സ്ഥിരചിത്രമാക്കി മാറ്റാമെന്ന് 1832-ൽ ഹർഷൽ കണ്ടുപിടിച്ചു. സിൽവർ നൈട്രേറ്റിനു പകരം ബ്രോമൈഡ് ഉപയോഗിക്കാനും തുടങ്ങി. ചിത്രങ്ങളെ സ്ഥിരമാക്കി ഉറപ്പിച്ചു നിർത്താൻ സോഡിയം തയോസൾഫേറ്റാണ് കൂടുതൽ മെച്ചപ്പെട്ടതെന്നു കണ്ട് പ്രയോഗത്തിൽ കൊണ്ടുവന്നെങ്കിലും പഴയ സ്മരണ നിലനിർത്താനായി ഹൈപ്പോ (സോഡിയം ഹൈപ്പോ സൾഫേറ്റ്) എന്ന പേരിൽത്തന്നെ ഇത് ഇന്നും അറിയപ്പെടുന്നു. 1842 ആയതോടെ ഫോട്ടോഗ്രഫിയിൽ ഇന്ന് ഉപയോഗത്തിലുള്ള ഒട്ടുമിക്ക അടിസ്ഥാന രാസപ്രവർത്തനങ്ങളൊക്കെയും പ്രാവർത്തികമായി കഴിഞ്ഞിരുന്നു.

ക്യാമറ

ക്യാമറ എന്ന ലാറ്റിൻ വാക്കിന് 'അറ', പേടകം എന്നൊക്കെ അർത്ഥം പറയാം. ഒരു വശത്ത് പുറത്തെ ദൃശ്യത്തിന്റെ പ്രകാശം അകത്തേക്ക് കടന്നു വരാനുള്ള ലെൻസും മറുവശത്ത് പ്രകാശസംവേദനശേഷിയുള്ള ഫിലിമും (പ്രതലവും) ചേർന്നതാണ് ക്യാമറ. ലെൻസ് ഫിലിമിൽ വീഴ്ത്തുന്ന വെളിച്ചത്തിലൂടെ പുറത്തെ ദൃശ്യത്തിന്റെ പ്രതിച്ഛായ അതിൽ സൃഷ്ടിക്കപ്പെടുന്നു. പിന്നെ ഫിലിമിൽ നടത്തുന്ന രാസപ്രക്രിയകളിലൂടെ ആ പ്രതിബിംബത്തെ അവിടെ സ്ഥിരമാക്കി നിർത്തുന്നു. ഇതിന് സഹായിക്കുന്ന ഉപകരണമാണ് ക്യാമറ. ചിത്രീകരണപ്രക്രിയയാണ് ഫോട്ടോഗ്രഫി. 1891-ൽ എഡിസൺ പേറ്റന്റ് എടുത്ത, കൈകൊണ്ടു ചുറ്റി പ്രവർത്തിപ്പിക്കുന്ന, തടികൊണ്ടു തീർത്ത മൂവി ക്യാമറ അത്ഭുതകരമായ വികാസം നേടിക്കഴിഞ്ഞു. ഇന്ന് 70 മി.മീറ്റർ ഫിലിം ഷൂട്ടുചെയ്യുന്ന പടുകൂറ്റൻ ക്യാമറ കൾ ഉണ്ട്. കൈയിൽ ഒളിച്ചുപിടിക്കാവുന്ന മിനിയേച്ചർ ക്യാമറവരെ രംഗത്തെത്തിക്കഴിഞ്ഞു. 1920-ൽ ശബ്ദത്തിനൊത്ത വേഗത്തിൽ ചിത്രീകരണം നടത്താൻ കഴിഞ്ഞ ക്യാമറ മുതൽ ഇന്ന് ശബ്ദാതീതവേഗത്തിൽ പ്രവർത്തിക്കുന്ന വെരി ഹൈസ്പീഡ് ക്യാമറ വരെ ലഭ്യമാണ്.

തുടക്കത്തിൽ അവിശ്വസനീയമായ അത്ഭുതവസ്തുവായി മനുഷ്യന്റെ കയ്യിലെത്തിയ ക്യാമറ ഏതാണ്ടൊരു നൂറ്റാണ്ടിലേറെക്കാലമായി നിരന്തരം തുടർന്ന വികാസപരിണാമങ്ങളിലൂടെ ഇന്ന് സമൂഹത്തിന് ഒഴിവാക്കാനാവാത്ത വസ്തുവായി മാറിക്കഴിഞ്ഞു. വിനോദത്തിനും വാർത്താവിനിമയത്തിനും ചരിത്രസാക്ഷ്യത്തിനും വികാരസംക്രമണത്തിനും തുടങ്ങി എണ്ണമറ്റ കാര്യങ്ങൾക്കായി ഇന്ന് ക്യാമറ ഉപയോഗിക്കുന്നു.

കാല്ലോ സ്കോപ്പ് (Callo scope)

രാസവിദ്യകൾ പുരോഗമിച്ചതോടെ കൂടുതൽ വ്യക്തതയുള്ള ചിത്രങ്ങൾക്കുവേണ്ടി കടലാസ്സിനു പകരം കണ്ണാടിത്തുണ്ടുകൾ ഉപയോഗിച്ചുതുടങ്ങി. കാല്ലോ ടൈപ്പുകൾ എന്നറിയപ്പെട്ട ഈ ഫോട്ടോകൾ നനവുള്ള കൊളോഡിൻ പ്രവർത്തന(wet collodion)ത്തിലൂടെ ഗുണമേന്മയേറിയവയായി. നനഞ്ഞ ഫലകങ്ങൾ ഉപയോഗിക്കേണ്ടിവന്നതിനാൽ രാസലേപനം നടത്തിയ ഉടൻ തന്നെ പ്രകാശം വീഴ്ത്തി തുടർന്നു നടത്തേണ്ട രാസപ്രവർത്തനങ്ങളും പൂർത്തിയാക്കേണ്ടി വരുന്നതിനാൽ സ്റ്റുഡിയോയ്ക്ക് പുറത്തുള്ള ഫോട്ടോഗ്രഫി വിഷമകരമായിമാറി. 1871-ൽ ഉണങ്ങിയ കൊളോഡിൻ പ്രോസസിങ് രംഗത്തുവന്നതോടെ ഫോട്ടോഗ്രഫി എവിടെയും നടത്താമെന്ന നിലവന്നു. 1864-ൽ കണ്ണാടിയുടെ സ്ഥാനം വീണ്ടും കടലാസ് ഏറ്റെടുത്തു. അന്ന് ആദ്യമായി കൊഡാക്ക് കമ്പനി നൂറു ചിത്രങ്ങൾ എടുക്കാവുന്ന കടലാസ് ചുരുളും ക്യാമറയും വിപണിയിലിറക്കി. പ്രകാശം കടക്കാത്ത കറുത്ത കടലാസ്സിൽ പൊതിഞ്ഞുസൂക്ഷിക്കാവുന്ന ഈ ചുരുളുകൾ ആവശ്യാനുസരണം ഉപയോഗിക്കാമെന്ന സൗകര്യവും അങ്ങനെ ലഭിച്ചു. കമ്പനിയുടെ ഉടമയായിരുന്ന ജോർജ് ഈസ്റ്റ്മാൻ 1889-ൽ പേപ്പറിന്റെ സ്ഥാനത്ത് സെല്ലുലോയിഡു ഫിലിം ഉപയോഗിച്ചു. ലെൻസിലും ഷട്ടറിലും കൂടുതൽ നവീകരണം വരുത്തി പുതിയ ക്യാമറയും മാർക്കറ്റിലെത്തിച്ചു. അതോടെ ഫോട്ടോഗ്രഫി അതിന്റെ പൂർണ്ണമായ വികാസത്തിൽ എത്തി.

ഫോട്ടോഗ്രഫിക് ക്യാമറകൾ പൊതുവേ കണ്ണിന്റെ പ്രവർത്തനത്തെ അടിസ്ഥാനമാക്കി നിർമ്മിച്ചിരിക്കുന്നു. പ്രകാശഗ്രാഹിയായ ഒരു ഫലകവും, അതിലേക്കു ഫോക്കസ് ചെയ്യുന്ന ഒരു ലെൻസും, അത് കാണാനായി ഒരു വ്യൂ ഫൈണ്ടറും, അതിലൂടെ കടന്നുപോകുന്ന പ്രകാശത്തിന്റെ അളവുനിയന്ത്രിക്കാൻ ഒരു ഡയഫ്രവുമുള്ള പ്രകാശം കടത്തിവിടാത്ത ഒരു പെട്ടിയും ചേർന്നതാണ് ഫോട്ടോഗ്രഫിക് ക്യാമറകൾ. ചിത്രങ്ങൾ പകർത്തി സൂക്ഷിക്കാൻ ക്യാമറയിൽ ഫിലിമുണ്ടായിരുന്നു.

1900 വരെ ക്യാമറകൾ കൊണ്ടുനടക്കാനും മറ്റും വലിയ വിഷമമായിരുന്നു. കൈയിൽ കൊണ്ടുനടക്കാവുന്ന ക്യാമറകൾ പ്രചാരത്തിൽ വന്നതോടെ ഈ ബുദ്ധിമുട്ട് ഒഴിവായിക്കിട്ടി. ട്രൈപ്പോഡ് ഇല്ലാതെ ക്യാമറ ക്രമീകരിക്കാമെന്നായി. അതുപോലെ ഇരുട്ടുമുറിയിൽവെച്ചു ഫോട്ടോപ്ലേറ്റ് ഡവലപ് ചെയ്തിരുന്നതിനുപകരം ക്യാമറയിൽ വച്ചിരുന്ന ഫിലിംചുരുൾ ഡവലപ് ചെയ്തിരുന്ന കാലവും ഇന്ന് മാറിയിരിക്കുന്നു. ഒരു

ഫിലിംചുരുളിൽ നിന്ന് 8 മുതൽ 36 വരെ ഫോട്ടോകൾ എടുത്തിരുന്നു.

ക്യാമറയുടെ മികവ് അതിന്റെ സംവേദനത്വത്തി (sensitiveness)ലാണ്. ഒരു സെക്കൻഡിൽ പത്തു ലക്ഷത്തിലധികം ഫ്രെയിമുകൾ പകർത്തുന്ന ഡിജിറ്റൽ വീഡിയോ ക്യാമറകൾ ഇന്നുണ്ട്. വണ്ടിയിൽ നിന്നോ വിമാനത്തിൽ നിന്നോസാറ്റലൈറ്റുകളിൽ നിന്നോ, ഭൂമിയുടെ ഉപരിതലത്തിലെ അതിസൂക്ഷ്മ വസ്തുക്കളുടെയും ശൂന്യാകാശ ദൃശ്യങ്ങളുടെയും ഫോട്ടോയെടുക്കാൻ കഴിയുന്ന ക്യാമറകളുണ്ട്. സമുദ്രാന്തർഭാഗത്തെ ചിത്രങ്ങൾ പകർത്തുന്നതരം (underwater photography) ക്യാമറകളുമുണ്ട്. സ്റ്റീരിയോസ്കോപ്പിക്കും ത്രീ ഡയമെൻഷണലുമായ ഫോട്ടോഗ്രഫിയുണ്ട്. അങ്ങനെ ഫോട്ടോഗ്രഫി വ്യാവസായികമായും അതിവേഗം വളർന്നുകൊണ്ടിരിക്കുന്നു. പുതിയതരം കണ്ടെത്തലുകൾ നിരന്തരം വന്നുകൊണ്ടിരിക്കുന്നു. പ്രകാശം വീഴുന്ന സമയവും ഇമേജിന്റെ കൃത്യതയും ക്രമീകരിക്കാൻ ക്യാമറയിലെ 'എക്സ്പോഷർ മീറ്റർ' സഹായിക്കും. നെഗറ്റീവിന് എക്സ്പോഷർ കൂടിപ്പോയാൽ (over exposure) ഡവലപ് ചെയത് ആവശ്യമായ വ്യത്യാസങ്ങൾ വരുത്തുമായിരുന്നു. ആധുനിക ക്യാമറകളിൽ സ്വയം പ്രവർത്തിക്കുന്ന ഇലക്ട്രോണിക് ഫ്ളാഷുകളുണ്ട്. ചിത്രത്തിന്റെ കൃത്യതയ്ക്ക് വേണ്ടി കൃത്രിമ പ്രകാശം പുറപ്പെടുവിക്കുന്ന ഉപകരണമാണ് ഫ്ളാഷ്. അതനുസരിച്ച് മാത്രമേ വെളിച്ചം കടക്കേണ്ട ക്യാമറയുടെ കവാടത്തിന്റെ വിസ്തൃതി ക്രമീകരിക്കപ്പെടൂ.

മൂവി ക്യാമറ ഫിലിമിനുപകരം ഡവലപ്പിങ് ആവശ്യമില്ലാത്ത തരം ക്യാമറകൾ നിലവിൽ വന്നു. ബോക്സ് ക്യാമറ, ഫോൾഡിംഗ് ക്യാമറ, ടിൻ ലെൻസ് റിഫ്ളക്സ് ക്യാമറ, സിംഗിൾ ലെൻസ് ക്യാമറ, സബ് മിനിയേച്ചർ ക്യാമറ പോളറോയിഡ് ക്യാമറ, പോയിന്റ് ആന്റ് ഷൂട്ട് ക്യാമറ, ഏരിയൽ ക്യാമറ, അണ്ടർ വാട്ടർ ക്യാമറ, ഡിജിറ്റൽ ക്യാമറ, ഫിംഗർ പ്രിന്റ് ക്യാമറ, ഹോളോഗ്രാഫി ക്യാമറ തുടങ്ങിയവ ഇന്ന് പ്രചാരത്തിലിരിക്കുന്ന ക്യാമറകളാണ്. ഹാർഡ് ഡിസ്കുകളിലേക്കോ മെമ്മറി കാർഡുകളിലേക്കോ നേരിട്ടു ഡിജിറ്റലായി ചിത്രങ്ങൾ പകർത്താനും ലോകത്തിന്റെ ഏതുഭാഗത്തേയ്ക്കും നിമിഷങ്ങൾക്കുള്ളിൽ ചിത്രങ്ങൾ അയച്ചുകൊടുക്കാൻ കഴിയുന്നതരം ക്യാമറകൾ വന്നു. മിറർലെസ് ക്യാമറകളുടെയും 4 കെ, 8 കെ. റെസലൂഷനുകളുള്ള ക്യാമറകളുടെയും കാലമാണിന്ന്. അതിസൂക്ഷ്മമായും അതിവേഗതയിലും അതിവിദൂരതയിൽ നിന്നും ഫോട്ടോകൾ എടുക്കാവുന്ന സൗകര്യം ഇന്നുണ്ട് ക്യാമറകൾ പോക്കറ്റിൽ കൊണ്ടുനടക്കുന്നവരുടെ കാലമാണിത്. വളരെ വ്യാപകമായി സ്മാർട്ട് ഫോണുകളിലേക്കുവരെ മികച്ചയിനം ക്യാമറകൾ കുടിയേറിക്കഴിഞ്ഞിരിക്കുന്നു. ക്യാമറകൾ നിത്യജീവിതത്തിന്റെ ഒരു ഭാഗമായിക്കഴിഞ്ഞ കാലത്താണ് നാം ജീവിക്കുന്നത്. കുടുംബചിത്രങ്ങൾ മുതൽ സ്വകാര്യചിത്രങ്ങൾവരെ ഇത്തരത്തിൽ പകർത്താൻ സാധിക്കുന്നു. ചിത്രങ്ങൾ പകർത്തുന്നയാളിനെ ഫോട്ടോഗ്രാഫർ എന്നുവിളിക്കുന്നു.

കളർ ഫോട്ടോഗ്രഫി

പ്രകാശത്തിന്റെ പ്രാഥമിക നിറങ്ങൾ ഗ്രീൻ, ബ്ലൂ, റെഡ് എന്നിവയാണ്. ഇവയുടെ സംയോജനത്തിലൂടെയാണ് മറ്റുനിറങ്ങളുടെ സാന്നിധ്യം ഉണ്ടാക്കുന്നത്. ഒരു വെളുത്ത സ്ക്രീനിലേക്ക് ചുവപ്പ്, നീല എന്നീ രണ്ട് നിറങ്ങൾ വീഴ്ത്തിയാൽ മജന്ത നിറമായി മാറും. ചുവപ്പും പച്ചയും ഒരേ അളവിൽ വീഴ്ത്തിയാൽ മഞ്ഞയായി മാറും. പച്ചയും നീലയും വയലറ്റുമായാൽ സിയാൻ(cyan) ആയി മാറും. ക്യാമറകളിൽ ഇവ തനിയേ നിർവഹിക്കുന്ന സംവിധാനമുണ്ട്.

പലതരം ക്യാമറകൾ

ഉപയോഗത്തിനനുസരിച്ച് അനവധിതരം ക്യാമറകൾ ഇന്ന് നിലവിലുണ്ട്. 35 എം. എം. ഫിലിം കാഡിഡ്ജുകൾ ഉപയോഗിക്കുന്ന ചെറിയതരം ക്യാമറകൾ, അതിൽത്തന്നെ പലതരം (വൈഡ് ആംഗിൾ, നോർമൽ, ടെലിഫോട്ടോ, സൂം) തുടങ്ങിയ ലെൻസുകൾ മാറ്റി ഉപയോഗിക്കാവുന്ന ക്യാമറകൾ, 16 എം. എം ചെറിയ ക്യാമറകൾ, 70 എം. എം. മീഡിയം സൈസ് ക്യാമറകൾ, സിംഗിൾ ലെൻസ് റിഫ്ളക്സ്, റ്റിൻ ലെൻസ് റിഫ്ളക്സ് ക്യാമറകൾ, ഓട്ടോഫോക്കസ് ക്യാമറകൾ തുടങ്ങി അനവധിതരം ക്യാമറകളിലേക്ക് ചരിത്രം വികസിക്കുന്നു. സ്റ്റുഡിയോ ക്യാമറകളിൽ ഷീറ്റ് ഫിലിമുകളാണ് ഉപയോഗിച്ചിരുന്നത്. മറ്റുതരം ക്യാമറകളിൽ റോൾ ഫിലിമുകൾ,

ഡി.വി.ഡി.കൾ, ബ്ലൂറേ ഡിസ്കുകൾ, മെമ്മറി കാർഡുകൾ എന്നിവ ഇപ്പോൾ ഉപയോഗിക്കുന്നു. വെളിച്ചക്കുറവുള്ള ദൃശ്യങ്ങൾ പകർത്താൻ ഹൈസ്പീഡ്, അൾട്രാ സ്പീഡ് ഫിലിമുകൾ ഉപയോഗിക്കുന്നു.

മൂവി ക്യാമറ

സ്റ്റിൽ ക്യാമറകളുടെ വികസിതരൂപമാണ് മൂവി ക്യാമറകൾ. ഇവ തമ്മിലുള്ള അടിസ്ഥാനവ്യത്യാസം ഒരു സെക്കന്റിൽ തുടർച്ചയായി ഒന്നിൽക്കൂടുതൽ ചിത്രങ്ങളെ മൂവി ക്യാമറ പകർത്തുന്നു എന്നതാണ്. ഇപ്പോൾ പ്രചാരത്തിലുള്ള മൂവി ക്യാമറകൾ സാങ്കേതികത്വത്തിലും പ്രവർത്തനക്ഷമതയിലും വളരെയേറെ വികാസം പ്രാപിച്ചുകഴിഞ്ഞു. വെളിച്ചം കടക്കാത്ത മാഗസിനുകൾക്കകത്ത് റീലുകളായി ചുറ്റി നിറച്ചിരിക്കുന്ന ഫിലിം ഒരു മോട്ടറിന്റെ സഹായത്താൽ നിശ്ചിത വേഗത്തിൽ മുന്നോട്ടു നീങ്ങിത്തുടങ്ങുന്നു. ഫിലിമിന്റെ ലെൻസിനു നേരെയുള്ള അല്പനേരത്തെ തങ്ങി നില്പും മുന്നോട്ടുള്ള നീക്കവും അതിലെ അതിസൂക്ഷ്മമായ യന്ത്രഭാഗങ്ങളുടെ ചലനവും സാധാരണ മൂവിക്യാമറകളിൽ സെക്കന്റിൽ ഇരുപത്തിനാലു തവണ വീതം നടക്കുന്നു. അങ്ങനെ ഇരുപത്തിനാലു ഫ്രെയിം എന്ന കണക്കിൽ ചിത്രീകരണം തുടരുന്നു. ഇന്നത്തെ മൂവി ക്യാമറകളിൽ സെക്കന്റിൽ ഇത്തരത്തിൽ ചിത്രീകരിക്കേണ്ട ഫ്രെയിമുകളുടെ എണ്ണം കൂട്ടുകയും കുറയ്ക്കുകയും ചെയ്ത് ദൃശ്യത്തിൽ സ്ലോമോഷനും ഫാസ്റ്റ്മോഷനുമൊക്കെ ഉണ്ടാക്കാവുന്ന സംവിധാനങ്ങളുമുണ്ട്. ചിത്രീകരിച്ച ദൃശ്യങ്ങളെ സെക്കന്റിൽ 24 ഫ്രെയിം എന്ന കണക്കിൽ പ്രൊജക്ടറിലൂടെ തിരശ്ശീലയിൽ വീഴ്ത്തുമ്പോൾ ക്യാമറയ്ക്ക് മുന്നിൽ നടന്ന ചലനം പുനഃസൃഷ്ടിക്കപ്പെടുന്നു. മൂവി ക്യാമറകളുടെ കൂട്ടത്തിൽ പ്രത്യേകതരം ചിത്രങ്ങളെടുക്കാൻ ഉപയോഗിക്കുന്ന വ്യത്യസ്ത ഡിസൈനുകളിലുള്ള പല ക്യാമറകളും ഇന്ന് വിപണിയിൽ ലഭ്യമാണ്.

അനിമേഷൻ ക്യാമറ

കാർട്ടൂൺ സിനിമകൾ ചിത്രീകരിക്കാൻ ഉപയോഗിക്കുന്ന ക്യാമറ. മേശമേൽ ചിത്രങ്ങൾ നിരത്തി മുകളിൽ ഉറപ്പിച്ച് ക്യാമറകൊണ്ട് ഉയർത്തിയും താഴ്ത്തിയും വിവിധ അളവിലുള്ള ഷോട്ടുകൾ പകർത്തിയെടുക്കാൻ കഴിയുന്നു. ഫോക്കസ്സ് നിയന്ത്രിക്കാനും വെളിച്ചത്തെ ക്രമീകരിക്കാനും വേണ്ട ഇലക്ട്രോണിക് സംവിധാനം ഇന്നത്തെ അനിമേഷൻ ക്യാമറകളിലുണ്ട്.

സ്റ്റോപ്പ് മോഷൻ ക്യാമറ

ചിത്രീകരണം നടത്തേണ്ട ഫ്രെയിമുകളുടെ എണ്ണത്തെ ആവശ്യമുള്ള വിധത്തിൽ നിയന്ത്രിക്കാനുള്ള സൗകര്യം ഇത്തരം ക്യാമറകളിലുണ്ട്. ചലനത്തിൽ അസാധാരണമായ വേഗതയും നിശ്ചലതയുമൊക്കെ ഉണ്ടാക്കിയെടുക്കാൻ ഈ ക്യാമറ സഹായിക്കുന്നു. ശാസ്ത്രവിഷയങ്ങളുടെ ചിത്രീകരണത്തിന് ഇവ കൂടുതലായി ഉപയോഗിക്കുന്നു.

ഹൈ സ്പീഡ് ക്യാമറ

ഒരു സെക്കന്റിൽ 300 ഫ്രെയിം വരെ ചിത്രീകരിക്കാവുന്ന അതിവേഗതയുള്ള ക്യാമറ. ഇത്തരം ചില ക്യാമറകളിൽ സെക്കന്റിൽ 600 ഫ്രെയിം വരെ ഓടിക്കാൻ കഴിയും. ഷട്ടറിലും ഫ്രെയിമിലും വീണ്ടും ക്രമീകരണം നടത്തി സെക്കന്റിൽ 20,000 ഫ്രെയിം വരെ പകർത്തിയെടുക്കാവുന്ന ക്യാമറയും ഇന്നു ലഭ്യമാണ്.

അണ്ടർ വാട്ടർ ക്യാമറ

വെള്ളത്തിനടിയിൽ വച്ചു ചിത്രീകരണം നടത്താവുന്ന ക്യാമറ. വെള്ളം കടക്കാത്ത സുതാര്യമായ പുറംചട്ടയും, പുറമേ നിന്ന് അനായാസം നിയന്ത്രിക്കാവുന്ന യന്ത്രസംവിധാനവും ഈ ക്യാമറകളിലുണ്ട്.

വെരി ഹൈ സ്പീഡ് ക്യാമറ

മൂവി ക്യാമറകളുടെ സാധാരണ ചിത്രീകരണത്തിനുള്ള വേഗതയായ സെക്കന്റിൽ 24 ഫ്രെയിം എന്ന കണക്കു മാറ്റി മിനിട്ടിലോ മണിക്കൂറിലോ ഓരോ ഫ്രെയിം വീതം ചിത്രീകരിക്കാവുന്ന പ്രത്യേകതരം ക്യാമറകൾ ഇന്നുണ്ട്. ചെടികളുടെ വളർച്ച, നക്ഷത്രങ്ങളുടെ ആകാശഗമനം, നിരത്തിലെ ട്രാഫിക്കിന്റെ ഗതിമാറ്റം, സൂര്യന്റെ സഞ്ചാരം തുടങ്ങിയവയൊക്കെ ചിത്രീകരിക്കാൻ ഈ സാങ്കേതികരീതി ഉപയോഗിക്കുന്നു. ഇങ്ങനെ ചിത്രീകരിക്കുന്ന ഫിലിം സാധാരണ വേഗതയായ 24 ഫ്രെയിം എന്ന കണക്കിൽ പ്രദർശിപ്പിക്കുമ്പോൾ സമയത്തെ അത്ഭുതകരമായ വിധത്തിൽ ചുരുക്കിക്കൊണ്ടുവരാൻ കഴി

യുന്നു. വിത്തിൽ നിന്നും ദിവസങ്ങളും ആഴ്ച കളും കൊണ്ടു പൂർത്തിയാവുന്ന ചെടികളുടെ വളർച്ച ഏതാനും മിനിട്ടുകൊണ്ടു പൂർണ്ണമായി പ്രദർശിപ്പിക്കാൻ കഴിയും. സെക്കന്റിൽ 20,000 മുതൽ ഒരു ലക്ഷം ഫ്രെയിമുകൾവരെ ചിത്രീകരിക്കാവുന്ന അത്ഭുതകരമായ വേഗതയുള്ള ക്യാമറകളും ഇന്നു നിർമ്മിച്ചുകഴിഞ്ഞിട്ടുണ്ട്.

ഡിജിറ്റൽ ക്യാമറ

ദൃശ്യങ്ങളെ പകർത്തിയെടുക്കാൻ മനുഷ്യൻ കണ്ടുപിടിച്ച സാങ്കേതികവിദ്യകളായ ഫോട്ടോഗ്രഫി, വീഡിയോഗ്രഫി എന്നിവയുടെ ഏറ്റവും പുതിയ വികാസമാണ് ഡിജിറ്റൽ ഫോട്ടോഗ്രഫി. ഇതിനായി പ്രത്യേകം ഡിസൈൻ ചെയ്ത ക്യാമറകളാണ് ഡിജിറ്റൽ ക്യാമറകൾ. പ്രത്യേകതരം കമ്പ്യൂട്ടറിന്റെ സഹായത്താലാണ് ഡിജിറ്റൽ ക്യാമറകൾ ചിത്രങ്ങളുണ്ടാക്കുന്നത്. സാധാരണ ക്യാമറകളെപ്പോലെ ഇവയിലും ലെൻസും മറ്റ് അനുബന്ധങ്ങളും ഉണ്ടാവും. ദൃശ്യത്തിൽ നിന്നും പ്രതിബിംബിച്ചുവരുന്ന വെളിച്ചത്തിൽ തന്നെയാണ് ഇവയും പ്രവർത്തിക്കുന്നത്. എന്നാൽ മറ്റു ക്യാമറകളിൽ നിന്നും ഇതിനുള്ള പ്രധാന വ്യത്യാസം ദൃശ്യത്തെ യാതൊരു തരത്തിലും ബന്ധമില്ലാത്ത കുറെ അക്കങ്ങളായി പകർത്തപ്പെടുന്നു എന്നതാണ്.

സിനിമ

ദൃശ്യമാധ്യമങ്ങളിൽ ഏറ്റവും ശക്തമായ മാധ്യമമാണ് സിനിമ. നിർമ്മാണരീതിയിൽ ഏറ്റവുമധികം സാങ്കേതികമായി വളർന്നതും പണച്ചിലവേറിയതും കൂട്ടായ പരിശ്രമം കൂടുതൽ വേണ്ടതും സിനിമയ്ക്കാണ്. ബഹുജനദൃശ്യമാധ്യമങ്ങളിൽ ഒരു പൂർണമായ കലാരൂപം എന്ന അംഗീകാരമുള്ളത് സിനിമയ്ക്കാണ്. മനുഷ്യജീവിതത്തെ അതിന്റെ സമഗ്രതയിൽ ചിത്രീകരിച്ച്, സാമൂഹിക സാഹചര്യങ്ങളെ പൂർണതയോടെ കാണിച്ചും കേൾപ്പിച്ചും കൊടുക്കുന്ന കലാരൂപമാണ് സിനിമ. ശതകോടികളുടെ വിപണിമേഖലയായി സിനിമരംഗം മാറിയിരിക്കുന്നു. സിനിമയുടെ വളർച്ചയ്ക്ക് നൂറ്റാണ്ടിന്റെ ചരിത്ര പശ്ചാത്തലമുണ്ട്.

ഒരു ഇരുണ്ട മുറിയിൽ ഇരിക്കുന്നു എന്ന് സങ്കൽപ്പിക്കുക. ഒരു പുതിയ സിനിമ ആരംഭിക്കുമ്പോൾ സ്ക്രീൻ പ്രകാശിക്കുന്നു. ഇത് ഒരു പുതിയ സാഹസികതയിലേക്ക് ചുവടുവെയ്ക്കുന്നതുപോലെയാണ്. പക്ഷേ, കാണുന്നതിലും വളരെ സങ്കീർണമാണ് സിനിമകൾ എങ്ങനെ പ്രവർത്തിക്കുന്നു എന്നതിന് പിന്നിലെ രഹസ്യങ്ങൾ. എല്ലാം കാണിക്കുന്ന വൈഡ് ഷോട്ടുകൾ മുതൽ ചെറിയ വിശദാംശങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ക്ലോസപ്പ് ഷോട്ടുകൾവരെ ആഴത്തിൽ മനസിലാക്കുക വഴിയേ സിനിമയുടെ വ്യാകരണം എന്തെന്ന് മനസിലാകുകയുള്ളൂ. ഒരു സിനിമയ്ക്ക് അതിന്റെ രൂപവും ശബ്ദവും ഉപയോഗിച്ച് എങ്ങനെയാണ് സന്തോഷമോ സങ്കടമോ ഭയമോ ഉണ്ടാക്കാൻ കഴിയുന്നതെന്ന് എപ്പോഴെങ്കിലും ശ്രദ്ധിച്ചിട്ടുണ്ടോ? അതാണ് ചലച്ചിത്രനിർമ്മാണ വ്യാകരണത്തിന്റെ മാന്ത്രികത. ഇതെല്ലാം എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് ലളിതമായ ഉദാഹരണങ്ങളും വിശദീകരണങ്ങളും വഴി മാത്രമേ മനസിലാകുകയുള്ളൂ. ഇത്തരം അറിവുകൾ ഗ്രഹിക്കുക വഴി പ്രേക്ഷകർക്ക് സിനിമകൾ തികച്ചും പുതിയരീതിയിൽ ആസ്വദിക്കുവാൻ കഴിയുന്നു.

ചലിക്കുന്ന ചിത്രത്തിൽ നിന്നാണു 'ചലച്ചിത്രം' എന്ന പേരു രൂപപ്പെട്ടത്. സംസാര ഭാഷയിൽ ചിത്രം, പടം മുതലായ വാക്കുകളും ചല ച്ചിത്രത്തെ സൂചിപ്പിക്കാനായി ഉപയോഗിക്കുന്നു. ഇംഗ്ലീഷ് വാക്കുകളായ ഫിലിം, മൂവി എന്നിവയും ഉപയോഗിക്കാറുണ്ട്. എന്നിരുന്നാലും 'സിനിമ' എന്ന ഇംഗ്ലീഷ് വാക്കാണ് ഏറ്റവും അധികമായി ഉപയോഗിക്കപ്പെടുന്നത്. ആയിരക്കണക്കിനു വർഷങ്ങൾക്കു മുൻപേ നിലവിൽ ഉണ്ടായിരുന്ന നാടകങ്ങൾക്കും ചലച്ചിത്രങ്ങൾക്ക് സമാനമായ കഥ, തിരക്കഥ, വസ്ത്രാലങ്കാരം, സംഗീതം, നിർമ്മാണം, സംവിധാനം, അഭിനേതാക്കൾ കാണികൾ തുടങ്ങിയവ ഉണ്ടായിരുന്നു. ചലച്ചിത്രങ്ങൾ അവ നിർമ്മിക്കപ്പെടുന്ന സമൂഹങ്ങളുടെ സാംസ്കാരിക പ്രതിഫലനമാണ്. അതുപോലെ തന്നെ അവ തിരിച്ചും സമൂഹത്തിൽ സ്വാധീനം ചെലുത്തുന്നു. ചലച്ചിത്രങ്ങളെ പ്രധാനപ്പെട്ട ഒരു കലാരൂപമായും ജനപ്രിയ വിനോദോപാധിയായും കണക്കാക്കപ്പെടുന്നു. വിദ്യാഭ്യാസ ആവശ്യങ്ങൾക്കും ആശയങ്ങളുടെയും ആദർശങ്ങളുടെയും വ്യാപനത്തിനും ഇവ ഉപയോഗിക്കുന്നു. ചലച്ചിത്രങ്ങളുടെ ദൃശ്യഭാഷ

അവയ്ക്ക് ഒരു സാർവ്വലൗകിക വിനിമയശക്തി നൽകുന്നു. പല ചലച്ചിത്രങ്ങളും മറ്റു ഭാഷകളിലേക്കു തർജമ ചെയ്തു അന്തർദേശീയതലത്തിൽ പ്രശസ്തമായിട്ടുണ്ട്.

സിനിമ ഒരു ദൃശ്യവിസ്മയമാണ്. അതിൽ പെഴ്സിസ്റ്റൻസ് ഓഫ് വിഷൻ (Persistence of vision) എന്നൊരു ദൃശ്യാനുഭവമുണ്ട്. നാം ഒരു ചിത്രം കണ്ടുകഴിയുമ്പോൾ അതിന്റെ ഇമേജ് പതിനാറിലൊന്ന് സെക്കൻഡു സമയംകൂടി കണ്ണിൽ നിന്ന് മാഞ്ഞുപോകാതെ റെറ്റിനയിൽ തങ്ങി നിൽക്കും. നാമത് തിരിച്ചറിയുന്നില്ലെന്നേയുള്ളു. ഒറ്റയൊറ്റയായ ഫോട്ടോഗ്രാഫുകളാണ് ചലച്ചിത്രമായി നാം കാണുന്നത്. കൺമുന്നിലൂടെ ദൃശ്യങ്ങൾ വേഗത്തിൽ കടന്നുപോകുന്നതുകൊണ്ട് നമുക്കത് അനുഭവപ്പെടുന്നില്ല. നമുക്കത് ചലിക്കുന്ന അനുഭവമായി മാറുകയാണ്. 1824-ൽ പീറ്റർ മാർക്ക് റോജറ്റ് (Peter Mark Roget) ആണ് ഇത് കണ്ടെത്തിയത്.

1826-ലാണ് ജോസഫ് നിയപ്സ്(Joseph Niepce) ആദ്യത്തെ ബ്ലാക്ക് ആന്റ് വൈറ്റ് ചിത്രം പകർത്തിയെടുത്തത്. 1832-ൽ ജോസഫ് പ്ലേയ്റ്റോ (Joseph Plateau)യും ആസ്ട്രേലിയൻ പ്രൊഫസറായ സൈമണും(Simon Stampfer) ചേർന്ന് നിർമ്മിച്ച ഫെനക്കിസ്റ്റോസ്കോപ്പ് (phenakistoscope) ചലനച്ചിത്രങ്ങൾ കാണിച്ചു. 1870-ൽ ജോൺ വെസ്ലി ഹയറ്റ് (John Wesley Hyatt) സെല്ലുലോയ്ഡ് ഫോട്ടോഗ്രഫിക് ഫിലിം നിർമ്മിക്കുകയും പേറ്റന്റ് നേടുകയും ചെയ്തു. 1872-77-ൽ ബ്രിട്ടീഷ് അമേരിക്കൻ ഫോട്ടോഗ്രാഫറായ എഡ്വേഡ് മായ്ബ്രിഡ്ജ് (Eadweard Muybridge) 24 ക്യാമറകൾവച്ച് കുതിര ഓടുന്ന ചിത്രങ്ങൾ പകർത്തി. തുടർന്ന് സോപ്രാക്സികോ(zoopraxiscope)യിൽ ഒറ്റ ദൃശ്യംപോലെയാണ് കുതിരയുടെ ഓട്ടം കാണിച്ചത്. 1882-ൽ ഫ്രഞ്ചുകാരനായ ജൂൾസ് മരെ(Etienne Jules Marey) ഒരു ഫോട്ടോഗ്രഫിക് ഗൺ, ക്യാമറയിൽ പിടിപ്പിച്ച് ഷൂട്ടുചെയ്തുകൊണ്ട് ചലനചിത്രങ്ങൾ പകർത്തി. ഫിലിംഷൂട്ടിംഗ് എന്ന വാക്കിന്റെ പിറവി അങ്ങനെയാണ് ഉണ്ടായത്.

1888-ൽ ലൂയി പ്രിൻസ് പ്രദർശിപ്പിച്ച 'Roundhay Garden Scene' ആദ്യ മൂവിയായി കരുതപ്പെടുന്നു. 1889-ൽ ജോർജ്ജ് ഈസ്റ്റ്മാൻ സെല്ലുലോയ്ഡ് റോൾഫിലിം നിർമ്മിച്ച് വിതരണം ചെയ്തു. ചലച്ചിത്ര നിർമ്മാണത്തിൽ അത് വലിയ മാറ്റം കുറിച്ചു. 1877-ൽ സ്വനഗ്രാഹിയന്ത്രം കണ്ടുപിടിച്ച തോമസ് ആൽവ എഡിസന്റെ കമ്പനിയിൽ ജോലിചെയ്തിരുന്ന വില്യം ഡിക്സൻ 1888-ൽ മേബ്രിജിന്റെയും മാരെയുടെയും കണ്ടെത്തലുകളെ സംയോജിപ്പിച്ച് ഈസ്റ്റ്മാന്റെ ഫിലിംസ്ട്രിപ്പുകൾ വാങ്ങി എഡിസനോടൊപ്പം ചലനചിത്രങ്ങൾ പകർത്തുന്ന കിനറ്റോഗ്രാഫ് (kinetograph) എന്ന ക്യാമറയുണ്ടാക്കി. 1990-ൽ വില്യം ഡിക്സൻ ഒരു ചലനചിത്രം (Monkeyshines) കിനറ്റോഗ്രാഫിലൂടെ പ്രദർശിപ്പിച്ചു. ലോകമെങ്ങും പുതിയ മൂവിക്യാമറയ്ക്കുള്ള പരീക്ഷണങ്ങൾ അക്കാലത്ത് നടന്നിരുന്നു.

ഫ്രഞ്ചുകാരനായ ലൂയി പ്രിൻ(Louis Le Prince) സും, ഇംഗ്ലീഷുകാരനായ ഫ്രീസീ ഗ്രീനി(William Friese-Greene)നും മൂവിക്യാമറകളും പ്രൊജക്ടറുകളും, ക്യാമറയും പ്രൊജക്ടറും ചേർന്ന ഉപകരണങ്ങളും നിർമ്മിച്ചു. അവയ്ക്കും ചില പരിമിതികൾ ഉണ്ടായിരുന്നു. തുടർന്ന് 1891-ൽ എഡിസനും ഡിക്സനും ചേർന്ന് കെനറ്റോസ്കോപ് (Kinetoscope) നിർമ്മിച്ചു. അതിലൂടെ ചലിക്കുന്ന ചിത്രങ്ങൾ കണ്ട് പ്രേക്ഷകർ അത്ഭുതപ്പെട്ടു. 1893-ൽ ഡിക്സൻ ഒരു അഭിനയചിത്രം (Blacksmith Scene) കിനറ്റോഗ്രാഫിലൂടെ പ്രദർശിപ്പിച്ചു. അതേത്തുടർന്ന് ചലനചിത്രങ്ങൾ പ്രൊജക്ട്ചെയ്യാവുന്ന ഉപകരണങ്ങളുമെത്തി.

ഇന്ത്യയിൽ സിനിമാപ്രദർശനം

ലോകപ്രശസ്തരായ ലൂമിയർ സഹോദരന്മാരാണ് ആദ്യമായി ഇന്ത്യയിൽ സിനിമ പ്രദർശിപ്പിച്ചത്. അവർ പാരീസിൽ നിന്ന് സിനിമാ സാമഗ്രികൾ ബോംബെയിൽ കൊണ്ടുവന്നു. അവർ കൊച്ചുകൊച്ചു ചലച്ചിത്രങ്ങൾ ബോംബെയിലെ വാട്സൺ തിയേറ്ററിൽ കാണിച്ചത് 1896 ജൂലൈ 7-ാം തീയതിയാണ്. ചലിക്കുന്ന കുറെ ദൃശ്യങ്ങൾ - അതായിരുന്നു ആ സിനിമയുടെ ഉള്ളടക്കം. ചലിക്കുന്ന തീവണ്ടി, തീവണ്ടിയിൽ നിന്ന് ആളുകൾ ഇറങ്ങുന്നത്, ഫാക്ടറിയിൽ നിന്ന് തൊഴിലാളികൾ ജോലി കഴിഞ്ഞിറങ്ങുന്നത് - ഇതൊക്കെയായിരുന്നു ആ ദൃശ്യങ്ങൾ. ഒരു ചെറിയ 'സിനിമാപ്പെട്ടി'യിലൂടെ ആളുകൾക്ക് ഒളിഞ്ഞുനോക്കി പെട്ടിയുടെ മറ്റേ അറ്റത്തുള്ള ഒരു കണ്ണാടിസ്ക്രീനിൽ ചലിക്കുന്ന ചിത്രങ്ങൾ കണ്ടു.

ആദ്യമായി എന്തെങ്കിലുമൊരു കഥയെ ആസ്പദമാക്കി ഇന്ത്യയിൽ ചിത്രം നിർമ്മിച്ചത് ആർ.ജി. ടോർണേ(Torney), എൻ.ജി. ചിത്രേ (Chitre) എന്നിവരാണ്. അവരുടെ സിനിമാസംരംഭത്തിന്റെ പ്രഥമഫലമാണ് പുണ്ഡലിക്(Pundalik). മഹാരാഷ്ട്രയിലെ ഒരു പുണ്യാത്മാവിന്റെ ജീവിതത്തിൽനിന്ന് അടർത്തിയെടുത്ത ചില ഘടനകൾ കൂട്ടിയിണക്കിയാണ് ആദ്യത്തെ ആ നിശ്ശബ്ദചിത്രം അവർ നിർമ്മിച്ചത്. അത് നടന്നത് 1912-ലാണ്

അടുത്ത ചിത്രം 'രാജാ ഹരിശ്ചന്ദ്ര' ആണ്. ഇന്ത്യൻ സിനിമയുടെ ആദ്യകാലശിൽപ്പികളിൽ ഒരാളെന്നും, ഇന്ത്യൻ സിനിമയുടെ പിതാവെന്നും വിളിക്കുന്ന ധണ്ഡിരാജ് ഗോവിന്ദ് ഫാൽക്കേ(D.G. Phalke) ആണ് 1913-ൽ ഈ ചിത്രം നിർമ്മിച്ചത്. 1934 വരെ നിശബ്ദ ചിത്രങ്ങൾ ഇന്ത്യയിൽ നിർമ്മിച്ചിരുന്നെങ്കിലും ആദ്യത്തെ ശബ്ദസിനിമ(talkie) 1931-ൽ തന്നെ ഇറങ്ങി; ആർദെഷീർ ഇറാനി (Ardeshir Irani) യുടെ 'അലം അറാ' (Alam Ara) ആയിരുന്നു അത്.

ലൂമിയർ സഹോദരൻമാർ

ആദ്യകാല സിനിമയ്ക്ക് കാര്യമായ സംഭാവനകൾ നൽകിയ കണ്ടുപിടുത്തക്കാരും സംരംഭകരുമായിരുന്നു ലൂമിയർ സഹോദരന്മാർ. അഗസ്റ്റെ ലൂമിയർ (18621954), ലൂയിസ് ലൂമിയർ (1864 1948) എന്നിവരെയാണ് ലൂമിയർ സഹോദരന്മാർ എന്ന് അറിയപ്പെടുന്നത്. ഇവർ ഫ്രാൻസിലെ ബെസാൻ കോണിലാണ് ജനിച്ചത്. അവരുടെ പിതാവ് അന്റോയിൻ ലൂമിയർ ഒരു പ്രമുഖ ഫോട്ടോഗ്രാഫറും ഫോട്ടോഗ്രാഫിക് ഉപകരണങ്ങളുടെ നിർമ്മാതാവുമായിരുന്നു. 1895-ൽ അവർ സിനിമാറ്റോഗ്രാഫി, ഒരു മോഷൻ പിക്ചർ ക്യാമറ, പ്രൊജക്ടർ കോമ്പിനേഷൻ എന്നിവയുടെ പേറ്റന്റ് നേടി. ആദ്യകാല ഉപകരണങ്ങളിൽ നിന്ന് വ്യത്യസ്തമായി, ഛായാഗ്രഹണം പോർട്ടബിൾ ആയിരുന്നു, ഭാരം കുറഞ്ഞതും സിനിമകൾ റെക്കോർഡ് ചെയ്യാനും പ്രൊജക്റ്റ് ചെയ്യാനും കഴിവുള്ളതുമായിരുന്നു.

ഫോട്ടോഗ്രാഫർമാർക്ക് പുതിയ തലത്തിലുള്ള സൗകര്യം പ്രദാനം ചെയ്യുന്ന 'ഡ്രൈ' ഫോട്ടോഗ്രാഫിക് പ്ലേറ്റ് നിർമ്മിക്കുകയായിരുന്നു അവരുടെ പ്രാരംഭ ബിസിനസ്സ് വിജയം. സഹോദരങ്ങൾ പിന്നീട് കളർ ഫോട്ടോഗ്രാഫിയിൽ പ്രായോഗികമല്ലാത്ത പരീക്ഷണങ്ങളിലേക്ക് തിരിഞ്ഞു, ഓട്ടോക്രോം പ്രക്രിയ എന്നറിയപ്പെടുന്ന കൂടുതൽ പരിഷ്കൃതവും എന്നാൽ ചെലവേറിയതുമായ ഒരു രീതി നിർമ്മിച്ചു. എന്നിരുന്നാലും, ലൂമിയറസിന്റെ നേട്ടങ്ങളിൽ ഏറ്റവും അറിയപ്പെടുന്നത് പ്രൊജക്റ്റ് ചെയ്ത ചലന ചിത്രങ്ങളുടെ സിനിമാറ്റോഗ്രാഫ് സംവിധാനമാണ്.

1895 ഡിസംബർ 28-ന് പാരീസിലെ ഗ്രാൻഡ് കഫേയിൽ ലൂമിയർ സഹോദരന്മാർ സിനിമാറ്റോഗ്രാഫ് ഉപയോഗിച്ചുള്ള ലോകത്തിലെ ആദ്യത്തെ പൊതുപ്രദർശനം നടത്തി. 'വർക്കേഴ്സ് ലീവിംഗ് ദി ലൂമിയർ ഫാക്ടറ', 'ദ അറൈവൽ ഓഫ് എ ട്രെയിൻ അറ്റ് ലാസിയോട്ടാറ്റ്', 'എക്സിറ്റിംഗ് ദി ഫാക്ടറി' തുടങ്ങിയ ഹ്രസ്വചിത്രങ്ങൾ പരിപാടിയിൽ ഉൾ പ്പെടുത്തിയിരുന്നു. ലൂമിയർ സഹോദരന്മാരുടെ കണ്ടുപിടുത്തം പെട്ടെന്ന് ജനപ്രീതി നേടുകയും ചലച്ചിത്ര വ്യവസായത്തിന്റെ വളർച്ചയ്ക്ക് കാരണമാവുകയും ചെയ്തു. സിനിമാറ്റോഗ്രാഫ് ഉപകരണങ്ങളും ഫിലിമുകളും നിർമ്മിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമായി അവർ സൊസൈറ്റ് ലൂമിയർ (ലൂമിയർ കമ്പനി സ്ഥാപിച്ചു. അവരുടെ പ്രദർശനങ്ങൾ ലോകമെമ്പാടുമുള്ള പ്രേക്ഷകരെ ആകർഷിക്കുകയും സിനിമയുടെ സാധ്യതകൾ പര്യവേക്ഷണം ചെയ്യാൻ ചലച്ചിത്ര പ്രവർത്തകരെയും പ്രദർശകരെയും പ്രചോദിപ്പിക്കുകയും ചെയ്തു.

സെല്ലുലോയിഡിന്റെ കണ്ടുപിടിത്തവും ജയിൽവാസവും

ചലച്ചിത്രത്തിന്റെ ആവിർഭാവവുമായി ബന്ധപ്പെട്ട സുപ്രധാനമായ ഒരു നാമധേയമാണ് ഫീസ് ഗ്രീൻ. സിനിമയുടെ അടിസ്ഥാന ഘടകമായ സാങ്കേതികവിദ്യ കണ്ടുപിടിച്ച ശാസ്ത്രജ്ഞനാണ് അദ്ദേഹം. 1885-ൽ ഇംഗ്ലണ്ടിൽ ജനിച്ച വില്യം ഫീസ് ഗ്രീൻ ആണ് സെല്ലുലോയ്ഡ് എന്ന വസ്തു കണ്ടുപിടിച്ചത്. വിവിധ തരത്തിലുള്ള പരീക്ഷണങ്ങൾ നടത്തിയ ഫീസ് ഗ്രീൻ കടംകയറി നശിക്കുകയായിരുന്നു. 1888-ൽ ഫീസ് ഗ്രീൻ ചലിക്കുന്ന ക്യാമറയുടെ ആദ്യരൂപം കണ്ടുപിടിച്ചു. തുടർന്ന് 1889-ൽ എഞ്ചിനീയറായ മോർട്ടിഫർ ഇവാൻസുമായി സഹകരിച്ച് ഒരു മോഷൻ പിക്ചർ ക്യാമറയ്ക്ക് രൂപം നൽകി. ഗ്രീൻ ഒരു പ്രൊഫഷണൽ ഫോട്ടോഗ്രാഫർ ആയിരുന്നു. 1881-1891 കാലഘട്ടത്തിൽ അദ്ദേഹം ക്യാമറകളുടെ ഒരു പരമ്പര തന്നെ കണ്ടെത്തുകയും സാങ്കേതിക വിദഗ്ധരെ ഞെട്ടിക്കുകയും ചെയ്ത പ്രതിഭയാണ്. ആദ്യമായി ലണ്ടൻ നഗരത്തിലാണ് ഗ്രീൻ ചലിക്കുന്ന ചിത്രങ്ങളുടെ ദൃശ്യങ്ങൾ പകർത്തിയത്. അച്ചടിയുമായി ബന്ധപ്പെട്ട നിരവധി കണ്ടെത്തലുകളും അദ്ദേഹത്തിന്റേതായിട്ടുണ്ട്. ഫോട്ടോ ടൈപ്പ് സെറ്റിംഗ്, മഷി ഇല്ലാതെ അച്ചടിക്കുന്ന വിദ്യ തുടങ്ങിയവയായിരുന്നു അദ്ദേഹത്തിന്റെ കണ്ടുപിടിത്തങ്ങൾ. 1876-ൽ അദ്ദേഹം സ്വന്തമായി ഒരു സ്റ്റുഡിയോ സ്ഥാപിച്ചിരുന്നു. ഏതാനും വർഷങ്ങൾ ഫോട്ടോഗ്രഫിയിൽ പരിശീലനം നേടി. റെഡ്ജ് എന്ന ശാസ്ത്രീയ ഉപകരണ നിർമ്മാതാവ് ബയോഫാന്റിക് റാന്തൽ കണ്ടുപിടിച്ചു. റഡ്ജ് വൈദ്യുതിയും മാന്ത്രിക വിളക്കുകളും ഉപയോഗിച്ച് വിവിധ പരീക്ഷണങ്ങൾ നടത്തി വരികയായിരുന്നു. ചലനത്തിന്റെ മിഥ്യാ ബോധം സൃഷ്ടിച്ചു കൊണ്ട് അദ്ദേഹം ഏഴ് ഫോട്ടോ സ്ലൈഡുകൾ ദ്രുതഗതിയിൽ ചലിപ്പിച്ച് പ്രദർശിപ്പിക്കാൻ കഴിയുന്ന ബയോ ഫാന്റിക് ലാന്റേൺ നിർമ്മിച്ചു. ഫീസ് ഗ്രീൻ ഈ മെഷീനിൽ ആകൃഷ്ടനാവുകയും വിവിധ ഉപകരണ നിർമ്മാണങ്ങൾ റഡ്ജുമായി ചേർന്ന് പരീക്ഷിക്കുകയും ചെയ്തു. 1885-ൽ ഗ്രീൻ ഈസ്റ്റ് മാൻ പേപ്പർ റോൾ ഫിലിമിന്റെ പരീക്ഷണങ്ങൾ ആരംഭിച്ചു. 1888-ൽ ആദ്യത്തെ ചലിക്കുന്ന ക്യാമറ നിർമ്മിച്ചു. ഒരു എഞ്ചിനീയറുമായി ചേർന്ന് അദ്ദേഹം മോഷൻ പിക്ചർ ക്യാമറയ്ക്ക് രൂപം നൽകി. 1890-ൽ ഇതിന്റെ വിശദാംശങ്ങൾ പ്രശസ്ത ശാസ്ത്രജ്ഞനായ തോമസ് ആൽവാ എഡിസന് അയച്ചു. കണ്ടുപിടിത്തങ്ങളുടെ പരമ്പരകളിൽ കുടുങ്ങിപ്പോയ ഫീസ് ഗ്രീൻ സാമ്പത്തികമായി തകർന്നു. നിധിപോലെ കരുതിയിരുന്ന മൂവിക്യാമറയും വേക്കൻസി വ്യവസായികൾക്ക് വിറ്റു. കടം കയറി ഗ്രീൻ ജയിലിലാവുകയും ചെയ്തു.

സിനിമയുടെ ചരിത്രത്തിലെ അടുത്ത വികാസം വർണചിത്രങ്ങളുടെ രംഗപ്രവേശമായിരുന്നു. ശബ്ദത്തെപ്പോലെ വർണത്തെയും ഫിലിമിൽ ഉൾപ്പെടുത്താനുള്ള ഉദ്യമങ്ങൾ വളരെ നേരത്തെ തുടങ്ങിയിരുന്നു. ശബ്ദത്തിന്റെ കടന്നുവരവിനെ വളരെ വേഗത്തിൽ സിനിമാസ്വാദകർ അംഗീകരിച്ചെങ്കിലും വർണ്ണത്തിന്റെ സ്വാംശീകരണം വളരെ സാവധാനത്തിലായിരുന്നു. ഓരോ ഫ്രെയിമുകളിലും കൈ കൊണ്ട് വ്യത്യസ്ത നിറങ്ങൾ കൊടുക്കുന്ന രീതിയാണ് ആദ്യം പ്രയോഗത്തിൽ വന്നത്. 1896-ൽ പുറത്തിറങ്ങിയ ഇത്തരം വർണ്ണചിത്രങ്ങൾ സിനിമാവ്യവസായത്തെ വീണ്ടും വളർത്തി. 35 മി.മീറ്റർ വലിപ്പമുള്ള ദശലക്ഷക്കണക്കിനുള്ള ഫ്രെയിമുകളെ ക്രമം തെറ്റാതെ കൈ കൊണ്ട് നിറം കൊടുക്കാൻ മൂന്നു മുതൽ ആറുമാസം വരെ സമയം അന്നു വേണ്ടി വന്നു. പ്രത്യേക പരിശീലനം നേടിയ സ്ത്രീകളാണ് അന്ന് അതീവ ശ്രദ്ധവേണ്ടുന്ന ഈ ജോലി ചെയ്തിരുന്നത്. ആറു വ്യത്യസ്ത വർണങ്ങൾവരെ ഓരോ ഫ്രെയിമിനും നിറം കൊടുക്കാനായി അന്ന് ഉപയോഗിച്ചിരുന്നു. ഹ്രസ്വചിത്രങ്ങളിൽ മാത്രമായി ഒതുങ്ങിനിന്ന ഈ കൈക്രിയകളെ യന്ത്രവത്കരിക്കാനുള്ള ശ്രമമാണ് പിന്നീടു നടന്നത്. 1930-ൽ ഫ്രെയിമുകൾക്ക് നിറം കൊടുക്കാവുന്ന യന്ത്രം പുറത്തുവന്നു. ആറു തവണ വീതം ഓരോ ഫ്രെയിമിനും നിറം കൊടുക്കാവുന്ന പാത്തേ കളർ (pathe colour) മെഷീൻ പ്രചാരത്തിലായെങ്കിലും ഫിലിമിൽ ശബ്ദത്തിന്റെ സങ്ക

ലനം വീണ്ടും പ്രശ്നങ്ങൾ സൃഷ്ടിച്ചു. മെഷീൻ പകർത്തുന്ന നിറങ്ങൾ ശബ്ദം രേഖപ്പെടുത്തുന്ന സ്ഥലത്തേക്കുകടന്ന് ശബ്ദവൈകല്യങ്ങൾ ഉണ്ടാക്കാൻ തുടങ്ങി. അതോടെ സൗണ്ട് ട്രാക്കിലേക്ക് കടന്നുകയറാത്ത വിധത്തിൽ വർണലേപനങ്ങളെ നിയന്ത്രിക്കാനുള്ള ശ്രമത്തിലേക്ക് തിരിഞ്ഞു.

1895-ൽ കൈ കൊണ്ട് നിറംപിടിപ്പിച്ച ഡിക്സന്റെ ആദ്യകളർമൂവി (Annabelle Serpentine Dance) വന്നു. കെനിറ്റോസ്കോപിന് പേറ്റന്റ് ഇല്ലാതിരുന്നതുകൊണ്ട് ചിലർ അതിൽ പരീക്ഷണങ്ങൾ നടത്തി പുതിയവ വികസിപ്പിച്ചെടുത്തു. അങ്ങനെ ക്യാമറയും പ്രിന്ററും പ്രൊജക്ടറും ചേർന്ന ഉപകരണങ്ങൾ ലൂമിയർ സഹോദരന്മാർ (Lumiere brothers- Auguste and Louis) നിർമ്മിച്ചു. 453 കിലോ ഭാരമുണ്ടായിരുന്നു അവരുടെ സിനിമറ്റോഗ്രാഫിന് (cinematographe). 1895-ൽ ഡോക്യുമെന്ററി പോലുള്ള ചിത്രങ്ങൾ അവർ നിർമ്മിച്ച് പല രാജ്യങ്ങളിലും പ്രദർശിപ്പിച്ചു.

ക്യാമറയും പ്രിന്ററും പ്രൊജക്ടറും ചേർന്ന ഉപകരണങ്ങൾ ലൂമിയർ സഹോദരന്മാർ നിർമ്മിച്ചു. 1895 ഡിസംബർ 28ന് പാരീസിലെ ഗ്രാന്റ് കഫേയിൽ ആദ്യ ചലച്ചിത്ര പ്രദർശനം നടത്തി.

സിനിമയുടെ പാത കുറേശ്ശെയായി വളരുകയായിരുന്നു. വിവരണങ്ങളും സൗണ്ട് ഇഫക്ടുകളും സംഗീതവുമെല്ലാമായി സിനിമ ക്രമേണ വളർന്നു. ഫ്രഞ്ചുകാരനായ ജോർജസ് മിലിയേ (Georges Melies) ആണ് ആദ്യമായി മായിക സാധ്യതകൾ പരീക്ഷിക്കാൻ എഡിറ്റിംഗ് ഉപയോഗിച്ചത്. മജീഷ്യനായിരുന്ന അദ്ദേഹം കാഴ്ചക്കാർക്ക് ഭ്രമാത്മകതയുടെയും മാജിക്കിന്റെയും അന്തരീക്ഷം നൽകാനാണ് അത് ചെയ്തത്. നാടകീയമായി ഒന്നിലധികം സീനുകളെ കലാപരമായി കൂട്ടിയിണക്കി മിലിയേ ലഘുചലച്ചിത്രങ്ങൾ നിർമ്മിച്ചു. 1899-ലെയും (The Dreyfus Affair), 1902-ലെയും (A Trip to the Moon) ചലച്ചിത്രങ്ങൾ ഉദാഹരണങ്ങളാണ്.

ജോർജസ് മിലിയേ ആണ് മായികസാധ്യതകൾ പരീക്ഷിക്കാൻ ആദ്യം ചലച്ചിത്രത്തിൽ എഡിറ്റിംഗ് ഉപയോഗിച്ചത്. കാഴ്ചക്കാർക്ക് ഭ്രമാത്മകതയുടെയും മാജിക്കിന്റെയും അന്തരീക്ഷം നൽകാനാണ് ഒന്നിലധികം സീനുകളെ കൂട്ടിയിണക്കി എഡിറ്റിംഗ് നടത്തിയത്.

ജൂൾസ് വേണിന്റെ (Jules Verne) നോവലിനെ മുൻനിർത്തിയുള്ള അനുവർത്തനമായിരുന്നു എ ട്രിപ് ടു ദ മൂൺ എന്ന ചലച്ചിത്രം. ആദ്യ സയൻസ് ഫിക്ഷനും, ഭൂമിയ്ക്കപ്പുറമുള്ള ഒരു ലോകത്തിന്റെ ആദ്യകഥ പറയുന്ന സിനിമയും കൂടിയാണത്. അതിനുകിട്ടിയ പ്രശസ്തിയും വിജയവും ചലച്ചിത്രലോകത്ത് ചില മുൻനിര സിനിമ കമ്പനികൾ ആരംഭിക്കാനിടയാക്കി. പലരും നോവലുകളെ മുൻനിർത്തി പിന്നീട് ചലച്ചിത്രങ്ങൾ നിർമ്മിച്ചു.

എഞ്ചിനീയറായിരുന്ന എഡ്വിൻ എസ്. പോർട്ടർ (Edwin S Porter) എഡിസന്റെ കമ്പനിയിൽ ചേരുകയും ഡയറക്ടറും ക്യാമറാമാനുമായിരുന്നുകൊണ്ട് ഏതാനും ലഘുസിനിമകൾ നിർമ്മിക്കയുംചെയ്തു. തുടർച്ചയായി കഥ പറയുന്ന രീതി താൻ മനസിലാക്കിയത് മിലിയേയുടെ ചലച്ചിത്രങ്ങളിൽ നിന്നാണെന്ന് പോർട്ടർ പില്ക്കാലത്ത് പറഞ്ഞിട്ടുണ്ട്. പോർട്ടറുടെ മികച്ച ചലച്ചിത്രമായി നിലനിൽക്കുന്നത് 1903-ലെ ഗ്രേറ്റ് ട്രെയിൻ റോബറി (The Great Train Robbery) എന്ന ആദ്യ പാശ്ചാത്യ സിനിമയാണ്. പാരലൽ എഡിറ്റിംഗ് പരീക്ഷിക്കപ്പെട്ടതും, ക്യാമറാപാനിംഗ് ഷോട്ടുകൾ അവതരിപ്പിച്ചതും ഈ സിനിമയിലായിരുന്നു. തുടർന്നുവന്ന അങ്കിൾ ടോംസ് കാബിനിൽ (Uncle Tom's Cabin) എഡിറ്റിംഗിലെ ഓവർലാപ്പിംഗ് സങ്കേതം പരീക്ഷിച്ചിരുന്നു. 1909-ൽ അദ്ദേഹം എഡിസന്റെ കമ്പനിയിലെ ജോലി ഉപേക്ഷിച്ചു.

പിൽക്കാലത്ത് ഫിലിം ടെക്നിക്കുകളുടെ പിതാവെന്ന് (the father of film technique) അറിയപ്പെട്ട കാല്പനിക കലാകാരനായി വിശേഷിപ്പിക്കപ്പെടുന്ന ഗ്രിഫിത്തിന്റെ (D.W. Griffith) കടന്നുവരവോടെ സിനിമയുടെ ചരിത്രത്തിന് പുതിയൊരു വാതിൽ തുറക്കുകയായിരുന്നു. അദ്ദേഹം ചലച്ചിത്രമാധ്യമത്തെ യാഥാർഥ്യബോധത്തോടെ സമീപിച്ചു. ക്ലോസപ്പ്, ഫ്ളാഷ് ബാക്ക്, ക്രോസ് കട്ടിംഗ് എന്നിവയിലൂടെ ക്രിയാത്മകമായ എഡിറ്റിംഗ് സാധ്യമാക്കി. 1915-ൽ അദ്ദേഹം നിർമ്മിച്ച ദ ബർത്ത് ഓഫ് എ നേഷൻ (The Birth of a Nation) എന്ന ചലച്ചിത്രം ഹോളിവുഡിൽ അന്നത്തെ ഉയർന്ന മുതൽമുടക്കിലാണ് നിർമ്മിച്ചത്. 1996-ൽ നിർമ്മിച്ച ഇൻടോളറൻസും (Intolerance) ഇന്നും എപ്പിക് സിനിമകളുടെ

ആദ്യകാല മികച്ച മാതൃകകളായി നിലനിൽക്കുന്നു. അമേരിക്കൻ ആഭ്യന്തരയുദ്ധമായിരുന്നു ദ ബർത്ത് ഓഫ് എ നേഷന്റെ പശ്ചാത്തലകഥ. 1917-ൽ ആദ്യ കളർ സിനിമ (The Gulf Between) പ്രദർശനത്തിനെത്തി.

1919-ൽ റോബർട്ട് വീനിന്റെ (Robert Wiene) പ്രദർശനത്തിനെത്തിയ ദി ക്യാബിനറ്റ് ഓഫ് ഡോക്ടർ കാലിഗരി (The Cabinet of Dr. Caligari) ഒരു ട്വിസ്റ്റിൽ അവസാനിക്കുന്ന ശ്രദ്ധേയമായ സിനിമയായിരുന്നു. ഡോക്ടർ കാലിഗരി എന്ന ഹിപ്നോട്ടിസ്റ്റിന്റെ ക്രൂരതയുടെ കഥപറയുന്ന ഈ സിനിമ എക്സ്പ്രഷനിസ്റ്റ് ശൈലിയിലെ ആവിഷ്ക്കാരമാണ്. 1922-ൽ ഹോളിവുഡിലെ ആദ്യ കളർസിനിമ (The Toll of the Sea) പ്രദർശനത്തിനെത്തി. ഫ്രഞ്ചുസിനിമകൾ അക്കാലത്ത് മനുഷ്യന്റെയും പ്രകൃതിയുടെയും യഥാതഥമായ കഥപറഞ്ഞുതുടങ്ങിയിരുന്നു.

റഷ്യയിലുണ്ടായ ഒക്ടോബർ വിപ്ലവം അവർക്ക് വിദേശസിനിമകളെ തിരസ്ക്കരിക്കേണ്ടുന്ന ഒരു സാഹചര്യമൊരുക്കി. അതിനാൽ അവർക്ക് സിനിമയിൽ പുതിയ പരീക്ഷണങ്ങൾ നടത്തേണ്ടിവന്നു. അവർക്ക് പുതിയ ഫിലിം കിട്ടാതെവന്നു. അപ്പോൾ പഴയ സിനിമകളിലെ ഷോട്ടുകൾ മുറിച്ചെടുത്ത് അവ കലാപരമായി കൂട്ടിയിണക്കി പുതിയ ദൃശ്യസാധ്യതകളുണ്ടാക്കി. എഡിറ്റിംഗ് സങ്കേതമായി അറിയപ്പെടുന്ന മൊണ്ടാഷ് (Montage) ഇത്തരത്തിൽ കണ്ടെത്തിയതാണ്. നിശ്ശബ്ദ സിനിമകളിൽ അർത്ഥമോ ധ്വന്യാർത്ഥമോ നിർമ്മിച്ചിരുന്നത് മൊണ്ടാഷ് രീതിയിലായിരുന്നു. ദൈർഘ്യംകുറഞ്ഞ ഷോട്ടുകൾക്ക് പൊതുവേ അർത്ഥം കുറവായിരിക്കും. അത്തരം വ്യത്യസ്ത ഷോട്ടുകൾ കൂട്ടിയോജിപ്പിക്കുമ്പോൾ പുതിയ ആശയങ്ങൾ ഉണ്ടാവുന്നു എന്ന കണ്ടെത്തലാണ് മൊണ്ടാഷ് എന്നറിയപ്പെടുന്നത്. സിനിമയിലെ സന്നിവേശതലത്തിലാണ് ഈ രീതിയ്ക്ക് പ്രാധാന്യമുള്ളത്. മൊണ്ടാഷിനെ സിദ്ധാന്തതലത്തിലേക്കുയർത്തിയത് 1920-കളിൽ റഷ്യൻ ചലച്ചിത്രകാരന്മാരായിരുന്ന ഐസൻസ്റ്റൈനും സെവ്ലോദ് പുഡോവ്കിനും ലെവ് കുളെഷോവും സിഗാവെർട്ടോവുമാണ്.

ലെവ് കുളഷോവ് (Lev Kuleshov), സെർജി ഐസൻസ്റ്റെൻ(Sergei Eisenstein) പുഡോവ്കിൻ (Vsevolod Pudovkin) എന്നിവർ റഷ്യയിലെ ആദ്യകാല സിനിമയിലെ മുൻനിരക്കാരാണ്. ഐസൻസ്റ്റെന്റെ മികച്ച സിനിമ 1925-ലെ ബാറ്റിൽഷിപ്പ് പോട്ടെംകിൻ (Battleship Potemkin) ആണ്. അതിലെ ഒഡേസാ പടവുകളിലെ ചിത്രീകരണങ്ങൾ മുൻപൊരിക്കലും ചലച്ചിത്രലോകത്തിന് പരിചിതമല്ലാത്തവിധം ഗംഭീരവും മനോഹരവുമായിരുന്നു.

പുഡോവ്കിനെ പ്രശസ്തനാക്കിയത് 1926-ൽ പ്രദർശനത്തിനെത്തിച്ച മദർ എന്ന സിനിമയാണ്. സിഗാവെർട്ടോവി(Dziga Vertov)ന്റെ പ്രശസ്തമായ സിനിമയാണ് ‘Man with a Movie Camera’. 1926-ൽ സംഭാഷണങ്ങളില്ലാത്ത ആദ്യ ശബ്ദസിനിമ (Don Juan) പ്രദർശനത്തിനെത്തി. 1927-ൽ കുറച്ചു സംഭാഷണം റെക്കോഡ് ചെയ്ത ആദ്യ ശബ്ദ സിനിമ (The Jazz Singer) പ്രദർശനത്തിനെത്തി. 1928-ൽ പൂർണ്ണസംഭാഷണമുള്ള ആദ്യത്തെ ശബ്ദസിനിമ (Lights of New York) പ്രദർശനത്തിനെത്തി. 1929 മുതൽ മികച്ച സിനിമകൾക്ക് അക്കാദമി അവാർഡുകൾ നല്കാൻ തുടങ്ങി.

അനിമേഷൻ സിനിമകൾ

കാർട്ടൂൺ രൂപങ്ങളെയും രേഖാചിത്രങ്ങളെയും നിശ്ചലരൂപങ്ങളെയുമൊക്കെ ചലിക്കുന്ന രൂപങ്ങളാക്കി മാറ്റി അവയിലൂടെ കഥയും ആശയവും സംവേദനം ചെയ്യുന്ന സിനിമകളാണ് അനിമേഷൻ സിനിമകൾ. സിനിമകളുടെ ഉരുത്തിരിയലിനും വളരെ മുമ്പ് കാർട്ടൂൺ ചിത്രങ്ങൾ ചലിക്കുന്ന രൂപങ്ങളായി പ്രത്യക്ഷപ്പെട്ടു തുടങ്ങിയിരുന്നു. ആദ്യകാലത്തെ ദൃശ്യോപകരണങ്ങളായിരുന്ന സോട്രോപ്പിലും, ഫിനാകിറ്റോസ്കോപ്പിലും (Zoetrope, Phinakito scope) കാർട്ടൂൺ ചിത്രങ്ങൾ ധാരാളമായി ഉപയോഗിച്ചിരുന്നു. ഫ്രാൻസിലെ പ്രമുഖ കാർട്ടൂൺ ചിത്രകാരനും ഫോട്ടോഗ്രാഫറുമായിരുന്ന കോൾ (Emile Cohl) നിർമ്മിച്ച കാർട്ടൂണുകൾക്ക് ലഭിച്ച ജനപ്രീതി കാർട്ടൂൻ സിനിമകളുടെ പ്രവാഹത്തിന് ഊർജം പകർന്നു.

രേഖാ ചിത്രങ്ങളായിരുന്നു കോളിന്റെ കാർട്ടൂൺ സിനിമകൾ. തുടർന്ന് അവ ത്രിമാനരൂപങ്ങളായി മാറി. ചലനത്തിന്റെ വിവിധഭാഗങ്ങൾ ഉൾപ്പെടുത്തി ശ്രദ്ധാപൂർവം വരച്ചെടുക്കുന്ന ചിത്രങ്ങളെ സെക്കന്റിൽ പതിനാറു ഫ്രെയിം

എന്ന കണക്കിൽ പകർത്തിയാണ് ചലിക്കുന്ന രൂപത്തിൽ പ്രദർശിപ്പിച്ചിരുന്നത്. അമേരിക്കൻ ചിത്രകാരൻമാരായ ഹാർഡും ബാരിയും (Earl Hard, J.R. Bary) സുതാര്യമായ സെല്ലുലോസ് ഷീറ്റുകളിൽ ചിത്രം വരച്ച് ഒന്നൊന്നായി മുകളിൽ അടുക്കിവെച്ച് ചിത്രീകരിക്കാവുന്ന പുതിയ സങ്കേതം പ്രാവർത്തികമാക്കി. അതോടെ കാർട്ടൂൺ ചിത്രനിർമ്മാണം ചെലവുകുറഞ്ഞതായി. ഡിസ്നി (Walt Dinsey) യുടെ കടന്നുവരവോടെയാണ് അനിമേഷൻ സിനിമാരംഗത്ത് വിപ്ലവകരമായ ഉണർവ് സാധ്യമാകുന്നത്. 1921-ൽ 'ലാഫ് ഓഗ്രാംസ്' എന്ന അനിമേഷൻ സിനിമയുമായാണ് ഡിസ്നി അരങ്ങേറ്റം കുറിച്ചത്. 1921 മുതൽ 40 വരെയുള്ള കാലയളവിൽ മിക്കിമൗസ്, ഡൊണാൾഡ് ഡക്ക് തുടങ്ങിയ കാർട്ടൂൺ കഥാപാത്രങ്ങളെ നായകൻമാരാക്കി അനേകം സിനിമകൾ നിർമ്മിച്ചുകൊണ്ട് അദ്ദേഹം അനിമേഷൻ സിനിമ രംഗത്ത് പുതിയൊരു ചരിത്രം കുറിച്ചു.

ആദ്യത്തെ ശബ്ദിക്കുന്ന കാർട്ടൂൺ സിനിമയും (സില്ലി സിംഫണി-1924) വർണത്തിലുള്ള കാർട്ടൂൺ സിനിമയും (ഫ്ളവർ ആന്റ് ട്രീസ് 1932) ഡിസ്നിയുടെ സൃഷ്ടികളായിരുന്നു. ബർബങ്കിൽ ഡിസ്നി സ്ഥാപിച്ച അനിമേഷൻ സ്റ്റുഡിയോയിൽ നിന്നും വർഷത്തിൽ ഒരു മുഴുനീള കാർട്ടൂൺ ഫിലിമും നാല്പത്തിയെട്ടോളം ഹ്രസ്വചിത്രങ്ങളും എന്ന കണക്കിൽ നിർമ്മിച്ച് പ്രദർശനത്തിനെത്തിച്ചുതുടങ്ങി. കാർട്ടൂൺ സിനിമകൾ ചിത്രീകരിക്കാൻ പ്രത്യേക അനിമേഷൻ ക്യാമറയും ഡിസ്നി ഉണ്ടാക്കി. കാർട്ടൂൺ സിനിമകളെ പ്രശസ്തിയുടെ ഉച്ചകോടിയിൽ കൊണ്ടെത്തിച്ച സാങ്കേതികത്തികവിനൊപ്പം ലോകപ്രശസ്തരായി മാറിയ ഒട്ടേറെ കാർട്ടൂൺ ചിത്ര സാങ്കേതിക വിദഗ്ദ്ധരെയും ഡിസ്നി അവതരിപ്പിച്ചു.

ചാർളി ചാപ്ലിൻ

ലോകത്തെ എക്കാലത്തെയും മികച്ച ചലച്ചിത്രപ്രതിഭയാണ് ചാൾസ് സ്പെൻസർ ചാപ്ലിൻ. നടൻ, തിരക്കഥാകൃത്ത്, സംവിധായകൻ, സംഗീതസംവിധായകൻ, നിർമ്മാതാവ്, സ്റ്റുഡിയോ ഉടമ എന്നിങ്ങനെ സിനിമയുടെ സമസ്ത മേഖലകളിലും നിറഞ്ഞുനിന്ന വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റെത്. സിനിമയെന്ന കലാരൂപത്തെ ഏറ്റവും ജനകീയമാക്കിയതിൽ ചാപ്ലിൻ വലിയ പങ്കു വഹിച്ചിട്ടുണ്ട്.

അഞ്ചു വയസ്സു മുതൽ അഭിനയിച്ചുതുടങ്ങിയ ചാർളി ചാപ്ലിൻ 80-ാം വയസ്സുവരെ അഭിനയരംഗത്തു തുടർന്നു. ചലച്ചിത്രകലയുടെ വികസ്വര കാലഘട്ടത്തിന്റെ പുലരിയിൽ തന്റെ സമസ്ത കഴിവുകളും കാഴ്ചവെച്ചു കൊണ്ട് നെടുനാൾ പിടിച്ചു നിൽക്കുവാൻ കഴിഞ്ഞുവെന്നതാണ് ചാർലി ചാപ്ലിന്റെ മഹത്തായ നേട്ടം. നാടകക്കാരും പാട്ടുകാരുമായിരുന്ന ചാൾസ് ചാപ്ലിന്റെയും ഹാനയുടെയും മകനായി 1889 ഏപ്രിൽ 16-ന് ഇംഗ്ലണ്ടിലെ വാൽവർത്തിൽ ചാപ്ലിൻ ജനിച്ചു. ദാരിദ്ര്യവും കഷ്ടപ്പാടുകളും നിറഞ്ഞ ചുറ്റുപാടിലായിരുന്നു ബാല്യകാലം. അച്ഛനുമമ്മയും തമ്മിൽ വേർപിരിഞ്ഞപ്പോൾ, ജീവിക്കാനായി ചെറുപ്പത്തിലേ സംഗീതശാലകളിലും നാടകക്കമ്പനികളിലും ചാപ്ലിൻ ജോലിയെടുത്തിട്ടുണ്ട്. എട്ടാമത്തെ വയസ്സിൽ 'ലങ്കാഷെയർ ലാഡ്സ്' എന്ന നാടകസംഘത്തിൽ ബാലനടനായി ചേർന്ന ചാപ്ലിൻ, കൗമാരത്തിലെത്തുമ്പോഴേക്കും പേരെടുത്ത ഹാസ്യനടനായി വളർന്നുകഴിഞ്ഞിരുന്നു. ജിം എന്ന നാടകത്തിലെ പ്രകടനം ചാപ്ലിനെ പ്രശസ്തനാക്കി. 1913-ൽ കാർണോ നൃത്തസംഘത്തോടൊപ്പം അമേരിക്കയിലെത്തിയ ചാപ്ലിൻ അവിടെയും പ്രശസ്തനായി. അവിടെ വെച്ച് മാക്ക് സെന്നറ്റിന്റെ Making a Living എന്ന സിനിമയിലൂടെ ചാപ്ലിൻ തന്റെ ചലച്ചിത്രജീവിതം തുടങ്ങി. 1914-ലെ കിഡ് ഓട്ടോ റേസസ് അറ്റ് വെനീസ് എന്ന ചിത്രത്തിലൂടെ ചാപ്ലിന്റെ അനശ്വരമായ Tramp എന്ന കോമാളിവേഷം സിനിമയിൽ

എത്തി. ഏപ്രിലിൽ ചാപ്ലിൻ സംവിധാനം നിർവഹിച്ച ആദ്യസിനിമ പുറത്തു വന്നു- Coatina Cabrera. 1919-ൽ സ്വന്തമായി 'United Artists' എന്ന ചലച്ചിത്രസ്ഥാപനം തുടങ്ങി. ക്രമേണ ചാർലി സിനിമാ സങ്കേതത്തിൽ സ്വന്തമായ ശൈലി കണ്ടെത്താൻ ശ്രമിച്ചു.'ഇരുപതുമിനിറ്റു നേരത്തെ പ്രണയം'അത്തരം ശൈലിയിലുള്ള ചിത്രമായിരുന്നു. "റ്റില്ലിയുടെ കാറ്റുപോയ പ്രേമം" (Tillie-'s Punctured romance) ഒരു മ്യൂസിക്കൽ കോമഡി ശൈലിയിലാണ് അദ്ദേഹം നിർമ്മിച്ചത്. എ വുമൺ ഓഫ് പാരീസ്, വൺ എ. എം. കാർമൻ, ദി ബാങ്ക്, ലാഫിങ് ഗ്യാസ്, ദി പ്രോപ്പർട്ടി മാൻ, ദി റൗണ്ടേഴ്സ്, ഇമ്മിഗ്രന്റ് തുടങ്ങി അനേകം ചിത്രങ്ങളിലൂടെ തികച്ചും സ്വതസ്സിദ്ധവും മൗലികവുമായ ശൈലി അദ്ദേഹം പാകപ്പെടുത്തി എടുത്തു. പൂർണ്ണതയ്ക്ക് വേണ്ടിയുള്ള അവിരാമമായ ഒരു തപസ്യയായിരുന്നു അത്. 'ദി കിഡ്' എന്ന വികാരസാന്ദ്രമായ ചിത്രമാണ് ചാപ്ലിൻ രൂപംകൊടുത്ത ആദ്യത്തെ മുഴുനീളൻ ഫീച്ചർ ഫിലിം.

അദ്ദേഹത്തിന്റെ മോഡേൺ ടൈംസ്, ദ ഗ്രേയ്റ്റ് ഡിക്റ്റേറ്റർ എന്നീ ചിത്രങ്ങൾ നിരോധിക്കപ്പെട്ടിരുന്നു. ഏ കൗണ്ട് ഫ്രം ഹോങ്കോങ് ആണ് അദ്ദേഹത്തിന്റെ അവസാന ചിത്രം.

സിനിമാ വ്യവസായം

ഗ്രാൻഡ് കഫേ പ്രദർശനത്തോടെ സിനിമ വൻ വ്യവസായവും വിനോദോപാധിയുമായി മാറി. സഞ്ചരിക്കുന്ന പ്രദർശന ശാലകളായിരുന്നു ആദ്യം. 1896 ആയതോടെ യൂറോപ്പിലും അമേരിക്കയിലും സിനിമ പ്രദർശിപ്പിക്കുന്ന ഹാളുകൾ നിലവിൽ വന്നു. ഫിലിം പ്രദർശനത്തിൽ ഒപ്പം വരേണ്ട ശബ്ദ-സംഗീതം ഇവ അവതരിപ്പിക്കുന്ന ഗായകസംഘങ്ങളും ഉപകരണങ്ങളും സ്ഥാനം പിടിച്ചു. തിരശ്ശീലയ്ക്കു മുന്നിൽ തീർത്ത കിടങ്ങിലായിരുന്നു അവരുടെ സ്ഥാനം. സംഭാഷണങ്ങളും കഥാഖ്യാനങ്ങളും ഹാൾ മുഴുവൻ കേൾക്കാവുന്ന ഒച്ചയിൽ വിളിച്ചുപറഞ്ഞുകൊണ്ടുള്ള പ്രദർശനങ്ങളായിരുന്നു അന്നത്തെ സിനിമകൾ. ഇതിന്റെ തുടർച്ചയായി വാക്കുകളെ ഫിലിമിൽ തന്നെ എഴുതിക്കാണിക്കുന്ന രീതി കടന്നുവന്നു. ഭാഷാന്തരീകരണം (subtitling) കൂടി പ്രാവർത്തികമായതോടെ ലോകത്തെവിടെയും ആ സിനിമകൾ പ്രദർശിപ്പിക്കാമെന്നായി. അതോടെ സിനിമ വ്യവസായത്തിന്റെ കൂടി കലയായി മാറി. ഇരുട്ട് മുറിയിൽ പകർന്നു നൽകുന്ന തീയേറ്റർ അനുഭവം കാഴ്ചക്കാരെ പിടിച്ചിരുത്തി. 1890-ൽ മിലീസ് (George Melies) ആദ്യമായി സിനിമയിലേക്കു ഭാവനാ സൃഷ്ടികളായ കഥകൾ കടത്തിവിട്ടു. കൂടാതെ സ്വന്തം കൈകൊണ്ട് ഫിലിമിന് നിറങ്ങളും കൊടുത്തു. ചാന്ദ്രയാത്ര (1906), സംഗീതത്തിന്റെ കാമുകൻ (1903) തുടങ്ങിയ സാമ്പത്തികമായി വലിയ നേട്ടം കൊയ്തു. സിനിമാ നിർമ്മാണത്തിൽ എഡിസന്റെ കമ്പനി തന്നെയായിരുന്നു അപ്പോഴും മുന്നിൽ. എഡിസന്റെ സഹായിയായിരുന്ന പോട്ടർ (Edwin Porter) സിനിമയെ അന്നുവരെ ഉൾക്കൊള്ളിക്കാത്ത രൂപഭാവങ്ങളോടെ അവതരിപ്പിച്ചു. 1903-ൽ പുറത്തുവന്ന പോട്ടറിന്റെ ഗ്രേറ്റ് ട്രെയിൻ റോബറി എന്ന പതിനൊന്നു മിനിട്ടു ദൈർഘ്യമുള്ള സിനിമ, സിനിമയുടെ ചരിത്രത്തെ തന്നെ പുതുക്കി പണിതു. കഥയും ഭാവനയും സിനിമയ്ക്ക് അതിസമർത്ഥമായി ഉൾക്കൊള്ളാനാവുമെന്ന് കണ്ടതോടെ എല്ലാ അതിരുകളും പരിമിതികളും തകർത്ത് സിനിമാരംഗം വളരുകയായിരുന്നു.

1930 മുതൽ 1950 വരെയുള്ള കാലഘട്ടത്തെ ലോകസിനിമയുടെ സുവർണ കാലഘട്ടം എന്നു പറയാം. ജനസമ്മതിനേടിയ നോവലുകൾ സിനിമ ആക്കിയത് ഇക്കാലത്താണ്. ചാൾസ് ഡിക്കൻസിന്റെ ഡേവിഡ് കോപ്പർഫീൽഡ് (David Copperfield), എ ടെയ്ൽ ഒഫ് ടു സിറ്റീസ് (A Tale of Two Cities) എന്നീ നോവലുകൾ 1935- ൽ സിനിമയാക്കി. ലൈഫ് ഒഫ് എമിലി സോള (The Life of Emile Zola) എന്ന ജീവചരിത്രം 1937- ൽ സിനിമയാക്കി. ഏറ്റവും കൂടുതൽ പണമുണ്ടാക്കിയ അക്കാലത്തെ ഫിലിം ഗോൺ വിത് ദ വിൻഡ് (Gone with the Wind) ആണ്. അമേരിക്കൻ എഴുത്തുകാരി മാർഗററ്റ് മിച്ചലിന്റെ നോവൽ 1939- ലാണ് ഡേവിഡ് സെൽസ്നിക് (David Selznick), വിക്റ്റർ ഫ്ളെമിങ് (Victor Fleming) എന്ന പ്രശസ്ത സംവിധായകനുമൊത്ത് നിർമിച്ചത്. അപ്പോഴേക്കും സിനിമയുടെ സുവർണകാലം തുടങ്ങിക്കഴിഞ്ഞിരുന്നു.

അക്കാലത്തെ മിക്ക സിനിമകളും പ്രശസ്ത നടീനടന്മാരുടെ അഭിനയ പടവം പ്രദർശിപ്പിക്കാനുള്ള വേദികളായിരുന്നു. ബെറ്റി ഡേവിസ് (Bette Davis), കാഥറീൻ ഹെപ്ബേൺ (Katherine Hepburn), ക്ലാർക് ഗേബിൾ(Clark Gable), ഗ്രെറ്റാഗാർബോ(Greta Garbo), ഹംഫ്രി ബോഗാർട്ട്(Humphrey Bogart), വിവിയൻ ലേ(Vivien Leigh), കാരി ഗ്രാന്റ്(Cary Grant), ജിൻജർ റോജേഴ്സ് (Ginger Rogers), ഫ്രഡ് അസ്റ്റെയർ (Fred Astaire) എന്നിങ്ങനെ ലോകപ്രശസ്ത നടീനടന്മാരാണ് അക്കാലത്ത് സിനിമാലോകത്ത് വിളങ്ങി നിന്നിരുന്നത്. അന്നത്തെ വലിയ സംവിധായകരിൽ ജോൺ ഹ്യൂസ്റ്റൺ (John Huston), ഏലിയ കസൻ (Elia Kazan), ഓർസൺ വെൽസ് (Orosn Welles), ഡഡ്‌ലി നിക്കൾസ് (Dudley Nichols), നനലി ജോൺസൺ (Nunnally Johnosn), ബെൻ ഹെക്ട് (Ben Hecht), ഷോൺ (Jean Renoir), കാരൾ റീഡ് (Carl Reed), ആൽഫ്രഡ് ഹിച് കോക്ക് (Alfred Hitchcock), പരേ ലോറന്റ്സ് (Pare Lorentz), സെർജി ഐസൻസ്റ്റൈൻ (Sergei Eisenstein), ലെനി റീഫൻസ്റ്റാൾ (Leni Riefenstahl), റോബർട്ടോ റോസ്സല്ലിനി (Roberto Rossellini), വിറ്റോറിയോ ഡി സിക്കാ (Vittorio De Sica), അകിരാ കുറോസാവ (Akira Kurosawa), കെൻജി മിസൂഗുച്ചി മുതലായവർ ഉൾപ്പെടുന്നു.

വൈഡ് സ്ക്രീൻ കാലഘട്ടം (Wide Screen Era)

1950-നു ശേഷം ചലച്ചിത്ര മണ്ഡലത്തിലുണ്ടായ മറ്റൊരു സംഭവം ടി.വി.യുടെ വളർച്ചയും പുതിയ പ്രേക്ഷകരുടെ ഉദയവുമാണ്. ടി.വി. വളരുന്തോറും കാഴ്ചയുടെ അനുഭവ ആവിഷ്ക്കാരങ്ങളും വളരുന്നു. ഇങ്ങനെ രൂപം കൊണ്ട പുതുകാഴ്ച സിനിമ രംഗത്തെയും സ്വാധീനിക്കുകയുണ്ടായി. കാരണം മുമ്പ് തിയേറ്ററുകളിൽ സകുടുംബം അല്ലെങ്കിൽ ചങ്ങാതിമാരുമൊത്ത് പോയി സിനിമ കാണുന്നവർ ടി.വി. സെറ്റിനു മുന്നിൽ ചടഞ്ഞുകൂടിയും കിടന്നും സിനിമ കാണുകയും അനേകം ടി.വി. പരിപാടികൾ വലിയ ചെലവു കൂടാതെ ധാരാളമായി കാണാനും തുടങ്ങി. മിക്കവരും ദിവസവും കുറഞ്ഞത് നാലഞ്ചുമണിക്കൂറും വാരാന്ത്യത്തിൽ പത്തും പതിനഞ്ചും മണിക്കൂറും ടി.വി. സെറ്റിനു മുമ്പിലിരിക്കാൻ തുടങ്ങിയപ്പോൾ സിനിമാശാലകളിലെ ഹാജർ കുറഞ്ഞു.

അമേരിക്കയിൽ മാത്രം സിനിമാശാലകളിൽ എട്ടരക്കോടി ആയിരുന്ന ഹാജർ നാലരക്കോടിയായി കുറഞ്ഞു - വെറും അഞ്ചുവർഷം കൊണ്ട് തിയേറ്ററുകളുടെ എണ്ണം ഇരുപതിനായിരത്തിൽ നിന്ന് പതിനേഴായിരമായി കുറഞ്ഞു. അതേ കാലയളവിൽ ഈ കുറവ് എങ്ങനെ പരിഹരിക്കാമെന്നായി സിനിമാ നിർമ്മാതാക്കളുടെ ചിന്ത. അവർ നടപ്പാക്കിയ ഒരു മാർഗം മൂന്നാം പരിണാമം എന്ന കൃതിമത്വം ഉണ്ടാക്കുകയാണ്. വൈഡ് സ്ക്രീനും 3-ഉയും വലിയ പുതുമകളായി മാറി. വിശാലവും രണ്ടറ്റവും വളഞ്ഞതുമായ വെള്ളിത്തിരയിലേക്ക് ഒരേസമയം മൂന്ന് പരസ്പരബന്ധിത (interlocked) പ്രൊജക്ടറുകൾ ഉപയോഗിച്ച് സിനിമാരശ്മികൾ അയച്ചപ്പോൾ പുതിയ ഇഫക്റ്റ് ഉണ്ടാക്കുന്നതിൽ സിനിമ സിസ്റ്റം (Cinema system) വിജയിച്ചു.

പോളറോയ്ഡ് 3-D എന്നറിയപ്പെടുന്ന ഒരു സ്റ്റീരിയോസ്കോപിക് പ്രക്രിയ വികസിപ്പിക്കാൻ അൽപ്പം വ്യത്യസ്തകോണുകളിൽ രണ്ടു ക്യാമറകൾ ഉപയോഗിച്ച് പടം പിടിക്കുകയും പ്രൊജക്ടറുകളിൽ പോളറോയ്ഡ് ലെൻസുകളുപയോഗിക്കുകയും ചെയ്തപ്പോൾ തികച്ചും അത്ഭുതകരമായ 3-ഇഫക്ട് ഉണ്ടായി. കാണികൾ പോളറോയ്ഡ് കണ്ണാടികൾ വയ്ക്കണമായിരുന്നു. പക്ഷേ, 1952 അവസാനത്തോടെ സിനിമ കാണാൻ പോയവർക്ക് കണ്ണാടി വയ്ക്കുന്ന പരിപാടി മടുപ്പുതോന്നിച്ചു. 3-Dയിലുണ്ടാക്കിയ പടങ്ങൾ 2-D ആക്കി പഴയപോലെ പ്രദർശനം നടത്താൻ തുടങ്ങി.

ഇതിനിടെ സിനിമാസ്കോപ്പ് എന്നൊരു പുതിയ സിനിമാസമ്പ്രദായം ടൊന്റിയത്ത് സെഞ്ചുറി ഫോക്സ് കമ്പനി വികസിപ്പിച്ചെടുത്തു. വൈകാതെ പാരാമൗണ്ട് സിനിമാ കമ്പിനി വിസ്റ്റാ വിഷൻ (vista Vision) എന്നൊരു പുതിയ സിസ്റ്റം ഉണ്ടാക്കി. 1955-ൽ തുടങ്ങിയ ടോഡ് (Todd-AO) പ്രക്രിയ ഉപയോഗിച്ചാണ് ഓക്ലഹോമ (Coklahoma) എന്ന ചിത്രം നിർമ്മിച്ചത്. അതിൽ 35 മി.മീ ഫിലിമിന്റെ സ്ഥാനത്ത് 65 മി.മീ. ഫിലിമും 70 മി.മീ. ഫിലിമും ആണ് ഉപയോഗിച്ചത്. സിനി മിറക്കിൾ(Cine miracle) ആണ് 1958-ൽ ഉപയോഗിച്ച മറ്റൊരു പ്രക്രിയ.

1950-നും 1970-നും ഇടയ്ക്ക് ഈ പുതിയ സമ്പ്രദായങ്ങൾ ഉപയോഗിച്ച് വൻചലച്ചിത്ര സംരംഭങ്ങൾ നിലവിൽ വന്നു. അത്ഭുതകരങ്ങളായ ദൃശ്യങ്ങൾ, താരപ്രഭയേറിയ സംഗീതാത്മക സിനിമകൾ, വർണ്ണപ്പകിട്ടാർന്ന വിദേശപശ്ചാത്തലമുള്ള ചിത്രങ്ങൾ, സ്റ്റീരിയോഫോണിക് ശബ്ദലേഖനവും വർണശബളതയും മുമ്പുണ്ടായിരുന്നതിലേറെ പുത്തൻ സിനിമയുടെ സ്വഭാവവിശേഷങ്ങളായി. ചെലവ് പതിന്മടങ്ങു വർധിച്ചു. ക്ലിയോപാട്ര (Cleopatra) എന്ന ചിത്രത്തിന് രണ്ടുകോടി ഡോളർ ചെലവാക്കി 1964-ൽ എലിസബത്ത് ടെയ്ലർ, റിച്ചാർഡ് ബർട്ടൺ (Rich- ard Burton), റെക്സ് ഹാരിസൺ (Rex Harriosn) എന്നിവരാണ് അതിലെ മുഖ്യ കഥാപാത്രങ്ങളുടെ വേഷമിട്ടത്, അത് സംവിധാനം ചെയ്തത് ജോസഫ് മാൻകീവിക്സ് (Mankiewicz) ആയിരുന്നു. 1960-കളുടെ അവസാനത്തോടെ സിനിമാ നിർമ്മാണം വമ്പിച്ച ചെലവേറിയ സംരംഭമായി ലോകമൊട്ടാകെ മാറി, പ്രത്യേകിച്ച് അമേരിക്കയിൽ കുറഞ്ഞത് മുപ്പതുലക്ഷം ഡോളറില്ലാതെ സിനിമ നിർമാണം നടന്നില്ല. പക്ഷേ, ചുരുക്കം ചില സിനിമകളൊഴിച്ച് ഒട്ടുമിക്ക സിനിമകളും പൊതുജനങ്ങളെ പ്രദർശന ശാലകളിലേക്ക് ആകർഷിക്കുന്നതിൽ പരാജയപ്പെടുകയാണുണ്ടായത്. പുതിയ ടെക്നിക്കുകളെല്ലാം വിശാലസ്ക്രീനുമായി ബന്ധപ്പെട്ടിരുന്നതു കൊണ്ട് സംവിധായകർക്ക് പുതിയ ചുമതലകൾ, പ്രത്യേകിച്ച് സ്ക്രീനിലുള്ള വിശാല സ്പേസ് നിറയ്ക്കുന്ന ചുമതലഭാരിച്ചതായി ഭവിച്ചു. ക്ലോസ്-അപ്, ക്യാമറാചലനം ഇവയൊക്കെ പുത്തൻ ഭാരങ്ങളായി. പുതിയ സ്ക്രീൻ വലുപ്പം നിറയ്ക്കുവാൻ നാടകവേദിയിലെ സങ്കേതങ്ങൾ കൂടുതലായി ഉപയോഗിക്കാൻ സംവിധായകർ നിർബന്ധിതരായി. ക്യാമറ ട്രാക്കുകളിൽ നിന്നും ഡോളികളിൽ നിന്നും (dol- lies) വിസ്തൃതമായ രംഗങ്ങൾ ഷൂട്ട് ചെയ്യാൻ തുടങ്ങി.

ലോകമൊട്ടാകെ ഈ പുതിയ സങ്കേതങ്ങൾ സ്വാധീനം പരത്തിയെങ്കിലും പൊതുവേ സിനിമാശാലകളിൽ പോകുന്നവരുടെ എണ്ണം കൂടിയില്ല. മാത്രമല്ല യൂറോപ്പിൽ നിന്നും ജപ്പാനിൽ നിന്നുമുള്ള സിനിമകൾ അമേരിക്കയിൽ ധാരാളമായി എത്തിയതോടെ, അമേരിക്കൻ സിനിമാചിത്രീകരണത്തിൽ പിന്നെയും പല വ്യത്യാസങ്ങളുണ്ടായി. സ്വീഡിഷ് സംവിധായകനായ ബെർഗ്മന്റെ (Bergman) സ്വാധീനമാണ് ഏറ്റവും ശക്തമായി അനുഭവപ്പെട്ടത്. അതിനുമുമ്പ് ഒരിക്കലും അനുഭവപ്പെടാത്ത ഒരു ബൗദ്ധിക തീവ്രതയാണ് ബെർഗ്മാൻ അമേരിക്കൻ ചലച്ചിത്രമണ്ഡലത്തിലേക്ക് കൊണ്ടുവന്നത്. ബെർഗ്മന്റെ പ്രിസൺ (Prison1948), സോഡസ്റ്റ് ആൻഡ് ടിൻസെൽ (Sawdust and Tinsel, 1953), സെവന്ത് സീൽ (Seventh Seal, 1956) തുടങ്ങിയ ചിത്രങ്ങളൊക്കെ ശ്രദ്ധേയമായിരുന്നു.

വീഡിയോഗ്രഫി

നിശ്ചലമോ ചലിച്ചുകൊണ്ടിരിക്കുന്നതോ ആയ വസ്തുക്കളുടെ പ്രതിരൂപങ്ങളെ ഒരു മൂവി ക്യാമറയുടെ സഹായത്തോടെ ഫോട്ടോഗ്രഫിക് ഫിലിമിലേക്ക് പകർത്തുന്ന പ്രക്രിയയാണ് വീഡിയോഗ്രഫി. ക്യാമറയിൽനിന്ന് പുറപ്പെടുന്ന ഇലക്ട്രിക്കൽ സിഗ്നലുകൾ മാഗ്നറ്റിക് ടേപ്പുകളിലേക്ക് രേഖപ്പെടുത്തി വയ്ക്കുകയും അത് വീഡിയോ പ്ലെയറിന്റെ സഹായത്തോടെ പ്ലേ ചെയ്യുമ്പോൾ രേഖപ്പെടുത്തപ്പെട്ട സിഗ്നലുകൾ ചിത്രങ്ങളായി പുനഃസൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു.

വീഡിയോഗ്രഫിയുടെ ആദ്യകാലചരിത്രം ചലച്ചിത്രനിർമ്മാണത്തിന്റെ ആദ്യകാലചരിത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു. 1826-ൽ ജോസഫ് നീപ്സ് ആണ് ആദ്യത്തെ ബ്ലാക്ക് ആന്റ് വൈറ്റ് ചിത്രം പകർത്തിയത്. ജോസഫ് പ്ലേയ്ട്ടോയാണ് 1832-ൽ ചലനചിത്രങ്ങൾ നിർമ്മിച്ചു കാണിച്ചത്. 1870-ൽ ജോൺവെസ്ലി ഹയ്റ്റ് സെല്ലുലോയ്ഡ് ഫോട്ടാഗ്രഫിക് ഫിലിം നിർമ്മിക്കുകയും പേറ്റന്റ് നേടുകയും ചെയ്തു.

1872-77ൽ ബ്രിട്ടീഷ് അമേരിക്കൻ ഫോട്ടോഗ്രാഫറായ എഡ്വേഡ് മേബ്രിജ് 24 ക്യാമറകൾ വച്ച് കുതിര ഓടുന്ന ചിത്രങ്ങൾ പകർത്തി ഒരു ചലനദൃശ്യംപോലെ കുതിരയുടെ ഓട്ടം കാണിച്ചു. 1882-ൽ ജൂൾസ് മരെ ഒരു ഫോട്ടോഗ്രാഫിക് ഗൺ, ക്യാമറയിൽ പിടിപ്പിച്ച് ചലനചിത്രങ്ങൾ പകർത്തി. 1889-ൽ ജോർജ്ജ് ഈസ്റ്റ്മാൻ സെല്ലുലോയ്ഡ് റോൾഫിലിം നിർമ്മിച്ച് വിതരണം ചെയ്തു. ചലച്ചിത്ര നിർമ്മാണത്തിൽ അത് വലിയ മാറ്റം കുറിച്ചു. എഡിസന്റെ കമ്പനിയിൽ ജോലി ചെയ്തിരുന്ന വില്യം ഡിക്സൻ 1888-ൽ മേബ്രി

ജിന്റെയും മാരെയുടെയും കണ്ടെത്തലുകളെ സംയോജിപ്പിച്ച് ചലനചിത്രങ്ങൾ പകർത്തുന്ന കിനറ്റോഗ്രാഫ് എന്ന ക്യാമറയുണ്ടാക്കി. 1990-ൽ ഒരു ചലനചിത്രം പ്രദർശിപ്പിച്ചു. ലോകമെങ്ങും പുതിയ മൂവിക്യാമറയ്ക്കുള്ള പരീക്ഷണങ്ങൾ നടന്ന കാലമായിരുന്നു അത്.

ഫ്രഞ്ചുകാരനായ ലൂയി പ്രിൻസും, ഇംഗ്ലീഷുകാരനായ ഫ്രീസഗ്രീനും മൂവിക്യാമറകളും പ്രൊജക്റ്ററുകളും, ക്യാമറയും പ്രൊജക്ടറും ചേർന്ന ഉപകരണങ്ങളും നിർമ്മിച്ചു. തുടർന്ന് 1891-ൽ എഡിസനും ഡിക്സനും ചേർന്ന് കെനറ്റോസ്കോപ് നിർമ്മിച്ചു. അതിലെ ചലനച്ചിത്രങ്ങൾ കണ്ട് പ്രേക്ഷകർ അത്ഭുതപ്പെട്ടു. തുടർന്ന് ചലനചിത്രങ്ങൾ പ്രൊജക്ട് ചെയ്യുന്ന ഉപകരണങ്ങളെത്തി. അങ്ങനെ ക്യാമറയും പ്രൊജക്ടറും ചേർന്ന ഉപകരണങ്ങൾ ലൂമിയർ സഹോദരന്മാർ നിർമ്മിച്ചു. അവരുടെ സിനിമറ്റോഗ്രാഫിലൂടെ ഡോക്യുമെന്ററി പോലുള്ള ചിത്രങ്ങൾ അവർ നിർമ്മിച്ച് പല രാജ്യങ്ങളിലും പ്രദർശിപ്പിച്ചു. ദൃശ്യാവിഷ്കാരം വളരുകയായിരുന്നു. 1891-ൽ തോമസ് ആൽവ എഡിസൻ ചലനചിത്രങ്ങൾ പകർത്തുന്ന ക്യാമറ നിർമ്മിച്ചു. അതിനോടനുബന്ധിച്ചുതന്നെ പ്രൊജക്ടറുകളുടെ നിർമ്മാണവും നടന്നു.

കമ്പ്യൂട്ടറിന്റെ കണ്ടുപിടുത്തം മനുഷ്യവിജ്ഞാനത്തിന്റെ സമസ്തമേഖലകളെയും വിപ്ലവകരമായി പരിഷ്കരിച്ചതുപോലെ വീഡിയോഗ്രഫിയിലും വലിയ മാറ്റങ്ങൾ സമ്മാനിച്ചു. 1964-ൽ കൈയിൽ കൊണ്ടുനടന്ന് ദൃശ്യങ്ങൾ ചിത്രീകരിക്കാവുന്ന വീഡിയോക്യാമറ വിപണിയിൽ വന്നു. 1973 ആകുമ്പോഴേക്കും റോൺഫിലിമുകൾക്കുപകരം വീഡിയോ ക്യാമറകളിൽ ഡിസ്ക്കുകൾ ഉപയോഗിച്ചു തുടങ്ങി. വൈകാതെ ലേസർ ഡിസ്ക്കുകൾ രംഗത്തുവന്നു. അതേത്തുടർന്ന് സി.ഡി.കളും ഡി.വി.ഡി.കളും ബ്ലൂറേ ഡിസ്ക്കുകളും എത്തി. വളരെ ഉയർന്ന വേഗതയും സംഭരണശേഷിയുമുള്ള മെമ്മറി കാർഡുകളും ഇത്തരം വീഡിയോ ക്യാമറകളുടെ ഭാഗമായിക്കഴിഞ്ഞു. ഇന്ന് വീഡിയോഗ്രഫിയെ ഉപയാഗപ്പെടുത്താത്ത മേഖലകളില്ല. ടെലിവിഷന്റെ പ്രവർത്തനത്തെ വലിയൊരളവോളം സഹായിക്കുന്നത് വീഡിയോഗ്രഫിയാണ്. എല്ലാത്തരം പരസ്യചിത്രങ്ങളിലും സമൂഹമാധ്യമങ്ങളിലും വീഡിയോ ദൃശ്യങ്ങളുടെ ധാരാളിത്തം കാണാം. ഫിലിം നിർമ്മാണത്തിലെ കലാപരവും വൈവിധ്യമേറിയതുമായ ഒരു മേഖലയായി വീഡിയോഗ്രഫി വളർന്നു കഴിഞ്ഞു.

ഡിജിറ്റൽ വീഡിയോ

ഡിജിറ്റൽ വീഡിയോദൃശ്യങ്ങൾ പകർത്തുന്ന ക്യാമറയാണ് ഡിജിറ്റൽ ക്യാമറ. ചലനചിത്രങ്ങളെയും ശബ്ദത്തെയും ക്യാമറയിലേക്ക് ഇലക്ട്രോണിക്കലായി പകർത്തി ഡിജിറ്റൽ വീഡിയോ-ഡാറ്റയായി സംഭരിക്കുന്നതിനെയാണ് ഡിജിറ്റൽ വീഡിയോ എന്നു പറയുന്നത്. അനലോഗ് സിഗ്നലുകളിൽനിന്ന് വ്യത്യസ്തമായി വേഗതയോടെ ഡിജിറ്റൽ സിഗ്നലുകൾ കൈമാറാനാവും. ഡിജിറ്റൽ ടെക്നോളജിയുടെ സഹായത്താൽ അതിവേഗതയിൽ വിവരങ്ങളും ചിത്രങ്ങളും ഗുണമേന്മ നഷ്ടപ്പെടാതെ ശേഖരിക്കാനും സൂക്ഷിക്കാനും അയച്ചുകൊടുക്കാനും കഴിയുംവിധം അവയെ ഇലക്ട്രോണിക് ഡിജിറ്റൽ സിഗ്നലുകളാക്കി മാറ്റുന്നു. തനിമ നഷ്ടപ്പെടാതെ എത്രതവണ കോപ്പികളെടുക്കാനും ടി.വിയിലോ മൊബൈൽഫോണിലോ ഉപയോഗിക്കാനുമാവും. ഡിജിറ്റൽ ക്യാമറയിൽ ദൃശ്യ-ശ്രവ്യ പരിപാടികളെല്ലാം ഡിജിറ്റലായി റെക്കോർഡ് ചെയ്ത് സ്റ്റുഡിയോയിൽനിന്ന് ഡിജിറ്റൽ സംപ്രേഷണത്തിലൂടെ, കേബിൾ വിതരണത്തിലൂടെ പ്രേക്ഷകരുടെ മുന്നിലെ ടി.വി യിൽ എത്തിക്കുന്നു.

20-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഡിജിറ്റൽ വീഡിയോ റെക്കോഡിംഗ് സാധ്യമായി. വ്യാപാരാടിസ്ഥാനത്തിൽ ഡിജിറ്റൽ വീഡിയോ 1986-ൽ സോണി ഡി1 ഫോർമാറ്റിലാണ് നിർമ്മിച്ചു തുടങ്ങിയത്. ഡേറ്റകൾ കമ്പ്രസ് ചെയ്യാത്ത രീതി മാറ്റി, ഇപ്പോൾ എംപെഗ് 4 (MPEG-4) പോലെ കമ്പ്രസ് ചെയ്താണ് വരുന്നത്. 2007മുതൽ ഡിജിറ്റൽ വീഡിയോ ദൃശ്യങ്ങൾ 33 മെഗാപിക്സലും (7680 X 4320) സെക്കൻഡിൽ 60 ഫ്രെയിമുകളും (UHDV) ഉള്ള ഉയർന്ന റെസലൂഷനിൽ ഡിജിറ്റൽ വീഡിയോ ചിത്രീകരിച്ചു തുടങ്ങി. ഒരു സെക്കൻഡിൽ പത്തുലക്ഷം ഫ്രെയിമുകളിലധികം പകർത്തുന്ന ഡിജിറ്റൽ വീഡിയോ ക്യാമറകൾ ഇന്നുണ്ട്. ക്വാളിറ്റി നഷ്ടപ്പെടാതെ ചിത്രങ്ങൾ ഡിജിറ്റൽ ഫോർമാറ്റിൽ

സൂക്ഷിക്കാനാവും. ഹാർഡ് ഡിസ്ക്, ഡി.വി.ഡി, ബ്ലൂറേ ഡിസ്ക്, വേഗതകൂടിയ പെൻഡ്രൈവുകൾ തുടങ്ങിയ കൈമാറാവുന്ന സ്റ്റോറേജ് ഡിവൈസുകളിൽ ഇവ സൂക്ഷിക്കുന്നു.

വീഡിയോനിർമ്മാണത്തിന്റെ ആവശ്യകത വർദ്ധിപ്പിച്ചത് ടെലിവിഷന്റെ വരവാണ്. ടെലിവിഷനിലെ പ്രാദേശിക തത്സമയ വാർത്താവതരണം വീഡിയോഗ്രാഫർമാർ ഇലക്ട്രോണിക്കലായി അയയ്ക്കുന്ന വാർത്താശേഖരണത്തെയാണ് മുഖ്യമായും ആശ്രയിച്ചിരുന്നത്. വീഡിയോനിർമ്മാണ മേഖലയിൽ മെക്കാനിക്കൽ എഡിറ്റിംഗ് സാധ്യമായതോടെ ലൈവ് ടെലിവിഷൻ വിശ്വസനീയമാംവിധം കൂടുതൽ ശ്രദ്ധനേടി. കമ്പ്യൂട്ടർകൂടി വീഡിയോ എഡിറ്റിംഗിന് സഹായത്തിനെത്തിയതോടെ നോൺ ലീനിയർ എഡിറ്റിംഗ് സുഗമമായി.

വെർച്വൽ റിയാലിറ്റി വീഡിയോ നിർമ്മാണം മറ്റൊരു മേഖലയാണ്. ഒരു കൃത്രിമ പശ്ചാത്തലത്തിലുള്ള വീഡിയോ ദൃശ്യത്തിലേക്ക് യാഥാർഥ്യത്തിലേക്കെന്നപോലെ എത്തിപ്പെടുന്നവർ അതിലേക്ക് നേരിട്ട് ഇന്ററാക്ട് ചെയ്തുതുടങ്ങുമ്പോൾ ഭ്രമാത്മകമായ ഒരു തലത്തിലേക്ക് അവർ എത്തിപ്പെടുന്നതായി തോന്നും. പലപ്പോഴും അത് അപകടകരമായ വീഡിയോ ഗെയിമുകളിലേക്കും ജീവിതം നഷ്ടപ്പെടുന്ന ആപത്തുകളിലേക്കും നയിക്കപ്പെടാൻ ഇടയുണ്ട്. അനിമേഷൻ വീഡിയോ മറ്റൊരിനമാണ്. കമ്പ്യൂട്ടറിൽ പ്രത്യേക സോഫ്ട്‌വെയർ ഉപയോഗിച്ചാണ് ഇത് നിർമ്മിക്കുന്നത്. അതിൽ ജീവിക്കുന്ന മനുഷ്യരോ പ്രകൃതിയോ കഥാപാത്രങ്ങളായിരുന്നില്ല. എന്നാൽ ഇപ്പോൾ യഥാർത്ഥ മനുഷ്യരെയും കാർട്ടൂൺ കഥാപാത്രങ്ങളെയും സംയോജിപ്പിച്ചുള്ള സിനിമകളും നിർമ്മിക്കപ്പെടുന്നുണ്ട്. കാർട്ടൂൺ സിനിമകളും കുട്ടികൾക്കുള്ള കഥാചിത്രങ്ങളും ഷോകളും അനിമേഷൻ വീഡിയോ ഇനങ്ങളാണ്. വെബ് വീഡിയോകൾ കൂടുതലും വലിയ കമ്പനികളുടെ പരസ്യചിത്രങ്ങളായാണ് നിർമിക്കപ്പെടുന്നത്. സോഷ്യൽമീഡിയ വീഡിയോ നിർമ്മാണം ഇക്കാലത്ത് വിപുലമായി നടക്കുന്നു. ഫെയ്സ്ബുക്ക്, യൂട്യൂബ് തുടങ്ങിയ സമൂഹമാധ്യമങ്ങളിൽ കാണപ്പെടുന്ന വീഡിയോകൾ കൂടുതലും അത് പോസ്റ്റ് ചെയ്യുന്നവരുടെ പ്രശസ്തിക്കുവേണ്ടി ഉപയാഗിച്ചിട്ടുള്ളവയാണ്. സമൂഹമാധ്യമങ്ങളിൽ ഏറെ വൈറലായി കാണപ്പെടുന്ന പല വീഡിയോകളും സ്മാർട്ട്ഫോണുകളിൽനിന്ന് ലൈവായോ അല്ലാതെയോ പോസ്റ്റ് ചെയ്തിട്ടുള്ളവയാണ്. ഇന്ന് ഏതൊരു സാധാരണക്കാരനെയും വീഡിയോഗ്രാഫറാക്കാൻ കഴിയുന്നവിധത്തിൽ വീഡിയോ നിർമ്മാണമേഖല അത്യാധുനിക സാങ്കേതികവിദ്യകൾകൊണ്ട് സമ്പന്നമായിരിക്കുന്നു. നിത്യജീവിതത്തിന്റെ എല്ലാമേഖലകളിലും ഡിജിറ്റൽ ക്യാമറകളുടെ സേവനം ഉപയോഗപ്പെടുത്തുന്നു. സൂക്ഷ്മമായ ശസ്ത്രക്രിയോപകരണം മുതൽ ബഹിരാകാശചിത്രങ്ങൾ പകർത്തുന്ന വലിയ ഡിജിറ്റൽ വീഡിയോക്യാമറകൾവരെ അത് എത്തിനില്ക്കുന്നു. ആധുനിക റോബോട്ടുകളുടെ പ്രവർത്തനം സൂക്ഷ്മമായ ഡിജിറ്റൽ വീഡിയോക്യാമറകളിലൂടെയാണ് നടക്കുന്നത്. പരിസരവീക്ഷണത്തിനായി ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷനിൽ (CCTV)വരെ സൂക്ഷ്മമായ ഡിജിറ്റൽ വീഡിയോക്യാമറകൾ ഉപയോഗിക്കുന്നു.

ഇക്കാലത്ത്, ഏത് വീഡിയോ വർക്കിനെയും വീഡിയോഗ്രഫി എന്നു വിളിക്കാം. വീഡിയോ ചിത്രങ്ങൾ പകർത്തുന്നയാളിനെ വീഡിയോഗ്രാഫർ എന്നും വിളിക്കുന്നു. വാണിജ്യപരമായ സിനിമാനിർമ്മാണത്തെ ഛായാഗ്രഹണം എന്നും ക്യാമറാമാന്മാരെ ചലച്ചിത്ര ഛായാഗ്രാഹകർ എന്നും വിളിക്കുന്നു.

വീഡിയോ ക്യാമറകൾ

റെക്കോർഡിങ്-പ്ലേബാക്ക് സംവിധാനങ്ങളിൽ ഏറ്റവും പ്രധാനം വീഡിയോ ക്യാമറകളാണ്. ദൃശ്യത്തിൽനിന്നും വരുന്ന വെളിച്ചത്തെയും ശബ്ദത്തെയും വീഡിയോ-ആഡിയോ സിഗ്നലുകളാക്കി മാറ്റി റെക്കോർഡറിലേക്കോ നേരിട്ട് ട്രാൻസ്മിഷൻ നടത്തേണ്ട ഉപകരണത്തിലേക്കോ കേബിൾ നെറ്റ്‌വർക്കിലേക്കോ ഒക്കെ എത്തിക്കുന്നത് ഈ ക്യാമറകളാണ്. ദൃശ്യത്തിലെ വിവിധ ഭാഗങ്ങളുടെ പ്രകാശതീവ്രതകൾക്കും വർണ്ണവ്യത്യാസങ്ങൾക്കും ആനുപാതികമായ 'ക്രോമിനൻസ്', 'ലൂമിനൻസ്' ഗുണങ്ങൾ ഉൾക്കൊള്ളുന്ന ദശലക്ഷം പിക്സലുകളെ സൃഷ്ടിച്ച് അവയെ വീണ്ടും ഒന്നിച്ചുചേർത്ത് ഇലക്ട്രിക് സിഗ്നലുകളാക്കി മാറ്റുന്ന അതിസങ്കീർണ്ണമായ പ്രയോഗവിധികളാണ് വീഡിയോ ക്യാമറയ്ക്കു

ള്ളിൽ നടക്കുന്നത്. ക്യാമറയിലുള്ള മൈക്രോ ഫോൺ പിടിച്ചെടുക്കുന്ന ശബ്ദത്തിന്റെ സിഗ് നലുകളെ ദൃശ്യത്തിന്റെ സിഗ്നലുകളുമായി കൂട്ടിച്ചേർത്ത് ഒരു സമ്മിശ്ര സിഗ്നൽ(composite) ആക്കി മാറ്റിയാണ് വീഡിയോ ക്യാമറകൾ പുറ ത്തേക്ക് വിടുന്നത്.

വീഡിയോ ക്യാമറയുടെ പ്രവർത്തനങ്ങൾ ഇവയാണ്:

- ദൃശ്യത്തിൽ നിന്നും വരുന്ന വെളിച്ചം, വർണ്ണം, ശബ്ദം എന്നിവകളെ ആവുന്നത്ര തനിമയോടെ പിടിച്ചെടുക്കുക.
- ലെൻസിലൂടെ കടന്നുവരുന്ന വെളിച്ച ത്തെയും വർണ്ണത്തെയും ക്രിയാത്മക മായ വിധത്തിൽ നിയന്ത്രിക്കുക.
- നിയന്ത്രണവിധേയമാക്കിയ വെളിച്ചത്തെ യും വർണ്ണത്തെയും സിഗ്നലുകളാക്കി മാറ്റാൻ വേണ്ടി നിബന്ധിച്ചിട്ടുള്ള സ്ഥാന ത്തേക്ക് അതിസൂക്ഷ്മമായി കേന്ദ്രീകരി ക്കുക.
- ദൃശ്യത്തെ വിവിധ ഭാഗങ്ങളായി മുറിച്ച് നിശ്ചിതരൂപത്തിലാക്കുക.
- ശബ്ദത്തെ വൈകല്യവിമുക്തമായ വിധ ത്തിൽ ആഡിയോ സിഗ്നലുകളാക്കി മാറ്റുക.

സ്റ്റുഡിയോ-ഫീൽഡ് ക്യാമറകൾ

വീഡിയോ ക്യാമറകൾ പ്രധാനമായി രണ്ടു തരമാണ്. സ്റ്റുഡിയോ-ഫീൽഡ് ക്യാമറകൾ എന്ന് അവയെ തരംതിരിക്കാം. സ്റ്റുഡിയോകൾ ക്ക്അകത്തുമാത്രം ഉപയോഗിക്കാവുന്ന ക്യാമ റകൾ സാധാരണ രണ്ടു ഘടകങ്ങളായിട്ടാണ് പ്രവർത്തിക്കുന്നത്. ക്യാമറ ഹെഡ്, ക്യാമറ കൺട്രോൾ യൂണിറ്റ് (CCL). ലെൻസും മറ്റു സം വിധാനങ്ങളും ഉൾപ്പെടുന്ന ക്യാമറ ഹെഡ് ദൃ ശ്യത്തെയും ശബ്ദത്തെയും ഇലക്ട്രോണിക് സി ഗ്നലുകളാക്കി മാറ്റി അവയെ കേബിൾ വഴി ക്യാമറ കൺട്രോൾ റൂമിലെത്തിക്കുന്നു. അവിടെ സ്ഥാപിച്ചിരിക്കുന്ന ക്യാമറ കൺട്രോൾ യൂണി റ്റ് സിഗ്നലുകളെ വേണ്ട അളവിൽ നിയന്ത്രിച്ച് മെച്ചപ്പെടുത്തി റെക്കോർഡുചെയ്യുന്നു. ഫീൽഡ് ക്യാമറകളിൽ ക്യാമറ ഹെഡ്ഡും അതിനൊപ്പം ഘടിപ്പിച്ചിരിക്കുന്ന റെക്കോർഡിങ് ഉപകരണ വും (VCR) ഉണ്ടാവും.

ഇന്ന് ഏറെ സാധ്യതകളുള്ള മേഖലയാണ് വീഡിയോഗ്രഫി. കാരണം കാഴ്ചയുടെ അന ന്ത സാധ്യതകൾ ഉപയോഗിക്കുന്ന ഒരു ലോ കത്താണ് നാം ജീവിക്കുന്നത്. ആ നിലയിൽ ക്യാമറ എന്നത് ജീവിതത്തിൽ നിന്ന് ഒഴിച്ചുകൂടാ നാകാത്ത ഒരു ഉപകരണമായി മാറിയിരിക്കുന്നു. മൊബൈൽ ഫോണുകളുടെ കടന്നു വരവോടെ ദൃശ്യങ്ങളുടെ ആവിഷ്ക്കാര തലങ്ങൾക്ക് വലിയ മാറ്റമാണുണ്ടായത്. നിമിഷനേരം കൊണ്ടു കാഴ്ചയെ പകർത്താനും ലോകത്തിന് കാട്ടികൊ ടുക്കുന്നതിനും സാധിച്ചു. ഷോർട്ട് ഫിലിമുകൾ, റീൽസുകൾ,ഡോക്യുമെന്ററികൾ തുടങ്ങി വീഡി യോഗ്രഫിയുടെ നവ സാധ്യതകളെ ലോകം അനായാസം കൈകാര്യം ചെയ്തുവരുന്നു.

Recap

- മനുഷ്യജീവിതം നിരന്തരം മാറുന്നു
- ആശയവിനിമയോപാധികൾ നവീനമാക്കപ്പെടുന്നു
- മാധ്യമങ്ങൾ ലോകത്തെ കൂട്ടിയിണക്കുന്നു
- കാഴ്ചയിലൂടെയുള്ള ആശയ വിനിമയങ്ങൾ ദൃശ്യമാധ്യമ മേഖല
- ബഹുജന മാധ്യമങ്ങൾ - അച്ചടി, റേഡിയോ, സിനിമ, ടെലിവിഷൻ, ഇന്റർനെറ്റ്
- ആശയവിനിമയരീതികളിൽ മാറ്റമുണ്ടാകുന്നു
- ഗുഹാചിത്രങ്ങൾ - ആശയവിനിമയത്തിന്റെ ആദ്യരൂപങ്ങൾ
- ഗുഹാചിത്രങ്ങൾ - 30,000 വർഷത്തോളം പഴക്കം
- ക്യൂണിഫോം, ഹൈറോഗ്ലിഫിക് എഴുത്തുരൂപങ്ങൾ ലിഖിതാക്ഷരങ്ങളായി
- ഫോട്ടോഗ്രഫി എന്ന പദത്തിന് പ്രകാശത്തിന്റെ വര എന്നാണർത്ഥം.

- ക്യാമറയുടെ മികവ് അതിന്റെ സംവേദനത്വത്തിലാണ്.
- ഫോട്ടോഗ്രഫി നിരന്തരം വ്യാവസായികമായി വളർന്നുകൊണ്ടിരിക്കുന്നു.
- ക്യാമറകൾ പോക്കറ്റിൽ കൊണ്ടുനടക്കുന്നവരുടെ കാലമാണിത്.
- സ്മാർട്ട് ഫോണുകളിൽവരെ മികച്ചയിനം ക്യാമറകൾ കുടിയേറിക്കഴിഞ്ഞു.
- ഉപയോഗമനുസരിച്ച് അനവധിതരം ക്യാമറകൾ ഇന്ന് നിലവിലുണ്ട്.
- ചലച്ചിത്രം - ബഹുജന ദൃശ്യമാധ്യമങ്ങളിൽ ഏറ്റവും ശക്തം
- ചലച്ചിത്രം - ബഹുജന മാധ്യമങ്ങളിൽ ഒരു പൂർണ്ണകലാരൂപം
- 1895-ൽ ലൂമിയർ സഹോദരന്മാരാണ് ആദ്യം ചലച്ചിത്രം നിർമ്മിച്ചു പ്രദർശിപ്പിച്ചത്
- ഫിലിം ടെക്നിക്കുകളുടെ പിതാവ് - ഗ്രിഫിത്ത്
- വീഡിയോഗ്രഫി - വസ്തു പ്രതിരൂപങ്ങളെ വീഡിയോക്യാമറയിൽ പകർത്തൽ
- ഡിജിറ്റൽ വീഡിയോ - ചിത്രം ശബ്ദം ക്യാമറയിൽ ഇലക്ട്രോണിക്കലാക്കൽ
- വീഡിയോ നിർമ്മാണത്തിന്റെ ആവശ്യകത വർദ്ധിപ്പിച്ചത് ടെലിവിഷൻ
- ഡിജിറ്റൽ ക്യാമറ - ജീവിതത്തിന്റെ എല്ലാമേഖലകളിലും

Objective Type Questions

1. നമ്മുടെ ആശയങ്ങൾ മറ്റുള്ളവർക്ക് പകർന്നു നൽകുന്ന പ്രക്രിയയ്ക്ക് പറയുന്ന വാക്ക്?
2. ദൃശ്യങ്ങൾ കൊണ്ടുള്ള ആശയവിനിമയങ്ങൾക്ക് പറയുന്ന പദം?
3. ആശയവിനിമയത്തിലെ വലിയ മാതൃക?
4. ലോകത്തെ ഒരു ആഗോളഗ്രാമ സമൂഹമായി രൂപപ്പെടുത്തുന്നത്?
5. മനുഷ്യന്റെ ആദ്യകാല ദൃശ്യ ആശയവിനിമയം എപ്രകാരമായിരുന്നു?
6. ഷാവെറ്റ് കേവിന്റെ സവിശേഷതയെന്ത്?
7. കേവ് ഓഫ് സ്വിമ്മേഴ്സുമായി ബന്ധപ്പെടുത്തി നിർമ്മിച്ച സിനിമ ഏതാണ്?
8. കേവ് ഓഫ് സ്വിമ്മേഴ്സ് ഏതുനാട്ടിലാണ് സ്ഥിതിചെയ്യുന്നത്?
9. ഫോട്ടോ ഫിലിമിൽ ആദ്യകാലത്ത് ഉപയോഗിച്ചിരുന്ന രാസവസ്തുവിന്റെ പേരെന്ത്?
10. ആധുനിക ക്യാമറകളിൽ കൃത്രിമ പ്രകാശം പുറപ്പെടുവിക്കുന്ന ഉപകരണത്തിന്റെ പേര്?
11. പ്രകാശത്തിന്റെ പ്രാഥമിക നിറങ്ങൾ ഏവ?
12. ഫോട്ടോഗ്രഫി എന്ന പദത്തിന്റെ അർത്ഥമെന്ത്?
13. ഏതൊക്കെ പദങ്ങളിൽനിന്നാണ് ഫോട്ടോഗ്രഫി എന്ന വാക്ക് രൂപപ്പെട്ടത്?
14. ക്യാമറയുടെ മികവിന്റെ മാനദണ്ഡമെന്ത്?
15. പെഴ്സിസ്റ്റൻസ് ഓഫ് വിഷന്റെ തത്വം കണ്ടെത്തിയ വ്യക്തി?
16. ആദ്യമായി കുതിരയുടെ ഓട്ടം പകർത്തി ചലനചിത്രമാക്കിയ വ്യക്തി?
17. ആദ്യമായി ഫോട്ടോഗ്രഫിക് ഗൺ ക്യാമറയിൽ പിടിപ്പിച്ച് ചലനചിത്രങ്ങൾ പകർത്തിയ ആൾ?
18. നോവലിനെ മുൻനിർത്തി അനുവർത്തനംചെയ്തു നിർമ്മിച്ച ആദ്യ സിനിമ ഏത്?
19. ഹോളിവുഡിലെ ആദ്യ കളർസിനിമ?
20. പൂർണ്ണസംഭാഷണമുള്ള ആദ്യ ശബ്ദസിനിമ ഏതായിരുന്നു?
21. ലൂമിയർ സഹോദരന്മാർ ആരൊക്കെയാണ്?

22. ചലച്ചിത്ര സന്നിവേശത്തിന്റെ പിതാവ് എന്ന് വിളിക്കപ്പെടുന്ന വ്യക്തി?
23. ഫിലിം ടെക്നിക്കുകളുടെ പിതാവെന്ന് വിളിക്കപ്പെടുന്ന വ്യക്തി?
24. ബാറ്റിൽഷിപ്പ് പോട്ടെംകിൻ ആരുടെ ചലച്ചിത്രമാണ്?
25. ആദ്യത്തെ ബ്ലാക്ക് ആന്റ് വൈറ്റ് ചിത്രം പകർത്തിയത് ആര്?
26. ആദ്യം ചലനചിത്രങ്ങൾ നിർമ്മിച്ചത് ആര്?
27. ക്യാമറകൾവച്ച് കുതിര ഓടുന്ന ചിത്രങ്ങൾ ആദ്യം പകർത്തിയത് ആര്?
28. കിനറ്റോഗ്രാഫ് എന്ന ക്യാമറയുണ്ടാക്കിയ വ്യക്തി?
29. കൈയിൽ കൊണ്ടുനടക്കാവുന്ന വീഡിയോക്യാമറ വിപണിയിൽ വന്ന വർഷം?
30. വീഡിയോ ക്യാമറകളിൽ ഡിസ്കുകൾ ഉപയോഗിച്ചു തുടങ്ങിയ വർഷം?

Answers

1. ആശയവിനിമയം
2. ദൃശ്യമാധ്യമങ്ങൾ
3. ബഹുജന മാധ്യമങ്ങൾ
4. മാധ്യമങ്ങൾ
5. ഗുഹാചിത്രങ്ങളിലൂടെ
6. പലതരം മൃഗങ്ങളുടെ ചിത്രങ്ങൾ കാണപ്പെടുന്നു
7. ദി ഇംഗ്ലീഷ് പേഷ്യന്റ്
8. തെക്കുപടിഞ്ഞാറൻ ഈജിപ്റ്റിൽ
9. സിൽവർ ബ്രോമൈഡ്
10. ഫ്ളാഷ്
11. ഗ്രീൻ, ബ്ലൂ, റെഡ് എന്നിവ
12. പ്രകാശത്തിന്റെ വര
13. ഫോട്ടോസ് ഗ്രഫീൻ
14. സംവേദനത്വം
15. പീറ്റർ മാർക്ക് റോജറ്റ്
16. എഡ്വേഡ് മായ്ബ്രിജ്
17. ജൂൾസ് മരെ
18. എ ട്രിപ് ടു ദ മൂൺ
19. ദ ടോൾ ഓഫ് ദ സീ
20. ദി ലൈറ്റ്സ് ഓഫ് ന്യൂയോർക്ക്
21. അഗസ്റ്റേയും ലൂയിയും
22. എഡ്വിൻ എസ്. പോർട്ടർ
23. ഗ്രിഫിത്ത്
24. സെർജി ഐസൻസ്റ്റെൻ
25. ജോസഫ് നീപ്സ്

26. ജോസഫ് പ്ലേയ്ട്ടോ
27. എഡ്വേഡ് മേബ്രിജ്
28. വില്യം ഡിക്സൻ
29. 1964
30. 1973

Assignment

1. വ്യത്യസ്തതരം ആശയവിനിമയങ്ങളെക്കുറിച്ച് വിവരിക്കുക.
2. ഗുഹാചിത്രങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.
3. ദൃശ്യമാധ്യമങ്ങളെക്കുറിച്ച് വിവരണം തയ്യാറാക്കുക.
4. ഡിജിറ്റൽ വീഡിയോയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.
5. ദൃശ്യമാധ്യമം എന്ന നിലയിൽ സിനിമയുടെ ജനപ്രിയതയെക്കുറിച്ച് കുറിപ്പെഴുതുക.

References

1. ജി. ജെയിംസ്, സാഹിത്യവും സിനിമയും ഒരു ചിഹ്നശാസ്ത്ര പഠനം, പാം പബ്ലിക്കേഷൻസ്, കൊല്ലം.
2. കെ. രവീന്ദ്രൻ, ബി. ഇക്ബാൽ, ഇന്റർനെറ്റും ഇൻഫർമേഷൻ വിപ്ലവവും, കറന്റ് ബുക്സ്, തൃശ്ശൂർ.
3. ജി. ജെയിംസ്, അഗ്നിസാക്ഷി നോവലും സിനിമയും, പാം പബ്ലിക്കേഷൻസ്, കൊല്ലം.
4. Bordwell, David, et al. Film History: An Introduction. McGraw-Hill Education.
5. Monaco, James. How to Read a Film: Movies, Media, and Beyond. Oxford University Press.
6. Rothman, William. The “I” of the Camera: Essays in Film Criticism, History, and Aesthetics. Cambridge University Press.
7. Elsaesser, Thomas, and Malte Hagener. Film Theory: An Introduction Through the Senses. Routledge.
8. James Kelley, Ken Smith Handbook of Visual Communication: Theory, Methods, and Media , Routledge.
9. Jim Owens & Gerald Millerson, Video Production Handbook, Paperback.
10. Block, Bruce. The Visual Story: Creating the Visual Structure of Film, TV and Digital Media. Focal Press
11. Braudy, Leo, and Marshall Cohen, editors. Film Theory and Criticism: Introductory Readings. Oxford

E-content

1. Lascaux cave kµÀin-¡m³
2. www.temps-de-vivre.com>la-grotte-de-lascaux

BLOCK 02

ദൃശ്യഭാഷയും ആശയ വിനിമയ ഘടകങ്ങളും

SGOU

യൂണിറ്റ്
1

ദൃശ്യഭാഷയും ആശയ വിനിമയ ഘടകങ്ങളും

Learning Outcomes

- ദൃശ്യആശയവിനിമയത്തെക്കുറിച്ചും അതിന്റെ ഘടകങ്ങളെക്കുറിച്ചും മനസിലാക്കുന്നു.
- ക്യാമറയുടെ ഭാഷയെക്കുറിച്ച് പൊതുവിലുള്ള അറിവ് വർധിപ്പിക്കുന്നു.
- ക്യാമറയുടെ സ്ഥാനം, ക്യാമറയുടെ ചായ്‌വുകൾ, ക്യാമറയുടെ ചലനം എന്നിവമൂലം ഷോട്ടുകളിൽ വരുന്ന വ്യത്യാസങ്ങൾ ഗ്രഹിക്കുന്നു.
- എഡിറ്റിംഗിനെക്കുറിച്ചും സിനിമയിലെ പ്രകാശവിന്യാസത്തെക്കുറിച്ചും മനസ്സിലാക്കുന്നു.
- സിനിമയുടെ നിർമ്മാണ രീതിയെക്കുറിച്ച് അടിസ്ഥാന ധാരണ ലഭിക്കുന്നു.
- ലഘുചിത്രങ്ങൾ നിർമ്മിക്കാൻ പ്രചോദനമേകുന്നു.

Prerequisite

ശബ്ദങ്ങളേക്കാൾ അധികമായി ചിത്രങ്ങൾ നമ്മെ സ്വാധീനിക്കാറുണ്ട്. ചിത്രങ്ങളിലൂടെയോ ശില്പങ്ങളിലൂടെയോ ആംഗ്യങ്ങളിലൂടെയോ അഭിനയങ്ങളിലൂടെയോ ആശയങ്ങൾ മനസ്സിലാക്കാനുള്ള കഴിവ് മനുഷ്യന് കൂടുതലായുണ്ട്. അതിനാൽ ചിത്രങ്ങൾ, വസ്തുക്കൾ, ഗ്രാഫുകൾ, കാർട്ടൂണുകൾ, മോഡലുകൾ, ഡയഗ്രം, സ്ലൈഡുകൾ, ചാർട്ടുകൾ, പോസ്റ്ററുകൾ, ബ്ലാക്ക്ബോഡുകൾ, ഇലക്ട്രോണിക് ബോഡുകൾ, ഗ്ലോബുകൾ, ഫിലിം സ്ട്രിപ്പുകൾ, ചലച്ചിത്രങ്ങൾ, നാടകങ്ങൾ, വ്യത്യസ്ത അനുഷ്ഠാനകലകൾ, ബിനാലെകൾ (Biennale), കമ്പ്യൂട്ടർ നിർമ്മിത വസ്തുക്കൾ തുടങ്ങി എണ്ണമറ്റ ദൃശ്യരൂപങ്ങളെ പഠനങ്ങൾക്കും ആശയവിനിമയങ്ങൾക്കും ആസ്വാദനങ്ങൾക്കും വിപണനസാധ്യതകൾക്കുമായി നമ്മൾ ഉപയോഗപ്പെടുത്തി വരുന്നു.

ആധുനിക ദൃശ്യമാധ്യമങ്ങളിൽ അതിവേഗമുള്ള വളർച്ചയും ജനപ്രീതിയുമാണ് ചലച്ചിത്രത്തിനുള്ളത്. ബഹുജനമാധ്യമങ്ങളായ അച്ചടി, റേഡിയോ, ചലച്ചിത്രം, ടെലിവിഷൻ, ഇന്റർനെറ്റ് എന്നിവയിൽ, ഒരു ആസ്വാദനകലാരൂപം എന്ന നിലയിൽ വേറിട്ടുനിന്നുകൊണ്ട് അതിവേഗമുള്ള സാങ്കേതികവളർച്ചയും വികാസവും നേടാൻ ചലച്ചിത്രത്തിനു കഴിഞ്ഞു.

ഇന്ന് ദൃശ്യകലയിൽ അസാധ്യമെന്ന വാക്ക് ചലച്ചിത്രത്തിലില്ല. അത്യാധുനിക ഗ്രാഫിക് സാങ്കേതികവിദ്യയിലൂടെ ചലച്ചിത്രത്തിൽ എത്ര അത്ഭുതകരമായ ദൃശ്യവിസ്മയങ്ങൾ തീർക്കാനും കഴിയുന്നു. ഇക്കാലത്ത് നൂറുകണക്കിന് ചലച്ചിത്രങ്ങൾ അത്തരത്തിൽ പിറവിയെടുത്തുകഴിഞ്ഞിരിക്കുന്നു. ശതകോടികളുടെ മുടക്കുമുതലുള്ള ഒരു കച്ചവടമേഖലയായി ചലച്ചിത്രം മാറിയിരിക്കുന്നു. ഒരേസമയം ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ ചലച്ചിത്രങ്ങൾ ലോകമെമ്പാടുമായി കോടിക്കണക്കിന് പ്രേക്ഷകരുടെ ആസ്വാദനാനുഭവമായി മാറിക്കൊണ്ടിരിക്കുന്നു. എങ്കിലും ചലച്ചിത്രകലയ്ക്ക് കാലങ്ങൾ നീണ്ട ഒരു ചരിത്രവും വികാസപഥവുമുണ്ട്.

ജീവിതത്തെ അതിന്റെ സമഗ്രതയിൽ അവതരിപ്പിക്കുന്ന കലയാണ് ചലച്ചിത്രം. നേരിട്ട് കണ്ടും കേട്ടും ആസ്വദിക്കുന്ന കല. ജീവിതത്തെ കാണിച്ചുകൊടുക്കുന്ന കലയായതുകൊണ്ട് ചലച്ചിത്ര നിർമ്മാണം മുഖ്യമായും ദൃശ്യഭാഷ രചിക്കുന്ന ക്യാമറയെ ആശ്രയിച്ചാണെന്നറിയാം.

Keywords

ദൃശ്യഭാഷ- ക്യാമറയുടെ ഭാഷ- ഫ്രെയിം- ഷോട്ട്- സീൻ സീക്വൻസ്- ക്യാമറയുടെ സ്ഥാനം, - ക്യാമറ ആംഗിളുകൾ- ക്യാമറയുടെ ചലനം- ഫോക്കസ് ഇഫെക്റ്റുകൾ- ലെൻസുകളുടെ സവിശേഷതകൾ- പ്രകാശവിന്യാസരീതികൾ.

Discussion

ദൃശ്യ ആശയവിനിമയത്തിന്റെ ഘടകങ്ങൾ, ദൃശ്യഭാഷയുടെ ഘടകങ്ങൾ

ഇന്നത്തെ ആശയവിനിമയലോകം പ്രധാനമായും ദൃശ്യഭാഷയുടേതാണ്. നാം കാണുന്നവയെല്ലാം ദൃശ്യങ്ങളാണ്. ദൃശ്യങ്ങൾ കണ്ടുള്ള ആശയവിനിമയങ്ങളെല്ലാം ദൃശ്യഭാഷയുടെ പരിധിയിൽ വരുന്നു. നമ്മുടെ എഴുത്തുഭാഷാചിഹ്നങ്ങൾ മുതൽ കമ്പ്യൂട്ടർ സാങ്കേതികതയുടെയും ക്യാമറകളുടെയും സഹായത്തോടെ നിർമ്മിക്കപ്പെട്ടിരിക്കുന്നതും; നാം കണ്ടുമനസ്സിലാക്കുന്നതുമായ സിനിമകളും, പരസ്യങ്ങളും, വാർത്തകളും ന്യൂസ്റീലുകളും വരെ ദൃശ്യഭാഷയിൽ ഉൾപ്പെടുന്നു. ആശയവിനിമയത്തിന് സഹായിക്കുന്നവിധം കാണാവുന്നതെന്തും ദൃശ്യഭാഷയാണ്. ഏതെങ്കിലും മാധ്യമത്തെ ഉപയോഗപ്പെടുത്തി സമൂഹത്തിന് മനസ്സിലാകുംവിധം ദൃശ്യങ്ങളിലൂടെ കൈമാറുന്നതെന്തും ദൃശ്യഭാഷയാണ്.

കണ്ണുകൊണ്ടുള്ള കാഴ്ചകളിൽനിന്ന് നാം വിവരങ്ങൾ സ്വീകരിക്കുകയും അതുവഴി മറ്റേതെങ്കിലും ദൃശ്യമാധ്യമത്തിലൂടെ നടത്തുന്ന ആശയവിനിമയങ്ങളെല്ലാം ദൃശ്യഭാഷയുടെ പരിധിയിൽവരും. ബഹുജനമാധ്യമങ്ങളായ അച്ചടി, മറ്റു പ്രസിദ്ധീകരണങ്ങൾ, പത്രങ്ങൾ, ഫോട്ടോഗ്രഫി, സിനിമ, വീഡിയോദൃശ്യങ്ങൾ, പ്രക്ഷേപണ മാധ്യമമായ ടെലിവിഷൻ, ഇന്റർനെറ്റ് അധിഷ്ഠിതമായ സമൂഹദൃശ്യമാധ്യമങ്ങൾ എന്നിവയിലെ ഭാഷയും ദൃശ്യഭാഷാപരിധിയിൽ വരും.

അതിവിശാലമായൊരു ദൃശ്യ ആശയവിനിമയ ലോകത്തിലാണ് നാം ജീവിക്കുന്നത്. ദൃശ്യആശയവിനിമയത്തിന്റെ അദൃശ്യമായ വലകൾകൊണ്ട് നമ്മുടെ ലോകം പൊതിയപ്പെട്ടുകൊണ്ടിരിക്കുന്നു. അതിനായി ആധുനിക മാധ്യമങ്ങളെല്ലാം ഉപയോഗപ്പെടുത്തുന്ന ദൃശ്യഭാഷാരചനയ്ക്ക് കൂടുതലായി സഹായിക്കുന്നത് ക്യാമറയും കമ്പ്യൂട്ടറുകളുമാണ്. ക്യാമറാദൃശ്യങ്ങൾക്ക് എഡിറ്റിംഗിലൂടെ കൈവന്ന ഒരു വ്യാകരണമുണ്ട്. അത് കൂടുതലായി ഉപയോഗിക്കുന്നത് ചലച്ചിത്രവും ടെലിഫിലിമുകളും ഡോക്യുമെന്ററികളുമാണ്.

ഇന്ന് ദൃശ്യഭാഷയ്ക്ക് പരിധികളില്ല. സംഭവങ്ങളെ ഒരു ജീവിതത്തിലെന്നപോലെ കാട്ടിത്തരിക മാത്രമല്ല, ഓർമ്മകളെയോ, സ്വപ്നങ്ങളെയോ, വിഭ്രാന്തികളെയോ, എത്രവിചിത്രവും അസാധ്യവുമായ ഭാവനകളെയോ ക്യാമറയുടെയും കമ്പ്യൂട്ടർ ഗ്രാഫിക്കിന്റെയും സഹായത്തോടെ നിർമ്മിക്കാനും അതിലൂടെ നമ്മെ എത്രവലിയ വിസ്മയങ്ങളുടെ വിഹായസുകളിലേക്ക് കൊണ്ടെത്തിക്കാനും ദൃശ്യഭാഷയ്ക്ക് കഴിയുന്നു. യാഥാർത്ഥ്യമെന്ന് തോന്നിപ്പിക്കുംവിധം അത്ഭുതങ്ങളുടെ ലോകങ്ങളിലൂടെയാണ് പുതിയ ചലച്ചിത്രങ്ങൾ നമ്മെ കൊണ്ടുപോകുന്നത്.

സിനിമയുടെ ദൃശ്യഭാഷയെക്കുറിച്ച് സാമാന്യമായ അറിവ് നേടിക്കഴിഞ്ഞാൽ സ്വന്തമായി മൊബൈൽക്യാമറകളിലോ വീഡിയോക്യാമറകളിലോ ചെറിയസിനിമകൾ നിർമ്മിക്കാം. നിങ്ങളുടെ സ്വന്തം കഥയെയോ, പഠിച്ച ഏതെങ്കിലും കഥയെയോ മുൻനിർത്തി രണ്ടോ മൂന്നോ കൂട്ടുകാരെയും കൂട്ടി ലഘുസിനിമകളോ ഡോക്യുമെന്ററികളോ നിർമ്മിക്കാം.

സിനിമയ്ക്കും ടെലിവിഷനും ഏറ്റവും കൂടുതൽ സാധർമ്മ്യം ചിത്രലിപികളോടാണ്. ഇവയിലും അക്ഷരങ്ങളേപ്പോലെ ചിത്രങ്ങൾ യഥാർത്ഥത്തിൽ ചലിക്കാറില്ല. ചലിക്കുന്നു എന്ന തോന്നൽ ഉണ്ടാക്കുക മാത്രമാണു ചെയ്യുന്നത്. ക്യാമറ പകർത്തിയെടുക്കുന്ന ദശലക്ഷം സ്ഥിരചിത്രങ്ങളിലൂടെ ചലനം സൃഷ്ടിക്കേണ്ടി വരുമ്പോൾ സാങ്കേതികത്വം അവിടെ തുടങ്ങുന്നു. ഒരു ദൃശ്യഭാഷയുടെ സഹായത്താലാണ് ഇത് സാധിക്കുന്നത്. ചലിക്കാത്ത ഒരുകൂട്ടം സ്ഥിരചിത്രങ്ങളെ ചലിക്കുന്നു എന്ന തോന്നലുണ്ടാക്കാൻ പരസ്പരബന്ധമുള്ള കുറെ ചിത്രങ്ങൾ ഇടമുറിയാതെ കണ്ണിനുമുന്നിലൂടെ കടന്നുപോകണം. അപ്പോൾ അവ സ്വയം ചലിക്കുന്നതായി തോന്നും. ചിത്രത്തിനകത്ത് സൃഷ്ടിക്കപ്പെടുന്ന ഈ ചലനം രണ്ടുവിധത്തിലാണ്. ചിത്രത്തിനകത്തുള്ള മനുഷ്യരും വസ്തുക്കളുമൊക്കെ ചലിക്കുന്നു. അതുപോലെ ഈ ചലനത്തിനൊപ്പം തന്നെ ദൃശ്യമാകെ ഇടത്തോട്ടോ വലത്തോട്ടോ മുകളിലേക്കോ താഴേക്കോ ഒക്കെ നീങ്ങുന്നു. ദൃശ്യങ്ങളും അവയുടെ ഇത്തരം ചലനങ്ങളും കൂടിച്ചേർന്നു സൃഷ്ടിക്കുന്ന ദൃശ്യസങ്കേതമാണ് ഇന്ന് സിനിമയിലും ടെലിവിഷനിലും ഉപയോഗിക്കുന്ന ദൃശ്യഭാഷ. ഏത് ആശയത്തെയും വ്യക്തമായി കൈമാറാനുള്ള മാധ്യമമായി ഈ ദൃശ്യഭാഷയെ ഉപയോഗിക്കാം. പരസ്പരബന്ധമുള്ള അനേകം ദൃശ്യങ്ങളും അവയിലെ ചലനങ്ങളും കൂടിച്ചേർന്ന് നടത്തുന്ന ആശയസംവേദനം ഈ ദൃശ്യഭാഷയുടെ ബോധപൂർവമായ വിന്യാസത്തിലൂടെ സംഭവിക്കുന്നു. വ്യക്തമായ പരസ്പരബന്ധത്തിലൂടെയും ദൃശ്യാവബോധത്തിൽ അധിഷ്ഠിതമായും കൂട്ടിച്ചേർക്കുന്ന കുറെ ദൃശ്യങ്ങൾ കൊണ്ടുമാത്രമേ ആശയസംവേദനം നടത്താനാവൂ. ഇതിനായി ദൃശ്യത്തിനകത്തെ വിവിധ ഘടകങ്ങളെയും പരിസരങ്ങളെയുമൊക്കെ തമ്മിൽ യുക്തിയുക്തമായ വിധത്തിൽ ബന്ധിപ്പിക്കേണ്ടതുണ്ട്. ഇതാണ് കോമ്പോസിഷൻ. ഇത്തരത്തിൽ കൂട്ടിച്ചേർക്കുന്ന പരസ്പരബന്ധമുള്ള വിവിധ ദൃശ്യങ്ങൾക്ക് വ്യക്തമായ തുടർച്ച ഉണ്ടായിരിക്കണം. ഇതാണ് കണ്ടിന്യുവിറ്റി. ഇത്തരത്തിൽ കോമ്പോസിഷനിലും കണ്ടിന്യുവിറ്റിയിലും അധിഷ്ഠിതമാക്കി ഉണ്ടാക്കുന്ന ഒരു കൂട്ടം ദൃശ്യങ്ങളാണ് ദൃശ്യഭാഷയുടെ ഘടകം. അതായത് ദൃശ്യഭാഷയിലെ ഏറ്റവും പ്രാമാണികമായ ഘടകം അതിന്റെ അടിസ്ഥാന ഭാഗമായ ദൃശ്യങ്ങളാണ്. ഈ സ്ഥിരദൃശ്യങ്ങൾ ചലിക്കണമെങ്കിൽ സെക്കന്റിൽ 24 എണ്ണം വീതം കണ്ണിനുമുന്നിലൂടെ നീങ്ങിക്കൊണ്ടിരിക്കണം. ചലനത്തിനായി ഇങ്ങനെ സൃഷ്ടിക്കുന്ന ദൃശ്യങ്ങളിൽ ഒന്നിനെ ഒരു ഫ്രെയിം എന്നു പറയാം. കണ്ണിനുമുന്നിലൂടെ ഓടിക്കൊണ്ടിരിക്കുന്ന ദശലക്ഷക്കണക്കിനുള്ള ഫ്രെയിമുകളാണ് ദൃശ്യഭാഷയുടെ അക്ഷരമാലകൾ. അക്ഷരങ്ങൾ കൂടിച്ചേർന്ന് വാക്കുകൾ സൃഷ്ടിക്കപ്പെടുംപോലെ ഫ്രെയിമുകൾ കൂടിച്ചേർന്ന് ഷോട്ടുകൾ ഉണ്ടാവുന്നു. വാക്കുകൾ കൂടിച്ചേർന്ന് വാചകം രൂപംകൊള്ളും പോലെ ഷോട്ടുകൾ കൂടിച്ചേർന്ന് സീനുകൾ ഉണ്ടാവുന്നു. വിവിധ സീനുകൾ കൂടിച്ചേർന്ന് സ്വീക്വൻസുകൾ ഉണ്ടാകുന്നു. സ്വീക്വൻസുകൾ കൂടിച്ചേർന്ന് സിനിമ രൂപം കൊള്ളുന്നു.

ദൃശ്യഭാഷ = ഫ്രെയിം + ഷോട്ട് + സീൻ + സ്വീക്വൻസ്.

ക്യാമറയുടെ ഭാഷ (The Language of the Camera)

സിനിമ നമ്മുടെ ജീവിതയാഥാർത്ഥ്യത്തോടിണങ്ങിനിൽക്കുന്ന ഒരു ദൃശ്യശ്രാവ്യ വിസ്മയമാണ്. അതിൽ നമ്മുടെ കാഴ്ചയുമായി ബന്ധപ്പെട്ട പെഴ്സിസ്റ്റൻസ് ഓഫ് വിഷൻ എന്നൊരു ദൃശ്യാനുഭവത്തിന്റെ വസ്തുതയുണ്ട്. നാം ഒരു ചിത്രം കണ്ടുകഴിയുമ്പോൾ അതിന്റെ ഇമേജ് പതിനാറിലൊന്ന് സെക്കൻഡു സമയംകൂടി കണ്ണിൽ നിന്ന് മാഞ്ഞുപോകാതെ റെറ്റിനയിൽ തങ്ങി നിൽക്കും. നാം അത് തിരിച്ചറിയുന്നില്ലെന്നേയുള്ളൂ.

ചലച്ചിത്രത്തിന്റെ അടിസ്ഥാനഘടകങ്ങൾ നിശ്ചലദൃശ്യങ്ങളാണ്. പെയിന്റിങ്ങുകൾക്കുതുല്യം ഒറ്റയൊറ്റയായ ഫോട്ടോഗ്രഫിക് പ്രതിരൂപങ്ങളാണ് നിശ്ചലദൃശ്യങ്ങൾ. പ്രദർശന വേളയി

ലാണ് നിശ്ചല പ്രതിരൂപങ്ങൾക്ക് ചലനപ്രതീതി അനുഭവപ്പെടുന്നത്.

ചലച്ചിത്രനിർമ്മാണത്തിനായി ഫിലിമിൽ പകർത്തിയ നിശ്ചലചിത്രങ്ങളാണ് ഫ്രെയിമുകൾ. സാധാരണ 35-ാം ശബ്ദചിത്രത്തിൽ ഒരു സെക്കന്റിൽ 24 ഫ്രെയിമുകൾ എന്ന ക്രമത്തിലാണ് ചിത്രീകരിക്കുന്നതും, പ്രദർശിപ്പിക്കുന്നതും. ഫ്രെയിമുകളുടെ തുടർച്ചയായൊരു കൂട്ടമാണ് ഷോട്ട്. ക്യാമറയുടെ ഏതെങ്കിലും പ്രത്യേക സജ്ജീകരണത്തിലെടുത്ത ചെറിയ ദൃശ്യചിത്രീകരണമാണ് ഷോട്ട്. ചലച്ചിത്രഭാഷയുടെ ചെറിയ വ്യാകരണഭാഗവും അതാണ്. ഭാഷയിലെ വാക്കിനോടും വാക്യത്തോടും ഷോട്ടിനെ സാദൃശ്യപ്പെടുത്താറുണ്ട്.

> ഫ്രെയിമുകളുടെ തുടർച്ചയായ കൂട്ടമാണ് ഷോട്ട്. ക്യാമറയുടെ പ്രത്യേക സജ്ജീകരണത്തിലെടുത്ത ചെറിയ ദൃശ്യചിത്രീകരണമാണ് ഷോട്ട്. കുറച്ചു ഷോട്ടുകൾ യോജിപ്പിക്കുന്നതാണ് സീൻ.

ഒരേ സ്ഥലകാലങ്ങളിൽ, ഒരേയിടത്തുവച്ച് ഒരു സംഭവത്തെ പകർത്തിയ കുറച്ചു ഷോട്ടുകൾ യോജിപ്പിക്കുന്നതാണ് സീൻ. ചലച്ചിത്രഭാഷയിൽ ഷോട്ടിനേക്കാൾ വലുതും സീക്വൻസിനേക്കാൾ ചെറുതുമാണ് സീൻ. അത് ഒരു സംഭവത്തെ ചിത്രീകരിക്കുന്ന തുടർച്ചയായ കുറെ ഷോട്ടുകളാവും. പല സീനുകൾ ചേർത്താണ് ഒരു സംഭവത്തിന്റെ ചിത്രീകരണം പൂർത്തിയാക്കുക. സാഹിത്യകൃതിയുമായി താരതമ്യപ്പെടുത്തുമ്പോൾ സീനിനെ ഒരു വാക്യത്തോടും ഖണ്ഡികയോടും താരതമ്യപ്പെടുത്തുന്നവരുണ്ട്. ചെറുഖണ്ഡികയോട് സാദൃശ്യപ്പെടുത്തുകയാവും നല്ലത്.

കുറേ സീനുകൾ ചേർത്താണ് ഒരു സീക്വൻസ് ഉണ്ടാക്കുന്നത്. വാക്യങ്ങളോ, ചെറുഖണ്ഡികകളോ ചേർന്ന് ഒരു സംഭവത്തിന്റെ വിവരണം പൂർത്തിയാവുന്നതുപോലെയാണ്, കുറേ സീനുകൾചേർന്ന് ഒരു സീക്വൻസ് ഉണ്ടാവുന്നത്. ഒരേ സ്ഥലകാലങ്ങളുമായി ബന്ധപ്പെട്ടതും കഥാപാത്രങ്ങളുടെ ജീവിതത്തിലെ പരസ്പര ബന്ധമുള്ളതുമായ ഏതാനും സംഭവങ്ങൾ ചേർന്ന് പൂർണ്ണമാവുന്ന ഒരധ്യായത്തിനു തുല്യമായും ചിലർ സീക്വൻസിനെ വിശേഷിപ്പിക്കാറുണ്ട്.

ചലച്ചിത്രത്തിന്റെ അടിസ്ഥാന ഘടകങ്ങൾ ഷോട്ടുകളാണ്. ഷോട്ടുകളുടെ നിർമ്മാണമാണ് ചലച്ചിത്രരചനയുടെ പ്രധാന ഭാഗം. ദൃശ്യഭാഷയാണ് സിനിമയുടേത്. ദൃശ്യങ്ങളിലൂടെ കഥ കാണിച്ചുകൊടുക്കുകയാണ്. കഥാപാത്രങ്ങളെയും സംഭവങ്ങളെയും പ്രേക്ഷകർ എങ്ങനെ കാണണം എന്ന തീരുമാനമാണ് ക്യാമറയുടെ ദൃശ്യരചനയെ തീരുമാനിക്കുന്നത്.

ദൃശ്യങ്ങൾ അനവധി തരത്തിലുണ്ട്. കഥാപാത്രത്തെ എത്ര അടുത്ത്, ഏത് വിധത്തിൽ, ഏത് പശ്ചാത്തലത്തിൽ കാണണമോ അതനുസരിച്ചാണ് ദൃശ്യനിർമ്മാണം നടത്തുക. അതിന് പല ഘടകങ്ങളെ മാനദണ്ഡമായി സ്വീകരിക്കും. ക്യാമറയും വ്യക്തിയും (വസ്തുവും) തമ്മിലുള്ള അകലം അതിലൊന്നാണ്. ലോങ്ഷോട്ട്, മീഡിയം ഷോട്ട്, ക്ലോസപ്പ് എന്നിവ ക്യാമറയുടെ സ്ഥാനത്തെ-അകലത്തെ-ദൂരത്തെ ആസ്പദമാക്കുന്നു.

ചലച്ചിത്രത്തിന്റെ ഷോട്ടുകളുടെ നിർമ്മാണത്തിൽ ക്യാമറയുടെ സ്ഥാനത്തിന് അതികർക്കശമായ വ്യാഖ്യാനങ്ങളില്ല. എന്നിരുന്നാലും സംഭവങ്ങളിൽ ചിത്രീകരിക്കപ്പെടുന്ന കഥാപാത്രങ്ങളെ പ്രേക്ഷകർ എങ്ങനെ കാണണം എന്ന തീരുമാനം ചലച്ചിത്രദൃശ്യരചനയുടെ അടിസ്ഥാന സങ്കല്പമാണ്. അതിനാൽ ദൃശ്യരചനയിൽ ക്യാമറയും വസ്തുവും തമ്മിലുള്ള അകലത്തിന് അർത്ഥമുണ്ട്.

നിത്യേനയെന്നോണം നവീകരണത്തിനു വിധേയമായിക്കൊണ്ടിരിക്കുന്ന ഒരു യന്ത്രോപകരണമാണ് മൂവി ക്യാമറ. ഏതു പ്രതികൂലാവസ്ഥകളിലും ഏറ്റവും സൂക്ഷ്മമായ ചിത്രവും ശബ്ദവും പകർത്തിയെടുക്കാവുന്ന സ്വയം പ്രവർത്തിക്കുന്ന ഓട്ടോ സംവിധാനമുള്ള ക്യാമറകൾ ഒന്നൊന്നായി പുറത്തിറക്കിക്കൊണ്ട് നിർമ്മാണക്കമ്പനികൾ വിപണി പിടിച്ചടക്കാനുള്ള മത്സരം ആവർത്തിച്ചുകൊണ്ടിരിക്കുന്നു. ചിത്രീകരണം നടത്തേണ്ട ഫ്രെയിമുകളുടെ ഘടനയ്ക്കനുസരിച്ച് മാറിമാറി ഘടിപ്പിക്കാവുന്ന വിവിധതരം ലെൻസുകൾ മൂവി ക്യാമറയിൽ ഉണ്ട്. വലിയ പ്രകൃതിദൃശ്യത്തെ പകർത്താനും കഥാപാത്രത്തിന്റെ

മുഖത്തിന്റെ സമീപ ദൃശ്യം എടുക്കാനും പ്രത്യേകതരം ലെൻസുകൾ ആവശ്യമാണ്, മൂവി ക്യാമറകളിൽ സാധാരണയായി 18 മി.മീ. മുതൽ 150 മി.മീ. വരെ ഫോക്കൽ ലെങ്ത് ഉള്ള ലെൻസുകളാണ് ഉപയോഗിക്കുന്നത്. ലെൻസുകളുടെ രംഗത്തെ വിപ്ലവകരമായ സംഭാവനയാണ് സൂം ലെൻസ്. സാധാരണ മൂവി ക്യാമറയിലെ സൂം ലെൻസിന്റെ റെയിഞ്ച് 3:1 മുതൽ 10:1 വരെയാണ്. 20:1 റെയിഞ്ചുവരെയുള്ള സൂംലെൻസുകൾ ഉണ്ട്. 16 മി.മീ. മൂവിക്യാമറകളിൽ മിക്കതിലും സൂംലെൻസ് മാത്രമാണുള്ളത്. ഇതുകൂടാതെ വൈഡ്ആംഗിൾ, ടെലി തുടങ്ങി പ്രത്യേകം ഇഫക്ടുകൾക്കു വേണ്ട വ്യത്യസ്ത തരം ലെൻസുകൾ മൂവി ചിത്രീകരണത്തിൽ ഇന്നുപയോഗിക്കുന്നു. ക്യാമറയുടെ പുറത്തേക്ക് തുറക്കുന്ന സുതാര്യ വാതായനമാണ് ലെൻസുകൾ. അതുകൊണ്ട് ലെൻസിനൊപ്പം പലതരം സുരക്ഷിതോപായങ്ങളും ഉറപ്പിച്ചിട്ടുണ്ട്. വശങ്ങളിൽ നിന്നും വീഴാനിടയുള്ള വെളിച്ചത്തെ മറയ്ക്കുന്ന ലെൻസ് ഹുഡ്, ബാസ്, ഫിൽട്ടറുകൾ ഉറപ്പിക്കാനുള്ള ഹോൾഡർ, മാറ്റിസ് തുടങ്ങിയവയൊക്കെ വിവിധതരം മോഡലുകളിൽ ഉണ്ട്.

ലെൻസിനു തൊട്ടുപിന്നിലായി ഉറപ്പിച്ചിരിക്കുന്ന വൃത്താകൃതിയിലുള്ള കറങ്ങുന്ന ഒരു നേർത്ത ഫലകമാണ് ഷട്ടർ ഫിലിമിലേക്ക് കടന്നുവരുന്ന വെളിച്ചത്തെ നിയന്ത്രിക്കുന്ന ഉപാധി. വട്ടം കറങ്ങുമ്പോൾ ഇടവിട്ട് വെളിച്ചത്തെ മറയ്ക്കുകയും ഫിലിമിലേക്ക് കടത്തിവിടുകയും ചെയ്യുന്നു. ചിത്രീകരണത്തിനായി ലെൻസിനു മുന്നിൽ തങ്ങിനിൽക്കുന്ന ഫിലിം ദൃശ്യത്തിൽ നിന്നും കടന്നുവരുന്ന വെളിച്ചം ഏറ്റുവാങ്ങി വീണ്ടും മുന്നോട്ടു നീങ്ങുമ്പോൾ ആ ഭാഗത്ത് വെളിച്ചം പിന്നീടും പതിക്കുന്നത് ഈ ഷട്ടർ തടയുന്നു. മൂവിക്യാമറയിൽ ഒരു ഫ്രെയിം പകർത്തിയെടുക്കാൻ ഈ ഷട്ടർ അനുവദിക്കുന്ന സമയം അൻപതിൽ ഒന്നു സെക്കന്റാണ്. ഈ സമയത്തു മാത്രം ഷട്ടർ തുറന്നിരിക്കും. അതു കഴിഞ്ഞാൽ വീണ്ടും അടഞ്ഞ് അടുത്ത ഫ്രെയിമിനു വേണ്ട ഫിലിം ലെൻസിന്റെ മുന്നിലെത്തിക്കഴിഞ്ഞുമാത്രം വീണ്ടും തുറക്കുന്നു. ഈ ഷട്ടറിന്റെ സഹായത്താലാണ് ഫിലിമിൽ തുടർച്ചയായ ചിത്രീകരണം നടത്താൻ കഴിയുന്നത്. സെക്കന്റിന്റെ അൻപതിലൊന്നു സമയം മാത്രം തുറന്നിരിക്കുന്നതിനോടൊപ്പം ഷട്ടർ ഇരുപത്തിനാലു തവണ തുറന്നടയുന്നു. അങ്ങനെ 25 ഫ്രെയിം ചിത്രീകരണം നടക്കുന്നു. സ്റ്റിൽ ക്യാമറകളിലെപ്പോലെ ചിത്രീകരിക്കേണ്ട ദൃശ്യത്തെ നേരിട്ടു കാണാൻ ക്യാമറയിൽ ഘടിപ്പിച്ചിരിക്കുന്ന ദർശിനിയാണ് വ്യൂഫൈൻഡർ (View finder). ലെൻസിലൂടെ കടന്നുവരുന്ന ദൃശ്യത്തെ ഫോക്കസ് ചെയ്യാനും അതിന്റെ നാലതിരുകളെയും വേണ്ട രീതിയിൽ കമ്പോസ് ചെയ്യാനും സഹായിക്കുന്നത് ഈ വ്യൂഫൈൻഡറാണ്.

സ്റ്റിൽ മൂവി ക്യാമറകളിൽ നിന്നും വീഡിയോ ക്യാമറയ്ക്കുള്ള പ്രധാന വ്യത്യാസം ചിത്രം പതിച്ചെടുക്കാൻ ഫിലിം ആവശ്യമില്ല എന്നതാണ്. ലെൻസിലൂടെ കടന്നുവരുന്ന ദൃശ്യത്തിൽ നിന്നുള്ള വെളിച്ചത്തെ വീഡിയോ ക്യാമറ ഇലക്ട്രോണിക് തരംഗങ്ങളാക്കി മാറ്റുന്നു. ഇത്തരത്തിൽ പരിവർത്തനം ചെയ്യപ്പെടുന്ന ദൃശ്യത്തിന്റെ ഇലക്ട്രോണിക് പ്രതിബിംബത്തെ ഒരു മാഗ്നറ്റിക് ടേപ്പിൽ ക്യാമറ പകർത്തിയെടുക്കുന്നു. മറ്റു ക്യാമറകളിൽ ദൃശ്യത്തിലെ വെളിച്ചം പ്രതിബിംബം സൃഷ്ടിക്കുന്ന ഫിലിമിൽ നേരിട്ടു വന്നു പതിക്കുമ്പോൾ, വീഡിയോ ക്യാമറയിൽ ടേപ്പിൽ പതിയുന്നത് ഇലക്ട്രോണിക് തരംഗങ്ങൾ മാത്രമാണ്. കൂടാതെ ദൃശ്യവും ശബ്ദവും ഒന്നിച്ച് ഒരേ ടേപ്പിൽ പകർത്തിയെടുക്കാനും വീഡിയോ ക്യാമറയ്ക്ക് കഴിയുന്നു.

ക്യാമറയുടെ സ്ഥാനം (Camera Position)

ദൃശ്യത്തിന്റെ സൂക്ഷ്മവും വ്യക്തവുമായ പ്രതിബിംബം പകർത്തിയെടുക്കുക എന്നതാണ് ക്യാമറയുടെ ലക്ഷ്യം. ഇതിനു സഹായിക്കുന്ന അസംഖ്യം പ്രയോഗവിധികളിലേക്ക് ഇന്ന് ക്യാമറ വളർന്നുകഴിഞ്ഞു. എടുക്കേണ്ട ദൃശ്യത്തിനനുസരിച്ച് ഇഷ്ടമുള്ള ലെൻസുകൾ തിരഞ്ഞെടുത്ത് ക്യാമറയിൽ മാറ്റി ഘടിപ്പിക്കാം. ഓട്ടോ സംവിധാനത്തിലോ സ്വയം ചലിപ്പിച്ചോ കൈകൊണ്ടു കറക്കിയോ അതിനെ സൂക്ഷ്മമായ ഫോക്കസിൽ എത്തിക്കാം. വെളിച്ചത്തിനനുസരിച്ച് ഷട്ടർ ക്രമീകരിക്കാം. ഷട്ടർ അടയ്ക്കുകയും തുറക്കുകയും ചെയ്യുന്ന സമയത്തെ നിയന്ത്രിച്ച് ലെൻസിലൂടെ അകത്തേക്കു വരുന്ന വെളിച്ചത്തെ നിയന്ത്രിക്കാം. ഡിജിറ്റൽ സാങ്കേതികവിദ്യകൾ ഉപയോഗിച്ചുകൊണ്ട് ക്യാമറയു

ടെ ചലനങ്ങളും സ്ഥാനങ്ങളും ക്രമീകരിക്കുന്ന നിലയിലേയ്ക്ക് ലോകം വളർന്നു കഴിഞ്ഞു.

1. വിദൂര ദൃശ്യം (Long shot).

കഥാപാത്രശരീരത്തിന്റെ പൂർണ്ണരൂപം ചിത്രീകരിക്കുന്നതിനെ 'Full body shot' എന്ന് പറയും. Full Shot ൽ നിന്ന് ക്യാമറ അല്പംകൂടി അകലം പാലിക്കുന്നതോടെ പശ്ചാത്തല വസ്തുക്കൾകൂടി ദൃശ്യമാവും. അത്തരത്തിൽ കഥാപാത്രത്തെയും പശ്ചാത്തലത്തെയും വ്യക്തമാക്കുന്ന ദൃശ്യങ്ങളെയാണ് വിദൂരദൃശ്യം എന്ന് പറയുന്നത്. അതനുസരിച്ചാവും ക്യാമറയുടെ സ്ഥാനം.

പശ്ചാത്തല സജ്ജീകരണങ്ങൾ പൂർണ്ണമായും വ്യക്തമാകുംവിധം കഥാപാത്രനീക്കങ്ങൾ ചിത്രീകരിക്കുന്നതിനെ 'ഇസ്റ്റാബ്ലിഷിങ്ങ് ഷോട്ട്' എന്നാണ് പറയുന്നത്.

ക്യാമറയിൽനിന്ന് പ്രതിപാദ്യവസ്തു വളരെ അകലത്തിലാവുമ്പോൾ അതിവിദൂരദൃശ്യം എന്ന് പറയും.



Full body shot



ഫുൾ ബോഡി ലോങ്ങ് ഷോട്ട്

വിദൂര ദൃശ്യം

അതിവിദൂര ദൃശ്യം

2. മീഡിയം ഷോട്ട് (Medium Shot)

കഥാപാത്രത്തിന്റെ ശിരസ്സുമുതൽ ഏകദേശം അരക്കെട്ടുവരെയുള്ള ഭാഗം ഉൾക്കൊള്ളുന്ന ചിത്രത്തെയാണ് മീഡിയംഷോട്ട് എന്ന് പറയുന്നത്. വസ്തുക്കളും, പശ്ചാത്തലവും കുറേക്കൂടി വ്യക്തമാവും. കഥാപാത്രങ്ങൾ എങ്ങനെ ഇടപെടുന്നുവെന്ന് മീഡിയം ഷോട്ടുകൾ വ്യക്തമാക്കും. മീഡിയം ഷോട്ടുകളേക്കാൾ അല്പംകൂടി ക്യാമറ അകലംപാലിച്ചാൽ, കഥാപാത്രത്തിന്റെ ശിരസ്സു മുതൽ കാൽമുട്ടുകൾ വരെ, ചിത്രം വലിപ്പം നേടിയാൽ, മീഡിയം ലോങ് ഷോട്ട് (Medium Long Shot) എന്ന് അറിയപ്പെടും.

മീഡിയം ഷോട്ട്

മീഡിയം ലോങ്ങ് ഷോട്ട്

3. സമീപ ദൃശ്യം (Close up shot)

സമീപദൃശ്യങ്ങൾ പ്രധാനമായും കഥാപാത്രത്തിന്റെ മുഖത്തിന്റെ ചിത്രമായിരിക്കും നൽകുക. കുറേക്കൂടി അടുത്ത് കാണിച്ചാൽ, അത് അതിസമീപദൃശ്യമാവും. ഉദാ -മുഖം ചിത്രീകരിക്കുമ്പോൾ, കണ്ണിന്റെയോ ചുണ്ടിന്റെയോ കാതിന്റെയോ സവിശേഷതയ്ക്ക് പ്രാധാന്യം നല്കുക. ചിലപ്പോൾ, ശരീരത്തിൽ അണിഞ്ഞിരിക്കുന്ന ആഭരണത്തിനോ, കയ്യിൽ ഒളിച്ചുപിടിച്ചിരിക്കുന്ന വസ്തുവിനോ പ്രാധാന്യം നല്കുന്നതും കാണാം.

സമീപ ദൃശ്യം

അതിസമീപ ദൃശ്യം

ക്യാമറ ആംഗിളുകൾ (Camera angles/ Shooting Angles)

കഥാപാത്രത്തെ എങ്ങനെ പകർത്തുന്നു എന്നതനുസരിച്ച്, 'ഷോട്ടി'ന്റെ അർത്ഥം മാറും. ഒരു സന്ദർഭത്തെ പലവിധത്തിൽ ചിത്രീകരിക്കാം. കഥാപാത്രത്തിന്റെ മുന്നിൽ നിന്നോ, വശങ്ങളിൽ നിന്നോ, പിറകിൽ നിന്നോ, മുകളിൽ നിന്നോ താഴെ നിന്നോ കാണുന്നപോലെ. ഓരോ കാഴ്ചയ്ക്കും അർത്ഥവ്യത്യാസമുണ്ട്. കഥാപാത്രങ്ങളെ ക്യാമറ കാണുന്ന വിധമാണ് ആംഗിളുകൾ. ദൃശ്യം കാഴ്ചക്കാരനിൽ സൃഷ്ടിക്കേണ്ട മാനസികാവസ്ഥകളെക്കൂടി ക്യാമറാ ആംഗിൾ പരിഗണിക്കുന്നു.

ക്യാമറാ ആംഗിളുകൾ മുഖ്യമായി മൂന്ന് വിധമുണ്ട്. ലോ-ആംഗിൾ (low angle), ഐ / മിഡിൽ ആംഗിൾ (eye level) angle, ഹൈ ആംഗിൾ (high angle)എന്നിവയാണവ.

1. ഐ ലവൽ ഷോട്ട്/ മിഡിൽ ആംഗിൾ ഷോട്ട്

അഭിനയിക്കുന്ന കഥാപാത്രത്തിന്റെ ഏകദേശം ഉയരത്തിൽ ക്യാമറ സജ്ജമാക്കി ചിത്രീകരിക്കുന്ന ദൃശ്യങ്ങളാണ് ഐ ലവൽ ഷോട്ടുകൾ. പ്രേക്ഷകർ അവർക്ക് തുല്യരായി നിന്നുകൊണ്ട് കഥാപാത്രങ്ങളെ കാണുന്ന രീതിയാണത്. സാധാരണജീവിതത്തിന്റെ ചിത്രീകരണമാണത്. മിഡിൽ ആംഗിൾ ഷോട്ട് എന്നും ഇതിന് പേരുണ്ട്.

മിഡിൽ ആംഗിൾ ഷോട്ട്

മിഡിൽ ആംഗിൾ ലോങ് ഷോട്ട്

2. ലോ–ആംഗിൾ ഷോട്ട്

വസ്തുവിന് താഴെ, ദൂരെ ക്യാമറ ഉറപ്പിച്ചു കൊണ്ട് മുകളിലേക്ക് ഉയർത്തി ദൃശ്യങ്ങൾ ചിത്രീകരിക്കുന്നു. ഇത്തരം ഷോട്ടുകളിൽ, കഥാപാത്രങ്ങൾക്ക് കരുത്തും കഴിവും കൂടുതലുള്ളതായി തോന്നും. കഥാപാത്രങ്ങളുടെ സാധാരണ കാഴ്ചയല്ല അത്. കഥാപാത്രം ശക്തനും എതിരാളികൾക്ക് ഭയം ജനിപ്പിക്കുംവിധം ആപൽക്കരനും ആണെന്ന് തോന്നിപ്പിക്കും. ഇതിനു വിപരീതമായ അർത്ഥമാണ് ഹൈ ആംഗിൾ ഷോട്ടുകൾക്ക് ഉള്ളത്.

ലോ–ആംഗിൾ ഷോട്ട്

3. ഹൈ ആംഗിൾ ഷോട്ട്

ക്യാമറ, വസ്തുവിന് മുകളിൽ ദൂരെ സ്ഥാപിച്ച്, താഴേക്ക് ചരിച്ച് ചിത്രീകരണം നടത്തുന്നു. ലോ ആംഗിൾ ഷോട്ടിന്റെ വിപരീത അർത്ഥമാണ് ഹൈ ആംഗിൾ ഷോട്ടിന്റേത്. കഥാപാത്രങ്ങൾ, കാഴ്ചക്കാരെക്കാളും താഴ്ന്ന വിഷമാവസ്ഥയിലാണെന്ന അർത്ഥം കിട്ടും. നിസഹായരും ദരിദ്രരും അരികുവല്ക്കരിക്കപ്പെട്ടവരുമായവരുടെ ജീവിതാവസ്ഥകളെ പലപ്പോഴും ഹൈ ആംഗിൾ ഷോട്ടുകൾ പകർത്താറുണ്ട്.

ഹൈ ആംഗിൾ റ്റൂ ഷോട്ട്

ചെറിയതരം ഹൈ ആംഗിൾ ഷോട്ടുകളുടെ വ്യത്യസ്തരൂപങ്ങളാണ് ഓവർ ഹെഡ് ഷോട്ടുകൾ. എന്നാൽ ഹൈ ആംഗിൾ ഷോട്ടുകളുടെ ഉയർന്ന രൂപങ്ങൾ, വിധി നിയന്ത്രിക്കുന്ന, സർവവും കാണുന്ന ഒരാളെപ്പോലെ, കഥാപാത്രങ്ങളുടെ അവസ്ഥയെ ഉയരത്തിൽനിന്ന് ചിത്രീകരിക്കുന്നു. ചില ക്രെയിൻഷോട്ടുകളും ആം ഷോട്ടു(arm shot)കളും ഇവയിൽപ്പെടുന്നു.

പക്ഷികളെപ്പോലെ ആകാശത്തിൽ ഉയർന്നു നിന്നുള്ള ക്യാമറയുടെ പകർന്നെടുക്കലാണ്, വിഹഗവീക്ഷണം എന്നു പറയുന്ന(ബേർഡ് ഐ വ്യൂ) അഥവാ ഏരിയൽ ഷോട്ടുകൾ. ചെറിയ വിമാനങ്ങളിലോ, ഹെലികോപ്ടറുകളിലോ, ഇവ ചിത്രീകരിക്കുന്നു. അത്തരം ഷോട്ടുകളിൽ, മനുഷ്യാവസ്ഥ തീരെ ചെറുതാക്കപ്പെടുന്നു. വലിയ ഭൂമിയിലെ ചെറിയ മനുഷ്യരെപ്പോലെ. മനുഷ്യൻ വേട്ടയാടപ്പെടുന്ന, പരാജയപ്പെടുന്ന സാഹചര്യങ്ങളെ ഇത്തരത്തിൽ പകർത്തുന്നു. ചുരുക്കത്തിൽ ഷൂട്ടിംഗ് ആഗിംൾ ദൃശ്യത്തിന്റെ അർത്ഥത്തെ നിയന്ത്രിക്കുന്നു എന്നു പറയാം.



ഓവർ ഹെഡ് ഷോട്ട്



ഏരിയൽ ഷോട്ട്

4. ഡച്ച് ആംഗിൾ ഷോട്ട് (Dutch angle or oblique shot)

ഡച്ച് ആംഗിൾ എന്ന് കൂടി പേരുള്ള എബ്ലിക് ഷോട്ടുകൾ, കഥാപാത്രങ്ങളെയും വസ്തുക്കളെയും വശങ്ങളിലേക്ക് ചരിഞ്ഞ് വീഴാൻ പോകുന്നപോലെ തോന്നിപ്പിക്കും. കഥാപാത്രത്തിന്റെ

ജീവിതത്തിന്റെയോ, മനസ്സിന്റെയോ ബാലൻസി ല്ലായ്മയെ ഇവ വ്യക്തമാക്കുന്നു. വിഭ്രാന്തമായ തോ നിലതെറ്റിയതോ ആയ കഥാപാത്രത്തിന്റെ അനുഭവത്തെ ഇത്തരം ചരിഞ്ഞ ഷോട്ടുകൾ പ്രതിഫലിപ്പിക്കുന്നു. മൂല്യങ്ങൾ വികലമാക്കപ്പെടുന്ന ലോകത്തെയും ഇവ പ്രതിഫലിപ്പിക്കുന്നു.

ഡച്ച് ആംഗിൾ ഷോട്ട്

ക്യാമറയുടെ ചലനം (Camera Movement)

ദൃശ്യത്തെ പകർത്തിയെടുക്കാൻ വേണ്ടി കൈകാര്യം ചെയ്യാൻ സൗകര്യ പ്രദമായ വിധത്തിൽ ക്യാമറകളെ ഉറപ്പിച്ചുനിർത്താൻ സഹായിക്കുന്ന വിവിധതരം താങ്ങുകൾ (Mounting) ഇന്ന് ലഭ്യമാണ്. ആദ്യകാലത്തെ മൂവി ക്യാമറകൾക്കുവേണ്ടി രൂപം കൊടുത്ത മൗണ്ടുകൾ തന്നെയാണ് വീഡിയോ ക്യാമറകളിലും ഉപയോഗിച്ചിരുന്നത്. എന്നാൽ ഇന്ന് അവ വീഡിയോ ക്യാമറയ്ക്കുവേണ്ടി പ്രത്യേക ഡിസൈനുകളിൽ നിർമ്മിക്കുന്നു. പലവിധത്തിൽ പ്രവർത്തിക്കുന്ന (മെക്കാനിക്കൽ, ഹൈഡ്രോളിക്, ഇലട്രിക്കൽ തുടങ്ങിയവ) ക്യാമറ മൗണ്ടുകൾ ഇന്ന് ചിത്രീകരണത്തിന് ഉപയോഗിക്കുന്നു. നീളം ആവശ്യത്തിനനുസരിച്ച് കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാവുന്ന (ടെലിസ്കോപ്പിക്) ഉറപ്പുള്ള ഒരു ട്യൂബാണ് മോണോപാഡ് (Monopod). ക്യാമറയുടെ അടിയിലായി ഇതിനെ ഉറപ്പിക്കാം. ഒറ്റക്കുഴൽ മാത്രമായതിനാൽ ഇത് തനിച്ച് നില്ക്കില്ല. ശരീരത്തിന്റെ ഏതെങ്കിലും ഭാഗത്തോട് ചേർത്തുവച്ച് പിടിക്കുമ്പോൾ ഇത് ക്യാമറയ്ക്ക് പറ്റിയ താങ്ങായി മാറുന്നു. ക്യാമറ വ്യത്യസ്തതരം മൗണ്ടുകളിൽ ഉറപ്പിച്ചു പ്രവർത്തിക്കുമ്പോൾ വിവിധ ദിശകളിലേക്ക് ചലിപ്പിക്കാൻ പാൻഹെഡ് (Pan head) സഹായിക്കുന്നു. ക്യാമറയ്ക്കും മൗണ്ടിനും ഇടയിലായി ഘടിപ്പിച്ചിരിക്കുന്ന ദീർഘചതുരാകൃതിയിലുള്ള ഒരു പ്ലാറ്റ്ഫോറം ആണിത്. ഇതിനകത്തേക്ക് ക്യാമറ തിരുകി കയറ്റി ഉറപ്പിച്ച് സുരക്ഷിതമായി ചലിപ്പിക്കാൻ കഴിയും. കൈകൊണ്ടു ചലിപ്പിക്കാവുന്ന കൺട്രോൾ ലിവറും ഇതിലുണ്ട്. ചിത്രീകരണം നടത്തുമ്പോൾ ക്യാമറ ഉറപ്പിക്കാനായി സാധാരണ ഉപയോഗിക്കുന്ന മുക്കാലി ഉപകരണമാണ് ട്രൈപ്പോട് (Tripod). ഇതിന്റെ കാലുകളുടെ നീളം ആവശ്യാനുസരണം കൂട്ടാനും കുറയ്ക്കാനും കഴിയും. നീളത്തിൽ വ്യത്യാസം വരുത്തി ആവശ്യമുള്ള സ്ഥാനത്ത് ഉറപ്പിക്കാമെന്നതിനൊപ്പം മുക്കാലിയായതിനാൽ ക്യാമറയ്ക്ക് നല്ല ബാലൻസും കിട്ടുന്നു. താഴ്ന്ന ലവലിൽ ക്യാമറവെയ്ക്കേണ്ടിവരുമ്പോൾ അതിനായി നിർമ്മിച്ചിട്ടുള്ള പ്രത്യേകതരം ട്രൈപ്പോഡുകൾ ഉപയോഗിക്കാം. കാലുകളുടെ അഗ്രഭാഗത്ത് ചാടുകൾ ഘടിപ്പിച്ച് ഉരുട്ടിമാറ്റാവുന്ന ട്രൈപ്പോഡുകളാണ് റോളിംഗ് ട്രൈപ്പോട് (Rolling tripod). നിരപ്പുള്ള നിലങ്ങളിലൊക്കെ ഇവ അനായാസം പ്രവർത്തിപ്പിക്കാമെന്നതുകൊണ്ട് സ്റ്റുഡിയോകളിൽ കൂടുതലായി ഇവ ഉപയോഗിക്കുന്നു. പോടുകളിൽ ബ്രേക്ക് സംവിധാനം ഉള്ളവയും ഇന്നു ലഭ്യമാണ്. സ്റ്റുഡിയോകളിൽ ഉപയോഗിക്കുന്ന ഭാരവും ഉറപ്പും ഉള്ള മൗണ്ട് ആണ് സ്റ്റെഡി കാം ജൂനിയർ (Steadicam junior). ക്യാമറയുടെ അനാവശ്യചലനത്തെ പൂർണ്ണമായും ഒഴിവാക്കാൻ ഇതു സഹായിക്കുന്നു. പ്രതിബിംബത്തിന്റെ ദീപ്തി കുറയ്ക്കാനുള്ള ഒരു എൽ. സി. ഡി. (LCD), ചെറിയ ക്യാമറ ലൈറ്റ് എന്നിവയും ഇതിലുണ്ട്. ക്യാമറയുടെ വിവിധ ചലനങ്ങളെ സുഗമമായി നടത്താൻ സഹായിക്കുന്ന മറ്റൊരു മൗണ്ട് ആണ് പെഡസ്റ്റൽ (Pedestal). സാധാരണ ത്രികോണാകൃതിയിലുള്ള അടിഭാഗവും അവിടെ ചലനത്തിനായി ഘടിപ്പിച്ചിട്ടുള്ള മൂന്നുചാടുകളും ഉണ്ടാവും. മുകളിലായി ഘടിപ്പിച്ച വലിയ ഒരു സ്റ്റിയറിങ് വളയം ഉപയോഗിച്ച് ഹൈഡ്രോളിക് സംവിധാനത്തിലൂടെ ഉയരം കൂട്ടാനും കുറയ്ക്കാനും കഴിയും. ഫുൾമർ (Ful mar) തുടങ്ങിയ വലിപ്പമേറിയ പെഡസ്റ്റലിന് 300 കിലോഗ്രാം വരെ ഭാരം ഉണ്ടാവും. ക്യാമറയെ ഇതിൽ ഉറപ്പിച്ച് ചിത്രീകരണം നടത്താൻ പ്രത്യേക പരിശീലനവും ആവശ്യമാണ്.

1. പാനിംഗ്, ടിൽട്ടിംഗ്

ക്യാമറ ഉറപ്പിച്ചിരിക്കുന്ന സ്ഥാനത്തുനിന്നും

മാറ്റാതെ ഇടത്തോട്ടോ വലത്തോട്ടോ നടത്തുന്ന ചിത്രീകരണത്തെ പാനിങ് എന്നു പറയാം. കൂടുതൽ വലിയദൃശ്യത്തെയും ചലനത്തെയും ചിത്രീകരിക്കേണ്ടിവരുമ്പോൾ പാനിങ് ഉപയോഗിക്കാം. സ്റ്റാൻഡിൽ ഉറപ്പിച്ചിരിക്കുന്ന ക്യാമറയിൽ കിട്ടുന്ന ദൃശ്യകേന്ദ്രത്തിൽ നിന്നും സാവധാനത്തിൽ ഇടത്തോട്ടോ വലത്തോട്ടോ നടത്തുന്ന നീക്കങ്ങളിലൂടെ ആ ഭാഗത്തുള്ള ദൃശ്യങ്ങളെ തുടർച്ചയായി വേണ്ടത്ര വ്യാപ്തിയിൽ പാനിങ്ങിലൂടെ ഉൾപ്പെടുത്തിയെടുക്കാം.

പാനിങ് ഒരു വശത്തേക്കുള്ള നീക്കമായതിനാൽ അതിൽ താത്പര്യം വർദ്ധിക്കുകയും ആ നീക്കം താത്പര്യമുള്ള എന്തോ കാണിക്കാനാണെന്ന തോന്നൽ കാഴ്ചക്കാരനിൽ ഉണ്ടാക്കുകയും ചെയ്യുന്നു. അതിനാൽ പാനിങ് അവസാനിപ്പിക്കുന്നത് താത്പര്യമുണർത്തുന്ന ദൃശ്യത്തിലേക്ക് തന്നെയായിരിക്കുകയും വേണം. പാനിങ്ങിന്റെ അവസാനത്തിൽ മറ്റൊരു ഷോട്ടിലേക്ക് പെട്ടെന്നുള്ള മാറ്റം കാഴ്ചക്കാരനെ വഞ്ചിക്കുന്നു എന്ന തോന്നൽ സൃഷ്ടിക്കുന്നു. ചലനത്തിലൂടെ കാണിക്കാൻ ഉദ്ദേശിച്ചവ കാണിച്ച ശേഷം മാത്രമേ അടുത്ത ദൃശ്യത്തിലേക്ക് മാറാൻ പാടുള്ളൂ. അതായത് പാനിങ് അവസാനിക്കുന്ന ഷോട്ട് ഉദ്ദേശപൂർണ്ണതയുള്ളതായിരിക്കണം. പാനിങ്ങിന് എപ്പോഴും വ്യക്തമായ ദിശാബോധം ഉണ്ടായിരിക്കണം. ഉദാഹരണമായി ഒരു ദൃശ്യത്തിന്റെ തുടക്കം മുതൽ അവസാനം വരെ ഒരേ ദിശയിലേക്ക് മാത്രമേ പാനിങ് നടത്താവൂ എന്നതാണ് നിയമം. ഇടത്തോട്ടും വലത്തോട്ടും ഒക്കെയായി തുടരെത്തുടരെ നടത്തുന്ന പാനിങ് കാഴ്ചയ്ക്ക് ഒട്ടും തന്നെ ഭംഗിയുണ്ടാക്കുന്നില്ല. കാണുന്ന ആളിന്റെ ദിശാബോധത്തെ കുഴയ്ക്കുന്ന വിധത്തിൽ നടത്തുന്ന പാനിങ്ങും ഒഴിവാക്കേണ്ടതാണ്. ഏതു പാനിങ്ങിലും തുടക്കം മുതൽ അവസാനംവരെ സ്ഥിരമായ ഒരു വേഗതാക്രമം ഉണ്ടായിരിക്കയും വേണം.

ട്രൈപ്പോഡിൽ ഉറപ്പിച്ച ക്യാമറയെ മുകളിലേക്കോ, താഴേക്കോ ചരിച്ചുള്ള ദൃശ്യനിർമ്മാണമാണ് ടിൽട്ടിംഗ് (tilting). ഉദാ. തെരുവിലൂടെ രണ്ടുപേർ ഓടുന്നു. ചിലർ അവരെ പിന്തുടരുന്നു. പാനിംഗിലൂടെ ആ ദൃശ്യം പകർത്താം. അവർ പണിതീരാത്ത ഒരു ബഹുനിലക്കെട്ടിടത്തിന്റെ പടികൾ കയറുന്നു. ടിൽട്ടിംഗിലൂടെ അത് ചിത്രീകരിക്കാം.

2. ഡോളികൾ (Dolly)

ക്യാമറ ഉറപ്പിച്ചുവച്ച് ചലിപ്പിച്ച് ചിത്രീകരിക്കുന്ന ഉപകരണങ്ങളുടെ(wheeled camera support) നിർമ്മാണം അതിവേഗം പരിഷ്ക്കരിക്കപ്പെട്ടുവരുന്നു. അതിൽ ഒന്നാണ് ഡോളി(Dolly). ക്യാമറ, ട്രാക്കിൽ ഉറപ്പിച്ച്, മുന്നോട്ടും, പിന്നോട്ടും നീക്കി, മുന്നിലും പിന്നിലും വശങ്ങളിലും ദൃശ്യചിത്രീകരണം നടത്താവുന്ന, ഭാരം കുറഞ്ഞ വാഹനങ്ങളാണ് ഡോളികൾ. പുതിയ ഡോളികൾ ചെറിയ ക്രെയിനുകളുടെകൂടി പ്രയോജനം ചെയ്യുന്നവയാണ്. ക്യാമറാമാനും സഹായിക്കും. ഇരിപ്പിടങ്ങളുള്ളതും, മിക്കവാറും ചിത്രീകരണങ്ങൾക്കെല്ലാം സാധ്യമായവയുമാണ് ഡോളികൾ. ഡോളിഷോട്ടുകൾ ശക്തങ്ങളാണ്. കഥാപാത്രത്തിന്റെയോ, വസ്തുവിന്റെയോ ഒരേ ആംഗിളിലുള്ള വിദൂരവും സമീപസ്ഥവുമായ ദൃശ്യചിത്രീകരണത്തിനും ഡോളികളെ ഉപയോഗപ്പെടുത്തുന്നു.

3. ട്രാക്ക് (Track)

ക്യാമറയുടെ ചലനത്തിൽ ഏറ്റവും ശ്രമകരമായതാണ് ട്രാക്കിങ് (Tracking). നേർത്ത പാളങ്ങൾക്ക് മുകളിൽ ഉറപ്പിച്ചിട്ടുള്ള ചിത്രങ്ങൾ പിടിപ്പിച്ച പ്ലാറ്റ്ഫോമിൽ ക്യാമറ വച്ച് അതിനെ മുന്നോട്ടും പിന്നോട്ടും ഉരുട്ടിയാണ് ട്രാക്കിങ് നടത്തുന്നത്. ഈ ട്രാക്കിങ് പലതരത്തിൽ നടത്താം. വിദൂരദൃശ്യത്തിൽ നിന്നും ക്ലോസപ്പിലേക്കോ മറിച്ചോ ഒക്കെ ചിത്രീകരിക്കാം. ക്യാമറയുടെ ചെറിയ ഇളക്കം പോലും ദൃശ്യത്തിൽ പ്രകടമായി എടുത്തുകാണിക്കുമെന്നതിനാൽ ട്രാക്കിങ്ങിൽ നാരോ ആംഗിൾ ലെൻസ് കഴിയുന്നത് ഉപയോഗിക്കാതിരിക്കുന്നതാണ് നല്ലത്. എന്നാൽ ഭൂപടങ്ങളോ ചിത്രങ്ങളോ ഒക്കെ ട്രാക്ക് ചെയ്യുമ്പോൾ നാരോ ആംഗിൾ ലെൻസ് ഉപയോഗിക്കേണ്ടതുണ്ട്. ചലനത്തെ വിടാതെ പിന്തുടരാനും അവയ്ക്കു നാടകീയത വരുത്താനും ട്രാക്കിങ് ഏറ്റവും പറ്റിയ ടെക്നിക്കാണ്. റെയിൽപ്പാളം പോലുള്ള തീരെ ചെറിയ പാളങ്ങൾക്കുമുകളിൽ എടുത്തുവച്ച് നാലുചക്രങ്ങളിൽ മുന്നോട്ടും പിന്നോട്ടും നീക്കാവുന്ന ഒരു പീഠമാണ് ട്രാക്ക്. ഈ പീഠത്തി

നുപുറത്ത് ട്രൈപ്പോഡിൽ ക്യാമറ ഘടിപ്പിക്കാം. ഇളക്കവും കുടുക്കവുമില്ലാത്ത സുഗമമായ ചലനം ഉണ്ടാക്കാനാണ് പാളങ്ങൾ ഉപയോഗിക്കുന്നത്. വേഗത്തിൽ മടക്കി എടുക്കാവുന്നതും ആവശ്യാനുസരണം കൂട്ടിയോജിപ്പിച്ച് നീളം വേണ്ടത് വർദ്ധിപ്പിക്കാവുന്നതുമാണ് ഈ പാളങ്ങൾ. വൃത്താകൃതിയിലും അർദ്ധവൃത്താകൃതിയിലും ഉള്ള വിവിധ ട്രാക്കുകൾ ഇന്നു ലഭ്യമാണ്. ഇതിനെ ട്രോളി എന്നും പറയുന്നു.

കൂട്ടത്തിലുള്ള പ്രധാനപ്പെട്ട ഒന്നിലേക്ക് കാഴ്ചക്കാരന്റെ ശ്രദ്ധയെ ഉറപ്പിച്ചുനിർത്താനും ഈ ടെക്നിക് കൂടുതലായി ഉപയോഗിക്കുന്നു. വളരെ സാവധാനത്തിൽ ട്രോളിയിൽ നീങ്ങി പകർത്തിയെടുക്കുന്ന ദൃശ്യങ്ങൾ തിരച്ചിൽ സ്വഭാവത്തിലൂടെ ആകാംക്ഷ വർദ്ധിപ്പിക്കുന്നതുമാണ്. ട്രാക്കിനു പകരം വീൽചെയർ ഉപയോഗിച്ചു നിരന്തര പരിചയത്തിലൂടെ ഇത്തരം ഷോട്ടുകൾ എടുക്കാനാവും. ഇന്ന് ട്രോളികളുടെ മുകളിൽ ചലിപ്പിക്കുന്ന പ്ലാറ്റ് ഫോമുകളിൽ പരസ്പരം മാറ്റാവുന്നതും നൈലോണിൽ നിർമ്മിച്ച റോളറുകളുമൊക്കെ ഉപയോഗിച്ച് നീക്കത്തെ സുഗമമാക്കാവുന്ന സംവിധാനങ്ങളുണ്ട്

4. ക്രെയിൻ ഷോട്ടുകൾ (Crabbing)

ക്യാമറ ഉറപ്പിച്ചിട്ടുള്ളതും രണ്ടുപേർക്കെങ്കിലും ഇരിക്കാവുന്നതും ഏതു വശങ്ങളിലേക്കും തിരിക്കാവുന്നതും ഉയർത്തുകയോ താഴ്ത്തുകയോ ചെയ്യാവുന്നതുമായ ഉയരം കൂടിയ കൈയാണ് ക്രെയിനിന്റേത്. ഏതുദിശയിലേക്കും നീക്കാൻ കഴിയുന്ന പ്ലാറ്റ്ഫോമോടുകൂടിയ വാഹനമാണത്. പാനിങ്ങും ടിൽട്ടിങ്ങും ആവശ്യമായ ഹൈ, ലോ ആംഗിൾ ഷോട്ടുകൾക്കാണ് കൂടുതലായി ക്രെയിനുകൾ ഉപയോഗിക്കാറുള്ളത്. ഓടിക്കൊണ്ടിരിക്കുന്ന വാഹനത്തിലിരുന്നുകൊണ്ട് ഉള്ളിൽ നടക്കുന്ന സംഭവങ്ങളോ, വണ്ടി ഓടിക്കുന്നവരുടെയോ സഞ്ചരിക്കുന്നവരുടെയോ സമീപദൃശ്യങ്ങളോ, മീഡിയം ഷോട്ടുകളോ പകർത്തുന്ന കാർറിഗ്ഗുകളുണ്ട്. അതുപോലെ ഹെലികോപ്റ്ററുകളിലോ വിമാനങ്ങളിലോ ഇരുന്ന് ഏരിയൽ ഷോട്ടുകൾ ചിത്രീകരിക്കുമ്പോൾ കുലുക്കംകൂടാതെ ഭൂമിയിലെ സംഭവങ്ങൾ പകർത്താൻ ക്യാമറ ഉറപ്പിക്കുന്ന പ്രത്യേകതരം (aerial mount) മൗണ്ടുകൾ ഉണ്ട്.

5. സൂമിങ് (Zooming)

ചിത്രീകരിക്കുന്ന ദൃശ്യത്തെ കാഴ്ചക്കാരന്റെ അടുത്തേക്കോ അകലേക്കോ നീങ്ങിവരുന്ന പ്രതീതി ജനിപ്പിച്ച് വസ്തുക്കൾ തമ്മിലുള്ള പരസ്പരബന്ധം വ്യക്തമാക്കാനും ഏതെങ്കിലും പ്രത്യേക വസ്തുവിലേക്ക് ശ്രദ്ധയെ കേന്ദ്രീകരിപ്പിക്കാനുമൊക്കെ ഈ ചലനക്രമം സഹായിക്കുന്നു. അകലെ വേഗത്തിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ഒരു വസ്തുവിനെ സൂം ചെയ്ത് സമീപദൃശ്യത്തിലാക്കി അതിന്റെ സവിശേഷതകൾ പെട്ടെന്നു വ്യക്തമാക്കാനും കഴിയും. തൊട്ടടുത്ത ദൃശ്യത്തിലുണ്ടാകുന്ന മാറ്റത്തെ അനായാസം മറികടക്കാനും സൂമിങ് സഹായിക്കുന്നു. ഉദാഹരണത്തിന് പ്രസംഗം നടക്കുന്ന ഒരു അരങ്ങിന്റെ വിദൂര ദൃശ്യത്തിൽ നിന്നും പ്രഭാഷകന്റെ ദൃശ്യത്തിലേക്കും കേട്ടിരിക്കുന്നതിലൊരാളിന്റെ സമീപദൃശ്യത്തിലേക്കുമൊക്കെ വേഗത്തിൽ ചെന്നെത്താൻ സൂമിങ് സഹായിക്കുന്നു. സാധാരണ സൂം ഷോട്ടുകൾ തുടങ്ങുന്നത് ദൃശ്യത്തിന്റെ പൊതുസ്വഭാവം വ്യക്തമാക്കുന്ന വിദൂരദൃശ്യങ്ങളിൽ നിന്നും കൂടുതൽ സൂക്ഷ്മത വിശദമാക്കുന്ന സമീപദൃശ്യങ്ങളിലേക്കാണ്. ദൃശ്യത്തിന്റെ പ്രത്യേകതയ്ക്കനുസരിച്ച് സമീപദൃശ്യത്തിൽ തുടങ്ങി വിദൂരദൃശ്യത്തിൽ ചെന്നവസാനിക്കുന്ന സൂം നടത്താം. ഒരു സീനിന്റെ തുടക്കത്തിലോ അവസാനത്തിലോ ആണ് ഇത്തരം സൂമിങ് നടത്താറുള്ളത്. ദൃശ്യത്തിൽ സൂമിങ് ഉൾപ്പെടുത്തേണ്ടിവരുമ്പോൾ അത് ചെന്ന് അവസാനിക്കേണ്ട ഫ്രെയിം നേരത്തെ തീരുമാനിച്ച് ഉറപ്പിച്ചിരിക്കണം. ഇതുപോലെ ഓരോ സൂമിങ്ങിനും പ്രത്യേകമായ ഉദ്ദേശ്യവും ലക്ഷ്യവും ഉണ്ടായിരിക്കയും വേണം. സൂമിങ്ങിന്റെ തുടക്കത്തിലും അവസാനത്തിലും ദൃശ്യത്തെ കുറേനേരം സ്ഥിരമായി നിർത്തി സൂമിങ്ങിലൂടെ നടത്തേണ്ട ആശയസംവേദനത്തെ സുഗമമാക്കാം. സൂം ലെൻസ് ഉണ്ടാക്കുന്ന ദൃശ്യാനുഭൂതി ട്രാക്കിങ്, കാബിങ് തുടങ്ങിയ സമാനമായ ക്യാമറ ചലനങ്ങളിൽനിന്നും വളരെ വ്യത്യസ്തമാണ്. ക്യാമറ ഒരു വസ്തുവിലേക്ക് അടുക്കുകയോ അകലുകയോ ചെയ്യുമ്പോൾ ആ വസ്തുവിന്റെ വലിപ്പം കൂടിവരുന്നതിനൊപ്പം പശ്ചാത്തലത്തിലുള്ള മറ്റു വസ്തുക്കളുടെ പരസ്പരബന്ധത്തിലും

വ്യതിയാനം ഉണ്ടാവുന്നു. കാഴ്ചക്കാരൻ ദൃശ്യത്തിനടുത്തേക്ക് നടന്നുചെന്ന് നേരിട്ടുകാണുന്ന അനുഭൂതിയാണ് ട്രാക്കിങ്ങിലൂടെയാണ് ലഭിക്കുന്നത്.

6. ഷോൾഡർ ടേക്ക് (Shoulder take)

ക്യാമറയ്ക്ക് ഏറ്റവും കൂടുതൽ ചലനസാധ്യത നല്കുന്ന ടെക്നിക് ആണിത്. ചുമലിൽ ഉറപ്പിച്ച ക്യാമറയുമായി മുന്നോട്ടോ പിന്നോട്ടോ വശങ്ങളിലേക്കോ പടിക്കെട്ടിലൂടെ നടന്നോ ഒക്കെ ദൃശ്യത്തെ ചിത്രീകരിക്കുന്ന രീതിയാണിത്. ചലിക്കുന്ന ദൃശ്യത്തിലെ വസ്തുവിനൊപ്പം നടന്നോ ഇടയ്ക്കിടയിൽ നിന്നോ ഒക്കെ സമാന്തരചലനത്തെ പകർത്തിയെടുക്കാം. ദൃശ്യത്തിലെ വേഗതയും താളക്രമവും കിട്ടാൻ ദൃശ്യവസ്തുവിന്റെ ചലനത്തെ അതിന് ആനുപാതികമായി ക്രമീകരിക്കുകയും ചെയ്യാം.

7. വെഹിക്കിൾ ടേക്ക് (Vehicle take)

ഓടിക്കൊണ്ടിരിക്കുന്ന വാഹനത്തിനകത്ത് ക്യാമറ വച്ച് ചിത്രീകരിക്കുന്ന ടെക്നിക് ആണിത്. വാഹനത്തിന്റെ തുറന്ന ഭാഗത്ത് മുകളിൽ ഉറപ്പിച്ചുപടിച്ച ക്യാമറയുമായി ഇരുന്ന് ദൃശ്യങ്ങളെ പകർത്താൻ കഴിയും. ഓടുന്ന വാഹനത്തിന്റെ മുന്നിലേക്ക് തുറന്നിരിക്കുന്ന ലെൻസിലൂടെ പകർത്തുന്ന ദൃശ്യങ്ങൾ കാണികളിലേക്ക് ഓടിയടുത്തുവരുന്നതായും, പിന്നിൽ വച്ചു ചിത്രീകരിച്ചവ അകലേക്ക് നീങ്ങിപ്പോകുന്നതായും തോന്നൽ ഉണ്ടാക്കുന്നു. അടുത്തു വരുന്ന ദൃശ്യങ്ങൾ കൂടുതൽ വ്യക്തമാകുകയും അങ്ങനെ താത്പര്യം വർദ്ധിക്കുകയും ചെയ്യുന്നു. പിന്നിലേക്ക് ഓടിയകലുന്ന ദൃശ്യത്തിൽ താത്പര്യം കുറയുന്നതിനാൽ മറ്റൊരു ദൃശ്യത്തിലേക്കുള്ള മാറ്റത്തിനായി ഇത്തരം ഷോട്ടുകളെ ഉപയോഗിക്കാം. വളരെ അകലത്തിലുള്ള വസ്തുക്കളെ ചിത്രീകരിക്കേണ്ടിവരുമ്പോൾ വാഹനത്തിനകത്ത് ഏതെങ്കിലും ഒരു വശത്തേക്ക് ക്യാമറ തിരിച്ചുവച്ച് ചിത്രീകരിക്കുന്നതാണ് നല്ലത്. വാഹനത്തിനകത്ത് നടക്കുന്ന സംഭവങ്ങൾ ചിത്രീകരിക്കേണ്ടിവരുമ്പോൾ വൈഡ് ആംഗിൾ ലെൻസ് ഉപയോഗിക്കുന്നതാണ് ഉത്തമം. ബോൾട്ടുകൊണ്ട് ഉറപ്പിക്കാവുന്ന താങ്ങുകൾ വാഹനത്തിന് പുറത്തോ വശത്തോ ഒക്കെ ഘടിപ്പിച്ച് അവയിൽ ക്യാമറ ഉറപ്പിച്ച് ചിത്രീകരണം നടത്താം.

ഫോക്കസ് ഇഫെക്റ്റുകൾ (Focus Effects)

ക്യാമറയുടെ ഫ്രെയിമിൽ വരുന്ന വസ്തുക്കളെ എത്ര കൃത്യതയോടെയും വ്യക്തതയോടെയും ചിത്രമാക്കണമെന്ന തീരുമാനമാണ് ഫോക്കസിംങ്. വസ്തുക്കളുടെ ഇമേജിനു നൽകുന്ന തെളിച്ചത്തിന്റെ അളവാണ് ഫോക്കസിൽ പ്രധാനം. ഫോക്കസ് വ്യത്യാസങ്ങളിലൂടെ അർത്ഥമുള്ള പല ഇഫക്ടുകളും സിനിമയിൽ സൃഷ്ടിക്കാറുണ്ട്. കഥാഖ്യാനം കലാത്മകമാക്കാൻ ചില സമീപനങ്ങൾ ഫോക്കസിങ്ങിൽ സ്വീകരിക്കാറുണ്ട്. അതിൽ പ്രധാന ഫോക്കസ് ഇഫെക്റ്റുകളാണ് ഡീപ്പ് ഫോക്കസ്, ഷാലോ ഫോക്കസ് എന്നിവ.

1. ഡീപ്പ് ഫോക്കസ് (Deep focus)

സാധാരണ സിനിമയ്ക്കുവേണ്ട ദൃശ്യങ്ങളെല്ലാം 'ഡീപ്പ് ഫോക്കസി'ലാണ് ചിത്രീകരിക്കുക. സ്വാഭാവികതയ്ക്കും അതാണ് നല്ലത്. ഒരു ഫ്രെയിമിൽ വരേണ്ട വസ്തുക്കളെ സൂക്ഷ്മമായി തെളിച്ചത്തോടെ പകർത്തുന്നതാണ് ഡീപ്പ് ഫോക്കസിങ്. കഥാപാത്രങ്ങളെയും വസ്തുക്കളെയും കൃത്യതയോടെ സ്വാഭാവികമായി ചിത്രീകരിക്കലാണത്. ഡീപ്പ്ഫോക്കസ് ലെൻസുകളാണ് ഇതിനുപയോഗിക്കുന്നത്. ജീവിതത്തിന്റെ യഥാതഥമായ പകർപ്പാണ് സിനിമ എന്ന് കരുതുന്നവർ ഡീപ്പ് ഫോക്കസിലാവും കഥ പറയുക. 'ഷാർപ്പ് ഫോക്കസ്'എന്നും ഇതിന് പേരുണ്ട്.

2. ഷാലോ ഫോക്കസ് (shallow focus)

കഥാപാത്രം കടുത്ത മാനസിക തകർച്ചയോ ക്ഷീണമോ ബാധിച്ച അവസ്ഥയിലാണെന്നു കരുതുക. അയാൾ കാണുന്ന വസ്തുക്കൾ അവ്യക്തമായിരിക്കും. അതിന്, 'ഷാലോ ഫോക്കസാ'ണ് സ്വീകരിക്കുക. ദൃശ്യത്തിനുള്ളിൽ മുൻപിലും പിൻപിലുമായി നിൽക്കുന്ന കഥാപാത്രങ്ങളെ പ്രാധാന്യത്തിനൊത്ത് മാറ്റാൻ ഷാലോ ഫോക്കസിന് കഴിയും. ദൃശ്യത്തിൽ നിന്ന് മറ്റൊന്നിലേക്ക് മാറാനും ഫോക്കസ് മാറ്റംവഴി സാധിക്കും. കഥയ്ക്ക് കാൽപനികാന്തരീക്ഷം നൽകാൻ ഷാലോ ഫോക്കസിനാവും. സോഫ്റ്റ് ഫോക്കസെന്നും ഇത് വിളിക്കപ്പെടുന്നു.

ലെൻസുകളുടെ സവിശേഷതകൾ (lens perspective and characteristics)

ദൃശ്യങ്ങളുടെ അർത്ഥം മാറ്റിയെടുക്കാൻ സഹായിക്കുന്നത് വ്യത്യസ്തതരം ലെൻസുകളാണ്. ലെൻസുകൾ സ്ഥലത്തെയും ദൃശ്യത്തിന്റെ ആഴത്തെയും വിസ്തൃതിയെയും തലത്തെയും പ്രതിനിധീകരിക്കുന്നു. വ്യത്യസ്ത ലെൻസുകൾ ദൃശ്യത്തിന് വ്യത്യസ്ത പരിപ്രേക്ഷ്യങ്ങൾ നൽകും. വ്യത്യസ്ത ഇഫക്റ്റുകൾ സൃഷ്ടിക്കും. ക്യാമറയിലെ പ്രതിരൂപത്തിന്റെ വലിപ്പച്ചെറുപ്പത്തെ നിശ്ചയിക്കുന്നത് ഫോക്കൽ ലെങ്ത്താണ്. ഫോക്കൽ ലെങ്തിനെ ആസ്പദമാക്കി നിർമ്മിക്കുന്ന ലെൻസുകൾ പലതരമുണ്ട്. അവ പ്രധാനമായി വൈഡ് ആംഗിൾ, നോർമൽ, ടെലിഫോട്ടോ, സൂം എന്നിങ്ങനെ അറിയപ്പെടുന്നു.

ഒന്നിലധികം ലെൻസുകൾ കൂടിച്ചേർന്നവയാണ് മൂവി-വീഡിയോ ക്യാമറകളിൽ ഉപയോഗിക്കുന്ന ലെൻസുകൾ. ഇതിന്റെ ഘടകങ്ങളായ ലെൻസ് എലിമെന്റുകളെ പോസിറ്റീവ്, നെഗറ്റീവ് (കോൺവെക്സ്, കോൺകേവ്) എന്നിങ്ങനെ രണ്ടുവിഭാഗമായി തിരിക്കാം. പോസിറ്റീവ് ലെൻസുകൾ നേർവരയിൽ വരുന്ന പ്രകാശരശ്മികളെ ഫോക്കസ് പോയിന്റിലേക്ക് കേന്ദ്രീകരിച്ച് ദൃശ്യത്തിന്റെ തലതിരിഞ്ഞ പ്രതിച്ഛായ അവിടെ വീഴ്ത്തുന്നു. എന്നാൽ നെഗറ്റീവ് (കോൺകേവ്) ലെൻസുകൾ നേർവരയിൽ കടന്നുവരുന്ന പ്രകാശരശ്മികളെ ഫോക്കൽ പോയിന്റിൽ നിന്നും നാലുഭാഗത്തേക്കുമായി ചിതറിക്കുന്നു.

ലെൻസിന്റെ മധ്യഭാഗത്തുനിന്നും അതിന്റെ ഫോക്കസിലേക്കുള്ള അകലമാണ് ഫോക്കൽ ലെങ്ത് (Focal length). ഫോക്കൽ ലെംങ്ത് കൂടുന്നതോടെ പ്രതിബിംബത്തിന്റെ വലിപ്പം കൂടുന്നു. ദൃശ്യവസ്തുവിന് ലെൻസിൽ നിന്നുള്ള ദൂരം കണക്കാക്കി കൃത്യമായി ഫോക്കസ് ചെയ്യാൻ ഫോക്കൽ ലെങ്ത് നമ്പർ (Focal length number) ഉപയോഗിക്കുന്നു. ഈ ഫോക്കൽ ലെങ്ത് നമ്പർ ഒരു സാങ്കേതികക്കണക്കു മാത്രമാണ്. ലെൻസിന്റെ മധ്യഭാഗത്തുനിന്നും അതിന്റെ പരിവൃതിയിലേക്കുള്ള ദൂരം മില്ലി മീറ്ററിൽ കണക്കുകൂട്ടി എടുത്തിരുന്ന നമ്പർ. ഈ നമ്പരുകളെ അടിസ്ഥാനമാക്കിയാണ് ലെൻസുകളെ തരംതിരിക്കുന്നത്. ഇതിനോടൊപ്പം കണക്കെടുക്കാവുന്ന മറ്റൊന്നാണ് ലെൻസ് ആംഗിൾ. ക്യാമറയിൽ ഘടിപ്പിച്ചിരിക്കുന്ന ഇമേജ് സെൻസറിന്റെയും ലെൻസിന്റെ ഫോക്കൽ ലെങ്തിന്റെയും അളവിൽനിന്നാണ് ലെൻസ് ആംഗിൾ കണക്കാക്കുന്നത്. ലെൻസ് ആംഗിളിൽ നിന്നും ചിത്രീകരിക്കുന്ന ദൃശ്യത്തിന്റെ എത്രഭാഗം ഫിലിമിലും ടേപ്പിലും ഉൾക്കൊള്ളിക്കാനാവുമെന്നു കണക്കുകൂട്ടിയെടുക്കാം. ഫോക്കൽ ലെങ്ത് കൂടിയ ലെൻസാണ് ചിത്രീകരണത്തിനുപയോഗിക്കുന്നതെങ്കിൽ അകലെയുള്ള ദൃശ്യം അടുത്തായും വലിപ്പം കൂടിയതായും തോന്നാം. എന്നാൽ ദൃശ്യം ഉൾക്കൊള്ളുന്ന ചുറ്റുമുള്ള ഭാഗം മറ്റു ലെൻസുകൾ പകർത്തുന്നതിനെക്കാൾ കുറവായിരിക്കും. അതായത് ദൃശ്യത്തിലെ കേന്ദ്രവസ്തുവിനു ചുറ്റുമുള്ള പശ്ചാത്തലം വളരെ കുറച്ചു മാത്രമേ ചിത്രീകരിക്കുന്ന ദൃശ്യത്തിൽ ഉൾപ്പെട്ടു വരുന്നുള്ളൂ. കുറഞ്ഞ ഫോക്കൽ ലെങ്ത് ഉള്ള ലെൻസ് ഉപയോഗിക്കുമ്പോൾ ചുറ്റുമുള്ള പശ്ചാത്തലം കൂടുതൽ പകർത്തപ്പെടുന്നതോടൊപ്പം തന്നെ അടുത്തു നില്ക്കുന്നവയൊക്കെ വളരെ കൂടുതൽ അകലത്താണു നില്ക്കുന്നതെന്ന തോന്നലും ഉണ്ടാക്കുന്നു. ക്ലോസപ്പ് എടുക്കാനും വിദൂരദൃശ്യങ്ങൾ പകർത്താനും വേണ്ടി ക്യാമറകളുടെ സ്ഥാനം നിരന്തരം മാറ്റേണ്ടിവരുന്നത് ഒഴിവാക്കാനാണ് ഇത്തരം ലെൻസുകൾ പ്രധാനമായും ഉപയോഗിക്കുന്നത്.

ഡെപ്ത്ത് ഓഫ് ഫോക്കസ് (Depth of focus): ലെൻസിന്റെ സൂക്ഷ്മമായ ഫോക്കസ് പോയിന്റിന്റെ അപ്പുറത്തും ഇപ്പുറത്തും ഒരു നിശ്ചിത അകലത്തിൽ എല്ലാ വസ്തുക്കളും ഫോക്കസിൽ തന്നെ ദൃശ്യമാകുന്ന പ്രതിഭാസമാണ് ഡെപ്ത് ഓഫ ഫോക്കസ്. ഇതിനെ യഥാർത്ഥ ഫോക്കൽപോയിന്റിനപ്പുറത്തും ഇപ്പുറമായി കിട്ടുന്ന ഫോക്കസിന്റെ ദൈർഘ്യസ്ഥാനം (extension) എന്നു പറയുന്നു. ഈ സ്ഥാനത്തുവരുന്ന ഏതു പ്രതിബിംബവും ഫോക്കസിൽ തന്നെയാവും. ഇതുകൊണ്ടാണ് ലെൻസിലൂടെ പകർത്തിയെടുക്കുമ്പോൾ വ്യത്യസ്ത അകലത്തിലുള്ള വസ്തുക്കളിൽ ഒട്ടുമിക്കവയും ശരിയായ ഫോക്കസിൽ തന്നെ കാണുന്നത്.

ഡെപ്ത്ത് ഫീൽഡ് (Depth field): ഒരു ലെൻസിന്റെ ശരിയായ ഫോക്കൽപോയിന്റിനപ്പുറത്തും ഇപ്പുറത്തുമായി ലെൻസ് അനുവദിക്കുന്ന ഫോക്കസിന്റെ ദൈർഘ്യത്തെ ഡെപ്ത്ത് ഫീൽ എന്നുപറയും. ഇത് സർക്കിൾ ഓഫ് കൺഫ്യൂഷന്റെ മറ്റൊരു പര്യായമായി കണക്കാക്കാം. ലെൻസിൽനിന്നും വ്യത്യസ്ത ദൂരങ്ങളിലിരിക്കുന്ന വസ്തുക്കളെയൊക്കെ ഫോക്കസിൽ കൊണ്ടുവരാൻ ഈ ഡെപ്ത്ത് ഫീൽഡ്സ് സഹായിക്കുന്നു.

പ്രധാന ലെൻസുകൾ

1. വൈഡ് ആംഗിൾ ലെൻസുകൾ

ഏറ്റവും കൂടുതൽ ദൃശ്യഭാഗത്തെ പകർത്താൻ കഴിയുന്ന ലെൻസ് ആണ് വൈഡ് ആംഗിൾ ലെൻസ്. കുറഞ്ഞ ഫോക്കൽ ലെങ്ത് ഉള്ള ഇവ പകർത്തി എടുക്കുന്ന ദൃശ്യത്തിന് യഥാർത്ഥത്തിൽ ഇല്ലാത്ത നീളവും വീതിയും ഒക്കെ തോന്നിപ്പിക്കും. ലെൻസിന് അടുത്തായി വരുന്ന വസ്തുക്കൾക്ക് വലിപ്പവും അകലവും കൂടുന്നതായുള്ള മിഥ്യാഭ്രമം ഉണ്ടാക്കും വൈഡ് ആംഗിൾ ലെൻസുകൾക്ക് കഥാപാത്രങ്ങളെയും പശ്ചാത്തലത്തെയും വിസ്തൃതിയിൽ ചിത്രീകരിക്കാൻ കഴിയും. ഇവ വസ്തുക്കളെ വളരെ വിദൂരതയിലാണെന്ന് തോന്നിപ്പിക്കും. വിസ്തൃതമായ ദൃശ്യാനുഭവം നല്കാൻ ഇത്തരം ലെൻസുകൾക്ക് കഴിയും. വലിപ്പ കൂടുതൽ എന്ന മിഥ്യാ ബോധം സൃഷ്ടിക്കുന്നതിനാൽ സ്റ്റുഡിയോകളിലും ഇടുങ്ങിയ മുറികളിൽ ചിത്രീകരണം നടത്തുമ്പോഴും ദൃശ്യത്തിന് ആഴവും വലിപ്പവും തോന്നിപ്പിക്കാൻ ഈ ലെൻസ് ഉപയോഗിക്കുന്നു. ഇതിലൂടെ പകർത്തപ്പെടുന്ന ചലനത്തിനും ചില സവിശേഷതകൾ ഉണ്ട്. ദൃശ്യവസ്തു ലെൻസിനടുത്തേക്ക് നീങ്ങിവരുമ്പോൾ നിരന്തരം വലിപ്പം കൂടിവരുന്നതായി കാണും. ചലനത്തിന് ഉള്ളതിനെക്കാൾ കൂടുതൽ വേഗതയും തോന്നും. ഇങ്ങനെ വലിപ്പവും വേഗവും മാറ്റിമറിക്കാൻ സഹായിക്കുന്ന ലെൻസായതിനാൽ ദൃശ്യത്തിൽ നാടകീയത തോന്നിപ്പിക്കാൻ ഇത് ഉപയോഗിക്കാം.

2. നോർമൽ ലെൻസുകൾ

20-26 ഡിഗ്രി ലെൻസ് ആംഗിൾ ഉള്ള ലെൻസിനെ നോർമൽ ലെൻസ് എന്ന് പറയുന്നു. വീഡിയോ ക്യാമറകളിൽ ഇത് ഇന്ന് കൂടുതലായി ഉപയോഗിക്കുന്നു. ദൃശ്യങ്ങളെ ഏതാണ്ട് അതേ വിധത്തിൽ സ്വാഭാവികത നഷ്ടപ്പെടാതെ പകർത്തിയെടുക്കാൻ ഈ ലെൻസ് സഹായിക്കുന്നു. മറ്റു ലെൻസുകളെ അപേക്ഷിച്ച് ദൂരത്തെക്കുറിച്ചുള്ള ദൃശ്യവിഭ്രാന്തികൾ ഈ ലെൻസ് തോന്നിപ്പിക്കുന്നില്ല. നോർമൽ ലെൻസിലെടുക്കുന്ന ചിത്രങ്ങൾക്ക് സ്വാഭാവികത കൂടും. ജീവിതത്തിലെപ്പോലെ സംഭവങ്ങളെ വിശ്വാസ്യതയോടെ കാണിക്കാൻ ഇത്തരം ലെൻസിന് കഴിയും. യഥാതഥമായ ചിത്രീകരണത്തിന് നോർമൽ ലെൻസുകളാണ് ഉപയോഗിക്കുക. സിനിമയുടെ ദൃശ്യാഖ്യാനം കൂടുതലും നോർമൽ ലെൻസിലാവും കാട്ടുക.

3. ടെലിഫോട്ടോ ലെൻസുകൾ.

ദൂരെയുള്ളവയുടെ സമീപദൃശ്യങ്ങൾ എടുക്കാനാണ് ടെലിഫോട്ടോ ലെൻസ് ഉപയോഗിക്കുന്നത്. വസ്തുവിന് ആഴമുള്ള അനുഭവം പകരാൻ ഈ ലെൻസിന് കഴിയും. വൈഡ് ആംഗിൾ ലെൻസിന്റെ വിപരീതപ്രവർത്തനമാണ് ടെലിഫോട്ടോ ലെൻസിന്റേത്. കുറഞ്ഞ സ്ഥലരാശിയിൽനിന്ന് വിദൂരതയിലുള്ള വസ്തുക്കളെ വലുതാക്കാൻ അതിന് കഴിയും.

4. സൂം ലെൻസുകൾ.

കഥാപാത്രങ്ങളിൽ ആർക്കെങ്കിലുമോ, വസ്തുക്കളിൽ ഏതിനെങ്കിലുമോ സവിശേഷ 'പ്രാധാന്യം' കൊടുക്കുന്നതിനാണ് ഇവ ഉപയോഗിക്കുന്നത്. സൂംലെൻസുകൾ മറ്റു ലെൻസുകളുടെയെല്ലാം പ്രവർത്തനം ഉൾക്കൊള്ളുന്നു. ക്യാമറ നീക്കാതെ പ്രതിരൂപത്തെ ദൂരെനിന്നും സമീപത്ത് കൊണ്ടുവരാൻ സൂംലെൻസിന് കഴിയും. ലെൻസുകൾ ദൃശ്യസൃഷ്ടിയിലെ അർത്ഥമാറ്റങ്ങൾക്ക് സഹായിക്കുന്നുവെന്ന് പറയാം.

ലെൻസുകളുടെ നിർമ്മിതിയിലെ ഏറ്റവും വിസ്മയകരമായ ഉത്പന്നമാണ് സൂംലെൻസ് എന്നു പറയാം. 1950-ൽ വർണ്ണത്തിനും സിനിമാസ്കോപ്പിനും ഒപ്പം സിനിമ രംഗത്തേക്ക് കടന്നുവന്ന സങ്കേതമാണിത്. ദൃശ്യത്തെ ക്യാമറയിലേക്ക് ഫോക്കസിന്റെ സൂക്ഷ്മത നഷ്ടപ്പെടാതെ വലിച്ചടുപ്പിക്കാനും അകലേക്ക് നീക്കാനും ഈ ലെൻസിനു കഴിയുന്നു. അതുപോലെ ദൃശ്യത്തിന്റെ വിദൂര ഷോട്ടിൽ തുടങ്ങി പടിപടിയായി അതി

ലേക്ക് അടുപ്പിച്ച് ക്ലോസപ്പിൽ കൊണ്ടു വരാനും കഴിയുന്നു. ഇങ്ങനെ ലോംഗ്ഷോട്ടിൽനിന്ന് ക്ലോസപ്പിൽ അവസാനിക്കുന്ന നീക്കത്തിനിടയിൽ ഒരിക്കലും ഫോക്കസ് നഷ്ടപ്പെടുന്നില്ല. ക്യാമറ അടുത്തേക്ക് കൊണ്ടുചെല്ലാനാവാത്ത ചുറ്റുപാടുകളിൽ വളരെ ദൂരെനിന്ന് സൂം ചെയ്ത് വേണ്ട ക്ലോസപ്പുകൾ എടുക്കാം. സൂംലെൻസിന്റെ ഈ പ്രവർത്തനം ദൃശ്യത്തെ അടുത്തേക്കു കൊണ്ടു വരാവുന്ന ട്രാക്ക് ഷോട്ടുകളിൽനിന്നും തികച്ചും വ്യത്യസ്തമാണ്. ട്രാക്ക് ഷോട്ടുകളിൽ ക്യാമറ അടുത്തേക്ക് വരുമ്പോൾ ദൃശ്യത്തിന്റെ മുന്നിലുള്ള വസ്തുക്കൾക്ക് അസാധാരണമായ വലിപ്പം വയ്ക്കുകയും പശ്ചാത്തലം അതേരീതിയിൽ തന്നെ നില്ക്കുകയും ചെയ്യും. സൂം ലെൻസ് ഉപയോഗിക്കുമ്പോൾ മുന്നിലും പശ്ചാത്തലത്തിലും ഉള്ള വസ്തുക്കൾക്കെല്ലാം ഒരേ രീതിയിലുള്ള വലിപ്പവർദ്ധന ഉണ്ടാവുകയും അതിനാൽ ദൃശ്യം ഒന്നാകെ അടുത്തേക്ക് വരുന്നതായുള്ള പ്രതീതി ഉണ്ടാക്കുകയും ചെയ്യും.

സൂംലെൻസുകൾക്കുള്ള പ്രധാന പരിമിതി അകത്തേക്കും പുറത്തേക്കുമുള്ള സൂമിങ്ങിന് നിശ്ചിതമായ ഒരു റേഞ്ച് ഉണ്ടെന്നതാണ്. ഈ റേഞ്ചിനകത്തുള്ള ദൃശ്യചിത്രീകരണം മാത്രമേ നടത്താനാവൂ. അതുപോലെ ഫോക്കസ് ആദ്യവസാനം സ്ഥിരമായിരിക്കുന്നതിനാൽ പല അകലങ്ങളിൽനിന്നും സൂം ചെയ്യുന്ന ഷോട്ടുകൾ എടുക്കുമ്പോൾ ദൃശ്യത്തിന്റെ ഗുണം സ്ഥിരം ഫോക്കസുള്ള ലെൻസുകളെക്കാൾ വളരെ കുറവായിരിക്കും. എങ്കിലും സൂം ലെൻസുകൾ ദൃശ്യത്തിനു നാടകീയമായ ചലനം സൃഷ്ടിക്കാനും സമയനഷ്ടമുണ്ടാക്കാത്ത വിധത്തിൽ ചിത്രീകരണം നടത്താനും സഹായിക്കുന്നു. ഫോക്കസ് നിർണ്ണയം, ലെൻസ് അപ്പർച്ചർ നിർണ്ണയം, സൂം സ്ഥാനനിർണ്ണയം എന്നിങ്ങനെ പ്രധാനമായും സൂം ലെൻസിന്റെ പ്രവർത്തനം മൂന്നു വിധത്തിലാണ്.

ഫോക്കസ് നിർണ്ണയം (Focus): ലെൻസിനെ പൊതിഞ്ഞിരിക്കുന്ന ബാഹ്യകവചത്തെ കൈകൊണ്ട് വട്ടം ചുറ്റി ഫോക്കസ് ശരിയാക്കാം. ചുറ്റുമ്പോൾ ലെൻസ് മുന്നോട്ടോ പിന്നോട്ടോ ചലിക്കുന്നു. ഏറ്റവും സൂക്ഷ്മമായ ചിത്രം കിട്ടുന്ന ഭാഗമാണ് കൃത്യമായ ഫോക്കസ്. ദൃശ്യത്തെ സൂംലെൻസിന്റെ ഫോക്കസ് റേഞ്ചിന്റെ തുടക്കത്തിലും അവസാനത്തിലും ഫോക്കസ് ചെയ്താൽ ഇടയിലുള്ള ഏതു റേഞ്ചിലും മാറ്റം ഉണ്ടാകാത്തതിനാൽ വീണ്ടും ഫോക്കസ് മാറ്റേണ്ട ആവശ്യമില്ല. കൈകൊണ്ടും മോട്ടോർ കൊണ്ടും പ്രവർത്തിപ്പിക്കാവുന്ന സൂംലെൻസുകൾ ഇന്ന് ഉണ്ട്.

അപ്പർച്ചർ നിർണ്ണയം (Aperture) : സൂംലെൻസിന്റെ ഫോക്കസ് നിർണ്ണയിക്കാനായി വട്ടംചുറ്റേണ്ട കവചത്തിനു തൊട്ടുപിന്നിൽ അപ്പർച്ചർ നിർണ്ണയിക്കാനുള്ള കവചം ഉണ്ടാവും. ഇതും കൈകൊണ്ടു കറക്കി സ്ഥാനം മാറ്റാം. ഓരോ അപ്പർച്ചറിന്റെയും സ്ഥാനം കാണിക്കുന്ന നമ്പരുകൾ ഇതിൽ ഉണ്ടാവും.

സൂം സ്ഥാനത്തിന്റെ നിർണ്ണയം (Position): ഒരു സൂംലെൻസിന്റെ റേഞ്ചിനകത്തുവരുന്ന ഏതു സ്ഥാനത്തുവച്ചും ദൃശ്യ ചിത്രീകരണം നടത്താം. വേണ്ട ഷോട്ടിന്റെ വലിപ്പത്തിനനുസരിച്ച് സ്ഥാനം മാറ്റുകയും ചെയ്യാം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ സൂംലെൻസിനെ നാരോ ആംഗിൾ ലെൻസോ. നോർമൽ ലെൻസോ, വൈഡ് ആംഗിക ലെൻസോ, ടെലിഫോട്ടോ ലെൻസോ ഒക്കെയായി മാറ്റാം.

മറ്റു ചില സങ്കേതങ്ങൾ

അനമോർഫിക് ലെൻസ് (Anamorphic lens): സിനിമാസ്കോപ്പ് എന്ന സങ്കേതത്തിൽ ഫിലിം ഷൂട്ടുചെയ്യുന്ന ക്യാമറയ്ക്കും പ്രദർശിപ്പിക്കുന്ന പ്രൊജക്ടറിനും മുന്നിൽ ഘടിപ്പിക്കുന്ന പ്രത്യേക തരം ലെൻസ്. ഒരുകൂട്ടം ലെൻസുകളും പ്രിസങ്ങളും കൂട്ടിച്ചേർത്ത് രൂപം കൊടുത്തിട്ടുള്ള ഈ ലെൻസിന്റെ സഹായത്താൽ 70 മി.മീറ്റർ ഫിലിമിൽ ഉൾക്കൊള്ളിക്കാവുന്നത്ര ദൃശ്യത്തെ ചുരുക്കിയൊതുക്കി 35 മി.മീറ്റർ ഫിലിമിൽ പകർത്തിയെടുക്കാൻ കഴിയും. ഇങ്ങനെ പകർത്തപ്പെടുന്ന ദൃശ്യം അൻപതു ശതമാനമായി ചുരുങ്ങുന്നതിനാൽ ഫിലിമിൽ അവയ്ക്ക് ദൃശ്യവൈകല്യമുണ്ടായിരിക്കും. പ്രൊജക്ടറിൽ ഇതേ ലെൻസ് ഘടിപ്പിച്ച ദൃശ്യത്തെ തിരശ്ശീലയിൽ വിന്യസിക്കുമ്പോൾ അവ പൂർണ്ണരൂപത്തിൽ ഇരട്ടിവലിപ്പത്തിൽ ദൃശ്യവൈകല്യം ഇല്ലാത്തവിധത്തിൽ കാണാവുന്നതാണ്. 1927-ൽ ഫ്രഞ്ച് ശാസ്ത്രജ്ഞനായ ഹെൻറി ചെറീട്ടീൻ ഒന്നാം ലോക മഹായുദ്ധകാലത്ത് സൈന്യത്തിന്റെ ഉപയോ

ഗത്തിനായിട്ടാണ് ഇത് ഉണ്ടാക്കിയത്. പാരീസിലെ ഇന്റർനാഷണൽ എക്സ്ബിഷനിൽ ഈ സങ്കേതം 33 X 297 അടി വലിപ്പമുള്ള തിരശ്ശീലയിൽ ദൃശ്യം പ്രദർശിപ്പിച്ചുകൊണ്ട് ഈ പുതിയ സംവിധാനത്തിനു തുടക്കം കുറിച്ചു. 1953-ൽ 'ദി റോബ്' എന്ന സിനിമ ആദ്യമായി അവതരിപ്പിച്ചുകൊണ്ട് ടൊന്റിയത്ത് സെഞ്ചുറി ഫോക്സ് എന്ന വൻകിട ഹോളിവുഡ് നിർമ്മാണക്കമ്പനി ഇതിന് സിനിമാസ്കോപ്പ് എന്ന പേരിട്ട് വൻ പ്രചരണം നല്കി.

പേർസ്പെക്ടീവ് കൺട്രോൾ ലെൻസ് (Perspective control lens): ഏതു ദിശയിലും അനായാസം മാറ്റാൻ സൗകര്യമുള്ള ലെൻസാണിത്. ടിൽട്ടിങ് വർക്കുകളിൽ സൂക്ഷ്മമായ ഫ്രെയിമുകൾ ഉണ്ടാക്കാൻ ഇവ കൂടുതലായി ഉപയോഗിക്കുന്നു.

മൈക്രോലൈൻസ് (Micro lens): പ്രത്യേക ലെൻസുകൾ കൂട്ടിച്ചേർത്ത ലെൻസ് സംയുക്തമാണിത്. വളരെ കുറഞ്ഞ ഫോക്കൽ ലെങ്തുകൾ ഉണ്ടാക്കാൻ ഇവയ്ക്കു കഴിയുന്നു. സൂക്ഷ്മദർശിനിയെപ്പോലെ ലെൻസിനകത്തുതന്നെ ദൃശ്യത്തെ വലുതാക്കാനുള്ള സംവിധാനവും ചില മൈക്രോലെൻസുകളിൽ കാണാം.

സ്ലാന്റ് ഫോക്കസ് ലെൻസ്(Slant focus lens): ഓപ്റ്റിക്കൽ ആക്റ്റിസിനു ഫോക്കസ് നഷ്ടം ഉണ്ടാകാത്തവിധം മാറ്റം വരുത്തി വട്ടം ചുറ്റാവുന്ന ലെൻസുകളാണിവ. 70 മി.മീറ്റർ ക്യാമറകളിലാണ് ഇത് കൂടുതലായി ഉപയോഗിക്കുന്നത്.

വ്യൂ ക്യാമറ ലെൻസ് മൗണ്ടിങ് (View camera lens mounting): വലിപ്പം കൂടിയ ക്യാമറകളിൽ ഉപയോഗിക്കുന്ന പ്രത്യേകതരം ലെൻസാണിത്. വെളിച്ചം കടക്കാത്ത പ്രത്യേകതരം ബെല്ലോസ് ചുരുളുകൾ വഴിയാണ് ഇത്തരം ലെൻസുകളെ ക്യാമറകളിൽ ഉറപ്പിക്കുന്നത്. ഇതിനാൽ ഏതു ഓപ്റ്റിക്കൽ ആക്സിസിലും ഫ്രെയിം ഫോക്കസ് ചെയ്യാം എന്ന മെച്ചവും ഉണ്ട്. സ്പെഷ്യൽ ഇഫക്ടുകൾ ചിത്രീകരിക്കാനാണ് ഈ ലെൻസ് ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത്.

വൈഡ് അപ്പർച്ചർ ലെൻസ് (Wide aperture lens): വെളിച്ചം വളരെ കുറഞ്ഞ ചുറ്റുപാടുകളിൽ ചിത്രീകരണം നടത്താനായി രൂപം കൊടുത്തിട്ടുള്ള ലെൻസ് ആണിത്. നോർമൽ ലെൻസുകളെക്കാൾ ഡെപ്ത്ത് ഫീൽഡ് കുറഞ്ഞവയാണിത് കൂടാതെ പ്രതിബിംബത്തിന്റെ സൂക്ഷ്മത താരതമ്യേന കുറഞ്ഞിരിക്കും എന്ന ന്യൂനതയും ഉണ്ട്.

ലെൻസിനൊപ്പം ചിത്രീകരണത്തിനായി ഉപയോഗിക്കുന്ന ഒട്ടേറെ അനുബന്ധങ്ങൾ ഇന്നു ലഭ്യമാണ്. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു

1. ലെൻസ് ഹുഡ് (Lens hood): അഴുക്ക്, പൊടി എന്നിവയിൽ നിന്നൊക്കെ ലെൻസിനെ സംരക്ഷിക്കാനായി ലെൻസ് ക്യാപ്പ് (മൂടി), ലെൻസ് ഹുഡ് (കവചം) എന്നിവയൊക്കെ ക്യാമറകളിൽ ഉണ്ട്. ലെൻസിന്റെ ബാഹ്യപ്രതലത്തിൽ സൂക്ഷ്മത കൂട്ടാൻ വേണ്ട രാസലേപനങ്ങൾ പൂശിയിട്ടുള്ളതിനാൽ ഈ അനുബന്ധവസ്തുക്കൾ അതിനുവേണ്ട സുരക്ഷിതത്വം നല്കുന്നു. അതുപോലെ നേരിട്ടു വീഴുന്ന തീക്ഷ്ണമായ വെളിച്ചം ക്യാമറകൾക്ക് അപായകരമാണ്. വീഡിയോ ക്യാമറയിൽ പ്രകാശത്തെ ആഗിരണം ചെയ്യുന്ന ഘടകങ്ങളെ അത് അതിവേഗം ക്ഷയിപ്പിക്കുന്നു. സൂര്യന്റെയോ ശക്തിയേറിയ വെളിച്ചത്തിന്റെയോ നേർക്ക് തിരിച്ച് ക്യാമറ ഒരിക്കലും പ്രവർത്തിപ്പിച്ചു കൂടാ. ദൃശ്യപ്പൊലിമയ്ക്കു വേണ്ടി ചിലർ ചിത്രീകരണത്തിനിടിയിൽ ലെൻസിനെ ഹെഡ് ലൈറ്റിലേക്കും മറ്റും ഫോക്കസ് ചെയ്യാറുണ്ടെങ്കിലും ക്യാമറയുടെ ആയുസ്സ് കുറയ്ക്കുമെന്നതിനാൽ അത് ഒഴിവാക്കുന്നതാണ് നല്ലത്. അതുപോലെ ശക്തിയേറിയ വെളിച്ചം ഉപയോഗിക്കുമ്പോഴൊക്കെ ക്യാമറയിൽ ലെൻസ് ഹുഡ് ഉണ്ടായിരിക്കണം. മൂവി ക്യാമറകളിൽ ഇതിനായി ലെൻസിനു മുന്നിൽ ഉറപ്പിക്കാവുന്ന പ്രത്യേകതരം മാറ്റി ബോക്സ് (Matte box) എന്ന ഉപകരണം ഉണ്ട്. ആവശ്യമുള്ളപ്പോൾ മുന്നോട്ടു നീക്കാവുന്ന ചുരുൾ കൊണ്ടാണ് ഇവ ഉണ്ടാക്കിയിരിക്കുന്നത്.

2. **ഡൈ ഓപ്റ്റർ ലെൻസ് (Diopter lense):** ക്യാമറ വളരെ അടുത്തുവച്ച് ഫോക്കസ് ചെയ്യാനായി സാധാരണ ക്യാമറ ലെൻസിനു ഒപ്പം ഘടിപ്പിക്കാവുന്ന ഒറ്റ ഘടകം മാത്രമുള്ള ലെൻസ് ആണിത്. സൂം അനോമോർഫിക് ലെൻസുകൾക്കൊപ്പം ഇത് ഉപയോഗിക്കുന്നു. രണ്ടു വ്യത്യസ്ത തലങ്ങളിൽ ഒരേസമയം ഫോക്കസ് ചെ

യ്യാവുന്ന സ്പ്ലിറ്റ് ഡൈ ഓപ്റ്റർ ലെൻസുകളും ഇന്ന് അനുബന്ധമായി ഉപയോഗിക്കുന്നു. അനോമോർഫിക് ലെൻസുകൾക്ക് സാധാരണ വളരെ അടുത്തുവരുന്ന ഫോക്കസിങ് സാധ്യമല്ലാത്തതിനാൽ ഡൈ ഓപ്റ്റർ ലെൻസുകൾ അടുത്ത ഫോക്കസിങ്ങിന് ആവശ്യമായി വരുന്നു.

3. **ഡോവ് ടേൺ ഓവർ പ്രിസം (Dove turn-over prism)**: ഷോട്ടുകളുടെ അകത്തുതന്നെ അവയെ വട്ടംചുറ്റാനായി ഉപയോഗിക്കുന്ന പ്രത്യേകതരം കട്ടിക്കണ്ണാടിയാണിത്. ഇടം വലം തിരിഞ്ഞതും തലതിരിഞ്ഞതുമായ പ്രതിബിംബമാണ് സാധാരണ കിട്ടുക. 85 മി.മീറ്ററിൽ കൂടുതൽ വലിപ്പമുള്ള ലെൻസുകൾക്കൊപ്പം ഇവ ഉപയോഗിക്കാനാവില്ല.

4. **ഇമേജ് ഇന്റൻസിഫയർ (Image intensifier)** : ലഭ്യമായ വെളിച്ചത്തെ ആയിരം മടങ്ങായി വികസിപ്പിക്കാൻ സഹായിക്കുന്ന പ്രത്യേകതരം ഉപാധിയാണിത്. സൈന്യത്തിലെ സുരക്ഷിത പരിശോധനകൾക്കായി രൂപം കൊടുത്തിട്ടുള്ള ഇവ ഘടിപ്പിച്ച് നക്ഷത്രവെളിച്ചത്തിൽപ്പോലും ചിത്രീകരണം നടത്താവുന്നതാണ്. റസല്യൂഷൻ വളരെ കുറഞ്ഞ നീലനിറത്തിലുള്ള പ്രതിബിംബങ്ങളാവും കിട്ടുക. ന്യൂസ്-ഡോക്കുമെന്ററി ഷൂട്ടിങ്ങിൽ ഇവ കൂടുതലായി ഉപയോഗിക്കുന്നു. സിനിമാചിത്രീകരണങ്ങളിൽ രാത്രിയിലെ രംഗങ്ങൾ ചിത്രീകരിക്കേണ്ടതുള്ളപ്പോൾ വ്യൂഫൈൻഡറിനൊപ്പം ഇവ ഘടിപ്പിച്ചാൽ സെറ്റിലെ എല്ലാ ലൈറ്റുകളും തെളിക്കാതെ തന്നെ ഫ്രെയിം കമ്പോസുചെയ്യാൻ കഴിയും.

> ഇമേജ് സ്റ്റെബിലൈസർ (Imagestabilizer): ഇളകിക്കൊണ്ടിരിക്കുന്ന പ്രതലങ്ങളിൽ ക്യാമറവച്ച് ചിത്രീകരണം നടത്തേണ്ടിവരുമ്പോൾ ഉപയോഗിക്കാവുന്ന പ്രത്യേകതരം അനുബന്ധവസ്തുവാണിത്. ക്യാമറയുടെ ലെൻസിനൊപ്പം ഘടിപ്പിക്കാവുന്ന ഇവയിൽ ദൃശ്യത്തെ ഉറപ്പിച്ചുനിർത്താനായി എണ്ണയോ കട്ടിക്കണ്ണാടിയോ ഒക്കെ ഉൾപ്പെടുത്തിയിട്ടുണ്ടാവും. വാഹനത്തിലോ കുതിരപ്പുറത്തോ വിമാനത്തിലോ വച്ചൊക്കെ ക്യാമറ പ്രവർത്തിപ്പിക്കുമ്പോൾ ഉപയോഗിക്കാവുന്ന ഇവയ്ക്കു ഒട്ടേറെ ന്യൂനതകളുണ്ടെന്നതിനാൽ അപൂർവ്വമായി മാത്രമേ ഇന്ന് പ്രചാരത്തിലുള്ളു

5. **ഇൻക്ലയിനിങ് പ്രിസം (Inclining Prism)**: വളരെ താഴ്ന്നതോ ഉയർന്നതോ ആയ ദൃശ്യകോണിലുള്ള വസ്തുക്കളെ ക്യാമറ തിരിക്കാതെ തന്നെ ചിത്രീകരിക്കാവുന്ന ഉപാധിയാണിത്. സാധാരണ ലെൻസിനു മുന്നിൽ ഘടിപ്പിച്ചാൽ 150 ഡിഗ്രി ചരിഞ്ഞ ദൃശ്യംവരെ പകർത്താൻ കഴിയും. ഇതിൽ ഘടിപ്പിച്ചിരിക്കുന്ന കണ്ണാടിയിൽ തട്ടി പ്രതിഫലിച്ചുവരുന്ന ദൃശ്യത്തെയാണ് ലെൻസ് പകർത്തിയെടുക്കുന്നത്. ഇത്തരം അനുബന്ധവസ്തുക്കൾ വച്ച് ചിത്രീകരിച്ചാൽ ക്യാമറ നിലത്തെ കുഴികളിൽ ഇറക്കിവച്ചപോലുള്ള ഇഫക്ടുകൾ സൃഷ്ടിക്കാൻ കഴിയും. അതുപോലെ ക്യാമറയുടെ നേരേ മുകളിൽ ഏത് ഉയരത്തിലുമുള്ള വസ്തുക്കൾ ചിത്രീകരിക്കാനും ഇവ ഉപയോഗിക്കാറുണ്ട്. ക്യാമറ ഒരു നിശ്ചിത പരിധിക്കപ്പുറത്ത് താഴ്ത്തിയാൽ അടുത്തുനില്ക്കുന്നവരുടെ കാലുകളും ഉയർത്തിയാൽ തലയും ഒക്കെ കടന്നുകൂടുക പതിവാണല്ലോ. ഇവ ഒഴിവാക്കാനായി ഇത്തരം ഉപാധികൾ ക്യാമറയ്ക്കൊപ്പം ഘടിപ്പിക്കുന്നു. ഇതിന് ലോ ആംഗിൾ പ്രിസം എന്നും പേരുണ്ട്.

6. **മൾട്ടി ഇമേജ് പ്രിസം (Multi image prism)**: സാധാരണ ലെൻസിനു മുന്നിലായി ഉറപ്പിക്കാവുന്ന മൾട്ടി ഇമേജ് ലെൻസ് കൊണ്ട് പ്രതിബിംബത്തെ ഇരട്ടിയാക്കാം. വട്ടത്തിലോ ചതുരത്തിലോ തുടങ്ങി ഏതു പാറ്റേണിൽ വേണമെങ്കിലും ഇങ്ങനെ പ്രതിച്ഛായകളെ ഇരട്ടിപ്പിക്കാവുന്ന ലെൻസുകൾ ഇന്നു ലഭ്യമാണ്.

7. **പെരിസ്കോപിക്ക് ലെൻസ് (Periscopic lens)**: അന്തർവാഹിനികളിലെ പെരിസ്കോപ്പുപോലെ ക്യാമറയിലെ ലെൻസിമുന്നിൽ 90° കോണിൽ ഉറപ്പിക്കാവുന്ന അനുബന്ധം. നീണ്ടകുഴലിന്റെ അറ്റത്താണ് ഇതിലെ ലെൻസിന്റെ സ്ഥാനം. മോഡൽ ഫോട്ടോഗ്രാഫ് ഏരിയൽ, ഫോട്ടോഗ്രാഫി എന്നിവയിൽ ഇത് കൂടുതലായി ഉപയോഗിക്കുന്നു.

8. **പ്രോബ് ലെൻസ് (probe lens)**: നീളം കൂടിയ നേർത്ത കുഴലിന്റെ അറ്റത്തായി ഉറപ്പിച്ച ലെൻസ്. മിനിയച്ചർ ചിത്രീകരണത്തിൽ

ഇവ സാധാരണ ക്യാമറലെൻസിനുമുന്നിൽ ഘടിപ്പിച്ചാൽ ദൃശ്യവസ്തുവിന്റെ അന്തർഭാഗത്തുവരെ കടന്നുചെന്നു ചിത്രീകരണം നടത്താൻ സഹായിക്കുന്നു.

9. **റെയിൻ റിഫ്ളക്ടർ (Rain reflector):** കൊടുങ്കാറ്റിലും പേമാരിയിലും മറ്റും സാധാരണ ക്യാമറലെൻസിനെ സുരക്ഷിതമാക്കി വയ്ക്കാൻ സഹായിക്കുന്ന പ്രത്യേകതരം മൂടിയാണിത്. അകത്തേക്ക് കടന്നുവരുന്ന വെള്ളത്തുള്ളികളെ ദൂരേക്ക് തെറിപ്പിക്കാൻ വേഗതയിൽ വട്ടം ചുറ്റുന്ന കണ്ണാടികളുള്ള ഇവ ഏതു മഴയിലും ചിത്രീകരണം നടത്താൻ സഹായിക്കുന്നു.

10. **റേഞ്ച് എക്സ്റ്റൻഡർ (Range extender):** ക്യാമറ ലെൻസിന്റെ ഫോക്കൽ ലെങ്ത് കൂട്ടാനായി അതിനൊപ്പം ഘടിപ്പിക്കാവുന്ന മറ്റൊരു അനുബന്ധമാണിത്. വ്യത്യസ്ത അളവുകളിൽ ഇത് ലഭ്യമാണ്.

ഛായാഗ്രഹണത്തിലെ പ്രകാശവിന്യാസം (Cinematography Lighting)

ഛായാഗ്രഹണകലയുടെ പ്രധാന തത്വങ്ങൾ പ്രകാശവിന്യാസ കലയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഛായാഗ്രഹണകല ചലച്ചിത്രത്തിൽ എത്രത്തോളം പ്രാധാന്യമർഹിക്കുന്നുവോ അത്രത്തോളം അതിന് പ്രകാശ വിന്യാസകലയോട് ബന്ധമുണ്ട്. പ്രകാശവിന്യാസം മനോഹരമായ ഒരു കലയാണ്. ക്യാമറയ്ക്കും ഛായാഗ്രാഹകനും കഥാപാത്രങ്ങളെയും പശ്ചാത്തലത്തെയും ഹൃദ്യമാംവിധം കാണിച്ചുകൊടുക്കുന്ന കല. ക്യാമറ എങ്ങനെ സംഭവങ്ങളെ കാണണമെന്ന് തീരുമാനിക്കുന്ന കല. ചലച്ചിത്ര ദൃശ്യചിത്രീകരണകലയിൽ ക്യാമറയ്ക്കൊപ്പം നിൽക്കുന്ന പ്രധാന ഘടകമാണ് പ്രകാശ സംവിധാനം.

ചലച്ചിത്രത്തിൽ പ്രകാശവിന്യാസത്തിന് വലിയ സ്ഥാനമാണുള്ളത്. മികച്ച ചലച്ചിത്രങ്ങളെല്ലാം വളരെ ശ്രദ്ധയോടെ, കൃത്യമായ പ്രകാശവിന്യാസത്തോടെ നിർമ്മിക്കപ്പെട്ടവയാണ്. ക്യാമറയിലൂടെ എത്ര വ്യക്തതയോടെ എന്തൊക്കെ ദൃശ്യങ്ങൾ എത്രമാത്രം ഭാവതീവ്രതയോടെ കാഴ്ചക്കാരന് നല്കണമെന്ന് തീരുമാനിക്കുന്നത് ക്യാമറയെപ്പോലെതന്നെ പ്രകാശ സംവിധാനം കൂടിയാണ്. പ്രേക്ഷകരുടെ കാഴ്ചയുടെ താല്പര്യങ്ങളെ ക്രമീകരിക്കുന്ന ദൃശ്യങ്ങളുടെ സൂക്ഷ്മത, അർത്ഥം, അനുഭൂതി, പരിസരം, പശ്ചാത്തലം, അന്തരീക്ഷം തുടങ്ങിയവയെല്ലാം ക്രമീകരിച്ച് ക്യാമറയിലെത്തിക്കുന്നത് പ്രകാശവിന്യാസമാണ്. ഓരോ സീനുകളുടെയും രംഗചിത്രീകരണത്തിന് ഏതെല്ലാം ഭാഗങ്ങളിൽ എത്ര അളവിൽ എത്രവിധം വെളിച്ചം ആവശ്യമുണ്ടെന്ന് കണ്ടെത്തി അവ കൃത്രിമമായി സജ്ജീകരിച്ചുകൊടുക്കുന്ന സംവിധാനമാണ് ചലച്ചിത്രത്തിൽ പ്രകാശവിന്യാസം.

> ചലച്ചിത്രത്തിൽ പ്രകാശവിന്യാസത്തിന് വലിയ പ്രാധാന്യമുണ്ട്. എത്ര വ്യക്തതയോടെ ദൃശ്യങ്ങൾ കാഴ്ചക്കാരന് നല്കണമെന്ന് തീരുമാനിക്കുന്നത് പ്രകാശ സംവിധാനമാണ്. ദൃശ്യങ്ങളുടെ സൂക്ഷ്മത, അർത്ഥം, അനുഭൂതി, പരിസരം, പശ്ചാത്തലം, അന്തരീക്ഷം തുടങ്ങിയവ ക്രമീകരിച്ച് ക്യാമറയ്ക്ക് നല്കുന്നത് പ്രകാശവിന്യാസമാണ്.

ചലച്ചിത്രത്തിലെ കഥാസന്ദർഭങ്ങൾ എവിടെനിന്നുള്ളതുമാകാം. ഭൂമിയിലേതോ ഭൗമാന്തരീക്ഷത്തിലേതോ അതിഭൗതിക ലോകത്തിലേതോ സമുദ്രാന്തർഭാഗത്തുള്ളതോ ആകാം. എവിടെനിന്നായാലും സന്ദർഭത്തിന്റെ സമഗ്രതയ്ക്കും ഔചിത്യത്തിനും അനുസരിച്ച് വളരെ വശ്യവും, നാടകീയവുമായ ഇഫക്ടുകൾ സൃഷ്ടിക്കാൻ ചലച്ചിത്രത്തിൽ പ്രകാശവിന്യാസത്തിനു കഴിയും. കഥാപാത്രങ്ങളുടെ മാനസികാവസ്ഥയും മനഃശാസ്ത്രവും കാഴ്ചക്കാരൻ അറിയുന്നതിന് ഏറെ സഹായിക്കുന്നത് പ്രകാശവിന്യാസം എന്ന കലയിലൂടെയാണ്.

പ്രേക്ഷകർ ആരെ കാണണം, എന്തുകാണണം, ആ കാഴ്ച അവരുടെ ഉള്ളിൽ സൃഷ്ടിക്കേണ്ട ഭാവമെന്ത്, വികാരമെന്ത്, പ്രതികരണമെന്ത് എന്നുള്ള കാര്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കി ക്യാമറയിൽ ചിത്രീകരിക്കുന്ന സീനുകൾക്ക് ആവശ്യമായത്ര പ്രകാശം ഒരുക്കുന്ന കലയാണ് പ്രകാശവിന്യാസം. നിങ്ങൾ കണ്ടിട്ടില്ലേ മനുഷ്യരുടെ സന്തോഷങ്ങൾ, സങ്കടങ്ങൾ, പ്രത്യാശകൾ, വിജയങ്ങൾ, പക, കോപം, സ്നേഹം എന്നിവയെല്ലാം അവതരിപ്പിക്കപ്പെടുന്ന ചല

ച്ചിത്ര ഛായാഗ്രഹണത്തിലെ പ്രകാശ വിന്യാസകല പതിഞ്ഞ കഥാസന്ദർഭങ്ങൾ? ഒന്നോർത്തുനോക്കൂ. നിങ്ങൾ ജീവിതത്തിലെന്നപോലെ ഏതെല്ലാം സിനിമകളിൽ എത്രയെത്ര തവണ അത് കണ്ടിരിക്കുന്നു?

ചലച്ചിത്രചരിത്രത്തിലെ എക്കാലത്തെയും മികച്ച സിനിമകളിലൊന്നെന്ന് വിശേഷിപ്പിക്കപ്പെടുന്നതാണ് ഷിൻലേഴ്സ് ലിസ്റ്റ്(1993). സ്റ്റീവൻ സ്പിൽബർഗ്ഗി (Steven Spielberg)നെ ചലച്ചിത്രലോകത്ത് അറിയാത്തവരുണ്ടാകില്ല. E.T. the Extra- Terrestrial (1982), Jurassic Park (1993), Saving Private Ryan (1998) തുടങ്ങി അദ്ദേഹത്തിൻറെ അനവധി സിനിമകൾ നമുക്കും പരിചിതമായിരിക്കും. രണ്ടാം ലോകയുദ്ധകാലം. നാസി ക്യാമ്പുകളിൽ യഹൂദരുടെ കൂട്ടക്കൊലകൾ നടക്കുന്നു. ജർമ്മൻകാരനായ ഷിൻലർ അവിടെ ഇനാമൽ പാത്രങ്ങൾ നിർമ്മിക്കുന്ന ഒരു ഫാക്ടറി തുടങ്ങാനെത്തുന്നു. അയാൾ ജർമ്മൻ ആംഡ് ഫോർസിലെ ഉന്നത ഉദ്യോഗസ്ഥരെ സ്വാധീനിച്ച് അവരുടെ പ്രീതി നേടുന്നു.

ഒരു യഹൂദ ഉദ്യോഗസ്ഥനായിരുന്ന ഇസ്താക് സ്റ്റേണിനെ ഷിൻലർ ജോലിയ്ക്കെടുക്കുന്നു. അയാൾ വഴി യഹൂദ കച്ചവടക്കാരിൽ നിന്നും സാമ്പത്തിക സഹായം നേടി ഫാക്ടറി തുടങ്ങി. തടവുകാരായിക്കൊണ്ടിരിക്കുന്ന യഹൂദരെത്തന്നെ ഇസ്താക് വഴി തൊഴിലാളികളാക്കുന്നു. ഷിൻലറുടെ ചില തൊഴിലാളികളെപ്പോലും കാരണമില്ലാതെ ജർമ്മൻപട്ടാളം വധിക്കുന്നു. ജർമ്മൻപട്ടാളത്തിന്റെ പല കൂട്ടക്കൊലകൾക്കും ഷിൻലർ സാക്ഷിയാവുന്നു. കൊല്ലപ്പെടാതിരിക്കാൻ വേണ്ടി നിലവിളിക്കുന്ന തൊഴിലാളികളിൽ ചിലരോട് അയാൾക്കുണ്ടാവുന്ന അടുപ്പം വലിയൊരു മനുഷ്യസ്നേഹിയായി അയാളെ രൂപപ്പെടുത്തുന്നു. അവർ അപകടത്തിലാണെന്നറിയുമ്പോഴെല്ലാം ഷിൻലർ അവരെ രക്ഷിക്കാൻ ഓടിയെത്തുന്നു.

തന്റെ തൊഴിലാളികളുടെ ജീവൻ രക്ഷിക്കാൻ ഷിൻലർ തന്റെ സമ്പാദ്യമായുള്ള പണം മുഴുവൻ ജർമ്മൻപട്ടാള മേധാവികൾക്ക് വിലയായി നല്കി. ഹിറ്റ്ലർ മരിക്കുകയും യുദ്ധം അവസാനിക്കുകയും ചെയ്തപ്പോൾ, കമ്പനിക്ക് കാവൽ നിന്ന സൈന്യത്തെ അവരുടെ ഭവനങ്ങളിലേക്ക് ഷിൻലർ തിരിച്ചയച്ചു. ഫാക്ടറിയും സർവ്വവും ഉപേക്ഷിച്ച്, കുറേ യഹൂദരെക്കൂടി രക്ഷിക്കാൻ തനിയ്ക്ക് കഴിഞ്ഞില്ലല്ലോ എന്നോർത്ത് വിലപിച്ച്, തൊഴിലാളികളോട് കണ്ണീരോടെ യാത്ര പറഞ്ഞ് ഷിൻലർ സ്വന്തം നാട്ടിലേക്ക് തിരിച്ചുപോയി.

ജർമ്മൻ പട്ടാളത്തിന്റെ കൂട്ടക്കൊലകളിൽ നിന്ന് തന്റെ കമ്പനിയിലേക്ക് തിരഞ്ഞെടുത്ത് തൊഴിൽ ചെയ്യിപ്പിച്ച ആയിരത്തിയൊരുനൂറ് യഹൂദ തടവുകാരുടെ ജീവൻ രക്ഷിച്ചെടുക്കുന്ന നാസി പാർട്ടിക്കാരൻ തന്നെയായ ഷിൻലറുടെ കഥയാണ് ഷിൻലേഴ്സ് ലിസ്റ്റ്. ഉന്നതമായ മനുഷ്യസ്നേഹത്തിന്റെ കഥപറയുന്ന ചലച്ചിത്രങ്ങളിലൊന്നാണ് അത്. ഹീബ്രൂ താൽമൂദി(Talmud)ൽ ഒരു വാക്യമുണ്ട്. Whoever saves one life saves the world entire എന്ന്. അതിനെ അനുസ്മരിപ്പിക്കും വിധം, സ്വന്തം സമ്പാദ്യങ്ങളെല്ലാം നഷ്ടപ്പെടുത്തിയാണെങ്കിലും ഹിറ്റ്ലറുടെ നാസി പട്ടാളത്തിന്റെ ക്രൂരതകളിൽ നിന്ന്, ജർമ്മൻകാരനായ ഷിൻലർ തന്നെ, യഹൂദരെ രക്ഷിക്കാൻ നടത്തുന്ന ത്യാഗത്തിന്റെ കഥ കൂടിയാണ് ഈ ചലച്ചിത്രം.

സ്റ്റീവൻ സ്പിൽബർഗ്ഗിന് ലോകപ്രശസ്തമായ ഏഴ് അക്കാദമി അവാർഡുകളും മറ്റ് ചലച്ചിത്ര അവാർഡുകളും നേടിക്കൊടുത്ത പ്രശസ്തമായ ആ ചലച്ചിത്രത്തിലെ (Schindler-s List) ഓസ്കാർ ഷിൻലറുടെയും (ലിയാം നീസൻ ആയിരുന്നു നടൻ) ഇസ്താക് സ്റ്റേണിന്റെയും (ബെൻ കിഗ്സ്ലി ആയിരുന്നു നടൻ) അതുപോലെ, ആ ചലച്ചിത്രത്തിലെ ക്യാമറ കാണിച്ചുതരുന്ന ഓരോ കഥാപാത്രത്തിന്റെയും നിരാശയും പ്രതീക്ഷയും കോപവും വിജയവുമെല്ലാം ശരീരഭാഷകളിലൂടെ പ്രതിഫലിക്കുന്നത് കാണാം. അത് നാം അറിയുന്നത്, അനുഭവിക്കുന്നത്, കഥാപാത്രത്തിന്റെ മേൽ വ്യത്യസ്ത സന്ദർഭത്തിലെ രംഗചിത്രീകരണത്തിന് ഉപയോഗിക്കുന്ന ക്യാമറയുടെ മാത്രം വിജയമല്ല, ആ രംഗഭാഷയ്ക്കായി കൃത്യതയോടെ വിന്യസിക്കപ്പെടുന്ന പ്രകാശ സംവിധാനത്തിന്റെ കൂടി വിജയമാണ്.

പ്രകാശവിന്യാസരീതികൾ പലവിധമുണ്ട്. ലോകമെങ്ങും ഒരുപോലെ ഉപയോഗിക്കുന്ന

പൊതുവായ രീതികളൊന്നുമില്ല. കുറേ സമാനതകളുണ്ട്. ഓരോ രാജ്യക്കാർക്കും പ്രകാശ സാങ്കേതിക ഉപകരണങ്ങളിലും സജ്ജീകരണങ്ങളിലും വ്യത്യാസങ്ങളുണ്ട്. എങ്കിലും ചില പൊതുരീതികൾ ചലച്ചിത്ര സാങ്കേതിക മേഖലയിൽ കാണപ്പെടുന്നുണ്ട്.

സംവിധായകന്റെയും ഛായാഗ്രാഹകന്റെയും നിർദ്ദേശമനുസരിച്ചാണ് പ്രകാശനിർവാഹകനും ടീമംഗങ്ങളും പ്രവർത്തിക്കുന്നത്. സംവിധായകൻ ചിത്രീകരിക്കേണ്ട സീനുകളുടെ വിശദാംശം നല്കുന്നതോടെ ലൈറ്റിംഗ് ക്രമീകരിക്കുന്ന പ്രധാനവ്യക്തി, അയാളുടെ ടീം അംഗങ്ങൾവഴി വ്യത്യസ്ത കോണുകളിൽ നിന്ന് അതിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നു. ചലച്ചിത്ര സാങ്കേതിക പ്രവർത്തകരുടെ എണ്ണത്തിനനുസരിച്ച് കുറേയേറെ വ്യക്തികൾ ഒന്നുചേർന്നാണ് പ്രകാശ സാങ്കേതിക സജ്ജീകരണങ്ങൾ ചെയ്യുന്നത്. പ്രധാനമായും കലാബോധമുള്ള ചില ഇലക്ട്രിക്കൽ ലൈറ്റിംഗ് എഞ്ചിനീയർമാരുടെ മേൽനോട്ടത്തിലാവും ഇവ ഒരുക്കുക.

ചലച്ചിത്രത്തിൽ സംഭവ സീനുകൾക്കനുസരിച്ച് പ്രകാശവിന്യാസത്തിന്റെ ഗതി മാറും. ഒരു രംഗചിത്രീകരണത്തിന് പലതരം പ്രകാശ സജ്ജീകരണങ്ങൾ ആവശ്യമായി വരും. അതിനായി ചില പ്രത്യേക സാങ്കേതികപദങ്ങൾ ചലച്ചിത്ര മേഖലയിൽ ഉപയോഗിക്കുന്നു. Natural Lighting, Key Lighting, Fill Lighting, Back Lighting, Practical Lighting, Soft Lighting, Bounce Lighting, Side Lighting തുടങ്ങിയ പദങ്ങൾ അവയിൽ ചിലതാണ്.

1. സ്വാഭാവിക പ്രകാശവിന്യാസം (Natural Lighting)

പ്രകൃതിയുടെ തന്നെ സ്വാഭാവികമായ പ്രകാശവിന്യാസ രീതിയിലുള്ള വെളിച്ചം നൽകലാണ്, ബോധനിർമ്മാണമാണത്. പ്രഭാതം, മധ്യാഹ്നം, സായാഹ്നം, രാത്രി എന്നീ കാലങ്ങളുടെ അവബോധം നൽകിക്കൊണ്ട് സ്വാഭാവികമായോ, കൃത്രിമമായോ നിർമ്മിക്കുന്ന പ്രകാശവിന്യാസ രീതികളുണ്ട്. പകൽ ചിത്രീകരണത്തിൽത്തന്നെ വേണ്ടത്ര വെളിച്ചം ലഭ്യമല്ലാത്ത വേളയിലെല്ലാം ആവശ്യമായത്ര പ്രകാശ വിന്യാസം നടത്താറുണ്ട്. രാത്രികാല സീനുകൾ പലതും പകൽ സമയത്താണ് ചിത്രീകരിക്കുക. രാത്രിയെന്ന് തോന്നിപ്പിക്കാൻവേണ്ടി കൃത്രിമമായി ആവശ്യമായത്ര ഇരുട്ട് പലതരം ഷേഡുകൾ ഉപയോഗിച്ച് രൂപപ്പെടുത്തുന്നു. ക്യാമറ അതിനിണങ്ങുന്ന സ്ഥലത്ത് സജ്ജീകരിക്കുന്നു. അതിന് പര്യാപ്തമായവിധം ഫിൽട്ടർ ലെൻസുകൾ ക്യാമറയിലും ഉപയോഗിക്കുന്നു.

2. കീ ലൈറ്റിംഗ് (Key Lighting)

ചിത്രീകരണവേളയിലെ പ്രകാശത്തിന്റെപ്രധാന സ്രോതസാണ് കീ ലൈറ്റിംഗ്. വെളിച്ചം കഥാപാത്രത്തിലേക്കോ വസ്തുവിലേക്കോ ശക്തമായി (ക്യാമറയിൽനിന്ന് ഏകദേശം 45 ഡിഗ്രി ചായ്‌വിൽ) ഫോക്കസ് ചെയ്യുന്ന രീതിയാണിത്. കഥാപാത്രത്തിന്റെ അപ്പോഴത്തെ അവസ്ഥ കൃത്യതയോടെ പ്രതിഫലിപ്പിക്കാൻ ഈ പ്രകാശവിന്യാസ രീതി സഹായിക്കുന്നു. ഫിലിംചിത്രീകരണ സന്ദർഭത്തിനനുസരിച്ച് പശ്ചാത്തലത്തിൽ നിഴൽ വീഴാനിടയുണ്ട്. കഥാപാത്രത്തിനോ വസ്തുവിനോ പ്രാധാന്യമുള്ള സന്ദർഭമാണെന്ന് പ്രേക്ഷകന് അനുഭവിക്കാനാകുന്നു.

> ചിത്രീകരണത്തിലെ പ്രധാന പ്രകാശ സ്രോതസാണ് കീ ലൈറ്റിംഗ്. വെളിച്ചം കഥാപാത്രത്തിലേക്കോ വസ്തുവിലേക്കോ ശക്തമായി ഫോക്കസ് ചെയ്യലാണിത്. കഥാപാത്രത്തിന്റെ അപ്പോഴത്തെ അവസ്ഥ പ്രതിഫലിപ്പിക്കാൻ ഈ രീതി സഹായിക്കുന്നു.

3. ഫിൽ ലൈറ്റിംഗ് (Fill Lighting)

ത്രീ പോയിന്റ്ലൈറ്റിംഗ് എന്ന് വിളിക്കപ്പെടുന്നവയാണ് കീ ലൈറ്റിംഗ്, ഫിൽ ലൈറ്റിംഗ്, ബാക് ലൈറ്റിംഗ് എന്നിവ. ചലച്ചിത്ര ചിത്രീകരണ വേളയിൽ കീ ലൈറ്റിംഗ് ചെയ്യുമ്പോൾ കഥാപാത്രത്തിന്റെയോ വസ്തുവിന്റെയോ പശ്ചാത്തലത്തിൽ രൂപപ്പെടുന്ന നിഴൽ നീക്കുകയാണ് ഫിൽ ലൈറ്റിങ്ങിന്റെ ധർമ്മം.

4. ബാക്ക് ലൈറ്റിംഗ് (Back Lighting)

കഥാപാത്രത്തിന്റെയോ വസ്തുവിന്റെയോ സംഭവത്തിന്റെയോ ചിത്രീകരണത്തിൽ അതിപ്രധാനമായ മൂന്നുതരം പ്രകാശ സ്രോതസുകളിലൊന്നാണ് ബാക്ക് ലൈറ്റിംഗ് അഥവാ പിൻവെളിച്ചം. കീ ലൈറ്റിംഗ്, ഫിൽ ലൈറ്റിംഗ് എന്നിവ

പോലെ പ്രാധാന്യമുള്ളതാണത്. കഥാപാത്രത്തെയും (സംഭവത്തെയും) പശ്ചാത്തലത്തെയും വേർതിരിച്ചു കാണാൻ ബാക്ക് ലൈറ്റിംഗ് സഹായിക്കുന്നു. ടൂ ഡയമൻഷണൽ സിനിമകളിലും കഥാപാത്രങ്ങളെയും പശ്ചാത്തലത്തെയും വ്യക്തമായി വേർതിരിച്ചുകൊണ്ട് നാടകീയമായി ത്രീ ഡി ഇഫക്ട് പോലെ തോന്നിപ്പിക്കുന്നത് ബാക് ലൈറ്റിംഗിന്റെ മികവുകൊണ്ടാണ്.

5. പ്രാക്ടിക്കൽ ലൈറ്റിംഗ് (Practical Lighting)

നമ്മൾ ഒരു ഷോപ്പിംഗ് മാളിലോ, എയർപ്പോർട്ടിലോ, റെസ്റ്റോറന്റിലോ, ഒരു പഴയ വീടിന്റെ അടുക്കളയിലോ ആണെന്ന് കരുതുക. അവിടെ കുറേ വെളിച്ചമുണ്ടാവും. അവിടെ തെളിയുന്ന വിളക്കുകളോ, മെഴുകുതിരി വെളിച്ചമോ, വിറക് കത്തുന്ന വെളിച്ചമോ മറ്റോ. അത്തരം പ്രകാശ വിന്യാസ രീതിയെയാണ് പ്രാക്ടിക്കൽ ലൈറ്റിംഗ് എന്ന് പറയുന്നത്. ഇത്തരം വെളിച്ചവിന്യാസരീതി നിങ്ങൾ പലപ്പോഴും കണ്ടിട്ടുണ്ടാവും. കഥാപാത്രങ്ങളുടെയും കഥാസന്ദർഭത്തിന്റെയും വൈകാരികാവസ്ഥയെയും പ്രത്യേക അന്തരീക്ഷത്തെയും പ്രതിഫലിപ്പിക്കാൻ പ്രാക്ടിക്കൽ ലൈറ്റിംഗ് സഹായിക്കുന്നു.

6. സോഫ്റ്റ് ലൈറ്റിംഗ് (Soft Lighting)

സോഫ്റ്റ് ലൈറ്റിംഗ് പ്രധാനമായി ഉപയോഗിക്കുക ക്ലോസപ്പ് സീനുകളിലാണ്. കാലാവസ്ഥാവ്യതിയാനം, ഒരു കാല്പനിക അന്തരീക്ഷം, കഥാപാത്രത്തിന്റെ സന്ദേഹം നിറഞ്ഞ സാഹചര്യം എന്നിവ രൂപപ്പെടുത്താൻ ഉപയോഗിക്കുന്നു. കഥാപാത്രത്തിനുചുറ്റും പല കോണുകളിലും വളരെ നേർത്ത നിഴൽ നിറഞ്ഞ ഒരന്തരീക്ഷം രൂപപ്പെടുത്തുന്നു.

7. ബൗൺസ് ലൈറ്റിംഗ് (Bounce Lighting)

സൂര്യനോ, ശക്തമായ പ്രകാശം തരുന്ന ഇലക്ട്രിക് ലൈറ്റുകളോ പോലെ ഏതെങ്കിലും ഒരു പ്രകാശ സ്രോതസ്സിൽനിന്ന് ഏതെങ്കിലും ഫോം ബോഡുകളിലേക്കോ, ഭിത്തിയിലേക്കോ, സീലിംഗിലേക്കോ, സിൽക്ക് തുണികളിലേക്കോ വെളിച്ചം കടത്തിവിട്ട് അതിലൂടെ വസ്തുവിലേക്കോ കഥാപാത്രത്തിലേക്കോ പ്രതിഫലിപ്പിച്ച് പ്രകാശവിന്യാസം നടത്തുന്ന രീതിയാണിത്. പ്രകാശത്തെ വഴിതിരിച്ചുവിടുന്ന, പലായനം ചെയ്യിക്കുന്ന രീതിയാണ് ബൗൺസ് ലൈറ്റിംഗ് എന്ന് പറയുന്നത്. മുകളിൽനിന്നോ, മുന്നിൽനിന്നോ, പിന്നിൽ നിന്നോ, വശങ്ങളിൽ നിന്നോ വസ്തുവിലേക്കോ കഥാപാത്രത്തിലേക്കോ പ്രകാശവിന്യാസം നടത്താനാവും.

8. സൈഡ് ലൈറ്റിംഗ് (Side Lighting)

വസ്തുവിനെയോ കഥാപാത്രത്തിനെയോ കൂടുതൽ പ്രാധാന്യത്തോടെ അവതരിപ്പിക്കാൻ സൈഡ് ലൈറ്റുകൾ സഹായിക്കുന്നു. ഒരു നാടകീയ അന്തരീക്ഷം ഒരുക്കാനും ഇത്തരം പ്രകാശ വിന്യാസത്തിന് കഴിയും.

എഡിറ്റിംഗ് (Editing)

തിരക്കഥയിലെ സംഭവക്രമത്തിൽ, ചിത്രീകരണം പൂർത്തിയായ ദൃശ്യങ്ങളെ മുറിച്ച് കൂട്ടിച്ചേർക്കുന്ന പ്രക്രിയയാണ് എഡിറ്റിംഗ്. ദൃശ്യ ഫിലിമുകളെ കലാത്മകമായും നാടകീയമായും സമന്വയിപ്പിക്കലാണത്. ഷോട്ടുകളുടെ മുൻ-പിൻ ക്രമമാണ് ഫിലിം ഭാഷയിൽ അർത്ഥനിർമ്മാണത്തിനുള്ള ഒരു കാരണം. എഡിറ്റിംഗിലെ മൊണ്ടാഷ് അതാണ്. രണ്ടുചിത്രങ്ങളുടെ ചേർച്ച പുതിയൊരാശയത്തെയാണ് നിർമ്മിക്കുന്നത്. ദൃശ്യങ്ങൾ സിനിമയിൽ വരേണ്ട ക്രമവും ദൈർഘ്യവും നിശ്ചയിക്കുകയാണ് എഡിറ്റിംഗിലെ ഒരു ജോലി. സിനിമയുടെ വളർച്ചയ്ക്കിടയിൽ സംഭവിച്ച ഏറ്റവും വലിയ കണ്ടെത്തലായിരുന്നു എഡിറ്റിംഗ്. ബ്രൗൺ ലോ (Brown Low) എഡിറ്റിങ്ങിനെ ഫിലിമിന്റെ അവസാനത്തെ സംവിധാനം (last direction) എന്നു വിളിക്കാനാണിഷ്ടപ്പെട്ടത്. ഡിസ്സാവിട്രോവ് അതിനെ ഒരു പുതിയ ദൃശ്യപ്രപഞ്ചത്തിന്റെ സൃഷ്ടികർമ്മമായാണ് വിവരിച്ചത്. ഐസൻസ്റ്റീൻ എഡിറ്റിംഗിനെ സിനിമയുടെ എസ്സൻസ് ആണെന്നു നിർവചിച്ചു.

പ്രധാന ദൃശ്യത്തിനൊപ്പം അതിന്റെ സമീപദൃശ്യങ്ങളും സമാന്തരദൃശ്യങ്ങളുമൊക്കെ ഉൾപ്പെടുത്തി കഥാകഥനം ആകർഷകമാക്കി മാറ്റുന്ന രീതി സിനിമയുടെ മുൻഗാമിയായ ലാന്റേൺ പ്രദർശനങ്ങളിൽ ഉണ്ടായിരുന്നു. കഥ പറയാനുള്ള പുത്തൻ ശൈലികൾ തിരഞ്ഞുള്ള അന്വേഷണത്തിൽ പലയിടത്തുനിന്നും കടംകൊണ്ടു പരിണമിച്ച് പുതിയ സാങ്കേതികവിദ്യയായി എഡിറ്റിംഗ് മാറി. ആദ്യകാലത്തെ കത്തിയും കത്രികയും കൊണ്ട് മുറിച്ച് ഓരോ ഫ്രെയിമും സൂക്ഷ്മപരിശോധന നടത്തി പശകൊണ്ട് ഒട്ടി

ച്ചു ചേർക്കുന്ന പ്രാചീനമായ എഡിറ്റിംഗ് രീതികളിൽ നിന്നും ആധുനിക സാങ്കേതികവിദ്യകളുപയോഗിച്ച് സംയോജിപ്പിക്കുന്ന അത്യാധുനിക രീതികൾ നിലവിൽ വന്നു.

എഡിറ്റിംഗിനുള്ള അനന്തസാധ്യതകളെ ആദ്യമായി കണ്ടറിഞ്ഞതും അവയെ പ്രയോഗത്തിലൂടെ വിജയിപ്പിച്ചതും നിശ്ശബ്ദസിനിമയുടെ ആചാര്യനായിരുന്ന ഗ്രിഫ്ത്തും സഹായിയായ എഡ്വിൻ പോട്ടറും ആയിരുന്നു. ഇന്റർകട്ടിങ്ങിലൂടെ വ്യത്യസ്ത സമയങ്ങളിൽ വിവിധ ലൊക്കേഷനുകളിൽ വച്ചു നടത്തുന്ന ചിത്രീകരണങ്ങളെ ഒന്നിച്ചു ചേർത്ത് തുടർച്ചയും നൈരന്തര്യവികാസവും അനുഭവപ്പെടുത്താമെന്ന് 'ദി ഗ്രേറ്റ് ട്രെയിൻ റോബറി' എന്ന പോട്ടർ ചിത്രം തെളിയിച്ചുകാട്ടി. സിനിമയുടെ ചരിത്രത്തിലെ വിസ്മയാവഹമായ കഥാകഥനാനുഭവമായി ആ ചിത്രം മാറി. നിരന്തരം തുടർന്നുകൊണ്ടിരുന്ന സിനിമാനിർമ്മാണത്തിലൂടെ ഗ്രിഫിത്ത് സ്വന്തമായ ഒരു എഡിറ്റിംഗ് ശൈലിക്കുതന്നെ രൂപം കൊടുത്തു. ലോംഗ്ഷോട്ടുകളും മീഡിയംഷോട്ടുകളും ക്ലോസ്ഷോട്ടുകളും വ്യക്തമായ തുടർച്ചാക്രമത്തിൽ ഒട്ടിച്ചുചേർത്ത് 'സിനിമാറ്റിക് ടൈം' എന്ന പുതിയ സങ്കല്പം തന്നെ ഗ്രിഫിത്ത് അവതരിപ്പിച്ചു. സംഭവങ്ങളെ ആവുന്നത് കുറുക്കി പിരിമുറുക്കം കൂട്ടി വളരെ കുറച്ചു ഷോട്ടുകളിലൂടെ അവതരിപ്പിച്ച് സമയത്തെ ചുരുക്കി അയഥാർത്ഥമാക്കി മാറ്റുന്ന ടെക്നിക്കായിരുന്നു ഇത്. ഇത്തരത്തിൽ ഹോളിവുഡിന്റെ സംഭാവനയായി അദൃശ്യമായ 'കണ്ടിന്യുവിറ്റി എഡിറ്റിങ്' എന്ന ഒരു പ്രയോഗവിധിതന്നെ ചിത്രസംയോജനത്തിൽ പ്രാവർത്തികമായി (invisible continuity editing).

അദൃശ്യമായ കണ്ടിന്യൂവിറ്റി എഡിറ്റിംഗ് എന്ന ഹോളിവുഡ് ശൈലിയുടെ ഏറ്റവും പ്രാമാണികമായ ലക്ഷ്യം ഷോട്ടുകളുടെ കൂട്ടിച്ചേർക്കലും സങ്കലനവും കാഴ്ചക്കാർക്ക് ഒരിക്കലും അനുഭവപ്പെടാത്തവിധത്തിൽ അദൃശ്യമാക്കി വയ്ക്കുക എന്നതായിരുന്നു. കഥാകഥനത്തിന്റെ, സംഭവത്തിന്റെ ഒഴുക്കിനെ ഹനിക്കുന്ന ഒരു ഷോട്ടും ഇടയ്ക്ക് കൂട്ടിക്കലർത്താതിരിക്കുക എന്ന കർശനമായ നിയമത്തിലൂടെയാണ് ഇത് സാധിച്ചെടുത്തത്. ഒഴുക്കിനു ഭംഗമോ ഷോട്ടിന് പ്രകടമായ വ്യത്യാസമോ വരുമ്പോൾ കാഴ്ചക്കാരൻ ക്യാമറയെക്കുറിച്ചും എഡിറ്റിംഗിനെക്കുറിച്ചും പെട്ടെന്ന് ബോധവാനാകുന്നു എന്ന മനഃശ്ശാസ്ത്രസങ്കല്പത്തിൽ നിന്നാണ് ഈ ശൈലി ഉരുത്തിരിച്ചെടുത്തത്. ഇൻവിസിബിൾ കണ്ടിന്യുവിറ്റി എഡിറ്റിംഗ് എന്ന ഹോളിവുഡ് ശൈലി യിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു ചിത്രസംയോജനരീതി ഉരുത്തിരിച്ചെടുക്കാനുള്ള ശ്രമം ആദ്യം തുടങ്ങിയത് റഷ്യൻ സംവിധായകരാണ്. അക്കൂട്ടത്തിൽ കുലിഷോവും പുഡോവ്ക്കിനും സവിശേഷമായ സ്ഥാനം അർഹിക്കുന്നു. ഹോളിവുഡ് എഡിറ്റിംഗിന്റെ നിയമങ്ങളെ നിരാകരിച്ചുകൊണ്ട് വ്യത്യസ്തമായ ഒരു ചിത്രസംയോജനം ക്രമമാണ് ഇവർ പരീക്ഷിച്ചത്. മൊണ്ടാഷ് (montage), കോൺട്രാസ്റ്റ് (contrast), സൈമൾട്ടാനിറ്റി (simultaneity), ലെയിറ്റ് മോട്ടിഫ് (leitmotif), പാരലലിസം (parallelism), സിംബോളിസം (symbolism) എന്നീ സങ്കേതങ്ങളെ അവർ എഡിറ്റിംഗിലേക്ക് കൊണ്ടുവന്നു. സമാനസ്വഭാവമുള്ള സംഭവങ്ങളുടെ ഷോട്ടുകളെ ഒന്നിച്ച് എഡിറ്റു ചെയ്തു ചേർക്കുന്ന രീതിയാണ് പാരലലിസം. ആന്ദ്രേ ബേസിൻ (Andre Bazin അവതരിപ്പിച്ച എഡിറ്റിംഗ് ശൈലിയാണ് ഡീപ്പ് ഫോക്കസ് എഡിറ്റിങ് (deep focusing editing). എഡിറ്റിംഗ് എന്ന പ്രക്രിയയുടെ ബൗദ്ധികമായ തലങ്ങളെ വികസിപ്പിച്ചെടുത്തതിൽ ഐസൻസ്റ്റീന് വലിയ പങ്കുണ്ട്. ഐസൻസ്റ്റീനിന്റെ ഏറ്റവും വലിയ സംഭാവനയായി പരിഗണിക്കപ്പെടുന്നത് മൊണ്ട് എന്ന പേരിൽ അറിയപ്പെടുന്ന എഡിറ്റിംഗ് ശൈലിയുടെ അവതരണമാണെന്നു പറയാം (1920). യാതൊരു സമാനസ്വഭാവവുമില്ലാത്ത രണ്ടു വ്യത്യസ്ത സ്വീക്വൻസുകളെ തൊട്ടടുത്തായി ചേർത്ത് രണ്ടിൽ നിന്നും ഭിന്നമായ മൂന്നാമതൊരു ഭാവം സൃഷ്ടിക്കുന്ന ടെക്നിക്. തീൻമേശയിലെ ഒഴിഞ്ഞ പാത്രം, ദുർബലയായ കിഴവി അടുത്തിരുന്നു കരയുന്ന വിശക്കുന്ന കുട്ടി, ഈ ഷോട്ടു കളെ കട്ടുചെയ്ത് കുടവയറനും തടിയനുമായ ഒരുവൻ, ചീർത്തവയറിനു മേലെ വലിയ സ്വർണ്ണമാല, ഭക്ഷണസാധനങ്ങൾ നിറഞ്ഞ മേശ, ഇത്തരം മൊണ്ടേജിലൂടെ വിശപ്പിന്റെ ക്രൂരതയും നിസ്സഹായതയും അതിശക്തമായവിധത്തിൽ കാഴ്ചക്കാരന്റെ മനസ്സിൽ പതിയുന്നു. മൊജിനെ ഡീപ്പ് ഫോക്കസിന്റെ നേരേ എതിർ സ്വഭാവമുള്ള ശൈലിയാണെന്നു പറയാം.

മൊണ്ടാഷ്

ദൃശ്യങ്ങൾ സിനിമയിൽ കടന്നുവരേണ്ടതിന്റെ ക്രമവും ദൈർഘ്യവും നിശ്ചയിക്കുകയാണ് എഡിറ്റിംഗിലെ ഒരു ജോലി. വ്യത്യസ്ത അർത്ഥമുള്ള ഒന്നിലധികം ദൃശ്യചിഹ്നങ്ങൾ കൂടിച്ചേരുമ്പോൾ പുതിയ ഒരാശയം പിറക്കുന്ന 'മൊണ്ടാഷി'നെ കൈവിടാൻ എഡിറ്റർക്ക് കഴിയില്ല. കാഴ്ചക്കാരന്റെ മനഃശാസ്ത്രത്തിനിണങ്ങുന്ന വിധത്തിലാണ് എഡിറ്റിംഗിൽ ദൃശ്യങ്ങളെ സംയോജിപ്പിക്കുന്നത്. തിരക്കഥയ്ക്കനുസരിച്ച് വിപരീതാവസ്ഥ (contrast)കളെ തുലനപ്പെടുത്തുന്ന തരത്തിൽ ചിത്രസംയോജനം നടത്തുന്ന രീതികളുണ്ട്. കടൽക്ഷോഭത്തിൽ സർവവും നഷ്ടപ്പെട്ട ഒരു മനുഷ്യൻ. അയാളുടെ വിഷമാവസ്ഥകൾ കഥാരൂപേണ ചിത്രീകരിക്കുമ്പോൾ, അതേ കടൽക്ഷോഭത്തിൽനിന്നും ലാഭങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുന്ന മനുഷ്യപ്പറ്റില്ലാത്ത ഒരാളിന്റെ പ്രവൃത്തികളെ താരതമ്യപ്പെടുത്താം. ചലച്ചിത്രത്തിൽ നിരവധി ദൃശ്യങ്ങൾ മാറിമാറി അടുപ്പിച്ചടുപ്പിച്ചു കാണിക്കുന്ന സമ്പ്രദായത്തെയാണ് മൊണ്ടാഷ് എന്ന് പറയുന്നത്. സ്വതന്ത്രമായ ഒരു അർത്ഥം സൃഷ്ടിക്കാൻ വേണ്ടിയാണിത്. ഈ സംജ്ഞ പൊതുവായ അർത്ഥത്തിൽ ചിത്രസന്നിവേശ പ്രക്രിയയിൽ അതിവേഗത്തിൽ എഡിറ്റുചെയ്യപ്പെട്ട ദൃശ്യപരമ്പരയെ സൂചിപ്പിക്കാൻ ആണ് ഉപയോഗിക്കാറ്. റഷ്യൻ സംവിധായകനായ സെർജി ഐസൻസ്റ്റീൻ ആണ് ഈ സാങ്കേതികവിദ്യ ആദ്യമായി പ്രയോഗിച്ചത്. 'ബാറ്റിൽഷിപ്പ് പൊട്ടംകിൻ' എന്ന സിനിമയിലെ പ്രശസ്തമായ ഒഡേസ പടവുകളുടെ സീനുകളിലാണ് മൊണ്ടാഷ് സിദ്ധാന്തം ആദ്യമായി പ്രയോഗിക്കുന്നത്. ഷോട്ടുകൾ തമ്മിലുള്ള വൈരുധ്യങ്ങളും അവയുടെ സംഘർഷവും ആണ് ഈ സാങ്കേതികവിദ്യയിലൂടെ പ്രസക്തമാകുന്നത്. ചലച്ചിത്ര പ്രമേയത്തെ തന്നെ മൊണ്ടാഷ് സിദ്ധാന്തം ആഴത്തിൽ സ്വാധീനിക്കുന്നു. ഷോട്ടുകളുടെ സമാന്തരമായ കട്ടുകൾ വഴി രണ്ട് ദൃശ്യങ്ങളിലെ പ്രവൃത്തികൾ ഒരേസമയം വേഗതയിൽ എഡിറ്റ് ചെയ്തു ചേർക്കുകയാണ് മൊണ്ടാഷിലൂടെ ചെയ്യുന്നത്.

സംവിധായകന്റെ ആത്മാംശങ്ങൾ ഉൾക്കൊള്ളുന്ന ഒരു കലാസങ്കേതമായ മൊണ്ടാഷ് സംഘർഷ ദൃശ്യ സന്നിവേശപ്രകിയയിലൂടെ ഇതിവൃത്തത്തിന്റെ ഘടനയിലേക്ക് കടന്നു കയറി വൈകാരികമായ ഇമേജിനെ സൃഷ്ടിക്കുന്നു. പ്രേക്ഷകരെയാകെ വൈകാരികതയിലേക്ക് പൊടുന്നനെ എടുത്തെറിയുന്ന അവസ്ഥയാണ് ഈ എഡിറ്റിംഗ് സാങ്കേതികവിദ്യയിലൂടെ സംവിധായകർ സൃഷ്ടിച്ചെടുക്കുന്നത്. ആക്സിലറേറ്റഡ് കട്ടിംഗ് വഴി ആകാംക്ഷയുണർത്താനും പ്രേക്ഷകരെ ആകർഷിക്കാനും കഴിയുന്നത് വഴി പുതിയ അർത്ഥതലങ്ങൾ കണ്ടെത്തുന്ന വിദ്യയാണ് ആകർഷണത്തിലൂടെയുള്ള സന്നിവേശ (montage by attraction)ത്തിലൂടെ പ്രയോഗിക്കുന്നത്. ഷോട്ടുകളുടെ ദൈർഘ്യത്തിൽ മാറ്റം വരുത്തി ഒന്നിലധികം ദൃശ്യങ്ങളിലൂടെ ആഴമേറിയ മെട്രിക് ഉണ്ടാക്കുന്നു. അവയെ സംയോജിപ്പിച്ച് വൈകാരിക മുഹൂർത്തങ്ങൾ സൃഷ്ടിക്കുന്ന രീതിയാണ് മെട്രിക് മൊണ്ടാഷ് എന്നറിയപ്പെടുന്നത്. ഇത് സംഗീതത്തിലെ ഒരു മാത്രയെന്നതുപോലെയുള്ള സങ്കേതത്തെ പിൻപറ്റി ഷോട്ടുകളുടെ ദൈർഘ്യത്തെ വെട്ടിക്കുറയ്ക്കുന്നു. സംഗീതത്തിൽ എന്നപോലെ തിരശ്ശീലയിൽ നിയതമാത്രകൾ ആവർത്തിച്ചുകൊണ്ട് ദൃശ്യതാളം സൃഷ്ടിക്കപ്പെടുകയാണ്. പ്രമേയങ്ങളുടെ ഘടനകൾക്കനുസൃതമായി ഒന്നിലധികം ദൃശ്യങ്ങൾ മാറിമാറി സംയോജിപ്പിച്ചുകൊണ്ട് ആഴമേറിയ മെട്രിക് ഉണ്ടാക്കാൻ കഴിയുമെന്ന് വിശ്വപ്രസിദ്ധ ചലച്ചിത്രങ്ങളിലൂടെ തെളിയിച്ചിട്ടുണ്ട്. ഫ്രെയിമുകൾക്കുള്ളിലെ ദൃശ്യങ്ങളിൽ ചലനവൈരുധ്യം സൃഷ്ടിക്കുന്ന സാങ്കേതികവിദ്യയ്ക്ക് മൊണ്ടാഷ് എന്ന് പറയുന്നു. ഫ്രെയിമുകൾക്ക് ഉള്ളിലെ ദൃശ്യ സവിശേഷതകളും ഒരു സീക്വൻസിന്റെ പൊതുവായ ഘടനയുമനുസരിച്ചാണ് റിഥമിക് മൊണ്ടാഷിൽ ദൈർഘ്യം നിർണയിക്കുന്നത്. നിശ്ചലമായ ദൃശ്യങ്ങളിലൂടെ പ്രേക്ഷകരുടെ കാഴ്ചയുടെ വീക്ഷണകോണിനെ ഭ്രമിപ്പിച്ചു കൊണ്ട് കൂടുതൽ അർത്ഥതലങ്ങളിലേക്ക് പ്രവേശിക്കാൻ ഈ വിദ്യ ഉപയോഗിക്കുന്നു.

മൊണ്ടാഷ്-ബാറ്റിൽഷിപ്പ് പൊട്ടംകിൻ



കട്ടിംഗ് പ്രിന്റ്

ഷൂട്ടിങ് പൂർത്തിയാക്കിയ നെഗറ്റീവ് ഫിലിം ലാബോറട്ടറിയിൽ പ്രോസസ് ചെയ്ത് അതിൽ നിന്നും ആദ്യമായി ഒരു പോസിറ്റീവ് പ്രിന്റ് തയ്യാറാക്കുന്നു. ഇതിനെ കട്ടിംങ് പ്രിന്റ് (cutting print) എന്നു പറയുന്നു. ഈ പോസിറ്റീവ് ഫിലിമാണ് എഡിറ്റിംഗിനായി ഉപയോഗിക്കുന്നത്. സിനിമ രൂപഭാവങ്ങൾ നേടുന്നത് ഇതിൽ നിന്നുമാണ്. നെഗറ്റീവ് ഫിലിം കൈകാര്യം ചെയ്യാതെ ലാബോറട്ടറിയിൽ സുരക്ഷിതമായി സൂക്ഷിക്കുന്നു. കട്ടിംഗ് പ്രിന്റും തിരക്കഥയും ഷൂട്ടിംഗ് റിക്കാർഡുകളും എഡിറ്റിംഗ് ടേബിളിലെത്തുന്നതോടെ ചിത്രസംയോജനം എന്ന പ്രക്രിയ ആരംഭിക്കുന്നു. കട്ടിങ് പ്രിന്റ് നെഗറ്റീവിന്റെ തനിപ്പകർപ്പ് ആയതിനാൽ അതിൽ ഷോട്ടുകളും സീനുകളും സീക്വൻസുകളുമൊക്കെ സമ്മിശ്ര രൂപത്തിലാവും ഉൾപ്പെട്ടുകിടക്കുക. ഷൂട്ടിംഗ് നടത്തിയ ക്രമത്തിൽ അവ വ്യത്യസ്ത റോളുകളിൽ കൂടിക്കലർന്നിരിക്കും. അസ്വീകാര്യവും (NG) സ്വീകാര്യവുമായ (OK) ഷോട്ടുകളും കൂട്ടത്തിലുണ്ടാവും. അനേകം ക്യാനുകളിലായി ലാബോറട്ടറിയിൽ നിന്നും വരുന്ന ഈ കൂടികലർന്നുകിടക്കുന്ന ഷോട്ടുകളിൽ നിന്നും അവയെ തിരക്കഥയ്ക്കാനുപാതികമായി വേർതിരിച്ചെടുത്ത് കൂട്ടിച്ചേർക്കുകയാണ് ചിത്രസംയോജനത്തിലെ ആദ്യപടി. അതിനുമുമ്പായി കട്ടിംഗ് പ്രിന്റുകൾ മുഴുവൻ പരിശോധിച്ച് അതിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കട്ടിംഗ് പ്രിന്റിനൊപ്പം തന്നെ ഷൂട്ടിംഗ് സമയത്ത് റിക്കാർഡു ചെയ്ത ശബ്ദത്തിന്റെ മാഗ്നറ്റിക് ടേപ്പും എഡിറ്റിംഗ് ടേബിളിൽ എത്തുന്നു. ദൃശ്യത്തിനൊപ്പം തന്നെ അനുബന്ധമായ ശബ്ദങ്ങളെയും തിരഞ്ഞെടുത്ത് കൂട്ടിച്ചേർക്കേണ്ടതുണ്ട്(ഇന്ന് അത്യാധുനികമായ ഡിജിറ്റൽ സാങ്കേതിക വിദ്യകളുപയോഗിച്ചാണ് എഡിറ്റിംഗ് പ്രക്രിയ നടക്കുന്നത്). ഫിലിം എഡിറ്റിംഗിന്റെ പ്രയോഗവിധികളിൽ ഏറ്റവും പ്രധാനപ്പെട്ടവ ഇവയാണ്: 1. സെലക്ടീവ് പ്രിന്റിംഗ് (selective printing), 2. ഫസ്റ്റ് അസംബ്ലി (rough cut), 3. ഫൈൻ കട്ട് (fine cut), 4. നെഗറ്റീവ് കട്ടിങ് (negative cutting), 5. സൗണ്ട് എഡിറ്റിംഗ് (sound editing), 6. ആൻസർ പ്രിന്റിങ് (answer printing). ലാബോറട്ടറിയിൽ സൂക്ഷിച്ചിരിക്കുന്ന നെഗറ്റീവിന്റെ തനിപ്പകർപ്പാണ് കട്ടിംഗ് പ്രിന്റ് എന്നു പറഞ്ഞല്ലോ. ഇന്ന് കട്ടിംഗ് പ്രിന്റ് തയ്യാറാക്കാൻ ഈ തനിപ്പകർപ്പെടുപ്പിനു പകരമാണ് സെലക്ടീവ് പ്രിന്റിംഗ് ഉപയോഗിക്കുന്നത്. അനേകം സീക്വൻസുകൾ പല ഫിലിം ചുരുളുകളിലായി ചിതറിക്കിടക്കുന്നവയിൽനിന്നും ഓരോ സീനുകളും തിരഞ്ഞെടുത്ത് മുറിച്ച് ക്രമനമ്പരുകൾ കൊടുത്ത് ആദ്യമായി ക്യാനുകളിൽ അടയ്ക്കുന്നു. ഇത്തരത്തിൽ സീനുകളായി മുറിച്ചുമാറ്റിയാണ് വിശദമായ എഡിറ്റിംഗിനുള്ള പ്രിന്റിനെ തയ്യാറാക്കുന്നത്. മുറിച്ചുമാറ്റിയ സീനുകളുടെ നമ്പരുകൾ നോക്കി തിരക്കഥയ്ക്കാനുപാതികമായി പിന്നീട് കൂട്ടിച്ചേർക്കുക എളുപ്പമാണല്ലോ. സീനുകളെ ഇത്തരത്തിൽ മുറിച്ചു മാറ്റുന്നതിനൊപ്പം തന്നെ ശബ്ദത്തിന്റെ ടേപ്പിനെയും അതിനനുസരിച്ച് മുറിച്ച് ക്രമീകരിക്കുന്നു.

1. പാരലൽ എഡിറ്റിംഗ് – മിസ് എൻ സീൻ

നാടകീയമായ ആഖ്യാനത്തിനായി സംഭവങ്ങളെ സമാന്തരമായി സമന്വയിപ്പിക്കും. ഒരേസമയം രണ്ടിടത്ത് നടക്കുന്ന സംഭവങ്ങൾ, വിപരീത സ്വഭാവമുള്ളവ, ആ സീനുകളെ ഒന്നിടവിട്ട രീതിയിൽ സംയോജിപ്പിക്കും. ഈ രീതിയെ പാരലൽ എഡിറ്റിംഗ് എന്ന് പറയുന്നു. സംഭവത്തിന്റെ വിശ്വാസ്യത കുറയ്ക്കാതിരിക്കാൻ എഡിറ്റിംഗ് ഇല്ലാതെ സംഭവത്തെ ചിത്രീകരിക്കുന്നതിന് മിസ് എൻ സീൻ എന്നു പറയും.

2. സ്ട്രെയിറ്റ് കട്ട് – മാച്ച് കട്ട് – ജമ്പ് കട്ട്

ദൃശ്യകല പിറക്കുന്നത് എഡിറ്റിംഗിലൂടെയാണ്. മുൻ-പിൻ ക്രമം നോക്കാതെ ചിത്രീകരിച്ച ദൃശ്യങ്ങളെ ആദ്യം റഫ്കട്ടിംഗിലൂടെ ക്രമപ്പെടുത്തും. പിന്നെ ഷോട്ടുകളെ മുൻപിൻ ക്രമീകരണങ്ങൾ പാലിച്ച് കലാത്മകമായി പുനർനിർമ്മിക്കും. ഒരു ദൃശ്യത്തെ മാറ്റി, മറ്റൊരു ദൃശ്യത്തെ കൊണ്ടുവരുന്ന രീതിയെ സ്ട്രെയിറ്റ് കട്ട് എന്ന് പറയുന്നു. സംഭവത്തിന്റെ തുടർച്ച കിട്ടുന്നവിധം ചിത്രസംയോജനം നടത്തുന്ന രീതിയാണ് മാച്ച് കട്ട്. മാച്ച്കട്ടിന് വിപരീതമാണ് ജമ്പ് കട്ട് എന്ന ചിത്രസംയോജന രീതി. ദൃശ്യത്തിനിടയിൽ കുറച്ചു സമയത്തെ വിട്ടുകളയുന്ന രീതിയാണ് ഇത്. ഒരു ദൃശ്യത്തിനുമുകളിൽ മറ്റൊരു ദൃശ്യം പ്രാധാന്യം നേടുന്ന രീതിയാണ് ഓവർലാപ്പിങ്.

3. ഏരിയൽ ഇമേജ് ഫോട്ടോഗ്രഫി

ഫ്രീസിംഗ് നേരത്തേ ഷൂട്ട് ചെയ്തെടുത്ത പശ്ചാത്തലത്തിലേക്ക് മറ്റൊരു ദൃശ്യത്തെ

അതിൽ ചേർത്ത് രണ്ടും ഒന്നെന്ന് തോന്നിപ്പിക്കുന്ന ഓപ്ടിക്കൽ പ്രിന്റിംഗിലെ സാങ്കേതിക വിദ്യയാണ് ഏരിയൽ ഇമേജ് ഫോട്ടോഗ്രഫി. കമ്പ്യൂട്ടർ നിയന്ത്രിതക്യാമറയും പ്രൊജക്ടറും ചേർന്ന ഉപകരണമാണ് ഓപ്ടിക്കൽ പ്രിന്റർ. വ്യത്യസ്ത ദൃശ്യങ്ങളെ കൂട്ടിച്ചേർത്ത് അതിലൂടെ ഒറ്റദൃശ്യമാക്കാൻ കഴിയും. മനുഷ്യൻ ആകാശത്തിലൂടെ സഞ്ചരിക്കുന്നതുപോലുള്ള ദൃശ്യങ്ങൾ ഉദാഹരണം. ഓപ്ടിക്കൽ പ്രിന്റിംഗ് ഇഫക്ടുകളിലൊന്നാണ് ഫ്രീസിംഗ്. കഥാപാത്രങ്ങളുടെയോ യന്ത്രങ്ങളുടെയോ പ്രവർത്തനം മരവിപ്പിച്ചു കാട്ടലാണ് ഫ്രീസിംഗ്. അതിലൂടെ വസ്തുവിന് ആ സന്ദർഭത്തിലുള്ള നിർണ്ണായക പ്രാധാന്യം വ്യക്തമാക്കാൻ കഴിയുന്നു. ഒരേ ദൃശ്യത്തിന്റെ ആവർത്തിച്ചുള്ള പ്രിന്റിംഗ് വഴിയാണിങ്ങനെ തോന്നിപ്പിക്കുന്നത്. കുതിച്ചു ചാടുന്ന ഒരാളിന്റെ അന്തരീക്ഷത്തിൽ ഉയരുന്ന നിമിഷത്തെ ഫ്രീസ് ചെയ്യാം.

4. മാസ്റ്റർ സീൻടെക്നിക്

കമ്പ്യൂട്ടർ സഹായം ചലച്ചിത്ര നിർമ്മാണ ഉപകരണങ്ങളുടെയെല്ലാം പിന്നിലുണ്ട്. അനിമേഷൻചിത്രങ്ങൾ കമ്പ്യൂട്ടർ സാങ്കേതികവിദ്യ കൊണ്ട് നിർമ്മിക്കപ്പെടുന്നതാണ്. കമ്പ്യൂട്ടറിലെ മോർഫിങ്ങ് സങ്കേതവും അത്തരത്തിലൊന്നാണ്. ലോങ്ഷോട്ട്, മീഡിയം ഷോട്ട്, ക്ലോസപ്പ് എന്നീ ക്രമത്തിൽ സംഭവത്തിന്റെ ചിത്രീകരണം അകലത്തിൽനിന്ന് അടുത്തേക്ക് വരുന്നവിധം എഡിറ്റ് ചെയ്യുന്നതിനെ മാസ്റ്റർ സീൻടെക്നിക് എന്നു പറയുന്നു. ഇപ്രകാരം നിർമ്മിക്കുന്ന ദൃശ്യഭാഷ പ്രേക്ഷകർക്ക് വേഗം മനസ്സിലാവുന്നു. ചലച്ചിത്ര ഭാഷ, ഒരു വിശ്വഭാഷയുടെ ധർമ്മം നിർവഹിക്കുന്നു.

5. കമ്പ്യൂട്ടർ നിർമ്മിത വിഷ്വൽ ഇഫക്ടുകൾ

കഴിഞ്ഞ ഇരുപതോളം വർഷങ്ങളായി ചലച്ചിത്രനിർമ്മാണ രീതിയിൽ, പ്രത്യേകിച്ചും എഡിറ്റിംഗ് സാങ്കേതികതയിൽ, വലിയ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. നല്ല കഥാതന്തുവിനും സംഭാഷണ പ്രധാനമായ നാടകീയതകൾക്കും അപ്പുറത്തേക്ക് ചലച്ചിത്രം ചുവടുവെച്ചിരിക്കുന്നു. കമ്പ്യൂട്ടർ നിർമ്മിതമായ വിഷ്വൽ ഇഫക്ടുകളും പശ്ചാത്തല ദൃശ്യചിത്രീകരണങ്ങളും ഡിജിറ്റൽ അനിമേഷനും സമകാല സിനിമകളിൽ ധാരാളമായി ഉപയോഗപ്പെടുത്തിവരുന്നു. വിചിത്രവും അസംഭവ്യവുമായ ഭാവനകളെ യാഥാതഥമെന്നവിധം സാധ്യമാക്കി, കാണിച്ചുതരുന്ന സാങ്കേതിക വിദ്യകളാണ് കമ്പ്യൂട്ടർ നിർമ്മിത വിഷ്വൽ ഇഫക്ടുകൾ.

കഥയുടെ വൈകാരിക തലങ്ങൾക്ക് കോട്ടം തട്ടാതെ തന്നെ, യഥാർത്ഥദൃശ്യങ്ങളെയും ഡിജിറ്റൽ അനിമേറ്റഡ് ദൃശ്യങ്ങളെയും സംയോജിപ്പിച്ചു നിർമ്മിക്കുന്ന അനവധി ചലച്ചിത്രങ്ങൾ വന്നു കഴിഞ്ഞു. അൻപതു ശതമാനത്തോളം യഥാതഥചിത്രീകരണവും ബാക്കി വിഷ്വൽ ഇഫക്ടുകളും സംയോജിപ്പിക്കുന്ന ചലച്ചിത്രങ്ങൾ മുതൽ എൺപതു ശതമാനത്തിലധികവും വിഷ്വൽ ഇഫക്ടുകളെ ആശ്രയിക്കുന്നവയും അക്കൂട്ടത്തിലുണ്ട്. ചലച്ചിത്രത്തിനാവശ്യമായവിധം, സാങ്കല്പികമായ അദൃശ്യലോകങ്ങളെ, അവിടുത്തെ പ്രകൃതിയെ, ആവാസവ്യവസ്ഥയെ, ജീവജാലങ്ങളുടെ വൈവിധ്യത്തെ, സംസ്കൃതിയെ എന്നുവേണ്ട, എന്തെല്ലാം ആവശ്യമുണ്ടോ അവയെല്ലാം കമ്പ്യൂട്ടർ സാങ്കേതികവിദ്യയിലൂടെ യഥാർഥമെന്നവിധം ചിട്ടപ്പെടുത്തുന്നത് ഇപ്പോൾ ശ്രമകരമല്ലാതായിട്ടുണ്ട്.

ചലച്ചിത്ര നിർമ്മാതാക്കളായ James Cameron, Christopher Nolan, David Fincher, Peter Jackson തുടങ്ങി പലരും നിർമ്മിച്ച ചലച്ചിത്രങ്ങൾ ഉദാഹരണങ്ങളാണ് (Gravity, Avatar, Lord of The Rings, Dawn of the Planet of the Apes, Ex Machina, Inception, The Curious Case of Benjamin Button, Life of Pi, Titanic, The Matrix തുടങ്ങി അനവധി ചലച്ചിത്രങ്ങൾ)

നമുക്കു പരിചിതമായ ചലച്ചിത്രമാണല്ലോ അവതാർ (Avatar). അതിലെ എഴുപതുശതമാനവും കമ്പ്യൂട്ടർ നിർമ്മിത ദൃശ്യചിത്രീകരണങ്ങളാണ്. ഒരു പ്രേക്ഷകൻ, ഗ്രാവിറ്റി (Gravity) എന്ന ചലച്ചിത്രത്തിൽ കാണുന്ന എൺപതു ശതമാനത്തോളം ദൃശ്യങ്ങളും വിഷ്വൽ ഇഫക്ടുകളാണ്. സൂര്യനും നക്ഷത്രങ്ങളുമടങ്ങുന്ന ബഹിരാകാശ പശ്ചാത്തലം, ഗ്രാവിറ്റിയുടെ ചിത്രീകരണത്തിനായി തയ്യാറാക്കാൻ സെറ്റിലെ ലൈറ്റ് ബോക്സിൽ, നാലായിരം എൽ. ഇ. ഡി. ലൈറ്റ്ബൾബുകൾ സെറ്റ് ചെയ്തിരുന്നു. അങ്ങനെ ചിത്രീകരിച്ചശേഷം, ആ യഥാർഥ പരിതസ്ഥിതിയുടെ പശ്ചാ

ത്തല ദൃശ്യചിത്രീകരണങ്ങളെ, ഡിജിറ്റൽ അനിമേഷനുപയോഗിച്ച് യഥാർഥ പരിതസ്ഥിതിയും പശ്ചാത്തല ദൃശ്യങ്ങളുമാക്കുന്നു. അങ്ങനെ പൂർത്തീകരിക്കപ്പെട്ട ദൃശ്യങ്ങളിലേക്ക്, കഥാപാത്രരൂപങ്ങളെ കമ്പ്യൂട്ടർ സാങ്കേതികവിദ്യയിലൂടെ സൂപ്പർ ഇംപോസ് ചെയ്ത് യാഥാർഥ്യമെന്ന അനുഭവമുണ്ടാക്കുന്നു.

Recap

- നിശ്ചലദൃശ്യം : ചലച്ചിത്രത്തിന്റെ അടിസ്ഥാനഘടകം
- നിശ്ചലദൃശ്യം : പ്രദർശനവേളയിലാണ് ചലനപ്രതീതി
- ഒരു സെക്കന്റിൽ 24 ഫ്രെയിമുകൾ വീതം ഫിലിം ഷൂട്ട്ചെയ്ത് പ്രദർശിപ്പിക്കുന്നു.
- പെഴ്സിസ്റ്റൻസ് ഓഫ് വിഷൻ എന്ന ദൃശ്യാനുഭവം
- ഫ്രെയിം : ചലച്ചിത്രത്തിന് ഫിലിമിൽ പകർത്തിയ നിശ്ചലചിത്രം
- ഷോട്ട് : ഫ്രെയിമുകളുടെ തുടർച്ചയായ കൂട്ടം
- സീൻ : കുറച്ചു ഷോട്ടുകൾ യോജിപ്പിക്കുന്നത്
- സീക്വൻസ് : സംഭവത്തിനായി കുറേ സീനുകൾ ചേർക്കുന്നത്
- ക്യാമറയുടെ സ്ഥാനം : ലോങ്ങ്ഷോട്ട്, മീഡിയംഷോട്ട്, ക്ലോസപ്പ്ഷോട്ട്
- ഷൂട്ടിംഗ് ആംഗിൾ : ലോആംഗിൾ, ഐലവൽ, ഹൈആംഗിൾ, ബേഡ്സ്ഐവ്യൂ, എബ്ലിക്ഷോട്ട്, പോയിന്റ് ഓഫ് വ്യൂ
- ക്യാമറയുടെ ചലനം : പാനിംഗിൽ, ടിൽടിങ്ങിൽ, ഡോളിയിൽ, ക്രെയിനിൽ.
- കാർ റിഗ്ഗുകളിൽ, ഏരിയൽ മൗണ്ടുകളിൽ, സ്റ്റെഡികാമുകളിൽ
- ഫോക്കസ്സ് ഇഫക്ടുകൾ : ഡീപ്പ് ഫോക്കസ്, ഷാലോ ഫോക്കസ്
- ക്യാമറ ലെൻസുകൾ : വൈഡ് ആംഗിൾ, നോർമൽലെൻസ്, ടെലിഫോട്ടോ, സൂം ലെൻസ്
- കീ ലൈറ്റിംഗ് : വെളിച്ചം കഥാപാത്രത്തിലേക്കോ വസ്തുവിലേക്കോ
- ഫിൽ ലൈറ്റിംഗ് : നിഴൽ നീക്കുന്നു
- ബാക് ലൈറ്റിംഗ് : പശ്ചാത്തലം വേർതിരിച്ചു കാണാൻ
- ബൗൺസ് ലൈറ്റിംഗ് : പ്രകാശം മറ്റുവസ്തുക്കളിലൂടെ പ്രതിഫലിപ്പിക്കൽ
- എഡിറ്റിങ്ങ് : മൊണ്ടാഷ്, പാരലൽ കട്ട്, മിസ് എൻ സീൻ, സ്ട്രെയിറ്റ് കട്ട്, മാച്ച്കട്ട്, ജമ്പ്കട്ട്, മാസ്റ്റർസീൻടെക്നിക്
- ക്യാമറയുടെ ഫിലിം സ്പീഡ് : സ്ലോമോഷൻ, ഫാസ്റ്റ്മോഷൻ
- ഓപ്ടിക്കൽ പ്രിൻറിംഗ്: ഏരിയൽ ഇമേജ് ഫോട്ടോഗ്രഫി, ഫ്രീസിംഗ്
- പ്രകാശവിന്യാസരീതി : സ്വാഭാവികം, കീ ലൈറ്റിംഗ്, ഫിൽ, ബാക്ക്, പ്രാക്ടിക്കൽ, സോഫ്റ്റ്, ബൗൺസ്, സൈഡ് ലൈറ്റിംഗ്

Objective Type Questions

1. 35 –ാം ശബ്ദചിത്രത്തിൽ ഒരു സെക്കന്റിൽ എത്ര ഫ്രെയിമുകൾ എന്ന ക്രമത്തിലാണ് ചിത്രീകരിക്കുന്നത്?
2. ഫ്രെയിമുകളുടെ തുടർച്ചയായൊരു കൂട്ടത്തെ എന്താണ് പറയുന്നത്?
3. ഒരേയിടത്തുവച്ച് ഒരു സംഭവത്തെ പകർത്തിയ കുറച്ചു ഷോട്ടുകൾ യോജിപ്പിക്കുന്ന

താണ്?

4. ചലച്ചിത്രത്തിന്റെ അടിസ്ഥാന ഘടകങ്ങൾ ഏവ?
5. ചലച്ചിത്രത്തിന്റെ അടിസ്ഥാന ഭാഷ ഏത്?
6. കാഴ്ചയുമായി ബന്ധപ്പെട്ട ഏതു ദൃശ്യാനുഭവമാണ് ചലച്ചിത്രത്തിന്റെ അസ്തിത്വം?
7. ചലച്ചിത്രത്തിലെ ഒരു സംഭവചിത്രീകരണത്തിന് പറയുന്ന വാക്ക്?
8. ലോംഗ്ഷോട്ട്, മീഡിയംഷോട്ട്, ക്ലോസ്സപ്പ് എന്നിവ എന്തിനെ ആസ്പദമാക്കുന്നു?
9. കഥാപാത്രത്തിന്റെ ശിരസ്സുമുതൽ ഏകദേശം അരക്കെട്ടുവരെയുള്ള ഭാഗം ഉൾക്കൊള്ളുന്ന ചിത്രത്തെ എന്താണ് പറയുന്നത്?
10. ട്രൈപ്പോഡിൽ ഉറപ്പിച്ച ക്യാമറ ചരിച്ചുള്ള ദൃശ്യനിർമ്മാണത്തെ എന്തു പറയും?
11. ഡീപ്പ് ഫോക്കസിന്റെ മറ്റൊരു പേരെന്ത്?
12. ഷാലോ ഫോക്കസിന്റെ മറ്റൊരു പേരെന്ത്?
13. ചലച്ചിത്ര ചിത്രീകരണവേളയിലെ പ്രകാശത്തിന്റെ പ്രധാന സ്രോതസ്?
14. കഥാപാത്രത്തെയും പശ്ചാത്തലത്തെയും വേർതിരിച്ചു കാണിക്കുന്ന പ്രകാശരീതി?
15. ഒരു സാധാരണ സ്ഥലത്ത് കാണപ്പെടുന്നതുപോലെയുള്ള പ്രകാശവിന്യാസം?
16. ത്രീ പോയിന്റ് ലൈറ്റിംഗ് ഏതെല്ലാം?
17. ഒരേസമയം രണ്ടിടത്ത് നടക്കുന്ന സംഭവങ്ങളെ സമാന്തരമായി കാണിക്കുന്ന എഡിറ്റിംഗ്?
18. ഒരു ദൃശ്യത്തെ മാറ്റി, മറ്റൊരു ദൃശ്യത്തെ കൊണ്ടുവരുന്ന എഡിറ്റിംഗ് രീതി?

Answers

1. 24 ഫ്രെയിമുകൾ
2. ഷോട്ട്
3. സീൻ
4. ഷോട്ടുകൾ
5. ദൃശ്യഭാഷ
6. പെഴ്സിസ്റ്റൻസ് ഓഫ് വിഷൻ
7. സീക്വൻസ്
8. ദൂരത്തെ
9. മീഡിയംഷോട്ട്
10. ടിൽട്ടിംഗ്
11. ഷാർപ്പ് ഫോക്കസ്
12. സോഫ്റ്റ് ഫോക്കസ്
13. കീ ലൈറ്റിംഗ്
14. ബാക്ക് ലൈറ്റിംഗ്
15. പ്രാക്ടിക്കൽ ലൈറ്റിംഗ്
16. കീ ലൈറ്റിംഗ്, ഫിൽ ലൈറ്റിംഗ്, ബാക് ലൈറ്റിംഗ്
17. പാരലൽ എഡിറ്റിങ്ങ്
18. സ്ട്രെയിറ്റ് കട്ട്

Assignment

1. സിനിമയുടെ സാങ്കേതികതയെക്കുറിച്ച് ഒരു വിവരണം തയ്യാറാക്കുക.
2. ക്യാമറയുടെ ഭാഷ എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്? വിവരിക്കുക.
3. ചലച്ചിത്രത്തിലെ പ്രകാശവിന്യാസ രീതികളെക്കുറിച്ച് വിവരിക്കുക.
4. ചലച്ചിത്രത്തിൽ നിശ്ചലദൃശ്യങ്ങളുടെ അനുഭവം ഉണ്ടാക്കുന്നതെങ്ങിനെ?
5. എന്തിനെയാണ് ഒരു സീക്വൻസ് എന്ന് വിളിക്കുന്നത്?

References

1. മുരളീകൃഷ്ണ, സിനിമ വീഡിയോ ടെക്നിക്, ഡി. സി. ബുക്സ്, കോട്ടയം
2. ജി. ജെയിംസ്, സാഹിത്യവും സിനിമയും ഒരു ചിഹ്നശാസ്ത്ര പഠനം, പാം പബ്ലിക്കേഷൻസ്, കൊല്ലം.
3. ബി. ഇക്ബാൽ, കെ. രവീന്ദ്രൻ, ഇന്റർനെറ്റും ഇൻഫർമേഷൻ വിപ്ലവവും, കറന്റ്, ബുക്സ്, തൃശ്ശൂർ
4. ജി. ജെയിംസ്, അഗ്നിസാക്ഷി നോവലും സിനിമയും, പാം പബ്ലിക്കേഷൻസ്,
5. James Monaco, How to Read a Film: Movies, Media, and Beyond, Oxford University Press.
6. Field, Syd, Screenplay: The Foundations of Screenwriting, Dell Publishing.
7. Turner, Graeme, Film as Social Practice, Routledge, London.
8. Roxanne M. O'Connell, Visualising Culture, Kindle Edition.
9. Branding as Communication(Visual Communication), Susan B. Barnes, Paperback.
10. Michelle I.Seelig, Communicating the Environment Beyond Photography,Kindle Edition.

E-content

1. https://youtu.be/UgsWX5MXLgg?si=uvpNzW0xGkuJ_FUn
2. https://youtu.be/S0xqwo5JKpo?si=Zs1JbE2Qk6yydifs

BLOCK 03

വാർത്താ മാധ്യമങ്ങൾ

SGOU

യൂണിറ്റ് 1

വാർത്താമാധ്യമങ്ങൾ

Learning Outcomes

- ദൃശ്യമാധ്യമത്തിലെ വാർത്തകൾ, അവയുടെ സവിശേഷതകൾ പ്രത്യേകതകൾ എന്നിവ മനസ്സിലാക്കുന്നു.
- വാർത്താബുള്ളറ്റിൻ, വാർത്താമാഗസിൻ, ന്യൂസ്ഫ്ളാഷ് - എന്നിവയെക്കുറിച്ച് അറിവ് നേടുന്നു.
- ബ്രേക്കിംഗ് ന്യൂസ്, വാർത്താധിഷ്ഠിത പരിപാടികൾ, വാർത്താവിശകലനം എന്നിവ എന്തെന്നറിയുന്നു.
- ഇന്ററാക്ടീവ് വാർത്താവതരണം, ലൈവ് റിപ്പോർട്ടിംഗ്, അഭിമുഖങ്ങൾ എന്നിവ പരിചയപ്പെടുന്നു.

Prerequisite

മനുഷ്യർക്ക് സഹജീവികളെക്കുറിച്ചും സമൂഹത്തിലെ സംഭവവികാസങ്ങളെക്കുറിച്ചും അറിയാനുള്ള താല്പര്യം വളരെക്കൂടുതലാണ്. ജീവിതതൃഷ്ണകൾകൊണ്ട് മാത്രമല്ല, ഇക്കാലമത്രയും ചുറ്റുപാടും സംഭവിക്കുന്നതെന്തും അറിഞ്ഞും അനുഭവിച്ചും പ്രതിസന്ധികളെ തരണം ചെയ്തും മുന്നേറിയും കടന്നുപോന്നതായിരുന്നു മനുഷ്യജീവിതം. അന്യരെക്കുറിച്ചറിയാൻ, അവരുടെ നാടുകളെക്കുറിച്ചറിയാൻ, അവരുടെ ജീവിതം എങ്ങനെയുള്ളതെന്നറിയാൻ, ജീവിതസാഹചര്യങ്ങളെ താരതമ്യപ്പെടുത്താൻ, കൂടുതൽ മെച്ചപ്പെട്ട സാഹചര്യങ്ങളിൽപ്പോയി ജീവിക്കാൻ ആഗ്രഹിക്കുക സ്വാഭാവികമാണ്. അതിനായി ആശയവിനിമയവും ഭാഷയും അനിവാര്യമാണ്. മുൻകാലങ്ങളിൽ കച്ചവടംപോലെ പലവിധ ആവശ്യങ്ങൾക്കായി യാത്രചെയ്യേണ്ടിവരുമ്പോൾ കുടുംബാംഗങ്ങളോടും ബന്ധുക്കളോടും ആശയവിനിമയം നടത്തുക വളരെ പ്രയാസകരമായിരുന്നു. ഭരണാധികാരികൾക്ക് യുദ്ധസമാന സാഹചര്യങ്ങളിൽപ്പോലും ഇത്തരം ക്ലേശങ്ങൾ അനുഭവിക്കേണ്ടി വന്നിരുന്നു.

ആദ്യകാലത്ത് ചില ദൂതരിലൂടെയും പക്ഷികളുടെ ശരീരത്തിലൂടെയും ദൂരേക്ക് സന്ദേശങ്ങൾ കൈമാറിവന്നു. തുടർന്ന് കുതിരപ്പുറത്തും കപ്പലുകളിലും മറ്റും സഞ്ചരിക്കുന്ന മനുഷ്യരിലൂടെയും വിദൂരത്തേക്ക് സന്ദേശങ്ങൾ കൈമാറ്റം ചെയ്തിരുന്നു. കത്തുകളും തപാലും മാറി. ആധുനികകാലത്ത് ലോകമെമ്പാടുമായി സാങ്കേതികവിദ്യ വളരെയധികം വികസിച്ചപ്പോൾ, വാർത്തകളും വിവരവും വിജ്ഞാനവും അറിയാനുള്ള മാനുഷിക താല്പര്യം വിപണന വികാസത്തിന് വഴിമാറി. പത്രങ്ങൾ, വാരികകൾ, മാസികകൾ മുതൽ ടെലിഗ്രാഫ്, ടെലിഫോൺ, റേഡിയോ, ടെലിവിഷൻ, ഇന്റർനെറ്റ് അധിഷ്ഠിത സമൂഹമാധ്യമങ്ങൾ വരെ ഇക്കാലത്ത് വാർത്തകളും വിവരങ്ങളും വിനോദങ്ങളും വിപണനം നടത്തുന്നു.

പ്രാദേശികവും ദേശീയവും അന്തർദ്ദേശീയവുമായ വാർത്തകളും വിനോദവും വിജ്ഞാനവും സമീപത്തുനിന്നുള്ള നേർക്കാഴ്ചകളായി പകർന്നുനല്കുന്ന അത്ഭുതാനുഭവങ്ങളായി

ആധുനിക ദൃശ്യമാധ്യമങ്ങൾ മാറിക്കഴിഞ്ഞിരിക്കുന്നു. ഭരണാധികാരികൾക്ക് തിരഞ്ഞെടുപ്പുകളിൽ ജയിക്കാനും, കുത്തക കമ്പനികളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാനും മാധ്യമങ്ങളെത്തന്നെയാണ് ഉപയോഗിക്കുന്നത്. ബഹുജന ദൃശ്യമാധ്യമങ്ങളിൽ സാധാരണക്കാർ ഏറെ ആശ്രയിക്കുന്നത് ടെലിവിഷനെയാണല്ലോ.

ദൃശ്യജേർണലിസത്തിന്റെ ആകർഷകമായ അനന്തസാധ്യതകളിലേക്ക് എത്തിപ്പെടാനും, അവയെക്കുറിച്ചുള്ള പൊതുവിജ്ഞാനത്തിനും ഉപകരിക്കുന്ന ഒരു പഠനമേഖലയിലേക്കാണ് നാം കടക്കുന്നത്. ടെലിവിഷനിലെ വാർത്താധിഷ്ഠിത പരിപാടികളുടെ വിശകലനങ്ങളും വാർത്താബുള്ളറ്റിൻ, വാർത്താമാഗസിൻ, ന്യൂസ് ഫ്ളാഷ്, ബ്രേക്കിംഗ് ന്യൂസ്, ലൈവ് റിപ്പോർട്ടിംഗ്, ഇന്ററാക്ടീവ് വാർത്താവതരണം എന്നിവയെക്കുറിച്ചും മനസ്സിലാക്കാം. അത് വർത്തമാനകാല മാധ്യമ പ്രവർത്തനത്തിന്റെ ചരിത്രവും വരുംകാല മാധ്യമ പ്രവർത്തനത്തിന്റെ ഭൂമികയുമാവുന്നു.

Keywords

വാർത്താബുള്ളറ്റിൻ - വാർത്താമാഗസിൻ - ന്യൂസ് ഫ്ളാഷ് - ബ്രേക്കിംഗ് ന്യൂസ് - ലൈവ് റി പ്പോർട്ടിംഗ് - വാർത്താവിശകലനം -ഇന്ററാക്ടീവ് വാർത്താവതരണം

Discussion

വാർത്ത ദൃശ്യമാധ്യമത്തിൽ

സാങ്കേതികമായി അതിവേഗം മുന്നേറിക്കൊണ്ടിരിക്കുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. ചുറ്റുപാടും നടക്കുന്ന സകലസംഭവങ്ങളും നമ്മെ സ്വാധീനിക്കുന്നു. ദൃശ്യമാധ്യമങ്ങളിലൂടെ സ്ഥലകാലങ്ങളുടഞ്ഞുപോയ, രാഷ്ട്രങ്ങളുടെ അതിർത്തികളുടഞ്ഞുപോയ ഒരു ലോകത്തിലൂടെയും കാലത്തിലൂടെയുമാണ് നാം കടന്നുപോകുന്നത്. ലോകത്തിന്റെ ഏതുകോണിൽ നടക്കുന്ന ഏതുസംഭവങ്ങളും നിമിഷങ്ങൾക്കുള്ളിൽ ദൃശ്യമാധ്യമങ്ങളിലൂടെ വാർത്തകളായി ഭൂഗോളം പൊതിയുന്ന കാലമാണിത്. അതിന്റെ അലകൾ ഈ കൊച്ചുഭൂമിയിലെമ്പാടും ദൃശ്യമാധ്യമങ്ങളുടെ അദൃശ്യവലകളിലൂടെ സഞ്ചരിച്ച് നിമിഷങ്ങൾക്കുള്ളിൽ പ്രേക്ഷകരിലൂടെ വലിയ പ്രതികരണങ്ങൾക്കിടയാക്കുന്നു.

ദൃശ്യമാധ്യമങ്ങൾ ലോകവിപണിയെ സ്വാധീനിച്ച് പ്രാദേശിക ഉല്പന്ന വിലകളെപ്പോലും തുലാസിലെന്നപോലെ ഉയർത്തുകയും താഴ്ത്തുകയും ചെയ്യുന്നു. ഭൂമിയിലെവിടെ നടക്കുന്ന സംഭവങ്ങളും രാജ്യാതിർത്തികൾ ഭേദിച്ച് കുറഞ്ഞ അളവിലെങ്കിലും എല്ലാവരെയും ബാധിക്കുന്നു. അതുപോലെ ലോകത്തിന്റെ ഏതുകോണിലിരുന്നും ആർക്കും, എത്രപേർക്കുവേണമെങ്കിലും പരസ്പരം കണ്ടു ആശയവിനിമയം നടത്താവുന്നവിധം മാധ്യമങ്ങൾ വളർന്നിരിക്കുന്നു. സ്ഥലകാലങ്ങൾ ചുരുങ്ങിക്കഴിഞ്ഞിരിക്കുന്നു.

പ്രധാന ദൃശ്യമാധ്യമങ്ങളിൽ സിനിമ, ടെലിവിഷൻ, ഇന്റർനെറ്റ്, പത്രപ്രസിദ്ധീകരണങ്ങൾ തുടങ്ങിയ ബഹുജനസമ്പർക്ക മാധ്യമങ്ങളും ഫെയ്സ്ബുക്ക്, വാട്സ ആപ്പ്, ടിറ്റർ, ഇ-ബുക്കുകൾ, ഇ-മെയിലുകൾ, വെബ്സൈറ്റുകൾ തുടങ്ങി അനവധിയായ ഇലക്ട്രോണിക് സമൂഹമാധ്യമങ്ങളും ഉൾപ്പെടുന്നു. ദൃശ്യമാധ്യമങ്ങൾ എന്നാണ് വിളിപ്പേരെങ്കിലും ഇവയിൽ പലതും ശ്രാവ്യമാധ്യമങ്ങൾ കൂടിയാണ്. ദൃശ്യമാധ്യമത്തിൽ വാർത്തകൾക്ക് മുഖ്യസ്ഥാനം നൽകുന്നത് ടെലിവിഷനാണ്.

ജോൺ ലോഗി ബേർഡ് (John Logie Baird) എന്ന സ്കോട്ടിഷ് എൻജിനീയറാണ് ടെലിവിഷൻ

ആദ്യമായി നിർമ്മിച്ചത്. ഒരു സംപ്രേഷണ കേന്ദ്രത്തിൽനിന്നു വിദ്യുത്കാന്തതരംഗരൂപത്തിൽ പ്രക്ഷേപണം ചെയ്യുന്ന ദൃശ്യശ്രാവ്യാംശങ്ങളെ സ്വീകരിച്ച് അവയെ വീണ്ടും ചിത്രങ്ങളും ശബ്ദങ്ങളുമാക്കി മാറ്റികാണാനും കേൾക്കാനും ഉപയോഗിക്കുന്ന ഉപകരണമാണ് ടെലിവിഷൻ.

ആദ്യകാലത്ത്, 1935 – ൽ ബി. ബി. സി. പരീക്ഷണാർത്ഥം എല്ലാദിവസവും ഏതാനും മണിക്കൂർ സമയം ലണ്ടൻ കേന്ദ്രീകരിച്ച് ടെലിവിഷൻ പരിപാടികൾ സംപ്രേഷണം ചെയ്തിരുന്നു. 1939 – ലെ ന്യൂയോർക്ക് വേൾഡ് ഫെയറിന്റെ ഉദ്ഘാടന ചടങ്ങിൽനിന്ന് പ്രസിഡന്റ് റൂസ്വെൽറ്റിന്റെ പ്രസംഗം ആദ്യമായി ടെലിവിഷൻ ലൈവ് റിപ്പോർട്ടിംഗ് നടത്തുകയുണ്ടായി.

1953 –ൽ എൻ. ബി. സി.(National Broadcasting Company) അമേരിക്കയിൽ കളർ ടി. വി. സംപ്രേഷണം തുടങ്ങി. 1980 – ൽ അമേരിക്കയിൽ കേബിൾ ടെലിവിഷൻ പണം നൽകുന്ന വരിക്കാർക്ക് ടി. വി. പരിപാടികൾ കേബിൾവഴി നൽകുന്ന രീതി ആരംഭിച്ചു. സ്വകാര്യചാനലുകളിലെ സ്വീകാര്യതകൂടിയ പരിപാടികൾ കൂടുതൽ വ്യക്തതയോടെ അവർക്ക് നല്കപ്പെട്ടു. അതോടെ ടി.വി. പ്രേക്ഷകർ രണ്ടുതരക്കാരായി വിഭജിക്കപ്പെട്ടു.

ആദ്യമാദ്യം തമാശ പരിപാടികളിലും ഡോക്യുമെന്ററികളിലും തുടങ്ങിയ ടി. വി. പരിപാടികൾ വേഗം തന്നെ ലോകവാർത്തകളും ദേശീയ, പ്രാദേശിക വാർത്തകളും സിനിമകളും സീരിയലുകളും ഒക്കെയായി കളംനിറഞ്ഞു. 1960 – കൾക്ക് മുമ്പ് അമേരിക്കയിലെ 600 ടി. വി.നിലയങ്ങളിൽ 541 ഉം വാണിജ്യ ടി. വി. നിലയങ്ങളായിരുന്നു. 90 ശതമാനം വീടുകളിലും അന്ന് ടി.വി. ലഭ്യമായിരുന്നു. 1990 – കളായപ്പോഴേക്കും 1062 വാണിജ്യ ടി. വി. നിലയങ്ങളും 338 പബ്ലിക് ടി. വി.നിലയങ്ങളുമുണ്ടായി. 98 ശതമാനം വീടുകളിലും അന്ന് ടി. വി. എത്തിക്കഴിഞ്ഞിരുന്നു. ടെലിവിഷൻ പരിപാടികളെ ജനങ്ങൾ വേഗംതന്നെ താല്പര്യത്തോടെ ഏറ്റെടുത്തു.

ലോകമെമ്പാടും സംഭവിക്കുന്ന കാര്യങ്ങൾ അപ്പപ്പോൾ ടി.വിയിലൂടെ വാർത്തകളായി അറിയാൻ പ്രേക്ഷകർക്ക് കഴിയുന്നു. വാർത്തകൾക്കൊപ്പം വിജ്ഞാനവും വിനോദവും നിറഞ്ഞ അനവധി പരിപാടികൾ ടെലിവിഷൻ പങ്കുവെയ്ക്കുന്നു. അതുകൊണ്ട് മറ്റ് ദൃശ്യശ്രാവ്യമാധ്യമങ്ങളേക്കാൾ കൂടുതലായി സമൂഹത്തെ സ്വാധീനിക്കാൻ ടെലിവിഷനു കഴിയുന്നു. കുടുംബസമേതം ഏവർക്കും കാണാൻ കഴിയുന്നവിധം അതിലെ പരിപാടികളെ ക്രമപ്പെടുത്തിയിരിക്കുന്നതുകൊണ്ട് മിക്കവരും ടി. വി. കാണാൻ മടിക്കുന്നില്ല. ഇപ്പോൾ അനവധി പൂർണ്ണസമയ വാർത്താചാനലുകൾ പ്രവർത്തിക്കുന്നു. വിനോദപരിപാടികളുടെ പ്രത്യേക ചാനലുകളും ധാരാളമുണ്ട്.

ആധുനിക ടെലിവിഷനുതന്നെ വലിയ രൂപമാറ്റം വന്നിരിക്കുന്നു. പഴയപെട്ടികൾ പോലുള്ള ടി.വിയുടെ രൂപംമാറി. വളരെ ഒതുക്കമുള്ള 4കെ, 8കെ റെസലൂഷനിൽ എൽ.ഇ.ഡി. സ്ക്രീനിൽ ഉന്നതഗുണനിലവാരമുള്ള കളർ ചിത്രങ്ങളുടെ ദൃശ്യസമ്പന്നതയാണ് ഇപ്പോൾ സ്മാർട് ടി.വികൾ പകർന്നു തരുന്നത്. സ്മാർട് ഫോണുകളിലും ഇന്റർനെറ്റിലും ടെലിവിഷൻ വ്യാപകമായി ലഭിക്കുന്നു. അതിലൂടെ ആർക്കും എപ്പോൾ വേണമെങ്കിലും എവിടെയിരുന്നും, യാത്രകൾക്കിടയിൽപ്പോലും ആവശ്യമെങ്കിൽ ടെലിവിഷൻ പരിപാടികളും വാർത്തകളും ലഭ്യമാകുന്നു. ദൃശ്യമാധ്യമരംഗത്ത് വാർത്താ ടെലിവിഷൻ വലിയ മാറ്റങ്ങൾ കൊണ്ടുവന്നു. അതിനാൽ പത്രമാധ്യമത്തേക്കാൾ വ്യാപകവും ജനപ്രിയവുമായി ടി.വി. മാറി.

ജനാധിപത്യ വ്യവസ്ഥയിൽ ഒരു തിരുത്തൽ ശക്തിയായി മാധ്യമങ്ങൾ നിലകൊണ്ട ഒരു കാലമുണ്ടായിരുന്നു. എന്നാൽ ചില ഭരണകൂടങ്ങൾ എല്ലാത്തരം ദൃശ്യമാധ്യമങ്ങളെയും അവരുടെ താല്പര്യങ്ങൾക്കൊത്ത് നിയന്ത്രിക്കുന്നു. ജനകീയപ്രശ്നങ്ങളെ കണ്ടില്ലെന്ന് നടിക്കുകയും അവ ഒരു വാർത്തപോലുമാകാതിരിക്കാൻ ശ്രമിക്കയും ചെയ്യുന്നു. ജനകീയപ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി ഭരണകൂടത്തെ വിമർശിക്കുന്നത് ദേശദ്രോഹവും ദീർഘകാലം ജയിൽശിക്ഷ കിട്ടാവുന്ന കുറ്റവുമായിവരെ മാറിക്കൊണ്ടിരിക്കുന്നു.

ഒരു സ്മാർട്ഫോൺ കൈയിലുള്ള പലരും ഇന്ന് മാധ്യമപ്രവർത്തകർ കൂടിയാണ്. കൺ

മുന്നിൽ കാണുന്നതെന്തും അവർ വാർത്തയാക്കും. യൂട്യൂബ്, ഫെയ്സ്ബുക്ക്, വാട്സാപ്പ്, ടിറ്റർ, ബ്ലോഗ് തുടങ്ങിയ സമൂഹമാധ്യമങ്ങളിലും ഇത്തരം സിറ്റിസൻ ജേർണലിസം സജീവമായി കണ്ടുവരുന്നു. ബാഹ്യമായ ഒരു എഡിറ്ററുടെ ഇടപെടലില്ലാതെ, എഡിറ്റുചെയ്യാത്ത ഉള്ളടക്കങ്ങൾതന്നെ അവർ പങ്കുവെയ്ക്കുന്നു. മുഖ്യധാരാമാധ്യമങ്ങൾ ബോധപൂർവ്വം തഴയുന്ന പലവാർത്തകളും സംഭവങ്ങളും അവർ കണ്ടെത്തുന്നു. സമൂഹ സൈബർ സ്പേയ്സുകളിൽ യുവാക്കൾ അവ ചർച്ചചെയ്യുന്നു. സമൂഹത്തെ പൊതുവായി ബാധിക്കുന്ന വിഷയങ്ങളിൽ വേണ്ട ആശയനിലപാടുകൾ അവർ സൈബർ സ്പേയ്സിൽ പങ്കുവെയ്ക്കുന്നു.

സ്മാർട്ഫോണിലൂടെ പലരും ഇന്ന് മാധ്യമ പ്രവർത്തനം നടത്തുന്നു. കൺമുന്നിൽ കാണുന്നതെന്തും അവർക്ക് വാർത്തയാണ്. യൂട്യൂബ്, ഫെയ്സ്ബുക്ക്, വാട്സ് ആപ്പ്, ടിറ്റർ, ബ്ലോഗ് തുടങ്ങിയ സമൂഹമാധ്യമങ്ങളിൽ ഇത്തരം സിറ്റിസൻ ജേർണലിസം സജീവമാണ്. മുഖ്യധാരാ മാധ്യമങ്ങൾ തഴയുന്ന സംഭവങ്ങൾ അവർ ചർച്ചചെയ്യുന്നു.

ജനകീയ പ്രശ്നങ്ങളെ തമസ്കരിക്കേണ്ടി വരുമ്പോഴെല്ലാം ചില ഭരണകൂടങ്ങൾ അവർക്കൊത്താശ ചെയ്യുന്ന ദൃശ്യമാധ്യമങ്ങളിൽ ദൃശ്യവും വാർത്തയും ബോധപൂർവം തെറ്റായി നൽകി ചില കലാപങ്ങൾക്ക് കാരണമുണ്ടാക്കുന്നു. സമൂഹത്തെ ഭിന്നിപ്പിക്കുകയും സൗഹാർദ്ദാന്തരീക്ഷം തകർക്കുകയും ചെയ്ത് ജനകീയ പ്രശ്നങ്ങളെ തമസ്കരിക്കുന്ന രീതികൾ ചില മാധ്യമങ്ങൾ സ്വീകരിക്കുന്നു. ലോകത്ത് മിക്ക വാർത്താചാനലുകളും 30 മുതൽ 60 ശതമാനം വരെ വാർത്തകൾ തെറ്റായി റിപ്പോർട്ടുചെയ്യുന്നു എന്നാണ് പല വിശകലനങ്ങളും വ്യക്തമാക്കുന്നത്. വാർത്തകൾ കാണാനും അറിയാനുമുള്ള മനുഷ്യന്റെ താല്പര്യം ടെലിവിഷൻ പോലുള്ള ദൃശ്യമാധ്യമങ്ങളെ കൂടുതൽ പ്രിയങ്കരമാക്കുന്നു. എന്നാൽ ടി.വിയിൽ വരുന്ന വാർത്തകൾ പലതും വിശ്വസനീയമല്ലാതായിത്തീരുകയും ചെയ്തുകൊണ്ടിരിക്കുന്നു.

ടെലിവിഷൻ പരിപാടികളുടെ അടിസ്ഥാനത്തിൽ മൂന്ന് പ്രധാന വിഭാഗങ്ങളായി ഇക്കാലത്ത് ചാനലുകൾ മാറിയിരിക്കുന്നു. വിനോദത്തിനുവേണ്ടി മാത്രമുള്ളവ, വാർത്തകൾക്ക് വേണ്ടി മാത്രമുള്ളവ, വിജ്ഞാനത്തിനുവേണ്ടിയുള്ളവ എന്നിങ്ങനെ. ആദ്യകാലത്ത് ടെലിവിഷനിൽ ഇവയെല്ലാം ഒരുപോലെ ലഭിക്കുമായിരുന്നു. ടെലിവിഷൻ പ്രചാരത്തിൽ വന്നതോടെ വാർത്താദൃശ്യങ്ങൾ നേരിട്ടു കാണിക്കാനും വിശദീകരിക്കാനും പ്രേക്ഷകർ അത് ഇഷ്ടപ്പെടാനും തുടങ്ങി.

അവതാരകർക്ക് വാർത്തകളുടെ ദൃശ്യഭാഷയ്ക്കിണങ്ങുന്ന ഒരു ആഖ്യാനരീതി- സംസാരഭാഷയും ആവശ്യമായി വന്നു. കാരണം ഒരു ഭാഷാഭൂമികയിൽ അനവധി പ്രാദേശിക ഭാഷാഭേദങ്ങളുണ്ടാവുക സ്വാഭാവികമാണ്. ഒരുസംസ്ഥാനത്തിന്റെ എല്ലാഭാഗത്തും എല്ലാവർക്കും മനസ്സിലാകുന്ന- പ്രാദേശികഭാഷാഭേദങ്ങൾ കുറഞ്ഞ ഒരു മാനകഭാഷ, ഒരു പൊതുഭാഷ ആവശ്യാനുസരണം രൂപപ്പെട്ടുവന്നു. പ്രാദേശികഭാഷാവൈവിധ്യം ക്രമേണ ടെലിവിഷൻ വാർത്തകളിലൂടെ ഇല്ലാതായിക്കൊണ്ടിരിക്കുന്നു.

ഒന്നുശ്രദ്ധിച്ചുനോക്കൂ. നിങ്ങളുടെ മുന്നിലും പിന്നിലും വശങ്ങളിലുമെല്ലാം വാർത്തകളുടെ സാന്നിദ്ധ്യമുണ്ട്. അവയെ തിരിച്ചറിയുകയും റിപ്പോർട്ടുചെയ്യുകയും ചെയ്യുന്നതിലൂടെ എത്രയധികം സാമൂഹിക പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനാവും. ഒരു പ്രശ്നം പരിഹരിക്കപ്പെട്ടാൽത്തന്നെ അത് ഒരു വലിയ സമൂഹനന്മയാണ്. ഒരു ശരിയായ ജേർണലിസ്റ്റ് ആദർശശുദ്ധിയുള്ള ഒരു തിരുത്തൽ ശക്തിയായിരിക്കണം.

ദൃശ്യമാധ്യമത്തിലെ വാർത്തകളെക്കുറിച്ചും വാർത്താബുള്ളറ്റിൻ, വാർത്താമാഗസിൻ, ന്യൂസ് ഫ്ളാഷ്, ബ്രേക്കിംഗ് ന്യൂസ്, വാർത്താധിഷ്ഠിത പരിപാടികൾ, വാർത്താവിശകലനം, ഇന്ററാക്ടീവ് വാർത്താവതരണം, ലൈവ് റിപ്പോർട്ടിംഗ്, അഭിമുഖങ്ങൾ എന്നിവയും അവയുടെ പ്രത്യേകതകളെക്കുറിച്ചും മനസ്സിലാക്കുന്നതിലൂടെ ഒരു പ്രൊഫഷണൽ ജേർണലിസ്റ്റാകാനോ, ഫ്രീലാൻസ് ജേർണലിസ്റ്റാകാനോ, താല്പര്യമുണ്ടെങ്കിൽ സിറ്റിസൻ ജേർണലിസത്തിലേക്ക് തിരിയാനോ ഒക്കെ കഴിയുംവിധമുള്ള പ്രാഥമിക വിവരങ്ങളാണ് ചുവടെ ചേർത്തിരിക്കുന്നത്

വാർത്താബുള്ളറ്റിൻ

ടെലിവിഷനിൽ അനേകതരം വാർത്താവിഭാഗങ്ങളുണ്ട്. അവയുടെ അവതരണരീതികളും വ്യത്യസ്തമാണ്. അവയിലൊന്നാണ് വാർത്താബുള്ളറ്റിൻ. ലക്ഷക്കണക്കിനു വരുന്ന പ്രേക്ഷകരെ മുന്നിൽക്കണ്ടുകൊണ്ട് പൊതുതാൽപര്യം മുൻനിർത്തി പ്രാദേശികവും ദേശീയവും അന്തർദ്ദേശീയവുമായി ടെലിവിഷനിൽ വരുന്ന പ്രധാനവാർത്തകളുടെ സംക്ഷിപ്ത രൂപത്തെയാണ് വാർത്താബുള്ളറ്റിൻ എന്നുപറയുന്നത്. 1950- കൾ മുതലാണ് വാർത്താബുള്ളറ്റിനുകൾ റേഡിയോയിലും ടെലിവിഷനിലും ഇടംപിടിക്കുന്നത്.

അപ്പപ്പോൾ നിലവിലുള്ള വിഷയങ്ങളുടെയോ സംഭവങ്ങളുടെയോ വിവരങ്ങളുടെയോ റിപ്പോർട്ടുകളുടെയോ പ്രസ്താവനകളുടെയോ ചുരുക്കരൂപമാണ് വാർത്താബുള്ളറ്റിൻ. പ്രധാന വാർത്തകളായി വരുന്ന തലക്കെട്ടുകൾ, രാഷ്ട്രീയ പ്രാധാന്യമുള്ള വ്യക്തികൾ, ലോകസംഭവങ്ങൾ, ദേശീയ സംഭവങ്ങൾ, സാങ്കേതികവിദ്യ, വ്യവസായം തുടങ്ങി അനവധി വിഷയങ്ങൾ- ഇതിന്റെ പരിധിയിൽ വരും. അവ സംബന്ധിച്ച ചിത്രങ്ങളും ദൃശ്യങ്ങളും ബുള്ളറ്റിന്റെ ഭാഗമായി വരും. വളരെ ചുരുക്കത്തിൽ, തെറ്റുകൂടാതെ, ഏറ്റവും പ്രധാന വിവരങ്ങളെ മുൻനിർത്തിയാണ് ബുള്ളറ്റിന്റെ രൂപകൽപ്പന. വരാൻപോകുന്ന വലിയ വാർത്തകളുടെ ലഘുരൂപങ്ങളായും ഇവ അവതരിപ്പിക്കാറുണ്ട്.

ഏറ്റവും പ്രധാനപ്പെട്ട ധാരാളം വാർത്തകൾ വളരെ ചുരുക്കത്തിൽ അവതരിപ്പിക്കുന്ന വാർത്താബുള്ളറ്റിൻ എല്ലാ ദൃശ്യവാർത്താമാധ്യമങ്ങളിലും പ്രാധാന്യത്തോടെ കണ്ടുവരുന്നു. ബുള്ളറ്റിൻ എന്നത് 17-ാം നൂറ്റാണ്ടുമുതൽ ഉപയോഗിക്കപ്പെട്ടു വരുന്ന ഒരു ഇറ്റാലിയൻ പദമാണ്. വാർത്തകളുടെ ഏറ്റവും പുതിയ ഉറവിടത്തിന്റെ അവതരണമാണ് ന്യൂസ് ബുള്ളറ്റിനുകൾ. മിക്ക ദൃശ്യവാർത്താമാധ്യമങ്ങളും ഓരോ മണിക്കൂർ ഇടവിട്ട് ഇത്തരം വാർത്താബുള്ളറ്റിനുകൾ അവതരിപ്പിക്കാറുണ്ട്.

അപ്പപ്പോൾ കിട്ടുന്ന പ്രധാനവാർത്തകളുടെ നവീകരിച്ച രൂപമാണ് ന്യൂസ് ബുള്ളറ്റിനുകൾ. വാർത്തകളുടെ വിശദരൂപങ്ങളല്ല ന്യൂസ് ബുള്ളറ്റിനുകൾ. വാർത്തകളുടെ കുറഞ്ഞ സമയത്തെ അവതരണമാണത്. അപ്പോൾ കിട്ടിയതും സംഭവിച്ചുകൊണ്ടിരിക്കുന്നതോ സംഭവിച്ചുകഴിഞ്ഞതോ ആയ വാർത്തകളുടെ ലഘുരൂപങ്ങളാണത്. അവ ചിത്രങ്ങളായോ ദൃശ്യങ്ങളായോ വരമൊഴിയായോ അവയുടെ സംയുക്തരൂപങ്ങളായോ അവതരിപ്പിക്കാം. ഒരു ലഘുദൃശ്യമോ ചിത്രമോ കാണിക്കുന്നതോടൊപ്പം ഒന്നോ രണ്ടോ വാക്യങ്ങളിൽ വാർത്തയും അവതരിപ്പിക്കപ്പെടുന്നു. ഏറ്റവും കൂടുതൽ പ്രേക്ഷകർ കാണുന്ന ശക്തമായ ദൃശ്യമാധ്യമാവിഷ്കാരമാണ് വാർത്താബുള്ളറ്റിനുകൾ.

ദൃശ്യം കാണിക്കുമ്പോൾത്തന്നെ കൂടുതൽ വിശദീകരണം ആവശ്യമില്ലാതെ വരുന്നു. ദൃശ്യത്തോടൊപ്പം ഒത്തുപോകുന്നത്ര വിശദീകരണമേ പാടുള്ളൂ. പരസ്പരപൂരകമല്ലാതെ, ദൃശ്യം മാത്രമായോ വിശദീകരണം മാത്രമായോ വാർത്താബുള്ളറ്റിനുകളിൽ വരുന്നത് പ്രേക്ഷകർക്ക് അരോചകമായിത്തീരാറുണ്ട്.

ഇന്ത്യയിലെ പ്രതിദിന വാർത്താബുള്ളറ്റിനുകൾ

രാജ്യത്തിനകത്തും അന്തർദേശീയമായും ഏറ്റവും പുതിയ സംഭവങ്ങളെയും സംഭവവികാസങ്ങളെയും കുറിച്ചുള്ള പതിവ് അപ്ഡേറ്റുകൾ പ്രദാനം ചെയ്യുക എന്നത് മീഡിയ ലാൻഡ്സ്കേപ്പിന്റെ പ്രധാന ഭാഗമാണ്. ഈ പ്രക്ഷേപണങ്ങൾ ദിവസം മുഴുവനും ഒന്നിലധികം തവണ ഷെഡ്യൂൾ ചെയ്യപ്പെടുന്നു. വ്യത്യസ്ത പ്രേക്ഷക ഷെഡ്യൂളുകൾ നിറവേറ്റുന്നതിനായി പലപ്പോഴും രാവിലെ, ഉച്ചതിരിഞ്ഞ്, വൈകുന്നേരം, രാത്രി വൈകിയുള്ള പതിപ്പുകളായി തിരിച്ചിരിക്കുന്നു. ഇന്ത്യയിലെ ജനസംഖ്യയുടെ ബഹുഭാഷാ സ്വഭാവം ഈ ബുള്ളറ്റിനുകൾ വിവിധ ഭാഷകളിൽ അവതരിപ്പിക്കേണ്ടത് ആവശ്യമാണ്, ഇത് വിശാലമായ പ്രവേശനക്ഷമതയും വ്യാപനവും ഉറപ്പാക്കുന്നു.

ഭാഷാപരമായി വൈവിധ്യം പുലർത്തുന്ന ഇന്ത്യയിൽ ഔദ്യോഗികമായി അംഗീകൃതമായ 22 ഭാഷകളും നിരവധി ഉപഭാഷകളുമുണ്ട്. ഈ വൈവിധ്യം കണക്കിലെടുത്ത്, വാർത്താ ചാന

ലുകൾ ഹിന്ദി, ഇംഗ്ലീഷ്, തമിഴ്, തെലുങ്ക്, ബംഗാളി, മറാത്തി, കന്നഡ, ഗുജറാത്തി, തുടങ്ങി ഒന്നിലധികം ഭാഷകളിൽ പ്രതിദിന ബുള്ളറ്റിനുകൾ പ്രക്ഷേപണം ചെയ്യുന്നു. ഉദാഹരണം: NDTV, Aaj Tak പോലുള്ള ചാനലുകൾ ഹിന്ദിയിലും ഇംഗ്ലീഷിലും ബുള്ളറ്റിനുകൾ വാഗ്ദാനം ചെയ്യുന്നു, സൺ ടിവി (തമിഴ്), ABP ആനന്ദ (ബംഗാളി), ETV (തെലുങ്ക്) തുടങ്ങിയ പ്രാദേശിക ചാനലുകൾ പ്രാദേശിക ഭാഷകളിൽ വാർത്തകൾ നൽകുന്നു.

നഗര, അർദ്ധനഗര, ഗ്രാമീണ പ്രേക്ഷകരിലേക്ക് എത്താൻ രൂപകൽപ്പന ചെയ്തിട്ടുള്ളതാണ് പ്രതിദിന വാർത്താബുള്ളറ്റിനുകൾ. ഭൗമ, ഉപഗ്രഹ, കേബിൾ ടെലിവിഷൻ ശൃംഖലകളിലൂടെയാണ് ഈ വ്യാപകമായ വ്യാപ്തി കൈവരിക്കുന്നത്. ഉദാഹരണം: ഇന്ത്യയിലെ പൊതു സേവന ബ്രോഡ്കാസ്റ്ററായ ദൂരദർശൻ, വിദൂരവും ഗ്രാമപ്രദേശങ്ങളും ഉൾപ്പെടെ രാജ്യത്തുടനീളം പ്രതിദിന വാർത്താ ബുള്ളറ്റിനുകൾ സംപ്രേക്ഷണം ചെയ്യുന്ന ഒന്നിലധികം ചാനലുകൾ പ്രവർത്തിപ്പിക്കുന്നു, എല്ലാ പൗരന്മാർക്കും നിലവിലെ ഇവന്റുകളിലേക്ക് ആക്സസ് ഉണ്ടെന്ന് ഉറപ്പാക്കുന്നു.

വ്യത്യസ്ത പ്രേക്ഷക വിഭാഗങ്ങൾക്കായി, രാവിലെ, വൈകുന്നേരം, രാത്രി എന്നിവയുൾപ്പെടെ ദിവസം മുഴുവനും വിവിധ സമയങ്ങളിൽ ദൈനംദിന വാർത്താ ബുള്ളറ്റിനുകൾ ഷെഡ്യൂൾ ചെയ്തിരിക്കുന്നു. ഉദാഹരണം: സീ ന്യൂസ്, ഇന്ത്യ ടുഡേ പോലുള്ള ചാനലുകൾ രാവിലെ എഴുന്നേൽക്കുന്നവർക്കായി പ്രഭാത ബുള്ളറ്റിനുകൾ, ജോലിസ്ഥലത്തോ വീട്ടിലോ ഉള്ളവർക്കുള്ള ഉച്ചകഴിഞ്ഞുള്ള അപ്ഡേറ്റുകൾ, കുടുംബങ്ങൾക്കുള്ള പ്രൈംടൈം സായാഹ്ന വാർത്തകൾ, രാത്രി വാർത്തകൾ എന്നിവ വാഗ്ദാനം ചെയ്യുന്നു.

സ്പോർട്സ്, കാലാവസ്ഥ, ബിസിനസ്സ്, വിനോദം തുടങ്ങി പ്രേക്ഷകർക്ക് താൽപ്പര്യമുള്ള വിവിധ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പ്രത്യേക സെഗ്മെന്റുകൾ ദൈനംദിന വാർത്താ ബുള്ളറ്റിനുകളിൽ ഉൾപ്പെടുന്നു. ഈ സെഗ്മെന്റുകൾ വിശാലമായ വാർത്താ ബുള്ളറ്റിനിലെ നിർദ്ദിഷ്ട ഡൊമെയ്നുകളിൽ വിശദമായ അപ്ഡേറ്റുകൾ നൽകുന്നു. ഉദാഹരണം: എൻ.ഡി.ടി.വി.യുടെ പ്രൈംടൈം വാർത്തകളിൽ ബിസിനസ്സ് അപ്ഡേറ്റുകൾ, കായിക വാർത്തകൾ, കാലാവസ്ഥാ പ്രവചനങ്ങൾ, വിനോദ വാർത്തകൾ എന്നിവയെക്കുറിച്ചുള്ള സെഗ്മെന്റുകൾ ഉൾപ്പെടുന്നു, ദൈനംദിന ഇവന്റുകളുടെ സമഗ്രമായ അവലോകനം വാഗ്ദാനം ചെയ്യുന്നു.

ബുള്ളറ്റിനുകളിൽ, പ്രത്യേകിച്ച് ബ്രേക്കിംഗ് ന്യൂസിനായി, തത്സമയ അപ്ഡേറ്റുകൾ, വാർത്താ ചാനലുകൾ തത്സമയ ഫീഡുകൾ, ഓൺഗ്രൗണ്ട് റിപ്പോർട്ടിംഗ്, ഇൻസ്റ്റന്റ് കമ്മ്യൂണിക്കേഷൻ ടൂളുകൾ എന്നിവ ഉപയോഗിച്ച് ഏറ്റവും പുതിയ വിവരങ്ങൾ തത്സമയം നൽകുന്നതിന് കഴിയുന്നു. ഉദാഹരണം: തിരഞ്ഞെടുപ്പുകൾ അല്ലെങ്കിൽ പ്രകൃതി ദുരന്തങ്ങൾ പോലുള്ള പ്രധാന ഇവന്റുകളുടെ സമയത്ത്, CNN News18, റിപ്പബ്ലിക് ടി.വി. തുടങ്ങിയ ചാനലുകൾ തത്സമയ കവറേജും തത്സമയ അപ്ഡേറ്റുകളും നൽകുന്നു, സംഭവവികാസങ്ങളെ കുറിച്ച് കാഴ്ചക്കാരെ ഉടൻ അറിയിക്കുന്നുവെന്ന് ഉറപ്പാക്കുന്നു.

പ്രതിദിന വാർത്താ ബുള്ളറ്റിനുകളിൽ വിദഗ്ധ വിശകലനങ്ങളും സമകാലിക സംഭവങ്ങളെക്കുറിച്ചുള്ള അഭിപ്രായങ്ങളും പലപ്പോഴും അവതരിപ്പിക്കുന്നു. ഇത് കാഴ്ചക്കാർക്ക് ആഴത്തിലുള്ള ഉൾക്കാഴ്ചകളും ഒന്നിലധികം വീക്ഷണങ്ങളും നൽകുന്നു. ഉദാഹരണം: ടൈംസ് നൗ, ന്യൂസ് 18 ഇന്ത്യ എന്നിവ പോലുള്ള ചാനലുകൾ രാഷ്ട്രീയം, സാമ്പത്തികം, ആരോഗ്യം എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ നിന്നുള്ള വിദഗ്ധരെ ദിവസത്തിലെ പ്രധാന വാർത്തകൾ ചർച്ച ചെയ്യാനും വിശകലനം ചെയ്യാനും പതിവായി ക്ഷണിക്കുന്നു, കാഴ്ചക്കാർക്ക് കൂടുതൽ സൂക്ഷ്മമായ ധാരണ നൽകുന്നു.

ബുള്ളറ്റിനുകൾ നിർദ്ദിഷ്ട പ്രദേശങ്ങളിലോ സംസ്ഥാനങ്ങളിലോ പ്രസക്തമായ പ്രാദേശിക വാർത്തകളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പ്രാദേശിക ജനതയുടെ താൽപ്പര്യങ്ങളും ആശങ്കകളും പരിഹരിക്കാൻ ഇത് സഹായിക്കുന്നു. ഉദാഹരണം: ഏഷ്യാനെറ്റ് ന്യൂസ് (മലയാളം), സാക്ഷി ടിവി (തെലുങ്ക്) തുടങ്ങിയ പ്രാദേശിക ചാനലുകൾ പ്രാദേശിക പരിപാടികൾ, രാഷ്ട്രീയ പ്രശ്നങ്ങൾ, എന്നിവയെക്കുറിച്ച് വിപുലമായ കവറേജ്

നൽകുന്നു, പ്രാദേശിക പ്രേക്ഷകർക്ക് അവരുടെ പ്രദേശങ്ങളുമായി ബന്ധപ്പെട്ട വാർത്തകൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നു.

ദൈനംദിന വാർത്താ ബുള്ളറ്റിനുകൾ ഇന്ത്യൻ സാഹചര്യത്തിൽ നിർണായകമാണ്. കാരണം അവ വൈവിധ്യപൂർണ്ണരായ പ്രേക്ഷകരിലേക്ക് വിവരങ്ങളുടെ സമയോചിതമായ വിതരണം ഉറപ്പാക്കുന്നു. ഒന്നിലധികം ഭാഷകളിൽ വാർത്തകൾ നൽകിക്കൊണ്ട്, വിവിധ പ്രദേശങ്ങൾ ഉൾക്കൊള്ളിച്ചും, ദിവസം മുഴുവൻ അപ്ഡേറ്റുകൾ നൽകുന്നതിലൂടെയും, ഈ ബുള്ളറ്റിനുകൾ പൊതുജനങ്ങളെ അറിയിക്കുന്നതിലും സമകാലിക സംഭവങ്ങളുമായി ഇടപഴകുന്നതിലും ഒരു പ്രധാന പങ്ക് വഹിക്കുന്നു. പ്രത്യേക സെഗ്മെന്റുകൾ, തത്സമയ അപ്ഡേറ്റുകൾ, വിദഗ്ദ്ധ വിശകലനം, സംവേദനാത്മക ഘടകങ്ങൾ എന്നിവ ഉൾപ്പെടുത്തുന്നത് ഈ പ്രക്ഷേപണങ്ങളുടെ മൂല്യം വർദ്ധിപ്പിക്കുകയും ദശലക്ഷക്കണക്കിന് ഇന്ത്യക്കാർക്ക് ദൈനംദിന ജീവിതത്തിന്റെ ഒഴിച്ചുകൂടാനാവാത്ത ഭാഗമാക്കുകയും ചെയ്യുന്നു.

ഇന്ത്യയിലെ പ്രതിവാര വാർത്താ ബുള്ളറ്റിനുകൾ ഓരോ ആഴ്ചയിലും നടക്കുന്ന ഏറ്റവും പ്രധാനപ്പെട്ട സംഭവങ്ങളുടെ സമഗ്രമായ റീക്യാപ്പ് വാഗ്ദാനം ചെയ്യുന്നുണ്ട്. ഈ ബുള്ളറ്റിനുകൾ സാധാരണയായി വാരാന്ത്യത്തിൽ പ്രക്ഷേപണം ചെയ്യപ്പെടുന്നു. കൂടാതെ അവയ്ക്ക്, ആഴത്തിലുള്ള വിശകലനം നൽകുന്നു. വിദഗ്ദ്ധ കമന്ററി, പശ്ചാത്തല വിവരങ്ങൾ, വിശദമായ റിപ്പോർട്ടുകൾ എന്നിവ ഉപയോഗിച്ച് പ്രധാന വാർത്തകൾ പുനരവലോകനം ചെയ്യുന്നതിലൂടെ ആഴ്ചയിലെ പ്രധാന വാർത്തകൾ, ട്രെൻഡുകൾ, സംഭവവികാസങ്ങൾ എന്നിവയെക്കുറിച്ച് കാഴ്ചക്കാർക്ക് ആഴത്തിലുള്ള ധാരണ നൽകാൻ ഇത്തരം വാർത്താ ബുള്ളറ്റിനുകൾ ലക്ഷ്യമിടുന്നു.

1. ഇൻഡെപ്ത്ത് അനാലിസിസ്

പ്രതിവാര വാർത്താ ബുള്ളറ്റിനുകൾ പ്രധാന സംഭവങ്ങളുടെ വിശദമായ വിശകലനം വാഗ്ദാനം ചെയ്യുന്നു. വാർത്തയുടെ പ്രത്യാഘാതങ്ങളും പ്രാധാന്യവും മനസിലാക്കാൻ സഹായിക്കുന്നു. ഉദാഹരണം: എൻ.ഡി.ടി.വി.യുടെ "വി ദ പീപ്പിൾ", "ദി ബിഗ് ഫൈറ്റ്"എന്നിവ രാഷ്ട്രീയ സംഭവങ്ങൾ, സാമ്പത്തിക നയങ്ങൾ, സാമൂഹിക പ്രശ്നങ്ങൾ എന്നിവ വിദഗ്ധരെയും പങ്കാളികളെയും അവതരിപ്പിക്കുന്ന ആഴത്തിലുള്ള ചർച്ചകളിലൂടെ വിശകലനം ചെയ്യുന്നു.

2. ഫീച്ചർ സ്റ്റോറികൾ

ഈ ബുള്ളറ്റിനുകളിൽ പലപ്പോഴും മാനുഷിക താൽപ്പര്യമുള്ള കഥകൾ, അന്വേഷണ റിപ്പോർട്ടുകൾ, പ്രത്യേക അഭിമുഖങ്ങൾ എന്നിവയുൾപ്പെടെ കൂടുതൽ വിശദമായി വിഷയങ്ങൾ പര്യവേക്ഷണം ചെയ്യുന്ന ഫീച്ചർ സ്റ്റോറികൾ ഉൾപ്പെടുന്നു. ഉദാഹരണം: സ്റ്റാർ പ്ലസിലെ 'സത്യമേവ് ജയതേ' ഒരു പരമ്പരാഗത വാർത്താ ബുള്ളറ്റിനല്ലെങ്കിലും, സാമൂഹിക വിഷയങ്ങളെക്കുറിച്ചുള്ള ആഴത്തിലുള്ള ഫീച്ചർ സ്റ്റോറികൾ അവതരിപ്പിച്ചിട്ടുണ്ട്. ഒപ്പം പ്രധാനപ്പെട്ട സാമൂഹിക വിഷയങ്ങളിലേക്ക് ശ്രദ്ധ ആകർഷിക്കുകയും ചെയ്തു.

3. പൊളിറ്റിക്കൽ റീക്യാപ്പ്

ഇന്ത്യൻ രാഷ്ട്രീയത്തിന്റെ ചലനാത്മക സ്വഭാവം കണക്കിലെടുത്ത്, ആഴ്ചയിലെ പ്രധാന സംഭവങ്ങളെ സംഗ്രഹിച്ച്, പ്രതിവാര ബുള്ളറ്റിനുകൾ പലപ്പോഴും രാഷ്ട്രീയ സംഭവവികാസങ്ങൾ, നിയമനിർമ്മാണ പ്രവർത്തനങ്ങൾ, പാർട്ടി പ്രവർത്തനങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഉദാഹരണം: ഇന്ത്യ ടിവിയിലെ 'ആജ് കി ബാത്' പോലുള്ള ഷോകൾ, പ്രധാന സംവാദങ്ങൾ, തിരഞ്ഞെടുപ്പ് പ്രചാരണങ്ങൾ, നയപരമായ തീരുമാനങ്ങൾ എന്നിവയുൾപ്പെടെയുള്ള രാഷ്ട്രീയ സംഭവങ്ങളുടെ ഒരു റൗണ്ടപ്പ് നൽകുന്നു.

4. സാമ്പത്തിക, ബിസിനസ് അവലോകനം

പ്രതിവാര ബുള്ളറ്റിനുകൾ പലപ്പോഴും സാമ്പത്തിക, ബിസിനസ് വാർത്തകൾക്കായി സെഗ്മെന്റുകൾ സമർപ്പിക്കുന്നു. വിപണി ട്രെൻഡുകൾ, സാമ്പത്തിക റിപ്പോർട്ടുകൾ, ആഴ്ചയിൽ വെളിപ്പെട്ട സാമ്പത്തിക നയങ്ങൾ എന്നിവ അവലോകനം ചെയ്യുന്നു. ഉദാഹരണം: CNBCTV18-ന്റെ പ്രതിവാര അവലോകന പരിപാടികൾ സ്റ്റോക്ക് മാർക്കറ്റ് പ്രകടനം, സാമ്പത്തിക സൂചകങ്ങൾ, ബിസിനസ് വാർത്തകൾ എന്നിവ വിശകലനം ചെയ്യുന്നു, സാമ്പത്തിക രംഗത്തെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ വാഗ്ദാനം ചെയ്യുന്നു.

5. റീജിയണൽ ന്യൂസ് ഫോക്കസ്

പ്രാദേശിക സംഭവവികാസങ്ങൾ, സാംസ്കാരിക പരിപാടികൾ, പ്രാദേശിക രാഷ്ട്രീയം എന്നിവയെക്കുറിച്ചുള്ള വിശദമായ അവലോകനം നൽകിക്കൊണ്ട് പ്രത്യേക വാർത്തകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പ്രതിവാര ബുള്ളറ്റിനുകൾ പ്രാദേശിക ചാനലുകൾ നിർമ്മിക്കുന്നു.

ഉദാഹരണം: ETV യുടെ പ്രാദേശിക ചാനലുകളായ ETV കന്നഡ, ETV മറാത്തി എന്നിവ പ്രധാനപ്പെട്ട പ്രാദേശിക സംഭവങ്ങൾ, സംസ്ഥാന സർക്കാർ പ്രവർത്തനങ്ങൾ, സാംസ്കാരിക സംഭവങ്ങൾ എന്നിവ എടുത്തുകാണിക്കുന്ന പ്രതിവാര റൗണ്ടപ്പുകൾ വാഗ്ദാനം ചെയ്യുന്നു.

6. ഇന്റർനാഷണൽ ന്യൂസ് റീക്യാപ്പ്

പ്രതിവാര വാർത്താബുള്ളറ്റിനുകൾ അന്താരാഷ്ട്ര വാർത്തകളും ഉൾക്കൊള്ളുന്നു, പ്രധാന ആഗോള സംഭവങ്ങളും ഇന്ത്യയ്ക്കും ലോകത്തിനും അവയുടെ പ്രത്യാഘാതങ്ങളും സംഗ്രഹിക്കുന്നു. ഉദാഹരണം: CNNNews18, WION എന്നിവ പോലുള്ള ചാനലുകൾ നയതന്ത്ര സംഭവങ്ങൾ, അന്തർദേശീയ സംഘർഷങ്ങൾ, ആഗോള സാമ്പത്തിക പ്രവണതകൾ എന്നിവയുൾപ്പെടെയുള്ള അന്താരാഷ്ട്ര സംഭവവികാസങ്ങളുടെ പ്രതിവാര സംഗ്രഹം നൽകുന്നു.

7. സ്പോർട്സ് ഹൈലൈറ്റുകൾ

പ്രതിവാര ബുള്ളറ്റിനുകളിൽ പലപ്പോഴും പ്രധാന സ്പോർട്സ് ഇവന്റുകൾ, മത്സരങ്ങൾ, ടൂർണമെന്റുകൾ എന്നിവയുടെ റീക്യാപ്പ് ഉൾപ്പെടുന്നു, പ്രകടനങ്ങളുടെ ഹൈലൈറ്റുകളും വിശകലനങ്ങളും നൽകുന്നു.

ഉദാഹരണം: സ്റ്റാർ സ്പോർട്സും സോണി സ്പോർട്സ് നെറ്റ്‌വർക്കും ക്രിക്കറ്റ് മത്സരങ്ങൾ, ഫുട്ബോൾ ലീഗുകൾ, മറ്റ് സ്പോർട്സ് ഇവന്റുകൾ എന്നിവ ഉൾക്കൊള്ളുന്ന പ്രതിവാര സ്പോർട്സ് റാപ്പപ്പുകൾ വാഗ്ദാനം ചെയ്യുന്നു, ഇത് സമഗ്രമായ ഹൈലൈറ്റുകളും വിദഗ്ദ്ധ അഭിപ്രായങ്ങളും നൽകുന്നു.

8. വ്യൂവർ ഇടപഴകൽ

പ്രതിവാര ബുള്ളറ്റിനുകൾ സോഷ്യൽ മീഡിയ പോളുകൾ, ഫീഡ്ബാക്ക് സെഗ്മെന്റുകൾ, കാഴ്ചക്കാരുടെ ചോദ്യങ്ങൾ എന്നിവയിലൂടെ ഇടയ്ക്കിടെ കാഴ്ചക്കാരുമായി ഇടപഴകുകയും ഒരു സംവേദനാത്മക അനുഭവം സൃഷ്ടിക്കുകയും ചെയ്യുന്നു. ഉദാഹരണം: എൻ.ഡി.ടി.വി.യിലെ 'യുവർ കോൾ' പോലുള്ള പ്രോഗ്രാമുകളും എ. ബി. പി ന്യൂസ് പോലുള്ള ചാനലുകളിലെ ഇന്ററാക്ടീവ് സെഗ്മെന്റുകളും കാഴ്ചക്കാരെ അവരുടെ ചോദ്യങ്ങളും അഭിപ്രായങ്ങളും അയയ്ക്കാൻ അനുവദിക്കുന്നു. അവ ഷോയ്ക്കിടെ അഭിസംബോധന ചെയ്യപ്പെടുന്നു.

9. വിദ്യാഭ്യാസ വിഭാഗങ്ങൾ

ചില പ്രതിവാര ബുള്ളറ്റിനുകളിൽ വൈജ്ഞാനികരംഗവുമായി ബന്ധപ്പെട്ട വിഷയങ്ങൾ, ശാസ്ത്രീയ കണ്ടുപിടുത്തങ്ങൾ, സാങ്കേതിക മുന്നേറ്റങ്ങൾ എന്നിവ ലളിതമായി വിശദീകരിക്കുന്ന വിദ്യാഭ്യാസ വിഭാഗങ്ങൾ ഉൾപ്പെടുന്നു. ഉദാഹരണം: രാജ്യസഭാ ടി.വി.യിലെ 'സയൻസ് മോണിറ്റർ' പോലുള്ള പ്രോഗ്രാമുകൾ ശാസ്ത്ര സാങ്കേതിക രംഗത്തെ ഏറ്റവും പുതിയ സംഭവവികാസങ്ങൾ ഉൾക്കൊള്ളുന്നു.

10. സാംസ്കാരിക, വിനോദ വാർത്തകൾ

ഈ ബുള്ളറ്റിനുകൾ സാംസ്കാരിക പരിപാടികൾ, വിനോദ വാർത്തകൾ, സെലിബ്രിറ്റി അഭിമുഖങ്ങൾ എന്നിവയും ഉൾക്കൊള്ളുന്നു, ആഴ്ചയിലെ ലഘുവായ വാർത്തകളുടെ മികച്ച അവലോകനം നൽകുന്നു.

ഉദാഹരണം: ടൈംസ് നൗവിലെ 'വീക്കെൻഡ് ലൈവ്' പോലുള്ള ഷോകളിൽ ബോളിവുഡ് അപ്ഡേറ്റുകൾ, ഫിലിം റിലീസുകൾ, സംഗീത ഇവന്റുകൾ, സെലിബ്രിറ്റി വാർത്തകൾ എന്നിവയെക്കുറിച്ചുള്ള സെഗ്മെന്റുകൾ ഉൾപ്പെടുന്നു.

ആഴ്ചയിലെ സുപ്രധാന സംഭവങ്ങളുടെ സമഗ്രമായ പുനരാവിഷ്കാരങ്ങളും ആഴത്തിലുള്ള വിശകലനവും നൽകിക്കൊണ്ട് പ്രതിവാര വാർത്താ ബുള്ളറ്റിനുകൾ ഇന്ത്യൻ മാധ്യമ വ്യവസ്ഥയിൽ നിർണായക പങ്ക് വഹിക്കുന്നു.

രാഷ്ട്രീയ, സാമ്പത്തിക, പ്രാദേശിക, അന്തർദേശീയ, കായിക, സാംസ്കാരിക, വിനോദ വാർത്തകൾ ഉൾപ്പെടുത്തിക്കൊണ്ട് ഈ ബുള്ളറ്റിനുകൾ വൈവിധ്യമാർന്ന പ്രേക്ഷകരെ ഉൾക്കൊള്ളുന്നു. ഇൻഡെപ്ത് വിശകലനം, ഫീച്ചർ സ്റ്റോറികൾ, സംവേദനാത്മക ഘടകങ്ങൾ എന്നിവ ഇന്ത്യയിലെ സമകാലിക സംഭവങ്ങളു

ടെ വിശാലമായ പ്രത്യാഘാതങ്ങൾ മനസിലാക്കാൻ ആഗ്രഹിക്കുന്നവർക്ക് പ്രതിവാര വാർത്താ ബുള്ളറ്റിനുകൾ ഒരു വിലപ്പെട്ട വിഭവമാണ്.

വാർത്താമാഗസിൻ

പ്രേക്ഷകരെ ആകർഷിക്കുംവിധം വളരെ നാടകീയമായി വ്യക്തികളുടെയോ സംഭവങ്ങളുടെയോ വിവരങ്ങളുടെയോ റിപ്പോർട്ടുകളുടെയോ അടിസ്ഥാനത്തിൽ, ആഴത്തിൽ ദൃശ്യങ്ങളുടെ പിൻബലത്തോടെ നടത്തുന്ന ബഹുതലസ്പർശിയായ വാർത്താവിഷ്കാരമാണ് വാർത്താ മാഗസിനുകൾ. പത്രങ്ങളേക്കാളും ആഴത്തിൽ ദൃശ്യങ്ങളുടെയും വസ്തുതകളുടെയും പിൻബലത്തിൽ ജനങ്ങൾക്ക് അറിയാൻ താൽപര്യമുണ്ടെന്നുതോന്നുന്ന പ്രധാനസംഭവങ്ങളായിരിക്കും ഇത്തരത്തിൽ അവതരിപ്പിക്കുക.

ഒരു വാർത്താ മാഗസിൻ എന്നത് ടൈപ്പ് ചെയ്തതും അച്ചടിച്ചതും പ്രസിദ്ധീകരിച്ചതുമായ മാഗസിൻ, റേഡിയോ അല്ലെങ്കിൽ ടെലിവിഷൻ പരിപാടിയാണ്, സാധാരണയായി പ്രതിവാരം പ്രസിദ്ധീകരിക്കുന്ന സമകാലിക സംഭവങ്ങളെക്കുറിച്ചുള്ള ലേഖനങ്ങളിൽ ഉൾക്കൊള്ളുന്നത്. ന്യൂസ് മാഗസിനുകൾ സാധാരണയായി പത്രങ്ങളെക്കാളും ന്യൂസ്കാസ്റ്റുകളേക്കാളും ആഴത്തിൽ കഥകൾ ചർച്ചചെയ്യുന്നു, കൂടാതെ അടിസ്ഥാന വസ്തുതകൾക്കപ്പുറമുള്ള പ്രധാന സംഭവങ്ങളെക്കുറിച്ച് ഉപഭോക്താവിന് അറിവ് നൽകുന്നു.

പലരുടെയും രഹസ്യ അഭിപ്രായങ്ങളുടെയും അഭിമുഖങ്ങളുടെയും സഹായത്തോടെ തയ്യാറാക്കുന്നവയാണ് ചില ടി.വി. വാർത്താ മാഗസിനുകൾ. സാധാരണ വാർത്തകളിൽനിന്ന് വ്യത്യസ്തമായി ഒരു ഡോക്യുമെന്ററിയുടെ അവതരണംപോലെ വസ്തുതകളെ വിശദമാക്കുന്നു ഒപ്പം ദൃശ്യങ്ങളുടെ സഹായത്തോടെയാണ് വാർത്താമാഗസിനുകളിൽ തയ്യാറാക്കുന്നത്.

1953-ൽ തന്നെ ബി.ബി.സി.യിൽ ആദ്യത്തെ വാർത്താമാഗസിൻ (Panorama) സംപ്രേഷണം ചെയ്യപ്പെട്ടു. പലതരത്തിൽ സമൂഹത്തിൽ ശ്രദ്ധനേടുന്ന സംഭവങ്ങൾ ഇതിലുൾപ്പെടുന്നു. അന്തർദ്ദേശീയ പ്രാധാന്യം നേടിയ ചില പ്രശസ്തരുടെ, സമൂഹത്തിനു ദോഷകരമായ ചില ചെയ്തികൾ ഇതിന് വിഷയമായിട്ടുണ്ട്. അവർ നടത്തുന്ന ശതകോടികളുടെ രഹസ്യബിസിനസ്സുകൾ ഒളിക്യാമറാദൃശ്യങ്ങളുടെ സഹായത്തോടെ പകർത്തുന്നു. അത്തരം അനീതികൾ സമൂഹദൃഷ്ടിയിൽ കൊണ്ടുവരുകയും അവ തിരുത്തപ്പെടേണ്ടവയും ശിക്ഷിക്കപ്പെടേണ്ടവയുമാണെന്ന അവബോധം സൃഷ്ടിക്കുകയുമാണ് ചില ടി. വി ന്യൂസ് മാഗസിനുകളുടെ ലക്ഷ്യം.

അവതാരകരുടെയും വിഷയത്തിന്റെയും പ്രത്യേകതകൾക്കനുസരിച്ച് വാർത്താമാഗസിനുകൾക്ക് വലിയ പ്രചാരം ലഭിക്കുന്നു. സമൂഹത്തിലെ ഉന്നതരും പ്രശസ്തരുമായ വ്യക്തികളുടെ ദുഷ്ക്കർമ്മങ്ങളോ നിയമവിരുദ്ധമായ പ്രവൃത്തികളോ അപവാദകഥകളോ മുൻനിർത്തിയായിരുന്നു ആദ്യകാലത്തെ വാർത്താമാഗസിനുകൾ ശ്രദ്ധ നേടിയിരുന്നത്.

വാർത്താമാഗസിനുകളുടെ ഒരു പൂർവ്വമാതൃക എന്നു പറയാവുന്നത് എഡ്വേർഡ് മുറോ(Edward R.Murrow) യുടെ സീ ഇറ്റ് നൗ (See It Now) എന്ന പരമ്പരയായിരുന്നു. 1990-കൾ മുതൽ അമേരിക്കയിൽ ന്യൂസ് മാഗസിനുകൾക്ക് കൂടുതൽ പ്രാധാന്യം ലഭിച്ചുവരുന്നു. ചില രാഷ്ട്രീയക്കാർ, പ്രശസ്തർ, പ്രകൃതിവിഷയങ്ങൾ, ശാസ്ത്രവിഷയങ്ങൾ തുടങ്ങിയവയും ആദ്യകാലത്തെ വാർത്താമാഗസിനുകളിൽ ഇടംപിടിച്ചിരുന്നു. പിൽക്കാലങ്ങളിൽ അവയെല്ലാം വേർപിരിയുകയും വെവ്വേറെ ചാനലുകളിൽ ഇടം നേടുകയും ചെയ്തു. ചില ടി.വി. ചാനലുകൾ വിഷയദാരിദ്ര്യംമൂലം, ദേശീയമോ അന്തർദ്ദേശീയമോ ആയ പ്രശസ്ത വിഷയങ്ങൾ പ്രാപ്യമല്ലാതെ വരുമ്പോൾ വളരെ പ്രാദേശികമായ വിഷയങ്ങളെ അന്തർദ്ദേശീയ പ്രാധാന്യമുള്ള മട്ടിൽ വാർത്താമാഗസിനുകളാക്കി രൂപം മാറ്റുന്നതും കാണാം.

ടെലിവിഷൻ വാർത്താ മാഗസിനുകൾ അച്ചടി വാർത്താ മാഗസിനുകൾക്ക് സമാനമായ സേവനം നൽകുന്നു. എന്നാൽ അവ കഥകൾ എഴുതിയ ലേഖനങ്ങളേക്കാൾ ഹ്രസ്വമായ ടെലിവിഷൻ ഡോക്യുമെന്ററികളായി അവതരിപ്പിക്കുന്നു. സാധാരണ വാർത്താകാസ്റ്റുകളേക്കാൾ കൂടുതൽ ആഴത്തിൽ ചില വിഷയങ്ങൾ കവർ ചെയ്യുന്നതിനുള്ള ഒരു ബദലായി ഈ പ്രക്ഷേപണങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 1953-ൽ ബിബിസിയിൽ പനോരമ ആദ്യമായി സ്ഥാപിച്ച ഫോർമുല ലോകമെമ്പാടും വിജയിച്ചു. സെലിബ്രിറ്റി

പ്രൊഫൈലുകൾ, വൻകിട ബിസിനസ്സുകളുടെ കവറേജ്, ഒളിഞ്ഞിരിക്കുന്ന ക്യാമറ ടെക്നിക്കുകൾ, മികച്ച അന്താരാഷ്ട്ര കവറേജ്, അനീതികൾ തുറന്നുകാട്ടലും തിരുത്തലും, ഒരു തലക്കെട്ട് വാർത്തയുടെ ആഴത്തിലുള്ള കവറേജ്, ചർച്ചാ വിഷയമായ അഭിമുഖങ്ങൾ എന്നിവയുൾപ്പെടെ സാധാരണ വാർത്താകാസ്റ്റുകളിൽ കാണാത്ത നിരവധി വാർത്തകൾ ടെലിവിഷൻ വാർത്താ മാസികകൾ നൽകുന്നു.

റിയാലിറ്റി ഷോകളുടെ വിജയത്തോടെ, വാർത്താ മാസികകൾ വലിയതോതിൽ മാറ്റിസ്ഥാപിക്കപ്പെട്ടു. റിയാലിറ്റി ഷോകൾക്ക് വാർത്താ മാഗസിനുകളേക്കാൾ ചെറുപ്പവും കൂടുതൽ വിശ്വസ്തവുമായ പ്രേക്ഷകരെ നിർമ്മിക്കാനും നേടാനും കഴിഞ്ഞു. അങ്ങനെ, ഒരിക്കൽ വാർത്താ മാഗസിൻ ഷോകളിൽ ആകൃഷ്ടരായ പ്രേക്ഷകർ വലിയ തോതിൽ കേബിൾ ടെലിവിഷനിലേക്ക് നീങ്ങി. പ്രകൃതി, ശാസ്ത്രം, സെലിബ്രിറ്റികൾ, രാഷ്ട്രീയം തുടങ്ങിയ സാധാരണ വാർത്താ മാസിക വിഷയങ്ങൾക്കെല്ലാം പ്രത്യേക ചാനലുകളുണ്ട്.

മിക്ക വാണിജ്യ പ്രക്ഷേപണ ടെലിവിഷൻ സ്റ്റേഷനുകളിലും പ്രാദേശിക വാർത്തകൾക്ക് പ്രാധാന്യമുണ്ട്. അത് ഒരു പ്രാദേശിക സന്ദർഭത്തിലെ സംഭവങ്ങളുടെ വാർത്താ കവറേജിനെ പരാമർശിക്കുന്നു. അത് സാധാരണയായി മറ്റ് പ്രദേശങ്ങളിൽ താൽപ്പര്യമുള്ളതോ ദേശീയമോ അന്തർദ്ദേശീയമോ ആയ വ്യാപ്തിയുള്ളതായിരിക്കില്ല.

ന്യൂസ് ഫ്ളാഷ്

ഒരു മിന്നൽ വെളിച്ചംപോലെ പെട്ടെന്ന് വരുന്ന വാർത്തയാണ് ന്യൂസ് ഫ്ളാഷ്. ടെലിവിഷൻ പരിപാടിക്കിടയിൽ കിട്ടിയ ഒരു പ്രധാന വാർത്ത നമ്മെ അറിയിക്കുന്ന രീതിയാണ് ന്യൂസ് ഫ്ളാഷ് എന്ന് പറയുന്നത്. ടെലിവിഷൻ സ്ക്രീനിന്റെ അടിയിലൂടെ ഒരു ലൈനിൽ സ്ക്രോൾചെയ്ത് നീങ്ങുന്നവിധം ന്യൂസ് ഫ്ളാഷ് എഴുതിക്കാണിക്കും. ടി.വി.സ്ക്രീൻ നിറയുന്ന വിധവും ന്യൂസ് ഫ്ളാഷ് എഴുതിക്കാണിക്കാറുണ്ട്. അത് ചിലപ്പോൾ പെട്ടെന്നു സംഭവിച്ച ഒരു വലിയ അപകടത്തെയോ, പേമാരിയുടെയോ, ഉരുൾപൊട്ടലിന്റെയോ, സുനാമിയുടെയോ വാർത്തയായി വരികയും അത് ടി.വിയിലെ അപ്പോൾ അവതരിപ്പിക്കാൻ മുൻകൂട്ടി നിശ്ചയിച്ച ചില പരിപാടികളെ മാറ്റിവെപ്പിച്ചുകൊണ്ട് ന്യൂസ് ഫ്ളാഷായി നിറയുകയും ചെയ്യാം. നമ്മുടെ ചുറ്റുപാടുകളിലെ ഏതു സംഭവങ്ങളും ഇപ്പോൾ ന്യൂസ് ഫ്ളാഷുകളായി വരുന്നുണ്ട്. സാധാരണ നിലയിൽ ഒന്നോ രണ്ടോ വാചകങ്ങളിൽ ന്യൂസ് ഫ്ളാഷ് ഒതുങ്ങാം.

ന്യൂസ്ഫ്ളാഷുകളുടെ പ്രയോജനങ്ങൾ

1. സമയോചിതമായ വിവര പ്രചരണം: വാർത്താ ഫ്ളാഷുകൾ തൽസമയം പൊതുജനങ്ങൾക്ക് അറിവ് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കിക്കൊണ്ട് നിർണായക വിവരങ്ങൾ തൽക്ഷണം വിശാലമായ പ്രേക്ഷകരിലേക്ക് എത്തിക്കാൻ സഹായിക്കുന്നു.

2. വർദ്ധിച്ച അവബോധം: പ്രധാനപ്പെട്ട ഇവന്റുകൾ വേഗത്തിൽ സംപ്രേക്ഷണം ചെയ്യുന്നതിലൂടെ, നടന്നുകൊണ്ടിരിക്കുന്ന സംഭവവികാസങ്ങളെക്കുറിച്ച് പൊതുജന അവബോധം വളർത്തുന്നതിന് ന്യൂസ് ഫ്ളാഷുകൾകൊണ്ട് സാധിക്കുന്നു.

3. അടിയന്തര പ്രതികരണം: പ്രതിസന്ധി ഘട്ടങ്ങളിൽ, അധികാരികളെയും പൊതുജനങ്ങളെയും അലേർട്ട് ചെയ്യുന്നതിലൂടെയും ജീവൻ രക്ഷിക്കുന്നതിനും നാശനഷ്ടങ്ങൾ കുറയ്ക്കുന്നതിനും വേഗത്തിലുള്ള അടിയന്തര പ്രതികരണങ്ങൾ സുഗമമാക്കുന്നതിൽ ന്യൂസ് ഫ്ളാഷുകൾ നിർണായക പങ്ക് വഹിക്കുന്നു.

4. മത്സര നേട്ടം: ന്യൂസ് ഫ്ളാഷുകൾ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്ന മീഡിയ ഔട്ട്ലെറ്റുകൾ ബ്രേക്കിംഗ് ന്യൂസ് റിപ്പോർട്ട് ചെയ്യുന്ന ആദ്യത്തെയാളാകുന്നതിലൂടെ ഒരു മത്സര നേട്ടം നേടുകയും അതുവഴി കൂടുതൽ കാഴ്ചക്കാരെ ആകർഷിക്കുകയും വിശ്വാസ്യത നിലനിർത്തുകയും ചെയ്യുന്നു.

സാങ്കേതിക ആവശ്യകതകൾ

1. **ശക്തമായ ബ്രോഡ്കാസ്റ്റിംഗ് ഇൻഫ്രാസ്ട്രക്ചർ:** വാർത്താ ഫ്ളാഷുകൾ ഫലപ്രദമായി സംപ്രേഷണം ചെയ്യുന്നതിന്, സാറ്റലൈറ്റ് ലിങ്കുകൾ, ടെറസ്ട്രിയൽ ട്രാൻ

സ്മിറ്ററുകൾ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ എന്നിവ ഉൾപ്പെടുന്ന ശക്തമായ പ്രക്ഷേപണ അടിസ്ഥാന സൗകര്യങ്ങൾ മാധ്യമ സ്ഥാപനങ്ങൾക്ക് ആവശ്യമാണ്.

2. **തൽക്ഷണ സന്ദേശമയയ്ക്കൽ സംവിധാനങ്ങൾ:** പത്രപ്രവർത്തകരിലേക്കും ന്യൂസ് റൂമുകളിലേക്കും ബ്രേക്കിംഗ് ന്യൂസ് വേഗത്തിൽ സ്വീകരിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും മീഡിയ ഓർഗനൈസേഷനുകൾ തൽക്ഷണ സന്ദേശമയയ്ക്കൽ സംവിധാനങ്ങളോ സമർപ്പിത ന്യൂസ് വയറുകളോ ഉപയോഗിക്കുന്നു.

3. **ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുമായുള്ള സംയോജനം:** ഡിജിറ്റൽ മീഡിയയുടെ ആവിർഭാവത്തോടെ, വിശാലമായ പ്രേക്ഷകരിലേക്ക് തൽക്ഷണം എത്തിച്ചേരുന്നതിന്, വാർത്താ ഫ്ളാഷുകൾ വെബ്സൈറ്റുകൾ, മൊബൈൽ ആപ്പുകൾ, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ തുടങ്ങിയവ ഉപയോഗിക്കുന്നു.

4. **റിയൽടൈം മോണിറ്ററിംഗും വെരിഫിക്കേഷനും:** വാർത്താ ഫ്ളാഷുകളുടെ കൃത്യതയും വിശ്വാസ്യതയും ഉറപ്പാക്കുന്നതിന് വാർത്താ ഇവന്റുകളുടെ തത്സമയ നിരീക്ഷണത്തിനും സ്ഥിരീകരണത്തിനും സംവിധാനങ്ങൾ ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്.

ഉദാഹരണങ്ങൾ:

1. **മുംബൈ ഭീകരാക്രമണം (2008):** മുംബൈ ഭീകരാക്രമണ സമയത്ത്, ഇന്ത്യൻ വാർത്താ ചാനലുകൾ സംഭവങ്ങളുടെ തത്സമയ അപ്ഡേറ്റുകൾ നൽകുന്നതിന് ന്യൂസ് ഫ്ളാഷുകൾ വ്യാപകമായി ഉപയോഗിച്ചു. കൃത്യമായ സാഹചര്യം മനസ്സിലാക്കാൻ പൊതുജനങ്ങളെയും അധികാരികളെയും ഇത് സഹായിച്ചു.

2. **COVID19പാൻഡെമിക് അപ്ഡേറ്റുകൾ:** കോവിഡ് 19 പാൻഡെമിക്കിലുടനീളം, അണുബാധ നിരക്ക്, സർക്കാർ മാർഗനിർദ്ദേശങ്ങൾ, വാക്സിനേഷൻ ഡ്രൈവുകൾ എന്നിവയെക്കുറിച്ചുള്ള അപ്ഡേറ്റുകൾ പ്രഖ്യാപിക്കാൻ ഇന്ത്യൻ മാധ്യമ സ്ഥാപനങ്ങൾ പതിവായി ന്യൂസ് ഫ്ളാഷുകൾ ഉപയോഗിച്ചു, മാറികൊണ്ടിരിക്കുന്ന സാഹചര്യത്തെക്കുറിച്ച് പൊതുജനങ്ങളെ അറിയിച്ചു.

3. **പൊതുതിരഞ്ഞെടുപ്പുകൾ:** പൊതുതിരഞ്ഞെടുപ്പ് വേളയിൽ, ന്യൂസ് ഫ്ളാഷുകൾ സാധാരണയായി ഇലക്ടൽ ഫലങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് പ്രഖ്യാപിക്കാൻ ഉപയോഗിക്കുന്നു, തത്സമയത്തെ ഏറ്റവും പുതിയ സംഭവവികാസങ്ങളെക്കുറിച്ച് കാഴ്ചക്കാരെ അപ്ഡേറ്റ് ചെയ്യാൻ അനുവദിക്കുന്നു.

വാർത്താ ഫ്ളാഷുകൾ പത്രപ്രവർത്തന മേഖലയിൽ ഒഴിച്ചുകൂടാനാകാത്ത ഉപകരണങ്ങളായി വർത്തിക്കുന്നു, പ്രത്യേകിച്ച് ഇന്ത്യൻ സാഹചര്യത്തിൽ, വിവരങ്ങളുടെ ദ്രുതഗതിയിലുള്ള വ്യാപനം നിർണായകമാണ്. ന്യൂസ് ഫ്ളാഷുകൾ ഫലപ്രദമായി ഉപയോഗിക്കുന്നതിലൂടെ, മാധ്യമ സ്ഥാപനങ്ങൾക്ക് പൊതുജനങ്ങളെ അറിയിക്കാൻ മാത്രമല്ല, സുതാര്യത, ഉത്തരവാദിത്തം, പൊതുസുരക്ഷ എന്നിവ വർദ്ധിപ്പിക്കാനും കഴിയും. എന്നിരുന്നാലും, ന്യൂസ് ഫ്ളാഷുകളുടെ വിശ്വാസ്യത നിലനിർത്തുന്നതിന് നൈതിക മാനദണ്ഡങ്ങളും സ്ഥിരീകരണ പ്രോട്ടോക്കോളുകളും പാലിക്കേണ്ടത് അത്യാവശ്യമാണ്.

ബ്രേക്കിംഗ് ന്യൂസ്

സ്പെഷ്യൽ റിപ്പോർട്ട് എന്നും സ്പെഷ്യൽ കവറേജ് എന്നും ന്യൂസ് ഫ്ളാഷ് എന്നും വ്യവഹരിക്കപ്പെടുന്ന വാക്കുകൾ ഉൾക്കൊള്ളുന്നവയാണ് ടി.വി.യിൽ ബ്രേക്കിംഗ് ന്യൂസ് എന്നറിയപ്പെടുന്നത്. പെട്ടെന്നു സംഭവിച്ചതായി അറിഞ്ഞ ഏതെങ്കിലും പ്രധാനകാര്യങ്ങൾ പ്രേക്ഷകശ്രദ്ധയിലേക്ക് കൊണ്ടുവരുകയാണ് ബ്രേക്കിംഗ് ന്യൂസുകൾ. നേരത്തേ നിശ്ചയിച്ചിരുന്ന പരിപാടികളെ മാറ്റിവച്ചുകൊണ്ട് ഉടനെ കിട്ടിയ പ്രധാന വാർത്തയുടെ അവതരണത്തെയാണ് ഈ പദം കൊണ്ട് ഉദ്ദേശിക്കുന്നത്. ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന പ്രധാനവാർത്തകളുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യേണ്ടുന്ന പുതിയ വിവരങ്ങളും പ്രേക്ഷകർക്ക് കൂടുതൽ താൽപര്യമുണ്ടെന്ന് തോന്നുന്ന വിഷയങ്ങളുമാവും ബ്രേക്കിംഗ് ന്യൂസുകളായി വരുന്നത്. എങ്കിലും എല്ലാവരിലും അത്

കാര്യമായ പ്രതികരണങ്ങളുണ്ടാക്കുന്നില്ല.

പലതവണ ബ്രേക്കിംഗ് ന്യൂസായി അവതരിപ്പിക്കുന്ന വാർത്ത ഒടുവിൽ അതിന്റെ വിശദമായ സംഭവങ്ങളുടെ ദൃശ്യാവിഷ്കരണങ്ങളടങ്ങിയ വിവരണങ്ങളിലേക്കു പോകുക പതിവാണ്. ടെലിവിഷൻ ചരിത്രത്തിലെ ആദ്യത്തെ ഏറ്റവും പ്രധാനപ്പെട്ട ബ്രേക്കിംഗ് ന്യൂസായി അവതരിപ്പിക്കപ്പെട്ട വാർത്ത 1963 നവംബറിൽ അമേരിക്കൻ പ്രസിഡന്റായിരുന്ന ജോൺ എഫ്. കെന്നഡി (John F. Kennedy)യുടെ വധവുമായി ബന്ധപ്പെട്ടതായിരുന്നു. കെന്നഡിയുടെ വധവുമായി ബന്ധപ്പെട്ട വാർത്തകൾ ലോകത്തെ പല വിദേശ ടെലിവിഷൻ ചാനലുകളും ബ്രേക്കിംഗ് ന്യൂസായി റിപ്പോർട്ടു ചെയ്തത് ഉദാഹരണമാണ്.

പരസ്യങ്ങൾ ഉൾപ്പെടെയുള്ള എല്ലാ പരിപാടികളും റദ്ദുചെയ്യുകയും കെന്നഡിയുടെ വധത്തിന്റെ വാർത്തയുടെ സമഗ്രമായ വസ്തുതകൾ തേടിപ്പോയി പല റിപ്പോർട്ടർമാരിൽ നിന്നുലഭിക്കുന്ന വിവരങ്ങൾ നിരന്തരം ടി.വി.ചാനലുകൾ സംപ്രേഷണം ചെയ്യുകയുമായിരുന്നു. സ്റ്റുഡിയോയിൽ ഇരുന്നുകൊണ്ട് ആ സംഭവത്തെ തുടർച്ചയായി അപഗ്രഥിക്കുകയും ടെലിഫോൺ സംഭാഷണങ്ങളിലൂടെയും മറ്റും പലരുടെയും അഭിപ്രായങ്ങൾ അറിഞ്ഞ് അവതരിപ്പിക്കുകയുമായിരുന്നു.

അതുപോലെ അന്തർദ്ദേശീയതലത്തിൽ ലോകമെങ്ങും പടർന്നുപിടിക്കുകയും ലക്ഷക്കണക്കിനു മനുഷ്യരുടെ മരണത്തിനു കാരണമായ കോവിഡിന്റെ വാർത്തകൾ ആരംഭകാലങ്ങളിൽ പല അന്തർദേശീയ മാധ്യമങ്ങളും പുതിയ വിവരങ്ങൾ ലഭിക്കുന്നതനുസരിച്ച് ബ്രേക്കിംഗ് ന്യൂസുകളായി നിരന്തരം ചർച്ച ചെയ്തിരുന്നു. കേരളതീരത്തിൽ സംഭവിച്ച സുനാമിയുടെ ആഘാതങ്ങൾ, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ തുടങ്ങിയവയും ഇപ്രകാരം ദിവസങ്ങളോളം ബ്രേക്കിംഗ് ന്യൂസായി ചർച്ച ചെയ്യപ്പെട്ട വാർത്തകളായിരുന്നു.

സവിശേഷതകൾ

അടിയന്തിരവും പ്രധാനപ്പെട്ടതുമായ വാർത്തകൾ നൽകുന്നതിന് പതിവ് പ്രോഗ്രാമിംഗിനെ തടസ്സപ്പെടുത്തുന്ന ഷെഡ്യൂൾ ചെയ്യാത്ത പ്രക്ഷേപണങ്ങളാണ് ബ്രേക്കിംഗ് ന്യൂസ് ബുള്ളറ്റിനുകൾ. ഇത് പലപ്പോഴും തൽസമയ അപ്ഡേറ്റുകളും സംഭവവികാസങ്ങളെക്കുറിച്ചുള്ള തത്സമയ വിവരങ്ങളും നൽകുന്നു. ഇന്ത്യൻ സാഹചര്യത്തിൽ, അടിയന്തരാവസ്ഥകൾ, സുപ്രധാന രാഷ്ട്രീയ സംഭവവികാസങ്ങൾ, പ്രകൃതി ദുരന്തങ്ങൾ, മറ്റ് പ്രധാന സംഭവങ്ങൾ എന്നിവയിൽ പൊതുജനങ്ങളെ അറിയിക്കുന്നതിൽ ബ്രേക്കിംഗ് ന്യൂസ് ബുള്ളറ്റിനുകൾ നിർണായക പങ്ക് വഹിക്കുന്നു.

1. സമയബന്ധിതമായ വിവര വിതരണം.

ബ്രേക്കിംഗ് ന്യൂസ് ബുള്ളറ്റിനുകൾ ഇവന്റുകൾ സംഭവിക്കുമ്പോൾ അവയെക്കുറിച്ച് ഉടനടി വിവരങ്ങൾ നൽകുന്നു, നിർണായക സാഹചര്യങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് പെട്ടെന്ന് അറിയിപ്പ് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നു. ഉദാഹരണം: 2008-ലെ മുംബൈ ആക്രമണസമയത്ത്, ടൈംസ് നൗ, എൻ.ഡി.ടി.വി. തുടങ്ങിയ വാർത്താ ചാനലുകൾ തുടർച്ചയായ തത്സമയ സംപ്രേക്ഷണം നൽകുകയും, അരങ്ങേറുന്ന ഭീകരാക്രമണങ്ങളെക്കുറിച്ചുള്ള സമയോചിതമായ അപ്ഡേറ്റുകൾ നൽകുകയും ചെയ്തു.

2. വൈവിധ്യമാർന്ന പ്രേക്ഷകരിലുടനീളം വ്യാപിക്കുക.

ഒന്നിലധികം ഭാഷകളിൽ നിർണായക വിവരങ്ങൾ നൽകിക്കൊണ്ട് ഈ ബുള്ളറ്റിനുകൾ പ്രേക്ഷകരിലേക്ക് എത്തുന്നു. ഉദാഹരണം: ദൂരദർശൻ പോലെയുള്ള ചാനലുകൾ, അതിന്റെ വിപുലമായ വ്യാപ്തിയുള്ള, ഹിന്ദി, ഇംഗ്ലീഷ്, പ്രാദേശിക ഭാഷകളിൽ ബ്രേക്കിംഗ് ന്യൂസ് സംപ്രക്ഷേപണം ചെയ്യുന്നു.

3. തത്സമയ അപ്ഡേറ്റുകളും തത്സമയ റിപ്പോർട്ടിംഗും

ബ്രേക്കിംഗ് ന്യൂസ് ബുള്ളറ്റിനുകളിൽ പലപ്പോഴും തൽസമയ വിവരങ്ങൾ കാഴ്ചക്കാർക്ക് നൽകുന്നു. ഉദാഹരണം: 2020 ലെ ഡൽഹി കലാപ സമയത്ത്, ഇന്ത്യാ ടുഡേ, റിപ്പബ്ലിക് ടിവി തുടങ്ങിയ വാർത്താ ചാനലുകളിൽ തത്സമയ ഫൂട്ടേജുകളും കലാപ ബാധിത പ്രദേശങ്ങളിൽ നിന്നുള്ള അപ്ഡേറ്റുകളും നൽകിക്കൊണ്ട് റിപ്പോർട്ടർമാർ മുന്നിലുണ്ടായിരുന്നു.

4. പ്രകൃതി ദുരന്തങ്ങളുടെ കവറേജ്

പ്രകൃതി ദുരന്തങ്ങൾക്ക് സാധ്യതയുള്ള ഒരു രാജ്യത്ത്, ഭൂകമ്പങ്ങൾ, വെള്ളപ്പൊക്കം, ചുഴലിക്കാറ്റുകൾ, മറ്റ് അടിയന്തര സാഹചര്യങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ പ്രചരിപ്പിക്കുന്നതിന് ബ്രേക്കിംഗ് ന്യൂസ് ബുള്ളറ്റിനുകൾ നിർണായകമാണ്. ഉദാഹരണം: 2020-ലെ അംഫാൻ ചുഴലിക്കാറ്റ് സമയത്ത്, ABP ആനന്ദ, ETV ഭാരത് തുടങ്ങിയ ചാനലുകൾ സുരക്ഷാ നടപടികൾ, സർക്കാർ പ്രതികരണങ്ങൾ, പശ്ചാത്തല സാഹചര്യങ്ങൾ എന്നിവ ഉൾപ്പെടെ വിവരങ്ങൾ തുടർച്ചയായി നൽകി.

5. രാഷ്ട്രീയ സാമൂഹിക വികസനങ്ങൾ

പ്രധാന രാഷ്ട്രീയ സംഭവങ്ങൾ, നിയമനിർമ്മാണ മാറ്റങ്ങൾ, സാമൂഹിക പ്രസ്ഥാനങ്ങൾ എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ചും നയമാറ്റത്തെക്കുറിച്ചും അതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചും പൊതുജനങ്ങളെ അറിയിക്കാൻ പലപ്പോഴും ബ്രേക്കിംഗ് ന്യൂസ് ബുള്ളറ്റിനുകളെ പ്രേരിപ്പിക്കുന്നു. ഉദാഹരണം: 2016-ൽ 500, 1000 നോട്ടുകൾ അസാധുവാക്കിയതിന്റെ പെട്ടെന്നുള്ള പ്രഖ്യാപനം ബ്രേക്കിംഗ് ന്യൂസ് ബുള്ളറ്റിനിലൂടെ വിപുലമായി ചർച്ച ചെയ്തു.

6. പ്രതിസന്ധിയും അടിയന്തര സാഹചര്യങ്ങളും

സുരക്ഷാപ്രോട്ടോക്കോളുകൾ, സർക്കാർ നിർദ്ദേശങ്ങൾ, രക്ഷാപ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ചുള്ള സുപ്രധാന വിവരങ്ങൾ നൽകുന്ന പ്രതിസന്ധികളിലും അടിയന്തര സാഹചര്യങ്ങളിലും ബ്രേക്കിംഗ് ന്യൂസ് ബുള്ളറ്റിനുകൾ അത്യാവശ്യമാണ്. ഉദാഹരണം: കോവിഡ് 19 ലോക്ക്ഡൗണുകളുടെ സമയത്ത്, പൊതുജനങ്ങൾ പാലിക്കുന്നതും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനായി സർക്കാർ മാർഗനിർദ്ദേശങ്ങൾ, യാത്രാനിയന്ത്രണങ്ങൾ, ആരോഗ്യ ഉപദേശങ്ങൾ എന്നിവയെക്കുറിച്ചുള്ള ബ്രേക്കിംഗ് ന്യൂസ് അപ്ഡേറ്റുകൾ വാർത്താ ചാനലുകൾ നൽകി.

ദേശീയ സുരക്ഷ, പ്രതിരോധ പ്രവർത്തനങ്ങൾ, അതിർത്തി കടന്നുള്ള സംഘർഷങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വാർത്തകൾ ബ്രേക്കിംഗ് ന്യൂസ് ബുള്ളറ്റിനുകളിൽ ഇടയ്ക്കിടെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണം: ഇന്ത്യൻ വ്യോമസേനയുടെ 2019 ബാലാകോട്ട് വ്യോമാക്രമണവും തുടർന്നുള്ള സംഭവവികാസങ്ങളും സീ ന്യൂസ്, സി.എൻ.എൻ. ന്യൂസ് 18 പോലുള്ള ചാനലുകളിലെ ബ്രേക്കിംഗ് ന്യൂസ് ബുള്ളറ്റിനുകൾ, സാഹചര്യത്തെക്കുറിച്ചുള്ള തത്സമയ അപ്ഡേറ്റുകൾ നൽകിക്കൊണ്ട് വിപുലമായി ചർച്ച ചെയ്തു.

7. റെഗുലർ പ്രോഗ്രാമിംഗിൽ സ്വാധീനം

ബ്രേക്കിംഗ് ന്യൂസ് ബുള്ളറ്റിനുകൾ പതിവ് പ്രോഗ്രാമിംഗ് ഷെഡ്യൂളുകളെ സാരമായി ബാധിക്കും, പലപ്പോഴും തടസ്സങ്ങളില്ലാത്ത വാർത്താ കവറേജ് ഉറപ്പാക്കാൻ ഷെഡ്യൂൾ ചെയ്ത ഷോകളും പരസ്യങ്ങളും മുൻകൂട്ടി നിശ്ചയിക്കുന്നു.

ഉദാഹരണം: തിരഞ്ഞെടുപ്പ് ഫലങ്ങളോ സുപ്രധാനമായ കോടതിവിധികളോ പോലുള്ള പ്രധാന സന്ദർഭങ്ങളിൽ, തുടർച്ചയായ ബ്രേക്കിംഗ് ന്യൂസ് കവറേജ് നൽകുന്നതിന് ആജ് തക്, ന്യൂസ് 18 ഇന്ത്യ തുടങ്ങിയ ചാനലുകൾ പതിവ് പ്രോഗ്രാമിംഗ് താൽക്കാലികമായി നിർത്തിവയ്ക്കുന്നു.

8. കാഴ്ചക്കാരുടെ ഇടപഴകലും പൊതു പ്രതികരണവും

ഈ ബുള്ളറ്റിനുകൾ പലപ്പോഴും സോഷ്യൽ മീഡിയ ഇടപെടലുകൾ, തത്സമയ വോട്ടെടുപ്പുകൾ, കാഴ്ചക്കാരുടെ അഭിപ്രായങ്ങൾ എന്നിവയിലൂടെ കാഴ്ചക്കാരുമായി ഇടപഴകുന്നു, പൊതുജനങ്ങളെ അവരുടെ പ്രതികരണങ്ങളും അഭിപ്രായങ്ങളും തത്സമയം പങ്കിടാൻ അനുവദിക്കുന്നു.

ഉദാഹരണം: 2019 ലെ പുൽവാമ ആക്രമണം പോലുള്ള പ്രധാന സംഭവങ്ങളിൽ, വാർത്താ ചാനലുകൾ പൊതുജനവികാരം ശേഖരിക്കുന്നതിന് സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കുകയും അവരുടെ സംപ്രേക്ഷണ വേളയിൽ തത്സമയ പ്രതികരണങ്ങളും അഭിപ്രായങ്ങളും അവതരിപ്പിക്കുകയും ചെയ്തു.

9. സ്ഥിരീകരണവും ഉത്തരവാദിത്ത റിപ്പോർട്ടിംഗും

ബ്രേക്കിംഗ് ന്യൂസിന്റെ അടിയന്തിര സാഹചര്യം കണക്കിലെടുത്ത്, തെറ്റായ വിവരങ്ങളും

പരിഭ്രാന്തിയും ഒഴിവാക്കാൻ പ്രക്ഷേപണത്തിന് മുമ്പ് വിവരങ്ങൾ പരിശോധിക്കാനുള്ള ഉയർന്ന ഉത്തരവാദിത്തം വാർത്താ ചാനലുകൾക്ക് ഉണ്ട്.

വാർത്താധിഷ്ഠിത പരിപാടികൾ

ടെലിവിഷനിൽ നിരവധി വാർത്താധിഷ്ഠിത പരിപാടികൾ കാണാം. പ്രാദേശികവും ദേശീയവും അന്തർദേശീയവുമായ വാർത്തകൾക്കു പുറമെ, റിപ്പബ്ലിക്ദിന പരേഡ്, സ്വാതന്ത്ര്യ ദിന പരേഡ്, ദേശീയ അവാർഡ് ദാനചടങ്ങുകൾ, പ്രധാനമന്ത്രിയും പ്രസിഡന്റും രാഷ്ട്രത്തെ അഭിസംബോധനചെയ്യുന്ന പരിപാടികൾ, പാർലമെന്റിന്റെ സംയുക്തസമ്മേളനത്തിലെ രാഷ്ട്രപതിയുടെ പ്രസംഗങ്ങൾ, പാർലമെന്റിലെ സംവാദങ്ങൾ തുടങ്ങിയവ വാർത്താധിഷ്ഠിത പരിപാടികളായി വരുന്നു.

പൊതുബജറ്റ്, റെയിൽവേബജറ്റ്, ലോക്സഭയിലെയും രാജ്യസഭയിലെയും ചോദ്യോത്തരവേളകൾ, തിരഞ്ഞെടുപ്പുവാർത്തകൾ, തിരഞ്ഞെടുപ്പു വിശകലനങ്ങൾ, വോട്ടെണ്ണൽ, വിജയിച്ചവരുടെ സ്ഥാനാരോഹണച്ചടങ്ങുകൾ തുടങ്ങിയവയും ദൈനംദിന പരിപാടികൾക്കു പരിയായി വാർത്താധിഷ്ഠിത പരിപാടികളായി ഇടം പിടിക്കുന്നു.

അതുപോലെ പ്രധാനമന്ത്രിയുടെയും പ്രസിഡന്റിന്റെയും വിദേശപര്യടനങ്ങൾ, പ്രമുഖ വിദേശനേതാക്കളുടെ സന്ദർശനം, പ്രധാന കായികമേളകൾ, ഒളിമ്പിക്സ്, ഏഷ്യൻഗെയിംസ് തുടങ്ങിയവയുടെ തത്സമയ സംപ്രേഷണങ്ങളടക്കം തുടങ്ങി അനവധി മേഖലകളുമായി ബന്ധപ്പെട്ട വിവരങ്ങൾ വാർത്താധിഷ്ഠിത പരിപാടികളിൽ ഉൾപ്പെടുന്നു.

ഓഹരി സൂചികാവിവരങ്ങൾ, ബധിരർക്കായുള്ള പ്രത്യേക ബുള്ളറ്റിനുകൾ, വ്യത്യസ്ത സാംസ്കാരികനായകരുടെയും സാഹിത്യപ്രമുഖരുടെയും പരിപാടികൾ, സന്നദ്ധ സംഘടനകളുടെ പരിപാടികൾ തുടങ്ങിയവയും വാർത്താധിഷ്ഠിത പരിപാടികളുടെ ഭാഗമാണ്. ആരോഗ്യം, ശിശുസംരക്ഷണം, സംഗീതം, നൃത്തം, സാംസ്കാരിക പാരമ്പര്യം തുടങ്ങിയ മേഖലകളിലെ വിദഗ്ധരുമായുള്ള ചോദ്യോത്തര പരിപാടികളും ഇവയിൽപ്പെടുന്നു.

ചിത്രകല, കരകൗശലം, കാർട്ടൂൺ തുടങ്ങിയവയെക്കുറിച്ചുള്ള ദൃശ്യവിവരണങ്ങളും വാർത്താധിഷ്ഠിത പരിപാടികളാണ്. നാടകം, സാഹിത്യം, നൃത്തം എന്നീ മേഖലകളിലെ പ്രമുഖരുടെ പരിപാടികൾ, യുനെസ്കോ, എൻ.സി.ഇ.ആർ.ടി, ഇഗ്നോ, സാഹിത്യ അക്കാദമി തുടങ്ങിയവ നിർമ്മിക്കുന്ന പരിപാടികൾ തുടങ്ങിയവയും വാർത്താധിഷ്ഠിത പരിപാടികളുടെ ഭാഗമാണ്. വ്യത്യസ്തനാടുകളിൽനിന്നും ചില പ്രത്യേക വിഷയങ്ങളിലെ പ്രതിഭകളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ടെലികോൺഫറൻസുകളും വാർത്താധിഷ്ഠിത പരിപാടികളാണ്.

വിവരം, വിനോദം, വിജ്ഞാനം, സേവനം തുടങ്ങിയ മേഖലകളെ ഉൾക്കൊള്ളുന്ന പുതിയതും വൈവിദ്ധ്യമേറിയതും സാങ്കേതികമികവ് ആവശ്യമുള്ളതുമായ അനവധി വാർത്താധിഷ്ഠിത പരിപാടികളും വ്യത്യസ്തചാനലുകളിലൂടെ സംപ്രേഷണം ചെയ്യപ്പെടുന്നുണ്ട്.

ടെലിവിഷനിൽ സാധാരണയായി കാണുന്ന വാർത്താധിഷ്ഠിത പ്രോഗ്രാമുകളുടെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. **ബിബിസി വേൾഡ് ന്യൂസ്**: ലോകമെമ്പാടുമുള്ള ലേഖകരിൽ നിന്നുള്ള റിപ്പോർട്ടുകൾ ഉൾക്കൊള്ളുന്ന സമഗ്രമായ അന്താരാഷ്ട്ര വാർത്താ കവറേജ് നൽകുന്ന പ്രോഗ്രാമാണ്. രാഷ്ട്രീയം, സാമ്പത്തിക ശാസ്ത്രം, സംസ്കാരം, സമകാലിക കാര്യങ്ങൾ എന്നിവയുൾപ്പെടെ നിരവധി വിഷയങ്ങൾ ഇതിൽ ഉൾക്കൊള്ളുന്നു.

2. **CNN ന്യൂസ്റൂം**: CNN-ന്റെ മുൻനിര വാർത്താ പരിപാടി ബ്രേക്കിംഗ് ന്യൂസ് കവറേജ്, വിശകലനം, ന്യൂസ് മേക്കർമാരുമായുള്ള അഭിമുഖങ്ങൾ എന്നിവ വാഗ്ദാനം ചെയ്യുന്നു. പ്രധാന ആഗോള സംഭവങ്ങളെയും പ്രശ്നങ്ങളെയും കുറിച്ച് ആഴത്തിലുള്ള റിപ്പോർട്ടിംഗ് ഇത് നൽകുന്നു.

3. **ദി ഡെയ്‌ലി ഷോ വിത്ത് ട്രെവർ നോഹ:** ഇത് പ്രാഥമികമായി ഒരു ആക്ഷേപഹാസ്യ വാർത്താ പരിപാടിയാണെങ്കിലും, 'ദ ഡെയ്‌ലി ഷോ' പലപ്പോഴും സമകാലിക സംഭവങ്ങളും വാർത്തകളും നർമ്മവും ഉൾക്കാഴ്ചയും നിറഞ്ഞ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് വിജ്ഞാന

പ്രദമായ സെഗ്മെന്റുകളും അഭിമുഖങ്ങളും കോമഡിയെ സമന്വയിപ്പിക്കുന്നു.

4. ഇന്ത്യ ടുഡേ: ഒരു ജനപ്രിയ ഇന്ത്യൻ വാർത്താ പരിപാടിയാണിത്. 'ഇന്ത്യ ടുഡേ' ദേശീയ അന്തർദേശീയ വാർത്തകളുടെ സമഗ്രമായ കവറേജും ഇന്ത്യയെയും ലോകത്തെയും ബാധിക്കുന്ന സമകാലിക സംഭവങ്ങളെക്കുറിച്ചുള്ള വിശകലനവും അതുമായി ബന്ധപ്പെട്ട ചർച്ചയും പ്രേക്ഷകരിൽ എത്തിക്കുന്നു.

5. ആജ് തക്: മറ്റൊരു പ്രശസ്ത ഇന്ത്യൻ വാർത്താ പരിപാടിയായ 'ആജ് തക്' ബ്രേക്കിംഗ് ന്യൂസ് കവറേജ്, രാഷ്ട്രീയ വിശകലനം, വിവിധ വിഷയങ്ങളിൽ പ്രത്യേക റിപ്പോർട്ടുകൾ എന്നിവ വാഗ്ദാനം ചെയ്യുന്നു. വേഗതയേറിയ റിപ്പോർട്ടിംഗിനും ആകർഷകമായ അവതരണ ശൈലിക്കും ഇതിന്റെ സവിശേഷതയാണ്.

6. എൻബിസി നൈറ്റ്ലി ന്യൂസ്: എൻബിസിയുടെ ഈ മുൻനിര വാർത്താ പ്രോഗ്രാം കാഴ്ചക്കാർക്ക് ആഴത്തിലുള്ള റിപ്പോർട്ടിംഗും വിശകലനവും സഹിതം അതാത് ദിവസത്തെ പ്രധാന വാർത്തകളുടെ ഒരു റാപ്-അപ്പ് നൽകുന്നു. അതിൽ രാഷ്ട്രീയം, ബിസിനസ്സ്, ആരോഗ്യം, വിനോദം എന്നിവയുൾപ്പെടെ വിപുലമായ വിഷയങ്ങൾ ഉൾക്കൊള്ളുന്നു.

7. അൽ ജസീറ ഇംഗ്ലീഷ്: ഈ വാർത്താ പരിപാടി മിഡിൽ ഈസ്റ്റിനെയും ആഗോള സംഭവങ്ങളെയും കേന്ദ്രീകരിച്ച് അന്താരാഷ്ട്ര വാർത്താ കവറേജ് വാഗ്ദാനം ചെയ്യുന്നു. ഭൗമരാഷ്ട്രീയം മുതൽ മനുഷ്യാവകാശ പ്രശ്നങ്ങൾ വരെയുള്ള വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനത്തിനൊപ്പം, അഭിമുഖങ്ങൾ, ഡോക്യുമെന്ററികൾ എന്നിവയും ചേർത്തിരിക്കുന്നു.

വാർത്താവിശകലനം

വാർത്തയെ മുൻനിർത്തി ഒരു അവതാരകന്റെ നേതൃത്വത്തിൽ അതിനെക്കുറിച്ച് ആ വിഷയത്തിൽ പ്രഗത്ഭരായ പല വിദഗ്ധർ ചേർന്ന് നടത്തുന്ന അഭിപ്രായങ്ങളുടെയും ചർച്ചകളുടെയും ക്രോഡീകരണത്തെയാണ് വാർത്താവിശകലനം (news analysis) എന്നുപറയുന്നത്. ഒരു സംഭവം റിപ്പോർട്ടുചെയ്തു കഴിഞ്ഞാൽ എവിടെവച്ച്, എപ്പോൾ, എങ്ങനെ, ആരൊക്കെത്തമ്മിൽ, എന്തുകൊണ്ടു സംഭവിച്ചു, അതിന്റെ കാരണമെന്ത് തുടങ്ങിയവയെക്കുറിച്ചുള്ള വിശദാംശങ്ങൾ പരിചയസമ്പരായ വ്യക്തികൾ തെറ്റുകൂടാതെ കണ്ടെത്തുന്നത് വാർത്താവിശകലനമാണ്. പ്രേക്ഷകർക്ക് അറിയാൻ താൽപര്യമുള്ള ഒരു സംഭവത്തെ- വാർത്തയെ- വിശദമായി വിലയിരുത്താൻ കഴിയുന്നത് അതിൽ പങ്കെടുക്കുന്ന വിദഗ്ധരുടെ വിശകലനത്തിലൂടെയാണ്.

ഓരോ വിഷയത്തെക്കുറിച്ചും വിദഗ്ധർ പറയുന്ന വ്യത്യസ്ത അഭിപ്രായങ്ങളെയും അവയെ സമീകരിച്ചുകൊണ്ടുള്ള വിലയിരുത്തലുകളെയുമാണ് വിശകലനം എന്നുപറയുന്നത്. അപഗ്രഥനം നടത്തുന്നവർക്ക് ആ വിഷയത്തെക്കുറിച്ച് ആഴത്തിലുള്ള അറിവുണ്ടാകണം. അതുപോലെയുള്ള പശ്ചാത്തല വിവരങ്ങളെക്കുറിച്ച് വിപുലവും ദീർഘകാല അനുഭവപരിചയവും ഉണ്ടായിരിക്കണം. അവരുടെ സ്വന്തമായ അഭിപ്രായത്തിലാകരുത്, വസ്തുതകളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിലായിരിക്കണം വിശകലനം നടത്തേണ്ടത്.

ഒരു തൊഴിൽവിദഗ്ധനെപ്പോലെ സംഭവത്തിന്റെ, വാർത്തയുടെ, വിശദാംശങ്ങളിലൂടെ നിഗമനത്തിലേക്ക് അവർ സ്വമേധയാ എത്തിച്ചേരണം. രാജ്യം അഭിമുഖീകരിക്കുന്ന എല്ലാ പ്രധാന പ്രശ്നങ്ങളും ഇപ്രകാരം ടെലിവിഷനിൽ അപഗ്രഥനത്തിന് വിധേയമാക്കാറുണ്ട്. കേന്ദ്ര-സംസ്ഥാനതലങ്ങളിൽ രാഷ്ട്രീയ നേതാക്കന്മാരെടുക്കുന്ന നയപരമായ തീരുമാനങ്ങൾ, വികസനം, ആരോഗ്യം, ശാസ്ത്രം, വിദ്യാഭ്യാസം, ക്രമസമാധാനപാലനം തുടങ്ങി വാർത്തകളായി വരുന്ന മിക്ക വിഷയങ്ങളും ഇത്തരത്തിൽ ടെലിവിഷനിൽ വിശകലനത്തിന് വിധേയമാക്കാറുണ്ട്.

വാർത്താവിശകലനത്തെ മറ്റു പല മേഖലകളും പ്രയോജനപ്പെടുത്താറുണ്ട്. അതിൽ വാർത്താവിശകലനം കൂടുതലായി ഉപയോഗപ്പെടുത്തുന്നത് തങ്ങളുടെ നേട്ടത്തിനുവേണ്ടി വ്യാപാരതന്ത്രങ്ങൾ ഉപയോഗിക്കുന്ന വൻകിട സ്ഥാപനങ്ങളാണ്. അളവും ഗുണവും അഭിരുചികളും മുൻനിർത്തി വൻകിടമേഖലകളിലെ ഉൽപ്പന്നങ്ങളുടെ വിൽപ്പനയ്ക്ക് ആവശ്യമായ വിവരശേഖരണം നടത്തുകയാണ് വാർത്താവി

ശകലനത്തിലൂടെ അവർ ചെയ്യുന്നത്.

വാർത്തകളിൽ വരുന്ന വിവരങ്ങളെ അപഗ്രഥിച്ചുകൊണ്ട് ഉടനെ പ്രസക്തവും വൈകാരികവും നവീനവുമായ ഘടകങ്ങളെ മുൻനിർത്തി തങ്ങളുടെ വ്യാപാരത്തെ വിജയത്തിലെത്തിക്കുകയാണ് ലക്ഷ്യം. അതിനായി വിപണിയുടെ അവസ്ഥ മനസിലാക്കി, വ്യവസായങ്ങളുടെ വിജയത്തിന് അനുകൂലമാംവിധം തന്ത്രങ്ങൾ മെനയാൻ അനവധി സ്രോതസ്സുകളിൽനിന്ന് വാർത്തകളെ വിശകലനം ചെയ്ത് സ്ഥിതി വിവരക്കണക്കുകളുടെ പിൻബലത്തിൽ ആവശ്യമായ തീരുമാനങ്ങളെടുക്കുന്നു.

അത് പൂർണമായും കമ്പ്യൂട്ടർ വിശകലനത്തിന് വിധേയമാക്കുകയാണ് പതിവ്. വാങ്ങലും വിൽക്കലും ഉൾപ്പെടുന്ന കച്ചവടത്തിന്റെ നടപടിക്രമങ്ങളിലെ കമ്പോളനിരീക്ഷണത്തിനും വിൽപ്പനയുടെ വിജയത്തിനും അതുപകരിക്കുന്നു. ഉപഭോക്താക്കളുടെ ഉൽപ്പന്നങ്ങളോടുള്ള അനുകൂലമോ പ്രതികൂലമോ ആയ താല്പര്യങ്ങളെ മുൻകൂട്ടിക്കാണാനാവുന്നു.

ഓരോ ജനതയുടെയും വിശ്വാസങ്ങൾക്കും വിശേഷ ദിവസങ്ങൾക്കും താല്പര്യങ്ങൾക്കും അനുസരിച്ചുള്ള പുതിയ ഉൽപ്പന്നങ്ങൾ രൂപകല്പന ചെയ്യാനും അവയ്ക്ക് അനുകൂലമായി പരസ്യതന്ത്രങ്ങൾ മെനയാനും അവ കൂടുതൽ വിറ്റഴിക്കാനും വാർത്താവിശകലനങ്ങൾ വ്യാപാരികളെ സഹായിക്കുന്നു. നിരവധി വൻകിട വ്യവസായസ്ഥാപനങ്ങൾ വർത്തമാനകാലത്ത് വ്യാപാര വിജയത്തിനായി വാർത്താവിശകലനങ്ങൾ (newsanalytics) നടത്തുന്നുണ്ട്. അക്കാദമിക ഗവേഷകർ പ്രത്യേക താൽപര്യത്തോടെ ഇത്തരം വിശകലനത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റോക്ക് മാർക്കറ്റുകളിലെ ഉയർച്ച താഴ്ച്ചകളെ മുൻകൂട്ടി പ്രവചിക്കയും ചെയ്യുന്നു.

1. **രാഷ്ട്രീയവിശകലനം:** ഇത്തരത്തിലുള്ള വിശകലനം രാഷ്ട്രീയ സംഭവവികാസങ്ങൾ, നയങ്ങൾ, തീരുമാനങ്ങൾ എന്നിവ വിഭജിക്കുന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. രാഷ്ട്രീയ വിശകലന വിദഗ്ധർ രാഷ്ട്രീയ പ്രവർത്തനങ്ങളുടെ പ്രത്യാഘാതങ്ങൾ പരിശോധിക്കുന്നു. രാഷ്ട്രീയ അഭിനേതാക്കളുടെ തന്ത്രങ്ങൾ വിശകലനം ചെയ്യുന്നു, സമൂഹത്തിൽ സർക്കാർ നയങ്ങളുടെ സ്വാധീനം വിലയിരുത്തുന്നു.

2. സാമ്പത്തിക വിശകലനം: സാമ്പത്തിക വിശകലന വിദഗ്ധർ സാമ്പത്തിക മേഖലയെക്കുറിച്ച് ആഴത്തിൽ പഠിച്ച കാര്യങ്ങൾ വിശകലനം ചെയ്യുന്നു. സാമ്പത്തിക പ്രവണതകൾ, വിപണി ചലനങ്ങൾ, സാമ്പത്തിക നയങ്ങൾ, പണപ്പെരുപ്പം, തൊഴിലില്ലായ്മ, ജിഡിപി വളർച്ച, പലിശനിരക്ക് തുടങ്ങിയ ഘടകങ്ങൾ ചർച്ച ചെയ്യുന്നു. ബിസിനസുകൾക്കും ഉപഭോക്താക്കൾക്കും നിക്ഷേപകർക്കും സാമ്പത്തിക രംഗത്തെ പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള വ്യാഖ്യാനം വാഗ്ദാനം ചെയ്യുന്നു.

3. **ഇന്റർനാഷണൽ റിലേഷൻസ്** അനാലിസിസ്: ഇന്റർനാഷണൽ റിലേഷൻസ് അനലിസ്റ്റുകൾ ജിയോപൊളിറ്റിക്കൽ സംഭവവികാസങ്ങൾ, നയതന്ത്ര ബന്ധങ്ങൾ, അന്താരാഷ്ട്ര സംഘർഷങ്ങൾ എന്നിവ പരിശോധിക്കുന്നു. അവർ രാജ്യങ്ങൾ തമ്മിലുള്ള ഇടപെടലുകൾ വിശകലനം ചെയ്യുന്നു. ആഗോള സംഭവങ്ങളുടെ പ്രത്യാഘാതങ്ങൾ വിലയിരുത്തുന്നു, അന്താരാഷ്ട്ര സംഘടനകളുടെയും ഉടമ്പടികളുടെയും ഫലപ്രാപ്തി വിലയിരുത്തുന്നു.

4. സാമൂഹികവും സാംസ്കാരികവുമായ വിശകലനം: ഇത്തരത്തിലുള്ള വിശകലനം സാമൂഹിക പ്രവണതകൾ, സാംസ്കാരിക പ്രതിഭാസങ്ങൾ, സാമൂഹിക ചലനങ്ങൾ എന്നിവ പര്യവേക്ഷണം ചെയ്യുന്നു. സാമൂഹ്യ സാംസ്കാരിക വിശകലന വിദഗ്ധർ സ്വത്വരാഷ്ട്രീയം, സാംസ്കാരിക വ്യതിയാനങ്ങൾ, സാമൂഹിക അസമത്വങ്ങൾ തുടങ്ങിയ വിഷയങ്ങൾ പരിശോധിക്കുന്നു, സമൂഹത്തിന്റെയും സംസ്കാരത്തിന്റെയും ചലനാത്മകതയിലേക്ക് ഉൾക്കാഴ്ച നൽകുന്നു.

5. പരിസ്ഥിതി വിശകലനം: പരിസ്ഥിതി പ്രശ്നങ്ങൾ, സുസ്ഥിരത, കാലാവസ്ഥാ വ്യതിയാനം എന്നിവയിൽ പരിസ്ഥിതി വിശകലന വിദഗ്ധർ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. അവർ പാരിസ്ഥിതിക നയങ്ങൾ വിശകലനം ചെയ്യുന്നു. പരിസ്ഥിതിയിൽ മനുഷ്യന്റെ പ്രവർത്തനങ്ങളുടെ സ്വാധീനം വിലയിരുത്തുന്നു. പാരിസ്ഥിതിക വെല്ലുവിളികൾക്കുള്ള പരിഹാരങ്ങൾ പര്യവേക്ഷണം ചെയ്യുന്നു.

6. ടെക്നോളജി അനാലിസിസ്: വിവിധ വ്യവസായങ്ങളിലെ നൂതനാശയങ്ങൾ, തടസ്സങ്ങൾ, പ്രവണതകൾ എന്നിവയുൾപ്പെടെ ശാസ്ത്ര-സാങ്കേതിക രംഗത്തെ സംഭവവികാസങ്ങൾ ടെക്നോളജി അനലിസ്റ്റുകൾ പഠിക്കുന്നു. സമൂഹം, സമ്പദ്‌വ്യവസ്ഥ, സംസ്കാരം എന്നിവയിൽ സാങ്കേതികവിദ്യയുടെ സ്വാധീനം അവർ വിശകലനം ചെയ്യുന്നു.

7. ഹെൽത്ത് കെയർ അനാലിസിസ്: പൊതുജനാരോഗ്യം, ആരോഗ്യ പരിരക്ഷാ സംവിധാനങ്ങൾ, മെഡിക്കൽ ഗവേഷണം എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഹെൽത്ത് കെയർ അനലിസ്റ്റുകൾ പരിശോധിക്കുന്നു. അവർ ആരോഗ്യപരിപാലന നയങ്ങൾ വിശകലനം ചെയ്യുന്നതിനൊപ്പം ആരോഗ്യ സംരക്ഷണത്തിനായുള്ള ഇടപെടലുകളുടെ ഫലപ്രാപ്തി വിലയിരുത്തുന്നു.

8. മീഡിയ അനാലിസിസ്: മീഡിയ അനലിസ്റ്റുകൾ മീഡിയ കവറേജ്, ജേണലിസം രീതികൾ, പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്നതിൽ മാധ്യമങ്ങളുടെ പങ്ക്, മാധ്യമ പക്ഷപാതം, വാർത്തകളുടെ രൂപീകരണം, വിവരങ്ങളുടെ വ്യാപനത്തിൽ പുതിയ മാധ്യമ സാങ്കേതികവിദ്യകളുടെ സ്വാധീനം തുടങ്ങിയ വിവരങ്ങൾ വിശകലനം ചെയ്യുന്നു.

നിലവിലുള്ള വാർത്താ വിശകലനത്തിന്റെ ചില ഉദാഹരണങ്ങൾ മാത്രമാണിത്. വാർത്താ സംഭവങ്ങളുടെ ആഴത്തിലുള്ള പരിശോധനയും വ്യാഖ്യാനവും നൽകുന്നു എന്നതാണ് വാർത്താ വിശകലന പരിപാടികകളുടെ പ്രധാനപ്പെട്ട സവിശേഷത, ഇത്തരത്തിലുള്ള പ്രോഗ്രാമിംഗിന്റെ ചില ഗുണങ്ങളും ദോഷങ്ങളും ചുവടെ ചേർക്കുന്നു.

പ്രയോജനങ്ങൾ:

1. സന്ദർഭോചിതമായ ധാരണ: വാർത്താ വിശകലന പ്രോഗ്രാമുകൾ വാർത്താ സ്റ്റോറികളെ ആഴത്തിൽ പരിശോധിക്കുന്നു. പ്രശ്നങ്ങളുടെ സങ്കീർണ്ണതകൾ മനസ്സിലാക്കാൻ ആവശ്യമായ സന്ദർഭവും പശ്ചാത്തല വിവരങ്ങളും കാഴ്ചക്കാർക്ക് നൽകുന്നു. നിലവിലെ സംഭവങ്ങളെക്കുറിച്ച് കൂടുതൽ സൂക്ഷ്മമായ ധാരണ വികസിപ്പിക്കാൻ ഇത് പ്രേക്ഷകരെ സഹായിക്കുന്നു.

2. ഉൾക്കാഴ്ചയുള്ള കമന്ററി: വാർത്താ വിശകലന പരിപാടികളിലെ വിശകലന വിദഗ്ധരും വിദഗ്ധരും വാർത്താ സംഭവങ്ങളുടെ ഉൾക്കാഴ്ചയുള്ള വ്യാഖ്യാനം വാഗ്ദാനം ചെയ്യുന്നു.

3. വിമർശനാത്മക ചിന്ത: വാർത്താ വിശകലന പരിപാടികൾ കാണുന്നത് വിമർശനാത്മക ചിന്തയിലും വിശകലനത്തിലും ഏർപ്പെടാൻ കാഴ്ചക്കാരെ പ്രോത്സാഹിപ്പിക്കുന്നു. ഒന്നിലധികം വീക്ഷണങ്ങൾ അവതരിപ്പിക്കുന്നതിലൂടെ, ഈ പ്രോഗ്രാമുകൾ ബൗദ്ധിക ജിജ്ഞാസയെ ഉത്തേജിപ്പിക്കുന്നു. അതേ സമയം അനുമാനങ്ങളെ ചോദ്യം ചെയ്യാനും, സ്വന്തം അഭിപ്രായങ്ങൾ രൂപപ്പെടുത്താനും കാഴ്ചക്കാരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

4. വിദ്യാഭ്യാസ മൂല്യം: സങ്കീർണമായ പ്രശ്നങ്ങളുടെ ആഴത്തിലുള്ള പര്യവേക്ഷണം വാഗ്ദാനം ചെയ്യുന്നതിലൂടെ വാർത്താ വിശകലന പരിപാടികൾ വാർത്താ ഉപഭോഗത്തിന്റെ വിദ്യാഭ്യാസ മൂല്യത്തിനും പ്രാധാന്യം നൽകുന്നു. രാഷ്ട്രീയവും സാമ്പത്തിക ശാസ്ത്രവും മുതൽ സാമൂഹിക വിഷയങ്ങളും അന്തർദേശീയ കാര്യങ്ങളും വരെയുള്ള വിഷയങ്ങളെക്കുറിച്ച് വിശദവും വിജ്ഞാനപ്രദവുമായ രീതിയിൽ കാഴ്ചക്കാർക്ക് പഠിക്കാനാകും.

5. പക്ഷപാതത്തെക്കുറിച്ചുള്ള അവബോധം: വസ്തുനിഷ്ഠത ലക്ഷ്യമിടുന്ന പരമ്പരാഗത വാർത്താ റിപ്പോർട്ടുകളിൽ നിന്ന് വ്യത്യസ്തമായി, വാർത്താ വിശകലന പരിപാടികൾ പലപ്പോഴും വാർത്താ കവറേജിൽ അന്തർലീനമായ പക്ഷപാതങ്ങളെ അംഗീകരിക്കുകയും ചർച്ച ചെയ്യുകയും ചെയ്യുന്നു. മാധ്യമ റിപ്പോർട്ടിംഗിലെ പക്ഷപാതം തിരിച്ചറിയാനും വിലയിരുത്താനും കഴിയുന്ന വാർത്തകളുടെ കൂടുതൽ വിവേകമുള്ള ഉപഭോക്താക്കളാകാൻ ഈ അവബോധം കാഴ്ചക്കാരെ സഹായിക്കുന്നു.

ദോഷങ്ങൾ:

1. പക്ഷപാതത്തിനുള്ള സാധ്യത: വാർത്താ വിശകലന പരിപാടികൾ വിദഗ്ദ്ധ വിശക

ലനവും വ്യാഖ്യാനവും നൽകാൻ ലക്ഷ്യമിടുന്നുണ്ടെങ്കിലും, അവ ഇപ്പോഴും വിശകലന വിദഗ്ധരുടെ പക്ഷപാതത്താൽ സ്വാധീനിക്കപ്പെട്ടേക്കാം. കാഴ്ചക്കാർ പക്ഷപാതിത്വത്തിനുള്ള സാധ്യതയെക്കുറിച്ച് ശ്രദ്ധാലുവായിരിക്കണം കൂടാതെ ഒരു നല്ല ധാരണ രൂപപ്പെടുത്തുന്നതിന് വൈവിധ്യമാർന്ന കാഴ്ചപ്പാടുകൾ തേടണം.

2. **അതിശക്തമായ സങ്കീർണത:** ചില വാർത്താ വിശകലന പരിപാടികൾക്ക് സങ്കീർണത വളരെ കൂടുതലാണ്. മുന്നറിവില്ലാത്ത പ്രേക്ഷകർക്ക് അത്തരം സങ്കീർണമായ പ്രശ്നങ്ങൾ പൂർണമായി മനസിലാക്കാൻ സാധിച്ചെന്നു വരില്ല.

3. **ധ്രുവീകരണം:** ചില സന്ദർഭങ്ങളിൽ, വാർത്താ വിശകലന പരിപാടികൾ ഒരു പ്രശ്നത്തിന്റെ ഒരു വശം മാത്രം അവതരിപ്പിക്കുന്നതിലൂടെയോ പക്ഷപാതപരമായ വീക്ഷണങ്ങൾ വർദ്ധിപ്പിക്കുന്നതിലൂടെയോ ധ്രുവീകരണത്തിന് കാരണമായേക്കാം. സൃഷ്ടിപരമായ സംവാദം വളർത്തുന്നതിനുപകരം നിലവിലുള്ള വിശ്വാസങ്ങളെ ശക്തിപ്പെടുത്താനും സമൂഹത്തിനുള്ളിലെ ഭിന്നതകൾ ആഴത്തിലാക്കാനും ഇതിന് കഴിയും.

4. **സമയമെടുക്കുന്നത്:** പരമ്പരാഗത വാർത്താ റിപ്പോർട്ടുകളെ അപേക്ഷിച്ച് വാർത്താ വിശകലന പരിപാടികൾ കാണുന്നതിന് കൂടുതൽ സമയവും ശ്രദ്ധയും ആവശ്യമാണ്. ഇന്നത്തെ അതിവേഗ ലോകത്ത് എല്ലായ്പ്പോഴും പ്രേക്ഷകർക്ക് അത് സാധ്യമാകണമെന്നില്ല, വിശകലനവും വ്യാഖ്യാനവും പിന്തുടരാൻ കാഴ്ചക്കാർ കൂടുതൽ സമയം ചെലവഴിക്കണം.

5. **ഇൻഫർമേഷൻ ഓവർലോഡ്:** വിവിധ മീഡിയ പ്ലാറ്റ്ഫോമുകളിലുടനീളമുള്ള വാർത്താ വിശകലന പ്രോഗ്രാമുകളുടെ വ്യാപനത്തോടെ, കാഴ്ചക്കാർക്ക് വിവരങ്ങളുടെ അമിതഭാരം അനുഭവപ്പെട്ടേക്കാം. സന്തുലിതവും വിശ്വസനീയവുമായ വിവര സ്രോതസ്സുകൾ കണ്ടെത്തുന്നതിന് നിരവധി അഭിപ്രായങ്ങളും വിശകലനങ്ങളും പരിശോധിക്കുന്നത് വെല്ലുവിളിയാകും.

വാർത്താ വിശകലന പരിപാടികൾ സമകാലിക സംഭവങ്ങളെക്കുറിച്ചുള്ള മൂല്യവത്തായ ഉൾക്കാഴ്ചകളും കാഴ്ചപ്പാടുകളും നൽകുമ്പോൾ, കാഴ്ചക്കാർ അവയെ വിമർശനാത്മകമായും അവരുടെ സാധ്യതയുള്ള പരിമിതികളെയും പക്ഷപാതങ്ങളെയും കുറിച്ച് അവബോധത്തോടെയും സമീപിക്കണം. മറ്റ് തരത്തിലുള്ള വാർത്താ ഉപഭോഗവുമായി സന്തുലിതമായ വിശകലനം ലോകത്തെ രൂപപ്പെടുത്തുന്ന പ്രശ്നങ്ങളെക്കുറിച്ച് നന്നായി മനസിലാക്കാൻ കാഴ്ചക്കാരെ സഹായിക്കും.

ഇന്ററാക്ടീവ് വാർത്താവതരണം

താരതമ്യേന പുതിയതരം വാർത്താവതരണരീതിയാണ് ഇന്ററാക്ടീവ് വാർത്തകളുടേത്. പ്രേക്ഷകരുമായും വാർത്തകളിൽ ഇടംപിടിച്ച വ്യക്തികളുമായും നേരിട്ട് സംവദിക്കാൻ ഇതിലൂടെ കഴിയുന്നു. ഇന്ററാക്ടീവ് മാധ്യമങ്ങളിൽ പലതരം വെബ് അധിഷ്ഠിത സൈറ്റുകളും ഇന്ററാക്ടീവ് ടി.വി.യും നിരവധി ഗെയിമുകളും ഇന്ററാക്ടീവ് പരസ്യങ്ങളും ബ്ലോഗുകളും ഉൾപ്പെടുന്നു. പ്രേക്ഷകർ നേരിട്ട് വാർത്തയെ സഹായിക്കുന്ന വിവരങ്ങൾ ഇതിലൂടെ നൽകുന്നു.

വാർത്തകൾ റിപ്പോർട്ടു ചെയ്യുന്നവർക്ക് നേരിട്ട് പ്രേക്ഷകരുമായും വാർത്തയിൽ നേരിട്ട് പങ്കെടുക്കുന്ന ഇതരവ്യക്തികളുമായും ആശയവിനിമയം നടത്താനും ഇതിലൂടെ കഴിയുന്നു. ഒരു വാർത്തയുടെ വസ്തുതകളും വ്യത്യസ്ത വീക്ഷണങ്ങളും ഇതിലൂടെ ചർച്ച ചെയ്യാൻ അവസരം ലഭിക്കുന്നു. ഇൻഫർമേഷൻ ടെക്നോളജി ഉൾപ്പെടെയുള്ള ഡിജിറ്റൽ സാങ്കേതികവിദ്യകൾ ഇതിന് പിന്തുണ നൽകുന്നു.

പരമ്പരാഗതമായ വാർത്താമേഖലയിൽ നിന്ന് വ്യത്യസ്തമായി (വർത്തമാനപ്പത്രങ്ങൾ, പരസ്യങ്ങൾ, റേഡിയോ തുടങ്ങിയവ) ദൃശ്യസാങ്കേതികവിദ്യയുടെ സഹായത്തോടെ പ്രേക്ഷകരിലെത്തിക്കുന്ന ടെലിവിഷൻ വാർത്തകൾ, ടി.വി.ജേർണലിസത്തിൽ പുതിയ മാറ്റങ്ങൾ കൊണ്ടുവന്നു. വാർത്താവതാരകരെ കൂടാതെ പ്രേക്ഷകരെയും വാർത്തകളുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്ന വ്യക്തികളെയും അവയോട് അനുകൂലമായും പ്രതികൂലമായും പ്രതികരിക്കു

ന്നവരെയും അവരുടെ അഭിപ്രായങ്ങളെയും വിലയിരുത്തലുകളെയും അറിയുന്നതിന് ഇത്തരം ജേർണലിസം സഹായിക്കുന്നു.

അതോടൊപ്പം വാർത്തയുമായി ബന്ധപ്പെട്ട് ഇതരമാധ്യമങ്ങളിലും സ്രോതസ്സുകളിലും വന്ന വിവരങ്ങളും പ്രശസ്തരുടെ പ്രസ്താവനകളും അവയുടെ ദൃശ്യങ്ങളും നേരിട്ടും ടെലിഫോൺ മുഖേനയുള്ള സംഭാഷണശകലങ്ങളും ഇതോടൊപ്പം അവതരിപ്പിക്കപ്പെടുന്നു. അതിലൂടെ പ്രേക്ഷകരുടെ വിശ്വാസം ആർജ്ജിക്കാനും വാർത്താമൂല്യം ഉയർത്താനും ഇന്ററാക്ടീവ് ജേർണലിസത്തിന് സാധിക്കുന്നു. സത്യസന്ധത കുറഞ്ഞ വാർത്താവതരണരീതികളിൽ കാലങ്ങളായി നിലനിന്ന പ്രേക്ഷകരുടെ അവിശ്വാസം പരിഹരിക്കാൻ ഇന്ററാക്ടീവ് ജേർണലിസത്തിന് ഒരളവോളം കഴിയുന്നു.

ഇന്ററാക്ടീവ് ജേർണലിസം മാധ്യമരംഗത്തെ ഇന്നോളമുള്ള എല്ലാചരിത്രത്തെയും നവീകരിക്കുകയും പുതിയൊരുതുടക്കം കുറിക്കുകയും ചെയ്യുന്നു. ബ്ലോഗുകൾ, വെബ്സൈറ്റുകൾ, സോഷ്യൽ മീഡിയ തുടങ്ങിയവയിലൂടെ ആധുനിക പ്രേക്ഷകർ വാർത്തകൾ അപ്പപ്പോൾ അറിയുകയും വിശകലനം നടത്തുകയും ചെയ്യുന്നുണ്ട്. അതുകൊണ്ട് ടെലിവിഷൻ മാധ്യമവാർത്തകളുടെ നഷ്ടപ്പെട്ട വിശ്വാസം വീണ്ടെടുക്കാൻ ഒരു പരിധിവരെ ഇന്ററാക്ടീവ് ജേർണലിസത്തിലൂടെ സാധിക്കുന്നു. അതുകൊണ്ടുതന്നെ ദൃശ്യമാധ്യമ ജേർണലിസത്തിന്റെ ഫോക്കസ് ഒരാളിൽനിന്ന് പലരിലേക്കും അവരിൽനിന്ന് മറ്റനേകരിലേക്കും നീങ്ങുന്നു.

ഇന്ററാക്ടീവ് ജേർണലിസം ഒരു വാർത്താ ഉറവിടത്തിൽ നിന്ന് ഫോക്കസ് മറ്റു പല ഉറവിടങ്ങളിലേക്കും മാറുന്നവിധം വസ്തുതകൾ തേടിപ്പോയി അന്വേഷണപരിധി വികസിപ്പിക്കുന്നു. ഒരു വാർത്തയ്ക്കുതന്നെ അത് റിപ്പോർട്ടു ചെയ്ത ചാനലുകളുടെ യഥാർഥ ഉറവിടവുമായി ബന്ധമില്ലാത്ത അനേകം പൗരന്മാർ അതിനോട് വസ്തുതകൾ കൂട്ടിച്ചേർക്കുകയും തിരുത്തുകയും പരിഷ്കരിക്കുകയും ചെയ്യാൻ ഇന്ററാക്ടീവ് ജേർണലിസം ഇടയാക്കുന്നു. ഒരു വാർത്താവിശേഷത്തിലേക്ക് അതിനോട് പ്രതികരിക്കുന്ന അനേകം വ്യക്തികളുടെ അഭിപ്രായങ്ങളെ, താല്പര്യങ്ങളെ കൂട്ടിച്ചേർക്കുന്ന പ്രക്രിയകൂടിയായി ഇത് മാറുന്നു.

ഡോ. ജോയിസ് വൈ.എം.നിപ്പ് (Dr. Joyce Y.M. Nip) ജേർണലിസത്തെ ഇങ്ങനെ വിഭജിക്കുന്നു. ട്രെഡിഷണൽ ജേർണലിസം, പബ്ലിക് ജേർണലിസം, പാർട്ടിസിപ്പേറ്ററി ജേർണലിസം, സിറ്റിസൻ ജേർണലിസം, ഇന്ററാക്ടീവ് ജേർണലിസം എന്നിങ്ങനെ. അവയിൽ വാർത്താശേഖരണത്തിൽ ജനപങ്കാളിത്തം ഏറ്റവും കുറവ് ട്രെഡിഷണൽ ജേർണലിസത്തിലാണ്. (വാർത്തകളിലെ വിശ്വാസം കുറഞ്ഞ മാതൃകയും അതുതന്നെ). ജനപങ്കാളിത്തം ഏറിയത് സിറ്റിസൻ ജേർണലിസത്തിലാണെന്നും വിലയിരുത്തുന്നു.

ഇന്ററാക്ടീവ് ജേർണലിസത്തിന്റെ പ്രശസ്തമായ മാതൃക ബ്ലോഗുകളാണെന്ന് വിലയിരുത്തപ്പെടുന്നു. ദൃക്സാക്ഷികളുടെ സംഭവ വിവരണങ്ങളും അത്തരം വിഷയത്തിൽ പരിചിതരുടെ വിശദീകരണങ്ങളും സംഭവത്തെ ആഴത്തിൽ വിലയിരുത്താൻ സഹായിക്കുന്നു. വായനക്കാരുടെ അഭിപ്രായങ്ങളും വ്യക്തികളുടെ ആശയവിനിമയങ്ങളും ചിത്രങ്ങളും ദൃശ്യങ്ങളുമൊക്കെയായി പുതിയ വസ്തുതകളുടെ കൂട്ടിച്ചേർക്കലുകളും നിരന്തരം പുതുക്കലുകളും നടക്കുന്നതുകൊണ്ട് ബ്ലോഗുകൾ ഇന്ററാക്ടീവ് ജേർണലിസത്തിന് പുതിയ അധ്യായം തീർക്കുകയാണ്.

സമൂഹത്തിലെ ചില പ്രശ്നപരിഹാരങ്ങൾക്ക് ഉപകരിക്കുന്ന സമൂഹത്തിന്റെ സംവാദങ്ങളാക്കി മാറ്റി പൗരധർമ്മത്തെ മുൻനിർത്തുന്ന മാധ്യമപ്രവർത്തനമായി ഇന്ററാക്ടീവ് ജേർണലിസം മാറുന്നു. ഒരു സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരുടെയോ പ്രതിസന്ധിയിൽപ്പെട്ടവരുടെയോ അവസ്ഥകളെ ഭരണകൂടങ്ങളുടെ ശ്രദ്ധയിലേക്കു കൊണ്ടുവന്ന് അവയ്ക്ക് പരിഹാരമാർഗങ്ങൾ കണ്ടെത്താനും ഒരുപരിധിവരെ ഇന്ററാക്ടീവ് ജേർണലിസം സഹായിക്കുന്നു.

ലൈവ് റിപ്പോർട്ടിംഗ്

ലൈവ് റിപ്പോർട്ടിംഗ്, ഓൺ ദ സ്പോട്ട് റിപ്പോർട്ടിംഗ്, റിയൽടൈം റിപ്പോർട്ടിംഗ് എന്നെല്ലാം അറിയപ്പെടുന്ന വാർത്താവതരണം ടെലിവിഷൻ ജേർണലിസത്തിലെ ഒരു പ്രധാന വിഭാഗമാണ്. ഒരു വാർത്താ ഉറവിടത്തിൽ നിന്ന് നേരിട്ട് സംഭവങ്ങൾ കാണിച്ച് വിവരിക്കുന്ന പ്രവർത്തനമാണ് ലൈവ് റിപ്പോർട്ടിംഗ്. വാർത്തയാക്കുന്ന

സംഭവങ്ങളെ ജേർണലിസ്റ്റുകൾ ക്യാമറാവിവരണങ്ങളിലൂടെ പകർത്തി സാറ്റലൈറ്റിലേക്ക് സിഗ്നലുകളാക്കി അയയ്ക്കുന്നു. അവിടെ നിന്ന് ഡിഷ് ആന്റിനകളിലൂടെ (ഇപ്പോൾ 4ജി, 5ജി നെറ്റ് വർക്കുകളിലൂടെ) ടെലിവിഷൻ സ്റ്റുഡിയോയിൽ സ്വീകരിക്കുന്നു. സ്റ്റുഡിയോയിൽ നിന്ന് സാറ്റലൈറ്റുകളിലൂടെ സംപ്രേഷണം ചെയ്യുന്ന സിഗ്നലുകൾ ഡിഷ് ആന്റിനകളിലൂടെയോ കേബിളുകളിലൂടെയോ വരിക്കാരുടെ ടെലിവിഷനിൽ എത്തിക്കുന്നു. ആ റിപ്പോർട്ടിംഗിനെ ടെലിവിഷൻ ദൃശ്യവും ശബ്ദവുമാക്കി പുനഃസൃഷ്ടിക്കുന്നു.

സംഭവം നടക്കുന്ന സ്ഥലത്തു നിന്നുകൊണ്ട് ചില സാങ്കേതിക വിദഗ്ധർ ചേർന്നു നടത്തുന്ന കൂട്ടായ പ്രവർത്തനമാണ് ലൈവ് റിപ്പോർട്ടിംഗ്. ഒരു വാർത്താറിപ്പോർട്ടറും സൗണ്ട് ടെക്നീഷ്യൻ കൂടിയായ ക്യാമറാമാനും അടങ്ങുന്ന സംഘമാവും ഉണ്ടാവുക. പവർജനറേറ്ററിന്റെ സഹായത്തോടെ ഒരു കൺട്രോൾ റൂം പോലെ പ്രവർത്തിക്കുന്ന വാഹനത്തിൽ നിന്നുകൊണ്ട് അവർ പകർത്തുന്ന വാർത്താസിഗ്നലുകളെ ഡിഷിന്റെ സഹായത്തോടെ ടെലിവിഷൻ സ്റ്റുഡിയോയിലേക്ക് അയയ്ക്കുന്നു. അവിടെനിന്ന് അത് ലോകമെങ്ങും സംപ്രേഷണം ചെയ്യുന്നു. 5ജി. സൗകര്യമുള്ള ചില വിദേശരാജ്യങ്ങളിൽ സിമ്മും വൈഫൈയും ലൊക്കേഷനുകളും അടയാളപ്പെടുത്തുന്ന ക്യാമറകളിലൂടെ ഒരു ഡിഷിന്റെയും സഹായമില്ലാതെ തന്നെ വാർത്തകൾ ലൈവായി ടെലിവിഷൻ സ്റ്റുഡിയോയിലേക്ക് അയയ്ക്കുന്നുമുണ്ട്.

ലോകത്തിന്റെ വിവിധഭാഗങ്ങളിൽ പ്രവർത്തിക്കുന്ന വാർത്താ ഏജൻസികളിൽ (PTI, ANI, AFP, Reuters) നിന്നാണ് ടി.വി. ചാനലുകൾക്ക് നേരിട്ട് ലഭ്യമല്ലാത്ത വാർത്തകൾ കിട്ടുന്നത്. വാർത്തകൾ നൽകുന്നതിന് മാധ്യമങ്ങൾ ഏജൻസികൾക്ക് പ്രതിഫലം നൽകാറുണ്ട്. വാർത്താ ഏജൻസികളെക്കൂടാതെ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ പ്രവർത്തിക്കുന്ന ഫ്രീലാൻസ് ജേർണലിസ്റ്റു (freelance journalist) കളിൽ നിന്നും മാധ്യമങ്ങൾ പ്രതിഫലം നൽകി വാർത്തകൾ വാങ്ങാറുണ്ട്.

സംഭവങ്ങൾ നേരിട്ട് ദൃശ്യങ്ങളുടെ സഹായത്തോടെ വിശദീകരിക്കുന്നതുകൊണ്ട് വാർത്താഉറവിടം വാസ്തവമാണെന്ന ബോധ്യം പ്രേക്ഷകർക്ക് ലഭിക്കുന്നു. വാർത്തകളുടെ അവതരണരീതി അല്പം നാടകീയമാക്കാനും പ്രേക്ഷകരുടെ ഉത്ക്കണ്ഠ പിടിച്ചുപറ്റാനും അവതാരകർക്കാകും. സംഭവങ്ങളെ അവതാരകരുടെ താല്പര്യങ്ങൾക്കനുസരിച്ചാവും വിശദീകരിക്കുക. വാർത്തകളറിയാനുള്ള പ്രേക്ഷകരുടെ എണ്ണം വർദ്ധിക്കുകയും റേറ്റിംഗ് കൂടാനും അതിടയാക്കുന്നു. അതിലൂടെ വാണിജ്യതാല്പര്യക്കാർ തങ്ങളുടെ പരസ്യങ്ങൾക്ക് ആ സമയം തിരഞ്ഞെടുക്കുകയും ചാനലുകൾക്ക് അതൊരു വരുമാനമാർഗമാവുകയും ചെയ്യുന്നു.

മാധ്യമസദാചാരം നിഷ്കർഷിക്കുന്നത് പ്രത്യേക പക്ഷപാതം കാട്ടാതെ സ്വതന്ത്രമായും സത്യസന്ധമായും മനുഷ്യത്വപരമായും കൃത്യമായും ഉത്തരവാദിത്തബോധത്തോടുകൂടിയും മാത്രമേ ലൈവ് സംപ്രേഷണം നടത്താവൂ എന്നാണ്. എന്നാൽ ലോകത്ത് ഒരു വാർത്താചാനലും പക്ഷപാതമില്ലാതെ പ്രവർത്തിക്കുന്നില്ല എന്നാണ് പല പഠനങ്ങളും തെളിയിക്കുന്നത്. ക്വാറ(quora)യിൽ കാണപ്പെടുന്ന ചില വിശകലനങ്ങളനുസരിച്ച് ലോകത്ത് മുൻപന്തിയിൽ നില്ക്കുന്ന പല വാർത്താചാനലുകളിൽപ്പോലും മുപ്പതുശതമാനം വാർത്തകളും തെറ്റായി റിപ്പോർട്ടുചെയ്യപ്പെടുന്നവയാണ്. അറുപതുശതമാനംവരെ ചില ചാനലിൽ വാർത്തകൾ തെറ്റായി റിപ്പോർട്ടു ചെയ്യപ്പെടുന്നു എന്നും വിലയിരുത്തുന്നു. എന്നിരുന്നാലും ചുറ്റുപാടും നടക്കുന്നതെന്തെന്നറിയാനുള്ള മനുഷ്യന്റെ താല്പര്യങ്ങൾ നമ്മെ നിരന്തരം ടെലിവിഷനു മുന്നിലെത്തിക്കുന്നു.

അഭിമുഖസംഭാഷണങ്ങൾ

സമൂഹത്തിന് മാതൃകയായ അതിപ്രശസ്തരായ വ്യക്തികളെ പ്രേക്ഷകർക്ക് പരിചയപ്പെടുത്തുന്ന പരിപാടിയാണ് അഭിമുഖസംഭാഷണങ്ങൾ. അവരുടെ വ്യക്തിത്വത്തിന്റെ സവിശേഷതകൾ മറ്റുള്ളവർക്ക് മാതൃകയാവുംവിധം അവതരിപ്പിക്കുന്നു. ലോകമെങ്ങും ടെലിവിഷന്റെ സംപ്രേഷണം ആരംഭിച്ച് അധി

കകാലം കഴിയും മുമ്പേ കടന്നുവന്ന പരിപാടികളിലൊന്നാണ് അഭിമുഖസംഭാഷണങ്ങൾ. 1954-ൽ അമേരിക്കയിലെ എൻ. ബി. സി.യിൽ ആരംഭിച്ച ടുനൈറ്റ് ഷോ (tonight show), 1957-65വരെ നീണ്ട വിസ്ഡം (wisdom) എന്നിവ ടി.വി. ചരിത്രത്തിലെ ആദ്യകാല അഭിമുഖസംഭാഷണങ്ങളാണ്.

കല, ശാസ്ത്രം, രാഷ്ട്രീയം തുടങ്ങിയ മേഖലകളിലെ അതിപ്രശസ്തരുമായുള്ള അഭിമുഖസംഭാഷണങ്ങളായിരുന്നു അവ. 1957-59-ൽ അമേരിക്കൻ ബ്രോഡ്കാസ്റ്റിംഗ് കമ്പനിയിലൂടെ (ABC) മൈക് വാലസ് (Mike Wallace) അവതരിപ്പിച്ച നൈറ്റ് ബീറ്റും (Night- Beat) ആദ്യകാല അഭിമുഖങ്ങളിൽപ്പെടുന്നു. ലോകത്ത് ഏറ്റവും കൂടുതൽ കാഴ്ചക്കാരെ കിട്ടിയ (62.30 മില്യൻ) ആഭിമുഖം അമേരിക്കയിൽ മൈക്കൽ ജാക്സന്റേതായിരുന്നു. എ.ബി.സി. (ABC) യിൽ 1993 ഫെബ്രുവരി 10-ന് മൈക്കൽ ജാക്സനെ (Michael Jackson) ഒപ്റാ വിൻഫ്രെ (Oprah Winfrey) യാണ് അഭിമുഖം നടത്തിയത്.

ആദ്യകാലത്ത് സാധാരണ ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും അവർക്ക് ദിശാബോധം നല്കുന്നതിനും ടി.വി യിലെ അഭിമുഖങ്ങൾ ഉപകരിച്ചിരുന്നു. ജീവിതത്തിലെ പല കനൽവഴികളെയും പിന്നിട്ട് സമൂഹത്തിൽ ഉന്നത നിലകളിലെത്തിയ പ്രയത്നശാലികളെയും പ്രതിഭാശാലികളെയും അടുത്തുകാണാനും അവരുടെ ജീവിതവഴികൾ അടുത്തറിയാനും ആദ്യകാല ടെലിവിഷൻ അഭിമുഖങ്ങൾ സഹായിച്ചു. അവരുടെ പ്രവർത്തനമേഖലകളിൽ അവർ പുലർത്തിയ മനോഭാവങ്ങളും തീരുമാനങ്ങളും മറ്റുപലർക്കും മാതൃകയും ഊർജവുമായി മാറാൻ അവരുമായുള്ള അഭിമുഖങ്ങൾ സഹായിച്ചിരുന്നു. സമൂഹത്തോട് കടപ്പാടും ഉത്തരവാദിത്തവുമുള്ള ഒരു പില്ക്കാല തലമുറയെ രൂപപ്പെടുത്താൻ ശാസ്ത്രം, കല, സാഹിത്യം, ചരിത്രം, ചലച്ചിത്രം, വിദ്യാഭ്യാസം, രാഷ്ട്രീയം, മനഃശാസ്ത്രം, പ്രകൃതി തുടങ്ങിയ വിഷയങ്ങളിലെ പ്രഗത്ഭരോടൊത്തുള്ള ടി.വി. അഭിമുഖങ്ങൾ സഹായിച്ചു എന്നത് വാസ്തവമാണ്.

ഏതൊരു മികച്ച അഭിമുഖവും വൈകാരികമായ നിമിഷങ്ങളാണ് സമ്മാനിക്കുന്നത്. നല്ല തയ്യാറെടുപ്പിൽ നിന്നാണ് അത് തുടങ്ങുക. ചോദ്യകർത്താവ് അതിനായി നല്ല ഗവേഷണം തന്നെ നടത്തേണ്ടതുണ്ട്. അഭിമുഖം വേണ്ട വ്യക്തിയുടെ പ്രവർത്തനമേഖലയെന്ത്? ആ വ്യക്തിയിൽ നിന്ന് എന്തൊക്കെ വസ്തുതകൾ പ്രേക്ഷകർക്ക് ലഭ്യമാക്കണം, അതിനായി എങ്ങനെ തുടങ്ങണം, എന്താണ് ചോദിക്കേണ്ടത് എന്നിവയെല്ലാം നേരത്തേ തീരുമാനിക്കുന്നു. അതിനായി നന്നായി വിഷയം പഠിക്കുന്നു, തയ്യാറെടുപ്പു നടത്തുന്നു. മികച്ച അഭിമുഖത്തിന് നല്ല തയ്യാറെടുപ്പ് വേണം. അഭിമുഖംവേണ്ട വ്യക്തിയുടെ പ്രവർത്തനമേഖലയെക്കുറിച്ച് സമഗ്രമായി അറിയണം. എങ്ങനെ തുടങ്ങണം? എന്തൊക്കെ വിവരങ്ങൾ പ്രേക്ഷകർക്ക് നല്കണം? അതിന് എന്തൊക്കെ ചോദിക്കണം? എങ്ങനെ ചോദിക്കണം? തുടങ്ങിയവ മുൻകൂട്ടി തീരുമാനിക്കണം

ചോദ്യകർത്താവ് ടി.വിയിലെ അഭിമുഖവേളയുടെ ആരംഭത്തിൽ വിശിഷ്ട വ്യക്തിയെ പരിചയപ്പെടുത്തുന്നു. വിഷയത്തിനനുസരിച്ച്, സമാധാനത്തോടെ, സന്തോഷത്തോടെ ചോദ്യങ്ങളിലേക്ക് വരുന്നു. മറുപടികളെ അതീവ ശ്രദ്ധയോടെ കേൾക്കുന്നു. അത് ഉൾക്കൊണ്ട്, ആ അഭിപ്രായങ്ങളെ അപഗ്രഥിച്ച്, ആവശ്യമെങ്കിൽ പ്രേക്ഷകർക്കായി അല്പം വിശദമാക്കുന്നു. ആ വ്യക്തിയിൽ നിന്ന് പ്രേക്ഷകർക്ക് നൽകേണ്ട വിവരങ്ങൾ ലഭിക്കണം. അതിന് പൂർണമായും കാര്യങ്ങൾ വിശദീകരിക്കാൻ അവസരം നല്കണം. കാണികളെക്കുറിച്ച് ബോധ്യംവേണം. ഒറ്റവാക്കിലെ ഉത്തരങ്ങളല്ല, പകരം വിശദമായി പറയേണ്ടുന്ന ചോദ്യങ്ങളാവണം നല്കേണ്ടത്. അവസാനം സമൂഹത്തിന് പ്രയോജനപ്പെടുന്ന നമ്മുടെ സന്ദേശം കൂടി അവരിലെത്താൻ ശ്രദ്ധിക്കണം. ഇവയെല്ലാമാണ് സാധാരണഗതിയിൽ നല്ല ടി.വി. അഭിമുഖങ്ങളിൽ നിർവഹിക്കപ്പെടുന്ന വസ്തുതകൾ.

കേരള സന്ദർഭം

1. രാഷ്ട്രീയ നേതാക്കൾ: ഊർജ്ജസ്വലമായ രാഷ്ട്രീയ ഭൂപ്രകൃതിക്ക് പേരുകേട്ട കേരളം, വിവിധ പാർട്ടികളിൽ നിന്നുള്ള രാഷ്ട്രീയ നേതാക്കളുമായി നിരവധി അഭിമുഖങ്ങൾക്ക് സാക്ഷ്യം വഹിക്കുന്നു. മുഖ്യമന്ത്രിമാരുമായും പാർട്ടി നേതാക്കളുമായും പ്രവർത്തകരുമായും അഭിമുഖങ്ങൾ സാധാരണമാണ്, കേരളത്തിന്റെ രാഷ്ട്രീയ

ചലനാത്മകത, ഭരണം, നയ മുൻഗണനകൾ എന്നിവയെക്കുറിച്ച് ഉൾക്കാഴ്ചകൾ നൽകുന്നു.

2. സാംസ്കാരിക ഐക്കണുകൾ: സാംസ്കാരിക പൈതൃകങ്ങളാലും കലാ പാരമ്പര്യങ്ങളാലും സമ്പന്നമാണ് കേരളം. പ്രശസ്ത കലാകാരന്മാർ, എഴുത്തുകാർ, സംഗീതജ്ഞർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖങ്ങൾ കേരളത്തിന്റെ സാംസ്കാരിക ഭൂപ്രകൃതി, കലാപരമായ നേട്ടങ്ങൾ, സർഗാത്മകമായ പുതുമകൾ എന്നിവ പര്യവേക്ഷണം ചെയ്യുന്നതിനായി നടത്തുന്നു.

3. സാഹിത്യ പ്രതിഭകൾ: കേരളത്തിന് അഭിവൃദ്ധി പ്രാപിക്കുന്ന ഒരു സാഹിത്യ രംഗമുണ്ട്, നിരവധി പ്രശസ്തരായ എഴുത്തുകാരും കവികളും മലയാള സാഹിത്യത്തിന് സംഭാവന ചെയ്യുന്നു. സാഹിത്യകാരന്മാരുമായുള്ള അഭിമുഖങ്ങൾ പ്രേക്ഷകർക്ക് അവരുടെ എഴുത്ത് പ്രക്രിയ, പ്രചോദനങ്ങൾ, സമകാലിക വിഷയങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ എന്നിവയെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ നൽകുന്നു.

4. സോഷ്യൽ ആക്ടിവിസ്റ്റുകൾ: സാമൂഹിക പ്രവർത്തനത്തിന്റെയും പുരോഗമന പ്രസ്ഥാനങ്ങളുടെയും നീണ്ട പാരമ്പര്യമാണ് കേരളത്തിനുള്ളത്. സാമൂഹ്യനീതി, പരിസ്ഥിതി സംരക്ഷണം, അടിസ്ഥാന ശാക്തീകരണം എന്നിവയിൽ കേരളത്തിന്റെ പ്രതിബദ്ധത ഉയർത്തിക്കാട്ടുന്നതാണ് സാമൂഹിക പ്രവർത്തകർ, പരിസ്ഥിതി പ്രവർത്തകർ, സമുദായ നേതാക്കൾ എന്നിവരുമായുള്ള അഭിമുഖങ്ങൾ.

ഇന്ത്യൻ, കേരള പശ്ചാത്തലത്തിൽ നടത്തിയ അഭിമുഖങ്ങളുടെ ചില ഉദാഹരണങ്ങൾ മാത്രമാണിത്. സംഭാഷണങ്ങൾ, സംവാദം, ഇടപഴകൽ എന്നിവയ്ക്കുള്ള വിലപ്പെട്ട വേദികളായി അഭിമുഖങ്ങൾ വർത്തിക്കുന്നു, സമൂഹത്തെ രൂപപ്പെടുത്തുന്ന വൈവിധ്യമാർന്ന വീക്ഷണങ്ങളിലേക്കും ശബ്ദങ്ങളിലേക്കും പ്രേക്ഷകർക്ക് ഒരു കാഴ്ച നൽകുന്നു.

Recap

- സാങ്കേതികമായ മുന്നേറ്റം
- ദൃശ്യമാധ്യമ വാർത്തകൾ ഭൂമിയെ പൊതിയുന്നു
- സന്ദേശങ്ങൾ അയയ്ക്കൽ : ആദ്യകാലത്ത് ദൂതരിൽ, പക്ഷികളിൽ
- സന്ദേശങ്ങൾ അയയ്ക്കൽ : കത്തുകളും തപാലും
- വാർത്ത, വിവരം, വിജ്ഞാനം : പത്രങ്ങൾ, വാരികകൾ, മാസികകൾ, ടെലിഗ്രാഫ്, ടെലിഫോൺ, റേഡിയോ, ടെലിവിഷൻ, സമൂഹമാധ്യമങ്ങൾ
- ആദ്യ ടെലിവിഷൻ ലൈവ് റിപ്പോർട്ടിംഗ് : 1939-ൽ
- ടി. വി. പരിപാടികൾ : വിനോദത്തിനും, വാർത്തകൾക്കും, വിജ്ഞാനത്തിനും
- ടി.വി വാർത്തകൾ : ഒരു മാനകഭാഷ രൂപപ്പെടുത്തി
- വാർത്താബുള്ളറ്റിൻ : സംഭവങ്ങളുടെയോ വിവരങ്ങളുടെയോ ചുരുക്കരൂപം
- ബുള്ളറ്റിൻ : ഒരു ഇറ്റാലിയൻ പദം
- വാർത്താമാഗസിൻ : ദൃശ്യസഹായത്താൽ സംഭവങ്ങളെ അപഗ്രഥിക്കുന്നു
- വാർത്താമാഗസിനുകൾ : ബഹുതലസ്പർശിയായ വാർത്താവിഷ്കാരമാണ്
- ആദ്യ വാർത്താമാഗസിൻ : 1953-ൽ ബി.ബി.സി.യിൽ
- വാർത്താമാഗസിൻ പൂർവ്വമാതൃക:എഡ്വേർഡ് മുറോയുടെ സീ ഇറ്റ് നൗ
- ബ്രേക്കിംഗ് ന്യൂസ് : പെട്ടെന്നു ലഭിക്കുന്ന വലിയവാർത്തകൾ പ്രേക്ഷകരിലേക്ക്
- ബ്രേക്കിംഗ് ന്യൂസ് : സ്പെഷ്യൽ റിപ്പോർട്ട് എന്നും പ്രയോഗം
- ബ്രേക്കിംഗ് ന്യൂസ് : സ്പെഷ്യൽ കവറേജ് എന്നും ന്യൂസ് ഫ്ളാഷ് എന്നും പ്രയോഗം

- ടി.വി യിലെ ആദ്യ ബ്രേക്കിംഗ് ന്യൂസ് : 1963-ൽ ജോൺ എഫ്. കെന്നഡിയുടെ വധം
- വാർത്താധിഷ്ഠിത പരിപാടി : ടി.വിയിലെ പൊതുപരിപാടികൾ
- വാർത്താവിശകലനം : വിദഗ്ധരുടെ അഭിപ്രായങ്ങളും സമന്വയിക്കപ്പെട്ട ആശയങ്ങളും
- വാർത്താവിശകലനം : സ്റ്റോക്ക് മാർക്കറ്റു പ്രവചനത്തിന്റെ അടിത്തറ
- ഇന്ററാക്ടീവ് ജേർണലിസം:പ്രേക്ഷകരും വാർത്തയിലുള്ളവരുമായും ആശയവിനിമയം
- വാർത്തയുടെ വസ്തുതകളും വ്യത്യസ്ത വീക്ഷണങ്ങളും ചർച്ച ചെയ്യപ്പെടുന്നു.
- ജേർണലിസം : ട്രെഡിഷണൽ, പബ്ലിക്, പാർട്ടിസിപ്പേറ്ററി, സിറ്റിസൻ, ഇന്ററാക്ടീവ്
- ഇന്ററാക്ടീവ് ജേർണലിസം : ബ്ലോഗുകൾ പ്രശസ്ത മാതൃക
- ലൈവ് റിപ്പോർട്ടിംഗ് : വാർത്ത ഉറവിടത്തിൽനിന്ന് നേരിട്ട് കാണിച്ച് വിവരിക്കുന്നു
- ലോക വാർത്താ ഏജൻസികളിൽ നിന്ന് ചാനലുകൾ വാർത്തകൾ വാങ്ങുന്നു
- ഫ്രീലാൻസ് ജേർണലിസ്റ്റുകളിൽനിന്നും വാർത്തകൾ വാങ്ങുന്നു
- അഭിമുഖസംഭാഷണങ്ങൾ : മാതൃകയായ വ്യക്തികളെ പ്രേക്ഷകർക്ക് പരിചയപ്പെടുത്തൽ
- അഭിമുഖസംഭാഷണങ്ങൾ : സമൂഹത്തോട് കടപ്പാടുള്ള തലമുറയെ രൂപപ്പെടുത്തി
- ആദ്യകാല അഭിമുഖസംഭാഷണങ്ങൾ : 1954-ൽ, അമേരിക്ക, എൻ.ബി.സി.യിൽ, ടുനൈറ്റ് ഷോ, വിസ്ഡം എന്നിവ
- മൈക്കൽ ജാക്സന്റേത് : ലോകത്ത് കൂടുതൽ പ്രേക്ഷകർ കണ്ട ടെലിവിഷൻ അഭിമുഖം

Objective Type Questions

1. വാർത്തകൾക്ക് മുഖ്യസ്ഥാനം നൽകുന്ന ദൃശ്യമാധ്യമം ഏത്?
2. ടെലിവിഷന്റെ നിർമ്മാതാവായി അറിയപ്പെടുന്ന വ്യക്തി?
3. ആദ്യമായി ടെലിവിഷനിൽ ലൈവ് റിപ്പോർട്ടിംഗ് നടത്തിയ പ്രസംഗം ആരുടേതായിരുന്നു?
4. ആദ്യ ടെലിവിഷൻ ലൈവ് റിപ്പോർട്ടിംഗ് നടത്തിയ വർഷം?
5. വാർത്തകളുടെ ചുരുക്കരൂപത്തിനു പറയുന്ന പേര്?
6. വാർത്താബുള്ളറ്റിനുകൾ റേഡിയോയിലും ടെലിവിഷനിലും ഇടംപിടിച്ച കാലം?
7. ദൃശ്യസഹായത്താൽ സംഭവങ്ങളെ അപഗ്രഥിക്കുന്ന വാർത്താപരിപാടി?
8. ആദ്യ വാർത്താമാഗസിൻ അവതരിപ്പിക്കപ്പെട്ടത് എന്ന്?
9. വാർത്താമാഗസിന്റെ ആദ്യമാതൃക എന്നു പറയാവുന്ന പരിപാടി?
10. വാർത്താമാഗസിനുകൾക്ക് കൂടുതൽ പ്രചാരം ലഭിച്ച വർഷം?
11. പെട്ടെന്നു ലഭിക്കുന്ന വലിയവാർത്തകൾ പ്രേക്ഷകരിലേക്ക് എത്തിക്കുന്ന രീതിയുടെ പേര്?
12. ബ്രേക്കിംഗ് ന്യൂസ് എന്നതിന് പകരം ഉപയോഗിക്കുന്ന പ്രയോഗങ്ങൾ?
13. ടി.വിയിൽ ആദ്യത്തെ ബ്രേക്കിംഗ് ന്യൂസായി അവതരിപ്പിക്കപ്പെട്ട വാർത്ത ആരെക്കുറിച്ചായിരുന്നു?
14. നിശ്ചയിക്കപ്പെട്ട വാർത്തകൾക്കു പുറമേ വാർത്താപ്രാധാന്യമുള്ള പൊതുപരിപാടികൾ അറിയപ്പെടുന്നത്?

15. വാർത്തയെ വിദഗ്ധരുടെ അഭിപ്രായങ്ങളോടും സമന്വയിക്കപ്പെട്ട ആശയങ്ങളോടും കൂടി അവതരിപ്പിക്കുന്ന രീതി?
16. പ്രേക്ഷകരും വാർത്തയിലുള്ളവരും വാർത്തയുടെ വസ്തുതകളും വ്യത്യസ്ത വീക്ഷണങ്ങളും ചർച്ച ചെയ്യപ്പെടുന്ന അവതരണ രീതി?
17. ഇന്ററാക്ടീവ് ജേർണലിസത്തിന്റെ പ്രശസ്ത മാതൃക ഏത്?
18. വാർത്ത ഉറവിടത്തിൽനിന്ന് നേരിട്ട് കാണിച്ച് വിശദീകരിക്കുന്ന രീതി?
19. ലൈവ് റിപ്പോർട്ടിംഗിന് പകരം പ്രയോഗത്തിലുള്ള മറ്റ് വാക്കുകൾ?
20. സമൂഹത്തിന് മാതൃകയായ വ്യക്തികളെ പ്രേക്ഷകർക്ക് പരിചയപ്പെടുത്തുന്നത്?
21. ലോകത്ത് കൂടുതൽപേർ കണ്ട അമേരിക്കയിലെ ടി.വി ആഭിമുഖം ആരുടേതായിരുന്നു?

Answers

1. ടെലിവിഷൻ
2. ജോൺ ലോഗി ബേർഡ്
3. പ്രസിഡൻറ് റൂസ്വെൽറ്റിന്റെ
4. 1939
5. വാർത്താബുള്ളറ്റിൻ
6. 1950 -കൾ മുതൽ
7. വാർത്താമാഗസിൻ
8. 1953-ൽ ബി.ബി.സി.യിൽ
9. എഡ്വേർഡ് മുറോയുടെ സീ ഇറ്റ് നൗ
10. 1990-കൾ മുതൽ
11. ബ്രേക്കിംഗ് ന്യൂസ്
12. സ്പെഷ്യൽ റിപ്പോർട്ട്, സ്പെഷ്യൽ കവറേജ്
13. ജോൺ എഫ്. കെന്നഡിയെക്കുറിച്ച്
14. വാർത്താധിഷ്ഠിത പരിപാടികൾ
15. വാർത്താവിശകലനം
16. ഇന്ററാക്ടീവ് ജേർണലിസം
17. ബ്ലോഗുകൾ
18. ലൈവ് റിപ്പോർട്ടിംഗ്
19. ഓൺ ദ സ്പോട്ട് റിപ്പോർട്ടിംഗ്, റിയൽടൈം റിപ്പോർട്ടിംഗ്
20. അഭിമുഖസംഭാഷണങ്ങൾ
21. മൈക്കൽ ജാക്സന്റേത്

Assignment

1. വാർത്താധിഷ്ഠിത പരിപാടികളെക്കുറിച്ച് ഒരു വിവരണം തയ്യാറാക്കുക.
2. നിങ്ങൾ ഒരു ജേർണലിസ്റ്റായാൽ ലൈവ് റിപ്പോർട്ടിംഗ് എങ്ങനെ നിർവ്വഹിക്കുമെന്ന് വിവരിക്കുക.
3. വാർത്താബുള്ളറ്റിൻ എന്നാലെന്ത്? വിവരിക്കുക.
4. വാർത്താമാഗസിന്റെ പ്രത്യേകതകൾ എന്ത്? വ്യക്തമാക്കുക.
5. ബ്രേക്കിംഗ് ന്യൂസ് എന്നറിയപ്പെടുന്നത് എന്താണ്? അതിന്റെ പ്രത്യേകതകൾ വിശദമാക്കുക.
6. ടെലിവിഷനിൽ അഭിമുഖസംഭാഷണങ്ങളുടെ ആവശ്യകതയെന്ത്? വിലയിരുത്തുക.
7. ടെലിവിഷനിലെ വാർത്താവിശകലനം എന്താണെന്ന് വിശദീകരിക്കുക

References

1. Steve Jones, Encyclopedia of New Media, Sage Publications Inc., chicago.
2. Bill Kovach & Tom Rosenstiel, The Elements of Journalism, Paperback.
3. Balakrishna Iyer, Digital Television Journalism, Authors Press, New Delhi

E-content

1. ന്യൂസ് മാഗസിൻ
   https://www.c-span.org/video/?44566-1/news-magazine-journalism
2. വാർത്ത ബുള്ളറ്റിംഗ്
   https://youtu.be/xV_AGlDMpDY?si=LLlI4BoYDlBncWrb

SREENARAYANAGURU OPEN UNIVERSITY

BLOCK 04

വാർത്തേതര പരിപാടികളും സംപ്രേഷണ സാങ്കേതിക വിദ്യയും

യൂണിറ്റ് 1

വാർത്തേതരപരിപാടികളും സംപ്രേഷണ സാങ്കേതിക വിദ്യയും

Learning Outcomes

- ടെലിവിഷനിലെ വാർത്തേതരപരിപാടികളെക്കുറിച്ച് മനസിലാക്കുന്നു.
- ടെലിഫിലിംനിർമ്മാണം, ആസൂത്രണം, തിരക്കഥ, സംവിധാനം എന്നിവയെക്കുറിച്ച് അറിവ് നേടുന്നു
- അനലോഗ്, ഭൂതലം, ഉപഗ്രഹം, കേബിൾ തുടങ്ങിയ സംപ്രേഷണ വിദ്യകൾ തുടങ്ങിയവ പരിചയപ്പെടുന്നു
- വെബ്ബ് അധിഷ്ഠിത പോഡ്കാസ്റ്റിംഗ്,യൂട്യൂബ്, ലൈവ്സ്ട്രീമിംഗ് എന്നിവയെക്കുറിച്ച് മനസിലാക്കുന്നു.

Prerequisite

നാം ജീവിക്കുന്നത്, അസാധ്യമെന്ന് പൂർവ്വികർ കരുതിയിരുന്ന പല കാര്യങ്ങളും ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യകളുടെ സഹായത്തോടെ യാഥാർത്ഥ്യമാക്കിക്കൊണ്ടിരിക്കുന്ന ഒരു കാലത്താണ്. ജീവിതത്തെ കൂടുതൽ സുന്ദരവും സുഖകരവും സന്തോഷകരവും ആരോഗ്യകരവുമാക്കാൻ കഴിയുംവിധമുള്ള മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ആശയവിനിമയം, വിദ്യാഭ്യാസം, ആരോഗ്യം, നിർമ്മാണകലകൾ, ബഹിരാകാശമേഖലകൾ, സഞ്ചാരമേഖലകൾ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങി വ്യക്തിയുടെയും സമൂഹത്തിൻന്റെയും ജീവിതത്തിലെ സമസ്തമേഖലകളെയും നവീകരിച്ചുകൊണ്ട് ശാസ്ത്ര-സാങ്കേതികവിദ്യ മുന്നേറുകയാണ്.

ഗൂഗിളും അലക്സയും കടന്ന് കൊച്ചുകുട്ടികൾ മുതൽ ശാസ്ത്രജ്ഞർവരെ ഏതുതരം വ്യക്തികൾക്കും ഏതുഭാഷയിലും ഏതു വിഷയത്തെക്കുറിച്ചും സ്വാഭാവികമായ രീതിയിൽ ആശയവിനിമയം സാദ്ധ്യമാക്കുന്ന ചാറ്റ് ജിപിടി ബോട്ട് (ജെനറേറ്റീവ് പ്രീട്രെയ്ൻഡ് ട്രാൻസ്ഫോമർ) വരെ എത്തിക്കഴിഞ്ഞിരിക്കുന്നു. സമൂഹജീവിതത്തിന്റെ എല്ലാതലങ്ങളും ശാസ്ത്ര-സാങ്കേതിക വിദ്യയാൽ നവീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ലോകത്തെ ഏതുമാറ്റങ്ങളും അതിവേഗം നമ്മൾ അറിയുന്നു. ലോകമേ തറവാട് എന്നവിധം ഇന്ന് എല്ലാ രാജ്യങ്ങളിലും മലയാളികൾ സ്ഥിരമായി താമസിക്കുന്നു, തൊഴിലെടുക്കുന്നു.

വിവരവും വിജ്ഞാനവും വാർത്തകളും പങ്കുവെയ്ക്കുന്ന ടെലിവിഷനിലും ഇന്റർനെറ്റിലും സാങ്കേതികമായ മുന്നേറ്റങ്ങൾ നിരന്തരം വന്നുകൊണ്ടിരിക്കുന്നു. ടെലിവിഷനിലെ വാർത്തേതര പരിപാടികളിൽ പ്രധാനമായ ഡോക്യുമെന്ററികൾ, ടെലിഫിലിം എന്നിവയുടെ നിർമ്മാണവും, സംവിധാനവും യുവാക്കൾക്ക് വലിയ അവസരങ്ങൾ തുറന്നിടുന്നു. വെബ്ബ് അധിഷ്ഠിത പോഡ് കാസ്റ്റിംഗ്, യൂട്യൂബ്, ലൈവ് സ്ട്രീമിംഗ് എന്നിവയെക്കുറിച്ച് അറിയുന്നതിലൂടെ, കാലത്തിനൊപ്പം സ്വയം നവീകരിക്കപ്പെടാനും ആ മേഖലകളിലെ നിരവധിയായ തൊഴിൽ സാധ്യതകളുടെ വാതിലുകൾ തുറന്നെടുക്കാനും നമുക്കു കഴിയുന്നു.

Keywords

ടെലിഫിലിം - തിരക്കഥ - ഡോക്യുമെൻററികൾ -ടി.വി സംപ്രേഷണ സാങ്കേതികവിദ്യ - വെബ്ബ് സംപ്രേഷണം- പോഡ് കാസ്റ്റിംഗ് -യുട്യൂബ് - ലൈവ് സ്ട്രീമിംഗ്

Discussion

ടെലിവിഷൻ ചരിത്രം

ഇരുപതാം നൂറ്റാണ്ടിൽ ലോകമെങ്ങും പ്രചാരം നേടിയ ജനപ്രിയ മാധ്യമമാണ് ടെലിവിഷൻ. ദൃശ്യശ്രവ്യമാധ്യമമെന്ന നിലയിൽ ജനഹൃദയത്തിൽ അനന്യമായ സ്ഥാനം ടെലിവിഷൻ നേടിക്കഴിഞ്ഞു. പത്രമാസികാദികൾ കാഴ്ചയിലും റേഡിയോ ശ്രവണത്തിലും ഒതുങ്ങി നിന്നപ്പോൾ ഇരുതലങ്ങളെയും യോജിപ്പിച്ചു കൊണ്ടുള്ള ടെലിവിഷന്റെ കടന്നുവരവ് ദൃശ്യമാധ്യമങ്ങളുടെ അനുഭവചരിത്രത്തിൽ സവിശേഷമായ സ്ഥാനമർഹിക്കുന്നു. അനഭ്യസ്തവിദ്യർക്കും ആസ്വദിക്കാമെന്നത് ടെലിവിഷന്റെ ജനപ്രിയതയ്ക്ക് ഒരു കാരണമാണ്. ലോകത്തെവിടെ നടക്കുന്ന കാര്യവും ഞൊടിയിടകൊണ്ട് ടെലിവിഷൻ കാഴ്ചക്കാരുടെ മുന്നിലെത്തിക്കുന്നു. എന്താണോ റിപ്പോർട്ടു ചെയ്യുന്നത് അതിനെ ടെലിവിഷൻ. പ്രദർശിപ്പിക്കുന്നു. ഒരേസമയം കാഴ്ചയും കേൾവിയുമാണ് ടെലിവിഷന്റെ ഒരു സവിശേഷത. ടെലിവിഷൻ ദർശകർ ഏതെങ്കിലും ഒരു വിഭാഗത്തിൽപ്പെടുന്നവരല്ല എന്നതാണ് അതിന്റെ ജനപ്രിയതയെ നിർണയിക്കുന്ന മറ്റൊരു കാര്യം. പണ്ഡിതനും പാമരനും, ട്രാൻസ്ജൻഡറും സ്ത്രീയും പുരുഷനും, കുട്ടിയും വൃദ്ധരും, പല മത വിഭാഗങ്ങളിലും സാമൂഹിക സാമ്പത്തിക തട്ടിൽപ്പെടുന്നവരും ടെലിവിഷൻ കാണുന്നു.

1884 പ്രൊഫസർ നിഷ്കോവ് കണ്ടുപിടിച്ച ഡിസ്ക് സ്കാനർ ടെലിവിഷന്റെ ആദ്യരൂപം ആയിരുന്നു. 1931- ൽ അമേരിക്കക്കാരനായ ജോൺ ലോഗി ബയേർഡിന്റെ നേരിട്ടുള്ള സംപ്രേഷണം ആയിരുന്നു പുതിയ പരീക്ഷണം. അതിലും വിജയിച്ചതോടെ 1932 - ൽ ബയേർഡിന്റെ സംവിധാനം ഉപയോഗിച്ച് ബിബിസി ദിവസേനയുള്ള സംപ്രേഷണം ആരംഭിച്ചു. 1907- ൽ ലിഡി ഫോറസ്റ്റ് ഇലക്ട്രോൺ വാൽവ് പ്രവർധകങ്ങൾ (amplifiers) നിർമ്മിച്ചത് ടെലിവിഷൻ നിർമ്മാണത്തിലേക്കുള്ള പാത സുഗമമാക്കി. 1923-ൽ അമേരിക്കയിൽ നിന്നുള്ള സി. എഫ്. ജൻ. കിന്സുമായി കൂട്ടുചേർന്ന് ഡിസ്ക് സ്കാനിങ് സിസ്റ്റം വികസിപ്പിച്ചെടുത്തത് ഇംഗ്ലീഷുകാരനായിരുന്ന ജോൺ ലോഗി ബയേർഡായിരുന്നു. ലണ്ടനിലെ ഒരു കടയുടെ മുന്നിൽ ബയേർഡ് ഇമേജ് പ്രതിഫലിക്കുന്ന കുറേ കണ്ണാടിച്ചില്ലുകൾ അടങ്ങിയ വലിയൊരു ഡിസ്ക് പ്രദർശിപ്പിച്ചു. ഈ ഉപകരണം ബയേർഡ് ടെലിവൈസർ എന്നാണ് അറിയപ്പെടുന്നത്.

ടെലിവിഷൻ എന്ന പദം ആദ്യം ഉപയോഗിച്ചത് സയന്റിഫിക് അമേരിക്കൻ എന്ന പ്രശസ്ത ജേർണലിന്റെ 1907 ജൂൺ ലക്കത്തിൽ പ്രസിദ്ധപ്പെടുത്തിയ ഒരു ലേഖനത്തിലാണ്. അതിനുമുമ്പ് പ്രതിച്ഛായകൾ പ്രേഷണം ചെയ്യുന്ന പ്രക്രിയയുടെ ഫലത്തിന് കൊടുക്കുന്ന പേരുകൾ വയർലെസ്സ് പിക്ചേർസ്, വിഷ്വൽ വയർലെസ്സ്, വിഷ്വൽ റേഡിയോ, ഇലക്ട്രിക് വിഷൻ എന്നൊക്കെ ആയിരുന്നു. ടെലിവിഷന്റെ അർഥം 'ദൂരത്തിൽ കാഴ്ച' എന്നാണ്. ഗ്രീക്കിൽ ടെല് (ele) എന്നാൽ 'ദൂരെ' എന്നാണ്. ടെലിഗ്രാഫ്, ടെലിഫോൺ, ടെലിപ്രിന്റർ, ടെലക്സ്, ടെലിക്സ്റ്, ടെലിമാറ്റിക്സ്, ടെലിടി, ടെലിസ്കോപ്, ടെലികമ്യൂണിക്കേഷൻ ടെലികോൺഫറൻസിങ് എന്നിങ്ങനെ കമ്പികളുടെ സഹായം കൂടാതെ ചിത്രങ്ങളും ശബ്ദവും ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് അയയ്ക്കുക എന്നതാണ് ടെലിവിഷന്റെ അടിസ്ഥാനതത്വം.

റേഡിയോയിൽ ശബ്ദതരംഗങ്ങൾ അതിദൂരം റേഡിയോ തരംഗങ്ങൾ വഴി യാത്ര ചെയ്യുന്നു. സിനിമയിൽ പ്രതിച്ഛായകളും ശബ്ദവും ഫിലിം

സ്റ്റോക്കിൽ പതിപ്പിച്ചിട്ട് ഫിലിം സ്ക്രീനിലേക്ക് പ്രൊജക്ട് ചെയ്യുന്നു. ടെലിവിഷനിൽ ഒരേസമയം ചിത്രങ്ങളുടെയും ശബ്ദത്തിന്റെയും സിഗ്നലുകൾ അതിദൂരം യാത്രചെയ്ത് നിർദിഷ്ടസ്ഥാനത്തെത്തുമ്പോൾ ആ സിഗ്നൽ തരംഗങ്ങൾ തിരിച്ച് ചിത്രങ്ങളും ശബ്ദവുമാക്കി മാറ്റി ടെലിവിഷൻ സ്വീകരണിയിലൂടെ ടെലിവിഷൻ സെറ്റിന്റെ സ്ക്രീനിലെത്തുന്നു. ദർശകർ സ്വിച്ചമർത്തിയാൽ മാത്രം മതി. ബാക്കി കാര്യങ്ങളൊക്കെ അങ്ങ് ദൂരെയുള്ള പ്രേഷണികളിലും വീട്ടിലുള്ള സെറ്റിലെ സ്വീകരണിയിലും നടക്കുന്നു. ടെലിവിഷൻ സ്ക്രീനിൽ വരുന്ന പരിപാടികൾ വീഡിയോ കാസറ്റ് റിക്കോർഡറിൽ (VCR) കടത്തിയ ടേപ്പിലേക്ക് പിടിച്ചെടുക്കാം. വീണ്ടും ടേപ്പിലെ ശബ്ദവും ചിത്രങ്ങളും VCR- ലൂടെ TV മോണിറ്ററിൽ കാണിക്കാം. ടെലിവിഷൻ, റേഡിയോ എന്നിവയിൽ ഇലക്ട്രോണുകളാണ് അതിവേഗത്തിൽ സഞ്ചരിച്ച് ശബ്ദതരംഗങ്ങളും ചിത്രതരംഗങ്ങളും നിർദിഷ്ടസ്ഥാനത്ത് എത്തിക്കുന്നത്.

ടെലിവിഷന്റെ വളർച്ചയ്ക്ക് ആക്കം കൂട്ടിയത് അമേരിക്കയിലെ വ്യവസായ പ്രമുഖരുടെ ഇടപെടലുകൾ ആയിരുന്നു. 1930-ൽ ഡേവിഡ് സർനോഫ് എന്ന യുഎസിലെ ഉദ്യോഗസ്ഥൻ ടെലിവിഷന്റെ വികാസത്തിന് വലിയ സംഭാവനകൾ നൽകി. അമേരിക്കയിലെ റേഡിയോ കോർപ്പറേ ഷന്റെ ഉയർന്ന ഉദ്യോഗസ്ഥൻ ആയിരുന്നു അദ്ദേഹം. 1916- ൽ റേഡിയോയുടെ സങ്കേതത്തിലൂടെ നടത്തിയ പരീക്ഷണങ്ങൾ തന്നെയാണ് ടെലിവിഷൻ കണ്ടുപിടിത്തത്തിന് വഴിതെളിച്ചത്. അനേകം കേബിളുകളും ട്യൂബുകളും ക്യാമറകളും റിസീവറുകളും സംപ്രേഷണ സംവിധാനങ്ങളുമൊക്കെ ടെലിവിഷൻ പ്രവർത്തനത്തിന് ആവശ്യമായിരുന്നു.

ആദ്യത്തെ ടെലിവിഷൻ താരം ഒരു പാവയായിരുന്നു. കറങ്ങുന്ന ഒരു ഫോണോഗ്രാഫിക് മേശ മേൽ ഒരു പാവയുടെ രൂപം പ്രതിഷ്ഠിച്ചു. ശക്തിയേറിയ പ്രകാശത്തിന് കീഴിൽ പത്തുവർഷത്തോളം പാവ കറക്കം തുടർന്നു. ഇത് സുപ്രധാനമായ പരീക്ഷണമായിരുന്നു. 1933-ൽ നടത്തിയ പരീക്ഷണത്തിൽ ടെലിവിഷന്റെ അടുത്തഘട്ടവും വിജയിച്ചു. 1936-ൽ ടെലിവിഷനിലൂടെ നിരവധി ചലനചിത്രങ്ങളും കലാപരിപാടികളും നിർമ്മിച്ചു. 1937-ൽ അമേരിക്കൻ ടെലിവിഷൻ ഷെർലക് ഹോംസ് കഥയെ ഉപജീവിച്ച് ചില നാടകങ്ങൾ സംപ്രേഷണം ചെയ്തു. 1939-ലാണ് പരസ്യകമ്പനികളുടെ സ്പോൺസർഷിപ്പ് ലഭിച്ചു തുടങ്ങിയത്. രണ്ടാം ലോകമഹായുദ്ധത്തിന്റെ വരവോടെ 1939-ൽ ബിബിസി ടെലിവിഷൻ സംപ്രേഷണം നിലച്ചു. മിക്കി മൗസ് കാർട്ടൂൺ പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നതിനിടയാണ് പ്രദർശനം നിലച്ചത്. 1946 ജൂൺ ഏഴാം തീയതി സംപ്രേഷണം പുനരാരംഭിച്ചത് നിർത്തിവച്ച മിക്കി മൗസിന്റെ തുടർന്നുള്ള ഭാഗങ്ങൾ പ്രദർശിപ്പിച്ചുകൊണ്ടായിരുന്നു.

ഇരുപതാം നൂറ്റാണ്ടിൽ വാർത്താവിനിമയ രംഗത്തുണ്ടായ ഏറ്റവും വലിയ വിപ്ലവം എന്ന് ടെലിവിഷനെ വിശേഷിപ്പിക്കാം. മറ്റു മാധ്യമങ്ങളെപ്പോലെതന്നെ വിവരവും വിനോദവും വിദ്യാഭ്യാസവുമൊക്കെയാണ് ടെലിവിഷന്റെയും അടിസ്ഥാന ലക്ഷ്യം. ലോകക്കാഴ്ചകളെ വീട്ടിനകത്തേക്ക് ആദ്യമായി കൂട്ടിക്കൊണ്ടുവന്നത് ഈ ഉപകരണമാണ്. ശബ്ദവും ചിത്രവും ചലച്ചിത്രവും സമന്വയിക്കുന്ന മൾട്ടിമീഡിയ തത്വം അനുസരിച്ചാണ് ടെലിവിഷൻ പ്രവർത്തിക്കുന്നത്. ശബ്ദങ്ങൾ എന്നതു പോലെ ചലിക്കുന്ന ചിത്രങ്ങളെയും വൈദ്യുതതരംഗമാക്കാം എന്ന കണ്ടെത്തലാണ് ഈ മാധ്യമത്തിന്റെ പിറവിക്കു പിന്നിൽ. റേഡിയോയുടെ പരിമിതികളെ പരിഹരിച്ചുകൊണ്ട് ജനമധ്യത്തിലെത്തിയ ടെലിവിഷൻ വളരെവേഗം ജനപ്രിയത പിടിച്ചുപറ്റി. ആബാലവൃദ്ധജനങ്ങളെയും കാഴ്ചക്കാരാക്കാൻ ടെലിവിഷനു കഴിഞ്ഞു. 'വിഡ്ഢിപ്പെട്ടി' എന്ന ദുഷ്പേരുപോലും സമ്പാദിച്ചു. 1926 ജനുവരി 26ന് ലണ്ടനിലെ റോയൽ ഇൻസ്റ്റിറ്റ്യൂട്ട് മുമ്പാകെ ടെലിവിഷൻ പ്രദർശിപ്പിച്ച ജോൺ ബയേർഡ് പ്രശസ്തിയിലേക്ക് കുതിച്ചു. പക്ഷേ സാങ്കേതികമായി മാർക്കോണിയുടെ ഇ എം ഐ ടീമിന്റെ സംവിധാനമാണ് ടെലിവിഷന്റെ പ്രവർത്തനത്തിന് കാരണമെന്ന് വിദഗ്ധർ വിലയിരുത്തി. ബയേർഡിന്റെ കണ്ടുപിടിത്തത്തിന് സാക്ഷ്യം വഹിച്ച പരീക്ഷണശാല തീപിടുത്തത്തിൽ നശിച്ചത് അദ്ദേഹത്തിന്റെ നേട്ടത്തിന്റെ അവകാശവാദം നിരാകരിക്കാൻ കാരണമായി. 1928-ൽ അമേരിക്കയിൽ ടെലിവിഷൻ സംപ്രേഷണം

നടത്തി. ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിങ് കമ്പനി ഈ രംഗത്തേക്കു വന്നത് 1929- ലാണ്. ആദ്യകാലത്ത് ശബ്ദവും ദൃശ്യവും വെവ്വേറെയായിരുന്നു പുറത്തുവിട്ടിരുന്നത്. 1930 ആയപ്പോഴേക്കും രണ്ടും ഒന്നിച്ച് പ്രവർത്തിപ്പിക്കാനുള്ള സംവിധാനമായി. 1931-ലാണ് തത്സമയ സംപ്രേഷണം ആദ്യമായി സാധ്യമായത്. 1936-ൽ ബയേർഡ് തന്റെ പഠനങ്ങളിലൂടെ ഒരു ചിത്രത്തെ 240 വരികളായി തരംതിരിച്ച് സെക്കൻഡിൽ 24 ചിത്രങ്ങൾ വീതം വിശകലനം ചെയ്യാനുള്ള സംവിധാനമുണ്ടാക്കി. മാർക്കോണി ഇ എം ഐ ടീം 405 വരികളും 25 ചിത്രങ്ങളും എന്ന സംവിധാനവും പരീക്ഷിച്ച് വിജയിപ്പിച്ചു. ഒടുവിൽ ബ്രിട്ടീഷ് ഗവൺമെന്റ് മാർക്കോണി ഇ. എം. ഐ. ടീമിന്റെ സംവിധാനത്തിനാണ് കണ്ടുപിടിത്തത്തിനുള്ള അംഗീകാരം നൽകിയത്.

ടെലിവിഷന്റെ ഉദ്ഭവത്തിനുശേഷം മൂന്നു ദശകങ്ങൾ കഴിഞ്ഞാണ് (1959 സെപ്തംബർ 15) അത് ഇന്ത്യയിൽ എത്തുന്നത്. 1959 ലാണ് ഇന്ത്യയിൽ ടെലിവിഷൻ സംപ്രേഷണമാരംഭിച്ചത്. ആഴ്ചയിൽ രണ്ടുതവണ വീതമുള്ള ഒരു മണിക്കൂർ സംപ്രേഷണം ആയിരുന്നു. ബ്ലാക്ക് ആൻഡ് വൈറ്റിൽ ആണ് സംപ്രേഷണം ചെയ്തത് ഇരുപത്തിയൊന്നാം നൂറ്റാണ്ട് ആയപ്പോഴേക്കും 200 ഓളം ചാനലുകൾ കാണാൻ കഴിയുന്ന തരത്തിലേക്ക് ടെലിവിഷൻ വളർന്നുകഴിഞ്ഞു. ഡൽഹിയിലെ ആകാശവാണി കേന്ദ്രത്തിലായിരുന്നു ആദ്യ സംപ്രേഷണം. അതാണ് ദൂരദർശന്റെ തുടക്കം. ഡൽഹിക്കു പുറത്തേക്ക് ദൂരദർശൻ കടന്നുവരാൻ പിന്നെയും സമയമെടുത്തു. എഴുപതുകളിൽ, തിരഞ്ഞെടുത്ത സംസ്ഥാനങ്ങളിൽ ദൂർദർശൻ സംപ്രേഷണം ആരംഭിച്ചു. 1976- ലാണ്, അതുവരെ ആകാശവാണിയുടെ ഭാഗമായിരുന്ന ദൂരദർശൻ സ്വതന്ത്രമായി പ്രവർത്തനം ആരംഭിക്കുന്നത്. ആദ്യകാലത്ത് കറുപ്പും വെളുപ്പും മാത്രം ദൃശ്യമാകുന്ന ബ്ലാക്ക് ആന്റ് വൈറ്റ് ടി.വി.കളായിരുന്നു പ്രചാരത്തിലുണ്ടായിരുന്നത്. 1982 ഓടെ ബഹുവർണ്ണചിത്രങ്ങൾ ലഭ്യമായിത്തുടങ്ങി. ഭൂതലസംപ്രഷണികൾ വഴിയായിരുന്നു സംപ്രേഷണം. തൊണ്ണൂറുകളിൽ ഉപഗ്രഹനിലയങ്ങൾ കടന്നു വന്നത് ഈ രംഗത്തെ മറ്റൊരു നാഴികക്കല്ലായിരുന്നു

കേരളത്തിൽ 1982-ൽ തിരുവനന്തപുരത്തു നിന്ന് ആദ്യമായി ടെലിവിഷൻ സംപ്രേഷണം ചെയ്തത് കെൽട്രോണിന്റെ നേതൃത്വത്തിലായിരുന്നു. പിന്നീടാണ് ദൂരദർശൻ സംപ്രേഷണം ആരംഭിക്കുന്നത്. 1985-ൽ ആദ്യമായി മലയാള ഭാഷയിൽ പരിപാടികൾ ആരംഭിച്ചു. 1990-കളോടെ ടെലിവിഷൻ സംപ്രേഷണരംഗത്തേക്ക് സ്വകാര്യചാനലുകൾ കടന്നുവന്നു. ഇത് പരിപാടികളുടെ വൈവിധ്യത്തിന് കാരണമായി. സ്പോർട്സ്, സംഗീതം, ചലച്ചിത്രം തുടങ്ങി പ്രത്യേകവിഷയങ്ങൾ മാത്രം കൈകാര്യം ചെയ്യുന്ന ചാനലുകൾ ലഭ്യമായി. 'ഇന്ത്യയുടെ ആകാശം സ്വതന്ത്രമാക്കപ്പെട്ടു' എന്നാണ് ഈ സ്വകാര്യവൽക്കരണത്തെ അക്കാലത്ത് വിശേഷിപ്പിച്ചത്. എന്നാൽ, ചാനലുകൾ തമ്മിലുള്ള മത്സരത്തിന് ഇത് വഴി തെളിച്ചു. പരിപാടികളുടെ നിർമ്മാണത്തിലും അവതരണത്തിലും കച്ചവടക്കണ്ണുകൾ പ്രവർത്തിച്ചു. പരസ്യമാണ് മുഖ്യ വരുമാനമാർഗ്ഗം എന്നത് പരസ്യങ്ങൾക്ക് കൂടുതൽ ഇടം നല്കുന്ന പ്രവണതയിലേക്കു നയിച്ചു. ഒരു വ്യവസായമെന്ന നിലയിൽ ലാഭം മുഖ്യലക്ഷ്യമായതോടെ വിനോദിപ്പിക്കുക എന്നതായി മുഖ്യധർമ്മം. വാർത്തകൾ സൃഷ്ടിക്കപ്പെടുകയും വൈകാരികോന്മത്തത ഉണ്ടാക്കുന്നതരത്തിലാക്കുകയും (Sensational) ചെയ്തു. ദൃശ്യമാധ്യമങ്ങൾ ധാർമ്മികതയിൽ നിന്നും മൂല്യബോധത്തിൽ നിന്നും അകലുന്നു എന്നും സാമൂഹിക ഉത്തരവാദിത്തത്തിൽനിന്ന് ഒഴിഞ്ഞുമാറുന്നു എന്നതും അവയ്ക്കെതിരെയുള്ള വിമർശനങ്ങളാണ്. അതോടൊപ്പം വാർത്താചാനലുകളുടെ വികാസത്തെക്കുറിച്ചും നയരൂപീകരണത്തെക്കുറിച്ചും ചർച്ച ചെയ്യേണ്ടിയിരിക്കുന്നു. ഭരണകൂടത്തിന്റെ പ്രീതിക്കുവേണ്ടി വാർത്തകളെ വളച്ചൊടിക്കുകയും ജനകീയപ്രശ്നങ്ങളുമായി ബന്ധപ്പെട്ട വാർത്തകളെ തമസ്കരിക്കുകയും ചെയ്യുന്ന രീതികൾ ഇന്ന് കോർപ്പറേറ്റ് മാധ്യമങ്ങളുടെ പതിവ് ശൈലിതന്നെയാണ്. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം മൂലം വാർത്തകളുടെ നിജസ്ഥിതി സംബന്ധിച്ച് ബഹുജനങ്ങൾക്ക് ആശയക്കുഴപ്പം സൃഷ്ടിക്കുന്ന സ്ഥിതിയും സംജാതമാകുന്നുണ്ട്. ചാനലുകൾ ഒരേ വാർത്തകൾ തന്നെ പല വീക്ഷണകോണുകളിലൂടെ റിപ്പോർട്ട് ചെയ്യുന്നതാണ് ആശയവൈരുദ്ധ്യത്തിന് വഴിതുറക്കുന്നത്.

പിക്ചർ ട്യൂബ് (ചിത്രനാളി, Picture tube)

ടി.വി. സെറ്റിന്റെ സർവപ്രധാന ഭാഗങ്ങളിലൊന്നാണ് ചിത്രനാളി. ടി.വി. ക്യാമറയിലെ പ്രവർത്തനത്തോട് സദൃശമാണ് ചിത്രനാളിയിലെ പ്രവർത്തനം. രണ്ടിലും 'ഇലക്ട്രോണിക് ഗൺ'ഉണ്ട്. വലിയ ചിത്രനാളികളിൽ 525 'പൊട്ടു വരികൾ' (dot lines) കാണും. ചിത്രനാളിയിലെത്തുന്ന പൊട്ടുകൾക്കും ടി.വി. ക്യാമറയിലെ പൊട്ടുകളുടെ അതേ വേഗം കാണും.

കളർ, ബ്ലാക്ക് ആൻഡ് വൈറ്റ് ടി.വി. സെറ്റുകൾ

ഇവ തമ്മിലുള്ള പ്രധാന വ്യത്യാസം കളർ ടി.വി. സെറ്റിൽ മൂന്നു ചിത്രനാളികളുണ്ടെന്നതാണ്. ചുവപ്പ്, നീല, മഞ്ഞ എന്നിവയാണവ. ക്യാമറയിൽ കടക്കുന്ന പ്രകാശരശ്മി ഈ മൂന്നു വർണങ്ങളിലായിട്ടാണ് വിഭജിക്കപ്പെടുന്നത്. ഓരോ അടിസ്ഥാനവർണവും അതിന്റേതായ നാളിയിൽ പ്രവേശിക്കുന്നു. നാളിയിൽ വച്ച് ഓരോ നിറത്തിനും അതിവേഗം ദീർഘദൂരം സഞ്ചരിക്കുവാൻ വേണ്ട പ്രകാശോർജം ലഭിക്കുന്നു. ഇങ്ങനെ വലിയ ശക്തിയുള്ള കളർ സിഗ്നലുകളാണ് ട്രാൻസ്മിഷൻ ടവറിൽ എത്തുന്നത്. അവിടെ നിന്ന് റിസീവിങ് സെറ്റുകളിലേക്ക് (സ്വീകരണ സ്റ്റേഷനകളിൽ എത്താതെ തന്നെ) നേരിട്ടുചെന്നെത്താൻ, അതായത് ടെലിവിഷൻ സെറ്റുള്ള ഓരോ വീട്ടിലേക്കും ചെന്നെത്താൻ സിഗ്നലുകൾക്ക് കഴിയുന്നു. കളർ ടി.വി. സെറ്റുകൾക്കും മൂന്ന് ഇലക്ട്രോൺ ഗൺ ഉള്ള ചിത്രനാളികളാണുള്ളത്. ഒരു ചിത്രത്തിന് ഒരു ഗൺ എന്ന കണക്കിൽ പ്രകാശരശ്മികൾ വർണപ്പൊട്ടുകളായി വിഭജിക്കപ്പെടുന്നുണ്ട്. ഈ പൊട്ടുകൾ ഒന്നിക്കുമ്പോൾ സ്ക്രീനിൽ എല്ലാനിറങ്ങളും മൊത്തമായി ഒന്നിക്കുന്നു. ചുമപ്പും പച്ചയും ഗണ്ണുകൾ ഒന്നിച്ച് ഒരേ അളവിൽ രശ്മികൾ അയയ്ക്കുമ്പോൾ മനുഷ്യനേത്രങ്ങൾക്ക് മഞ്ഞയായി തോന്നും. അതുപോലെ ചുവപ്പും പച്ചയും നീലയും ഒരേ അളവിൽ മിശ്രിതപ്പെടുമ്പോൾ പരിണതഫലമായി 'വെള്ള' കാണുന്നു. ഇതെല്ലാം, 'സമ്മിശ്രണവും' നമ്മുടെ കാണലും എല്ലാം, ഒരു സെക്കൻഡിന്റെ ഒരു ചെറിയ അംശത്തിനുള്ളിൽ നടക്കുന്നു.

ഇന്ന് പലതരം സ്ക്രീനുകളും സെറ്റുകളും വികസിപ്പിച്ചെടുക്കാൻ ശാസ്ത്രജ്ഞർക്ക് കഴിഞ്ഞിട്ടുണ്ട്. ടി.വി. സിഗ്നലുകൾ വിദൂരസ്ഥാനങ്ങളിൽ നിന്ന് നേരിട്ട് വീട്ടിലേക്ക് (direct to home, DTH) അയയ്ക്കാൻ സംവിധാനമുണ്ട്.

ആദ്യ ടെലിവിഷൻ കാണാനായി ആൾക്കൂട്ടം

ജോൺ ലോഗി ബയേർഡ് നിർമ്മിച്ച ആദ്യ ടെലിവിഷൻ ഉപകരണവുമായി

ചരിത്രത്തിലാദ്യമായി ടെലിവിഷൻ കണ്ടുപിടിച്ചതിന്റെ പൂർണ്ണമായ ക്രെഡിറ്റ് ബ്രിട്ടീഷ് പൗരനായ എഞ്ചിനീയർ ജോൺ ലോഗി ബയേർഡിന് അവകാശപ്പെട്ടതാണ്. തടികൊണ്ട് ചട്ടക്കൂടുകൾ നിർമ്മിച്ച പെട്ടിയുടെ ഒരുവശത്തായി ചെറിയ സ്ക്രീനും ട്രാൻസിസ്റ്ററുമായി ഒരു വലിയ ഉപകരണമായിരുന്നു ബയേർഡ് രൂപപ്പെടുത്തിയത്. ടെലിവിഷൻ എന്ന് അതിന് നാമകരണം ചെയ്തു. ഈ കണ്ടുപിടിത്തത്തിന് ഒരു നൂറ്റാണ്ട് തികയുകയാണ്. 1926 ജനുവരി 26-ന് ബയേർഡ് ആദ്യമായി ടെലിവിഷൻ ഒരു സ്റ്റേഷനറി കടയുടെ മുന്നിൽ പ്രദർശിപ്പിച്ചു. ആദ്യകാലങ്ങളിൽ ടിവിയുടെ ആദ്യ രൂപം മെനഞ്ഞെടുത്തപ്പോൾ കാണികളിൽ ചിലർ ബയേർഡിനെ ഭ്രാന്തനെന്ന് മുദ്ര കുത്തി പരിഹസിച്ചിരുന്നു. അവരുൾപ്പെടെ വലിയൊരു ആൾക്കൂട്ടം ബയേർഡിന്റെ കണ്ടുപിടിത്തത്തിലെ അത്ഭുതം ദർശിക്കാനായി വന്നെത്തിയിരുന്നു. നിരവധി ശാസ്ത്രജ്ഞർ പല കാലങ്ങളിലായി നടത്തിയ പരീക്ഷണങ്ങളായിരുന്നു ബയേർഡിന്റെ വിജയത്തിനാധാരം. അലക്സാണ്ടർ ബെയിൻ, ഫെഡറിക് ബേക് വെൽ, ജിയോവാ നി കാസ്, വില്ലോബിസ്മിത്ത്, ഗോട്ട്ലീബ് നിഷ്കോവ്, കോൺ

സ്റ്റാന്റിൻ പെർസ്കി, ലിഡി ഫോറസ്റ്റ്, ആർതർ കോൺ, അഗസ്റ്റാ ബിസ്സിരി തുടങ്ങിയ ശാസ്ത്രജ്ഞരുടെ കണ്ടുപിടിത്തങ്ങളുടെ പിൻബലം ബയേർഡിന് ഊർജ്ജം പകർന്നു

ഇന്ത്യയിൽ ടി.വി. യുടെ ആരംഭം

ഇന്ത്യയിലെ ആദ്യ ടി.വി. കേന്ദ്രം പരീക്ഷണാർഥം തുടങ്ങിയത് 1959 സെപ്റ്റംബർ 15-ാം തീയതിയാണ്. ആകാശവാണിയും യുനെസ്കോയും (UNESCO) ചേർന്നാണ് ഈ പദ്ധതി നടപ്പാക്കിയത്. ഡൽഹി പ്രദേശത്തുള്ള 250 സ്കൂളുകളിൽ ഫോർഡ് ഫൗണ്ടേഷന്റെ ദാനമായി ടി.വി. സെറ്റുകൾ ലഭിച്ചു. കുറേ മാസങ്ങൾക്കുള്ളിൽ TV സെറ്റുകൾ ഡൽഹി പ്രദേശത്തെ 500 സ്കൂളുകൾക്കു ലഭിച്ചു. ക്രമേണ ടി.വി. സംപ്രേഷണം ഡൽഹിയുടെ പ്രാന്ത പ്രദേശങ്ങളിലേക്ക് വ്യാപിച്ചു. ഈ ടി.വി. പരീക്ഷണത്തിന് പരിമിതമായ ഉദ്ദേശ്യങ്ങളേ ഉണ്ടായിരുന്നുള്ളൂ. വിദ്യാർഥികൾക്ക് ഉപകരിക്കുന്ന പരിപാടികൾ ഉണ്ടാക്കുക, കമ്യൂണിറ്റി സെറ്റുകൾ ലഭ്യമാക്കുക, ഡൽഹിയിലും സമീപപ്രദേശങ്ങളിലുമുള്ള കർഷകർക്ക് ടി.വി. കാണാനുള്ള സൗകര്യമുണ്ടാക്കുക, പരിപാടികൾ കണ്ടശേഷം അവയെപ്പറ്റി ചർച്ച ചെയ്യുന്ന പതിവുണ്ടാക്കാൻ ടെലിക്ലബുകൾ തുടങ്ങുക. ആദ്യമാദ്യം ആകാശവാണിയുടെ ഒരു താൽക്കാലിക സ്റ്റുഡിയോവിൽ നിന്നാണ് ടെലികാസ്റ്റിങ് നടത്തിയത്. ഈ ആവശ്യത്തിന് 500-വാട്ട് ശക്തിയുള്ളതും 25 കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശത്ത് സംപ്രേഷിത പരിപാടികൾ എത്തിക്കാൻ കഴിവുള്ളതുമായ ട്രാൻസ്മിറ്ററാണ് ഉപയോഗിച്ചത്. പ്രതിദിനം ഒരുമണിക്കൂർ നീണ്ടുനിന്ന സംപ്രേഷണം കുട്ടികളെ, വിദ്യാർഥികളെ ഉദ്ദേശിച്ചാണ് സംഘടിപ്പിച്ചത്. ഇതുതന്നെ ക്രമംതെറ്റാതെ മുമ്പോട്ടുകൊണ്ടു പോകാൻ, തടസ്സം കൂടാതെ നിർവഹിക്കാൻ, ഏതാണ്ട് രണ്ടുവർഷത്തോളം വേണ്ടിവന്നു.

ഈ വിദ്യാഭ്യാസസംപ്രേഷണം (educational television) ഡൽഹി പ്രദേശത്തെ സ്കൂളുകളിലെ ഔപചാരിക വിദ്യാഭ്യാസത്തെ പരിപോഷിപ്പിക്കുക മാത്രമല്ല ചെയ്തത്. അത് അനൗപചാരിക വിദ്യാഭ്യാസത്തിന്റെ പ്രായോഗികത പരിശോധിക്കുവാനും ഉപകരിച്ചു. ഇന്ന് പ്രധാനപ്പെട്ട ടി.വി. സ്റ്റേഷനുകൾക്കെല്ലാം വിദ്യാഭ്യാസ സംപ്രേഷണം (Educational TV, ETV) ഉണ്ട്. പ്രാദേശിക ഭാഷകളിൽ വിദ്യാഭ്യാസപരിപാടികൾ ഡൽഹിയിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എഡ്യൂക്കേഷനൽ ടെക്നോളജി തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ച് രാജ്യത്തിന്റെ വിവിധമേഖലകളിൽ എത്തിക്കാറുണ്ട്. ഇതിൽ ഓരോ സ്റ്റേറ്റിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എഡ്യൂക്കേഷനൽ ടെക്നോളജി (SIET) സഹകരിക്കുന്നു. 1965 ഏപ്രിലിൽ തുടങ്ങിയ ദേശീയ പരിപാടി പൊതുവേ എല്ലാവർക്കും ഉപകരിക്കുന്ന ഒരു ജനറൽ സർവീസ് പരിപാടി ആയിരുന്നു. 1967 ൽ കൃഷിദർശൻ എന്ന മറ്റൊരു പൊതുപരിപാടി ആരംഭിച്ചു. ഇതെല്ലാം ഡൽഹിയിൽ നിന്നാണ് സംപ്രേഷണം ചെയ്തത്. 1972-ൽ മുംബൈയിൽ ഒരു ടി.വി. കേന്ദ്രം തുറന്നു. അതിന്റെ റിലേ കേന്ദ്രമായി 1973 -ൽ പൂണേ (Pune)യിൽ ഒരു സ്റ്റേഷൻ തുടങ്ങി. അന്നൊക്കെ ടി.വി. ആകാശവാണിയുടെ ഭാഗമായിരുന്നു. 1970-കളുടെ മധ്യത്തിൽ നാലു ടി.വി. കേന്ദ്രങ്ങളാണ് ഇന്ത്യയിൽ ഉണ്ടായിരുന്നത് ഡൽഹി, മുംബൈ, കൽക്കട്ട, ചെന്നൈ എന്നിവയാണ്.

ദൂരദർശൻ (DD)

1976 ഏപ്രിൽ 1-ന് ടെലിവിഷൻ ഔപചാരികമായി ആകാശവാണിയിൽ നിന്ന് വേർപെട്ട് സ്വതന്ത്രസ്ഥാപനമായി. അഞ്ചാറുവർഷത്തിനുള്ളിൽ ദേശീയപരിപാടികൾ ഡൽഹിയിൽ നിന്ന് സംപ്രേഷണം ചെയ്യുന്നതോടൊപ്പം മറ്റു മൂന്നു മുഖ്യകേന്ദ്രങ്ങളിൽനിന്ന് പ്രാദേശിക പരിപാടികൾ സംപ്രേഷണം ചെയ്തു. ദേശീയ വാർത്ത വൈകിട്ട് 8 മണിക്കും, പ്രാദേശികവാർത്തകൾ 7.30നും എല്ലാ കേന്ദ്രങ്ങളിൽനിന്നും ലഭിക്കുമായിരുന്നു.

1982-നുശേഷമാണ് ഇന്ത്യയിൽ ടി.വിയുടെ സാന്നിധ്യം വൻതോതിൽ പ്രകടമായത്. ആ വർഷം നവംബർ 19-ാം തീയതി ഡൽഹിയിൽ ഏഷ്യാഡ് (ഇന്ത്യയിലെ ആദ്യത്തെ ഏഷ്യാഡ്) നടന്നു. വർണ ടി.വി.യുടെ സമാരംഭവും ആ സമയത്ത് വ്യാപകമായി നടന്നു. അതിനൊരു കാരണം വിദേശഇന്ത്യക്കാർക്ക്,

പ്രത്യേകിച്ചും ഗൾഫിൽ നിന്നു തിരിച്ചുവന്നവർക്ക് കളർ ടി.വി. സെറ്റുകൾ ഇറക്കുമതി ചെയ്യാൻ കേന്ദ്രസർക്കാർ അനുമതി നൽകിയതാണ്. കളർ ടി.വി.യുടെ ഉപയോഗം വ്യാപകമാക്കാൻ ഏഷ്യാഡ് ഒരു കാരണമായി. വലിയ രാഷ്ട്രീയ സംഭവങ്ങൾ ഇന്ത്യയിൽ അടുത്തരണ്ടുവർഷങ്ങളിൽ നടന്നു ഇന്ദിരാഗാന്ധിയുടെ വധം, രാജീവ്ഗാന്ധിയുടെ രാഷ്ട്രീയ ഉയർച്ച തുടങ്ങിയവ. അടുത്ത പത്തുവർഷങ്ങൾക്കുള്ളിൽ വീണ്ടും വമ്പിച്ച സംഭവങ്ങൾ ഇന്ത്യയിൽ നടന്നു. ഭോപ്പാൽ ദുരന്തം, രാജീവ്ഗാന്ധിയുടെ പുതിയസാമ്പത്തിക നയത്തെ അടിസ്ഥാനമാക്കിയ വ്യതിയാനങ്ങൾ, സാർക് മീറ്റിങ്ങുകൾ, വി.പി. സിംഗിന്റെ ഹ്രസ്വമായ പ്രധാനമന്ത്രിപദം, ചന്ദ്രശേഖറിന്റെ അതിലും ഹ്രസ്വമായ പ്രധാനമന്ത്രിപദം, രാജീവ്ഗാന്ധിയുടെ വധം, എൽ.റ്റി.റ്റി.ഇ.യുടെ ഇന്ത്യയിലെ പ്രവർത്തനം, രാഷ്ട്രീയകൊലപാതകങ്ങളുടെ തുടർച്ച ഇതെല്ലാം അപ്പോഴപ്പോൾ അറിയിക്കാൻ ടി.വി. ഏറെ ഉപകരിച്ചു. മറ്റൊരു ദേശീയസംഭവം ടി.വിയുടെ വമ്പിച്ച ഉയർച്ച തന്നെയാണ്. ഒരു ദിവസം ഒരു പുതിയ ടി.വി. നിലയം പ്രത്യേകിച്ചും LPT നിലയം എന്ന കണ ക്കിൽ ടി.വി. സ്റ്റേഷനുകൾ ധാരാളമായി ഉണ്ടായി. 1980 -കളുടെ മധ്യത്തിൽ ഇന്ത്യ ഒട്ടാകെ കാഴ്ചക്കാരെ ആകർഷിച്ച മഹാസംഭവങ്ങളായിരുന്നു രാമാനന്ദസാഗറിന്റെ രാമായണവും, മഹാഭാരതവും. ഇതുരണ്ടും ഇന്ത്യയിലാകെ സാമൂഹികവും രാഷ്ട്രീയവുമായ കോളിളക്കങ്ങൾ ഉണ്ടാക്കി.

ഡി.ഡി-1 (ദേശീയ ചാനൽ) ലക്ഷ്യമിട്ടിരിക്കുന്നത് പ്രധാനമായും ദേശീയോദ്ഗ്രഥനമാണ്. അതിൽ വിജ്ഞാനവും വിദ്യാഭ്യാസവും വിനോദവും നിറഞ്ഞ പരിപാടികൾ സംപ്രേഷണം ചെയ്യുന്നു. രാവിലെ അഞ്ചരമുതൽ അർധരാത്രി (12.05) വരെ ഭൗമിക (terrestrial) മാർഗത്തിൽ സംപ്രേഷണം ചെയ്യുന്നു. ഉപഗ്രഹമാർഗംസ്വീകരിച്ചശേഷമാണ് ഭൗമികമാർഗത്തിൽ സംപ്രേഷണം നടത്തുന്നത്. വ്യത്യസ്തശക്തിയുള്ള 1,130 പ്രേഷണികളിലൂടെ (transmitters) ഡി.ഡി- 1 പരിപാടികൾ 2001 നവംബർ മുതലാണ് ഭൗമികമാർഗത്തിൽ റിലേ ചെയ്തു തുടങ്ങിയത്. മൊത്തം ജനസംഖ്യയുടെ 90 ശതമാനത്തിന് ഈ സംപ്രേഷണം ഉപയുക്തമാക്കാമെന്ന് കരുതപ്പെടുന്നു. വിദ്യാഭ്യാസപരിപാടികൾ പ്രഭാതത്തിലും കുടുംബപരിപാടികൾ അപരാഹ്നത്തിലും (afternoon) പ്രൈം-ടൈം (സായാഹ്നം എഴുമുതൽ 10.30 വരെ) പരിപാടികളായ സീരിയലുകളും സിനിമകളും സായാഹ്നത്തിലുമാണ് സംപ്രേഷണം ചെയ്യുന്നത്. രാത്രി വൈകിയശേഷം ആനുകാലിക വിഷയങ്ങൾ (Current affairs) ഉൾപ്പെടുന്ന പരിപാടികൾ ഉണ്ട്. അപരാഹ്നത്തിൽ സ്പോർട്സ് സംപ്രേഷണം ഉണ്ടായിരിക്കും. എല്ലാ ഡി.ഡി. കേന്ദ്രങ്ങളും തങ്ങൾ പ്രവർത്തിക്കുന്ന ഭാഷാമേഖലകളിൽ പ്രാദേശിക ഭാഷാപരിപാടികൾ ഉണ്ടാക്കുന്നു. പ്രത്യേകിച്ചും ഗ്രാമീണവികസനത്തിന് ഊന്നൽ കൊടുക്കുന്ന പരിപാടികൾ. കൂടാതെ കൃഷി, ആരോഗ്യം, കുടുംബക്ഷേമം, പരിതസ്ഥിതി എന്നിങ്ങനെയുള്ള വിഷയങ്ങളിലുള്ള പരിപാടികളും നിർമ്മിക്കുന്നു. വിനോദപ്രധാനങ്ങളായ പരിപാടികളും പ്രാദേശികചാനലുകളിൽ കുറവല്ല. ഫീച്ചർഫിലിം, നൃത്തം, പാട്ട്, സീരിയലുകൾ മുതലായ പരിപാടികൾ സംപ്രേക്ഷണം ചെയ്യുന്നു. വലിയ സംസ്ഥാനങ്ങളിലുള്ള പ്രേക്ഷകർക്കായി ഉപഗ്രഹ അപ്ലിങ്കിങ് (uplinking) വഴി പൊതുപരിപാടികൾ സംപ്രേഷണം ചെയ്യാനും ദൂരദർശനു കഴിയുന്നു.

മെട്രോചാനൽ : ഈ ചാനലിൽ വിനോദത്തിനാണ് പ്രാമുഖ്യം അതിൽ കുറ്റാന്വേഷണ കഥകളെ ആസ്പദമാക്കിയ പരമ്പരകൾ (സീരിയലുകൾ), ആഖ്യായികകളെ ആധാരമാക്കിയുള്ള ടെലിനാടകങ്ങൾ, സിറ്റുവേഷൻ കോമഡികൾ (സിറ്റ്-കോംസ്), പ്രതിഭ കണ്ടെത്താൻ നടത്തുന്ന മത്സരങ്ങൾ, ടെലിഷോപ്പിങ്, വെറൈറ്റി ഷോകൾ, സിനിമാഗാനങ്ങൾ, കുടുംബനാടകങ്ങൾ, പപ്പറ്റ് ഷോ, മാജിക്, ചർച്ചകൾ, യുവാക്കളുടെ പരിപാടികൾ, വാർത്താധിഷ്ഠിത പരിപാടികൾ, ലഘുസംഗീതം, ഭക്തിഗീതങ്ങൾ മറ്റു സംഗീതപരിപാടികൾ മുതലായവ സംപ്രേഷണം ചെയ്യുന്നു.

ഡി.ഡി. ഭാരതി : ഈ ചാനലിന് എഡ്യുടേയ്മെന്റ് (edutainment = education + enter- tainment) ചാനൽ എന്നും പേരുണ്ട്. പ്രസാർഭാരതി ഈ ചാനൽ ഉത്ഘാടനം ചെയ്തത് 2002 ജനുവരി 26-ാം തീയതിയാണ്. PAS-10 ഉപഗ്രഹം വഴിക്ക് അതു ലഭ്യമാണ്. ഭാരതി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്

ആരോഗ്യം, കുട്ടികൾ. സംഗീതം, ഡാൻസ്, സാംസ്കാരികവൈപൈതൃകം, ഭാരതീയജീവിതശൈലി എന്നിവയിലാണ്. ഇതിൽ യോഗ, ധ്യാനം, ദാന്തരചികിത്സാരീതിയും ഔഷധവും, എയ്റോബിക്സ് (aerobics) തുടങ്ങി ശരീരവ്യായാമത്തിനും മനോല്ലാസത്തിനും ഉതകുന്ന അഭ്യാസങ്ങൾ, കാർട്ടൂണുകൾ, പ്രതിഭകണ്ടെത്തൽ, വന്യ ജീവിതഫിലിമുകൾ, ക്യാംപസ് രംഗങ്ങൾ, കൗൺസലിങ് എന്നിങ്ങനെ കുട്ടികൾക്കും യുവതലമുറയ്ക്കും കൂടുതൽ രസകരവും പ്രായോഗികവും പ്രസക്തവുമായ പരിപാടികൾ വരും.

ഡി.ഡി.വേൾഡ്: ഈ അന്തർദേശീയ ഡി.ഡി. ചാനൽ തുറന്നത് 1995 മാർച്ച് 14-ാം തീയതിയാണ്. ആഴ്ചയിൽ അഞ്ചുദിവസം പ്രതിദിനം മൂന്നു മണിക്കൂർ എന്ന കണക്കിലാണ് ഈ ചാനൽ പ്രവർത്തിച്ചു തുടങ്ങിയത്. 1996 ജൂലൈയിൽ എല്ലാദിവസവും പ്രവർത്തിക്കാൻ തുടങ്ങി. 1999 ഡിസംബറിൽ 24 മണിക്കൂർ സംപ്രേഷണം ആരംഭിച്ചു.

വിദേശ ടി.വി ചാനലുകൾക്ക് ഇന്ത്യയിൽ യഥേഷ്ടം പ്രവർത്തിക്കുവാൻ അനുമതി ലഭിച്ചതോടെ ടെലിവിഷന്റെ കാഴ്ച ചരിത്രത്തിന് വലിയ മാറ്റമുണ്ടായി. 1992-നും 2002-നും ഇടയ്ക്ക് റൂപർട് മർഡോക്കിന്റെ (Rupert Murdoch) STAR (Satellite Television Asia Range), ബി.ബി.സി. (ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിങ് കോർപ്പറേഷൻ), സി.എൻ.എൻ. (കേബിൾ ന്യൂസ് നെറ്റ് വർക്ക്), ഏഷ്യാനെറ്റ്, സൂര്യ, ജമിനി, കൈരളി, ജീവൻ തുടങ്ങിയ കേബിൾ ടി.വി.കളും മറ്റനേകം വിദേശ ടി.വി. ചാനലുകളും ഇന്ത്യയിലെ പ്രേക്ഷകസമൂഹത്തിന് മുമ്പൊരിക്കലും ലഭിക്കാതിരുന്ന ടി.വി. ദർശനവൈവിധ്യവും സമൃദ്ധിയും ഉണ്ടാക്കി. ഇന്ന് ഇന്ത്യയിൽ ടി.വി. സുശക്തമായ ഒരു സാമ്പത്തിക സാമൂഹികശക്തിയാണ്. ദൂരദർശൻ തന്നെ വളരെ ബൃഹത്തായ സ്ഥാപനമാണ്. വിദേശീയവും ദേശീയവുമായ മത്സരം നേരിട്ടുകൊണ്ടുതന്നെ ഡി.ഡി. പിടിച്ചു നിൽക്കുകയാണ്.

കേബിൾ ടി.വിയുടെ ഉത്ഭവം

കുന്നുകളും മലകളും പർവതനിരകളുമുള്ള പ്രദേശങ്ങളിൽ ടി.വി. സിഗ്നലുകൾ തടസ്സപ്പെടുന്നതുകൊണ്ട് ആ പ്രദേശനിവാസികളെ ഉദ്ദേശിച്ചാണ് മുഖ്യമായും കേബിൾ ടി.വി. നിലവിൽ വന്നത്. മുമ്പുപറഞ്ഞപോലെ കമ്യൂണിറ്റി ആന്റനാ ടെലിവിഷൻ (Community Antenna Television) എന്നാണ് കിഴക്കൻ പെൻസിൽവേനിയ സംസ്ഥാനത്ത് (U.S) അപ്പലേച്ചിയൻ (Appalachian) പർവതനിരകളിൽ 1948- ൽ തുടങ്ങിയ പുതിയ ടി.വി. സർവീസിന് പേരിട്ടത്. ഇരുപതുവർഷം കൊണ്ട് 2260 പുതിയ വരിക്കാരെ ശേഖരിക്കാനേ അതിന്റെ ഉപജ്ഞാതാക്കൾക്കു കഴിഞ്ഞുള്ളൂ. എന്നാൽ ഇന്ന് അമേരിക്കയിലെ വീടുകളിൽ പകുതിക്ക് കേബിൾ സർവീസുണ്ട്. സാധാരണ ടി.വി. സമ്പ്രദായത്തിൽ സംപ്രേഷണ സ്പെക്ട്രത്തിന് (വർണ രാജി, spectrum) പരിമിതികളുണ്ട്. എന്നാൽ കേബിൾ ടി.വിയിൽ ഉപയോഗിക്കുന്ന കോ-ആക്സസയിൽ കേബിളിന് സ്പെക്ട്രം പരിമിതികളില്ല. സംപ്രേഷണം നടക്കുമ്പോൾ സിഗ്നലുകളുടെ ഗുണമേന്മയും ശക്തിയും വർധിപ്പിക്കാൻ കോ-ആക്സിയൽ കേബിളിന് (coaxial cable) കഴിയുന്നു. കൂടാതെ കേബിളിൽ ദ്വിദിശാ (two-way) കമ്യൂണിക്കേഷൻ സൗകര്യമുണ്ട്.

വിദേശവും ദേശീയവുമായ ഇന്ത്യൻ കേബിൾ ചാനലുകൾ

ബി.ബി.സി. (ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിങ് കോർപ്പറേഷൻ), ടി.എൻ.ടി. (ടർണർ നെറ്റ്വർക്ക് ടെലിവിഷൻ), സി.എൻ.എൻ. (കേബിൾ ന്യൂസ് നെറ്റ് വർക്ക്), എച്ച്.ബി.ഒ. (ഹോം ബോക്സ് ഓഫീസ്), ടൈം-വാർണർ-അമേരിക്ക-ഒൺ-ലൈൻ (Time Warner-America-Online), STAR എന്നിവയോ അവയുടെ ഉപവിഭാഗങ്ങളോ ഇന്ത്യയിലും മറ്റനേകം രാജ്യങ്ങളിലും കേബിൾ ചാനലുകൾ സൗകര്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഡിസ്കവറി (Discovery). ഹോൾമാർക് (Hallmark), AXN (ആക്ഷൻ ടി.വി.), നാഷനൽ ജ്യോഗ്രഫിക് (National Geographic) എന്നീ അന്താരാഷ്ട്ര ചാനലുകളും പ്രവർത്തിക്കുന്നു. ഇവയെക്കൂടാതെയാണ്. സി.എൻ.ബി.സി. ഏഷ്യ (CNBC-Asia), ഏഷ്യാനെറ്റ്, ഏഷ്യാനെറ്റ് ഗ്ലോബൽ, ഏഷ്യാനെറ്റ് കേബിൾ വിഷൻ (ACV), സൺ-ടി.വി., സൂര്യ ടി.വി., ജെമിനി, ജീവൻ, കൈരളി, സി-ടി.വി. (Zee T.V), സീ-ടി.വി. (See T.V), ജെയ്ൻ ടി.വി. (Jain T.V), സോണി (Sony), വി-മ്യൂസിക് (V- music), MTV, TV5-ഏഷ്യ, MCM, ജയഹേഷ്, വേദാവിഷൻ, സ്റ്റാർ (STAR),

സ്റ്റാർ ന്യൂസ്, സ്റ്റാർ പ്ലസ്, ഇ.റ്റി.സി (ETC), ഈനാടു-TV, എന്റർടെയ്ൻമെന്റ് ടി.വി., ടി.എൻ.ടി. കാർട്ടൂൺ, രാജ് ടി.വി. ജയാ ടി.വി. സ്റ്റാർ മൂവീസ്, സ്റ്റാർ വേൾഡ് തുടങ്ങി ഡസൻകണക്കിന് കേബിൾ ടി.വി. ചാനലുകൾ ഇന്ത്യയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

വാർത്തേതര പരിപാടികൾ

വാർത്തകളൊഴികെ ടി.വി.യിൽ അവതരിപ്പിക്കപ്പെടുന്നതെല്ലാം വാർത്തേതര പരിപാടികളാണ്. ടെലിഫിലിം, ഡോക്യുമെന്ററികൾ, കോമഡികൾ, സംഗീതം, സിനിമകൾ, മൊഴിമാറ്റിയ സിനിമകൾ, ചില അനിമേഷൻ സിനിമകൾ, മിത്തുകളെയും അതിഭൗതിക കഥകളെയും അവതരിപ്പിക്കുന്ന സിനിമകൾ എന്നിവ ചില വാർത്തേതര പരിപാടികളാണ്. നാടകങ്ങൾ, ക്വിസ് പരിപാടികൾ, റിയാലിറ്റി ഷോകൾ, ഗെയിം ഷോകൾ, ടാലൻറ് ഷോകൾ, വെറൈറ്റി ഷോകൾ തുടങ്ങിയവയും മറ്റുചില വാർത്തേതര പരിപാടികളാണ്. കിച്ചൻ ഷോകൾ, സിറ്റ്യുവേഷൻ കോമഡികൾ, വിഷയംനല്കി നടത്തുന്ന കോമഡികൾ, ഗാർഹിക തമാശകൾ, കുട്ടികളുടെ പരിപാടികൾ തുടങ്ങി ടെലിവിഷനിൽ അനവധിതരം വാർത്തേതരപരിപാടികൾ അവതരിപ്പിക്കപ്പെടുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ട രണ്ടിനങ്ങളാണ് ടെലിഫിലിമുകളും ഡോക്യുമെന്ററികളും.

നിങ്ങൾക്ക് ഒരു ടെലിഫിലിമിന്റെ നിർമ്മാണത്തിന്റെ വിവിധവശങ്ങൾ- ആസൂത്രണം, തിരക്കഥ, സംവിധാനം എന്നിവ അറിയുന്നതിലൂടെ അതിന്റെ തൊഴിൽ സാദ്ധ്യതകളിലേക്ക് തിരിയാനാവും. തിരക്കഥാരചനയുടെ വിവിധ രീതികൾ പരിചയപ്പെടുത്തുന്നുണ്ട്. മനസ്സിൽ കഥയുണ്ടെങ്കിൽ തിരക്കഥാരചനയിലും ശോഭിക്കാം. സ്ക്രിപ്റ്റ് തയ്യാറാക്കലും ക്യാമറയും വശമുണ്ടെങ്കിൽ സ്വന്തമായി ഡോക്യുമെന്ററികളും ചെയ്യാം. വെബ്ബ് അധിഷ്ഠിതമായ പോഡ് കാസ്റ്റിംഗ്, യൂട്യൂബ്, ലൈവ് സ്ട്രീമിംഗ് എന്നീ മേഖലകളിലും തൊഴിൽ- സാമ്പത്തിക സാദ്ധ്യതകളുമുണ്ട്. അഭിരുചിക്കനുസരിച്ച് ഏതുമേഖലകളിലേക്കും തിരിയാം. നിരവധി വഴികൾ മുന്നിൽ തുറക്കപ്പെടുന്നുണ്ട്.

ടെലിഫിലിം

ടെലിവിഷൻ നെറ്റ് വർക്കുകളിൽ പ്രദർശിപ്പിക്കാൻവേണ്ടി ചലച്ചിത്രംപോലെ നിർമ്മിക്കപ്പെടുന്ന ചെറുതും വലുതുമായ ദൃശ്യ-ശ്രാവ്യകഥകളാണ് ടെലിഫിലിമുകൾ. അവ സാംസ്കാരികം, കച്ചവടം, വ്യാവസായികം, സാമ്പത്തികനേട്ടം എന്നിവയെ മുൻനിർത്തിയാണ് പ്രധാനമായും നിർമ്മിക്കുന്നത്. സാധാരണ 25, 50 മിനിറ്റുകൾ വീതം വരുന്ന അനേകം എപ്പിസോഡുകളായും അവ നിർമ്മിക്കപ്പെടുന്നുണ്ട്. ടെലിഫിലിമുകളെ മിനി സീരിയലുകളായി വിശേഷിപ്പിക്കാറുണ്ട്. 1957-ൽ റോബർട്ട് ബ്രൗണിങ്ങിന്റെ ഒരു കവിതയെ മുൻനിർത്തി (The Pied Piper of Hamelin) ടെലിവിഷനുവേണ്ടി നിർമ്മിച്ച ആദ്യത്തെ ടെക്നികൾ ടെലിഫിലിം പ്രദർശിപ്പിക്കപ്പെട്ടു.

1961 ആദ്യകാലത്ത് പ്രേക്ഷകരെ കൂടുതലായി ആകർഷിക്കാൻ ടെലിവിഷനിൽ തിയറ്ററിൽ പ്രദർശിപ്പിക്കുന്ന സിനിമകൾ തന്നെ കാണിച്ചുകൊണ്ടുള്ള രീതി എൻ.ബി.സി. തുടങ്ങി. അത് വിജയമെന്ന് കണ്ട് മറ്റുപല ടെലിവിഷൻ നെറ്റ് വർക്കുകളും അത് അനുകരിച്ചുതുടങ്ങി. തുടർന്ന് അവയുടെ ലഭ്യതക്കുറവും ടെലിഫിലിം നിർമ്മാണത്തിലേക്ക് തിരിയാനിടയാക്കി. പിന്നീടുവന്ന ടെലിഫിലിം എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഡോൺ സിഗലിന്റെ (Don Siegel) ദി ഹാങ്ഡ് മാൻ (The Hanged Man) 1964-ൽ എൻ.ബി.സി. ബ്രോഡ്കാസ്റ്റ് ചെയ്തു. ടെലിഫിലിമുകൾ ആദ്യകാലത്ത് പൊതുവേ പരസ്യങ്ങൾ ഉൾപ്പെടെ 90 മിനിറ്റുകൾവീതം വരുന്ന എപ്പിസോഡുകളായി തിരിച്ചായിരുന്നു അവതരണം. തുടർന്ന് അത് രണ്ടു മണിക്കൂർ നീളുന്നവിധം ക്രമപ്പെടുത്തി. ആദ്യകാലത്ത് ചലച്ചിത്ര നടന്മാരെക്കൂടി ഉൾപ്പെടുത്തി വലിയ ബഡ്ജറ്റിലായിരുന്നു ടെലിഫിലിം നിർമ്മാണവും. ക്രമേണ ചെറിയ ബഡ്ജറ്റിലേക്കും കുറഞ്ഞ സമയക്രമത്തിലേക്കും ടെലിഫിലിം മാറുകയായിരുന്നു.

ടെലിഫിലിം നിർമ്മാണവും ആസൂത്രണവും

ടെലിഫിലിം നിർമ്മാണവും ചിലപ്പോൾ മാസങ്ങളോ വർഷങ്ങളോ നീളുന്ന പ്രക്രിയയാണ്. നിർമ്മാതാവും സംവിധായകനും തിരക്കഥാകൃത്തും നിർമ്മാണം ഏറ്റെടുക്കുന്ന സാങ്കേതിക വിദഗ്ധരടങ്ങുന്ന സ്റ്റുഡിയോയും നടീനടന്മാരും സഹായികളും ഫിലിം എഡിറ്ററും കമ്പ്യൂട്ടർ ഗ്രാഫിക് ക്രിയേറ്ററും സൗണ്ട് എഡിറ്ററും എല്ലാം ചേർന്ന് അനവധിപേരുടെ കൂട്ടായ പ്രയത്നഫ

ലമാണ് ടെലിഫിലിം നിർമ്മാണം. ടെലിഫിലിം നിർമ്മാണത്തിന് പ്രധാനമായി അഞ്ച് ഘട്ടങ്ങളുണ്ട്. 1. തീം ഡവലപ്പ് ചെയ്ത് തിരക്കഥ പൂർത്തിയാക്കൽ, 2. പ്രി പ്രൊഡക്ഷൻ, 3. പ്രൊഡക്ഷൻ, 4. പോസ്റ്റ് പ്രൊഡക്ഷൻ, 5. ഡിസ്ട്രിബ്യൂഷൻ എന്നിങ്ങനെ.

1. തിരക്കഥ പൂർത്തിയാക്കൽ

ഒരു ആശയത്തിൽനിന്നോ കഥയിൽനിന്നോ രൂപംകൊള്ളുന്നതായിരിക്കും ഒരു ടെലിഫിലിമിന്റെ തുടക്കം. ടെലിഫിലിമായി വികസിപ്പിക്കാൻ പറ്റിയതാണെങ്കിൽ, കഥയുടെ ബൗദ്ധികാവകാശം നിർമ്മാതാവ് വാങ്ങുന്നു. കഥയെ തിരക്കഥയാക്കുന്നു. അല്ലെങ്കിൽ സ്വീകാര്യമാംവിധം പൂർത്തിയാക്കപ്പെട്ട തിരക്കഥയുണ്ടെങ്കിൽ അതിന്റെ അവകാശം വാങ്ങുന്നു. ടെലിഫിലിം നിർമ്മാണത്തിന് ഒരു നിർമ്മാതാവ് - പണംമുടക്കാൻ തയ്യാറുള്ള വ്യക്തി- പ്രധാന പങ്കാളിയാണ്. അങ്ങനെ ആദ്യഘട്ടം പൂർത്തിയാക്കുന്നു.

2. പ്രി പ്രൊഡക്ഷൻ

ഷൂട്ടിംഗിന് ആവശ്യമായ പ്ലാനിംഗും തയ്യാറെടുപ്പുകളും നടത്തുന്നഘട്ടം. ഒരു പ്രൊഡക്ഷൻ ഓഫീസ് ആരംഭിക്കുന്നു. പ്രൊഡക്ഷൻ ബഡ്ജറ്റുണ്ടാക്കി, ഇൻഷ്വറൻസും മറ്റും സമ്പാദിക്കുന്നു. ആവശ്യമാണെങ്കിൽ തിരക്കഥയെ ചിത്രരൂപത്തിൽ സ്റ്റോറിബോഡായി(storyboard) വികസിപ്പിക്കുന്നു. അഭിനേതാക്കളും സാങ്കേതിക വിദഗ്ധരുമായി കരാർ ഒപ്പിടുന്നു. ഷൂട്ടിംഗ് ലൊക്കേഷനുകൾ കണ്ടെത്തുന്നു. ആവശ്യമെങ്കിൽ സെറ്റുകളുടെ നിർമ്മാണവും പൂർത്തിയാക്കുന്നു.

3. പ്രൊഡക്ഷൻ

അഭിനേതാക്കളും സാങ്കേതിക വിദഗ്ധരുമുൾപ്പെടെ എല്ലാവിധ ക്യാമറാസജ്ജീകരണങ്ങളോടെയും ലൊക്കേഷനുകളിലെത്തുന്നു. അഭിനേതാക്കൾക്ക് നല്കിയിട്ടുള്ള കോൾഷീറ്റ് അനുസരിച്ച് അവർ നേരത്തെയെത്തി സംവിധായകന്റെ നിർദ്ദേശാനുസരണം ക്യാമറയ്ക്ക് മുന്നിലെത്തി അവരുടെ ശരീരഭാഷകളിലൂടെ ഫിലിംഷൂട്ടിംഗ് പൂർത്തീകരിക്കാൻ സഹായിക്കുന്നു.

4. പോസ്റ്റ് പ്രൊഡക്ഷൻ

ക്യാമറയിൽ ചിത്രീകരണം പൂർത്തിയാക്കിയ ഫിലിം എഡിറ്ററുടെ സ്റ്റുഡിയോയിലെത്തിക്കുന്നു. അയാൾ വീഡിയോകണ്ട് തിരക്കഥയിലെന്നപോലെ എഡിറ്റ് ചെയ്ത് ക്രമപ്പെടുത്തുന്നു. സംഭാഷണങ്ങളും വിഷ്വൽ ഇഫക്റ്റുകളും സംഗീതവും ശബ്ദങ്ങളും സംയോജിപ്പിച്ച് സൗണ്ട് എഡിറ്റിംഗ് പൂർത്തിയാക്കുന്നു. അതിനെ പൂർണ്ണതവരുത്തി പ്രദർശനത്തിനു പറ്റിയവിധം സമയക്രമത്തിൽ എപ്പിസോഡുകൾ തിരിച്ച് ഡിജിറ്റലായി ഹാർഡ് ഡിസ്ക്, ഡി.വി.ഡി, ബ്ലൂറേ ഡിസ്ക് എന്നിവയിൽ ആവശ്യമായ ഫോർമാറ്റിൽ ടെലിഫിലിമാക്കി മാറ്റുന്നു. ഡിസ്ട്രിബ്യൂട്ടർക്ക് നല്കുന്നു.

5. ഡിസ്ട്രിബ്യൂഷൻ

നേരത്തേതന്നെ ധാരണയിലെത്തിയ വിതരണക്കാർവഴി ടെലിവിഷൻ ചാനലുകാർക്ക് ബ്രോഡ്കാസ്റ്റിങ്ങിന് നല്കുന്നു. ഇതിനിടയിൽ സ്പോൺസർ ചെയ്യുന്ന കമ്പനികളുടെ പരസ്യങ്ങളും കൂട്ടിച്ചേർക്കപ്പെടുന്നു.

6. തിരക്കഥ (Screen Play, Film Script)

ചലച്ചിത്രത്തെപ്പോലെ ടെലിഫിലിമിന്റെയും കഥയുടെ ചട്ടക്കൂടാണ് തിരക്കഥ. ടെലിഫിലിമിന്റെയും ബ്ളൂപ്രിന്റാണത്. സങ്കീർണ്ണചിഹ്നമായ 'ഫ്രെയിംവർക്ക്' ആണ് ഇത്. ഒരു കഥയെ ദൃശ്യങ്ങൾതിരിച്ച് കാണിച്ചുകൊടുക്കുന്നവിധമുള്ള എഴുത്തിന്റെ രീതിയാണ് തിരക്കഥാരചന. സിനിമയിലും ടെലിഫിലിമിലും തുടക്കം മുതൽ ഒടുക്കംവരെ പ്രേക്ഷകൻ കാണുകയും കേൾക്കുകയും ചെയ്യേണ്ട കഥയുടെ ഭാഷാരൂപമാണ് തിരക്കഥ. കഥ ആദ്യന്തം ഫിലിമിലേക്ക് പകർത്താൻ പാകത്തിന് എഴുതി തയ്യാറാക്കുന്നതാണ് തിരക്കഥ എന്നു പറയുന്നത്. തിരക്കഥയെ ആധാരമാക്കിയാണ് ടെലിഫിലിമും നിർമ്മിക്കുക.

> ഒരു കഥയെ ദൃശ്യം തിരിച്ച് കാണിച്ചുകൊടുക്കുന്നവിധമുള്ള എഴുത്തിന്റെ രീതിയാണ് തിരക്കഥാരചന. സിനിമയിലും ടെലിഫിലിമിലും തുടക്കം മുതൽ ഒടുക്കംവരെ പ്രേക്ഷകൻ കാണുകയും കേൾക്കുകയും ചെയ്യേണ്ട കഥയുടെ ഭാഷാ രൂപമാണ് തിരക്കഥ. ദൃശ്യകഥയുടെ ചട്ടക്കൂടാണ്, ബ്ളൂപ്രിന്റാണത്.

കെട്ടിടനിർമ്മാണരീതിയോട് തിരക്കഥാരചനയെ ഉപമിക്കാം. ഉടമയുടെ താല്പര്യങ്ങളും ആവശ്യങ്ങളും കലാകാരനായ ഡിസൈനറുടെ ഭാവനയും സമന്വയിപ്പിച്ച് നിർമ്മിക്കുന്ന ഉപയോഗക്ഷമതയും കലാമൂല്യവുമുള്ള വീ

ടുകളുടെ 'ആർക്കിടെക്റ്ററൽ ഡിസൈനിംഗ്' പോലെയാണ് അത്. സാധാരണ നിർമ്മാണരീതികളിൽ നിന്നു വേറിട്ടു നിൽക്കുന്നതും, സംവിധായകന്റെയും തിരക്കഥാകൃത്തിന്റെയും ചലച്ചിത്ര മേഖലയിലെ ചില സാങ്കേതിക പ്രമുഖരുടെയും, കലാപരമായ കാഴ്ചപ്പാടുകളുടെ മൂശയിൽ രൂപപ്പെടുന്നവയാണ് ചലച്ചിത്രങ്ങളും ടെലിഫിലിമുകളും. നിരവധി വിഷയത്തെ ആസ്പദമാക്കി ടെലിഫിലിമുകളുണ്ടെങ്കിലും അവയെ പ്രധാനമായും രണ്ടുവിഭാഗങ്ങളായി തിരിക്കാം. ജനപ്രിയ ടെലിഫിലിമുകൾ, കലാമൂല്യമുള്ള ടെലിഫിലിമുകൾ എന്നിങ്ങനെ.

ജനപ്രിയ ടെലിഫിലിമുകൾ വിനോദത്തിനു മുൻതൂക്കം നൽകുന്നു. വിജ്ഞാനവും കലയും അതിൽ ഇല്ലെന്നല്ല. പ്രധാനമായും സാമ്പത്തികലാഭവും പ്രശസ്തിയും ലക്ഷ്യമാക്കി നിർമ്മിക്കുന്ന ടെലിഫിലിമുകൾ ആണ് അവ. സാധാരണ കുടുംബപ്രേക്ഷകരെ തൃപ്തിപ്പെടുത്തുന്ന കഥകൾക്ക് അവർ മുൻതൂക്കം നല്കുന്നു. നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും സാധാരണക്കാർക്ക് രസിക്കുന്ന, അവരെ തൃപ്തിപ്പെടുത്തുന്ന അംശങ്ങൾക്ക് ഊന്നൽ നൽകുന്നു. ചില കുടുംബ ബന്ധങ്ങളെ കേന്ദ്രീകരിച്ചുള്ള കഥയും കഥാപാത്രങ്ങളും ലൊക്കേഷനുകളും തിരഞ്ഞെടുത്ത് അവ ചിത്രീകരിക്കുന്നു.

പ്രേക്ഷകരെ കൂടുതൽ തൃപ്തിപ്പെടുത്താൻ, അവരുടെ ഹൃദയത്തിലേക്ക്, മനസ്സിലേക്ക് ഒഴുകിയിറങ്ങി ഹരംപിടിപ്പിക്കുന്ന സംഗീതം കൂട്ടിയിണക്കുന്നു. നാടകീയമായ പശ്ചാത്തല സംഗീതവും സൗണ്ട് ഇഫക്റ്റുകളും നൽകുന്നു. ഓരോ എപ്പിസോഡും പൂർണ്ണമായി കാണാനും അടുത്ത എപ്പിസോഡിനുവേണ്ടി ആകാംക്ഷയോടെ കാത്തിരിക്കാനും പ്രേക്ഷകരെ പ്രേരിപ്പിക്കുന്നവിധം ഉദ്വേഗജനകമായ നാടകീയാംശങ്ങൾ നിലനിർത്താനും പറ്റിയ ഘടകങ്ങൾ കൂട്ടിയിണക്കുന്ന കാഴ്ചപ്പാടാവും സംവിധായകന് ഉണ്ടാവുക. അതിനുപറ്റിയ ഒരു തിരക്കഥയാവും ജനപ്രിയ ടെലിഫിലിമിന്റേത്. അവിടെ സംവിധായകൻ നിർമ്മാതാവിനോട് സഹകരിക്കുന്ന സംഘാടകനായി മാറുന്നു. അവിടെ അയാൾ ടെലിഫിലിമിന്റെ നിർമ്മാണത്തിനിണങ്ങുന്ന പ്ലാനിങ്ങും അതിനുവേണ്ട ബ്ലൂപ്രിന്റും തയ്യാറാക്കാൻ സഹായിക്കുന്നു എന്നർത്ഥം. ചില ജനപ്രിയ ടെലിഫിലിമുകളും കലാപരമായി മികച്ചതായിത്തീരാറുണ്ട്.

കലാമൂല്യമുള്ള ടെലിഫിലിമുകളിൽ സംവിധായകന് വലിയ പങ്കുണ്ട്. അതൊരു സംവിധായകസൃഷ്ടി തന്നെയാണ്. അയാൾ ചലച്ചിത്രനിർമ്മാണത്തിന്റെ സാങ്കേതിക വശങ്ങൾ ഉൾക്കൊള്ളുന്നു. അയാൾ സാങ്കേതികമായി മാധ്യമത്തിന്റെ സാദ്ധ്യതകളും പരിമിതികളും അറിഞ്ഞ് ആദ്യന്തം വ്യക്തമായ തയ്യാറെടുപ്പു നടത്തും. ഓരോ ടെലിഫിലിമും അനേകം ചലച്ചിത്ര സാങ്കേതികപ്രവർത്തകരുടെ കൂട്ടായ സഹകരണവും പ്രവർത്തനവുമാണല്ലോ. അതിനായി എക്കാലവും പ്രസക്തിനഷ്ടപ്പെടാത്ത വിഷയങ്ങൾ തിരഞ്ഞെടുക്കും. അവയ്ക്കിണങ്ങുന്ന നാടകീയമായ തിരക്കഥയും ഷൂട്ടിംഗ്സ്ക്രിപ്റ്റും തയ്യാറാക്കും. അത് വളരെ ക്ഷമാപൂർവ്വം ടെലിഫിലിമാക്കുന്ന പ്രവർത്തനങ്ങളിലേക്ക് നീങ്ങും.

തിരക്കഥാരചനയിലെ ഘട്ടങ്ങൾ

മനുഷ്യജീവിത കഥാഖ്യാനമാണെങ്കിലും സാങ്കേതികത്വം ഏറെ ആവശ്യമുള്ള കലാസൃഷ്ടി എന്ന നിലയിൽ ടെലിഫിലിമുകളും വേറിട്ടുനിൽക്കുന്നു. സാധാരണ തിരക്കഥയ്ക്ക് അഞ്ച്ഘട്ടങ്ങൾ ഉണ്ടാവും. മനുഷ്യജീവിത കഥാഖ്യാനമാണെങ്കിലും സാങ്കേതികത്വം ഏറെ ആവശ്യമുള്ള കലാസൃഷ്ടിയാണ് ടെലിഫിലിമുകൾ. ജീവിതകഥയുടെ ക്രിയാപരവും നാടകീയവുമായ വികസനമാണ് അതിന്റെ ചൈതന്യം. ഏതൊരു ടെലിഫിലിമിന്റെ സാഹിത്യരൂപമായ തിരക്കഥയ്ക്കും രചനാപരമായി ചില തലങ്ങൾ മറികടക്കേണ്ടതുണ്ട്. പ്രമേയം, ഇതിവൃത്തം, രൂപരേഖ, തിരക്കഥ, ഷൂട്ടിംഗ്സ്ക്രിപ്റ്റ് എന്നിവയാണ് അവ.

1. പ്രമേയം

സംവിധായകന്റെയോ, തിരക്കഥാകൃത്തിന്റെയോ മനസ്സിൽ നടക്കുന്ന പ്രമേയ രൂപീകരണമാണ് ആദ്യഘട്ടം. കാഴ്ചക്കാരന് പലകോണിൽ നിന്ന് ആലോചിക്കാൻ അവസരം കിട്ടുന്ന കഥാവസ്തുവാണ് പ്രമേയം. 'എന്താണ് ഈ കഥയുടെ അർത്ഥം', എന്താണ് ഈ ടെലിഫിലിമിലെ കഥയുടെ കേന്ദ്ര ആശയം എന്നീ ചോദ്യങ്ങളുടെ ഉത്തരം കുറച്ചുവാക്യങ്ങളിൽ പറയാൻ

കഴിയുന്നതാണ് തിരക്കഥയുടെ പ്രമേയം. സാഹിത്യകൃതിയുടെ പ്രമേയത്തിൽനിന്ന് തിരക്കഥയുടെ പ്രമേയത്തിൽ വരുമ്പോൾ മാറ്റംവരാം. കഥയിലെ കാഴ്ചപ്പാടുകളിലുള്ള, ഊന്നലുകളിലുള്ള വ്യതിയാനമാണ് അവിടെ പ്രതിഫലിക്കുക.

2. ഇതിവൃത്തം

പ്രമേയ രൂപീകരണത്തിനുശേഷം, അതിനുവേണ്ട കഥാപാത്രങ്ങളെയും സംഭവങ്ങളെയും സ്ഥലകാല സന്ദർഭങ്ങളെയും യുക്തിഭദ്രമായി കൂട്ടിയിണക്കുന്ന ഇതിവൃത്തമാണ് രണ്ടാംഘട്ടം. സാഹിത്യകൃതിയുടെ നിർമ്മാണത്തിന്റെ രണ്ടാം ഘട്ടവും ഏതാണ്ട് ഇതുതന്നെയാണ്. അതായത്, ഇതിവൃത്തരചനവരെ അത് കഥയേ ആകുന്നുള്ളൂ എന്നർത്ഥം.

3. രൂപരേഖ (treatment)

മൂന്നാംഘട്ടം ഇതിവൃത്തത്തിൽനിന്ന് ടെലിഫിലിം മാധ്യമത്തിനിണങ്ങുന്നവിധം, രംഗംതിരിച്ച് സംഭവങ്ങളെ ദൃശ്യങ്ങളായി ചിത്രീകരിക്കുന്ന ആദ്യരൂപം തയ്യാറാക്കലാണ്. തിരക്കഥയുടെ രൂപരേഖ എന്നാണിതിന് പറയുക. സാഹിത്യകൃതിയെ ദൃശ്യകൃതിയാക്കി രൂപാന്തരപ്പെടുത്തുന്ന പ്രവർത്തന ഘട്ടമാണിത്. തിരക്കഥ എഴുതുന്നതിനുവേണ്ടി തയ്യാറാക്കുന്ന ഒഴിവാക്കാനാവാത്ത കഥാപാത്രവിവരണങ്ങളും സ്ഥലകാലങ്ങളും സംഭവങ്ങളുമടങ്ങുന്ന കുറിപ്പുകളാണ് ഇവിടെയുള്ളത്. ടെലിഫിലിമിന് ഇണങ്ങുന്ന വിധത്തിൽ സംഭവങ്ങൾ നടക്കുന്ന സ്ഥലകാലപരമായ വിശദീകരണങ്ങളും കഥാപാത്രങ്ങളുടെ ബാഹ്യചലനങ്ങളുടെ (ഇതിവൃത്തത്തിലെ സംഭവങ്ങളുടെ) വിശദീകരണങ്ങളും ഉണ്ടാവും. കഥാപാത്രങ്ങളുടെ ഒഴിവാക്കാനാവാത്ത ചില സംഭാഷണങ്ങളും എഴുതാറുണ്ട്.

4. തിരക്കഥ

തിരക്കഥയ്ക്ക് വേണ്ടി തയ്യാറാക്കുന്ന കുറിപ്പുകളടങ്ങിയ അപൂർണ്ണമായ രൂപരേഖയുണ്ടല്ലോ. അതിൽ നിന്ന് വികസിപ്പിച്ച് പൂർണ്ണത വരുത്തുന്ന രൂപമാണ് തിരക്കഥയെന്നർത്ഥം. ടെലിഫിലിം നിർമ്മിക്കാൻ തയ്യാറാക്കുന്ന ദൃശ്യ- ശ്രാവ്യരൂപങ്ങളുടെ ഭാഷാനിർമ്മിതിയാണ് തിരക്കഥ. ടെലിഫിലിമിൽ പ്രേക്ഷകൻ കാണുന്ന ഓരോദൃശ്യവും രംഗങ്ങൾ തിരിച്ചു തിരക്കഥയിൽ എഴുതിയതാണ് ടെലിഫിലിമിലെ ഒരു സംഭവം എടുക്കുക. തിരക്കഥയിൽ അതിന്റെ വിശദാംശങ്ങൾ കാണും. ഏതുസ്ഥലത്ത്, ഏതുപശ്ചാത്തലത്തിൽ, എപ്പോൾ, ഏതെല്ലാം കഥാപാത്രങ്ങൾ പങ്കെടുക്കുന്ന സംഭവമാണത്? സംഭാഷണങ്ങൾ ഉണ്ടോ? എങ്കിൽ ആരൊക്കെ തമ്മിൽ? എന്തൊക്കെയാണ് സംഭാഷണങ്ങൾ? അവിടെ ഉണ്ടാവേണ്ട സ്വാഭാവികശബ്ദങ്ങൾ, പശ്ചാത്തലസംഗീതത്തിന്റെ സൂചന, സൗണ്ട് ഇഫക്ട് തുടങ്ങി ദൃശ്യവും ശ്രാവ്യവുമായ എല്ലാ അംശങ്ങളും സംഭവത്തിന്റെ വ്യത്യസ്ത രംഗചിത്രീകരണത്തിലൂടെ വെളിവാക്കപ്പെടുന്നു. ടെലിഫിലിമിൽ തുടക്കം മുതൽ ഒടുക്കംവരെ പ്രേക്ഷകൻ കാണുകയും കേൾക്കുകയും ചെയ്യേണ്ടുന്ന ദൃശ്യചിഹ്നങ്ങളുടെയും ശബ്ദചിഹ്നങ്ങളുടെയും ഭാഷാരൂപമാണ് തിരക്കഥ എന്നർത്ഥം. ടെലിഫിലിം ആകെക്കൂടി ആദ്യന്തം ക്യാമറയിലേക്ക് ദൃശ്യമാക്കാൻ പാകത്തിന് എഴുതി തയ്യാറാക്കുന്നതിനെയാണ് തിരക്കഥ എന്നു പറയുന്നത്.

5. ഷൂട്ടിംഗ് സ്ക്രിപ്റ്റ്

തിരക്കഥയുടെ അഞ്ചാംഘട്ടം ഷൂട്ടിംഗ് സ്ക്രിപ്റ്റാണ്. തിരക്കഥയിൽ പറഞ്ഞിരിക്കുന്ന ഓരോ ദൃശ്യ-ശ്രാവ്യാംശവും രംഗംതിരിച്ച് എങ്ങനെ സാങ്കേതികമായി ചിത്രീകരിക്കാം എന്ന വിവരണം കൂടി എഴുതിച്ചേർക്കുന്നതാണ് ഷൂട്ടിംഗ്സ്ക്രിപ്റ്റിലുള്ളത്. ദൃശ്യചിത്രീകരണത്തിനു വേണ്ട എല്ലാ നിർദ്ദേശങ്ങളും വ്യക്തവും വിശദവുമായി തയ്യാറാക്കുന്നതാണ് ഷൂട്ടിംഗ്സ്ക്രിപ്റ്റ്. തിരക്കഥയിൽ പറയുന്ന ഓരോ രംഗചിത്രീകരണത്തിലും ക്യാമറയുടെ പൊസിഷൻ, ക്യാമറയുടെ ആംഗിൾ, തുടങ്ങി, തിരക്കഥയിലെ ഓരോ രംഗത്തെയും ചിത്രീകരിക്കുന്നതിന് ആവശ്യമായ സജ്ജീകരണത്തിന്റെ നിർദ്ദേശങ്ങൾ എല്ലാം കൂട്ടിച്ചേർത്ത് തയ്യാറാക്കപ്പെടുന്ന രൂപമാണ് ഷൂട്ടിംഗ്സ്ക്രിപ്റ്റ്. എന്നിരുന്നാലും നിർമ്മാണം പൂർത്തിയാവുമ്പോൾ തിരക്കഥയിൽ നിന്നും വ്യത്യാസങ്ങൾ സിനിമയിൽ വന്നുചേരും.

6. സ്റ്റോറി ബോർഡ്

ചില നിർമ്മാതാക്കളും സംവിധായകരും തിരക്കഥയെ സ്റ്റോറി ബോർഡ് ആയി രൂപാന്തരപ്പെടുത്താറുണ്ട്. ചലച്ചിത്രത്തിന്റെ നിർമ്മാണത്തിനു

മുമ്പേതന്നെ അതിലെ സീക്വൻസുക(സംഭവങ്ങ)ളെ ക്യാമറയിൽ പകർത്തേണ്ടുന്നവിധം പ്രാധാന്യം നല്കി, ദൃശ്യരൂപത്തിൽ അനിമേഷനിലൂടെയോ, ഗ്രാഫിക്കുകളിലൂടെയോ വരച്ചുണ്ടാക്കുന്ന പ്രക്രിയയാണത്. ചലച്ചിത്രം ചിത്രീകരിക്കപ്പെടുമ്പോൾ എപ്രകാരമായിരിക്കുമെന്ന് മുൻകൂട്ടിക്കാണാനും ആവശ്യമായ മാറ്റങ്ങൾ മുൻപേതന്നെ വരുത്താനും സ്റ്റോറി ബോർഡ് വരച്ചുണ്ടാക്കുന്നതിലൂടെ കഴിയും.

പല അനിമേഷൻ സ്റ്റുഡിയോകളും ഇത്തരത്തിൽ സ്റ്റോറി ബോർഡ് നിർമ്മിച്ച് നല്കാറുണ്ട്. 1930- കൾ മുതൽ വാൾട്ട് ഡിസ്നി പ്രൊഡക്ഷൻസ് (Walt Disney Productions) അവരുടെ സിനിമകൾക്കായി സ്റ്റോറി ബോർഡ് ഉപയോഗപ്പെടുത്തുന്നു. 1933-ലെ ത്രീ ലിറ്റിൽ പിഗ്സിൽ സ്റ്റോറി ബോർഡ് ഉപയോഗിച്ചു. സീനുകളായിത്തിരിച്ച കഥയെ പ്രത്യേകം പ്രത്യേകമായി ചിത്രകാരന്മാരെക്കൊണ്ട് വരപ്പിച്ച് ആദ്യം സ്റ്റോറി ബോർഡ് നിർമ്മിച്ചിരുന്നു. വലിയ മുതൽ മുടക്കുള്ള ചലച്ചിത്രങ്ങൾക്ക് സ്റ്റോറി ബോർഡ് ഉപയോഗപ്പെടുത്താറുണ്ട്. ആദ്യമായി സ്റ്റോറി ബോർഡ് തന്റെ ചലച്ചിത്രത്തിന് ഉപയോഗിച്ചത് ഫ്രഞ്ചുകാരനായ ജോർജസ് മിലേ (Georgse Melise)യാണ്.

തിരക്കഥാഘടന

നോവലിനെയും നാടകത്തെയും സിനിമയെയുംപോലെ ജീവിതത്തെ അതിൻറെ സമഗ്രതയിൽ, അവതരിപ്പിക്കുന്ന കലാസൃഷ്ടിയാണ് മിക്ക ടെലിഫിലിമുകളും. തിരക്കഥയുടെ രചനയ്ക്ക് പൊതുവേ രണ്ടുതരം ഘടനകളാണ് പിൻതുടരുന്നത്. 1. വിശദീകരണാത്മകം അഥവാ കാലാനുക്രമം. 2. ഇൻമീഡിയാസ്രസ് (In mediasres). ഈ രണ്ടുരീതികളിലും കഥാഖ്യാനത്തിന് നാലവസ്ഥയുണ്ട്. വിവരണം, സങ്കീർണ്ണം, മൂർദ്ധന്യം, കഥാനിർവ്വഹണം എന്നിങ്ങനെ.

1. വിശദീകരണാത്മകം

കഥയിലെ സംഭവങ്ങളെ കാലക്രമത്തിൽ തുടക്കം മുതൽ ഒടുക്കംവരെ പറയുന്ന രീതിയാണ് വിശദീകരണാത്മകം അഥവാ കാലാനുക്രമമായ ആഖ്യാനരീതി. ഇത്തരം ആഖ്യാനത്തിൽ ആദ്യതലമായ വിവരണത്തിൽ കഥാപാത്രങ്ങളും സ്ഥല, കാല, സന്ദർഭങ്ങളും സംഭവത്തിന്റെ ആരംഭവും വ്യക്തമാക്കപ്പെടുന്നു.

രണ്ടാം അവസ്ഥയായ സങ്കീർണത്തിൽ സംഘർഷം ആരംഭിക്കുന്നു. കഥാപാത്രങ്ങൾ തമ്മിലുള്ള മാനസികവും ശാരീരികവുമായ അകൽച്ചയോ, വ്യക്തിത്വങ്ങൾ തമ്മിൽ സംഘർഷമോ ആകാം. മൂർദ്ധന്യം എന്ന മൂന്നാംഅവസ്ഥയിൽ ഒരിക്കലും യോജിച്ചുപോകാൻ കഴിയാത്തവരെപ്പോലെ കഥാപാത്രങ്ങൾ ഭിന്നിപ്പിലെത്തുന്നു. അതിനൊടുവിൽ, കഥാനിർവ്വഹണത്തിൽ സംഘർഷം പരിഹരിക്കപ്പെടാനുള്ള ഒരു പോംവഴി ഉരുത്തിരിയുന്നു. കഥ സമാധാനത്തിൽ അവസാനിക്കുന്നു.

2. ഇൻമീഡിയാസ്രസ്

സംഭവങ്ങളുടെ മൂർദ്ധന്യത്തിൽ നിന്ന് കഥ തുടങ്ങുന്ന രീതിയാണിത്. പ്രേക്ഷകശ്രദ്ധ ആകർഷിക്കാൻ ഇത്തരം നാടകീയവും സംഘർഷാത്മകവുമായ കഥാവതരണരീതി ഉപകരിക്കും. കഥയുടെ മദ്ധ്യത്തിൽനിന്ന് തുടങ്ങുന്നതിനാൽ, കഥയുടെ പൂർത്തീകരണത്തിന് ഉപകരിക്കുന്ന കഥാംശങ്ങൾക്കായി ഭൂതകാലത്തിലേക്കും, തിരികെ വർത്തമാനകാലത്തിലേക്കും പോകേണ്ടിവരുന്നു.

തിരക്കഥാവ്യാനത്തിന് ആറ് അവസ്ഥകൾ The Writers Manual ലിൽ ഡാലിമില്ലറും മൈക്കിൾ സ്പ്രിൻഗറും നിർദ്ദേശിക്കുന്നു. പൂർവ്വസ്ഥിതി, സംഘട്ടനം, ക്രിയയുടെ ആരോഹണം, മൂർദ്ധന്യം, ക്രിയയുടെ അവരോഹണം, കഥാനിർവ്വഹണം എന്നിവയാണവ.

1. പൂർവ്വസ്ഥിതി (Status Quo)

കഥയുടെ തുടക്കമാണിത്. കഥയുടെ സാഹചര്യങ്ങൾ വ്യക്തമാക്കപ്പെടുന്നു. സംഭവങ്ങളുടെ ആദ്യത്തെ സ്ഥിതികൾ സൂചിപ്പിക്കുന്നു. മാറ്റമില്ലാത്ത അവസ്ഥയാണിത്. കഥാപാത്രസ്വഭാവ സൂചനകളും സംഘർഷ സാദ്ധ്യതാസൂചനകളും അവതരിപ്പിക്കുന്നതിവിടെയാണ്.

2. സംഘട്ടനം (Conflict)

പൂർവ്വസ്ഥിതിയിലെ കഥയുടെ ശാന്തമായ അവസ്ഥ പെട്ടെന്ന് തകർക്കപ്പെടുന്നു. കഥാപാത്രങ്ങളിൽ കാര്യ-കാരണ ബന്ധമുള്ള സംഘട്ടനം രൂപപ്പെടുന്നു. കഥാപാത്രങ്ങൾ എങ്ങനെ അതിൽ പങ്കാളികളാവുന്നു എന്ന് വ്യക്തമാക്ക

പ്പെടുന്നു.

3. ക്രിയയുടെ ആരോഹണം (Rising Action)

വ്യത്യസ്തമായ ആവശ്യങ്ങളെയും ആശയങ്ങളെയും പ്രതിനിധീകരിക്കുന്ന കഥാപാത്രങ്ങളിൽ, മാനസികവും ശാരീരികവുമായ സംഘർഷവും സംഘട്ടനവും രൂപപ്പെടുന്നു. അവർ തമ്മിൽ ഏറ്റുമുട്ടൽ ആരംഭിക്കുന്നു. ഒടുവിൽ അതിപ്രധാനമായ ഏറ്റുമുട്ടൽ നടക്കുന്നു.

4. മൂർദ്ധന്യം (Climax)

കഥയിലെ ഏറ്റവും തീവ്രവും കഥാപാത്രങ്ങളെ സംബന്ധിച്ച് വികാര വിക്ഷുബ്ധവുമായ അവസ്ഥാവിശേഷമാണിത്. ഇനിയൊരിക്കലും യോജിക്കാൻ കഴിയാത്തവരെപ്പോലെ അവർ എതിർചേരികളായിത്തീരുന്നു.

5. ക്രിയയുടെ അവരോഹണം (Falling Action)

പ്രധാനകഥയുടെ പോഷണത്തിന് പല ശാഖകളായി രൂപപ്പെടുത്തിയ ഉപകഥകൾക്കെല്ലാം പൂർണത നൽകി അവയെ സമന്വയിപ്പിക്കുന്നു. സംഘർഷങ്ങൾക്കും സംഘട്ടനങ്ങൾക്കും പരിഹാരം ഉണ്ടാക്കാനുള്ള ശ്രമങ്ങൾ വിജയിക്കുന്നു. കഥയുടെ അന്തരീക്ഷം ശാന്തമാകുന്നു.

6. കഥാനിർവ്വഹണം (Denouement)

കഥയുടെ അവസാനഭാഗം. കഥാപാത്രങ്ങൾ സമാധാനത്തിലേക്ക് എത്തിച്ചേരുന്നു. കഥയിൽ ഒരു പ്രത്യേക നിരയിൽ ചിട്ടപ്പെടുത്തിയതായി കണ്ടുവന്ന സംഭവങ്ങളുടെ പരിസമാപ്തി. കഥയുടെ ആരംഭത്തിൽ കണ്ടതിൽനിന്നും വ്യത്യസ്തമായ, പുതിയ സാഹചര്യം രൂപപ്പെടുന്നു.

മൂന്ന് ഘട്ടങ്ങളായി തിരിച്ച് തിരക്കഥയെഴുതുന്ന മറ്റൊരു രീതിയുമുണ്ട്. അതനുസരിച്ച് തിരക്കഥയുടെ ആരംഭം (Act I), തിരക്കഥയുടെ മദ്ധ്യം (Act II), തിരക്കഥയുടെ അന്ത്യം (Act III) എന്നിങ്ങനെയുള്ള വിഭജനം നടത്തുന്നു. നോവൽ, കഥ തുടങ്ങിയ മികച്ച സാഹിത്യരൂപങ്ങൾക്കും ഇതേ ഘടന അല്പം ദൈർഘ്യവ്യത്യാസങ്ങളോടെയാവും ഉണ്ടാവുക.

Act I

തിരക്കഥയുടെ ആരംഭമാണിത്. കഥയുടെ പശ്ചാത്തലം, അഥവാ കഥയിലെ സംഭവങ്ങൾ നടക്കുന്ന സാഹചര്യം പ്രധാന കഥാപാത്രങ്ങളിലൂടെ വ്യക്തമാക്കുന്നു. അവരുടെ ക്രിയകളിലൂടെ സ്വഭാവസൂചനകൾ നൽകണം. അവിടെ കഥയുടെ സ്ഥിതിവിശേഷം രൂപപ്പെടുന്നു. ഈ ആക്ടിന്റെ ഒടുവിൽ പ്രധാന കഥാപാത്രത്തെ ബാധിക്കുന്ന നാടകീയമായ ഒരു സംഭവവികാസം ഉണ്ടാവുന്നു. ആ സംഭവം കഥാപാത്രങ്ങളെ തമ്മിൽ രണ്ടായി ഭിന്നിപ്പിച്ച് സംഘർഷത്തിലേക്ക് നയിക്കുന്നതാവും. ആ സംഭവം തുടർന്ന് വരുന്ന ക്രിയകളെ തമ്മിൽ ബന്ധിപ്പിച്ച് നിർത്തുകയും ചെയ്യും.

Act II

തിരക്കഥയുടെ മദ്ധ്യഭാഗമാണിത്. കഥാപാത്രസാഹചര്യങ്ങൾ സംഘർഷത്തിലേക്ക് പുരോഗമിക്കുന്ന സംഭവങ്ങളെ ഈ ഭാഗത്താണ് അവതരിപ്പിക്കുക. കഥാപാത്രങ്ങൾ തമ്മിൽ, അവരുടെ ആശയങ്ങൾ തമ്മിൽ, സംസ്കാരങ്ങളെ പ്രതിനിധീകരിക്കുന്ന ഭിന്നതാല്പര്യങ്ങൾ തമ്മിൽ സംഘർഷം രൂപപ്പെടാം. കഥാപാത്രങ്ങളുടെ ആന്തരികവും ബാഹ്യവുമായ സംഘട്ടനം ഉണ്ടാകാം. പ്രശ്നങ്ങൾ രൂപം കൊള്ളുകയും അത് മൂർദ്ധന്യത്തിലെത്തി നിൽക്കുകയും ചെയ്യുമ്പോൾ, ആ സംഘർഷങ്ങൾക്ക് പരിഹാരം കണ്ടെത്താവുന്ന മറ്റൊരു സംഭവം ഉണ്ടാവുന്നു.

Act III

തിരക്കഥയുടെ അന്ത്യഭാഗമാണിത്. രണ്ടാമത്തെ ആക്ടിൽ രൂപംകൊണ്ട പ്രശ്നങ്ങളും സംഘർഷങ്ങളും പരിഹരിക്കാനുള്ള സാദ്ധ്യത തെളിയുന്നു. പ്രധാന കഥാപാത്രങ്ങളുടെ പങ്കാളിത്തത്തോടെ പ്രശ്ന പരിഹാര തീരുമാനങ്ങൾ ഉണ്ടാവുന്നു. അങ്ങനെ കഥ സമാപ്തിയിലെത്തുന്നു. ഇത്തരത്തിലാണ് തിരക്കഥാരചനയുടെ ത്രീ ആക്ട് ഘടന.

ടെലിഫിലിം സംവിധാനം

സംവിധാനം ഒരു വലിയ കലയാണ്. ഒരു കഥയെ പ്രേക്ഷകന്റെ ഹൃദയത്തിൽ തൊടുംവിധം ദൃശ്യകലയാക്കുന്ന ദീർഘവീക്ഷണത്തിന്റെ കല. ഏറ്റവും മികച്ച സംഘാടകനുമാത്രം ചെ

യ്യാനാവുന്ന കല. മികച്ച ആശയവിനിമയം ആവശ്യമായ കല. ചലച്ചിത്രം മനുഷ്യജീവിതകഥ പറയുന്ന ദൃശ്യകലയാണല്ലോ. ചലച്ചിത്രം നിരന്തരം നവീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു സാങ്കേതികകല കൂടിയാണ്. ഒരു ചലച്ചിത്ര നിർമ്മാണത്തിന്റെ പൂർത്തീകരണത്തിന് നൂറുകണക്കിന് സാങ്കേതികവിദഗ്ധരുടെ അദ്ധ്വാനമുണ്ട്.

സംവിധായകൻ, നിർമാതാവ്, തിരക്കഥാകൃത്ത്, സ്റ്റോറിബോർഡ് ആർട്ടിസ്റ്റ്, പ്രൊഡക്ഷൻ മാനേജർ, പ്രൊഡക്ഷൻ ഡിസൈനർ, അഭിനേതാക്കൾ, ഡയറക്ടർ ഓഫ് ഫോട്ടോഗ്രഫി, സിനിമട്ടോഗ്രാഫർ, ക്യാമറ യൂണിറ്റ്, ക്യാമറ ഓപ്പറേറ്റർമാർ, ലൈറ്റിംഗ് എൻജിനീയർ, ലൈറ്റിംഗ് യൂണിറ്റ്, സെറ്റ് ഡയറക്ടർ, സ്റ്റുഡിയോ നിർമ്മാണ യൂണിറ്റ്, കോസ്റ്റ്യൂം ഡിസൈനർ, കോറിയോഗ്രാഫർ, ആർട്ട് ഡയറക്ടർ, മ്യൂസിക് ഡയറക്ടർ, ഫിലിം എഡിറ്റർ, സൗണ്ട് ഡിസൈനർ, സൗണ്ട് എഡിറ്റർ, സ്പെഷ്യൽ ഇഫക്ട് എഡിറ്റർ, ഗ്രാഫിക് ആർട്ടിസ്റ്റ്, ഡബ്ബിംഗ് ആർട്ടിസ്റ്റ്, സ്റ്റിൽ ഫോട്ടോഗ്രാഫർ തുടങ്ങി അനവധി സാങ്കേതിക പ്രവർത്തകർ. അവർക്കെല്ലാം നിരവധി സഹായികൾ. എന്നിരുന്നാലും ഇവരെയെല്ലാം കൂട്ടിയിണക്കുന്നയാളും ഇവരിൽ ഏറ്റവും പ്രധാനിയും സംവിധായകനാണ്. ടെലിഫിലിം നിർമ്മാണരംഗത്ത് ഇവരുടെ എണ്ണം വളരെ കുറയുമെന്നു മാത്രം.

പ്രേക്ഷകന് ജീവിതത്തെക്കുറിച്ച് ഒരു മികച്ച സന്ദേശം നല്കിക്കൊണ്ട്, തിരക്കഥയെ തന്റെ കലാത്മക ഭാവനയ്ക്കൊത്തവിധം ചലച്ചിത്രമാക്കി മാറ്റുന്ന അനവധിയായ സാങ്കേതികപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്ന ചലച്ചിത്ര സ്രഷ്ടാക്കളാണ് സംവിധായകർ. ടെലിഫിലിം/ചലച്ചിത്ര നിർമ്മാണത്തിന് ക്രിയാത്മകമായ ഏകോപനവും രൂപകല്പനയും നല്കുന്നത് സംവിധായകനാണ്. പ്രീ പ്രൊഡക്ഷൻ മുതൽ അവസാന എഡിറ്റിംഗ് വരെയും നാടകീയവും കലാപരവുമായ ചലച്ചിത്രരചനയുടെ ദർശനത്തിനിണങ്ങുന്നവിധം നിർമ്മാണത്തെ നിയന്ത്രിക്കുന്നത് സംവിധായകനാണ്.

സംവിധായകന്റെ തൊഴിൽരംഗം വളരെ വിപുലമാണ്. തിരക്കഥയെ തന്റെ ദർശനത്തിനിണങ്ങും വിധം നിർവചിക്കുക, വിശദീകരിക്കുക, നിർമാതാവിനൊപ്പം ചിന്തിക്കുക, ചിലപ്പോൾ നിർമാതാവ് തന്നെയായിത്തീരുക, ചലച്ചിത്രത്തിന് പര്യാപ്തമായ സെറ്റ് ക്രമീകരിക്കാൻ ശ്രദ്ധിക്കുക, ചലച്ചിത്രസാങ്കേതിക വിദഗ്ധരിലെ പ്രധാനികളുമായി ഒന്നിച്ച് പ്രവർത്തിക്കുക, കഴിവുറ്റ അഭിനേതാക്കളെ കണ്ടെത്തി ആവശ്യമായ നിർദ്ദേശം നല്കുക, ചിത്രീകരണവേളയിൽ ക്യാമറയ്ക്കും അഭിനേതാക്കൾക്കും ഒപ്പം നിർദ്ദേശങ്ങൾ നല്കി പ്രവർത്തിക്കുക, ചലച്ചിത്ര സന്നിവേശ ഘട്ടത്തിൽ ഫിലിം എഡിറ്റർമാർക്കൊപ്പം പ്രവർത്തിക്കുക, അവർക്ക് തന്റെ കഥയുടെ ദർശനം പങ്കുവെയ്ക്കുക, അതിന് സ്വീകാര്യമാം വിധം എഡിറ്റിങ്ങിൽ മാറ്റങ്ങൾ വരുത്താനുള്ള സ്വാതന്ത്ര്യം നല്കുക, അത് വിലയിരുത്തുക, സംഗീത- ശബ്ദ സന്നിവേശഘട്ടത്തിൽ അവർക്കൊപ്പം പ്രവർത്തിക്കുക തുടങ്ങി നിരവധിയായ വലിയ ഉത്തരവാദിത്തങ്ങളാണുള്ളത്. വളരെ പ്രശസ്തരായ സംവിധായകരാവും ചലച്ചിത്രത്തിന്റെ അവസാനവാക്കെന്നവിധം പൂർത്തീകരിക്കപ്പെട്ട ഫൈനൽകട്ട് നടത്തുക.

അതുകൊണ്ടുതന്നെ, ഓതർ തിയറി (author theory) അനുസരിച്ച് ചലച്ചിത്രനിർമ്മാണകലയെ പൂർണ്ണമായി നിയന്ത്രിക്കുന്നതും അതിൽ പ്രതിഫലിക്കുന്നതും സംവിധായകന്റെ സ്വതന്ത്രമായ ക്രിയാത്മക ശബ്ദങ്ങളും ദർശനങ്ങളുമാണ്. അതിനാൽ ചലച്ചിത്രത്തിന്റെ പ്രധാനശില്പി (രചയിതാവ്) സംവിധായകനാണെന്ന് പാശ്ചാത്യചലച്ചിത്ര ചിന്തകർ വാദിക്കുന്നു. 1940 -കളിലെ ഫ്രഞ്ച് ചലച്ചിത്രത്തിലെ ന്യൂവേവ് മൂവ്മെൻറിന്റെ പ്രധാന സങ്കല്പങ്ങളിലൊന്നായിരുന്നു ഓതർ തിയറി. തിരക്കഥാകൃത്തല്ല, പുതിയൊരു ദൃശ്യ ശ്രാവ്യ കലയുടെ രചനയിലൂടെ ഒരു ചലച്ചിത്രരചനയ്ക്ക് തന്റേതായ ദർശനത്തിലൂടെ പിറവി നല്കുന്നത് സംവിധായകനാണെന്ന പുതുബോദ്ധ്യമായിരുന്നു ഓതർ തിയറി.

ക്യാമറ പെൻ (amera- pen) എന്ന സങ്കല്പനവും ഓതർ തിയറിയിൽ നിന്ന് രൂപപ്പെട്ടതാണ്. തിരക്കഥാകൃത്തല്ല, സംവിധായകൻ തന്നെയാണ് ഒരു ദൃശ്യ- ശ്രാവ്യകലയായി, ക്യാമറയിലൂടെ ചലച്ചിത്രം രചിക്കുന്നതെന്ന ആവിഷ്കാരവാദമായിരുന്നു അത്. ഏറ്റവും മികച്ച ചലച്ചിത്രങ്ങൾ സംവിധായകന്റെ ദീർഘവീക്ഷണങ്ങളുടെയും ദർശനങ്ങളുടെയും മുദ്രകൾ, കയ്യൊപ്പുകൾ

പതിഞ്ഞതാവും. ആന്ദ്രേ ബാസിൻ(Andre Bazin), അലക്സാണ്ടർ അസ്ട്രുക് (Alexandre Astruc) എന്നീ ഫ്രഞ്ച് ചലച്ചിത്ര സൈദ്ധാന്തികരുടെ ആശയങ്ങളിൽനിന്ന് അമേരിക്കൻ ചലച്ചിത്രനിരൂപകനായ ആൻഡ്രൂ സാരിസാ(Andrew Sarris)ണ് ഓതർ തിയറി എന്ന പദം വിശദീകരിച്ചത്.

1940 - കളിൽ അമേരിക്കൻ സ്റ്റുഡിയോകളിൽ സിനിമകൾചെയ്ത സംവിധായകനും നിർമ്മാതാവുമായിരുന്ന ആൽഫ്രഡ് ഹിച്ച്കോക്ക് (Alfred Hitchcock) ഓതർ തിയറിയ്ക്ക് മികച്ച ഉദാഹരണമാണ്. Notorious (1946), Vertigo(1958), Psycho (1960, North By Northwest (1959), Rear Window(1954), Strangers on a Train (1951), The 39 Steps (1935), Rebecca (1940) തുടങ്ങിയ ചലച്ചിത്രങ്ങളെല്ലാം ഹിച്ച്കോക്കിന്റെ ദർശനങ്ങളുടെ മുദ്രകൾ പതിഞ്ഞതായിരുന്നു. പ്രശസ്തരായ ഓതർ ഡയറക്ടർമാരാണ് ഫ്രാൻസിസ് ഫോർഡ് കപ്പോള (ദ ഗോഡ്ഫാദർ, ദ കോൺവർസേഷൻ), വുഡി അലൻ (ആനി ഹാൾ, മാൻഹാട്ടൻ), റോബർട്ട് ആൾട്ട്മാൻ (മാഷ്, നാഷ് വില്ലെ), സ്റ്റാൻലി കുബ്രിക് (2001 : സ്പെയ്സ് ഒഡിസി) തുടങ്ങിയവർ.

എല്ലാ അന്തർദ്ദേശീയ ചലച്ചിത്രപുരസ്കാരവേളകളിലും മികച്ച ചലച്ചിത്രം പോലെ പ്രാധാന്യമേറിയ അംഗീകാരമാണ് മികച്ച സംവിധായകനും ലഭിക്കുന്നത്. പല തുറകളിൽ നിന്ന് സംവിധായകരാവാൻ ആഗ്രഹിച്ച് വരുന്നവരുണ്ട്. ചലച്ചിത്രമേഖലയിലെ പരിചയം കൊണ്ട് സംവിധായകരായവർ നിരവധിപേരുണ്ട്. സ്വന്തമായി തിരക്കഥ എഴുതുന്ന സംവിധായകരുണ്ട്. മറ്റുള്ളവരുടെ തിരക്കഥയിൽ തന്റെ ദർശനത്തിന് പര്യാപ്തമായ മാറ്റങ്ങൾ വരുത്തിയെടുക്കുന്നവരുണ്ട്. പാശ്ചാത്യ ചലച്ചിത്രമേഖലയിൽ, തിരക്കഥാകൃത്ത്, അഭിനേതാവ്, ചലച്ചിത്രവിമർശകൻ, ഫിലിം എഡിറ്റർ, നിർമ്മാതാവ് തുടങ്ങിയ മേഖലകളിൽ പരിചയം നേടിയ ചിലർ സംവിധായകരായിരുന്നിട്ടുണ്ട്.സിനിമോട്ടോഗ്രാഫർമാ(ക്യാമറാമാന്മാ)രായിരുന്ന നിരവധി പ്രഗത്ഭരും സംവിധായകരായിട്ടുണ്ട്. ഫിലിം സ്കൂളുകളിൽ നിന്നും സംവിധാനപഠനം പൂർത്തിയാക്കി വരുന്നവരും അനവധിയാണ്. അതുപോലെ, സഹസംവിധായകർ പരിചയം നേടി സംവിധായകരാവുന്നതും പതിവാണ്.

മികച്ച ചലച്ചിത്രങ്ങൾ സംവിധായകന്റെ ദീർഘവീക്ഷണങ്ങളുടെയും ദർശനങ്ങളുടെയും മുദ്രകൾ പതിഞ്ഞതാണെന്ന് പറഞ്ഞു. ഒരു ഉദാഹരണം പറയാം. തിരക്കഥയിലും ചലച്ചിത്ര സംവിധാനത്തിലും താല്പര്യമുള്ള തുടക്കക്കാർ തീർച്ചയായും കണ്ടിരിക്കേണ്ട ചിത്രങ്ങളിലൊന്നാണ് പ്രശസ്ത ജാപ്പനീസ് ചലച്ചിത്രസംവിധായകനായിരുന്ന അകിര കുറസോവ (Akira Kurosawa 1910 1998) യുടെ ഡ്രീംസ് (Dreams).

അകിരകുറസോവ ചലച്ചിത്രരംഗത്ത് വലിയ സംഭാവനകൾ നല്കിയ പ്രതിഭയാണ് Rashomon, Seven Samurai, Ran, Ikiru, The Hidden Fortress, High And Low, Sanjuro, Drunken Angel, Throne of Blood തുടങ്ങി മുപ്പതോളം പ്രശസ്തങ്ങളായ ചലച്ചിത്രങ്ങൾ അദ്ദേഹത്തിന്റെതായിട്ടുണ്ട്. ജാപ്പനീസ് ചലച്ചിത്രങ്ങളെ ലോകശ്രദ്ധയിലേക്ക് ഉയർത്തിയ പ്രതിഭ. തിരക്കഥാകൃത്ത്, ഫിലിം എഡിറ്റർ, സംവിധായകൻ, നിർമ്മാതാവ് തുടങ്ങിയ മേഖലകളിൽ കുറസോവ ചലച്ചിത്രരംഗത്ത് അറിയപ്പെട്ടു. അദ്ദേഹത്തിന്റെ ഡ്രീംസ് ഒരു പ്രവാചകനെപ്പോലെ, മനുഷ്യരാശിക്കായി കാട്ടിത്തരുന്ന ദിവ്യവെളിപാടുകൾപോലുള്ള കിനാവുകളാണ്.

കുറസോവയുടെ ഡ്രീംസ് അദ്ദേഹത്തിന്റെ മുൻകാല ചലച്ചിത്രശൈലിയിൽനിന്നും വ്യത്യസ്തമായിരുന്നു. സ്വന്തം തിരക്കഥയിൽ കുറസോവ തന്നെ സംവിധാനംചെയ്ത ആ ചലച്ചിത്രം, ചെറുകഥകൾ പോലെ, ചെറിയ എട്ട് ദൃശ്യവാങ്മയ ചിത്രങ്ങളുടെ മാജിക്കൽ റിയലിസ്റ്റിക് സമാഹാരമാണ്. എട്ട് വ്യത്യസ്ത പ്രമേയങ്ങളെ ആധാരമാക്കുന്ന ഡ്രീംസ്, സ്റ്റീവൻ സ്പിൽബർഗ്ഗിന്റെ നിർദ്ദേശപ്രകാരം വാർണർ ബ്രദേഴ്സ് ആണ് ചലച്ചിത്രമാക്കിയത്.

ഡ്രീംസ് എന്ന ഒരു ശീർഷകത്തിനുള്ളിൽ, എട്ട് ഉപശീർഷകങ്ങളിൽ (Sunshine Through the Rain, The Peach Orchard, The Blizzard, The Tunnel, Crows, Mount Fuji in Red, The Weeping Demon, Village of the Watermills) എപ്പിസോഡുകൾപോലെ എട്ട് ഖണ്ഡങ്ങളിൽ അവ ചലച്ചിത്രമാക്കപ്പെട്ടി

രിക്കുന്നു. അവയെല്ലാം ഇന്നലെകളെയും ഇന്നിനെയും നാളെയും കുറിച്ചുള്ള കാഴ്ചപ്പാടുകളും, ഓർമ്മപ്പെടുത്തലുകളും ഉൾക്കൊള്ളുന്ന മികച്ച ചലച്ചിത്രരചനകളാണ്. എല്ലാറ്റിനെയും കോർത്തിണക്കുന്ന ദർശനവും, മനുഷ്യസ്നേഹവും, പ്രകൃതി സ്നേഹവും, ബാല്യത്തിന്റെ നിഷ്ക്കളങ്കതയും കൗതുകങ്ങളും പുരാവൃത്തവും, നഗരവല്ക്കരണത്തിന്റെ കെടുതികളുമെല്ലാം അതിൽ പ്രമേയമാവുന്നു. അതിൽനിന്നുള്ള രണ്ട് ലഘുവായ ഇതിവൃത്തങ്ങളെക്കുറിച്ച് പരാമർശിക്കാം.

അതിൽ അഞ്ചാമത്തെ ചിത്രം 'Crows' ആണ്. ജീവിച്ചിരുന്നപ്പോൾ ആദരവ് ലഭിക്കാതെപോയ ഒരു വിഖ്യാത പെയിന്റർക്കു നല്കുന്ന ബഹുമാനമാണത്. കുറസോവയും ഒരു പെയിന്റർകൂടി ആയിരുന്നുവല്ലോ. ആധുനിക ചിത്രകലയ്ക്ക് തുടക്കം കുറിച്ച, ഡച്ചുകാരനും ലോകപ്രശസ്ത പോസ്റ്റ് ഇംപ്രഷനിസ്റ്റ് പെയിന്ററുമായിരുന്ന വിൻസെൻറ് വാൻഗോഗിന് (Vincent van gogh) ആദരം അർപ്പിക്കുകയാണ് ക്രോസ് എന്ന ലഘുചലച്ചിത്രം.

> ദാരിദ്ര്യവും മാനസ്സിക അസ്വാസ്ഥ്യവും അനുഭവിച്ച വാൻഗോഗ് 37-ാം വയസ്സിൽ വെടിയേറ്റ് മരിക്കുംമുമ്പ് 2,100 ലധികം പെയിൻറിംഗുകൾ പൂർത്തിയാക്കിയിരുന്നു. അതിൽ 860 ലധികവും ഓയിൽ പെയിൻറിംഗുകളായിരുന്നു. അവയുടെ ഇന്നത്തെ വില ദശലക്ഷം കോടികളാണ്.

ചിത്രകാരനായ ഒരു യുവാവ് ഒരു ആർട്ട് ഗ്യാലറിയിൽ വാൻഗോഗിന്റെ ഓയിൽപെയിൻന്റിംഗുകൾ കാണാനെത്തുന്നു. ചിത്രങ്ങൾ നിരീക്ഷിക്കുന്നു. ചിത്രങ്ങളിലൂടെ സഞ്ചരിക്കുന്നു. അയാളുടെ അന്വേഷണം സ്വാഭാവികമായും വാൻഗോഗിലേക്കെത്തുന്നു. വാൻഗോഗുമായി സംവദിക്കുന്നു. സ്വന്തംവഴി കണ്ടെത്തുന്നു. ശീർഷകത്തിലെ ക്രോസ് (Crows) വാൻഗോഗിന്റെ Wheatfield with Crows എന്ന പെയിന്റിംഗിനെ സൂചിപ്പിക്കുന്നു.

അവസാനത്തേത് ഒരു ഗ്രാമത്തിന്റെ കഥയാണ്. ഒരു യുവാവ് മരപ്പാലത്തിലൂടെ ജലയന്ത്രങ്ങളുള്ള ഒരു ഗ്രാമത്തിലെത്തുന്നു. മരപ്പാലത്തിൽ നിന്ന് അയാൾ അരുവിയുടെ ഒഴുക്കും പൂക്കൾ നിറഞ്ഞ പ്രകൃതിഭംഗിയും ആസ്വദിക്കുന്നു. അയാളെക്കടന്നുപോകുന്ന കുറേ കുട്ടികൾ അയാൾക്ക് നല്ലദിവസം ആശംസിക്കുന്നു. അയാളും അവരെ അഭിവാദ്യം ചെയ്യുന്നു. അവർ കുറേ പൂക്കൾ പറിച്ച് കരയിൽ അടുത്തുള്ള വലിയൊരു കല്ലിന്റെ മീതേ വച്ചിട്ട് പോകുന്നത് അയാൾ കൗതുകത്തോടെ ശ്രദ്ധിച്ചു. അയാൾ മറുകരയിൽ, വളരെ പ്രായംകൂടിയ ഒരു മനുഷ്യൻ ജലയന്ത്രത്തിന്റെ ഒരു വലിയ ചക്രം നന്നാക്കുന്നതു കണ്ടു.

അവിടെയെത്തി, ആ വൃദ്ധനുമായി അയാൾ സംസാരിക്കുന്നു. ആ ഗ്രാമത്തിന് പ്രത്യേകിച്ച് ഒരു പേരില്ലെന്നും, ചിലർ അതിനെ Village of the Watermills എന്ന് വിളിക്കുമെന്നും വൃദ്ധനിൽ നിന്നും യുവാവ് മനസ്സിലാക്കുന്നു. ഗ്രാമവാസികൾ അവിടെ പലയിടങ്ങളിലായി പാർക്കുന്നു. അവർക്ക് വൈദ്യുതി ആവശ്യമായി വന്നിട്ടില്ല. പരിസ്ഥിതി നശിക്കാതിരിക്കാനായി ആധുനിക സാങ്കേതികവിദ്യകളൊന്നും അവർ ഉപയോഗിക്കുന്നില്ല. അവരുടേത് പ്രകൃതിക്കിണങ്ങുന്ന സാധാരണ ജീവിതരീതിയാണ്. പ്രകൃതിയുടെ ഭാഗമാണ് മനുഷ്യൻ. പ്രകൃതിയെ ആശ്രയിച്ച് അവർ ജീവിക്കുന്നു. ജീവിതത്തെ സുഖകരമാക്കാമെന്ന് ശാസ്ത്രജ്ഞർ കരുതുന്നു. ബുദ്ധിമാന്മാരായ അവർ പ്രകൃതിയുടെ ഹൃദയത്തെ അറിയുന്നില്ല. അവരുണ്ടാക്കുന്ന പുതിയ ഉല്പന്നങ്ങൾ ഉപയോഗിച്ചാലും മനുഷ്യർ ഒടുവിൽ നിരാശരാവുന്നു. പ്രകൃതി മലിനീകരിക്കപ്പെടുന്നു. അശുദ്ധി മനുഷ്യഹൃദയങ്ങളിലും നിറയുന്നു. ശുദ്ധവായുവും ശുദ്ധജലവും നമുക്ക് അന്യമാവുന്നു. യുവാവ് ആ ഗ്രാമവൃദ്ധന്റെ വാക്കുകൾ കേട്ടിരുന്നു.

അവിടെക്കണ്ട ഒരു വലിയ കല്ലിന്റെ മീതേ കുട്ടികൾ പൂക്കൾ വച്ചത് എന്തിനെന്ന് യുവാവ് ചോദിച്ചു. കാലങ്ങൾക്കു മുമ്പ്, സുഖമില്ലാതെവന്ന ഒരു സഞ്ചാരി അവിടെവച്ച് മരിച്ചു. ആ വൃദ്ധൻ ഓർത്തെടുത്തു- തന്റെ കുട്ടിക്കാലത്ത് അച്ഛൻ പറഞ്ഞതാണ്. ഗ്രാമവാസികൾക്ക് ദയതോന്നി. മരിച്ചയാളെ അവിടെ സംസ്കരിച്ചു. അയാളുടെ ഓർമ്മയ്ക്കായാണ് അതുവഴി പോകുന്ന ഗ്രാമവാസികളെല്ലാം ആ കല്ലിൽ ഇപ്പോഴും പൂക്കൾ വയ്ക്കുന്നത്. അവരിൽ പലർക്കും അത് എന്തി

നെന്നുപോലും അറിയില്ല.

അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ, സന്തോഷസൂചകമായ ഒരു ഘോഷയാത്ര അടുത്തുവരുന്ന സംഗീതം കേൾക്കുന്നു. അത് വളരെ പ്രായംകൂടിയ ഒരു സ്ത്രീയുടെ സന്തോഷകരമായ ശവസംസ്കാര ഘോഷയാത്രയാണെന്ന് ആ ഗ്രാമവൃദ്ധൻ പറഞ്ഞു. ജോലിചെയ്യുക, ദീർഘകാലം ജീവിക്കുക, ഒടുവിൽ നന്ദിയോടെ വിടവാങ്ങുക. വാർദ്ധക്യത്തിലാണ് അവിടെ മിക്കവരും മരിക്കുക. മരിച്ചയാളിനെ ഗ്രാമവാസികൾ ചേർന്ന് മലമുകളിലെ സെമിത്തേരിയിൽ കൊണ്ടുപോയി സംസ്കരിക്കുന്നു. ഇന്ന് സംസ്കരിക്കപ്പെടുന്നവൾക്ക് 99 വയസുണ്ട്. ഒരു സത്യം പറയാം. അവൾ എന്റെ ആദ്യപ്രണയിനി ആയിരുന്നു. എന്റെ ഹൃദയം തകർത്തുകൊണ്ട് അവൾ മറ്റൊരുവന്റെ കൂടെപ്പോയി.

യുവാവ് ചോദിച്ചു- അങ്ങേയ്ക്ക് എത്ര വയസുണ്ട്? 103. വൃദ്ധൻ പറഞ്ഞു- ചിലർ പറയും ജീവിതം കഠിനമാണെന്ന്. അത് വെറുതേയാണ്. ജീവിതം വളരെ നല്ലതാണ്. അത്, വികാരോജ്ജ്വലമാണ് (Some say life's hard. That's just talk. It's good to be alive. It's exciting). ആ സ്ത്രീയുടെ ദീർഘകാല ജീവിതത്തിന്റെ വിടവാങ്ങൽവേളയിൽ സന്തോഷകരവും സമാധാനപൂർണ്ണവുമായ യാത്രയയപ്പ് ആണ് അവർ നല്കുന്നതെന്ന് യുവാവ് കാണുന്നു. യുവാവിനോട് ക്ഷമചോദിച്ചുകൊണ്ട്, അവൾക്ക് ആദരമർപ്പിക്കാൻ കുറേപൂക്കൾ പറിച്ചുകൊണ്ട് ആ വൃദ്ധനും ഘോഷയാത്രയിൽ ചേർന്നു. ആ ഗ്രാമത്തിൽനിന്നുള്ള മടക്കയാത്രയിൽ ആ യുവാവും പൂക്കൾ പറിച്ച് ആ വലിയ കല്ലിൽ സമർപ്പിച്ചുകൊണ്ട് പോകുന്നു. ഹൃദയസ്പർശിയായ സംഗീതവും വശ്യസുന്ദരമായ ഷോട്ടുകളുംകൊണ്ട് കുറസോവ തീർത്ത മാജിക് സ്പർശമാണ്, സീക്വൻസാണ് ഡ്രീംസ്. തീർച്ചയായും നിങ്ങൾക്കും, പുതിയ കാലത്തിനിണങ്ങുന്ന സ്വപ്നങ്ങളെ ചലച്ചിത്രത്തിന്റെ മായികസ്പന്ദനങ്ങളിലൂടെ അനേകർക്ക് പകർന്നു നല്കാനാവും. പ്രേക്ഷകരുടെ ജീവിതങ്ങളെ ചലിപ്പിക്കാൻ, ഊർജ്ജം പകരാൻ കഴിയട്ടെ.

ഡോക്യുമെന്ററികൾ

വിനോദത്തിനോ വിജ്ഞാനത്തിനോ വിദ്യാഭ്യാസത്തിനോവേണ്ടി യഥാർത്ഥ വസ്തുതകളെ മുൻനിർത്തി വിവരണാത്മകമായി നിർമ്മിക്കുന്ന ചലച്ചിത്രങ്ങളാണ് ഡോക്യുമെന്ററികൾ. ചരിത്രപ്രാധാന്യമുള്ള വ്യക്തികളെയും സംഭവങ്ങളെയും സ്ഥലങ്ങളെയും വലിയനിർമ്മിതികളെയും ശാസ്ത്രവസ്തുതകളെയും പുരാതന സംസ്കാരങ്ങളെയുമെല്ലാം ശാസ്ത്രീയവും യഥാതഥവുമായി സ്വാഭാവിക പശ്ചാത്തലത്തിൽ ചിത്രീകരിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്ന ചലച്ചിത്രങ്ങളാണ് ഡോക്യുമെന്ററികൾ.

> യഥാർത്ഥ വസ്തുതകളെ ആസ്പദമാക്കി വിനോദത്തിനോ വിജ്ഞാനത്തിനോ വിദ്യാഭ്യാസത്തിനോവേണ്ടി വിവരണാത്മകമായി നിർമ്മിക്കുന്ന ചലച്ചിത്രങ്ങളാണ് ഡോക്യുമെൻററികൾ. പല ആദ്യകാല ചലച്ചിത്രങ്ങൾക്കും ഡോക്യുമെന്ററി സ്വഭാവമുണ്ടായിരുന്നു.

ചലച്ചിത്രകല പിറവിയെടുത്ത ആദ്യകാലത്തുതന്നെ മിക്കവാറും എല്ലാരാജ്യങ്ങളിലും ഇത്തരം യഥാതഥമായ ധാരാളം ഡോക്യുമെന്ററികൾ നിർമ്മിക്കപ്പെട്ടിരുന്നു. സ്കോട്ടിഷ് സംവിധായകനും വിദ്യാഭ്യാസവിദഗ്ധനുമായ ജോൺ ഗ്രിയേഴ്സൻ (John Grierson) ഇത്തരം ചലച്ചിത്രങ്ങളെ ഒരു വർഗ്ഗമായി വേർതിരിക്കാൻ 1920- കളിൽ ഒരു ഫ്രഞ്ചുപദത്തിൽ നിന്ന് (documentaire) രൂപമാറ്റംവരുത്തിയതാണ് ഡോക്യുമെന്ററി എന്ന പദം. ചലച്ചിത്രങ്ങൾ പിറവിയെടുത്ത ആദ്യകാലങ്ങളിലെ മിക്ക സിനിമകളും ഡോക്യുമെന്ററികളുടെ സ്വഭാവമുള്ളവ ആയിരുന്നു.

1922ൽ എസ്കിമോകളുടെ ജീവിതത്തിന്റെ കഥ കാണിച്ചു തന്ന അമേരിക്കൻ സംവിധായകൻ റോബർട്ട് ഫ്ളാഹർട്ടി(Robert Flaherty) യുടെ നാനൂക് ഓഫ് ദ നോർത്ത് (Nanook of the North) ഡോക്യുമെന്ററിയുടെ ആദ്യമാതൃകയാണ്. വിശദീകരണങ്ങൾ ദൃശ്യങ്ങളായി, ഫ്രെയിമുകളിൽ എഴുതിക്കാണിക്കുന്ന, ബ്ലാക് ആന്റ് വൈറ്റിലുള്ള ഒരു നിശ്ശബ്ദ ഡോക്യുമെന്ററി ആണത്. മഞ്ഞുമൂടിയ ധ്രുവങ്ങളിൽ 'ഇഗ്ലു'വിൽ (മഞ്ഞുപാർപ്പിടം) ജീവിച്ച്, ഭയാനകമാം വിധം ഒറ്റപ്പെട്ട ശൂന്യതകളിലൂടെ, നായ്ക്കൾ വലിക്കുന്ന തെന്നുവണ്ടികളിൽ യാത്രചെയ്ത് ഉപജീവനംതേടുന്ന എസ്കിമോയായ നാനൂക്കിന്റെ ജീവിതം,

അതിന്റെ തനിമയിൽ പകർന്നുവെച്ച ചിത്രമാണ് 'നാനൂക്ക് ഓഫ് ദി നോർത്ത'.

കാനഡയ്ക്ക് അടുത്ത്, ക്യൂബക് പ്രൊവിസിൽ, ലാബ്രഡോറിന്റെ വടക്ക് പടിഞ്ഞാറ്, ഇംഗ്ലണ്ടിന്റെയത്ര വലിപ്പമുണ്ടെങ്കിലും, അക്കാലത്ത് കേവലം മുന്നൂറോളം എസ്കിമോകൾ മാത്രം താമസിച്ചിരുന്ന വടക്കൻ അൺഗെവ (Ungava) എന്ന സ്ഥലത്തെ ജീവിതമാണ് വിഷയം. മഞ്ഞു മൂടി കിടക്കുന്നകൊണ്ടും, മണ്ണ് ഫലഭുയിഷ്ഠമല്ലാത്തതു കൊണ്ടും നിലനില്പിനുവേണ്ടി, മൃഗങ്ങളെപ്പോലെ, വേട്ടയാടി ജീവിക്കുന്ന എസ്കിമോകളുടെ കഥ കാണിച്ചുതരികയാണ് നാനൂക്ക് ഓഫ് ദ നോർത്ത്.

അമ്പെയ്ത്ത് പഠിപ്പിക്കുന്നു

നാനൂക്ക് മീൻപിടിക്കുന്നു



മഞ്ഞുവീടിൽ നിന്ന് പുറത്തിറങ്ങുന്നു

മീനിനെ കടിച്ചുകൊല്ലുന്നു

റോബർട്ട് ഫ്ളാഹർട്ടി രണ്ടുമൂന്ന് എസ്കിമോകളുടെ സഹായത്തോടെ 1910 മുതൽ 1916 വരെയുള്ള കാലയളവിൽ മാസങ്ങൾനീണ്ടുനിന്ന ചില വടക്കൻ പര്യവേഷണങ്ങൾ നടത്തി. അതിലെ അനുഭവപരിചയം എസ്കിമോകളുടെ ജീവിതം അടുത്തറിയാനിടയാക്കി. 1913-ലെ ശിശിര കാലത്ത് ബാഫിൻ ദ്വീപിൽ (Baffin Island) എത്തി. കൂടെ താമസിച്ച ചില എസ്കിമോകളുടെ ജീവിതം ക്യാമറയിൽ പകർത്തി. അന്ന് പര്യവേഷണപരിചയമോ ചലച്ചിത്രപരിചയമോ ഇല്ലായിരുന്നു. അതിനാൽ, അന്നെടുത്ത ചിത്രങ്ങൾക്ക് വളരെ ദുർബ്ബലമായ ഗുണമേ ഉണ്ടായിരുന്നുള്ളു.

ഫ്ളാഹർട്ടി അതുകൊണ്ട് വീണ്ടും തയ്യാറെടുപ്പുകളോടെ, മറ്റൊരു പര്യവേഷണംകൂടി നടത്തി. ദൃശ്യചിത്രീകരണങ്ങളും നടത്തി. അതിനൊടുവിൽ അവർ സഞ്ചരിച്ച ബോട്ടുതകർന്ന് നശിച്ചുപോയി. എങ്കിലും നല്ലൊരു ചിത്രം ലഭിച്ചു എന്ന്

SGOU

വിചാരിച്ചു. അവിടുത്തെ ബെൽച്ചർ ദ്വീപിൽ (Belcher Islands)നിന്ന് കുറിപ്പുകളും ഭൂപടങ്ങളും ചിത്രങ്ങളുമായി തിരികെപ്പോയി. ടൊറാൻറോയിൽവെച്ച് ഫിലിം എഡിറ്റിംഗ് പൂർത്തിയാക്കി. എന്നാൽ യാദൃശ്ചികമായി അതിന്റെ നെഗറ്റീവ് കത്തി നശിച്ചു പോയി. എല്ലാം നഷ്ടപ്പെട്ടു എന്നു കരുതി. പിന്നെ, എഡിറ്റിംഗ് പ്രിന്റ് ഉണ്ടായിരുന്നത് പലതവണ കണ്ടുനോക്കി. അപ്പോഴാണ് അത് അത്ര നല്ലതല്ലെന്ന് ബോദ്ധ്യമായത്.

കാലങ്ങളായി അടുത്തറിയുന്ന എസ്കിമോകളുടെ ജീവിത പ്രതിനിധിയായി ഒരു വ്യക്തിയെയും കുടുംബത്തെയും ചിത്രീകരിക്കുന്നത് നന്നായിരിക്കുമെന്ന് ഫ്ളാഹർട്ടിയ്ക്ക് തോന്നി. അങ്ങനെ ഒരു ചലച്ചിത്രം നിർമ്മിക്കാനായി വീണ്ടും വടക്കോട്ടു പോയി. ക്യാമറയും പ്രിന്ററും പ്രൊജക്ടറുമടങ്ങുന്ന ഉപകരണങ്ങളും കൂടെക്കൊണ്ടുപോയി. നാനൂക്കിൻറെ കുടുംബവുമായി സംസാരിച്ചു. അവരുടെ അനുവാദം വാങ്ങി. ആദ്യമെടുത്ത കുറെ ചിത്രങ്ങൾ അവരെ കാണിച്ചു. അവർക്ക് സന്തോഷമായി. നാനൂക്കിന്റെ കുടുംബം ചിത്രീകരണത്തോട് സഹകരിച്ചു, സഹായിച്ചു.

നാനൂക്കിന്റെ യാത്രകൾ, മത്സ്യബന്ധനരീതി, മൃഗങ്ങളുടെ വേട്ടയാടൽ, പച്ചയ്ക്ക് തന്നെ അവയെ മുറിച്ച് തിന്നുന്ന ജീവിതരീതി, അവരുടെ മഞ്ഞുവീടിന്റെ (igloo) നിർമ്മാണം, അതിലെ താമസം തുടങ്ങി അനവധി വിവരങ്ങൾ ഫ്ളാഹർട്ടി പകർന്നു തരുന്നു.

ഡോക്യുമെന്ററിയുടെ ആവശ്യത്തിന് ചിത്രീകരണം കഴിഞ്ഞപ്പോൾ നാട്ടിലേക്ക് മടങ്ങാൻ തീരുമാനിച്ചു. എന്നാൽ, നാനൂക്ക്, ഫ്ളാഹർട്ടിയെ അവിടെ കുറേനാൾകൂടി നിൽക്കാൻ നിർബ്ബന്ധിച്ചു. തിരികെ നാട്ടിലെത്തി, രണ്ടു വർഷം കഴിഞ്ഞ് ഫ്ളാഹർട്ടി നാനൂക്കിന്റെ മരണവാർത്ത അറിഞ്ഞു. അപ്പോഴേക്കും, നാനൂക്ക് ഓഫ് ദ നോർത്ത് എന്ന ഡോക്യുമെന്ററിയിലൂടെ, നാനൂക്ക് എന്ന പാവം എസ്കിമോയുടെ സാഹസിക ജീവിതം ലോകം അറിഞ്ഞു കഴിഞ്ഞിരുന്നു.

ബ്രിട്ടീഷ് സർക്കാരിനുവേണ്ടി നൂറുകണക്കിന് ഡോക്യുമെന്ററികൾ ചെയ്ത് പ്രശസ്തനായ (John Grierson) ജോൺ ഗ്രിയേഴ്സന്റെ 1929- ൽ നിർമ്മിച്ച വടക്കൻ സമുദ്രത്തിലെ മീൻപിടുത്തക്കാരന്റെ കഥ പറയുന്ന 'ഡ്രിഫ്റ്റേഴ്സ്' (Drifters) ഏറെ പ്രശസ്തമാണ്. ലണ്ടനിൽനിന്ന് ഗ്ലാസ്ഗോയിലേക്ക് രാത്രിയിൽ കത്തുകളും തപാലുരുപ്പടികളുമായി പോകുന്ന തീവണ്ടിയുടെ കഥ പറയുന്ന നൈറ്റ് മെയിൽ(Night Mail) ഡോക്യുമെന്ററി ചരിത്രത്തിലെ ഒരു ക്ലാസ്സിക്കായി കണക്കാക്കുന്നു.

> നൈറ്റ് മെയിൽ ഡോക്യുമെന്ററി ചരിത്രത്തിലെ ഒരു ക്ലാസ്സിക്കാണ്. അതിലെ കമന്ററി പ്രശസ്തകവി ഡബ്ലിയു.എച്ച്. ആഡന്റെ കാവ്യാത്മകമായ വരികളെ മുൻനിർത്തി ചിട്ടപ്പെടുത്തിയതാണ്.

1936-ൽ ബേസിൽ റൈറ്റും ഹാരിവാറ്റും (Basil Wright, Harry Watt)) ചേർന്ന് സംവിധാനം ചെയ്തതായിരുന്നു 'നൈറ്റ് മെയിൽ'. നൈറ്റ് മെയിലിന്റെ കമന്ററി പ്രശസ്തകവി ഡബ്ലിയു.എച്ച്. ആഡന്റെ കാവ്യാത്മകമായ വരികളെ മുൻനിർത്തി രൂപപ്പെടുത്തിയതാണ്. ബേസിൽ റൈറ്റിന്റെ 'ദി സോംഗ് ഓഫ് സിലോൺ (1934) എന്നതും ഡോക്യുമെന്ററികളിലെ മികച്ചമാതൃകയാണ്. 1933-ൽ Alexander Korda അലക്സാണ്ടർ കോർഡ ഹെൻറി എട്ടാമന്റെ സ്വകാര്യ ജീവിതത്തെക്കുറിച്ച് (The Private Life of Henry VIII) ഒരു ഡോക്യുമെന്ററി ചെയ്തു.

അമേരിക്കൻ ചലച്ചിത്രകാരൻ റോബർട്ട് ഫ്ളാഹർത്തി നിർമ്മിച്ച മിക്ക സിനിമകളും മോന (Moana), മാൻ ഓഫ് ആരാൻ (Man of Aran) തുടങ്ങിയവകൾ മികച്ച ഡോക്യുമെന്ററികൾ തന്നെയാണ്. മറ്റു ചിത്രങ്ങളും ഇതേ മാതൃക പിന്തുടരുന്നു. ഐസൻസ്റ്റീൻ, പുഡോവ്ക്കിൻ എന്നീ റഷ്യൻ ചലച്ചിത്രകാരന്മാരുടെ ആദ്യകാല ചിത്രങ്ങളും ഡോക്യുമെന്ററി ശൈലിയിലുള്ളതാണ്. ഡോക്യുമെന്ററിയോട് ചേർന്നുനിന്നവയായിരുന്നു ഇറ്റലിയിലെ നിയോറിയലിസത്തിന്റെ ആഖ്യാനശൈലിയും. യഥാർഥ ജീവിതത്തിലെ മനുഷ്യരെത്തന്നെ കഥാപാത്രങ്ങളാക്കുക, യഥാർഥസ്ഥലങ്ങളും സംഭവങ്ങളും പശ്ചാത്തലമാക്കുക, അകൃത്രിമമായ അഭിനയവും സംഭാ

ഷണവും സ്വീകരിക്കുക തുടങ്ങിയവ കൊണ്ട് ഇവരുടെ ദൃശ്യരചനകൾ ഡോക്യുമെന്ററിയോട ടുത്തു നിൽക്കുന്നു.

1960– 1970 കാലഘട്ടം മുതൽ ടെലിവിഷനിൽ ഡോക്യുമെൻററികൾ ഇടംപിടിച്ചു. തുടർന്ന് ലോകമെമ്പാടും വിദ്യാഭ്യാസ ഡോക്യുമെൻററികൾ നിർമ്മിക്കപ്പെട്ടുതുടങ്ങി. 1930–കളിൽ ചലച്ചിത്രത്തിന്റെ സ്വാധീനശക്തി തിരിച്ചറിഞ്ഞ പല ഗവൺമെന്റുകളും സംഘടനകളും തങ്ങളുടെ ആശയപ്രചാരണത്തിനും ജനബോധനത്തിനും ഡോക്യുമെന്ററികളെ ഉപയോഗിച്ചുതുടങ്ങി. സമൂഹത്തിന്റെ ബോധവൽക്കരണത്തിനും, വിദ്യാഭ്യാസത്തിനും, ഡോക്യുമെന്ററിയെ ആദ്യം പ്രയോജനപ്പെടുത്തിയത് ബ്രിട്ടനായിരുന്നു. 1930–ൽ അവിടെ ആരംഭിച്ച ഫിലിം യൂണിറ്റ് ഡോക്യുമെന്ററികൾ നിർമ്മിക്കുന്നതിൽ സഹായിച്ചു.

ഡോക്യുമെന്ററി സംഭവങ്ങളേയും വ്യക്തികളേയും ചരിത്രത്തെയും ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളെയും പ്രകൃതി, പരിസ്ഥിതി, ശാസ്ത്രം തുടങ്ങിയ വിഷയങ്ങളെയും ക്രിയാത്മകവ്യാഖ്യാനം നല്കി അവതരിപ്പിക്കുന്നു. നമ്മുടെ കാഴ്ചപ്പാടുകളെയും മനോഭാവങ്ങളെയും മാറ്റാൻ ഇവയ്ക്കാവുന്നു. ലോകമെമ്പാടും ഗവൺമെൻറുകളും പ്രസ്ഥാനങ്ങളും കമ്പനികളും ബോധനത്തിനും പ്രചാരണത്തിനുമായി ധാരാളം ഡോക്യുമെന്ററികൾ നിർമ്മിക്കുന്നുണ്ട്. രാജ്യത്തിന്റെ വികസനപദ്ധതികൾ, ഭരണസംവിധാനം, പ്രമുഖ വ്യക്തികൾ, ചരിത്രപ്രധാനസ്ഥലങ്ങൾ, ആരാധനാലയങ്ങൾ, കലകൾ, ജീവിതരീതികൾ, ചരിത്രസംഭവങ്ങൾ തുടങ്ങി വിവിധ വിഷയങ്ങളെപ്പറ്റിയുള്ള ധാരാളം ഡോക്യുമെന്ററികൾ ഇന്ന് നിലവിലുണ്ട്. സത്യജിത്റായ്, അടൂർ ഗോപാലകൃഷ്ണൻ, ശ്യാം ബെനഗൽ, ഗിരീഷ് കർണാട്, മൃണാൾസെൻ, അരവിന്ദൻ, അസീസ്, ശിവൻ തുടങ്ങിയവരുടെ ഡോക്യുമെന്ററികളും പ്രസിദ്ധങ്ങളാണ്.

വ്യക്തിചരിത്ര ഡോക്യുമെന്ററികൾ

ചരിത്രത്തിൽ ഇടംപിടിച്ച മഹാന്മാരുടെ ജീവിതത്തെ മുൻനിർത്തിയുള്ളവയാണ് വ്യക്തിചരിത്ര ഡോക്യുമെന്ററികൾ. വ്യക്തിചരിത്രം വിവരിക്കുന്ന അനവധി ഡോക്യുമെന്ററികളുണ്ട്. അതിൽ മഹാത്മാഗാന്ധിയെക്കുറിച്ചുതന്നെ നിരവധി ഡോക്യുമെന്ററികൾ നിലവിലുണ്ട്. രമേശ് ശർമ്മ സംവിധാനം ചെയ്ത (Ahimsa- Gandhi : The Power of the Powerless) ഡോക്യുമെന്ററി അവയിലൊന്നാണ്. ടാഗോറിനെപ്പറ്റി (Rabindranath Tagore) 1961ൽ സത്യജിത്റായ് (Satyajit Ray) നിർമ്മിച്ച ഡോക്യുമെന്ററി മഹത്തരമാണ്. ശ്രീനാരായണഗുരു, കുമാരനാശാൻ, വള്ളത്തോൾ, വി.ടി ഭട്ടതിരിപ്പാട്, ഇ.എം.എസ്. നമ്പൂതിരിപ്പാട് തുടങ്ങിയ പ്രമുഖ വ്യക്തികളെപ്പറ്റിയുള്ള ശ്രദ്ധേയമായ ഡോക്യുമെന്ററികൾ ഇന്നും പ്രചാരത്തിലുണ്ട്. നമ്മുടെ കഥകളി നടന്മാരെപ്പറ്റി അടൂർ ഗോപാലകൃഷ്ണന്റെ ഡോക്യുമെന്ററികളുണ്ട്.

മറ്റൊരു ശ്രദ്ധേയമായ ജീവചരിത്രഡോക്യുമെന്ററി ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രപ്പൊലീത്തയുടെ 102 വയസ്സുവരെയുള്ള ചരിത്രം വിവരിക്കുന്ന ഹൺട്രഡ് ഇയേഴ്സ് ഓഫ് ക്രിസോസ്റ്റം (Hundred Years of Chrysostum) ആണ്. ലോകത്ത് നിർമ്മിക്കപ്പെട്ടതിൽ വലിയ ജീവചരിത്ര ഡോക്യുമെന്ററിയാണത്. മലബാറിൽ മലങ്കര മാർത്തോമ്മാ സിറിയൻ ചർച്ചിന്റെ മെട്രോപൊളിറ്റൻ എമിരിറ്റസ് ആയിരുന്നു അദ്ദേഹം. 48 മണിക്കൂർ 10 മിനിറ്റ് ദൈർഘ്യമുള്ള ഈ ജീവചരിത്ര ഡോക്യുമെന്ററി ഗിന്നസ് ബുക്ക് ഓഫ് വേൾഡ് റെക്കോർഡിൽ ഇടം പിടിച്ചതാണ്. ക്രിസോസ്റ്റം തിരുമേനിയുമായി 100 പ്രമുഖ വ്യക്തികളുടെ സംവാദങ്ങൾകൂടി അടങ്ങുന്ന ഈ ചിത്രം ബ്ലസി നാലു വർഷമെടുത്താണ് സംവിധാനം പൂർത്തീകരിച്ചത്.

> ലോകത്ത് നിർമ്മിക്കപ്പെട്ടതിൽ വലിയ ജീവചരിത്ര ഡോക്യുമെന്ററിയാണ് ഹൺട്രഡ് ഇയേഴ്സ് ഓഫ് ക്രിസോസ്റ്റം. ഡോ.ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രപ്പൊലീത്തയുടെ ചരിത്രമാണത്.

ചരിത്ര ഡോക്യുമെന്ററികൾ

ദേശീയ ചരിത്രത്തിൽ പ്രാധാന്യം നേടിയ പ്രസ്ഥാനങ്ങളും അവയുടെ ചരിത്രവും വിവരിക്കുന്ന ഡോക്യുമെന്ററികളാണിവ. ചരിത്രപ്രാധാന്യം വിവരിക്കുന്ന നിരവധി ഇൻഡ്യൻ ഡോക്യുമെന്ററികളുണ്ട്: The Story of India, “Powerless”, ‘The Great Indian Railway’ തുടങ്ങിയവ ഉദാഹരണങ്ങളാണ്.

സ്ഥലചരിത്ര ഡോക്യുമെന്ററികൾ

ചരിത്രപ്രാധാന്യമേറിയ സ്ഥലങ്ങളെക്കുറിച്ചുള്ള ഡോക്യുമെന്ററികളും ധാരാളമായി നിർമ്മിക്കപ്പെടുന്നുണ്ട്. യാത്രകളും ചരിത്രവും സ്ഥലവിവരണവും അവയുടെ പ്രധാന ഭാഗമാണ്. Encounters at the End of the World, 180° South തുടങ്ങിയവ ഉദാഹരണമാണ്. ലോകത്തെ മിക്ക രാജ്യങ്ങളും സന്ദർശിച്ച മലയാളിയായ സന്തോഷ് ജോർജ്ജ് കുളങ്ങരയുടെ യാത്രാവിവരണങ്ങൾ ഉൾക്കൊള്ളുന്ന സ്ഥലചരിത്രങ്ങൾ മികച്ച ഡോക്യുമെന്ററികൾ കൂടിയാണ്.

സംഭവ ഡോക്യുമെന്ററികൾ

ഒന്നാംലോകയുദ്ധത്തെ ആസ്പദമാക്കി ബ്രിട്ടീഷ് സംവിധായകൻ (Harry Bruce Woolfe) നിർമ്മിച്ച ഡോക്യുമെന്ററിയും, രണ്ടാംലോകയുദ്ധ കാലത്ത് അമേരിക്കൻ സംവിധായകൻ ഫ്രാങ്ക് കാപ്രാ (Frank Capra)യുടെ നേതൃത്വത്തിൽ ഒരു കൂട്ടം ഹോളിവുഡ് സംവിധായകർ ചേർന്ന് നിർമ്മിച്ച (Why We Fight series)ഡോക്യുമെന്ററികളും, യുദ്ധങ്ങളെ മുൻനിർത്തി ചിത്രീകരിച്ചവയാണ്. 2005- ൽ പ്രകൃതിയെക്കുറിച്ചെടുത്ത മികച്ച ഡോക്യുമെന്ററിയാണ് മാർച്ച് ഓഫ് ദ പെൻഗ്വിൻസ് (March of the Penguins). പ്രകൃതിയെ മുൻനിർത്തി നാഷണൽ ജ്യോഗ്രഫിക് ചാനൽ നിരവധി ഡോക്യുമെന്ററികൾ നിർമ്മിച്ചിട്ടുണ്ട്.

ഇതര മാധ്യമങ്ങളിൽ ഈ രംഗത്ത് ഉണ്ടായിരിക്കുന്ന ചലനങ്ങളും പരിവർത്തനങ്ങളും ഡോക്യുമെന്ററിയുടെ രചനാശൈലിയേയും ബാധിച്ചിട്ടുണ്ട്. ജേർണലിസത്തിൽ ഒരു സംഭവത്തിന്റെ സത്യാത്മകമായ വിവരണമാണ് വാർത്തയുടെ സ്വരൂപം. ആ വാർത്തയെ വ്യാഖ്യാനിച്ചും അപഗ്രഥിച്ചും പലരുടെയും പ്രതികരണങ്ങൾ ശേഖരിച്ചും പശ്ചാത്തല വിവരണങ്ങളൊരുക്കിയും തയ്യാറാക്കുന്നതാണ് ഫീച്ചർ. റേഡിയോയിലും ടെലിവിഷനിലും വാർത്താപ്രകാശനത്തിന് ഈ സങ്കേതങ്ങൾ സ്വീകരിക്കപ്പെട്ടു. അതുപോലെ ഒരു സംഭവത്തിന്റെയോ, സ്ഥലത്തിന്റെയോ, വ്യക്തിയുടെയോ ഡോക്യുമെന്ററി തയ്യാറാക്കുമ്പോൾ സത്യനിഷ്ഠമായ പ്രതിപാദനവും ക്രിയാത്മകമായ വ്യാഖ്യാനവും ചലച്ചിത്രകാരൻ നിർവഹിക്കുന്നു.

മലയാളത്തിൽ ആയുർവേദത്തെപ്പറ്റി അസീസും, റബ്ബറിനെപ്പറ്റി അരവിന്ദനും എടുത്ത ഡോക്യുമെന്ററികളും ശ്രദ്ധേയമാണ്. നമ്മുടെ എല്ലാ ജീവിതമേഖലകളെക്കുറിച്ചും ഡോക്യുമെന്ററികൾ നിർമ്മിക്കപ്പെട്ടുകൊണ്ടേയിരിക്കുന്നു. ടെലിവിഷന്റെ സംപ്രേഷണ സാധ്യതകൾ ഈ രംഗത്ത് അഭൂതപൂർവമായ വളർച്ചയാണ് ഉണ്ടാക്കുന്നത്. അഡ്വർടൈസിംഗ് ഫിലിമുകൾ, ഷോർട്ട് ഫിലിമുകൾ, ക്ലാസ്റൂം പഠനസഹായികൾ, ബോധനത്തിനുള്ള ചിത്രങ്ങൾ, അനിമേഷൻ ചിത്രങ്ങൾ തുടങ്ങി പല വിഭാഗങ്ങളിൽപ്പെട്ട ഫിലിമുകൾ പുറത്തുവരുന്നുണ്ട്. അവയിൽ വളരെ ഉയർന്ന സാധ്യതകളാണ് ഡോക്യുമെന്ററികൾക്കുള്ളത്.

ടെലിവിഷൻ സംപ്രേഷണ സാങ്കേതിക വിദ്യ

ടെലിവിഷൻ ഇന്ന് സാധാരണക്കാരുടെ നിത്യജീവിതത്തിന്റെ ഭാഗമാണ്. ഒരു സംപ്രേഷണ കേന്ദ്രത്തിൽ നിന്നു വിദ്യുത്കാന്ത തരംഗരൂപത്തിൽ പ്രക്ഷേപണം ചെയ്യുന്ന ദൃശ്യശ്രാവ്യാംശങ്ങളെ സ്വീകരിച്ച് അവയെ വീണ്ടും ചിത്രങ്ങളും ശബ്ദങ്ങളുമാക്കി കാണാനും കേൾക്കാനും ഉപയോഗിക്കുന്ന ഉപകരണമാണ് ടെലിവിഷൻ. 1996 -ൽ ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലി നവംബർ 21-ാം തീയതി ലോകടെലിവിഷൻ ദിനമായി പ്രഖ്യാപിക്കുകയുണ്ടായി. ടെലിവിഷൻ സംപ്രേഷണ സാങ്കേതികവിദ്യ നിരന്തരം പരിഷ്കരിക്കപ്പെടുകയാണ്. അനലോഗ്, ഭൂതലം, ഉപഗ്രഹം, കേബിൾ തുടങ്ങിയ സംപ്രേഷണ വിതരണ രീതികളാണ് പൊതുവേ സ്വീകരിക്കപ്പെട്ടുവരുന്നവ.

അനലോഗ് - ഭൂതല സംപ്രേഷണം

ഭൂതലടെലിവിഷൻ നിലയത്തിൽനിന്ന്, റേഡിയോ തരംഗരൂപത്തിൽ അയയ്ക്കുന്ന ഇലക്ട്രോണിക് സിഗ്നലുകളെ വിതരണവേളയിൽ പുനഃരാവിഷ്കരിച്ച് നല്കുന്ന രീതിയായിരുന്നു ആദ്യകാലത്ത് ടെലിവിഷനിൽ ഉണ്ടായിരുന്നത്. സിഗ്നലുകൾക്ക് തുടർച്ചയായി വ്യതിയാനം വരാനിടയുള്ളതുകൊണ്ട് ഗുണമേന്മ കുറവായിരുന്നു. ഇത്തരം വിതരണരീതിയെ അനലോഗ് എന്നാണ് വിളിച്ചിരുന്നത്. ടെലിവിഷനും ആദ്യകാലത്ത് ഇലക്ട്രോണിക് സിഗ്നലുകളെ അനലോഗായി ഭൂതലരീതിയിൽ സംപ്രേഷണം

ചെയ്യുകയും ടി.വി. അതിനെ പുനഃസൃഷ്ടിച്ച് ദൃശ്യവും ശബ്ദവുമാക്കി മാറ്റുകയുമായിരുന്നു. അന്തരീക്ഷത്തിലൂടെ അയയ്ക്കുന്ന ടെലിവിഷൻ സിഗ്നലുകളെ ഒരു ആന്റിനയുടെ സഹായത്തോടെ പിടിച്ചെടുത്ത് ടി.വി.യിലെത്തിക്കുന്നതായിരുന്നു ഭൂതലസംപ്രേഷണരീതി. അത് പിന്നീട് ഡിജിറ്റൽ ഭൂതലസംപ്രേഷണ (digital terrestrial television / DTT) രീതിയിലേക്ക് മാറുകയുണ്ടായി. അവിടെവന്ന പ്രധാനമാറ്റം സിഗ്നലുകളെ വീടുകളിലെ ടി.വി.യിൽമാത്രം ഡിജിറ്റൽ സിഗ്നലുകളാക്കി മാറ്റി നല്കി (Digital Switchover) എന്നതായിരുന്നു.

എന്നാൽ ഡിജിറ്റൽ ടെക്നോളജിയിൽ നിശ്ചിത ഘട്ടങ്ങളിലല്ലാതെ വ്യതിയാനം വരാത്തതുകൊണ്ട് സിഗ്നലിനെ ഇലക്ട്രോണിക് അല്ലെങ്കിൽ ഓപ്ടിക്കൽ രൂപത്തിലേക്ക് മാറ്റി (encoding) അതിന്റെ മേന്മ നഷ്ടപ്പെടാതെ കേബിളുകളിലൂടെ അയച്ച് ഡിജിറ്റൽ റിസീവറിൽ ഡീകോഡ്ചെയ്ത് എടുക്കുന്നു. ഡിജിറ്റൽ സാങ്കേതികത പ്രയോജനപ്പെടുത്തുന്ന ഉപഗ്രഹ സംപ്രേഷണ, കേബിൾ വിതരണ രീതികളിൽ ഗുണമേന്മയുള്ള ദൃശ്യവും ശബ്ദവും ഹൈ-ഡെഫനിഷൻ ടെലിവിഷൻ പകർന്നു നല്കുന്നു.

ഉപഗ്രഹ ടെലിവിഷൻ

ഭൂമിയിലെ ടി.വി. സ്റ്റുഡിയോകളിൽ നിന്നയയ്ക്കുന്ന സിഗ്നലുകൾ വാർത്താവിനിമയ ഉപഗ്രഹങ്ങൾ ഉപയോഗിച്ച് സ്വീകരിക്കുകയും അത് കാഴ്ചക്കാരനിരിക്കുന്ന സ്ഥലത്തുതന്നെ എത്തിച്ച് ടെലിവിഷൻ സേവനം നൽകുന്നതിനെയുമാണ് ഉപഗ്രഹ ടെലിവിഷൻ എന്നുപറയുന്നത്. സാറ്റലൈറ്റുകൾ സ്ഥാപിച്ച് ലോകമെങ്ങും ആശയവിനിമയം നടത്താമെന്ന ആശയം ആദ്യം അവതരിപ്പിച്ചത് ശാസ്ത്രനോവലിസ്റ്റായിരുന്ന ആർതർ ക്ലർക്ക് (Arthur C. Clarke) ആയിരുന്നു. അത് സാദ്ധ്യമായതിന്റെ തെളിവാണ് പില്ക്കാലത്ത് സഫലമായ ഉപഗ്രഹടെലിവിഷൻ എന്ന യാഥാർഥ്യം.

ടെലിവിഷൻ റിസീവ് ഓൺലി

ഭൂമിയിൽ നിന്ന് ഉപഗ്രഹങ്ങളിലേക്കയയ്ക്കുന്ന സിഗ്നലുകളെ തിരികെ ഉപഗ്രഹങ്ങൾവഴി തന്നെ ഭൂമിയിൽ വീടുകളിലേക്ക് വിതരണം ചെയ്യുന്നതിനെയാണ് ഉപഗ്രഹ ടെലിവിഷൻ എന്നു പറയുന്നത്. എന്നാൽ ആദ്യകാലത്തെ ഉപഗ്രഹ അനലോഗ് സിഗ്നലുകൾ സ്വീകരിക്കാൻ മൂന്ന് മീറ്ററോളം വലിപ്പമുള്ള ഡിഷുകൾ ആവശ്യമായിരുന്നു. ടെലിവിഷൻ റിസീവ് ഓൺലി എന്ന് വിളിക്കപ്പെട്ടിരുന്ന കേബിളിലൂടെയുള്ള അനലോഗ് സിഗ്നൽ വിതരണത്തിന് ഗുണനിലവാരം കുറവായിരുന്നു.

ഡിജിറ്റൽ സംപ്രേഷണ വിതരണ രീതികൾ

ടെലിവിഷൻ മേഖലയെയാകെ നവീകരിച്ചു. ഉപഗ്രഹ സംപ്രേഷണമായതിനാൽ പരിപാടികളുടെ ദൃശ്യശ്രാവ്യഗുണനിലവാരം മികച്ചതായിരിക്കും. ടെലിവിഷൻ മാധ്യമത്തിന്റെ സംപ്രേഷണ-വിതരണരീതികൾ ലോകമെങ്ങും ഡിജിറ്റൽ സാങ്കേതിക വിദ്യയിലേക്ക് മാറിക്കഴിഞ്ഞു. ഏകദേശം ഒരുമീറ്റർ വലിപ്പമുള്ള ചെറിയ ഡിഷുപയോഗിച്ചാണ് ഉപഗ്രഹസിഗ്നലുകളെ ടി.വിയിലേക്ക് സ്വീകരിക്കുന്നത്. അഞ്ചു ഘടകങ്ങളാണ് ഉപഗ്രഹസംപ്രേഷണ സഹായികൾ- ടെലിവിഷൻപരിപാടികളുടെ ഉറവിടം, സംപ്രേഷണകേന്ദ്രം, ഉപഗ്രഹം, ഉപഗ്രഹഡിഷ്, സിഗ്നൽ സ്വീകരിക്കുന്ന ടി.വി. എന്നിവയാണവ.

ഡയറക്ട് ടു ഹോം ബ്രോഡ്കാസ്റ്റിംഗ്

ഉപഗ്രഹങ്ങളിൽനിന്ന് നേരിട്ട് വീടുകളിലേക്ക് ടെലിവിഷൻ സംപ്രേഷണം ചെയ്യുന്ന രീതിയാണ് ഡയറക്ട് ടു ഹോം ബ്രോഡ്കാസ്റ്റിംഗ്. ഡയറക്ട് ടു ഹോം ബ്രോഡ്കാസ്റ്റിംഗ് (DTH) നടത്തുന്ന ഉപഗ്രഹം ഭൂമിയിൽനിന്ന് 37,000കി.മീ. ഉയരത്തിലാണ് സ്ഥിതിചെയ്യുന്നത്. അതുകൊണ്ടുതന്നെ അവിടെ നിന്ന് അയയ്ക്കപ്പെടുന്ന സിഗ്നലുകൾക്ക് ശോഷണം സംഭവിക്കാതിരിക്കാനാണ് വീടുകൾക്ക് മുകളിൽ ഉപഗ്രഹഡിഷ് സ്ഥാപിക്കേണ്ടി വരുന്നത്. ടെലിവിഷൻ സംപ്രേഷണം കേബിളുകൾ വഴിയും ഡയറക്ട് ടു ഹോം വഴിയുമാണ് പ്രധാനമായി നടത്തുന്നത്.

കേബിൾ ടി.വി. നെറ്റ് വർക്കിംഗ്

വീടുകളിലേക്ക് ടെലിവിഷൻ പരിപാടികളുടെ വിതരണത്തിന് വരിക്കാരിൽ നിന്ന് പണം വാങ്ങി ഏജൻസികൾ കേബിളുകൾ ഉപയോഗപ്പെടുത്തുന്നതിനെയാണ് കേബിൾ ടി.വി. എന്നു പറയുന്നത്. കോയാക്സിയൽ കേബിളോ (co-

axial cables) ഫൈബർ ഓപ്ടിക് (fibre- optic) കേബിളോ ആണ് സാധാരണ കേബിൾ ടി.വി. നെറ്റ് വർക്കിംഗിന് ഉപയോഗിക്കുന്നത്. അനവധി ഉപഗ്രഹടെലിവിഷൻ ചാനലുകളെ സംയോജിപ്പിക്കുന്ന ഹെഡ് എന്റ് ഇൻ ദ സ്കൈ (Headend in the Sky/ HITS) എന്ന സംവിധാനം കേബിൾ ഓപ്പറേറ്റർമാരെ കൂടുതൽ സഹായിക്കുന്നു. ഒരു കേബിളിലൂടെ ഒരേസമയം അനവധി ചാനലുകളിലെ പരിപാടികൾ എത്തിച്ചു നൽകാൻ അതിലൂടെ അവർക്കാവുന്നു. വീടുകളിൽ വയ്ക്കുന്ന ഡിജിറ്റൽ സെറ്റ് ടോപ്പ് ബോക്സുകൾ ടെലിവിഷൻ ചാനലുകളിൽ നിന്ന് സ്വീകാര്യമായവ തിരഞ്ഞെടുക്കാൻ വരിക്കാരെ സഹായിക്കുന്നു. ടി.വി. പരിപാടികളുടെ വിതരണത്തിന് സെറ്റ് ടോപ്പ് ബോക്സ് ഉപയോഗിച്ചാൽ കേബിൾ വരിക്കാരുടെയും ചില പ്രത്യേകചാനൽ പ്രേക്ഷകരുടെയും എണ്ണം വ്യക്തമായി ലഭിക്കും എന്നതും ശ്രദ്ധിക്കേണ്ട കാര്യമാണ്.

ഇന്ത്യയിൽ ടെലിവിഷന്റെ ചരിത്രം ദൂരദർശന്റെ ചരിത്രമാണ്. ഇന്ത്യയിൽ ടി.വി. അവതരിപ്പിച്ചതും വികസിപ്പിച്ചതും ദൂരദർശനാണ്. പ്രസാർ ഭാരതിയുടെ കീഴിലെ ഒരു പൊതുപ്രക്ഷേപണ ടെലിവിഷൻ ചാനൽ ആണ് ദൂരദർശൻ. സന്നാഹങ്ങൾ, സ്റ്റുഡിയോകൾ, ട്രാൻസ്മിറ്ററുകൾ എന്നിവയുടെ എണ്ണം എടുത്താൽ ദൂരദർശൻ ലോകത്തിലെ തന്നെ ഏറ്റവും വലിയ പ്രക്ഷേപണ നിലയങ്ങളിൽ ഒന്നാണ്. 1959 സെപ്തംബറിൽ പ്രക്ഷേപണം ആരംഭിച്ച ദൂരദർശൻ 2004 അവസാനത്തോടെ ഡിജിറ്റൽ പ്രക്ഷേപണവും ആരംഭിച്ചു. ഇപ്പോൾ പൂർണ്ണമായും ഡിജിറ്റൽ ഉപഗ്രഹ ട്രാൻസ്മിറ്ററുകളിലേക്ക് മാറിക്കഴിഞ്ഞു.

വെബ്ബ് അധിഷ്ഠിത സംപ്രേഷണം

അനവധി പ്ലാറ്റ്ഫോമുകളിലായി വെബ്ബ്അധിഷ്ഠിതമായ ധാരാളം സംപ്രേഷണങ്ങൾ നടക്കുന്നുണ്ട്. പോഡ് കാസ്റ്റിംഗ്, യൂട്യൂബ്, ലൈവ് സ്ട്രീമിംഗ് എന്നിവ കൂടാതെ ഇൻറർനെറ്റ് റേഡിയോ, സ്ട്രീമിംഗ് ടെലിവിഷൻ, വീഡിയോ ഓൺ ഡിമാൻഡ്, കണ്ടൻറ് ഡെലിവറി നെറ്റ് വർക്ക്, ഇലക്ട്രോണിക് സെൽ, ടി.വി.ഗെയിറ്റ്വേ തുടങ്ങി നിരവധി സംപ്രേഷണങ്ങളുണ്ട്. അവയിൽ പ്രധാനമായ പോഡ് കാസ്റ്റിംഗ്, യൂട്യൂബ്, ലൈവ് സ്ട്രീമിംഗ് എന്നിവയെക്കുറിച്ച് അറിയാം.

പോഡ്കാസ്റ്റിംഗ്

റേഡിയോപോലെ ഇന്റർനെറ്റ് വഴിയുള്ള ശ്രാവ്യ വിവരങ്ങളുടെ പ്രക്ഷേപണമാണ് പോഡ്കാസ്റ്റിംഗ്. മൊബൈൽ ഫോണുകളിലോ കമ്പ്യൂട്ടറുകളിലോ എം.പി.3 പ്ലെയറുകളിലോ ഡൗൺലോഡുചെയ്ത് കേൾക്കാൻ കഴിയുന്ന വിധം ഇന്റർനെറ്റിൽ ലഭ്യമായ ഒരു ഡിജിറ്റൽ റേഡിയോ പ്രോഗ്രാമാണിത്. എപ്പിസോഡുകൾ പോലെ വെബ്ബിൽ ലഭ്യമാക്കപ്പെടുന്ന ഡിജിറ്റൽ ഓഡിയോ (ചിലപ്പോൾ വീഡിയോയും) ഫയലുകളുടെ ഡൗൺലോഡ് ചെയ്ത് കേൾക്കാൻ കഴിയുന്ന പരമ്പരകളാണ് പോഡ്കാസ്റ്റുകൾ.

> റേഡിയോ പോലെ വെബ്ബ് വഴിയുള്ള ശ്രാവ്യവിവരങ്ങളുടെ (ചിലപ്പോൾ വീഡിയോയും) പ്രക്ഷേപണമാണ് പോഡ്കാസ്റ്റിംഗ്. എപ്പിസോഡുകൾപോലെ ഡൗൺലോഡ് ചെയ്ത് കേൾക്കാൻ കഴിയുന്ന പരമ്പരകളാണ് പോഡ്കാസ്റ്റുകൾ.

ദ ഗാർഡിയനിലെ കോളമിസ്റ്റും, ബി.ബി.സിയിലെ മാധ്യമപ്രവർത്തകനുമായ ബെൻ (Ben Hammersley) 2004-ൽ ഐപോഡ് എന്നപദത്തിലെ പോഡും, ബ്രോഡ്കാസ്റ്റ് (broadcast) എന്ന പദത്തിലെ കാസ്റ്റും ചേർത്താണ് പോഡ്കാസ്റ്റ് എന്ന പദം പുതിയ മാധ്യമത്തെ സൂചിപ്പിക്കാനായി ഉപയോഗിച്ചത്. ആദ്യം 2007-ൽ റേഡിയോ പരിപാടികൾ ഇന്റർനെറ്റിലൂടെ പോഡ്കാസ്റ്റ് ചെയ്യപ്പെട്ടു. തുടർന്ന് നടത്തപ്പെട്ട ചില പ്രയത്നങ്ങൾക്കൊടുവിൽ ചില പ്രഗത്ഭർ ഈ രംഗത്തുവരികയും നിരവധി പോഡ്കാസ്റ്റുകൾ നിർമ്മിക്കുകയും ചെയ്തു. പോഡ്കാസ്റ്റിംഗ് രംഗത്തെ മികച്ച വ്യക്തിത്വമാണ് പോഡ് ഫാദർ എന്നറിയപ്പെടുന്ന ആഡംക്യുറി(Adam Clark Curry)യുടേത്.

> ഡെയ്ലി സോഴ്സ്കോഡ് - പോഡ് ഫാദർ എന്നറിയപ്പെടുന്ന ആഡംക്യുറിയുടെ മികച്ച പോഡ്കാസ്റ്റിംഗ് പരമ്പര

ഡെയ്ലി സോഴ്സ്കോഡ് (Daily Source Code) എന്ന പേരിൽ ആഡംക്യുറി ആരംഭിച്ച പോഡ്

കാസ്റ്റിംഗ് വളരെ ശ്രദ്ധിക്കപ്പെട്ടു. വാർത്തകളും സംഗീതവും നിത്യജീവിതാനുഭവങ്ങളും പങ്കുവയ്ക്കുകയും അദ്ദേഹം മറ്റു പോഡ്കാസ്റ്റർമാരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. അന്തർദ്ദേശീയതലത്തിൽ ബി.ബി.സി, സി.ബി.സി റേഡിയോവൺ പോലെയുള്ള സ്ഥാപനങ്ങൾ പോഡ്കാസ്റ്റുകളെ പ്രോത്സാഹിപ്പിച്ചു തുടങ്ങി. ആശയപ്രചരണം, വിദൂരവിദ്യാഭ്യാസം, വിനോദം തുടങ്ങി പല രംഗങ്ങളിലും പോഡ്കാസ്റ്റിംഗ് വ്യാപകമായി കഴിഞ്ഞിരിക്കുന്നു. വീഡിയോ പോഡ്കാസ്റ്റുകളെ വോഡ്കാസ്റ്റ് എന്നും പറയുന്നുണ്ട്.

പോഡ്കാസ്റ്റുകൾ എൻകോഡ് ചെയ്ത് സൂക്ഷിക്കുന്നതും വെബ്ബിലൂടെ അയയ്ക്കുന്നതും എം.പി.3 ഫോർമാറ്റിലൂടെയാണ്. വെബ്ബ് ടെലിവിഷൻ സീരീസുകൾ പൊതുവെ വീഡിയോ പോഡ്കാസ്റ്റുകളാണ്. 2003 ഒക്ടോബറിൽ റിലീസ്ചെയ്തു തുടങ്ങി 2004വരെ വെബ്ബിൽതുടർന്ന ഡെഡ് എൻഡ് ഡെയ്സ് (Dead End Days) ആദ്യത്തെ വീഡിയോ പോഡ്കാസ്റ്റായി കരുതപ്പെടുന്നു. മിക്ക പോഡ്കാസ്റ്റുകളും സൗജന്യമാണ്. ഇവ ലഭിക്കുന്ന സൈറ്റുകളെ പോഡ്കാസ്റ്റ് ഡയറക്ടറി എന്നു പറയുന്നു. അത്തരം ഡയറക്ടറിയിൽനിന്ന് വിഷയവും കാലവുമനുസരിച്ച് ഇഷ്ടമുള്ള പരിപാടികൾ തിരഞ്ഞെടുക്കാം. കമ്പ്യൂട്ടറുകളിലോ സ്മാർട്ട് ഫോണുകളിലോ ഐപോഡുകളിലോ മൾട്ടിമീഡിയ പ്ലെയറുകളിലോ ഇവ ലഭിക്കും.

പോഡ്കാസ്റ്റുകൾ കേൾക്കാൻ ക്ലയന്റ് ആപ്ലിക്കേഷൻ സോഫ്റ്റ് വെയറുകൾ ആദ്യം ആവശ്യമായിരുന്നു. അതിന് നിരവധി സോഫ്റ്റ് വെയറുകൾ വെബ്ബിൽ ലഭ്യവുമാണ്. പോഡ്കാസ്റ്റ് ക്ലയൻറ് ആയിക്കഴിഞ്ഞാൽ ആവശ്യമായ ഫയലുകൾ ഡൗൺലോഡ് ചെയ്താൽ തുടർന്ന് സ്വാഭാവികമായി ഫയലുകൾ വന്നുകൊണ്ടിരിക്കും. വെബ്ബും ഓഡിയോയും മീഡിയപ്ലെയറുകളും ഉൾക്കൊള്ളുന്ന ഒരു കൺവേർജ്ഡ് (converged) മീഡിയമായാണ് പോഡ്കാസ്റ്റിംഗ് കരുതപ്പെടുന്നത്. പോഡ്കാസ്റ്റ് പൂർണമായും ലൈവായും കേൾക്കാം. ഇതിനെ സ്ട്രീമിംഗ് എന്നുപറയും. മിക്ക പോഡ്കാസ്റ്റുകളും mp3 ഫോർമാറ്റിൽ ലഭിക്കും. പരമ്പരാഗതമായ റേഡിയോ സങ്കൽപത്തിൽനിന്ന് വ്യത്യസ്തമാണിത്. ഇവിടെ ഒരാൾക്കുതന്നെ പോഡ്കാസ്റ്റു ചെയ്യപ്പെടുന്ന പരിപാടികളുടെ നിർമ്മാതാവും വിതരണക്കാരനും കേഴ്വിക്കാരനും ആസ്വാദകനുമെല്ലാമാകാം.

വാർത്താമാധ്യമമായും, വിനോദമാധ്യമമായും, വിദൂരവിദ്യാഭ്യാസ മാധ്യമമായും, ആശയപ്രചാരണ മാധ്യമമായും, പൊതുജനങ്ങൾക്കുള്ള അറിയിപ്പുകൾ നല്കുന്ന ബോധന മാധ്യമമായും പോഡ്കാസ്റ്റുകൾ ഉപയോഗിക്കുന്നുണ്ട്. പല വെബ്സൈറ്റുകൾക്കും ബ്ലോഗുകൾക്കും പുറമേ പോഡ്കാസ്റ്റുകളും ഇന്ന് വാർത്താമാധ്യമമായി ഉപയോഗിക്കപ്പെടുന്നുണ്ട്. വാർത്താവിശകലന പോഡ്കാസ്റ്റുകൾക്ക് ധാരാളം ആവശ്യക്കാരുണ്ട്. പല യുവകലാകാരന്മാർക്കും, പൊതുമാധ്യമങ്ങളിൽ അവസരങ്ങൾ കിട്ടാത്തവർക്കും തങ്ങളുടെ വൈഭവങ്ങൾ പ്രദർശിപ്പിക്കാനും പോഡ്കാസ്റ്റുകൾ സഹായിക്കുന്നു. പോഡ്കാസ്റ്റു കേൾക്കുന്നവരുടെ കമൻറുകൾ തുടക്കക്കാർക്ക് വലിയ ഉത്തേജനമാണ് നല്കുന്നത്. ചില എഴുത്തുകാരും അവരുടെ പുസ്തകങ്ങളുടെ പരസ്യത്തിനായി പോഡ്കാസ്റ്റുകൾ ഉപയോഗിക്കുന്നു. ചില പ്രശസ്ത താരങ്ങളുടേതായ പോഡ്കാസ്റ്റുകളുമുണ്ട്.

പല വിദേശസർവ്വകലാശാലകളും പാഠ്യവിഷയങ്ങൾ സൗജന്യമായി പോഡ്കാസ്റ്റുകൾ വഴി ലഭ്യമാക്കിയിട്ടുണ്ട്. പ്രശസ്തരായ അദ്ധ്യാപകരുടെ ക്ലാസ്സുകൾ ഓഡിയോ വീഡിയോ പോഡ്കാസ്റ്റുകളിലൂടെ വിദ്യാർത്ഥികൾ പ്രയോജനപ്പെടുത്തുന്നുണ്ട്. മൊബൈൽ ഫോണിലൂടെ ക്ലാസ്സുകൾ എത്രവേണമെങ്കിലും കേട്ടുപഠിക്കാം. തിരഞ്ഞെടുപ്പുകളിൽ രാഷ്ട്രീയക്കാർ ജനങ്ങളെ സ്വാധീനിക്കാനുള്ള മാധ്യമമായും പോഡ്കാസ്റ്റ് ഉപയോഗിച്ചുതുടങ്ങി. വിശിഷ്ടവ്യക്തികളും ആത്മീയപ്രഭാഷകരും തങ്ങളുടെ ആശയപ്രചാരണങ്ങൾക്ക് പോഡ്കാസ്റ്റുകളെ ആശ്രയിക്കുന്നു.

ടി.വി.യുടെ സമയപരിമിതി പോഡ്കാസ്റ്റിനില്ല. പല സർക്കാർ സ്ഥാപനങ്ങളും സ്വകാര്യസ്ഥാപനങ്ങളും പൊതുജനങ്ങൾക്ക് അറിയിപ്പുകൾ നൽകാൻ ഇന്ന് പോഡ്കാസ്റ്റുകൾ ഉപയോഗിക്കുന്നുണ്ട്. ചില വ്യവസായ സ്ഥാപനങ്ങൾ തങ്ങളുടെ ഉല്പന്നങ്ങളുടെ വിശദാംശങ്ങൾ ഉപഭോക്താക്കളിലേക്കെത്തിക്കുന്നതിനും

പോഡ്കാസ്റ്റുകളെ പ്രയോജനപ്പെടുത്തുന്നു. പോഡ്കാസ്റ്റുകൾ നമ്മുടെ സമൂഹത്തെ സ്വാധീനിക്കുന്ന ഒരു പൊതുമാധ്യമമായി രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നു.

ചില എഴുത്തുകാരുടെ നോവലുകളും പോഡ്കാസ്റ്റുചെയ്യപ്പെടുന്നു. സീരിയലൈസ്ഡ് ഓഡിയോ ബുക്കെന്നും പോഡ്കാസ്റ്റ് ഓഡിയോബുക്കെന്നും ഇവ അറിയപ്പെടുന്നു. പോഡ്കാസ്റ്റു നോവലുകൾ എപ്പിസോഡുകളായി റെക്കോർഡുചെയ്ത് ഓൺലൈനായി ബ്ലോഗുകൾപോലെയാണ് ലഭ്യമാക്കുന്നത്. ചില ഓഡിയോ നോവലുകൾ ഒരാൾ മാത്രം വായിക്കാതെ, ഓരോ എപ്പിസോഡും ഓരോ വ്യത്യസ്ത വ്യക്തികളെക്കൊണ്ട് വായിപ്പിക്കുകയും അവയ്ക്ക് സൗണ്ട് ഇഫക്റ്റുകൾ നല്കി പ്രത്യേക ശബ്ദാനുഭവമാക്കി മാറ്റി നല്കുന്നുണ്ട്. സ്വന്തമായി നോവലുകൾ പ്രസിദ്ധീകരിക്കാൻ കഴിയാത്ത എഴുത്തുകാർ പോഡ്കാസ്റ്റു ചെയ്ത അവരുടെ നോവലുകൾ ഇത്തരത്തിൽ പ്രശസ്തമാകുമ്പോൾ പ്രസാധകർ അവരെ തേടിച്ചെല്ലുന്ന അനുഭവങ്ങളും വിരളമല്ല.

> നോവലുകളും കഥകളും ഓഡിയോബുക്കായി പോഡ്കാസ്റ്റുചെയ്യപ്പെടുന്നു. ഫിക്ഷൻ പോഡ്കാസ്റ്റുകളുമുണ്ട്. കഥ, റേഡിയോ നാടകംപോലെ പല കഥാപാത്രങ്ങളുടെ ശബ്ദത്തിലും ഭാവത്തിലും സൗണ്ട് ഇഫക്റ്റുകളോടെ എപ്പിസോഡുകളായി പോഡ്കാസ്റ്റുചെയ്യുന്നതാണ് ഫിക്ഷൻ പോഡ്കാസ്റ്റുകൾ.

കൂടാതെ, ഫിക്ഷൻ പോഡ്കാസ്റ്റു(fiction podcast)കളുമുണ്ട്. ഒരു കഥ, റേഡിയോ നാടകം പോലെ പല കഥാപാത്രങ്ങളുടെ ശബ്ദത്തിലും ഭാവത്തിലും ഉചിതമായ സൗണ്ട് ഇഫക്റ്റുകളോടെ എപ്പിസോഡുകളായി അവതരിപ്പിച്ച് പോഡ്കാസ്റ്റുചെയ്യുന്നതാണ് ഫിക്ഷൻ പോഡ്കാസ്റ്റുകൾ. കോമഡികൾ, പ്രണയകഥകൾ, ശാസ്ത്രകഥകൾ, കുറ്റാന്വേഷണകഥകൾ എന്നിവ ഇത്തരത്തിൽ ഫിക്ഷൻ പോഡ്കാസ്റ്റുകളായി അപ്‌ലോഡ് ചെയ്യപ്പെടുന്നുണ്ട്. അതുപോലെ വെബ്ബിൽ വ്യത്യസ്ത വിഷയങ്ങളെക്കുറിച്ച് വിവരിക്കുന്ന പ്രസന്റേഷൻ സോഫ്റ്റ് വയറിന്റെ സഹായത്തോടെയുള്ള സ്ലൈഡ്കാസ്റ്റുകൾ എന്ന സ്ലൈഡ്ഷോ അവതരണങ്ങളുമുണ്ട്.

സമകാലിക വിഷയങ്ങളെക്കുറിച്ച് വ്യക്തികൾ തമ്മിലുള്ള സംവാദങ്ങളും പ്രത്യേകവിഷയങ്ങളെക്കുറിച്ചുള്ള ഫീച്ചറുകളുമുണ്ട്. അതിൽ പങ്കെടുക്കുന്നവരുടെ വ്യക്തിവിവരങ്ങളടങ്ങിയ അനുബന്ധ വെബ്സൈറ്റിലേക്കുള്ള ലിങ്കുകളും നൽകുന്നു. ചില പോഡ്കാസ്റ്റുകൾ വരിക്കാരിൽ നിന്ന് തുക ഈടാക്കി വാണിജ്യ പരസ്യങ്ങളും ഉൽപ്പന്നങ്ങളുടെ വിൽപ്പനയും പ്രോത്സാഹിപ്പിക്കുന്നു. 2022 ആഗസ്റ്റ് 7വരെ 28,64,367ലധികം പോഡ്കാസ്റ്റുകളും 13,57,36,875 എപ്പിസോഡുകളിലധികവും നിലവിലുള്ളതായി ചില വെബ്ബ് രേഖകൾ വെളിപ്പെടുത്തുന്നു.

പോഡ്കാസ്റ്റിംഗ് യൂട്യൂബ് പോലെ ഒരു വരുമാനമാർഗ്ഗമായി പ്രയോജനപ്പെടുത്തുന്നവരുണ്ട്. 2014-ലോടുകൂടിയാണ് ഇത് വരുമാനമാർഗ്ഗമുള്ള മെയിൻസ്ട്രീമായി മാറിത്തുടങ്ങിയത്. അതിനുശേഷം പോഡ് കാസ്റ്റിംഗ് സാദ്ധ്യതകൾ തിരിച്ചറിഞ്ഞ് ഒരു തൊഴിൽപോലെ വരുമാനമാർഗ്ഗമായി ആ മേഖലയിൽ പ്രവർത്തിക്കുന്നവരുമുണ്ട്.

ലോകത്തുള്ള ദശലക്ഷക്കണക്കിനു കമ്പ്യൂട്ടർ നെറ്റ്‌വർക്കുകളെ പരസ്പരം ബന്ധിപ്പിക്കുന്ന മഹാനെറ്റ്‌വർക്കിനെയും, അവ നൽകുന്ന വിവിധ സൗകര്യങ്ങളെയും പൊതുവായി ഇന്റർനെറ്റ് എന്നു വിളിക്കുന്നു. വിവരസാങ്കേതിക വിദ്യ സേവനങ്ങളായ വേൾഡ് വൈഡ് വെബ് പിയർ-റ്റു-പിയർ നെറ്റ് വർക്ക്, ചാറ്റ്, ഇലക്ട്രോണിക്-മെയിൽ, ഓൺലൈൻ ഗെയിമിങ്, വാർത്താ സെർവീസുകൾ, എന്നീ സേവനങ്ങൾ നൽകിപ്പോരുന്ന ശൃംഖലയെ പൊതുവെ നെറ്റ് എന്നും വിശേഷിപ്പിക്കുന്നു. അമേരിക്കൻ പ്രതിരോധ വകുപ്പിന്റെ കീഴിലുള്ള അഡ്വാൻസ് റിസർച്ച് പ്രൊജകറ്റസ് ഏജൻസി (ARPA) 1969-ൽ തുടങ്ങിയ ഒരു പരീക്ഷണ കമ്പ്യൂട്ടർ ശൃംഖലയാണ് ഇന്ന് ഇന്റർനെറ്റ് എന്ന ആഗോളശൃംഖലയായി തഴച്ചുവളർന്നു നിൽക്കുന്നത്. പിന്നീട് പാക്കറ്റ് സ്വിച്ചിങ് എന്ന സാങ്കേതിക വിദ്യ ഉപയോഗിച്ച് പുനർനിർമ്മിച്ച കമ്പ്യൂട്ടർ ശൃംഖല അർപ്പനെറ്റ് (ARPANET) എന്ന് നാമകരണം ചെയ്യപ്പെട്ടു. അമേരിക്കയിലെ ഗവേഷണ സ്ഥാപനങ്ങളിലായിരുന്നു ഇത് പ്രാവർത്തികമായിരുന്നത്. ഈ ഗ്രൂപ്പിന്റെ തലവനായിരുന്ന വിന്റൺ സെർഫ് ഇന്റർനെറ്റിന്റെ പിതാവ്

എന്നറിയപ്പെടുന്നു. ഇന്റർനെറ്റ് ചരിത്രത്തിലെ ഏറ്റവും വലിയ വികാസമായിരുന്നു 1991-ൽ ടിം ബർണേഴ്സ് ലി വേൾഡ് വൈഡ് വെബ് സംവിധാനം പ്രാവർത്തികമാക്കിയതോടെ ഇന്റർനെറ്റ് യുഗത്തിൽ മനുഷ്യരാശി വേരുറപ്പിക്കപ്പെട്ടു.

ഈ-മെയിൽ, വേൾഡ് വൈഡ് വെബ് (www), ടെൽനെറ്റ് വെബ് ടിവി/റേഡിയോ, ഇന്റർനെറ്റ് റിലേ ചാറ്റ് എന്നിങ്ങനെ ഇന്റർനെറ്റിൽ ലഭ്യമായ സേവനങ്ങൾ ധാരാളമാണ്. വിവിധരാജ്യങ്ങളിൽ വിവിധ സ്ഥലങ്ങളിലായി കിടക്കുന്ന അനേകം കമ്പ്യൂട്ടറുകളെ കോർത്തിണക്കികൊണ്ട് ഉണ്ടാക്കിയ പുതിയ ആശയ വിനിമയ സമ്പ്രദായമായി ഇന്ന് ഇൻർനെറ്റ് മാറിയിരിക്കുന്നു. ഇ-സാഹിത്യം ഇന്ന് ഏറെ പ്രചാരം സിദ്ധിച്ച മേഖലയാണ്. ഈ-സാഹിത്യത്തെ പൊതുവെ ഡിജിറ്റൽ രൂപത്തിലുള്ള പുസ്തകങ്ങളെന്ന് വിശേഷിപ്പിക്കപ്പെടുന്നു. കുറഞ്ഞ ചെലവ്, കണ്ടെത്തുവാനുള്ള എളുപ്പം എന്നിവ ഇ-സാഹിത്യത്തിന്റെ ഗുണങ്ങളാണ്. ഇൻർനെറ്റിന്റെ സഹായത്തോടെ ഭാഷയുടെയോ ദൂരപരിധിയുടേയോ ഭേദമില്ലാതെ ലോകത്തിന്റെ ഏത് കോണിൽ നിന്നുമുള്ള സാഹിത്യ കൃതികൾ ലഭ്യമാകുന്നു എന്നുള്ളതാണ് ഇതിന്റെ പ്രത്യേകത.

മറ്റൊന്ന് ഇന്റർനെറ്റ് ബ്രോഡ് കാസ്റ്റിംഗ് സാധ്യതയാണ്. ഇന്റനെറ്റിലൂടെയുള്ള വാർത്താവിനിമയത്തെയാണ് ഇന്റർനെറ്റ് ബ്രോഡ് കാസ്റ്റിംഗ് എന്നു പറയുന്നത്. മറ്റു വാർത്താവിനിമയ ഉപാധികളെ അപേക്ഷിച്ച് ചുരുങ്ങിയ ചെലവിലും കുറഞ്ഞ സമയത്തിനുള്ളിലും വാർത്തകൾ വിനിമയം ചെയ്യാൻ കഴിയുന്നു എന്നുള്ളതാണ് ഇതിന്റെ സവിശേഷത. നിയന്ത്രണങ്ങൾക്കും നിയമങ്ങൾക്കും ഒരു പരിധിവരെ വിധേയമല്ലാതെയാണ് ഈ വാർത്താവിനിമയം സാധ്യമാകുന്നത്. ഇന്ന് വിവിധ മാധ്യമങ്ങളുടെ വെബ്പോർട്ടലുകൾ വഴിയും സ്വതന്ത്രവ്യക്തികൾ വഴിയും ഈ വിനിമയം നടന്നുവരുന്നു.

വിവര സാങ്കേതികവിദ്യയും മാധ്യമങ്ങളും

ലോകത്തുള്ള കമ്പ്യൂട്ടറുകളെ മുഴുവൻ പരസ്പരം ബന്ധിപ്പിച്ചിരിക്കുന്ന വൻ വിവരശേഖരമാണ് വേൾഡ് വൈഡ് വെബ്ബ്. വൈജ്ഞാനികം, കല, സംസ്കാരം സന്നദ്ധ സേവനം, വ്യവസായം, വാണിജ്യം എന്നിങ്ങനെ ലോകത്തെ ഒട്ടുമിക്കമേഖലകളിലും പ്രചാരം നേടിക്കഴിഞ്ഞ മാർഗമാണ് വെബ്ബ്. വായനശാലയിൽ പോകാതെ, പുസ്തകങ്ങൾ തുടക്കാതെ, ആരോടും സംശയങ്ങൾ ചോദിക്കാതെ സ്വന്തം മുറിയിലിരുന്ന് സൂര്യനുകീഴിലുള്ള എല്ലാ കാര്യങ്ങളെക്കുറിച്ചും എത്ര വേണമെങ്കിലും അറിയാനുള്ള ഒരു മാർഗമായി ഇത് ഇന്ന് മാറിക്കഴിഞ്ഞു. ഇന്റർനെറ്റിന്റെ സാധ്യതകൾ ദൃശ്യമാധ്യമരംഗത്തെ അനുദിനം വികസിപ്പിച്ചു കൊണ്ടിരിക്കുന്നു. നവമാധ്യമരംഗവും സൈബർ സാധ്യതകളും അതിനൊരു ഉദാഹരണമാണ്.

വിവരസാങ്കേതികവിദ്യ സാമൂഹ്യവികാസത്തിന്റെ ഉല്പന്നമാണ്. അറിവും അറിവിന്റെ കൈകാര്യ രീതികളും സമൂഹത്തോടൊപ്പം ഉത്ഭവിച്ച് വളർന്ന് വികസിച്ചതാണ്. അറിവിന്റെ അസംസ്കൃത രൂപമാണ് വിവരം. വിവരം കൈകാര്യം ചെയ്യുന്നതിനുള്ള സങ്കേതങ്ങൾ സാമൂഹ്യ ജീവിതത്തിന്റെ തുടക്കം മുതൽ തന്നെ ഉപയോഗിക്കപ്പെട്ടിരുന്നു. കാലത്തിനും ദൂരത്തിനും വിവരം കൈമാറാനുള്ള ശ്രമത്തിന്റെ ഭാഗമായി പല കൈവഴികളിലായി വളർന്നു വികസിച്ചുവന്ന വിനിമയ സങ്കേതങ്ങൾക്ക് ഇന്ന് വിപുലമായ ഒരു ശൃംഗല തന്നെയുണ്ട്.

ഫിഫ്ത്ത് എസ്റ്റേറ്റ് എന്ന ആശയം

സമകാലികസമൂഹത്തിലെ വാർത്തകളുമായി ബന്ധപ്പെട്ട സ്വതന്ത്ര കാഴ്ചപ്പാടുകൾ പുലർത്തുന്ന ഒരു വിഭാഗം ജനതയുടെ സാമൂഹിക-സാംസ്കാരിക ആവിഷ്കാരമാണ് ഫിഫ്ത്ത് എസ്റ്റേറ്റ് എന്ന സങ്കല്പം. സാധാരണയായി ഇത് കൈകാര്യം ചെയ്യുന്നത് ബ്ലോഗർമാർ, മുഖ്യ ധാരാ ഇതര മാധ്യമങ്ങളിൽ പ്രവർത്തിക്കാൻ ആഗ്രഹിക്കുന്ന പത്രപ്രവർത്തകർ, സോഷ്യൽ മീഡിയ അല്ലെങ്കിൽ സോഷ്യൽ ലൈസൻസ് എന്നിവയുമായി ബന്ധപ്പെട്ട വസ്തുതയാണ്. ഇവ പ്രധാനമായും മുഖ്യധാരാമാധ്യമങ്ങളിൽനിന്നും തികച്ചും വേറിട്ടുനിൽക്കുന്ന വിപുലമായ വാർത്താവിതരണശൈലിയാണ് പുലർത്തിപ്പോരുന്നത്. 1960-കളിലെ പ്രതിസംസ്കാരത്തിന്റെതാണ് 'ഫിഫ്ത്ത് എസ്റ്റേറ്റിന്റെ പ്രയോഗം. പ്രത്യേകിച്ചും 1965-ൽ ഡിട്രോയിറ്റിൽ ആദ്യമായി പ്രസിദ്ധീകരിച്ച ഒരു ഭൂഗർഭ പത്രമായ ദി

ഫിഫ്ത്ത് എസ്റ്റേറ്റും അതിന്റെ തുടക്കത്തിലെ ബോട്ടിക് സാഹചര്യങ്ങളും.

രാഷ്ട്രീയ പണ്ഡിതന്മാർ ഒരു ഫിഫ്ത്ത് എസ്റ്റേറ്റ് ആണെന്ന് നിയോ ആൻഡ് കോംബ്സ് ഉറപ്പിച്ചു പറയുന്നു. മാധ്യമ ഗവേഷകനായ സ്റ്റീഫൻ ഡി കൂപ്പർ, ബ്ലോഗർമാർ ഫിഫ്ത്ത് എസ്റ്റേറ്റ് മേഖലയിൽ പ്രവർത്തിക്കുന്നവരാണെന്ന് അവകാശപ്പെടുന്നു. ഫിഫ്ത്ത് എസ്റ്റേറ്റ് എന്നത് കേവലം ബ്ലോഗിംഗ് കമ്മ്യൂണിറ്റിയോ മീഡിയയുടെ വിപുലീകരണമോ അല്ലെന്നും, വ്യവസ്ഥാപിതമായ ശൈലിയിൽ നിന്നും മാറ്റമില്ലാതെ തുടരുന്ന മറ്റ് നാല് എസ്റ്റേറ്റുകളെ തിരുത്തിക്കൊണ്ടുവരാനായി ശ്രമിക്കുന്ന തരത്തിലുള്ള ഇന്റർനെറ്റ് നെറ്റ് വർക്കാണെന്നും പറയപ്പെടുന്നു.

സ്ഥാപനവൽക്കരിക്കപ്പെട്ട ബഹുജനമാധ്യമങ്ങളിൽ ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത് സ്വതന്ത്രമാധ്യമപ്രവർത്തനം നേരിടുന്ന വലിയ വെല്ലുവിളികളിൽ ഒന്നാണ്. ദൃശ്യമാധ്യമങ്ങളിൽ കാണുന്നതും അച്ചടിമാധ്യമങ്ങളിൽ വായിക്കുന്നതും പൂർണമായി വിശ്വസിക്കാൻ ജനങ്ങൾ ഇന്ന് തയാറാകുന്നില്ല. വസ്തുനിഷ്ഠമായി കാര്യങ്ങൾ അവതരിപ്പിക്കുന്നതിൽ നിന്നും പലപ്പോഴും മാധ്യമങ്ങൾ ഒഴിഞ്ഞുമാറുന്നു. സംശയങ്ങൾ നിവാരണം ചെയ്യുന്നതിൽനിന്നും ചോദ്യങ്ങൾ ഉന്നയിക്കുന്നതിൽ നിന്നും മാധ്യമങ്ങൾ പിന്നാക്കം പോകുന്നത് ജനവിശ്വാസം കുറയുന്നതിനു കാരണമാണ്. മാധ്യമസ്ഥാപനങ്ങളുടെ വിപണിവൽക്കരണവും ബഹുജനങ്ങൾക്ക് വലിയ തരത്തിലുള്ള വെല്ലുവിളിയാകുന്നുണ്ട്. മുഖ്യധാരയിൽ നിന്നുമാറി മാധ്യമപ്രവർത്തനം നടത്തുന്ന ഓൺലൈൻ മാധ്യമങ്ങളുടെ പ്രധാനവരുമാനം പരസ്യങ്ങളിൽനിന്നു ലഭിക്കുന്ന തുകയാണ്. ഇതിന്റെ സിംഹഭാഗവും പ്ലാറ്റ്ഫോമുകൾ തന്നെ കൈയടക്കുന്ന സ്ഥിതിയുണ്ട്. സർക്കാരുകളുടെ തിരുത്തൽ ശക്തിയായി പ്രവർത്തിക്കുന്ന സ്വതന്ത്രമാധ്യമസ്ഥാപനങ്ങൾക്ക് പലതരത്തിലുള്ള പ്രതിസന്ധികൾ നേരിടേണ്ടിവരുന്നു അതുകൊണ്ട് വസ്തുനിഷ്ഠമായി വാർത്തകൾ റിപ്പോർട്ട് ചെയ്യാൻ കഴിയാത്ത അവസ്ഥ മാധ്യമങ്ങൾക്ക് ഉണ്ടാകുന്നു. ഈ പശ്ചാത്തലത്തിലാണ് സമൂഹത്തെ ബാധിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച യഥാർത്ഥ വസ്തുതകൾ വിശ്വാസ്യതയുള്ള പൗരപ്രമുഖർ സമൂഹമാധ്യമങ്ങളിലൂടെ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നത്. വരുംകാലങ്ങളിൽ സാമൂഹികപരിഷ്കരണത്തിനായി വലിയൊരു ജനസമൂഹം സമൂഹമാധ്യമങ്ങളിൽ സജീവമാകുമെന്ന് വിലയിരുത്തപ്പെടുന്നു.

യൂട്യൂബ്

ഗൂഗിൾ ഉടമസ്ഥതയിൽ അമേരിക്കയിലുള്ള ഒരു ഇൻറർനെറ്റ് അധിഷ്ഠിത സമൂഹമാധ്യമ വീഡിയോ ഷെയറിംഗ് പ്ലാറ്റ്ഫോമാണ് യൂട്യൂബ്. യൂട്യൂബിലൂടെ ലോകത്തെവിടെനിന്നും മറ്റുള്ളവരുമായി വീഡിയോ ദൃശ്യങ്ങൾ പങ്കുവയ്ക്കുവാൻ കഴിയുന്നു. 2005 ഫെബ്രുവരിയിൽ പേപ്പാൽ(PayPal) എന്ന കമ്പനിയിൽ ജോലി ചെയ്തിരുന്ന മൂന്നുപേർ ചേർന്നാണ് (Steve Chen, Chad Hurley, Jawed Karim) യൂട്യൂബിനു രൂപംകൊടുത്തത്.

2006-ൽ ഗൂഗിൾ യൂട്യൂബന്റെ ഉടമസ്ഥാവകാശം 1.65 ബില്യൻ യുഎസ് ഡോളറിന് സ്വന്തമാക്കി. കാലിഫോർണിയയിലെ സാൻ ബ്രൂണൊ(San Bruno)യിലാണ് ആസ്ഥാനം. യൂട്യൂബ് 2020- ൽ 19.8 ബില്യൻ ഡോളർ സമ്പാദ്യം നേടി. ഗൂഗിളിന്റെ ഏറ്റവും ലാഭകരമായ അനുബന്ധ സ്ഥാപനമായി അതു മാറി. ഗൂഗിളിന്റെ ആഡ്സെൻസ് (AdSense) പ്രോഗ്രാമനുസരിച്ച് യൂട്യൂബും അവർ തിരഞ്ഞെടുത്ത സ്രഷ്ടാക്കളും വലിയതോതിൽ പരസ്യവരുമാനം നേടുന്നു. 2021ൽ യൂട്യൂബിന്റെ പരസ്യവരുമാനം 28.8 ബില്യൻ അമേരിക്കൻ ഡോളറായിരുന്നു.

ആരംഭകാലത്ത് അഡോബ് ഫ്ളാഷ് സാങ്കേതികവിദ്യയിലായിരുന്നു യൂട്യൂബിന്റെ പ്രവർത്തനം. 2010 മുതൽ (HTML5) നിലവാരത്തിൽ മാറ്റങ്ങൾക്ക് വിധേയമാക്കി. അനവധിതരം വീഡിയോകൾ, സംഗീതം, ടി.വി പരിപാടികൾ, സിനിമകൾ തുടങ്ങി ധാരാളം പരിപാടികൾ യൂട്യൂബ് വഴി പങ്കുവയ്ക്കുന്നുണ്ട്. യൂട്യൂബിൽ അംഗമായ ആർക്കും സഭ്യമായ വീഡിയോകൾ അപ്ലോഡ് ചെയ്യാം. ഡൗൺലോഡും ചെയ്യാം. ചില രാജ്യങ്ങളിൽ യൂട്യൂബിനു അനുമതിയില്ല. ഭൂരിഭാഗം വീഡിയോകളും സൗജന്യമായി കാണാം. പണം നല്കി വരിക്കാരായാൽ പരസ്യ

ങ്ങളില്ലാതെ പരിപാടികൾ കാണാൻ യൂട്യൂബ് പ്രീമിയവും ലഭ്യമാണ്.

> മൊബൈൽഫോണിലൂടെയും കമ്പ്യൂട്ടറിലൂടെയും യൂട്യൂബിലെ വീഡിയോകൾ കാണാം. അപ്‌ലോഡ് ചെയ്യാം. മിക്ക ഭാഷകളിലെയും സിനിമകൾ, വീഡിയോ ക്ലിപ്പുകൾ, സംഗീത വീഡിയോകൾ, ഡോക്യുമെന്ററികൾ, ഓഡിയോ ബുക്കുകൾ, മൂവി ട്രെയിലറുകൾ, ലൈവ് സ്ട്രീമുകൾ, വീഡിയോ ബ്ലോഗുകൾ തുടങ്ങി എല്ലാത്തരം വീഡിയോകളും യൂട്യൂബിൽ ലഭിക്കും.

മൊബൈൽ ഫോണിലൂടെയും കമ്പ്യൂട്ടറിലൂടെയും യൂട്യൂബിലെ വീഡിയോകൾ കാണാനും അപ്‌ലോഡ് ചെയ്യാനും കഴിയും. മിക്കവാറും എല്ലാ ഭാഷകളിൽ നിന്നുമുള്ള സിനിമകൾ, വീഡിയോ ക്ലിപ്പുകൾ, സംഗീത വീഡിയോകൾ, ഡോക്യുമെന്ററികൾ, ഓഡിയോ ബുക്കുകൾ, മൂവി ട്രെയിലറുകൾ, ലൈവ് സ്ട്രീമുകൾ, വീഡിയോ ബ്ലോഗുകൾ, അനവധിതരം ലൈവ് ഡെമൺസ്ട്രേഷനുകൾ, സാംസ്കാരിക പരിപാടികൾ, കോമഡിഷോകൾ, രാഷ്ട്രീയ വിശദീകരണങ്ങൾ, മതപരമായ ആരാധനകൾ, മറ്റുചടങ്ങുകൾ, വെള്ളപ്പൊക്കങ്ങൾ, പ്രകൃതിദുരന്തങ്ങൾ തുടങ്ങി അനവധിതരം ദൃശ്യങ്ങളും തത്സമയ വാർത്തകളും, വ്യത്യസ്ത ദേശങ്ങളുടെ ചരിത്രവും സവിശേഷതകളും തുടങ്ങി മനുഷ്യജീവിതത്തിൻറെ എല്ലാമേഖലകളിൽ നിന്നുമുള്ള വീഡിയോകളും യൂട്യൂബിൽ ലഭ്യമാണ്. അത് നിരന്തരം വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു.

വ്യക്തികളും മീഡിയ കോർപ്പറേഷനുകളും യൂട്യൂബിൽ വീഡിയോകൾ പ്രസിദ്ധീകരിക്കുന്നു. ഉപയോക്താക്കൾക്ക് വീഡിയോകൾക്കു കീഴെ അഭിപ്രായമിടാനും, സബ്സ്ക്രൈബ് ചെയ്യാനും, റേറ്റുചെയ്യാനും, ഡൗൺലോഡ് ചെയ്യാനും, പ്ലേലിസ്റ്റുകൾ സൃഷ്ടിക്കാനും മറ്റ് ഉപയോക്താക്കൾക്ക് ഷെയർ ചെയ്യാനും കഴിയും. യൂട്യൂബിന്റെ ജനപ്രീതി വളരെ ഉയർന്നതാണ്. വീഡിയോ ഉള്ളടക്കം അതിസമൃദ്ധവും. യൂട്യൂബ് ലോകമെങ്ങും കാര്യമായ സാമൂഹിക സ്വാധീനം ചെലുത്തുന്നുണ്ട്. അതോടൊപ്പം യൂട്യൂബിന്റെ ബിസിനസ്സ്, ധാർമ്മികത, രാഷ്ട്രീയ വശങ്ങൾ എന്നിവ സംബന്ധിച്ച് പല വിവാദങ്ങളും ഉണ്ടാവുന്നുണ്ട്.

യൂട്യൂബിന്റെ തുടക്കം

യൂട്യൂബിന്റെ സ്ഥാപകരായ സ്റ്റീവ് ചെൻ, ചാഡ് ഹർലി, ജാവേദ് കരീം എന്നിവരുടെ കഠിനാദ്ധ്വാനമായിരുന്നു അതിന്റെ വളർച്ചയുടെ അടിത്തറ. ഹാർലി ഇൻഡ്യാന യൂണിവേഴ്സിറ്റി ഓഫ് പെൻസിൽവാനിയയിൽ ഡിസൈൻ പഠിച്ചയാളായിരുന്നു. ചെനും കരീമും ഉർബാന-ചാമ്പെയ്നിലെ ഇല്ലിനോയിസ് സർവ്വകലാശാലയിൽ കമ്പ്യൂട്ടർ സയൻസ് പഠിച്ചു. ചെനും കരീമും മികച്ച പ്രോഗ്രാമർമാരായിരുന്നു. ഹാർലി നല്ലൊരു വെബ്ബ് ഡിസൈനറും. ഹാർലി മെൻലൊ പാർക്കിലെ തന്റെ ഗാരേജിൽ സ്വന്തമായി വെബ്ബ് ഡിസൈനിംഗ് പ്രവർത്തനം നടത്തിയിരുന്നു. ചെനും കരീമും ഒഴിവുസമയങ്ങളിൽ ഹാർലിയോടൊപ്പം വീഡിയോ ഷെയറിംഗ് വെബ് സൈറ്റ് രൂപപ്പെടുത്താൻ സഹായിച്ചു. 2005-ൽ ഇവരുടെ ശ്രമം വിജയിച്ചു. വീഡിയോ ഷെയറിംഗ് വെബ്സൈറ്റ് പ്രവർത്തന സജ്ജമായി.

2004-ൽ അമേരിക്കൻ ഗായികയായ ജാനറ്റ് ജാക്സണിന്റെ ഒരു വിവാദ പ്രകടനവും, 2004-ൽ ഇന്ത്യൻ മഹാസമുദ്രത്തിലുണ്ടായ സുനാമിയുമാണ് യൂട്യൂബ് തുടങ്ങാൻ പ്രേരണയായതെന്ന് പറയപ്പെടുന്നു. ഇവയുടെ ദൃശ്യങ്ങൾ അന്ന് ഓൺലൈനിൽ അത്ര ലഭ്യമായിരുന്നില്ല. സൗന്ദര്യമുള്ള ചില സ്ത്രീകളോട് 100 ഡോളർ പാരിതോഷികത്തിന് അവരുടെ വീഡിയോ യൂട്യൂബിൽ അപ്‌ലോഡ് ചെയ്യാൻ ആവശ്യപ്പെട്ട് അവർ പോസ്റ്റുകൾ സൃഷ്ടിച്ചു. തുടർന്ന് ഏതുതരം വീഡിയോയുടെയും അപ്‌ലോഡുകൾ സ്വീകരിച്ചു.

ഒരു വെഞ്ചർ ക്യാപിറ്റൽ ഫണ്ടഡ് ടെക്നോളജി സ്റ്റാർട്ടപ്പ് ആയാണ് യൂട്യൂബ് ആരംഭിച്ചത്. 2005 നവംബറിനും 2006 ഏപ്രിലിനുമിടയിൽ, കമ്പനി ചില നിക്ഷേപകരിൽനിന്ന് 19.5 മില്യൺ ഡോളർ സ്വരൂപിച്ചു. കമ്പനി സജീവമാക്കി. ആദ്യ വീഡിയോ 2005 ഏപ്രിൽ 23-ന്

അപ്‌ലോഡ് ചെയ്തു. അതിന് മീ അറ്റ് ദ സൂ എന്ന് പേരിട്ടു. മെയ് മാസത്തിൽ കമ്പനി ഒരു പബ്ലിക് ബീറ്റ ആരംഭിച്ചു. നവംബറോടെ അവരുടെ ഒരു പരസ്യം, മൊത്തം ഒരു ദശലക്ഷം വ്യൂകളിൽവരെ എത്തി. സൈറ്റ് ഔദ്യോഗികമായി 2005 ഡിസംബർ 15ന് ആരംഭിച്ചു. സൈറ്റിന് ഒരു ദിവസം 8 ദശലക്ഷം വ്യൂകൾ വരെ അക്കാലത്ത് ലഭിച്ചിരുന്നു. 2006-ൽ ഗൂഗിൾ യൂട്യൂബിന്റെ ഉടമസ്ഥാവകാശം സ്വന്തമാക്കി.

ലൈവ് സ്ട്രീമിംഗ്

ക്യാമറയിലൂടെ വീഡിയോദൃശ്യങ്ങൾ ചിത്രീകരിക്കുന്ന സമയത്തുതന്നെ ഇൻറർനെറ്റിലേക്ക് അയയ്ക്കുകയും അത് അപ്പോൾത്തന്നെ ഏത് വിദൂരദേശങ്ങളിലിരുന്നും വെബ്ബിൽ കണക്ട് ചെയ്ത മൊബൈൽ ഫോണുകളിലോ കമ്പ്യൂട്ടറുകളിലോ ടെലിവിഷനിലോ തൽസമയം കാണാൻ കഴിയുന്നതിനെയാണ് ലൈവ് സ്ട്രീമിംഗ് എന്നു പറയുന്നത്. വളരെ തിരക്കേറിക്കൊണ്ടിരിക്കുന്ന കാലത്തിലാണല്ലോ നാം ജീവിക്കുന്നത്. കേരളത്തിൽ നിന്നുമാത്രം അനേകലക്ഷം യുവാക്കൾ വിദേശരാജ്യങ്ങളിൽ തൊഴിലെടുത്ത് ജീവിക്കുന്നു. അതുപോലെതന്നെ അനേകലക്ഷം പേർ സ്വന്തം രാജ്യം വിട്ട് വിദേശങ്ങളിൽ ജീവിക്കുന്നു.

പ്രവാസികൾക്കെല്ലാം സ്വന്തം നാട്ടിൽ ബന്ധുക്കളുണ്ട്. ഒരു വിവാഹത്തിലോ, ഒരു പ്രശസ്ത വ്യക്തിയുടെയോ അടുത്ത ബന്ധുവിന്റെയോ മരണവുമായി ബന്ധപ്പെട്ട സംസ്കാരചടങ്ങുകളിലോ പങ്കെടുക്കാൻ കഴിയാത്ത അന്യരാജ്യങ്ങളിലുള്ള ബന്ധുക്കൾക്ക് അവ തൽസമയം വെബ്ബിലൂടെ കാണാൻ അവയുടെ ലൈവ് സ്ട്രീമിംഗ് അവസരം നല്കുന്നു. വീഡിയോ ഷെയർ ചെയ്യുന്നുവെങ്കിലും യൂട്യൂബോ, വ്‌ളോഗോ, വീഡിയോ ഓൺ ഡിമാൻഡോ തൽസമയ സ്ട്രീമിംഗ് മാധ്യമങ്ങളല്ല.

> വെബ്ബുമായി കണക്ട്ചെയ്ത ക്യാമറയിൽ ചിത്രീകരിക്കുന്ന വീഡിയോ അപ്പോൾത്തന്നെ അപ്‌ലോഡ് ചെയ്യപ്പെടുന്നു. അപ്പോൾത്തന്നെ ഏത് വിദൂര രാജ്യത്തിരുന്നും വെബ്ബിൽ കണക്ട്ചെയ്ത മൊബൈൽഫോണിലോ കമ്പ്യൂട്ടറിലോ ടി.വിയിലോ തൽസമയം കാണാൻ കഴിയുന്നതാണ് ലൈവ് സ്ട്രീമിംഗ്.

സാങ്കേതികത

പലപ്പോഴും ഒരു 4 കെ.സ്ട്രീമിംഗ് ക്യാമറയിൽ വീഡിയോദൃശ്യങ്ങൾ ചിത്രീകരിക്കുന്നു. ചില സോഫ്ട്‌വെയറുകളുടെ സഹായത്താൽ ലൈവായി എഡിറ്റിംഗും, ഗ്രാഫിക് വർക്കുകളും നടത്തുന്നു. അത് ഒരു വീഡിയോ എൻകോഡറിലൂടെ (encoder) കടത്തിവിടുമ്പോൾ ഡിജിറ്റലായി ലൈവ് സ്ട്രീമിംഗ് ചെയ്യാൻ കഴിയും വിധം ആ വീഡിയോ ഫയലിന്റെ വലിപ്പം കുറയുന്നു. ലക്ഷക്കണക്കിന് ഫ്രെയിമുകൾ ഉൾക്കൊള്ളുന്ന വീഡിയോ ഫയലിനെ എൻകോഡർ- ഡീകോഡർ (encoder- decoder) സംവിധാനം ഉപയോഗപ്പെടുത്തി ചുരുക്കുന്നു.

വീഡിയോ കണ്ടന്റ് എഡിറ്റ് ചെയ്യപ്പെടുന്നതോടെ, ആവർത്തനങ്ങളായി വരുന്ന അനാവശ്യ ഫ്രെയിമുകൾ നീക്കപ്പെടുന്നു. വെബ്ബിലൂടെ ഓൺലൈനിൽ ഡീകോഡ് ചെയ്യാനാവുംവിധം അയക്കുന്നു. അത് ഏറ്റവും അടുത്ത സെർവറിലൂടെ അനേകം സെർവറുകൾ കടന്ന് (content delivery network) വീഡിയോ പ്ലാറ്റ്ഫോം വഴി - വിദേശത്ത് മറ്റൊരു കോണിലിരിക്കുന്ന ഓൺലൈൻ കാഴ്ചക്കാരിലേക്ക് എത്തുന്നു. ഈ പ്രക്രിയയാണ് പൊതുവേ ലൈവ് സ്ട്രീമിംഗ് എന്നറിയപ്പെടുന്നത്.

ലൈവ് സ്ട്രീമിംഗ് പ്രയോജനപ്പെടുത്തുന്ന അനേകം സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളുണ്ട്. പ്രൊഫഷണൽ സ്പോർട്സ്, ഫെയ്സ്ബുക് ലൈവ്, പെരിസ്കോപ് (Periscope), ആധുനിക വീഡിയോഗെയിം തുടങ്ങിയവ ലൈവ് സ്ട്രീമിംഗ് ചെയ്യുന്ന പ്ലാറ്റ്ഫോമുകൾക്ക് ഉദാഹരണമാണ്. പ്രൊഫഷണൽ സ്പോർട്സുകളുടെ ലൈവ് സ്ട്രീമിംഗ് ഇപ്പോൾ സാധാരണമായിക്കഴിഞ്ഞിരിക്കുന്നു. അനേകം സെലിബ്രിറ്റികളുടെ പരിപാടികളും, വലിയ വിവാഹ ചടങ്ങുകളും വിദേശത്തുള്ളവർക്കുവേണ്ടി ലൈവ് സ്ട്രീമിംഗ് ചെയ്യപ്പെടുന്നുണ്ട്. ചാറ്റിംഗ് എന്ന പദംകൊണ്ട് അർത്ഥമാക്കുന്ന തൽസമയ ദൃശ്യ ആശയവിനിമയവും ലൈവ് സ്ട്രീമിംഗിന്റെ പരിധിയിൽ വരും.

സമൂഹമാധ്യമങ്ങളിലെ മൾട്ടിമീഡിയ ടെക്നോളജികൾ ഉപയോഗപ്പെടുത്തുന്ന ലൈവ് സ്ട്രീമിംഗിനെ വ്യക്തികൾ, സ്ഥാപനങ്ങൾ,

സംഘടനകൾ എന്നിവ പലതരം ആശയ വിനിമയത്തിനായും ഉപയോഗിക്കുന്നു. ഓൺലൈൻ പഠനങ്ങൾക്കും, ആരാധനാലയങ്ങളിലെ കർമങ്ങൾ വിശ്വാസികളിലെത്തിക്കാനും, ചില സാങ്കേതിക പ്രവർത്തനങ്ങളുടെ ഏകോപനത്തിനും, വ്യാവസായിക ഉല്പന്നങ്ങളെ കാഴ്ചക്കാരിലെത്തിക്കുന്നതിനും ഓൺലൈൻ വില്പന പ്രോത്സാഹിപ്പിക്കുന്നതിനും ഇതുപകരിക്കുന്നു. ചില തിയേറ്റർ പരിപാടികളും വീഡിയോ ലൈവ് സ്ട്രീമിംഗ്‌വഴി അനേകരിലെത്തിക്കുന്ന രീതിയുമുണ്ട്. മിക്കരാജ്യങ്ങളും ഇ-കോമേഴ്സ് പ്രോത്സാഹിപ്പിച്ച് വമ്പൻ വിറ്റുവരവ് നേടുന്നത് ലൈവ് സ്ട്രീമിംഗ് ഉപയോഗപ്പെടുത്തിയിട്ടാണ്.

2016-17ൽ ഫെയ്സ്ബുക്കിൽ വീഡിയോ ഓൺ ഡിമാൻഡ് ആരംഭിച്ചു. അതനുസരിച്ച് ഫെയ്സ്ബുക്ക് ഉപയോക്താക്കൾ അവരുടെ വീഡിയോ കണ്ടന്റ് ലൈവ് അപ്ലോഡ്ചെയ്തു. ചില കോമഡികളും വാർത്തകളും മറ്റുമായിരുന്നു അവ. അത് വീക്ഷിച്ചവർ ചില കമൻറുകളുമിട്ടു. ആമസോണിന്റെ സബ്സിഡിയറി പ്ലാറ്റ്ഫോമായ ടിച്ചും (Twitch) 2011 മുതൽ വീഡിയോലൈവ് സ്ട്രീമിംഗ് ചെയ്യുന്നു. അത് വീഡിയോ ഗെയിമിനും ഇ- സ്പോർട്സിനും ഈയിടെയായി യഥാർത്ഥജീവിതമേഖലയ്ക്കും പ്രാധാന്യം നല്കിവരുന്നു.

ടിറ്റർ 2015 മാർച്ചിൽ പെരിസ്കോപ് എന്ന ആപ് വഴി ലൈവ് സ്ട്രീമിംഗ് ആരംഭിച്ചുവെങ്കിലും അത് 2021 മാർച്ചിൽ അവസാനിപ്പിക്കേണ്ടി വന്നു. 2016-ൽ മൈക്രോസോഫ്ട് വീഡിയോ ഗെയിമിനു പ്രാധാന്യംനല്കി ലൈവ് സ്ട്രീമിംഗ് ആരംഭിക്കയും 2017-ൽ മിക്സർ എന്ന പേരിലേക്ക് മാറ്റുകയും ചെയ്തു. വരിക്കാർ പണം നല്കി വീഡിയോ ഗെയിം കളിച്ചുവെങ്കിലും വിജയംകാണാതെ 2020-ൽ അതും ലൈവ് സ്ട്രീമിംഗ് അവസാനിപ്പിച്ചു.

ആത്മഹത്യകളും കൊലപാതകങ്ങളും കലാപങ്ങളും സോഷ്യൽ മീഡിയകളിൽ ലൈവ് സ്ട്രീമിംഗ് വഴി വരുന്നത് അധികാരികൾക്ക് വലിയ തലവേദനയുണ്ടാക്കുന്ന വിഷയമാണ്. ടെലിവിഷൻ വാർത്തകളും ലൈവ്സ്ട്രീമിംഗ് വഴി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഇന്ത്യയിലെതന്നെ പല ടെലിവിഷൻ നെറ്റ്‌വർക്കുകളും ഓൺലൈനിൽ അപ്പപ്പോൾത്തന്നെ ദൃശ്യങ്ങളും വാർത്തകളും ലഭ്യമാക്കുന്നുമുണ്ട്.

സാങ്കേതികവിദ്യ തുറന്നിടുന്ന വിഭിന്ന വിനിമയ സമ്പർക്ക വേദികൾ

ആപ്ലിക്കേഷൻ എന്നതിന്റെ ചുരുക്കെഴുത്താണ് ആപ്. മൊബൈൽ ആപ് എന്നത് പ്രധാനമായും ഒരു സോഫ്റ്റ്‌വെയർ പ്രോഗ്രാമാണ്. ദിനപ്പത്രങ്ങൾ വായിക്കുക, ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ കണ്ടെത്തുക ഇങ്ങനെ വിവിധ ഉപയോഗങ്ങൾ നിലവിലുണ്ട്. നമുക്കൊരു ആവശ്യം വന്നാൽ എത്രയും പെട്ടെന്ന് അത് പൂർത്തീകരിക്കാനായി ആപ്പുകളുടെ സേവനം ലഭ്യമാകുന്നു.

ഫേസ്ബുക്ക്

ഇന്ന് മനുഷ്യന് അന്യോന്യം ബന്ധപ്പെടാൻ ഉപകരിക്കുന്ന ആപ്പുകളും വെബ്സൈറ്റുകളും നിരവധിയുണ്ട്. ബ്ലോഗ്, ഓർക്കുട്ട്, വാട്സ്ആപ്പ്, ഫേസ്ബുക്ക്, ഗൂഗിൾ പ്ലസ്, സ്നാപ്പ് ചാറ്റ്, ഹലോ, ഇൻസ്റ്റാഗ്രാം, ടെലഗ്രാം, എക്സ്, യൂട്യൂബ്, ടിക് ടോക് പിന്ററസ്റ്റ്, ലിങ്കഡ് ഇൻ എന്നീ പ്ലാറ്റ് ഫോമുകളും ആപ്പുകളും കോടിക്കണക്കിന് ഉപഭോക്താക്കൾ ഉള്ളവരാണ്. സമൂഹമാധ്യമങ്ങളിലൂടെ പരസ്പരം ബന്ധപ്പെടുകയും വിഭിന്നങ്ങളായ ആവശ്യങ്ങൾ നേടുകയും ചെയ്യുന്ന പ്രവണത വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അതിൽ ഏറ്റവും ജനകീയമായ വെബ്സൈറ്റ് ആണ് ഫേസ്ബുക്ക്. 2004- ൽ സ്വകാര്യ ഉടമസ്ഥതയിൽ ആരംഭിച്ച ഒരു സാമൂഹ്യമാധ്യമമാണ് ഫേസ്ബുക്ക്. വെബ്ബ് സൈറ്റിലൂടെയാണ് ഫേസ്ബുക്ക് പ്രവർത്തിക്കുന്നത്. അമേരിക്കയിലെ ഹാർവാർഡ് സർവ്വകലാശാല വിദ്യാർത്ഥികളായ മാർക്ക് സക്കർബർഗും, ദസ്ടിൻ മോസ്കോവിസും, ക്രിസ് ഹ്യൂസും ചേർന്നാണ് ഈ വെബ്ബ് സൈറ്റ് ആരംഭിച്ചത്. 2015ആഗസ്റ്റ് വരെയുള്ള കണക്കനുസരിച്ച് 118 കോടി ഉപയോക്താക്കളുള്ള സൈറ്റാണിത്. ഓരോ ഉപയോക്താവിനും ശരാശരി 130 സുഹൃത്തുക്കൾ വീതമുണ്ട്. ഫേസ്ബുക്കിന്റെ ഉപയോക്താക്കളിൽ 70 ശതമാനവും അമേരിക്കക്ക് പുറത്താണ്.

ഇന്ന് സൈബർ രംഗത്ത് ഏറ്റവുമധികം സമ്പത്ത് ഉണ്ടാക്കിയ രണ്ടു പേരിൽ ഒരാളാണ്

മാർക്ക് സക്കർബർഗ്. ഫേസ്ബുക്കിന്റെ വളർച്ച അമ്പരപ്പിക്കുന്നതായിരുന്നു. ഇന്ന് ഫേസ്ബുക്കിന്റെ ചുവടുപിടിച്ച് വേറെ സോഷ്യൽ നെറ്റ്വർക്കിംഗ് വെബ്സൈറ്റുകൾ ധാരാളമായുണ്ട്. ഗൂഗിളിന്റെ ഗൂഗിൾ പ്ലസ് ആണ് മറ്റൊരുദാഹരണം. എങ്കിലും 2004-ൽ ആരംഭിച്ച ഫേസ്ബുക്ക് തന്നെയാണ് ഇന്ന് ലോകത്തിൽ ഒന്നാംസ്ഥാനത്ത് നിൽക്കുന്നത്. കൂടാതെ എക്സ് (ടിറ്റർ), ലിങ്ക്ഡ് ഇൻ എന്നിവ രണ്ടും മൂന്നും സ്ഥാനത്ത് നിലനിൽക്കുന്നു.

ലോകത്ത് ഗൂഗിളാണ് ഏറ്റവും മുന്നിൽ നിൽക്കുന്ന ജാലിക(വെബ്സൈറ്റ്). അത് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ആൾക്കാർ ഉപയോഗിക്കുന്ന ജാലിക ഫേസ്ബുക്ക് ആണ്. ഇന്ത്യയിൽ ഫേസ്ബുക്കിന് മൂന്നാംസ്ഥാനമാണുള്ളത്. ഇന്ത്യയിലെ സാമൂഹ്യജാലികാ ഉപയോക്താക്കൾക്ക് സ്വന്തം ഭാഷയിൽ തന്നെ ആശയവിനിമയം നടത്താനുള്ള സംവിധാനവുമായാണ് ഫേസ്ബുക്ക് ഇന്ത്യയിൽ രംഗത്തെത്തിയിരിക്കുന്നത്. നിലവിൽ ഇന്ത്യൻ ഭാഷകളായ ഹിന്ദി, പഞ്ചാബി, ബംഗാളി, തെലുങ്ക്, തമിഴ്, മലയാളം തുടങ്ങിയ ഭാഷകളിലും ഫേസ്ബുക്കിലൂടെ ആശയവിനിമയം നടത്താൻ കഴിയുന്നു. ലോകമെമ്പാടുമുള്ള ഏറ്റവും ജനപ്രിയമായ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൊന്നായ ഫേസ്ബുക്ക് അതിന്റെ ഉപയോക്താക്കൾക്ക് നിരവധി നേട്ടങ്ങൾ വാഗ്ദാനം ചെയ്യുന്നു.

കണക്റ്റിവിറ്റി : ഭൂമിശാസ്ത്രപരമായ തടസ്സങ്ങൾ കണക്കിലെടുക്കാതെ സുഹൃത്തുക്കൾ, കുടുംബാംഗങ്ങൾ, സഹപ്രവർത്തകർ, പരിചയക്കാർ എന്നിവരുമായി ബന്ധപ്പെടാനും സമ്പർക്കം പുലർത്താനും ഫേസ്ബുക്ക് ഉപയോക്താക്കളെ പ്രാപ്തമാക്കുന്നു. ഇത് സന്ദേശമയയ്ക്കൽ, പോസ്റ്റുകൾ, അഭിപ്രായങ്ങൾ, പ്രതികരണങ്ങൾ എന്നിവയിലൂടെ ആശയവിനിമയം സുഗമമാക്കുന്നു, അർത്ഥവത്തായ ബന്ധങ്ങൾ വളർത്തിയെടുക്കുകയും സാമൂഹിക ബന്ധങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

വിവരങ്ങൾ പങ്കിടൽ: ഉപയോക്താക്കൾക്ക് ഫോട്ടോകൾ, വീഡിയോകൾ, ലേഖനങ്ങൾ, സ്റ്റാറ്റസ് അപ്ഡേറ്റുകൾ എന്നിവയുൾപ്പെടെ നിരവധി ഉള്ളടക്കങ്ങൾ ഫേസ്ബുക്കിൽ പങ്കിടാനാകും. സുഹൃത്തുക്കളുടെയും അനുയായികളുടെയും നെറ്റ്വർക്കുകൾക്കിടയിൽ വ്യക്തിപരമായ അനുഭവങ്ങൾ, പ്രധാന അറിയിപ്പുകൾ, വാർത്തകൾ, വിദ്യാഭ്യാസ വിഭവങ്ങൾ എന്നിവ പ്രചരിപ്പിക്കാൻ ഇത് അനുവദിക്കുന്നു.

കൂട്ടായ്മ : സമാന ചിന്താഗതിക്കാരായ വ്യക്തികൾക്ക് ഒത്തുചേരനും പങ്കിട്ട് താൽപ്പര്യങ്ങൾ, ഹോബികൾ, കാരണങ്ങൾ അല്ലെങ്കിൽ പ്രൊഫഷണൽ വിഷയങ്ങൾ എന്നിവ ചർച്ച ചെയ്യാനും ഫേസ്ബുക്ക് ഗ്രൂപ്പുകൾ ഒരു പ്ലാറ്റ്ഫോം നൽകുന്നു.

Recap

- വാർത്തേതര പരിപാടികൾ > വാർത്തകളൊഴികെ ടി.വിയിൽ അവതരിപ്പിക്കപ്പെടുന്നവ
- ടെലിഫിലിമുകൾ > ടെലിവിഷനിലെ ദൃശ്യ-ശ്രാവ്യകഥകൾ
- ആദ്യ ടെക്നികളർ ടെലിഫിലിം > 1957 -ൽ
- ടെലിഫിലിം നിർമ്മാണം > തിരക്കഥ പൂർത്തിയാക്കൽ, പ്രീ പ്രൊഡക്ഷൻ, പ്രൊഡക്ഷൻ, പോസ്റ്റ് പ്രൊഡക്ഷൻ, ഡിസ്ട്രിബ്യൂഷൻ
- പ്രി പ്രൊഡക്ഷൻ > ഷൂട്ടിംങ്ങിനുവേണ്ട പ്ലാനിംഗും തയാറെടുപ്പും
- പ്രൊഡക്ഷൻ > കഥയെ സാങ്കേതികമായി ക്യാമറയിൽ ചിത്രീകരിക്കൽ
- പോസ്റ്റ്പ്രൊഡക്ഷൻ>ഷൂട്ട്ചെയ്തഫിലിം എഡിറ്റ്ചെയ്ത് സംഭാഷണം, ഗാനം, സംഗീതം, മറ്റ് ഇഫക്ടുകൾ എന്നിവ യോജിപ്പിക്കൽ
- തിരക്കഥ > സിനിമയെപ്പോലെ ടെലിഫിലിമിന്റെയും കഥയുടെ ചട്ടക്കൂട്, ബ്ളൂപ്രിന്റ്
- തിരക്കഥ > ചലച്ചിത്രത്തിൽ തുടക്കം മുതൽ ഒടുക്കംവരെ പ്രേക്ഷകൻ കാണുന്ന, കേൾക്കുന്ന കഥയുടെ ഭാഷാരൂപം

- തിരക്കഥാരചന ഘട്ടങ്ങൾ > പ്രമേയം, ഇതിവൃത്തം, രൂപരേഖ, തിരക്കഥ, ഷൂട്ടിംഗ്സ്ക്രിപ്റ്റ്
- തിരക്കഥാരചന ഘടനകൾ > വിശദീകരണാത്മകം, ഇൻമീഡിയാസ്‌റസ്
- വിശദീകരണാത്മകം > തിരക്കഥയിലെ സംഭവങ്ങൾ കാലക്രമത്തിൽ പറയൽ
- ഇൻമീഡിയാസ്‌റസ് > സംഭവങ്ങളുടെ മൂർധന്യത്തിൽ നിന്ന് തിരക്കഥ തുടങ്ങൽ
- തിരക്കഥാഖ്യാനതലം > പൂർവ്വസ്ഥിതി, സംഘട്ടനം, ക്രിയയുടെ ആരോഹണം, മൂർദ്ധന്യം, ക്രിയയുടെ അവരോഹണം, കഥാനിർവ്വഹണം
- സ്റ്റോറി ബോർഡ് > തിരക്കഥയിലെ സീനുകളെ ദൃശ്യരൂപത്തിൽ വരച്ചുണ്ടാക്കൽ
- ഓതർ തിയറി > സംവിധായകൻ ചലച്ചിത്രരചയിതാവ്
- ഡോക്യുമെന്ററികൾ > യഥാർത്ഥവസ്തുതകളുള്ള വിവരണാത്മക ചലച്ചിത്രങ്ങൾ
- ഡോക്യുമെന്ററികൾ > സംഭവങ്ങൾ, വ്യക്തികൾ, ചരിത്രം, സ്ഥലങ്ങൾ, പ്രകൃതി, പരിസ്ഥിതി, ശാസ്ത്രം തുടങ്ങി ഏതിനും ക്രിയാത്മകവ്യാഖ്യാനം
- ഡോക്യുമെന്ററി ആദ്യമാതൃക > 1922-ൽ റോബർട്ട് ഫ്ളാഹർട്ടിയുടെ നാനൂക് ഓഫ് ദ നോർത്ത്
- ഡോക്യുമെന്ററിയിലെ ആദ്യ ക്ലാസ്സിക്ക് > നൈറ്റ് മെയിൽ
- ഡോക്യുമെന്ററികൾ > സാമൂഹിക ബോധവല്ക്കരണത്തിന് - ആദ്യം ബ്രിട്ടൻ
- ടി.വി സംപ്രേഷണ വിതരണം > സാങ്കേതികവിദ്യ വേഗം മാറുന്നു
- ഭൂതല സംപ്രേഷണം > അന്തരീക്ഷത്തിൽ നിന്ന് ടി.വി സിഗനലുകൾ ആന്റിന വഴി
- ഉപഗ്രഹ ടി.വി > ഭൂമിയിൽനിന്ന് സിഗ്നൽ ഉപഗ്രഹങ്ങളിലേക്ക് > ഉപഗ്രഹങ്ങൾ വഴി വീടുകളിലേക്ക്
- ഡയറക്ട് ടു ഹോം ബ്രോഡ്കാസ്റ്റിംഗ് > ഉപഗ്രഹങ്ങളിൽനിന്ന് >വീടുകളിലേക്ക്
- കേബിൾ ടി.വി. > കേബിൾ വഴി > വീടുകളിലേക്ക്
- പോഡ്കാസ്റ്റിംഗ് > വെബ്ബ് വഴിയുള്ള ഓഡിയോ ഫയലുകളുടെ ഡിജിറ്റൽ പ്രക്ഷേപണം
- ആദ്യ പോഡ്കാസ്റ്റിംഗ് > 2007 റേഡിയോ പരിപാടികൾ വെബ്ബ് വഴി
- ആഡംക്യൂറി > ശ്രദ്ധേയമായ പോഡ്കാസ്റ്റിംഗ് ഡെയ്‌ലി സോഴ്സ്കോഡ്
- ആദ്യ വീഡിയോ പോഡ്കാസ്റ്റിംഗ് > ഡെഡ് എൻഡ് ഡെയ്സ്, 2003- 2004 വരെ
- പോഡ്കാസ്റ്റുകൾ > വാർത്ത, വിനോദം, വിദൂരവിദ്യാഭ്യാസം, ആശയപ്രചാരണം, പൊതുബോധന മാധ്യമം
- പോഡ്കാസ്റ്റിംഗ് > തൊഴിൽപോലെ വരുമാനമാർഗ്ഗം
- യൂട്യൂബ് -വെബ്ബ് അധിഷ്ഠിത സമൂഹമാധ്യമ വീഡിയോ ഷെയറിംഗ് പ്ലാറ്റ്ഫോം
- യൂട്യൂബ് -ലോകത്തെവിടെനിന്നും മറ്റുള്ളവർക്ക് വീഡിയോ പങ്കുവെയ്ക്കുന്നു
- യൂട്യൂബ് - 2006-ൽ ഉടമസ്ഥത ഗൂഗിൾ സ്വന്തമാക്കി
- യൂട്യൂബ് - ആസ്ഥാനം കാലിഫോർണിയ സാൻബ്രൂണെയിൽ
- യൂട്യൂബ് - എല്ലാത്തരം വീഡിയോകളും ലഭ്യം
- ലൈവ് സ്ട്രീമിംഗ് - ക്യാമറയിൽ നിന്ന് വീഡിയോകൾ വെബ്ബിലൂടെ തൽസമയം കാണൽ
- ലൈവ് സ്ട്രീമിംഗ് - ഉപയോഗം- സോഷ്യൽമീഡിയ പ്ലാറ്റ്ഫോമുകൾ, പ്രൊഫഷണൽ സ്പോർട്സ്, ഫെയ്സ്ബുക്ക് ലൈവ്, വീഡിയോ ഗെയിം പ്ലാറ്റ്ഫോമുകൾ
- ലൈവ് സ്ട്രീമിംഗ് ഉപയോഗം- ഇ കോമേഴ്സ് സ്ഥാപനങ്ങൾ

Objective Type Questions

1. ചലച്ചിത്ര നിർമ്മാണത്തിന്റെ ആദ്യഘട്ടം?
2. ചലച്ചിത്ര നിർമ്മാണത്തിന് ആവശ്യമായ പ്ലാനിംഗ് നടത്തുന്ന ഘട്ടം?
3. തിരക്കഥയെ സാങ്കേതികമായി ക്യാമറയിൽ ചിത്രീകരിക്കുന്ന ഘട്ടത്തിന് പറയുന്ന പേര്?
4. ഫിലിം എഡിറ്റ് ചെയ്ത് സംഭാഷണം, സംഗീതം എന്നിവ യോജിപ്പിക്കുന്ന ഘട്ടത്തിന് പറയുന്ന പേരെന്ത്?
5. സിനിമയെപ്പോലെ ടെലിഫിലിമിന്റെയും കഥയുടെ ബ്ലൂപ്രിന്റ് എന്താണ്?
6. ചലച്ചിത്രത്തിൽ പ്രേക്ഷകൻ കാണുകയും കേൾക്കുകയും ചെയ്യുന്ന കഥയുടെ ഭാഷാരൂപം?
7. സംഭവങ്ങളുടെ മൂർദ്ധന്യത്തിൽനിന്ന് തിരക്കഥ തുടങ്ങുന്ന രീതിയുടെ പേര്?
8. തിരക്കഥയിലെ സംഭവങ്ങളെ കാലക്രമത്തിൽ എഴുതുന്ന രീതിയുടെ പേര് ?
9. ടെലിഫിലിം നിർമ്മാണത്തിന് പ്രധാനമായി എത്ര ഘട്ടങ്ങളുണ്ട്?
10. ആദ്യമായി സ്റ്റോറി ബോർഡ് ചലച്ചിത്രത്തിന് ഉപയോഗിച്ച വ്യക്തി?
11. സംവിധായകനാണ് ചലച്ചിത്രം രചിക്കുന്നതെന്ന ആവിഷ്കാരവാദം അറിയപ്പെടുന്നത്?
12. ചാറ്റിംഗ് എന്ന തൽസമയ ദൃശ്യആശയവിനിമയം ലൈവ് സ്ട്രീമിംഗ് ആണോ?
13. യഥാർത്ഥ വസ്തുതകളുള്ള വിവരണാത്മക ചലച്ചിത്രങ്ങൾക്ക് പറയുന്ന പേര്?
14. ഡോക്യുമെന്ററിയുടെ ആദ്യമാതൃക?
15. ഡോക്യുമെന്ററി ചരിത്രത്തിലെ ഒരു ക്ലാസ്സിക്ക് ചിത്രം ഏത്?
16. ലോകത്ത് നിർമ്മിക്കപ്പെട്ടതിൽ വലിയ ജീവചരിത്ര ഡോക്യുമെന്ററിയേത്?
17. സാമൂഹിക ബോധവല്ക്കരണത്തിന് ആദ്യം ഡോക്യുമെന്ററികൾ ഉപയോഗിച്ച രാജ്യം?
18. അന്തരീക്ഷത്തിൽ നിന്ന് ടി.വി സിഗ്നലുകൾ ആന്റിന വഴി സ്വീകരിക്കുന്ന രീതി?
19. ഭൂമിയിൽനിന്ന് ടി.വി സിഗ്നൽ ഉപഗ്രഹങ്ങൾവഴി വീടുകളിലേക്ക് എത്തിക്കുന്ന രീതി?
20. ഉപഗ്രഹങ്ങളിൽനിന്ന് വീടുകളിലേക്ക് ടെലിവിഷൻ സിഗ്നലുകൾ അയയ്ക്കുന്നത്?
21. വെബ്ബ് വഴിയുള്ള ഓഡിയോ ഫയലുകളുടെ ഡിജിറ്റൽ പ്രക്ഷേപണം?
22. പോഡ് ഫാദർ എന്നറിയപ്പെടുന്നയാൾ?
23. ആഡംക്യൂറിയുടെ ശ്രദ്ധേയമായ പോഡ്കാസ്റ്റിംഗ്?
24. ആദ്യ വീഡിയോ പോഡ്കാസ്റ്റിംഗ്?
25. വെബ്ബ് അധിഷ്ഠിത സമൂഹമാധ്യമ വീഡിയോ ഷെയറിംഗ് പ്ലാറ്റ്ഫോം?
26. യൂട്യൂബിന്റെ ആസ്ഥാനം?
27. ലോകത്തെവിടെ നിന്നും മറ്റുള്ളവർക്ക് വീഡിയോ പങ്കുവെയ്ക്കുന്ന പ്ലാറ്റ്ഫോം?
28. ക്യാമറയിൽ നിന്ന് വീഡിയോകൾ വെബ്ബിലൂടെ തൽസമയം കാണുന്ന രീതി?
29. ലൈവ് സ്ട്രീമിംഗ് പ്രയോജനപ്പെടുത്തുന്ന സോഷ്യൽമീഡിയ പ്ലാറ്റ്ഫോമുകൾ ഏവ?
30. വീഡിയോ ഷെയർചെയ്യുന്നെങ്കിലും തൽസമയ സ്ട്രീമിംഗ് മാധ്യമങ്ങളല്ലാത്തവ?
31. വീഡിയോ ഓൺ ഡിമാൻഡ് ആദ്യം ആരംഭിച്ചത്?

Answers

1. തിരക്കഥ പൂർത്തിയാക്കൽ
2. പ്രി പ്രൊഡക്ഷൻ
3. പ്രൊഡക്ഷൻ
4. പോസ്റ്റ് പ്രൊഡക്ഷൻ
5. തിരക്കഥ
6. തിരക്കഥ
7. ഇൻമീഡിയാസ്രസ്
8. വിശദീകരണാത്മകം അഥവാ കാലാനുക്രമം
9. അഞ്ച്
10. ജോർജസ് മിലേ
11. ഓതർ തിയറി
12. ലൈവ് സ്ട്രീമിംഗ് ആണ്
13. ഡോക്യുമെന്ററികൾ
14. റോബർട്ട് ഫ്ളാഹർട്ടിയുടെ നാനൂക് ഓഫ് ദ നോർത്ത്
15. നൈറ്റ് മെയില
16. ഹൺട്രഡ് ഇയേഴ്സ് ഓഫ് ക്രിസോസ്റ്റം
17. ബ്രിട്ടൻ
18. ഭൂതല സംപ്രേഷണം
19. ഉപഗ്രഹ ടി.വി
20. ഡയറക്ട് ടു ഹോം ബ്രോഡ്കാസ്റ്റിംഗ്
21. പോഡ്കാസ്റ്റിംഗ്
22. ആഡംക്യൂറി
23. ഡെയ്‌ലി സോഴ്സ്കോഡ്
24. ഡെഡ് എൻഡ് ഡെയ്സ്
25. യൂട്യൂബ്
26. സാൻബ്രൂണെ
27. യൂട്യൂബ്
28. ലൈവ് സ്ട്രീമിംഗ്
29. പ്രൊഫഷണൽ സ്പോർട്സ്, ഫെയ്സ്ബുക് ലൈവ്, പെരിസ്കോപ് തുടങ്ങിയവ
30. യുട്യൂബ്, വ്ളോഗ്, വീഡിയോ ഓൺ ഡിമാൻഡ്
31. 2016 – 17 – ൽ ഫെയ്സ്ബുക്കിൽ

Assignment

1. ടെലിവിഷനിലെ വാർത്തേതരപരിപാടികളെക്കുറിച്ച് വിവരണം തയ്യാറാക്കുക.
2. ഏതെങ്കിലും ഒരു കഥയെ മുൻനിർത്തി ഒരു ടെലിഫിലിന്റെ ചെറിയ തിരക്കഥ തയ്യാറാക്കുക.
3. പോഡ്കാസ്റ്റിങ്ങിന്റെ സവിശേഷതകൾ വിവരിക്കുക.

4. കണ്ടിട്ടുള്ള മികച്ച ഡോക്യുമെന്ററിയെ മുൻനിർത്തി വിവരണം തയ്യാറാക്കുക.
5. യൂട്യൂബിലെ സേവനങ്ങളെക്കുറിച്ച് ലേഖനം തയ്യാറാക്കുക.
6. ടി.വിയിലെ വാർത്താധിഷ്ഠിത പരിപാടികളെക്കുറിച്ച് വിവരണം തയ്യാറാക്കുക
7. ഉപഗ്രഹ സംപ്രേഷണം എന്നാലെന്ത്? വിവരിക്കുക.
8. യൂട്യൂബിൽ ലഭ്യമായ സേവനങ്ങൾ ഏവ? വ്യക്തമാക്കുക.
9. ടെലിഫിലിം എന്താണെന്ന് വിശദമാക്കുക.
10. ലൈവ് സ്ട്രീമിംഗിന്റെ പ്രയോജനങ്ങളെന്തെല്ലാം? വ്യക്തമാക്കുക.
11. പോഡ് കാസ്റ്റിംഗ് എന്താണെന്ന് വിശദീകരിക്കുക.

References

1. ജി. ജെയിംസ്, സാഹിത്യവും സിനിമയും ഒരു ചിഹ്നശാസ്ത്ര പഠനം, പാം പബ്ലിക്കേഷൻസ്, കൊല്ലം.
2. ബി. ഇക്ബാൽ, കെ. രവീന്ദ്രൻ,ഇന്റർനെറ്റും ഇൻഫർമേഷൻ വിപ്ലവവും – കറന്റ് ബുക്സ്, തൃശ്ശൂർ.
3. James Monaco, How to Read a Film: Movies, Media, and Beyond, Oxford UniversityPress,.
4. Field, Syd, Screenplay: The Foundations of Screenwriting, Dell Publishing.
5. Turner, Graeme, Film as Social Practice, Routledge, London.
6. Lynnes.Gross & Larry W.Ward, Electronic Movie Making, Wardsworth, U.S.A, 4th ed.2000
7. Zettl, Herbert, Sight Sound Motion- Applied Media Aesthetics, Wardsworth, U.S.A, 3rd ed.
8. Michael Paris,The First World War and Popular Cinema 1914 to the Present, Rutgers University Press.

Model Question Paper Sets

SGOU

SREENARAYANAGURU OPEN UNIVERSITY

QP CODE: ……… Reg. No : ………...............

Name : ………………...

THIRD SEMESTER B. A. MALAYALAM LANGUAGE AND LITERATURE EXAMINATION
DISCIPLINE SPECIFIC ELECTIVE- B21ML02DE -

ദൃശ്യമാധ്യമം– തത്ത്വവും പ്രയോഗവും

(CBCS -UG)

MODEL QUESTION PAPER- SET- A

2022-23 - **Admission Onwards**

Time: 3 Hours Max Marks: 70

SECTION - A

I. ഏതെങ്കിലും പത്ത് ചോദ്യത്തിന് ഒറ്റവാക്കിലോ വാചകത്തിലോ ഉത്തരമെഴുതുക.

1. ഫ്രെയിമുകളുടെ തുടർച്ചയായൊരു കൂട്ടത്തെ എന്താണ് പറയുന്നത്?
2. ഡീപ്പ് ഫോക്കസിന്റെ മറ്റൊരു പേരെന്ത്?
3. സാമൂഹിക ബോധവത്ക്കരണത്തിന് ആദ്യമായി ഡോക്യുമെന്ററികൾ ഉപയോഗിച്ച രാജ്യം ഏതാണ് ?
4. ഫോട്ടോ ഫിലിമിൽ ആദ്യകാലത്ത് ഉപയോഗിച്ചിരുന്ന രാസവസ്തുവിന്റെ പേരെന്ത്?
5. ഒരു ദൃശ്യത്തെ മാറ്റി മറ്റൊരു ദൃശ്യത്തെ കൊണ്ടുവരുന്ന എഡിറ്റിംഗ് രീതി എന്താണ്?
6. തിരക്കഥയിലെ സംഭവങ്ങളെ കാലക്രമത്തിൽ എഴുതുന്ന രീതിയുടെ പേര് എന്ത്?
7. പോഡ്ഫാദർ എന്നറിയപ്പെടുന്നത് ആര് ?
8. ടെലിവിഷനിൽ ആദ്യമായി ലൈവ് റിപ്പോർട്ടിംഗ് നടത്തിയ വർഷം ഏത്?
9. ലൂമിയർ സഹോദരന്മാർ ആരെല്ലാം?
10. ചലച്ചിത്രത്തിന്റെ അടിസ്ഥാന ഭാഷ ഏത് ?
11. പൂർണ സംഭാഷണമുള്ള ആദ്യ ശബ്ദ സിനിമ ഏതായിരുന്നു?
12. ചലച്ചിത്രത്തിന് ആദ്യമായി സ്റ്റോറി ബോർഡ് ഉപയോഗിച്ച വ്യക്തി ആര്?
13. വീഡിയോ ക്യാമറകളിൽ ഡിസ്കുകൾ ഉപയോഗിച്ചു തുടങ്ങിയ വർഷം ഏത്?
14. പ്രകാശത്തിന്റെ പ്രാഥമിക നിറങ്ങൾ ഏവ?
15. ഒരേസമയം രണ്ടിടത്ത് നടക്കുന്ന സംഭവങ്ങളെ സമാന്തരമായി കാണിക്കുന്ന എഡിറ്റിംഗ് രീതിക്ക് പറയുന്ന പേര് എന്ത്?

(10X1 = 10 Marks)

SREENARAYANAGURU OPEN UNIVERSITY

SECTION - B

II. ഏതെങ്കിലും അഞ്ച് ചോദ്യത്തിന് രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക.

16. ലോംഗ് ഷോട്ട് എന്നാൽ എന്ത്?
17. പാനിംഗ് എന്താണെന്ന് വിശദമാക്കുക.
18. ചരിത്ര ഡോക്യുമെന്ററികളെക്കുറിച്ച് കുറിപ്പെഴുതുക.
19. പ്രാക്റ്റിക്കൽ ലൈറ്റിംഗ് എന്നാലെന്ത്?
20. ക്രെയിൻ ഷോട്ട് എന്നാലെന്ത്?
21. എന്താണ് ഷോൾഡർ ടേക്ക്?
22. എന്താണ് പിക്ടോഗ്രാഫുകൾ?
23. ടിൽട്ടിംഗ് എന്നാൽ എന്ത്?
24. പോസ്റ്റ് പ്രൊഡക്ഷൻ എന്നാൽ എന്ത്?
25. എന്താണ് ഡീപ്പ് ഫോക്കസ്?

(5×2=10 Marks)

SECTION - C

III. ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക.

26. സീക്വൻസ് എന്താണെന്ന് വിശദീകരിക്കുക.
27. ലൈവ് റിപ്പോർട്ടിംഗിനെക്കുറിച്ച് കുറിപ്പെഴുതുക.
28. ടെലിവിഷനിലെ അഭിമുഖ സംഭാഷണങ്ങളുടെ സവിശേഷതകൾ എന്തെല്ലാം?
29. ഒരു ചലച്ചിത്രത്തിന്റെ നിർമ്മാണത്തിൽ തിരക്കഥയ്ക്കുള്ള സ്ഥാനമെന്ത്?
30. വാർത്താധിഷ്ഠിത പരിപാടികളുടെ സവിശേഷതകൾ എന്തെല്ലാം?
31. ഓതർ തിയറി എന്താണെന്ന് വിശദമാക്കുക.
32. ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഡിജിറ്റൽ വീഡിയോ റെക്കോർഡിംഗ് രംഗത്തുണ്ടായ പരിവർത്തനങ്ങളെക്കുറിച്ച് കുറിപ്പെഴുതുക.
33. തിരക്കഥാരചനയുടെ വിവിധ ഘട്ടങ്ങൾ വിവരിക്കുക.
34. ടെലിഫിലിം നിർമ്മാണത്തിന്റെ പ്രധാന ഘട്ടങ്ങൾ ഏതെല്ലാം? വിവരിക്കുക.
35. ആശയവിനിമയത്തിന്റെ ചരിത്രഘട്ടത്തിൽ ഗുഹാചിത്രങ്ങൾക്കുള്ള പ്രാധാന്യം വ്യക്തമാക്കുക.
36. ക്യാമറയുടെ ഭാഷ എന്നതുകൊണ്ട് അർഥമാക്കുന്നതെന്ത്?
37. ദൃശ്യഭാഷയുടെ ഘടകങ്ങൾ എന്തെല്ലാം?

(6×5=30 Marks)

SECTION - D

IV. ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക.

38. ഫിലിം നിർമ്മാണത്തിലെ കലാപരവും വൈവിധ്യമേറിയതുമായ ഒരു മേഖലയായി വീഡിയോഗ്രഫി വളർന്നു - വിശകലനം ചെയ്യുക
39. ബഹുജന മാധ്യമങ്ങളും ദൃശ്യഭാഷയുടെ അനന്തസാധ്യതകളും - ഉപന്യാസം തയ്യാറാക്കുക
40. ടെലിവിഷനിലെ വാർത്തേതര പരിപാടികളെക്കുറിച്ച് വിവരിക്കുക.
41. സിനിമയുടെ സാങ്കേതികതയെക്കുറിച്ച് ഒരു വിവരണം തയ്യാറാക്കുക

(2X10= 20 Marks)

SREENARAYANAGURU OPEN UNIVERSITY

QP CODE: ……… Reg. No : ………...............

Name : ………………...

THIRD SEMESTER B. A. MALAYALAM LANGUAGE AND LITERATURE EXAMINATION
DISCIPLINE SPECIFIC ELECTIVE- B21ML02DE -

ദൃശ്യമാധ്യമം– തത്ത്വവും പ്രയോഗവും

(CBCS -UG)

MODEL QUESTION PAPER- SET- B

2022-23 - **Admission Onwards**

Time: 3 Hours Max Marks: 70

SECTION - A

I. ഏതെങ്കിലും പത്ത് ചോദ്യത്തിന് ഒറ്റവാക്കിലോ വാചകത്തിലോ ഉത്തരമെഴുതുക.

1. തിരക്കഥയെ സാങ്കേതികമായി ക്യാമറയിൽ ചിത്രീകരിക്കുന്ന ഘട്ടത്തിന് പറയുന്ന പേര്?
2. ഫിലിം എഡിറ്റ് ചെയ്തു സംഭാഷണം, സംഗീതം എന്നിവ യോജിപ്പിക്കുന്ന ഘട്ടത്തിന് പറയുന്ന പേരെന്ത്?
3. ട്രൈപ്പോഡിൽ ഉറപ്പിച്ച ക്യാമറ ചരിച്ചുള്ള ദൃശ്യ നിർമ്മാണത്തെ പറയുന്ന പേര് എന്താണ്?
4. നമ്മുടെ ആശയങ്ങൾ മറ്റുള്ളവർക്ക് പകർന്നു നൽകുന്ന പ്രകിയയ്ക്ക് പറയുന്ന വാക്ക്?
5. ബാറ്റിൽഷിപ്പ് പൊട്ടെംകിൻ ആരുടെ ചലച്ചിത്രമാണ് ?
6. 35-ാം ശബ്ദ ചിത്രത്തിൽ ഒരു സെക്കന്റിൽ എത്ര ഫ്രെയിമുകൾ എന്ന ക്രമത്തിലാണ് ചിത്രീക രിക്കുന്നത്?
7. ടെലിവിഷന്റെ നിർമ്മാതാവായി അറിയപ്പെടുന്ന വ്യക്തി ആര്?
8. ഒരു സാധാരണ സ്ഥലത്ത് കാണുന്നതുപോലെയുള്ള പ്രകാശവിന്യാസം സിനിമയിൽ ക്രമീക രിക്കുന്നതിന് പറയുന്ന പേരെന്ത് ?
9. വാർത്തകളുടെ ചുരുക്ക രൂപത്തിന് പറയുന്ന പേര് എന്ത്?
10. സംഭവങ്ങളുടെ മൂർധന്യത്തിൽ നിന്ന് തിരക്കഥ തുടങ്ങുന്ന രീതിയുടെ പേരെന്ത്?
11. ഹോളിവുഡിലെ ആദ്യ കളർസിനിമ ഏത്?
12. ഷാലോ ഫോക്കസിന്റെ മറ്റൊരു പേരെന്ത്?
13. ആധുനിക ക്യാമറകളിൽ കൃത്രിമ പ്രകാശം പുറപ്പെടുവിക്കുന്ന ഉപകരണത്തിന്റെ പേര്?
14. അന്തരീക്ഷത്തിൽ നിന്ന് വീഡിയോ സിഗ്നലുകൾ ആന്റിന വഴി സ്വീകരിക്കുന്ന രീതിക്ക് പറയുന്ന പേരെന്താണ്?
15. കഥാപാത്രത്തിന്റെ ശിരസു മുതൽ ഏകദേശം അരക്കെട്ടുവരെയുള്ള ഭാഗം ഉൾക്കൊള്ളുന്ന ചിത്രത്തെ എന്താണ് പറയുന്നത്?

(10X1 = 10 Marks)

SECTION - B

II. ഏതെങ്കിലും അഞ്ച് ചോദ്യത്തിന് രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക.

16. എന്താണ് ഷോട്ട്?
17. സീൻ എന്നാലെന്ത്?
18. ഷാവെറ്റ് കേവിന്റെ സവിശേഷത എന്ത്?
19. സൂമിംഗ് എന്നാലെന്ത്?
20. ഡോളി (Dolly)കളെക്കുറിച്ച് കുറിപ്പെഴുതുക.
21. സമീപദൃശ്യം (ക്ലോസപ്പ്) എന്നാലെന്ത്?
22. ഡിജിറ്റൽ ക്യാമറയെക്കുറിച്ച് കുറിപ്പെഴുതുക?
23. എന്താണ് ബോർഡ് ഐ വ്യു?
24. ലൈവ് റിപ്പോർട്ടിംഗിന് രണ്ട് ഉദാഹരണങ്ങൾ നൽകുക.
25. മീഡിയം ഷോർട്ട് എന്നാലെന്ത്?

(5×2=10 Marks)

SECTION - C

III. ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക.

26. ടെലിവിഷനിൽ അഭിമുഖസംഭാഷണങ്ങളുടെ ആവശ്യകത എന്ത്? വിലയിരുത്തുക.
27. ഫീച്ചർ സ്റ്റോറികളെക്കുറിച്ച് കുറിപ്പെഴുതുക.
28. ലൈവ് സ്ട്രീമിംഗ് എന്നാൽ എന്ത്?
29. യൂട്യൂബിന്റെ സാധ്യതകളെക്കുറിച്ച് വിവരിക്കുക.
30. ന്യൂസ് ഫ്ളാഷുകളുടെ പ്രയോജനങ്ങൾ എന്തെല്ലാം?
31. ഉപഗ്രഹസംപ്രേഷണം എന്നാലെന്ത്?
32. എന്താണ് ബ്രേക്കിംഗ് ന്യൂസ്?
33. ഡച്ച് ആംഗിൾ ഷോർട്ട് - കുറിപ്പെഴുതുക.
34. ഇന്ററാക്ടീവ് വാർത്താവതരണത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.
35. വിവിധതരം ക്യാമറ ആംഗിളുകൾ ഏതെല്ലാം?
36. വാർത്താ മാഗസിനുകളെക്കുറിച്ച് കുറിപ്പെഴുതുക.
37. പോഡ്കാസ്റ്റിംഗിന്റെ സവിശേഷതകൾ എന്തെല്ലാം?

(6×5=30 Marks)

SECTION - D

IV. ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക.

38. ദൃശ്യമാധ്യമം എന്ന നിലയിൽ സിനിമയുടെ ജനപ്രിയതയെക്കുറിച്ച് വിവരിക്കുക.
39. ഇന്ത്യയിലെ പ്രതിദിന വാർത്താ ബുള്ളറ്റിനുകളെക്കുറിച്ച് വിവരിക്കുക.
40. നവ മാധ്യമങ്ങളും ദൃശ്യാനുഭവങ്ങളുടെ നവസാധ്യതകളും - ഉപന്യാസം തയ്യാറാക്കുക.
41. ചലച്ചിത്രത്തിലെ പ്രകാശ വിന്യാസരീതിയും ദൃശ്യഭാഷയുടെ സാധ്യതകളും - ഉപന്യാസം തയ്യാറാക്കുക.

(2×10=20 Marks)

SGOU

സർവ്വകലാശാലാഗീതം

വിദ്യയാൽ സ്വതന്ത്രരാകണം
വിശ്വപൗരരായി മാറണം
ഗ്രഹപ്രസാദമായ് വിളങ്ങണം
ഗുരുപ്രകാശമേ നയിക്കണേ

കൂരിരുട്ടിൽ നിന്നു ഞങ്ങളെ
സൂര്യവീഥിയിൽ തെളിക്കണം
സ്നേഹദീപ്തിയായ് വിളങ്ങണം
നീതിവൈജയന്തി പാറണം

ശാസ്ത്രവ്യാപ്തിയെന്നുമേകണം
ജാതിഭേദമാകെ മാറണം
ബോധരശ്മിയിൽ തിളങ്ങുവാൻ
ജ്ഞാനകേന്ദ്രമേ ജ്വലിക്കണേ

കുരീപ്പുഴ ശ്രീകുമാർ

SREENARAYANAGURU OPEN UNIVERSITY

Regional Centres

Kozhikode
Govt. Arts and Science College
Meenchantha, Kozhikode,
Kerala, Pin: 673002
Ph: 04952920228
email: rckdirector@sgou.ac.in

Thalassery
Govt. Brennen College
Dharmadam, Thalassery,
Kannur, Pin: 670106
Ph: 04902990494
email: rctdirector@sgou.ac.in

Tripunithura
Govt. College
Tripunithura, Ernakulam,
Kerala, Pin: 682301
Ph: 04842927436
email: rcedirector@sgou.ac.in

Pattambi
Sree Neelakanta Govt. Sanskrit College
Pattambi, Palakkad,
Kerala, Pin: 679303
Ph: 04662912009
email: rcpdirector@sgou.ac.in

ദൃശ്യമാധ്യമം – തത്ത്വവും പ്രയോഗവും

COURSE CODE: B21ML02DE

YouTube

Sreenarayanaguru Open University
Kollam, Kerala Pin- 691601, email: info@sgou.ac.in, www.sgou.ac.in Ph: +91 474 2966841

ISBN 978-81-970238-9-7
9 788197 023897